# സി.എം.ഐ. സഭ ആദ്യദശകങ്ങളിൽ

## സി.എം.ഐ. സഭയുടെ സംക്ഷിപ്ത ചരിത്രം 1829–1908

Dharmaram Publications
No. 474

# സി.എം.ഐ. സഭ
# ആദ്യദശകങ്ങളിൽ

## സി.എം.ഐ. സഭയുടെ
## സംക്ഷിപ്ത ചരിത്രം 1829–1908

**ബർണ്ണാർദ് ടി.ഒ.സി.ഡി.**

**2020**
**Chavara Central Secretariat**
CMI Prior General's House
Kakkanad, Kochi, Kerala, India
**&**
**Dharmaram Publications**
Bangalore 560029 India

**സി.എം.ഐ. സഭ ആദ്യദശകങ്ങളിൽ**
സി.എം.ഐ. സഭയുടെ സംക്ഷിപ്ത ചരിത്രം 1829–1908
ബർണ്ണാർദ് ടി.ഒ.സി.ഡി.

*CMI Sabha Adyadasakangalil (Malayalam)*
*CMI Sabhayude Samkshiptha Charithram 1829-1908*
Bernard TOCD

Originally Published in 1908

Revised and Updated Edition
© 2020: Saint Chavara's 150th Death Anniversary Edition
Chavara Central Secretariat
Kochi, CMI Prior General's House, Kochi, India

Cover: David, Smriti, Thrissur
Layout: Chavara Central Secretariat, Kochi
Printing: Viani Printings, Kochi

ISBN: 978-81-945798-1-6
Price: Rs. 250;  US$ 25

**Chavara Central Secretariat**
CMI Prior General's House
Chavara Hills, Kakkanad
Post Box 3105, Kochi 682 030 Kerala, India
Tel: +91 484 2881802/3
Email: info@chavaralibrary.com
Web: http://www.chavaralibrary.in/

&

**Dharmaram Publications**
Dharmaram College, Bangalore 560029, India
Tel: +91-8041116137; 6111
Email: dpinformation@yahoo.com; dpoffice3@gmail.com
Web: www.dharmarampublications.com

## ഉള്ളടക്കം


| | |
|---|---|
| അവതാരിക | 7 |
| അനുമതി | 18 |
| മുഖവുര | 12 |
| പ്രസ്താവന | 14 |
| ഭാഗം 1 | |
| അധ്യായം 1 | 17 |
| അധ്യായം 2 | 24 |
| അധ്യായം 3 | 29 |
| അധ്യായം 4 | 38 |
| അധ്യായം 5 | 48 |
| അധ്യായം 6 | 62 |
| ഭാഗം 2 | |
| അധ്യായം 1 | 71 |
| അധ്യായം 2 | 81 |
| അധ്യായം 3 | 89 |
| അധ്യായം 4 | 95 |
| അധ്യായം 5 | 99 |
| അധ്യായം 6 | 112 |
| അധ്യായം 7 | 122 |
| അധ്യായം 8 | 128 |
| അധ്യായം 9 | 145 |
| അധ്യായം 10 | 161 |
| അധ്യായം 11 | 177 |
| അധ്യായം 12 | 198 |
| അധ്യായം 13 | 212 |
| അധ്യായം 14 | 225 |
| അധ്യായം 15 | 232 |

ഭാഗം 3
അധ്യായം 1 241
അധ്യായം 2 251
അധ്യായം 3 263
അധ്യായം 4 273
അധ്യായം 5 279
അധ്യായം 6 298
അധ്യായം 7 309
അധ്യായം 8 319
അധ്യായം 9 339
അധ്യായം 10 353
അധ്യായം 11 369
സംഗതി വിവരം 377

## അവതാരിക

സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളെ, നമ്മുടെ ഈ വിനീത സമൂഹം മനുഷ്യർ സ്ഥാപിച്ചതല്ല. പിന്നെയോ തമ്പുരാൻ തന്നെ ഇതിനെ എത്ര അത്ഭുതകരമായവിധത്തിൽ സ്ഥാപിക്കുകയും നടത്തുകയും വളർത്തുകയും ചെയ്തു എന്നതിന് നിങ്ങൾതന്നെ സാക്ഷികളാണല്ലോ. അതിനാൽ ഈ ദൈവിക പ്രവൃത്തിക്ക് മാറ്റം വരുത്താൻ മനുഷ്യരുടെ പീഡനങ്ങൾക്കോ തിരസകര ണങ്ങൾക്കോ സൃഷ്ടികളുടെ എതിർപ്പുകൾക്കോ സാധിക്കയില്ല. വിശുദ്ധ ചാവറപിതാവിന്റെ ഈ പ്രവാചകവചസുകൾ സി.എം.ഐ. സന്യാസസഭയുടെ ആന്തരിക ചൈതന്യം വെളിവാക്കുന്നു. മാന്നാനം കുന്നിൽ 1831 മേയ് 11-നു ജന്മംകൊണ്ട കേരളക്കരയിലെ കൊവേന്തയുടെയും കൊവേന്തപട്ടക്കാരുടെയും ചരിത്രം രണ്ടു നൂറ്റാണ്ടുകൾ തികയാൻ ശേഷിക്കുന്നത് വെറും 10 വർഷം മാത്രം. ഈ സമയം സഭയുടെ ഉറവിടങ്ങളിലേക്കുള്ള ഒരന്വേഷണം നടത്തുക തീർത്തും ന്യായവും യുക്തവും അവസരോചിതവുമാണ്.

പ്രതിസന്ധികളിൽ പതറാതെ അവയെ വളർച്ചക്കുള്ള ദൈവിക ഇടപെടലുകളായി തിരിച്ചറിഞ്ഞ് മുന്നോട്ടുപോയ സ്ഥാപക പിതാക്കന്മാരുടെയും ആദ്യ പിതാക്കന്മാരുടെയും പൈതൃകവും ചൈതന്യവുമാണ് ഇന്നും സി.എം.ഐ. സന്ന്യാസസഭയുടെ DNA. പാലക്കൽ തോമാ മല്പ്പാനച്ചനും പോരൂക്കര തോമാ മല്പ്പാനച്ചനും വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസും കണിയാന്തറ യാക്കോബ് സഹോദരനും മൗറീ ലിയൂസ് സത്ബിലിനി മെത്രാന്റെ അനുവാദശീർവാദങ്ങളോടെ ഒന്നുചേർന്ന് ദൈവനിവേശനം സാക്ഷാത്ക്കരിക്കാൻ പ്രവർത്തിച്ചപ്പോൾ ദൈവം ചെയ്യിച്ച വിസ്മയമാണ് സി.എം.ഐ. സന്യാസസഭ.

1829-നു അനുവാദം ലഭിച്ച് 1831-ൽ കല്ലിട്ടു സ്ഥാപിതമായി സന്യാസം തുടങ്ങിയ ആത്മീയ കൂട്ടായ്മ നീണ്ട 24 വർഷം

കാത്തിരിക്കേണ്ടിവന്നു അമലോത്ഭവ ദാസസംഘമായി 1855 ഡിസംബർ 8-ന് വ്രതസമർപ്പണം നടത്തി കാനോനികമായ സഭയിലെ സന്യാസ കൂട്ടായ്മയായി അംഗീകരിക്കപ്പെടാൻ. ഈ 24 വർഷത്തെ കാത്തിരിപ്പ് വേദനയുടെ, വിയോഗങ്ങളുടെ, കഠിന പരീക്ഷകളുടെ സമയമായിരുന്നു. താപസ ജീവിതം താല്പര്യപ്പെട്ടു സന്യസിക്കാൻ വന്ന ആദ്യപിതാക്കന്മാർക്കു പരീക്ഷണങ്ങൾ ദൈവിക ഇടപെടലുകളും നേർവെളിച്ചം ലഭിയ്ക്കാനുള്ള സാധ്യതകളുമാണെന്ന ബോധ്യം ഉണ്ടായിരുന്നു. അന്വേഷണളിലെ ത്രിൽ, ദൈവത്തിന്റെ സമയത്തിനായുള്ള കാത്തിരിപ്പ്, ഏവരുടേയും സഹകരണം സാധ്യമാക്കിയ പ്രവർത്തനശൈലി, മതമൈത്രി, ഭിന്നാഭിപ്രായങ്ങളിൽ സ്വീകരിച്ച സമന്വയശൈലി, ഇന്നും സഭാംഗങ്ങൾക്കു ജീവിതവഴിയിലെ ഗുണപാഠങ്ങളാണ്.

ചാവറപിതാവ് കുറിച്ച നാളാഗമങ്ങളുടെയും വിവിധ ആശ്രമങ്ങളുടെ നാളാഗമങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ ചരിത്ര ഗ്രന്ഥം രചിക്കപ്പെട്ടിരിയ്ക്കുന്നത്. ഗ്രന്ഥകാരനായ ബർണ്ണാർദച്ചന്റെ ആധികാരികതയും ഒരു ചരിത്രകാരനുവേണ്ട സത്യജ്ഞാനം, പരമാർത്ഥം, നിഷ്പക്ഷവാദം, സമകാലിക സ്ഥിതിയെക്കുറിച്ചുള്ള അലക്സാന്ത്രോസ് യൗസേപ്പച്ചന്റെ സാക്ഷ്യപെടുത്തൽ ഈ ചരിത്ര ഗ്രന്ഥത്തിന് കൂടുതൽ ബലം നൽകുന്നു. സഭയുടെ ആദ്യകാലത്തെ പ്രവർത്തനങ്ങൾക്കു സാക്ഷിയായ പ്രിയോർ ജനറാൾ വലിയ ചാണ്ടിയച്ചന്റെ ഇടപെടലുകളും ഭേദഗതികളും അംഗീകാരവും ഈ പുസ്തകത്തിനും ഇതിലെ ചരിത്രത്തിനും കൂടുതൽ ശ്രേഷ്ഠത പകരുന്നു.

ഈ ഗ്രന്ഥം മനോഹരമായി രൂപകൽനചെയ്തു തയ്യാറാക്കിയ ബ. സാജു ചക്കാലയ്ക്കലച്ചന്റെ സമർപ്പണം ആദ്യപിതാക്കന്മാരുടെ ശൈലിയുടെ പിന്തുടർച്ചയാണ്. സി.എം.ഐ. സന്യാസ കൂട്ടായ്മ ബ. സാജു അച്ചനോടു ഒത്തിരി കടപ്പെട്ടിരിക്കുന്നു. ജനറൽ

കൗൺസിലർ ബ. സാജു അച്ചൻ നമ്മുടെ അനുമോദനം അർഹിക്കുന്നു. സി.എം.ഐ. സന്യാസകൂട്ടായ്മയുടെ ഉറവിട ങ്ങളിലേക്കുള്ള ഈ അന്വേഷണം ഏവരുടെയും ആത്മീയ മുന്നേറ്റത്തിന് ഉപകരിക്കും എന്ന് എനിക്കുറപ്പുണ്ട്. പുനഃ പ്രസിദ്ധികരിക്കപ്പെട്ട ഈ ചരിത്ര ഗ്രന്ഥം ഏവർക്കും പ്രചോദനം പകരട്ടെ.

ഫാദർ പോൾ ആച്ചാണ്ടി സി.എം.ഐ.
പ്രിയോർ ജനറാൾ

## അനുമതി

“ക.നി.മൂ. സഭയുടെ ചരിത്രസംക്ഷേപം” എന്ന ഈ പുസ്തകം ആജ്ഞാനുസരണം ബ. ആ. ബർണ്ണർദോസ് തോമ്മാ പട്ടക്കാരനാൽ എഴുതപ്പെട്ടത് ഞാൻ മുഴുവൻ വായിച്ചുകേട്ട് അംഗീകരിക്കുകയും സഭാംഗങ്ങളുടെ ഉപയോഗത്തിനായി അച്ചടിപ്പാൻ അനുവദിക്കയും ചെയ്യുന്നു.

ക.നി.മൂ. സഭയുടെ പ്രിയോർ ജനറാൾ
ക. ആ. അലക്സാന്ത്രോസ് യൗസെപ്പ്

# മുഖവുര

ചരിത്രം സംഭവങ്ങളുടെ സ്മാരകവും ജീവിതത്തിന്റെ ദൃഷ്ടാന്ത വുമായി ശാസ്ത്രജ്ഞന്മാരാൽ ഗണിക്കപ്പെടുന്നു. എന്തെന്നാൽ പൂർവ്വത്തിൽ നടന്ന സംഭവങ്ങളെ പിൻക്കാലങ്ങളിൽ ജീവിക്കു ന്നവർ ഗ്രഹിച്ചും, പൂർവ്വന്മാരുടെ ഉത്തമ ദൃഷ്ടാന്തങ്ങളെ അനുക രിച്ചും ജീവിപ്പാൻ സന്നദ്ധരായിതീരുന്നു. ഈ തത്വം പ്രമാണി ച്ചത്രെ ഓരോ രാജ്യത്തിന്റേയും സമുദായത്തിന്റേയും ചരിത്രങ്ങൾ രചിക്കപ്പെട്ടിരിക്കുന്നത്. ഈ വിധ ഉദ്ദേശ്യത്തോടെ തന്നെയാണ് നമ്മുടെ ക.നി.മൂ. സഭയുടെ ഈ ചരിത്ര സംക്ഷേപവും എഴുത പ്പെട്ടിട്ടുള്ളത്.

എന്നാൽ ഒരു ചരിത്രപ്രബന്ധത്തിന്റെ (Authority) വില, ഗ്ര ന്ഥകർത്താവിന്റെ സത്യജ്ഞാനം, പരമാർത്ഥം, നിഷ്പക്ഷവാദം, സമകാലികസ്ഥിതി ഇത്യാദി ഗുണഗണങ്ങളിൽ നിന്നത്രെ മുഖ്യ മായിട്ടുണ്ടാകുന്നത്. ഈ വിധ ഗുണലക്ഷണങ്ങളെല്ലാം നമ്മുടെ ഗ്രന്ഥകർത്താവിൽ പൂർണ്ണമായിട്ടുള്ളതുകൊണ്ടത്രെ സഭയുടെ ശ്രേഷ്ഠന്മാർ ഇദ്ദേഹത്തെ ഈ പ്രബന്ധരചനയ്ക്കായി തിരഞ്ഞെ ടുത്തത്. ഇദ്ദേഹം സഭാ സംബന്ധമായി ഈ ചരിത്രത്തിൽ വിവ രിക്കപ്പെട്ടിട്ടുള്ള സംഗതികൾ പല ആശ്രമങ്ങളുടെ നാളാഗമത്തിൽ നിന്നും സഭാപിതാക്കന്മാരിൽ നിന്നും സകാരണം അറിയുകയും, സഭയോടു സംബന്ധമായി ഉദ്ദേശം നൂറു സംവത്സരത്തെ സംഭവ ങ്ങൾ അതാതിന്നടുത്ത തക്ക റിക്കാർഡ്കളിൽ നിന്നും സമ്പാദി ക്കയും ചെയ്തു. ഭാഷാശുദ്ധിയുടെ വിഷയത്തിൽ ഗ്രന്ഥകർത്താവ് പ്രത്യേകം ഗൗനിക്കാഞ്ഞതു രണ്ടാമത് നന്നാക്കി എഴുതണമെന്നു കരുതിയിരുന്നതുകൊണ്ടത്രെ. എന്നാൽ ഈ ലാക്ക് അദ്ദേഹത്തിന്റെ സുഖക്കേടുകൊണ്ടും മറ്റും സാധിച്ചില്ല.

വിശേഷിച്ചും മറ്റു ചരിത്ര പ്രബന്ധങ്ങൾക്കു സാധാരണ സിദ്ധി ക്കാത്ത ഒരു വിശേഷഭാഗ്യം ഈ ചരിത്രത്തിനു ലഭിച്ചിട്ടുണ്ട്. ഈ പ്രബന്ധത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള സംഗതികളിൽ മുഖ്യഭാഗ ത്തിന്റെ ദൃക്സാക്ഷിയും ബാക്കി സംഗതികളുടെ സമകാലിക

(coaevus) സാക്ഷിയും, തന്റെ 81 വയസ്സിൽ 55-ാം കാലം മലയാളത്തിലെങ്ങും വിസ്മയിക്കത്തക്കവിധം മിസ്സ ജോലി നടത്തിയതിനാൽ സഭക്കകത്തും പുറത്തുമുള്ള സംഭവങ്ങളിൽ പരിചിതനും സഭാപിതാക്കന്മാരിൽ ഒരുവനുമായ ക.നി.മൂ. സഭയുടെ പ്രിയോർ ജനറാൾ പെ.ബ.മി.അ. വലിയ ചാണ്ടിയച്ചൻ അവർകൾ ഈ ചരിത്രം മുഴുവൻ വായിച്ചുകേട്ടു. ചുരുക്കം ചില സ്ഥലങ്ങളിൽ അല്പം ഭേദഗതികൾ ചെയ്തുകൊണ്ടു പ്രബന്ധത്തെ സന്തോഷപൂർവ്വം അംഗീകരിക്കുകയും, സഭാംഗങ്ങളുടെ ഉപയോഗത്തിനു വേണ്ടി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ അനുവദിക്കയും ചെയ്തു.

ദൈവസ്തുതിയും അനേകരുടെ പുണ്യവർദ്ധനയും ഉണ്ടാകുവാൻ തക്കവണ്ണം കർമ്മലനായകി ഈ പുസ്തകത്തെ ആശീർവ്വദിക്കയും., ഗ്രന്ഥകർത്താവിന് സംഭാവനയായി അനേക വരപ്രസാദങ്ങൾ ലഭിച്ചുകൊടുക്കുകയും ചെയ്യുമാറാകട്ടെ!

എന്ന്

| | |
|---|---|
| മാന്നാനം കൊവേന്ത | മാന്നാനം കൊവേന്തയുടെ പ്രിയോർ |
| 1908 കർക്കടകം 16 | ക.അ. അലക്സാന്ത്രോസ് യൗസെപ്പ് |

## പ്രസ്താവന

കൽദായസുറിയാനി റീത്തിൽ ചേർന്ന മലയാളത്തിലെ കർമ്മെലീത്താ മൂന്നാം സഭയുടെ ഉൽപത്തിയും ഇക്കാല പര്യന്തം ഉണ്ടായിട്ടുള്ള സംഭവങ്ങളും വിവരിക്കുന്ന ഒരു ചരിത്രം ഉണ്ടായാൽ കൊള്ളാമെന്നു സഭയിൽ പലർക്കും ഒരാഗ്രഹം ഉണ്ടായിത്തുടങ്ങീട്ടു കുറെക്കാലമായി. 1905-ൽ ആഘോഷിക്കപ്പെട്ട സഭയുടെ സ്വർണ്ണജൂബിലി ആണ്ടിൽ തൽസ്മാരകമായി ടി. ചരിത്രം അടിച്ച് പ്രസിദ്ധപ്പെടുത്തണമെന്ന് മേൽശ്രേഷ്ഠന്മാർ നിശ്ചയിക്കുകയും ആ വേലയ്ക്കു എന്നെ നിയമിക്കുകയും ചെയ്തു. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളാൽ ഈ ചരിത്രം ആ അവസരത്തിൽ എഴുതിത്തീർക്കാൻ സംഗതി ആകാഞ്ഞതിനാൽ സ്ഥാപകന്മാരായ പെ.ബ. പാലയ്ക്കൽ തോമ്മാച്ചൻ, പെ.ബ. പോരുക്കരെ തോമ്മാച്ചൻ എന്നീ മല്പാന്മാരുടേയും പെ.ബ. ചാവറ കുര്യാക്കോസ് ഏലിയാ അച്ചന്റെയും ജീവചരിത്രം അന്നു പ്രസിദ്ധപ്പെടുത്തുകയാണുണ്ടായത്. സഭയെ ഉറപ്പിച്ചുതന്ന 10-ാം പീയോസ് മാർപ്പാപ്പായുടെ ഗുരുപ്പട്ട സ്വർണ്ണജൂബിലി ആഘോഷിക്കുന്ന ഈ ആണ്ടിൽ ടി. സ്മാരകമായി പ്രസ്തുത ചരിത്രം അച്ചടിപ്പിക്കണമെന്നുള്ള അപേക്ഷയോടും ഉദ്ദേശ്യത്തോടുംകൂടി ഇതു ഇപ്പോൾ എഴുതിത്തീർത്തിരിക്കുന്നു.

ഈ ചരിത്രത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള സംഗതികൾ എടുത്തിട്ടുള്ളതു പ്രധാനമായി സഭയുടെ പൊതുപ്രിയോരായിരുന്ന പെ.ബ. ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ എഴുതീട്ടുള്ള പൊതുനാളാഗമത്തിൽ നിന്നും ഓരോ കൊവേന്തയുടെയും പ്രത്യേക നാളാഗമങ്ങളിൽ നിന്നുമാണ്. ഇതു മൂന്നു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ ഭാഗവും ലക്കങ്ങൾ ഇട്ടും അധ്യായങ്ങളായി തിരിച്ചുമാണ് എഴുതിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ ആരംഭം മുതൽ ക്രമമായ സ്ഥിതിയിൽ സഭ സ്ഥാപിതമായ 1855-ാം കാലംവരെയുള്ള സംഭവങ്ങളും, രണ്ടാം ഭാഗത്തിൽ 1855 മുതൽ 1885-ൽ സഭയുടെ ന്യായപ്രമാണം റോമായിൽനിന്നും അംഗീക

രിച്ചുറപ്പിച്ചതുവരെയുള്ള കാര്യങ്ങളും, ഒടുവിലത്തെ ഭാഗത്തിൽ ഏതൽക്കാലപര്യന്തമുള്ള സംഗതികളും അടങ്ങിയിരിക്കുന്നു. സഭയെ സംബന്ധിക്കുന്ന കാര്യങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ 100 വർഷത്തിനിപ്പുറം മലയാളത്തിൽ നടന്നിട്ടുള്ള വേറെ അനേകം സംഭവങ്ങൾ ഈ ചരിത്രത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

എന്ന് മുത്തോലി കൊവേന്തയിൽ നിന്നും 1908 ഫെബ്രുവരി മാസം 7-ന്

ക. നി. മൂ. സ.
ആ. ബെർണ്ണാർദോസ് തോമ്മാ പട്ടക്കാരൻ

# ഒന്നാം ഭാഗം

## അധ്യായം 1

1. 19-ാം ശതവർഷത്തിന്റെ ആരംഭത്തിൽ അതായത് 1828-ൽ വരാപ്പുഴയ്ക്കു തനതായി ഒരു വികാരി അപ്പസ്തോലിക്കാ ഇല്ലാതിരുന്നു. അതുകൊണ്ട് ബൊംബാ വികാരി അപ്പസ്തോലിക്കായും സപാദുക (കൽസാദി) കർമ്മലീത്താക്കാരനുമായിരുന്ന മാർ മൗറെല്യൊ സ്തബിലീനി മെത്രാനച്ചനെ 12-ാമത്തെ ലെയോ മാർപ്പാപ്പാ വരാപ്പുഴയുടെ തൽക്കാല (Interino) വികാരി അപ്പസ്തോലിക്കാ എന്ന സ്ഥാനത്തിൽ നിയമിച്ചു. അക്കാലത്തു പള്ളിപ്പുറത്തു സെമിനാരിയിൽ മല്പാനായി പാലയ്ക്കൽ തോമ്മാച്ചൻ പഠിപ്പിച്ചുകൊണ്ടിരുന്നു. ഇദ്ദേഹത്തിന്റെ ഉറ്റസ്നേഹിതനായ ചമ്പക്കുളത്തു പോരുക്കരെ തോമ്മാച്ചൻ കൊല്ലത്തു തങ്കച്ചേരി പള്ളിയുടെ വികാരി ആയിരുന്നു. തപസ്സു ജീവിതത്തിൽ അത്യന്തം തല്പരന്മാർ ആയിരുന്നതുകൊണ്ടു അതിലേയ്ക്കുപരിക്കത്തക്ക ഒരു സന്ന്യാസ സഭ ഈ മലയാളത്തിൽ സ്ഥാപിക്കുന്നതിനു ഇവർ എല്ലായ്പ്പോഴും ആഗ്രഹിച്ചുകൊണ്ടിരുന്നു. അഞ്ഞൂറ്റിക്കാരനും മൗറെല്യൊ മെത്രാനച്ചന്റെ കൂടെ ബോംബെയിൽ ഏറെക്കാലം താമസിച്ചിരുന്ന ആളുമായ പസ്കാൽ പാദ്രി അവർകൾ ഈ കാര്യത്തിനു വലിയ അനുകൂലിയും സഹായിയുമായിരുന്നു. അന്നു മെത്രാനച്ചൻ അർത്തുങ്കൽ അഞ്ഞൂറ്റിക്കാരുടെ പള്ളിയിൽ താമസിച്ചിരുന്നു. അഞ്ഞൂറ്റിക്കാർക്ക് പട്ടം കൊടുക്കണമെന്നു മെത്രാനച്ചൻ പിടിച്ചതുകൊണ്ട് എഴുന്നൂറ്റിക്കാർക്ക് വിരോധം ഉണ്ടാകുകയും തന്നിമിത്തം വരാപ്പുഴെ നിന്നു മെത്രാനച്ചൻ അർത്തുങ്കൽ പോയി താമസിക്കയും ചെയ്കയായിരുന്നു. ഈ വിരോധം നിമിത്തം മലയാളത്തുനിന്നു പോകുന്നതിനും മെത്രാനച്ചൻ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എങ്കിലും മലയാളത്തിലെ കൽദായ സുറിയാനിക്കാർക്കുവേണ്ടി താൻ പ്രത്യേകം നിയമിക്കപ്പെട്ടിരുന്നതുകൊണ്ട് അവരുടെ നിർബന്ധമായ അപേക്ഷ നിമിത്തം മലയാളത്തുനിന്നു പോകുന്നതല്ലെന്നു അവരോടു മെത്രാനച്ചൻ അറിയിച്ചു. പോരൂക്കരെ തോമ്മാച്ചനെ സെക്രത്താരിആയി നിയമിച്ച

തുകൊണ്ട് അദ്ദേഹം തങ്കച്ചേരിപ്പള്ളിയിൽനിന്ന് അർത്തുങ്കൽവന്നു മെത്രാനച്ചന്റെ കൂടെ താമസിച്ചിരുന്നു.

ഒരു സന്ന്യാസ സഭ സ്ഥാപിക്കണമെന്നുള്ള തങ്ങളുടെ ആഗ്രഹം പോരൂക്കാരെ തോമ്മാച്ചനും, പാലയ്ക്കൽ തോമ്മാമ ല്പാനച്ചനും മെത്രാനച്ചനെ ബോധിപ്പിക്കുകയും അവിടുന്നു വളരെ സന്തോഷചിത്തനായി അതിനായി ഒരു സന്ന്യാസഭവനം പണിചെയ്യുന്നതിലേക്കു എല്ലാപള്ളിക്കാരും പട്ടക്കാരും ജനങ്ങളും വേണ്ടസഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് കല്പിക്കുന്ന ഒരു ഉപദേശകല്പന 1829 വൃശ്ചികം 1-ന് അവർക്കു കൊടുക്കുകയും ആദ്യമായി താൻതന്നെ 200 ബ്രിട്ടീഷ് രൂപ അവർക്ക് ദാനം ചെയ്യു കയും ചെയ്തു. കല്പനയിലെ താൽപര്യം അനുസരിച്ച് 1830-ൽ കല്ലൂർക്കാട്ട് പള്ളിയിൽ നിന്നു 200 രൂപയും എടത്വാ പള്ളിയിൽ നിന്നു 350 രൂപയും ആ പള്ളിക്കാർ കൊടുത്തു.

2. ഭക്തിയ്ക്കടുത്ത ജീവിതം കഴിക്കുന്നതിനായിക്കൊണ്ടുള്ള അതിയായ ആഗ്രഹം നിമിത്തം ചമ്പക്കുളത്തു ഇടവക കണിയാന്തറ ചാക്കോഎന്ന ഒരുബാലൻ പോരൂക്കാരെ തോമ്മാച്ചന്റെ കൂടെ വന്നുകൂടുക ഉണ്ടായി. പിന്നീട് നമ്മുടെ സഭയിൽ പ്രവേശിച്ചതിന്റെ ശേഷം ഈ ബാലൻ ആഹാ യാക്കോബു എന്ന പേരിൽ ഏവർക്കും പ്രസിദ്ധനായിതീർന്നു. ആശ്രമത്തിനു തക്കതായ ഒരു സ്ഥലം കണ്ടു നിശ്ചയിക്കുന്നതിനായി മെത്രാനച്ചന്റെ അനുമതി യോടെ പലപ്പോഴും പല സ്ഥലങ്ങളിലും മേൽപ്പറഞ്ഞ നമ്മുടെ രണ്ടു തോമാച്ചന്മാരും കൂടെ സഹായക്കാരായി കോതമംഗലത്തു ഇടവക മുണ്ടയ്ക്കൽ ഇട്ടൂപ്പ് കത്തനാരച്ചനും പള്ളിപ്പുറത്തു ഇട വക കല്ലുങ്കൽ ഇട്ടിഅയിപ്പു മാപ്പിളയും യാത്ര കഴിച്ചിരുന്നു. ഇപ്പോൾ മുളക്കുളത്തു പള്ളി ഇരിക്കുന്ന സ്ഥലം ആശ്രമത്തിനായി കൊടു ക്കാമെന്നു ആ ഇടവക പെരിയപ്പുറത്തു മാത്തൻ എന്ന ഒരു സമ്പ ന്നനും അവിടുത്തെ വികാരിയും മറ്റു പലരും സമ്മതിച്ചു പറയു കയും അതിനായി പലപ്പോഴും അപേക്ഷിക്കുകയും ചെയ്തിരു ന്നു. അക്കാലത്ത് അവിടെയുള്ള പുത്തൻ കൂറ്റുകാരും പഴയ കൂറ്റുകാരും ഒന്നായി ഒരു പള്ളിയിൽ കൂടി നടന്നിരുന്നു. പഴയ

കൂറ്റുകാർക്കു തനതായി വേറെ പള്ളി വെയ്ക്കണമെന്നുവെച്ച് അതിനായി വാങ്ങിയിട്ടിരുന്ന ഒരുസ്ഥലമാണ് സന്യാസാശ്രമം പണിയാൻ കൊടുക്കാമെന്നു അവർ പറഞ്ഞിരുന്നത്.

എന്നാൽ ആ സ്ഥലം ബോധിക്കാഞ്ഞതുകൊണ്ട് അതിരമ്പുഴ പള്ളിക്കു കുറെ കിഴക്കു പുന്നത്തുറയ്ക്കു സമീപം പള്ളിക്കുന്നു എന്നൊരു സ്ഥലവും കോട്ടയത്തു ഒരു സ്ഥലവും നോക്കി കണ്ടതിന്റെ ശേഷം കുടമാളൂർ ആറ്റിനു സമീപെ കുമാരനല്ലൂർ പുല്ലരിക്കുന്നു എന്നൊരു കന്നുംപുറം കൊള്ളാമെന്നു നിശ്ചയിച്ച് ഇതു പണ്ടാരപ്പാട്ടമായി പതിപ്പിക്കുന്നതിന് കുടമാളൂർ ഇടവക കരിമ്പുമാലിൽ വർക്കികത്തനാരച്ചനെ ഏല്പിക്കുകയും അവിടെ പള്ളി വെയ്ക്കുന്നതിനു ആവശ്യപ്പെട്ട അനുമതി സർക്കാരിൽ നിന്നു ലഭിക്കുന്നതിനായി മെത്രാനച്ചന്റെ ഒരെഴുത്ത് റെസിഡെന്റ് സായിപ്പിന്റെപേർക്ക് വാങ്ങിക്കൊണ്ട് പോരൂക്കര തോമ്മാച്ചൻ മുൻപറഞ്ഞ ആഹാ യാക്കോബിനോടു കൂടെ തിരുവനന്തപുരത്തിനു പുറപ്പെടുകയും ചെയ്തു. കുമ്പളത്തു ഒരു പള്ളിയും മനക്കോടത്തു ഒരു കുരിശുപള്ളിയും വയ്ക്കുന്നതിനായുള്ള അനുമതിയ്ക്കു വേണ്ടി വേറെ രണ്ടു എഴുത്തുകൾ കൂടെ മെത്രാനച്ചൻ കൊടുത്തിട്ടുണ്ടായിരുന്നു. അന്നു പോരൂക്കര തോമ്മാച്ചന്റെ അനുജൻ അന്തോനി എന്നയാൾക്ക് റെസിദെന്തി ആപ്പീസിൽ ഒരു രായസ വേല ഉണ്ടായിരുന്നു. അതുകൊണ്ടും മറ്റും ഉടനെ റെസിഡന്റ് ദിവാൻജിക്കു ഉത്തരവു അയക്കുകയും അതിൻ പ്രകാരം മേൽപ്പറഞ്ഞ സ്ഥലത്തു പള്ളിവയ്ക്കുന്നതിനു വിരോധമുണ്ടോ എന്ന് വിചാരണ കഴിച്ചു അറിവിക്കുവാൻ ഒരുത്തരവു ദിവാൻജി ഏറ്റുമാനൂർ തഹസിൽദാർക്കായി കൊടുക്കുകയും ചെയ്തു. ആയിടയ്ക്ക് മദ്രാസ് ഗവർണർ ഇവിടെ വന്നിരുന്നതിനാൽ മെത്രാനച്ചന്റെ ഒപ്പുവെച്ച ഒരു ഇംഗ്ലീഷ് ഹർജി കൊച്ചിയിൽ കോവിലകത്തുവച്ചു ആദ്ദേഹത്തിനും കൊടുത്തു. ഇതിനിടയ്ക്കു പുളിങ്കുന്നുപള്ളിക്കാർആശ്രമം പണിവകയ്ക്കു 1000 പറനെല്ല് കൊടുക്കാമെന്നു പോരൂക്കര തോമ്മാച്ചനോടു വാഗ്ദാനം ചെയ്യുകയും ഉടനെ തന്നെ 200 പറ നെല്ല് അദ്ദേഹത്തെ ഏല്പിക്കയും ചെയ്തു.

3. ഇങ്ങനെയിരിക്കെ, കരിമ്പുമാലിൽ വർക്കികത്തനാരച്ചൻ പുല്ലരിക്കുന്നു പേരിൽ പതിച്ചെങ്കിലും അവിടെ പള്ളിവയ്ക്കുന്ന തിനു വിരോധമുണ്ടോ എന്നു ഉത്തരവിൻ പ്രകാരം ഏറ്റുമാനൂർ തഹസിൽദാർ കരക്കാർക്കു ചീട്ടെഴുതി ചോദിക്കയിൽ അവരും ഊരാണ്മക്കാരും ആ സ്ഥലം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേത സ്ഥാനമാകകൊണ്ട്, അവിടെ പള്ളി വെയ്ക്കാൻ പാടില്ലെന്നു എഴുതി ബോധിപ്പിച്ചു. അപ്പോൾ ഏറ്റുമാനൂർ ഒജനാരുമേത്തർ എന്ന ഒരു പ്രസിദ്ധ മുഹമ്മദീയ കച്ചവടക്കാരനും മറ്റു പലരും കരക്കാരുടേയും ഊരാണ്മക്കാരുടേയും വിരോധം തീർത്തുതരാ മെന്നു പറഞ്ഞെങ്കിലും നമ്മുടെ പിതാക്കന്മാരായ തോമ്മാച്ച ന്മാർക്ക് വഴക്കിടുന്നതിനു മനസ്സില്ലെന്നു പറഞ്ഞൊഴിഞ്ഞു. അതിനു ശേഷം ആറ്റിനു വടക്കുവശത്ത് കുടമാളൂർ ചെറിയ പള്ളി ഇരിക്കുന്നതിനു കിഴക്കുമാറി ഒരു കുന്നുംപുറം വാങ്ങിക്കാമെ ന്നുവെച്ചു. അതിനായി കുടമാളൂർ തെക്കേടത്തു കോരപണിക്ക രുടെ മകൻ ഇട്ടിച്ചെറിയ ഒരു താല്പര്യക്കാരനാകയാൽ അയാ ളേയും തയ്യിൽ (പെരുമാലിൽ) കുര്യൻ തരകനേയും അനുജൻ കൊച്ചുപോത്തൻ മാപ്പിളയേയും താല്പര്യപ്പെടുത്തി. ഇരുപ ത്തഞ്ചുനോമ്പു വീടുന്നതിനു തലേദിവസത്തെ ഒരുനേരം ഒടു വിൽ പറഞ്ഞവരുടെ വീട്ടിൽ കഴിച്ചുംവെച്ചു ഉദ്ദിഷ്ടപൂർത്തിക്കായി പോരൂക്കര തോമ്മാച്ചനും മുൻപ്രസ്താവിച്ച ആ. യാക്കോബും തഹസിൽദാരെ കാണുന്നതിനു അതിരമ്പുഴക്കൂടെ ഏറ്റുമാനൂർക്ക് പോകാനായി പുറപ്പെട്ടപ്പോൾ കുര്യൻതരകനും അനുജനും നമുക്കു പള്ളിയും ദർശനവീടും ഈ മാന്നാനത്തു തങ്ങളുടെ പേരിൽ 993-ലെ കണ്ടെഴുത്തിൽ പതിഞ്ഞുകിടക്കുന്ന ഓലൻ കണ്ണാല എന്ന കുന്നിന്മേൽ വെയ്ക്കാമെന്നു പറകയും അതിനു അച്ചൻ സമ്മതിക്കയും ചെയ്തു.

ഈ വിവരം മെത്രാനച്ചനെ ബോധിപ്പിക്കുകയും അവിടുന്നു സമ്മതം കൊടുക്കുകയും ചെയ്തു. അന്നു ഏറ്റുമാനൂർ മുതൽപിടി ഒളശയിൽ, പറമ്പിൽ കൊച്ചിട്ടി മാപ്പിള എന്ന ഒരു പുത്തൻകൂറ്റു കാരൻ ആയിരുന്നു. ഇയാൾ തേവലക്കരെ ജഡ്ജിയുടെ ശുപാർശ

എഴുത്തുമൂലവുംമറ്റും നമ്മുടെ അച്ചന്മാർക്കു സ്വാധീനനും സഹായിയും ആയിരുന്നു. നമ്മുടെ പള്ളിപ്പുറത്തച്ചന്റെ ശിഷ്യൻ കൊച്ചു പുരയ്ക്കൽ യാക്കോക്കത്തനാരച്ചന്റെ ജ്യേഷ്ഠൻ ഈപ്പൻ മാപ്പിളയ്ക്കു തഹസിൽദാരുമായി നല്ല പരിചയവും അടുപ്പവുമുണ്ടായിരുന്നതുകൊണ്ട് ഇയാളുടേയും മുതൽപിടിക്കാരന്റെയും സഹായത്താൽ പുല്ലരിക്കുന്നേൽ പള്ളിവെയ്ക്കുന്ന വകയ്ക്കു വിചാരണക്ക് അയച്ചിരുന്ന ദിവാൻജിയുടെ ഉത്തരവുതന്നെ ഇതിനായി (മാന്നാനം കുന്നിനായി) കൊള്ളിക്കയും അതിൻപ്രകാരം മാന്നാനത്തു പള്ളിവെയ്ക്കുന്നതിനു തടസ്സമുണ്ടോഎന്നു കരക്കാർക്കു തഹസിൽദാർ ചീട്ടയക്കുകയും അവർ തയ്യിൽ തരകന് സ്വാധീനൻ ആയിരുന്നതുകൊണ്ട് ഗുണമായി തഹസിൽദാർക്കു എഴുതി അയക്കുകയും ചെയ്തു.

4. മുതൽപിടിയുടേയും മറ്റും സ്വാധീനത്താൽ തഹസിൽദാർ നല്ല റിപ്പോർട്ട് ദിവാൻജിക്ക് അയക്കുകയും അതിൻപ്രകാരം ഗുണമായ ഉത്തരവ് ദിവാൻജി കൊടുക്കുകയും ചെയ്തു. ഈ ഉത്തരവ് വാങ്ങാനായി നമ്മുടെ പോരൂക്കരഅച്ചനും ആഹാ യാക്കോബും തിരുവനന്തപുരത്തേക്ക്പോകാനായി പുറപ്പെട്ടെങ്കിലും തങ്കച്ചേരിൽ എത്തിയപ്പോൾ അച്ചൻ അവിടെ താമസിച്ചുകൊണ്ട് ചില ശുപാർശ എഴുത്തുകളോടുകൂടി ആഹാ യാക്കോബിനെ തനിയെ തിരുവനന്തപുരത്തേക്ക് അയച്ചു. ഇതിനിടയ്ക്ക് പോരൂക്കര തോമ്മാച്ചൻ പാട്ടുകുർബാന, സ്തപസ്സുകുർബാന, ഒറ്റക്കുകുർബാന എന്നിങ്ങനെ പല കുർബാനകൾ ഈ കാര്യസാധ്യത്തിനായി തനതായും ശേഷംപേർ മുഖാന്തരവും ദൈവത്തിനു സമർപ്പിച്ചിരുന്നു.

പോരൂക്കര തോമ്മാച്ചനോടുകൂടെ ആദ്യം പുല്ലരിക്കുന്നിലും പിന്നീട് കുടമാളൂർ ചെറിയപള്ളിക്കു കിഴക്കുവശമുള്ളകുന്നിലും ഒടുവിൽ മാന്നാനംകുന്നിലും പള്ളിയും ദർശനവീടും വെയ്ക്കുന്ന വകക്കു നമ്മുടെ പാലയ്ക്കൽ തോമ്മാച്ചനും യാത്രകഴിക്കയും ബുദ്ധിമുട്ടുകയും ചെയ്തിരുന്നു. ആ യാത്രക്കാലത്തു നമ്മുടെ ഈ രണ്ടു വന്ദ്യപിതാക്കന്മാർ കുർബാന ചൊല്ലിയിരുന്നതു ചിലപ്പോൾ

കുടമാളൂർ പള്ളിയിലും മറ്റുപലപ്പോഴും അതിരമ്പുഴ പള്ളിയിലുമായിരുന്നു. അതിരമ്പുഴെവെച്ചു പാലയ്ക്കൽ തോമ്മാച്ചനു ഒരു സുഖക്കേടുപിടിപ്പെട്ടതിനാൽ പോരൂക്കര തോമ്മാച്ചനും ആ. യാക്കോബും ഉത്തരവുവാങ്ങാനായി തിരുവനന്തപുരത്തേക്കുപുറപ്പെടുന്നതിനും അല്പംമുമ്പു താൻ അവിടംവിട്ടു പള്ളിപ്പുറത്തുപോയി താമസിച്ചുപാർത്തിരുന്നു. പോരൂക്കര അച്ചൻ ഉത്തരവ് വാങ്ങിക്കൊണ്ട് വിവരം അർത്തുങ്കൽചെന്നു മെത്രാനച്ചനെ അറിയിച്ചശേഷം പള്ളിപ്പുറത്തുചെന്നു പാലയ്ക്കലച്ചനേയും അറിയിച്ചു.

5. ഇതിനുശേഷം പോരൂക്കര അച്ചൻ തിരുവനന്തപുരത്തുനിന്നും വാങ്ങിക്കൊണ്ടുവന്ന ആ (ദിവാൻജിയുടെ) ഉത്തരവു മുതൽപിടി കൊച്ചിട്ടിമാപ്പിളയുടേയും കൊച്ചുപുരയ്ക്കൽ ഈപ്പൻമാപ്പിളയുടേയും മുഖാന്തരം തഹസിൽദാർക്കുകൊടുക്കുകയും മാന്നാനംകുന്നു പള്ളിപണിയ്ക്കായി വെട്ടിത്തെളിക്കുന്ന വകയ്ക്കു അനുവാദം കൊടുക്കണമെന്നു അപേക്ഷിക്കയും തഹസിൽദാർ സമ്മതിക്കയും ചെയ്തു. ഇങ്ങനെ 1829 മുതൽ പള്ളിയ്ക്കും ദർശനവീടിനുംവേണ്ടി 2 വർഷകാലംവരെ സ്ഥലം അന്വേഷിക്കുകയും ഒടുവിൽ 1831 മാർച്ച് (മീനം) 30-ന് ശബസ്ശബെ എന്ന നോമ്പിന്റെ വലിയ ആഴ്ചവട്ടത്തെ ബുധനാഴ്ചദിവസം മാന്നാനംകുന്നു വെട്ടിത്തെളിക്കാൻ ആരംഭിക്കയുംചെയ്തു. അക്കാലത്തു നമ്മുടെപിതാക്കന്മാരായ മേല്പറഞ്ഞ അച്ചന്മാർ ഈ മാന്നാനം കുന്നിനു ബേസ്റൗമ്മാ എന്നാണ് പേർ വിളിച്ചിരുന്നത്. ഉയിർപ്പു കഴിഞ്ഞതിന്റെ പിറ്റേദിവസം തിങ്കളാഴ്ച പലരുടെ സഹായത്തോടുകൂടെ വെട്ടിത്തെളിക്കൽ ഒരുവിധം പൂർത്തിയാക്കി. ഇതിനു പ്രധാന സഹായികൾആയിരുന്നത് തയ്യിൽ കുര്യൻതരകനും അനുജൻ കൊച്ചുപോത്തൻ മാപ്പിളയുമായിരുന്നെങ്കിലും മുൻപറഞ്ഞ ഒജനാരു മേത്തനായ മുഹമ്മദീയ കച്ചവടക്കാരനും അതിരമ്പുഴ കൊച്ചുപുര, പീടിയേക്കൽ, വേമ്പേനി, കൈപ്പുഴെ തറയിൽ, മലേൽ എന്നീവീട്ടുകാരും, പുലയരേയും മറ്റുകൂലിക്കാരേയുംവിട്ടു കാടു വെട്ടിത്തെളിച്ചുകൊടുത്തു.

നമ്മുടെ ഒന്നാമത്തെ പൊതുശ്രേഷ്ഠനും പള്ളിപ്പുറത്തു തോമ്മാച്ചന്റെ ശിഷ്യനുമായിരുന്ന ചാവറ കുര്യാക്കോസച്ചനും തോമ്മാച്ചനോടുകൂടെ അതിരമ്പുഴയും കുടമാളൂരുംവന്നു പുല്ലരിക്കുന്നു, മാന്നാനം മുതലായ കുന്നുകളെകാണുകയും ആ യാത്രയിൽ അവരെസഹായിക്കയും ചെയ്തിട്ടുണ്ടായിരുന്നു. അതിരമ്പുഴെവെച്ചു മുൻപറഞ്ഞപോലെ പാലക്കൽ തോമ്മാച്ചനു പിടിപെട്ട സുഖക്കേടുമുഖാന്തിരം അദ്ദേഹത്തോടുകൂടെ ചാവറ കുര്യാക്കോസച്ചനും പള്ളിപ്പുറത്തു പോയി താമസിച്ചു.

## അധ്യായം 2

6. പോരൂക്കര തോമ്മാച്ചൻ മേല്പറഞ്ഞ ദിവാൻജിയുടെ ഉത്തരവു ഏറ്റുമാനൂർ തഹസിൽദാർക്കു കൊടുത്തോഎന്നും കാര്യം എങ്ങനെയൊക്കെഇരിക്കുന്നുവെന്നും അറിയാനായി പള്ളിപ്പുറത്തുനിന്നു തോമ്മാച്ചൻ, ചാവറ കുര്യാക്കോസച്ചനെ അതിരമ്പുഴക്കും മാന്നാനത്തിനുമായി അയച്ചു. അതിൻപ്രകാരം നമ്മുടെ ബ. കുര്യാക്കോസച്ചൻ മാന്നാനത്തുവന്നു തിരക്കിയപ്പോൾ കാര്യത്തീർച്ച ഉണ്ടായില്ലെന്നും മുതൽപിടിയെ കാൺമാനായി ഒളശയ്ക്കു പോകുന്നുഎന്നു ആഹാ യാക്കോബു പറകയാൽ താൻ അതിരമ്പുഴെ ചെന്നു പോരുക്കരഅച്ചനെ കാണുകയും ഇരുവരുംഒരുമിച്ചു മാന്നാനത്തുവന്നു രണ്ടുമൂന്നുദിവസം താമസിച്ച ശേഷം താൻ പള്ളിപ്പുറത്തേക്കുമടങ്ങി പോകയുംചെയ്തു. ആയിടയ്ക്കു എ.പെ.ബ മെത്രാനച്ചനു അറത്തുങ്കൽ അത്ര സുഖമില്ലാതിരുന്നതുകൊണ്ട് ദേഹസുഖാർത്ഥം കുടമാളൂർ വന്നു പാർത്തിരുന്നു. അതിരമ്പുഴെപോയി ദിവസേന കുർബാന ചൊല്ലുന്നകാര്യം വളരെ ബുദ്ധിമുട്ടാകകൊണ്ടു തൽക്കാലം മാന്നാനത്തു പനമ്പുകൊണ്ട് മറച്ച്കെട്ടി അവിടെ കുർബാന ചൊല്ലാൻ അനുവാദം മേടിക്കണമെന്നു പോരുക്കരെ അച്ചൻ പറഞ്ഞപ്രകാരം പാലയ്ക്കൽ തോമ്മാച്ചൻ കുടമാളൂർവന്നു മെത്രാനച്ചനോടു ആ കാര്യത്തിനായി അനുവാദം ചോദിച്ചു. തൽക്കാലം പനമ്പുകൊണ്ട് കുത്തിമറച്ചു, ചൊല്ലാൻ തുടങ്ങിയാൽ വേറെ നന്നാക്കി പണിയിക്കുവാൻ ഉദാസീനതയുണ്ടാകുമെന്നും അതുകൊണ്ട് ഏതു വിധേനയെങ്കിലും ഒരു കുരിശുപുരകെട്ടി അതിൽ കുർബാന ചൊല്ലുകയാണു വേണ്ടതെന്നും മെത്രാനച്ചൻ കല്പിച്ചു.

പള്ളിയും ദർശനവീടും പണിയിക്കുന്നവകയ്ക്കു ദിവാൻജിയിൽനിന്നു കിട്ടിയ ഉത്തരവുപോലെ ഏറ്റുമാനൂർ തഹസിൽദാർ ആ വകയ്ക്കുള്ള ചീട്ടു അയച്ചുതരാഞ്ഞതിനാൽ ബ. പോരൂക്കര അച്ചൻ ആഹാ യാക്കോബിനെ മുതൽപിടിയുടെ പക്കൽ, ഒളശയ്ക്കു അയക്കയും തഹസിൽദാരുടെ ചീട്ട് പള്ളിപ്പണിക്കുവേണ്ടി

വാങ്ങിത്തരണമെന്നും എഴുതി അപേക്ഷിക്കയും ചെയ്തു. ഈ എഴുത്തു കുടമാളൂരിൽവെച്ചാണ് എഴുതിയത്. സന്തോഷാധിക്യത്താൽ സ്വന്തം കയ്യക്ഷരത്തിൽ (മലയാളത്തിൽ) എഴുത്തു മെത്രാനച്ചൻതന്നെ എഴുതി. പാലയ്ക്കലച്ചൻ പള്ളിപ്പുറത്തിനും പോരൂക്കരഅച്ചൻ അങ്ങുമിങ്ങും ധർമ്മത്തിനും പോയതിനാൽ നമ്മുടെ ചാവറ അച്ചനും, കൂടെ അതിരമ്പുഴെ കൊച്ചുപുരയ്ക്കൽ യാക്കോകത്തനാരച്ചനും മലയാറ്റൂർ പള്ളിവികാരി പേരെപ്പാട്ടു പൗലോസ് കത്തനാരച്ചനും മാന്നാനത്തു തന്നെ താമസിച്ചു. ആ ദിവസങ്ങളിൽ അവരുടെചിലവ് പെരുമാലിൽ നിന്നു നടത്തുകയും ചിറ്റേഴത്തു ഈശ്വരൻ നായർ എന്ന ഒരാളുടെ കളപ്പുര അവരുടെ പാർപ്പിനായി ഒഴിച്ചു നന്നാക്കി കൊടുക്കയും ചെയ്തു. തഹസിൽദാരുടെ ചീട്ടു കിട്ടുന്നതിനു ദൈവസഹായം ഉണ്ടാകുന്നതിനു ചാവറ അച്ചനും മറ്റ്അച്ചന്മാരും അതിരമ്പുഴെചെന്നു ഗീവർഗീസ് സഹദായുടെ തിരുനാളിൽ ഒരു സ്തപസ്സു കുർബാനയും പാടി. മുതൽപിടിയുടെ താൽപ്പര്യപ്രകാരം തഹസിൽദാർക്കു 100 കലിപണം കൊടുക്കയും ഏറെ ബുദ്ധിമുട്ടുകൂടാതെ ചീട്ടു പാർവത്യകാരന്റെപേർക്കു അയാൾ അയക്കുകയും പാർവത്യകാരൻ കരക്കാരുടെ പേർക്കു ചീട്ടുഎഴുതുകയും ചെയ്തു.

7. തഹസിൽദാരുടെ ചീട്ടു കരക്കാർക്കുവന്ന വിവരം കുടമാളൂർചെന്നു മെത്രാനച്ചനെ അറിയിച്ചപ്പോൾ ഉടനെതന്നെ, വല്ല വിഘ്നവും നേരിടാതിരിപ്പാൻ വേണ്ടി, ഒരു മരക്കുരിശുതീർപ്പിച്ച് പള്ളിവെയ്ക്കാനുള്ള സ്ഥലത്തു സ്ഥാപിക്കണമെന്നു കല്പിക്കുകയും കരക്കാരുടെ മുമ്പാകെവച്ച് മുൻപറഞ്ഞ ഓലൻ കണ്ണാലക്കുന്നിൽ ആശ്രമത്തിനു നിശ്ചയിച്ച സ്ഥലത്തു 1831 ഏപ്രിൽ മാസത്തിൽ ഒരു ദിവസം വയ്യിട്ടു ടി. കുരിശു സ്ഥാപിക്കുകയും ചെയ്തു. ഉടനെതന്നെ എല്ലാവരും മുട്ടുകുത്തി സകല ശുദ്ധമാക്കപ്പെട്ടവരുടെ 'ലുത്തിനിയാ' കഴിച്ചു. അപ്പോൾ കുടിയിരുന്നവരിൽ ഒരാൾ പാലാക്കാരൻ ഉള്ളാട്ടുതറ ശമ്മാച്ചനായിരുന്നു. ഇയാളുടെ അനുജനെ ഒരു വിഷപ്പാമ്പു അവിടെവച്ചു കടിച്ചതുകൊണ്ട് മോഹാലസ്യപ്പെടുകയും നമ്മുടെ പോരൂക്കരഅച്ചൻ പൈതലിന്റെ മേൽ

ഹാനാൻവെള്ളം തളിച്ചു എല്ലാവരോടും അവനുവേണ്ടി പ്രാർത്ഥി പ്പാൻ പറകയും പിറ്റേദിവസം പുലർച്ചയ്ക്കു യാതൊരു ചികി ത്സയും കൂടാതെ വിഷം നീങ്ങി സുഖപ്പെടുകയും ചെയ്തു.

8. ടി. ആണ്ടു ഇടവം 11-ന് കൊവേന്തയ്ക്കു കല്ലിടണമെന്നു നിശ്ചയിച്ച് നമ്മുടെ രണ്ടു അച്ചന്മാരുടെ സ്നേഹിതരും ശിഷ്യരു മായ പട്ടക്കാരെ അറിയിക്കയും അന്നു കുടമാളൂർ പാർത്തിരുന്ന മെത്രാനച്ചൻതന്നെ കല്ലിടണമെന്നു അപേക്ഷിക്കുകയും ചെയ്തു. അപേക്ഷപോലെ മെത്രാനച്ചൻ മാന്നാനം കുന്നിൽ തനിക്കായി ഒരുക്കിയിരുന്ന ഒരു മുളക്കൂട്ടുപുരയിൽ ഒരു പനമ്പുമുറിയിൽ വന്നു പാർക്കയും, ക്ഷണപ്രകാരം കല്ലിടൽആഘോഷം പ്രമാണിച്ചു വന്നിരുന്ന ബ. പട്ടക്കാർ ടി. പുരയിൽ മറ്റൊരു മുറിയിൽ വസിക്കു കയും ചെയ്തു. പിറ്റേദിവസം* കല്പനപ്രകാരം മെത്രാന ച്ചന്റെമുമ്പാകെവെച്ച് പോരൂക്കരഅച്ചൻ വിശുദ്ധ യൗസേപ്പ് പിതാ വിന്റെ നാമത്തിൽ കൊവേന്തയ്ക്കു കല്ലിട്ടു. ആശ്രമം യോഹന്നാൻ മാംദാനയുടെനാമത്തിൽ വേണമെന്ന് മെത്രാനച്ചനും, ദുമ്മനിങ്കോ സിന്റെനാമത്തിൽ വേണമെന്നു പാലയ്ക്കൽ തോമ്മാച്ചനും വാദി ച്ചിരുന്നെങ്കിലും കടശി പോരൂക്കര തോമ്മാച്ചന്റെ അഭിപ്രായത്തിനു രണ്ടുപേരുംചേർന്നാണ് വിശുദ്ധ യൗസേപ്പിന്റെ നാമത്തിൽ കല്ലി ട്ടത്. പിറ്റെമാസമായ മിഥുനത്തിൽ പന്തക്കൂസ്ത തിരുനാൾ ദിവ സത്തിൽ കപ്പേളതീർത്തു അതിൽ ആദ്യമായി കുർബാന അർപ്പി ക്കയും കൂടിയ അച്ചന്മാർ എല്ലാവരും ഓരോ രൂപാ നേർച്ചയിടുക യും, ഇങ്ങനെ 50 രൂപ അന്നുതന്നെ പിരിയുകയും ചെയ്തു. അന്നു മുതൽ കൊവേന്തപ്പണി ക്രമമായി നടന്നുപോന്നു.

9. ബ. പോരുക്കരെ തോമ്മാച്ചൻ പാലാ, ഭരണങ്ങാനം മുത ലായ പള്ളികളിൽ ചുറ്റി സഞ്ചരിച്ച് ധർമ്മം പിരിക്കയും നമ്മുടെ ചാവറെ കുര്യാക്കോസച്ചൻ മാന്നാനത്തു താമസിച്ചു പണി നട ത്തുകയും ചെയ്തുവന്നു. പാലയ്ക്കൽ തോമ്മാച്ചനു സെമിനാരി

---

*മെത്രാനച്ചൻ തന്നെ ശിലാസ്ഥാപനം നടത്തണമെന്നായിരുന്നു താൽപര്യമെങ്കിലും അദ്ദേഹത്തിനു സുഖക്കേടായിരുന്നതിനാൽ പോരൂക്കര അച്ചനെക്കൊണ്ടു, കൂടെ യിരുന്നു കർമ്മം നടത്തുകയാണുണ്ടായത്.

ജോലി ഉണ്ടായിരുന്നതുകൊണ്ടും സുഖക്കേടു നിമിത്തവും തൽക്കാലം പള്ളിപ്പുറത്തുതന്നെ താമസിക്കേണ്ടിവന്നു. ഇങ്ങനെയിരിക്കെ അഞ്ഞൂറ്റിക്കാർക്കു മൗറെലോസ് മെത്രാനച്ചൻ പട്ടം കൊടുക്കുകയും തന്നിമിത്തം എഴുനൂറ്റിക്കാരായ ജനങ്ങൾക്കു വിരോധമുണ്ടാകയും ചെയ്തതുകൊണ്ട് എതിർകക്ഷികളുടെ വിരോധം നിമിത്തമോ തന്റെ സ്വന്ത അപേക്ഷയാലോ എന്തോ മെത്രാനച്ചൻ റോമ്മയ്ക്കു ചെല്ലാൻ കല്പനയുണ്ടാകയും പകരം പ്രംസീസ്സ് ശവരിയാർ മെത്രാപ്പോലീത്താച്ചൻ വികാരി അപ്പസ്തോലിക്കാ ആയി 1832-ൽ വരികയും ചെയ്തു. ഇദ്ദേഹം തന്റെ സെക്രത്താരിയായി പള്ളിപ്പുറത്തു മംഗലത്തു ചാണ്ടി കത്തനാരച്ചനെ തെരഞ്ഞെടുത്തു നിശ്ചയിച്ചു. അഞ്ഞൂറ്റിക്കാർക്കു പട്ടം കൊടുത്തതുകൊണ്ട് എഴുനൂറ്റിക്കാർക്കു മെത്രാനച്ചന്റെ നേർക്ക് വിരോധം ഉണ്ടായതുപോലെ നമ്മുടെ പാലയ്ക്കലച്ചന്റെയും പോരൂക്കരെ അച്ചന്റെയും നേർക്കും വിരോധമുണ്ടായി. നമ്മുടെ അച്ചന്മാർക്കു മൗറെല്യോസ് മെത്രാനച്ചന്റെ വേർപാട് നിമിത്തം ഉണ്ടായ വ്യസനം അവർണ്ണനീയമായിരുന്നു. പ്രംസീസ്ക് ശവരിയാർ മെത്രാപ്പോലീത്താച്ചന്റെ അടുക്കൽ നമ്മുടെ സുറിയാനിക്കാരിൽ ചിലരും മേൽപ്പറഞ്ഞ എഴുനൂറ്റിക്കാരും നമ്മുടെ അച്ചൻമാർക്കും കൊവേന്തയ്ക്കും വിരോധമായി പലതെല്ലാം ബോധിപ്പിക്കയും, അവിടുന്നു കൊവേന്ത പണിവകയ്ക്കുള്ള മൗറെല്യോസ് മെത്രാനച്ചന്റെ കല്പനയുടെ വിവരം അറിഞ്ഞിരുന്നെങ്കിലും ചാവറെ കുര്യാക്കോസച്ചനെ തെക്കൻ പള്ളിപ്പുറത്തു വികാരി ആയിട്ടും, പോരൂക്കരെ തൊമ്മാച്ചനെ കായംകുളം, പിള്ളതോപ്പ് എന്നീ (കൊല്ലം മിഷനിൽ ചേർന്ന) പള്ളികളുടെ വികാരി ആയിട്ടും നിയമിച്ചാക്കുകയും ചെയ്തു. ഇതെല്ലാം ഒരു പരീക്ഷപോലെ നമ്മുടെ പാലയ്ക്കലച്ചനും പോരൂക്കര അച്ചനും കൈക്കൊണ്ടു കൽപനപോലെ വികാരിത്വജോലി നടത്തി. ആയിടയ്ക്കു പള്ളിപ്പുറത്ത് മല്പാനച്ചന്റെ അനന്തരിവൻ വർക്കി കത്തനാരച്ചൻ പുത്തൻ കുർബാന ചൊല്ലുകയാൽ അദ്ദേഹത്തെ പള്ളിപ്പുറത്തെ വികാരിത്വ ജോലി ഏല്പിച്ചുകൊണ്ട് ഇടയ്ക്കിടയ്ക്കു ചാവറയച്ചൻ മാന്നാനത്തുവന്ന് അവിടുത്തെ കാര്യങ്ങൾ നോക്കിയിരുന്നു.

10. പള്ളിപ്പുറത്തേ വികാരിത്വജോലി ഒഴിച്ചുകൊടുക്കണമെന്നു നമ്മുടെ ചാവറയച്ചൻ വീണ്ടും വീണ്ടും മെത്രാപ്പോലീത്താച്ചനോടു അപേക്ഷിക്കുകയും അതിൻപ്രകാരം ഒഴിച്ചു കൊടുക്കുകയും ചെയ്തതിനാൽ താൻ മാന്നാനത്തുവന്നു 1833 മുതൽ നിരന്തരമായി കാര്യങ്ങൾ അന്വേഷിച്ച് വന്നു. അന്നു മുതൽ തന്റെ സമ്പാദ്യവും പ്രയത്നവും എല്ലാം ദർശന വീടിനായി ചിലവഴിക്കുകയും ഒരു സന്ന്യാസിയെപ്പോലെ ജീവിക്കുകയും ചെയ്തുപോന്നു. പോരൂക്കരെ തോമ്മാച്ചന്റെ പിള്ളതോപ്പു മുതലായ പള്ളികളിലെ വികാരിത്വജോലിയും ആയിടയ്ക്കു ഒഴിച്ചു കൊടുത്തതിനാൽ അദ്ദേഹവും മാന്നാനത്തു വന്നു താമസിച്ചു കാര്യങ്ങൾ നോക്കിവന്നു. കല്ലൂർക്കാട്ട് കല്ലൂത്തറെ ഗീവറുഗീസ് കത്തനാരച്ചൻ, പാലയ്ക്കൽ തോമാച്ചന്റെ ശിഷ്യനായിരുന്നതിനാൽ അദ്ദേഹവും ചിലപ്പോഴൊക്കെ മാന്നാനത്തു വന്നു താമസിച്ചിരുന്നു. 1834-ൽ എല്ലാവരും കൂടെ പള്ളിയ്ക്കും പള്ളിയ്ക്കു വടക്കോട്ടുള്ള മുറികൾക്കും അടിസ്ഥാനമിട്ടു പണിനടത്തിത്തുടങ്ങി. ഈ നാളുകളിൽ ഇവർ പാർത്തിരുന്നതു മേൽപറഞ്ഞ പനമ്പുമുറിയിൽ ആയിരുന്നു. താഴെ ചിറ്റേഴത്തു നായരുടെ വക 200 ചക്രം കൊടുത്തുവാങ്ങിയ ഒരു പഴയ കളപ്പുരയിൽ സാമാനങ്ങളും വെച്ചിരുന്നു.

## അധ്യായം 3

11. കൊവേന്തയുടെ നടത്തിപ്പിനും മേൽഗതിക്കും പള്ളിശുശ്രൂഷകർമ്മാദികൾ ആഘോഷമായി കഴിക്കപ്പെടുന്നതിനും സെമിനാരികൂടെ ഉണ്ടായിരുന്നതിനാൽ നന്നായിരിക്കുമെന്നും നാടിന്റെ സ്ഥിതിക്കു വേണ്ടതുതന്നെ എന്നും പാലയ്ക്കൽ തോമ്മാച്ചനും, സെമിനാരി ഉണ്ടാകുന്നതു കൊവേന്തയ്ക്കു ഗുണമല്ലെന്നു മാത്രമല്ല, കാലാന്തരത്തിൽ അതു ദോഷകരമായി പര്യവസാനിക്കുമെന്നു പോരൂക്കരഅച്ചനും ഇങ്ങനെ ഈ വിഷയത്തിൽ നമ്മുടെ അച്ചന്മാർ ഇരുവർക്കും വിപരീതാഭിപ്രായമുണ്ടായി. എങ്കിലും പോരൂക്കരയച്ചൻ എല്ലാ കാര്യങ്ങളിലും പാലയ്ക്കൽ അച്ചനെ സമ്മതിക്കുകയും പിഞ്ചെല്ലുകയും ചെയ്തിരുന്നതിനാൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്ന അതിരമ്പുഴ ഇടവക ആലഞ്ചേരി, വലിയപറമ്പ് എന്നിങ്ങനെ രണ്ടു ശെമ്മാശന്മാർ താമസിച്ചു പഠിക്കാനായി മാന്നാനത്തു വന്നുചേർന്നു. ഇങ്ങനെ 1833 മുതൽ സെമിനാരിയും മാന്നാനത്തു ആരംഭിച്ചു. 1837-ൽ പുത്തൻകുർബാന ചൊല്ലിയ പുളിങ്കുന്നു ഇടവകക്കാരൻ തോപ്പിലച്ചനും കൊവേന്തയിൽ ചേരണമെന്നുള്ള താൽപ്പര്യത്തോടുകൂടെ 1838-ൽ മാന്നാനത്തു വന്നുചേർന്നു. ആ നാളുകളിൽ കൈപ്പുഴ നിന്നു മലയൻ, പൂതം, പിന്നീട് പഴുക്കാ, ചേന്നൻകരിയിൽ നിന്നു വടവുപുര, വല്യാറ, കല്ലൂർക്കാട്ടു നിന്നു കല്ലുത്തറ എന്നിങ്ങനെ ചില പൈതങ്ങൾ പട്ടത്തിനു പഠിക്കാനായി വന്നുചേർന്നു. അതിനിടയ്ക്കു ബ. പോരൂക്കര അച്ചന്റെ ജ്ഞാനശുഷ്കാന്തിയാൽ ദിവസത്തിൽ മൂന്നു പ്രാവശ്യമായി 153 മണി ജപവും ഞായറാഴ്ചതോറും ഉച്ചയ്ക്കു പാട്ടുകുർബാന, പ്രസംഗം മുതലായതും ഹൂദറാ കാനോൻ നമസ്കാരങ്ങളും പ്രത്യേകമായി വലിയ നോമ്പിന്റെ കാലത്തുള്ളവ ഗസ്സാ നമസ്ക്കാരങ്ങളും ഒരു നേരത്തിന്റെ വെള്ളിയാഴ്ചതോറും മൂന്നുമണിക്കു മലയുടെ അടിയിൽ തുടങ്ങുകയും ഉച്ചിയിൽ അവസാനിപ്പിക്കുകയും 14 സ്ഥാനങ്ങളിലായി കുരിശുനാട്ടി കഴിക്കയും ചെയ്തിരുന്നതായ വീയസാഗ്ര എന്നു പറഞ്ഞുവരുന്ന സ്ലീവാപ്പാഥയും നടത്തിവന്നു. സ്ലീവാപ്പാഥ എന്നീ സ്തുത്യർഹഭക്തിയുടെ ശ്രുതി

കേട്ടു അതിരമ്പുഴെ, പുന്നത്രെ, കുടമാളൂർ, കൈപ്പുഴ മുതലായ ഇടവകകളിൽ നിന്നും അനേകം ആളുകൾ ഇതിനായി എത്തിയിരുന്നു. ഇതെല്ലാം കേട്ടു പാലാ ഇടവക കുടക്കച്ചിറ ശമ്മാച്ചനും മാന്നാനത്തു വന്നുചേർന്നു. ഈ ശമ്മാച്ചൻ മുമ്പു കുന്നേൽ അച്ചനോടും പിന്നീടു പൂണ്ടിക്കുളത്തു മല്പാനച്ചനോടും സുറിയാനി ഭാഷ പഠിച്ചതിനുശേഷം ലത്തീൻ, പോർച്ചുഗീസ് എന്നീ ഭാഷകൾ അന്നു മട്ടാഞ്ചേരി വികാരിയായിരുന്ന തൊറീഞ്ഞു പാദ്രിയച്ചനോടു പഠിച്ചിരുന്ന കാലത്താണ് ശെമ്മാശന്മാരുടെ കൂട്ടത്തിൽ മാന്നാനത്തു വന്നു ചേർന്നത്. ഇദ്ദേഹം എല്ലാ കാര്യങ്ങൾക്കും ബഹു സമർത്ഥൻ ആയിരുന്നു.

ഇവിടെ നമ്മുടെ കാനോനനമസ്ക്കാരത്തെക്കുറിച്ചു അല്പം വിവരിക്കുന്നതു അനുചിതമായി വരികയില്ലെന്നു വിശ്വസിക്കുന്നു. ഹൂദറാ മുതലായ കാനോനാ നമസ്ക്കാരങ്ങൾ മാന്നാനത്തു ചൊല്ലിവന്നിരുന്നുവെന്നു മീതെ പറഞ്ഞിട്ടുണ്ടല്ലോ. പലഭാഗങ്ങളായി ചൊല്ലാനുള്ള ടി. നമസ്ക്കാരത്തിലെ ചില ഭാഗങ്ങൾ ആ കാലങ്ങളിൽ ജപിക്കാതെ കിടന്ന് വീണുപോയിട്ടുണ്ടായിരുന്നു. അവയെല്ലാം പൂർവ്വസ്ഥിതിയിൽ ക്രമപ്പെടുത്തി മാന്നാനത്തു ചൊല്ലിവരുന്നതിനു നമ്മുടെ പോരൂക്കരെ അച്ചൻ ഉത്സാഹിക്കുകയും അതിനായി ഹൂദറാ മുതലായ കാനോൻ ജപപുസ്തകങ്ങൾ പല സ്ഥലങ്ങളിൽ നിന്നും വരുത്തി എഴുതിയെടുക്കുകയും അതെല്ലാം ക്രമമായി ചൊല്ലുകയും ചെയ്തു.

പട്ടക്കാർ ജപിക്കാനുള്ള കാനോൻനമസ്ക്കാരങ്ങളുടെ സംഗ്രഹം ഹുദറ, കശ്കോൽ, ഗസ്സാ എന്നിങ്ങനെ മൂന്നു ഗ്രന്ഥങ്ങളിലും 'കാല' പുസ്തകത്തിലുമാണ് അടങ്ങിയിരിക്കുന്നത്. ആണ്ടിൽ വരുന്ന എല്ലാ ഞായറാഴ്ചകൾക്കും നോമ്പുകാലത്തെ ഓരോ ദിവസത്തിനും വേണ്ടിയിരിക്കുന്ന നമസ്ക്കാരങ്ങൾ എല്ലാം ഹൂദറാ എന്ന നമസ്ക്കാരശേഖരപ്പുസ്തകത്തിൽ നിന്നാണു എടുക്കുന്നത്. തിരുനാളുകളും സ്മരണ ദിവസങ്ങളും അല്ലാതെ ആണ്ടിൽവരുന്ന എല്ലാ ഇടദിവസങ്ങളുടെ റംശായ്ക്കും ലെലി

യായ്ക്കും (ബുധനാഴ്ച ഒഴിച്ച്) യോജിക്കുന്ന ജപങ്ങൾ ആണ് കശ്കോൽ പുസ്തകത്തിലുള്ളത്. ആണ്ടിൽ വരുന്ന പ്രത്യേക തിരുനാളുകൾക്കും സ്മരണ ദിവസങ്ങൾക്കും വേണ്ടിയുള്ള നമസ്കാരങ്ങൾ കിടക്കുന്നതു ഗസ്സാ എന്ന മേലെഴുതിയ ഗ്രന്ഥത്തിലാണ്. കാല പുസ്തകത്തിൽ ഉള്ളതു ആണ്ടുവട്ടത്തിലുള്ള ഓരോ കാലാവധിക്കുതകുന്നതും സംഗീതരീതിയിൽ രചിക്കപ്പെട്ടതും ഹൃദയത്തെ ഇളക്കുന്നതുമായ അനേകം സാരമേറിയ മഹാജപങ്ങളാണ്. ഒടുവിൽ പറഞ്ഞ ഈ (കാല) ഗ്രന്ഥത്തിൽ അനേകം കാലാകൾ ഉണ്ട്. ഓരോ കാലായിൽ നാലും അഞ്ചും, രണ്ടും, മൂന്നും വിഭാഗങ്ങൾ അടങ്ങിയിരിക്കും. ഇതുകളിൽ ആണ്ടുവട്ടത്തിലുള്ള എല്ലാതിരുനാളുകൾക്കും ഞായറാഴ്ചകൾക്കും ഇടദിവസങ്ങൾക്കും യോജിക്കുന്നവ ആവശ്യംപോലെ ഓരോന്നോ ഈരണ്ടോ അതാതിനുവേണ്ടി കുറിച്ചു കിടക്കുന്നതുപോലെ എടുത്തുചൊല്ലും. ഇങ്ങനെയുള്ള നമസ്ക്കാരങ്ങളെല്ലാം പോരൂക്കരെ അച്ചന്റെയുംമറ്റും താല്പര്യത്താൽ പൂർവ്വ മുറപോലെ മാന്നാനത്തു നടത്തിയിരുന്നു. നമ്മുടെ കാനോൻ നമസ്ക്കാരത്തിന്റെ ക്രമീകരണപ്രകാരം പല ആഴ്ചവട്ടങ്ങൾ അഥവാ കാലങ്ങളായിട്ടാണ് ആണ്ടിനെ വിഭജിച്ചിരിക്കുന്നത്. സൂബാറാ, യൽദാ, ദെനഹാ, സൗമ്മാ, ക്യംതാ, സൂല്ക്കാ, (പന്തക്കൂസ്താ) ശ്ലീഹെ, കൈത്താ, സ്ലീബാ, കൂദാശ ഏത്താ എന്നിതുകളാണ് മേൽപ്പറഞ്ഞ കാലങ്ങൾ. ഇതുകൾക്കൊപ്പിച്ചു നമ്മുടെ കാനോൻ നമസ്ക്കാരങ്ങൾ മാറിമാറിയാണു വരുന്നത്. മാറ്റമില്ലാതെ വരുന്നവ സഹദേ എന്ന ജപങ്ങളും ഇടദിവസങ്ങളിലെ സപ്രാനമസ്ക്കാരവുമാണ്.

നമ്മുടെ കർത്താവിന്റെ അവതാരം, പിറവി, ഛേദനാചാരം, മാമ്മോദീസാ, നോമ്പു, പ്രസംഗം, പങ്കപ്പാട്, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, ശ്ലീഹാന്മാരുടെമേൽ റൂഹാദക്കൂദശാ എഴുന്നള്ളിയത്, അവരുടെ സുവിശേഷ പ്രസംഗം, ദുഃഖാനർത്ഥങ്ങൾ, അജ്ഞാനികളുടെ മനസ്സു തിരിവ്, സ്ലീബാ ആകാശത്തിൽ പ്രത്യക്ഷപ്പെടുന്നതു, മിശിഹാ പ്രഭയോടെ വിധിക്കാനായി എഴുന്നള്ളിവന്ന് നല്ലവർക്കു ശരീരപ്രകാരവും മോക്ഷഭാഗ്യവും, തണ്യ

വർക്ക് ശരീരപ്രകാരവും നരകവും കല്പിക്കുന്നതു, അനന്തരം പരിശുദ്ധന്മാരുടെ സമൂഹമായ വിശുദ്ധ പള്ളി മോക്ഷത്തിൽ മിശിഹായെ സ്തുതിച്ചു പുകഴ്ത്തുന്നതു എന്നിതുകളെയൊക്കെ മേൽപറഞ്ഞ കാലങ്ങളിലുള്ള അതാത് നമസ്കാരങ്ങൾ സൂചിപ്പിച്ചു കാട്ടുന്നവയാണ്. കാനോൻ നമസ്ക്കാരം സപ്രാ റംശാ ലെലിയാ എന്നിങ്ങനെ മൂന്നു ഭാഗമായിട്ടാണല്ലോ ചൊല്ലിപോരുന്നത്. എന്നാൽ (അമ്പതു നോമ്പ്, മൂന്നു നോമ്പ് മുതലായ) നോമ്പ് കാലങ്ങളിൽ വിശേഷാൽ കുത്താആ എന്നും എന്താനാ എന്നും സൂബാആ എന്നും ഇങ്ങനെ മറ്റു മൂന്നു ഭാഗങ്ങളുണ്ട്. കൂത്താആ സപ്രായുടെ ഇടയ്ക്കും സുബാആ റംശായുടെ ഭാഗമായിട്ടുമാണ് ചൊല്ലുന്നത്. എന്താനാ എന്നതു ദിവസമദ്ധ്യത്തിലാണു ചൊല്ലുന്നത്. ഇപ്പോൾ ഉപയോഗിച്ചുവരുന്ന കാനോൻ ജപപുസ്തകത്തിൽ ചുരുക്കം ചിലതുകൾ ഒഴിച്ചാൽ മേൽവിവരിച്ച് പറഞ്ഞിട്ടുള്ള വിധത്തിൽ ആണ്ടിനകത്തുള്ള ഒരു കാലത്തിന്റെ നമസ്ക്കാരങ്ങൾ മാത്രമേയുള്ളു. ഇതിൽ കാലായിലേയും കശ്ക്കോലിലെയും ഹൂദറായിലെയും ഒരു കാലാവധിക്കുള്ള നമസ്ക്കാരങ്ങളെ ഉണ്ടായിരിക്കുന്നുള്ളു. അതും മുഴുവനായി ഇല്ലതാനും. നോമ്പു കാലത്തിൽ ഇപ്പോൾ ഹല്ലേലൊയ്യായിക്കു പകരം ശൂഹാ ലാക് ആലാഹാ എന്നാണല്ലൊ ചൊല്ലിവരുന്നത്. അതു പൂർവ്വക്രമമല്ല, അടുത്തകാലത്ത് ലത്തീൻ രീതി അനുസരിച്ച് തുടങ്ങിയത് മാത്രമാണ്. കൽദായക്കാർ, സുറിയാനിക്കാർ, യവുനായക്കാർ മുതലായവർ ഇന്നും നോമ്പു കാലത്തു ഹല്ലേലൂയ്യാ എന്നു തന്നെയാണു ചൊല്ലി വരുന്നത്.*

12. ആ കാലത്തു പോരൂക്കരയച്ചന്റെ ജ്ഞാനശുഷ്ക്കാന്തിയാൽ എല്ലാവരുംകൂടി ഒരു പൊതുമുഴുവൻധ്യാനംകഴിക്കയും മൗനം ഒഴികെ മറ്റെല്ലാ കൂട്ടങ്ങളും ആ ധ്യാനത്തിൽ കൃത്യമായി അനുസരിക്കയും ചെയ്തു. ധ്യാനാനന്തരം സന്യാസ ജീവിതം അനുഷ്ഠിക്കാൻ മനസ്സുള്ളവരും സെമിനാരിക്കാരായി മാത്രം പാർത്തുപഠി

* ഇത്രയും പറഞ്ഞതുകൊണ്ടു കാലാന്തരത്തിൽ ഏതെല്ലാം വീണുപോയെന്നു വായനക്കാർക്കു ഒരു വിധം അറിയാവുന്നതാണല്ലൊ.

ക്കാൻ താല്പര്യക്കാരും വെവ്വേറെ സ്ഥലങ്ങളിൽ പാർക്കണ മെന്നും ആദ്യം പറഞ്ഞവർ ചില പ്രത്യേക ചട്ടവട്ടങ്ങൾ അനുസ രിച്ച് നടക്കണമെന്നും ഒടുവിൽ പറഞ്ഞവർ അപ്പോൾ അനുസ രിച്ചു പോരുന്ന ചട്ടങ്ങൾ മാത്രം കാത്തു നടന്നാൽ മതിയെന്നും പോരൂക്കരെ അച്ചൻ ആജ്ഞാപിക്കയും പള്ളിയുടെ വടക്കോട്ടുള്ള കെട്ടിടത്തിന്റെ രണ്ടാം നില മിക്കവാറും പണിക്കുറവു തീർന്നതി നാൽ ആ നില സന്യാസാർത്ഥികളുടേയും അതിന്റെ താഴത്തെ നില സെമിനാരിക്കാരുടേയും വാസസ്ഥാനങ്ങളായി നിശ്ചയി ക്കയും ചെയ്തു.

മുൻപറഞ്ഞ കുടക്കച്ചിറ അന്തോനി ശെമ്മാച്ചന് താഴത്തു താമ സിക്കുന്നതു അപമാനകരമാണെന്നും മുകളിൽ നിവസിക്കുന്നവ രുടെ കൂട്ടത്തിൽ ചേർന്നാൽ തന്റെ സ്വാതന്ത്ര്യത്തിനു ഭംഗം വരു മെന്നും കണ്ട് പോരൂക്കരെ അച്ചൻ, പാലയ്ക്കലച്ചൻ ഇല്ലാത്ത സന്ധിയിൽ ശമ്മാശന്മാരെ വെവ്വേറെ സ്ഥലങ്ങളിൽ താമസിപ്പി ച്ചെന്നും അതു സമാധാനഭംഗത്തിനു കാരണമായിതീർന്നെന്നും മറ്റും ഒരു പരാതി പാലയ്ക്കലച്ചന്റെ പേർക്കു ശെമ്മാശന്മാരുടെ ആവലാധിയായി സുറിയാനിയിൽ എഴുതി അവർക്കു കൊടു ക്കയും ആയിടയ്ക്ക് പള്ളിപ്പുറത്തു പെരുന്നാളിനായി പോയിരുന്ന ശമ്മാശന്മാരെക്കൊണ്ടു ആ ഹർജി പാലയ്ക്കലച്ചനു കൊടുപ്പി ക്കുകയും ചെയ്തു. പള്ളിപ്പുറത്തിനു അന്തോനി ശെമ്മാച്ചനും പോയിരുന്നെങ്കിലും അതൊന്നും താൻ അറിയാത്ത പോലെ നടി ച്ചു. പള്ളിപ്പുറത്തിനു ചാവറ അച്ചനും പോയിരുന്നതിനാൽ ശെമ്മാ ശ്ശന്മാരിൽ മനസ്സുള്ളവർ പള്ളിപ്പുറത്തുവന്നു താമസിക്കാം എന്നു പറഞ്ഞ് അവരെ സങ്കടപ്പെടുത്തിയതു തനിക്കു പിടിച്ചിട്ടില്ലെന്നുള്ള ഭാവം പാലയ്ക്കലച്ചൻ അദ്ദേഹത്തെ കാട്ടി. ആ നാളുകളിൽ പോരൂ ക്കരഅച്ചൻ ധർമ്മംപിരിക്കാനായി പള്ളികളിൽ ചുറ്റിസഞ്ചരിക്ക യായിരുന്നു. പള്ളിപ്പുറത്തുനിന്നു മടങ്ങിവന്നപ്പോൾ ശെമ്മാശന്മാർ മുമ്പിലത്തെപ്പോലെ ഒന്നിച്ചു പാർക്കണമെന്നു ചാവറയച്ചൻ പറ ഞ്ഞപ്പോൾ പോരൂക്കരഅച്ചൻ നിശ്ചയിച്ചക്രമങ്ങൾ അദ്ദേഹം അറി

യാതെ മാറ്റുന്നത് ചിതമല്ലെന്നു തോപ്പിലച്ചനും മറ്റു പറകയാൽ അവരുടെ (ശെമ്മാശന്മാരുടെ) പാർപ്പു അപ്പോൾ നടന്നു വന്നിരുന്നതുപോലെ മുകളിലും താഴത്തുമായി തന്നെ നടത്തിപ്പോന്നു. അതുകൊണ്ട് ശെമ്മാശന്മാരിൽ ചിലർ പള്ളിപ്പുറത്തും ചിലർ മാന്നാനത്തുമായി താമസിച്ചു. എങ്കിലും രണ്ടിടത്തും മല്പാൻ പാലയ്ക്കൽ അച്ചൻ തന്നെ ആയിരുന്നു. കുടക്കച്ചിറ ശെമ്മാച്ചൻ തന്റെ ഉദ്ദേശ്യം സാധിച്ചില്ലെന്നു കണ്ടപ്പോൾ തനിക്കും കൊവേന്തക്കാരൻ ആകണമെന്നും തന്നെയും മുകളിൽ താമസിപ്പിക്കണമെന്നും പോരൂക്കര അച്ചനോടു അപേക്ഷിച്ചു. എന്നാൽ പോരൂക്കര അച്ചൻ തന്നെ കൈക്കൊള്ളുന്നതിനു സംശയിക്കുന്നതായി കുടക്കച്ചിറ ശെമ്മാച്ചൻ കണ്ടപ്പോൾ ഏതു വിധേനയെങ്കിലും ഒരു കൊവേന്ത പണിയിച്ചു അതിൽ പാർക്കുന്നതാണെന്നു പറഞ്ഞുകൊണ്ടു ശെമ്മാച്ചൻ മാന്നാനം വിട്ടു പാലായിക്കു പോകുകയും ചെയ്തു.

13. മാന്നാനത്തു നടത്തിപ്പോന്നിരുന്ന ജീവിതക്രമവും സൽനടപടികളും പ്രംസിസ്സ് ശവരിയാർ മെത്രാപ്പോലീത്താച്ചൻ അറിഞ്ഞ് സന്തോഷിക്കയും വരാപ്പുഴ സെമിനാരി മൂന്നു നിലയാക്കി, അവിടെ പഠിച്ചു വന്നിരുന്ന ക്ലേരിമാരുടെയും പൈതങ്ങളുടെയും പാർപ്പു മാന്നാനത്തെപ്പോലെ വെവ്വേറെ സ്ഥലങ്ങളിൽ ആയിത്തീരാൻ തക്കവണ്ണം മൂന്നാം നിലയിൽ പൈതങ്ങളെ പാർപ്പിക്കുകയും ചെയ്തു. ആയിടയ്ക്ക് ബെർണ്ണർദിനോസ് എന്നു പേരുള്ള രണ്ടു മിഷനറിമാർ വന്നിരുന്നതിൽ ഒരാൾ വരാപ്പുഴ സെമിനാരിയുടെ റെക്റ്റർ ആയി നിശ്ചയിക്കപ്പെട്ടു. മാന്നാനത്തെ വടക്കോട്ടുള്ള കെട്ടിടത്തിനുവേണ്ട തടികൾ താഴത്തെ കടവിൽ കണ്ടിയ്ക്കു 32 ചക്രമായിട്ടു ആദ്യം കിട്ടിയിരുന്നു. ആ പണി മിക്കവാറും തീർന്നതിനാൽ, ഉടനെ പള്ളിപണി വേഗം നടത്തണമെന്നു കരുതി അതിനായി യത്നിക്കുകയും മുൻപറഞ്ഞ കല്ലൂത്തറെ അച്ചൻ പണി നടത്താൻ ഏർപ്പെടുകയും ചെയ്തു. എന്നാൽ തടിക്ക് മുമ്പിലത്തേതിൽ വില അല്പം കൂട്ടിയതിനാൽ നമ്മുടെ ചാവറെ കുര്യാക്കോസച്ചൻ ആരെക്കുഴെ മുതലായ സ്ഥലങ്ങളിൽനിന്നു കുറെ തടി വെട്ടിക്കാൻ നിശ്ചയിക്കുകയും അതിനായി 1837-ൽ ആഹാ യാക്കോവുമായി ഒരു

മിച്ച് അതിരമ്പുഴ, എളൂർ എന്നീ സ്ഥലങ്ങളിൽ കൂടെ ആരക്കുഴെക്കു പുറപ്പെടുകയും ചെയ്തു.

ആ നാളുകളിൽ ആരക്കുഴെ മുതലായ പള്ളികൾ കൊടുങ്ങല്ലൂർ രൂപതയുടെ ഗൊവർണ്ണദോരായ പെയിശോത്തു എന്ന ദേഹത്തിന്റെ കീഴിലും, ആരക്കുഴ വികാരി ചേർപ്പുങ്കൽ പള്ളി ഇടവക പുത്തൻപുരയിൽ സ്കറിയാ കത്തനാരുമായിരുന്നു. നമ്മുടെ അച്ചനും യാക്കോബും ആരക്കുഴെ എത്തി പിട്ടാപ്പിള്ളിൽ വലിയച്ചന്റെ സഹായത്തോടുകൂടെ അവിടെനിന്നും ചില തടികൾ മുറിപ്പിക്കയും വാഴക്കുളത്തിനു തെക്കുള്ള ആറ്റിൽ മണലിൽ താണു മൂടിക്കിടന്ന ഒരു തടി മാന്തിയെടുപ്പിക്കുകയും, മടത്തുഞ്ചാലിൽ ഉതുപ്പ് എന്നയാൾ മുഖാന്തരം ആ ആറ്ററികെ തന്നെ 22 വണ്ണത്തിൽ ഒരു തടി വെട്ടിക്കയും ചെയ്തു. ആ തടി കയത്തിൽ വീഴുകയും ആനയെക്കൊണ്ടു വലിപ്പിച്ചിട്ടും കേറ്റാൻ വഹിയാത്ത വിധത്തിൽ താണുപോകയും ചെയ്തതിനാൽ ആരക്കുഴെക്കു വീണ്ടും മടങ്ങി. ആരക്കുഴ ആറ്റിനു വടക്കേക്കരെയുള്ളവരിൽ കല്ലറ, നമ്പ്യാപറമ്പ് എന്ന കുടുംബങ്ങളിൽപെട്ട രണ്ടു ബ. പട്ടക്കാർ, കാവന, വാഴക്കുളം മുതലായ തങ്ങളുടെ കരകളിൽ ഉള്ളവർക്ക്, വർഷകാലങ്ങളിൽ ആറു കടന്നു ആരക്കുഴപ്പള്ളിയിൽ പോയി കുർബാന മുതലായ ദിവ്യ കർമ്മങ്ങൾ കൂടുന്നതിന്നും, രോഗികൾക്കു അന്ത്യകൂദാശകൾ ലഭക്കുന്നതിനും വളരെ പ്രയാസവും ബുദ്ധിമുട്ടുകളും സഹിക്കേണ്ടിയിരുന്നതുമല്ലാതെ ചിലപ്പോഴൊക്കെ എത്ര ബുദ്ധിമുട്ടു കഴിച്ചാലും അന്ത്യകൂദാശകൾ കിട്ടാതെ രോഗികൾ മരിക്കാൻ ഇടവരുന്നതും ആകകൊണ്ടു, തങ്ങളുടെ സമീപെ വാഴക്കുളത്തു ഒരു പള്ളി വെച്ചാൽ കൊള്ളാമെന്നു ആഗ്രഹിക്കുകയും അതിനായി പല പ്രയത്നങ്ങൾ കഴിക്കയും ചെയ്തു വന്നിരുന്നു.

ആരെക്കുഴ മലമേൽ കുരിശുപള്ളി, മൂവാറ്റുപുഴെ കുരിശുപള്ളി എന്നിങ്ങനെയുള്ള പള്ളികളിൽ കുർബാന മുതലായ കർമ്മങ്ങൾ നടത്തിവന്നിരുന്നതുപോലെ, തങ്ങൾക്കും ഒരു കുരിശുപള്ളി കെട്ടിയുണ്ടാക്കി അത്യാവശ്യപ്പെട്ട ദിവ്യകർമ്മാദികൾ നടത്തിവര

ണമെന്നു മേൽപറഞ്ഞ രണ്ടു ബ. പട്ടക്കാർക്കു അതിയായ അപേക്ഷയും ആഗ്രഹവും ഉണ്ടായിരുന്നെങ്കിലും, ആരക്കുഴ ഇടവകക്കാരിൽ പ്രധാനികളായ പിട്ടാപ്പിള്ളി, മടത്തുംചാലി, മാളിയേക്കൽ, കുരീതടം, മരങ്ങാടൻ മുതലായവർക്കു ഈ കാര്യത്തിൽ വിരോധമുണ്ടായിരുന്നതുകൊണ്ടു, ഉദ്ദിഷ്ടകാര്യം സാധിക്കാതെ കിടന്നു. ഇങ്ങനെയിരിക്കെ, മയിലക്കൊമ്പുപള്ളി വരാപ്പുഴെ കീഴായിരുന്നതുകൊണ്ട് മേൽപറഞ്ഞ നമ്പ്യാപറമ്പിൽ കത്തനാരച്ചന്റെ ജ്യേഷ്ഠൻ വറിയതിന്റെ ഉപദേശത്താൽ, മയിലക്കൊമ്പു ഇടവകക്കാരുടെ ആവശ്യത്തിലേക്കു എന്നപോലെ വാഴക്കുളത്തു ഒരു കുരിശുപള്ളിവെക്കുന്നതിനു അനുവാദത്തിനായി മയിലക്കൊമ്പിൽ മല്പാനച്ചൻ വരാപ്പുഴ പ്രംസിസ്ക് ശവരിയാർ മെത്രാപ്പോലീത്താച്ചനെ ബോധിപ്പിക്കയും അവിടുന്നു കിട്ടിയ അനുവാദപ്രകാരം അതിനായി സർക്കാരിൽനിന്നു ലഭിച്ച ഉത്തരവിൻപ്രകാരവും, വാഴക്കുളത്തു നമ്പ്യാപറമ്പിൽ കത്തനാരച്ചന്റെനിലം പുരയിടങ്ങൾക്കുതെക്കുള്ള ഒരു ചെറിയ കുന്നിൽ പള്ളിക്കു കല്ലിടുകയും ചെയ്തു.

ഈ കാര്യത്തിൽ ഒട്ടും മുന്നറിവില്ലാതിരുന്ന ആരക്കുഴപള്ളിക്കാർ സംഗതി അറിഞ്ഞഉടനെ, പുത്തഞ്ചിറയ്ക്കു ഗൊവർണ്ണദോരച്ചന്റെ പക്കൽ ചെന്നു നടന്ന സംഗതികൾ ഒക്കെയും ബോധിപ്പിക്കയും അദ്ദേഹം തന്റെ അധികാരസ്ഥലത്ത്, താനറിയാതെ മയിലക്കൊമ്പു മൽപാൻ പള്ളിക്ക് കല്ലിട്ടതു ക്രമവിരോധമാണെന്നു കാണിച്ച് വരാപ്പുഴ പ്രംസീസ്കോസ് മെത്രാപ്പോലീത്താച്ചനെ എഴുതി അറിയിക്കയും, ആരക്കുഴക്കാരും വരാപ്പുഴെ ചെന്ന് കാര്യങ്ങൾ ഒക്കെയും ബോധിപ്പിക്കയും ചെയ്തു. ഉടനെ മെത്രാപ്പോലീത്താച്ചൻ, മയിലക്കൊമ്പിൽ വല്യച്ചന്നു അംശമുടക്കു അറിയിക്കയും, വാഴക്കുളത്തു അടിസ്ഥാനമിട്ട കല്ലെടുത്ത് മൈലക്കൊമ്പിൽ കൊണ്ടുപോകുന്നതുവരെ മുടക്കു തീർക്കുന്നതല്ലെന്നു അറിയിക്കയും ചെയ്തു. വാഴക്കുളത്തു കല്ലിട്ട സ്ഥലത്തു ക്രമേണ കാടുപിടിച്ചു പോയതിനാൽ ആ മലയുടെ താഴെ നമ്പ്യാപറമ്പിൽ അച്ചൻ ഒരു ഭവനം പണിയിക്കയും ആ ഭവനത്തിൽ തന്റെ അമ്മയോടുകൂടെ പാർക്കുകയും ചെയ്തു.

നമ്മുടെ ചാവറ അച്ചനും ആഹാ യാക്കോബും തടിവെട്ടിക്കുന്നതിനായി ആരക്കുഴെ വന്നു താമസിക്കുന്ന വിവരം മയിലക്കൊമ്പിൽ മല്പാനച്ചൻ കേട്ട് ആരക്കുഴെ വരികയും, അദ്ദേഹം അവർക്കു വേണ്ട തടികൾ വെട്ടിച്ചു കൊടുക്കാമെന്നു പറകയും അതിനായി അദ്ദേഹത്തിന്റെ കൂടെ മയിലക്കൊമ്പിലേക്കു അവരെ കൊണ്ടുപോകയും ചെയ്തു. പോകുംവഴിക്ക് വാഴക്കുളത്ത് നമ്പ്യാപറമ്പിൽ കത്തനാരച്ചന്റെ, മേല്പറഞ്ഞ ഭവനത്തിൽ കയറി താമസിപ്പാൻ ഇടയായി. അപ്പോൾ നമ്പ്യാപറമ്പിൽ അച്ചനും അദ്ദേഹത്തിന്റെ തള്ളയും സന്തോഷപൂർവ്വം അവരെ കൈക്കൊണ്ടു, വേണ്ടപോലെ ഒക്കെ സൽക്കരിച്ചു. കൂടെക്കൂടെ കുർബാന കാണണമെന്നുംമറ്റുമുള്ള ആഗ്രഹം നിമിത്തം മറ്റു മക്കൾ എല്ലാവരേയും വിട്ടു ആ ഭവനത്തിൽ താമസിച്ചു വന്നിരുന്ന നമ്പ്യാപറമ്പിൽ കത്തനാരച്ചന്റെ തള്ളയ്ക്കും, ജ്യേഷ്ഠനും അദ്ദേഹത്തിനും മറ്റുള്ളവർക്കും നേരിട്ട അനർത്ഥങ്ങളും കഷ്ടനഷ്ടങ്ങളും അവർ നമ്മുടെ ചാവറ അച്ചനെ പറഞ്ഞു കേൾപ്പിക്കയും, തൻമൂലം നമ്മുടെ അച്ചന്നു അവരുടെ മേൽ വളരെ അലിവു തോന്നുകയും ഉണ്ടായി. മയിലകൊമ്പിലച്ചന്റെ താല്പര്യത്താൽ വാഴക്കുളത്തു നിന്നു കുറേ തെക്കുകിഴക്കുമാറി കലയക്കാട്ടു ഒരു മുതലാളിയുടെ വകയായി അഞ്ചു തടി വെട്ടിച്ചു. പന്നീട് മൈലക്കൊമ്പിലേക്കും, അവിടെ നിന്നു മുതലക്കോടത്തിനും പോയി ചെമ്പരുത്തിക്കന്മാരെയും, മടങ്ങി ചുങ്കത്തുപള്ളിയിൽ വന്നു മാറിയ വീട്ടിൽ പുന്നൂസ് സ്വാമി എന്ന വല്യച്ചനേയും, അവിടെയുള്ള ഒരു പ്രധാനിയായ പച്ചിക്കരെ എസ്തപ്പാനേയും കണ്ടു. ചുങ്കത്തിൽ ഒരില്ലത്തിൽ നിന്നിരുന്ന 18 നീളം 24 വണ്ണമുള്ള ഒരു തടിയും വെട്ടിച്ചു. കലയക്കാട്ടിൽ ഒരു തടി വള്ളമായിട്ടും വെട്ടിച്ചു. പിന്നീട് നാഗപ്പുഴക്കു പോയി നാഗപ്പുഴ മല്പാനച്ചനെ കാണുകയും, അവിടെ നിന്നും കാരക്കുന്നം, കോതമംഗലം മുതലായ സ്ഥലങ്ങളിൽ പോയി, അവിടങ്ങളിൽ നിന്നും തടികൾ വെട്ടിക്കയും ചെയ്തു. ഈ സ്ഥലങ്ങളിൽ നിന്നു കിട്ടിയ ധർമ്മം തടിവെട്ടു വകയ്ക്കായി ചിലവിട്ടിരുന്നു. ഇങ്ങനെ വെട്ടിയ തടികളൊക്കെയും പടങ്ങിന്മേൽ വയ്പിച്ചു വർഷാരംഭത്തിൽ ഇറക്കത്തക്കവണ്ണം ചട്ടംകെട്ടി പോരികയും ചെയ്തു.

## അധ്യായം 4

14. ആ നാളുകളിൽ നമ്മുടെ പാലയ്ക്കൽ തോമ്മാ മല്പാനച്ചനു മുമ്പുണ്ടായിരുന്ന ദീനം കൂടുകയാൽ ചാവറയച്ചൻ പള്ളിപ്പുറത്തും മാന്നാനത്തുമായി മാറി മാറി താമസിച്ചിരുന്നു. ഇങ്ങനെയിരിക്കൽ 1841-ാം കാലം മകരം 16-ന് ശനിയാഴ്ച അർദ്ധരാത്രി കഴിഞ്ഞ സമയം മലയാളത്തിലെ നമ്മുടെ സന്യാസ സഭയുടെ പ്രധാന സ്ഥാപകനായിരുന്ന പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ മരിച്ചു.

ശവസംസ്ക്കാരത്തിനു പള്ളിപ്പുറം, മുട്ടം, വെച്ചൂർ, തത്തമ്പിള്ളി, ആലപ്പുഴ, ചെന്നങ്കരി, ചമ്പക്കുളം, ഇടത്വാ മുതലായി എട്ടു പള്ളികളിലെ പട്ടക്കാരും ദർശനസമൂഹങ്ങളും, വെള്ളിക്കുരിശു മുതലായ പള്ളിക്കോപ്പുകളും വന്നുകൂടി. ഇതിനും പുറമെ, തൈക്കാട്ടുശേരി, ചെമ്പ്, പറവൂർ, കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ എന്നീ പള്ളികളിലെ ഇടവകക്കാർ അവരുടെ പള്ളിക്കോപ്പുകൾ സഹിതം വന്നുചേർന്നു. ശവപ്പെട്ടി, സംസ്ക്കാരത്തിനു ആവശ്യപ്പെട്ട മെഴുകുതിരികൾ, പള്ളിക്കാരുടെ ചിലവുകൾ മുതലായതൊക്കെയും, പഴെകടവിൽ അച്ചനും, മുട്ടത്തുകാരൻ യോഹന്നാൻ കത്തനാരച്ചനും കൂടി നടത്തി (ഇട്ടാറെ) യോഹന്നാൻ കത്തനാരച്ചന്റെ പ്രത്യേക താല്പര്യത്താൽ എല്ലാം ഭംഗിയായി നടന്നു.

15. നാല്പത്തൊന്നുവരെ മുടങ്ങാതെയും, പിന്നീട് ഇരുപത്തെട്ടുതോറും പള്ളിപ്പുറത്തു റാസ ചൊല്ലി. ഇതുകൂടാതെ തിങ്കളാഴ്ചതോറും അവിടത്തെ ശിഷ്യർ മാറി മാറി റാസയും 365 കുർബാനയും ചൊല്ലി. ഓരോ പട്ടക്കാർ ഈരണ്ടു റാസയും 13 കുർബാനയും ഏറ്റിരുന്നു.

നാല്പത്തൊന്നടിയന്തിരം അവിടുത്തെ ശിഷ്യരുടെ ചിലവിൻ പേരിൽ നടത്തി. അതിനായി പട്ടക്കാർ 120 ചക്രവും, ശെമ്മാച്ചന്മാർ 60 ചക്രവും വീതിച്ചെടുത്തു. ഇതിൽ മിച്ചമുണ്ടായിരുന്ന (മൂവായിരം) 3000 ചക്രം മാന്നാനത്തു കൊവേന്തയിൽ നിത്യ കുർബാനക്കായിട്ടും ധർമ്മം വകക്കായിട്ടും സ്ഥാപിച്ചു.

16. 1842-ാം കാലം അമ്പതുനോമ്പിന്റെ ഒന്നാം വെള്ളിയാഴ്ച കാഞ്ഞിരപ്പള്ളിയിൽ പുത്തൻപുരയ്ക്കൽ കുഞ്ഞാക്കോ കത്തനാരച്ചൻ മാന്നാനത്തു വന്നുചേർന്നു. പെ.ബ. പാലയ്ക്കലച്ചന്റെ മരണം നിമിത്തം എല്ലാവർക്കുമുണ്ടായ ദുഃഖം മിക്കവാറും കുഞ്ഞാക്കോ കത്തനാരച്ചന്റെ വരവാൽ തീർന്നു. അദ്ദേഹം കൊണ്ടുവന്നിരുന്ന 150 രൂപായും മാന്നാനത്തു കൊടുത്തു. ഈ സംഖ്യകൊണ്ടും മറ്റും പള്ളിയുടെ ഓടുമേച്ചിൽ നടത്തി.

1838-ാം കാലം മുതൽ, നമ്മുടെ കർത്താവ് 12 ശിഷ്യരുടെ കാൽകഴുകൽ ചെയ്തതിന്റെ ഓർമ്മയ്ക്കായിട്ടു പെസഹാ ദിവസം പട്ടക്കാരൻ കാലുകഴുന്ന 12 പേർക്കു 12 മുണ്ടു പെരുമാലിൽ തരകൻ കൊടുത്തു തുടങ്ങി. അതുപോലെതന്നെ ഇരുപത്തഞ്ചു നോമ്പിന്റെ ഒരുനേര ഭക്ഷണവും അമ്പതു നോമ്പിന്റെ ഒരു നേര ച്ചിലവും ടി. തരകൻ നടത്തിതുടങ്ങി.

17. പെ. ബ. പാലയ്ക്കലച്ചന്റെ മരണ ശേഷം പ്രംസീസ്ക് ശവരിയാർ മെത്രാപ്പോലീത്താച്ചനു നമ്മുടെ മാന്നാനത്തിന്മേലും അതിൽ നിവസിക്കുന്നവരുടേയുമേലും അധികമധികം സന്തോഷമുണ്ടാകയും ഒരിക്കൽ ഒരു കാസായും, കുർബാനക്കുപ്പായവും, വേറൊരിക്കൽ 15 രൂപയും ദാനം ചെയ്തു.

1842 ജൂലൈ മാസത്തിൽ സത്യവേദം വിട്ടുപേക്ഷിച്ചുപോയിരുന്ന കാഞ്ഞിരപ്പിള്ളിയിൽ പൈനുങ്കൽ അച്ചൻ മനസ്സുതിരിഞ്ഞു വന്നതിനാൽ, മെത്രാപ്പോലീത്താച്ചന്റെ ചിലവിന്മേൽ അദ്ദേഹം കല്പനപ്രകാരം മാന്നാനത്തു വന്നു പാർത്തു.

1843-ാം കാലം തൈയിൽ കൊച്ചുപോത്തൻ എന്നയാൾ നടയിൽ തൂക്കുവാനായി ഒരു പതിനൊന്നുതിരിവിളക്കു പള്ളിക്കു കാഴ്ചവച്ചു. ടി. ആണ്ടിൽതന്നെ പതിനാലു തംപ്ലേറുള്ള ഒരു ചട്ടവിളക്ക്, ആലപ്പുഴെ വൈക്കത്തുകാരൻ തൊമ്മൻ നടയ്ക്കൽ വച്ചു. ടി. ആണ്ടുവിശുദ്ധ കുർബാനയുടെ തിരുന്നാൾക്കു നമ്മുടെ ചാവറെ അച്ചനും, കാഞ്ഞിരപ്പള്ളിൽ അച്ചനും കൂടി മുട്ടുചിറ പള്ളി

യിൽപോയി, അവിടെ നിന്നു ആയിരം ചക്രവും, അതുവഴിതന്നെ കടുത്തുരുത്തി താഴത്തു പള്ളിയിൽ ചെന്ന് അവിടെ നിന്നു എണ്ണൂറു ചക്രവും ധർമ്മമായി വാങ്ങിക്കൊണ്ടുവന്നു.

അപ്പോൾ പോരൂക്കര അച്ചനു പ്രമേഹത്തിന്റെ ദീനം ആരംഭിച്ചു. പല ചികിത്സകളും കഴിച്ചു. ടി. ആണ്ടിൽ മദ്ബഹായിക്കു ഓടിടാതെ കിടന്നതു ഇട്ടുതീർത്തു. ഓടു ഇടുവിച്ചതു കല്ലൂത്തറെ കോരക്കത്തനാരച്ചനാണ്. ഇദ്ദേഹം തന്നെ പടിഞ്ഞാറോട്ടുള്ള വലിയ നടക്കു ടി. ആണ്ടിൽതന്നെ പണി നടത്താൻ ആരംഭിച്ചു. അതിനായി ആഗസ്റ്റ് മാസം 5–ന് മഞ്ഞുമാതാവിന്റെ തിരുനാൾ ദിവസത്തിൽ ഒരു പണപ്പിരിവുണ്ടാക്കി. ഈ ആണ്ടു (1843) ജൂലൈ മാസത്തിൽ അച്ചടിവേല മാന്നാനത്തു നടത്തണമെന്നു ആലോചിക്കുകയും അതിനായി ചാവറ അച്ചനും തോപ്പിൽ ഇട്ടി കുരുവിളയും കോട്ടയത്ത് ചെന്ന് ഒരു പണിക്കാരനെ സ്വാധീനപ്പെടുത്തിക്കൊണ്ടുവരികയും ചെയ്തു.

18. 1843 നവംബർ മാസത്തിൽ ആലപ്പുഴ കപ്പാമ്മൂട്ടിൽ മറിയത്തുമ്മാ പന്തീരായിരം ചക്രം കുർബാനയ്ക്കു വെയ്ക്കണമെന്നു കരുതി എഴായിരത്തഞ്ഞൂറു ചക്രം കൊടുത്ത് 150 പറ നെല്ല് ഉഭയം കിട്ടുന്ന ഒരു നിലം ചെന്നക്കാട്ട് തൊമ്മൻ മാപ്പിളയോടു എഴുതി വാങ്ങിക്കയും, ആ വസ്തുവും നാലായിരത്തഞ്ഞൂറു ചക്രവും കുർബാനയ്ക്കായി മാന്നാനത്തു ഏൽപ്പിക്കുകയും ചെയ്തു.

പിറ്റേ മാസത്തിൽ നമ്മുടെ തിരുവിതാംകൂർ ഇളയ തമ്പുരാൻ തിരുമനസ്സുകൊണ്ട് ഏറ്റുമാനൂർക്ക് എഴുന്നള്ളുകയുണ്ടായി. അപ്പോൾ കറുകോൽ അച്ചനും, ആലഞ്ചേരിൽ യൗസേപ്പച്ചനും ശേഷം ശെമ്മാച്ചന്മാരും പോയി മുഖം കാണിക്കയും, വാദ്യഘോഷങ്ങൾക്കായി അന്തോനി മുതലായ കൊട്ടുകാരെ മാന്നാനത്തു നിന്നും ഏറ്റുമാനൂരേക്കു കൊണ്ടുപോകയും ചെയ്തു.

തിരുമനസ്സുകൊണ്ട് മടങ്ങി പോകുമ്പോൾ വിചിത്രപ്പണികളാൽ അലംകൃതമായ ഒരു മെഴുകുതിരിയും, പളുങ്കു പൂക്കിണ്ണത്തിൽ ഒരു പൂമാലയും, പൊൻപൂച്ചുള്ള പൂച്ചുവടിയിൽ വിശേഷ

തരം പൂച്ചെടികളും തിരുമുൽക്കാഴ്ചയായി സമർപ്പിച്ചു. തിരുമനസ്സുകൊണ്ടു പ്രസാദിച്ച് ദാനക്കാർക്കും മറ്റും ചില സമ്മാനങ്ങൾ കല്പിച്ചു കൊടുക്കുകയും ചെയ്തു.

19. 1844-ാം കാലം മുതൽ അച്ചടിവേല നടത്തുന്നതിനു പ്രത്യേക ഉത്സാഹങ്ങൾ ചെയ്തുതുടങ്ങി. അതിനുമുമ്പായിത്തന്നെ ഈ വേല നടത്തുന്നതിനുവേണ്ട ശ്രമങ്ങളൊക്കെ ചെയ്തിരുന്നെങ്കിലും പ്രധാനമായി ഉത്സാഹിച്ചതു അന്നുമുതലാണ്. മാന്നാനത്തു അച്ചടി ഉണ്ടാകുന്നതുവരെ ദുർലഭം ചിലരുടെ കൈവശം തമിഴിലും മലയാളത്തിൽ കയ്യെഴുത്തായും ചില ജപപുസ്തകങ്ങൾ ഉണ്ടായിരുന്നു. വേദസംബന്ധമായ അറിവു ജനങ്ങളിൽ വർദ്ധിപ്പിക്കുന്നതിനും ഭക്തിയ്ക്കുപയുക്തങ്ങളായ പുസ്തകങ്ങൾ ജനങ്ങൾക്കുണ്ടാക്കി കൊടുക്കുന്നതിനുംവേണ്ടിയാണ് അച്ചുകൂടം സ്ഥാപിക്കാൻ അന്നു മാന്നാനത്തുണ്ടായിരുന്ന നമ്മുടെ അച്ചന്മാർ ആലോചിച്ചത്. കോട്ടയത്തെ അച്ചടിയുപകരണങ്ങൾ കണ്ടു തിട്ടം വരുത്തുന്നതിനു അവർ സമ്മതിക്കാതിരുന്നതിനാൽ തിരുവനന്തപുരത്തിനു ചാവറയച്ചനും മുട്ടുചിറ പറമ്പിൽ പൗലോസ് കത്തനാരച്ചനും പോകയും, അവിടുത്തെ സർക്കാർ അച്ചുക്കൂട്ടത്തിലെ വേലക്കാരിൽ കത്തോലിക്കരായ ചിലരുടെ സഹായംവഴിക്കു എല്ലാ പണികളും യഥേഷ്ടം കണ്ടു ഗ്രഹിപ്പാൻ സാധിക്കയും ചെയ്തു. മേൽപറഞ്ഞ പറമ്പിൽ പൗലോസ് കത്തനാരച്ചൻ ശില്പവേലകളിലും കരകൗശല പണികളിലും വാസനയും സാമർത്ഥ്യവുമുള്ള ആളായിരുന്നതിനാൽ മടങ്ങി മാന്നാനത്തുവന്നപ്പോൾ വാഴപ്പിണ്ടി കൊണ്ട് ഒരു പ്രസിന്റെ മാതൃക ഉണ്ടാക്കുകയും അതിനൊപ്പിച്ച് നല്ല പണിക്കാരനായ ഒരാശാരിയെക്കൊണ്ട് ഒരു മരപ്രസ്സ് പണിയുകയും, അതിന്റെ അടിത്തട്ടു (മേശ) കരിങ്കല്ലുകൊണ്ട് പണിതു ചേർത്തു ക്രമപ്പെടുത്തുകയും ചെയ്തു.

പിന്നീട് അക്ഷരങ്ങൾ ഉണ്ടാക്കുന്നതിനായി ശ്രമിക്കയും കോട്ടയത്തു പഴുക്കാച്ചന്റെ സഹായത്താൽ അവിടെ ചർച്ച് മിഷ്യൻ അച്ചുകൂട്ടത്തിൽ അക്ഷരം കൊത്തുകാരനായിരുന്ന തിരുവല്ലാക്കാരൻ ശിവ

രാമൻ എന്ന ഒരു പാണ്ടിതട്ടാനെ സ്വാധീനപ്പെടുത്തി മാന്നാനത്തു കൊണ്ടുവന്ന്ചതുരവടിയിൽ ഒരുതരം അക്ഷരം കൊത്തിച്ചുണ്ടാക്കയും ചെയ്തു. ശിവരാമനെ ബലത്താലെ പിടിച്ചു കോട്ടയത്ത് കൊണ്ടുപോകുമെന്നു അറിവു കിട്ടുകയാൽ പുളിങ്കുന്നിൽ തോപ്പിൽ കുര്യൻ കുരുവിളയെന്നയാളുടെ വീട്ടിൽ ഗൂഢമായി അവനെ കൊണ്ടുപോയി താമസിപ്പിച്ചാണ് അക്ഷരങ്ങൾ കൊത്തിച്ചത്. പിന്നീട് ശിവരാമൻ കോട്ടയത്തുകാരടെ വേലയിൽ നിന്ന് വിടുതൽ പ്രാപിച്ചു സ്വതന്ത്രനായതിനാൽ മാന്നാനത്തു വന്നു പാർത്തു വേറെ തരത്തിൽ ചില അക്ഷരങ്ങളും കൊത്തിയുണ്ടാക്കി.

1846 ജൂലൈ മാസത്തിൽ ലൂദവിക്കോസു മെത്രാപ്പോലീത്താച്ചന്റെ താൽപര്യത്താൽ ബ്രിട്ടഷ് റെസിഡെണ്ട് കല്ലൻ സായ്പ് മുഖാന്തരം കൊട്ടാരത്തിൽ നിന്നു അച്ചടിക്കാനുള്ള അനുമതിയും വാങ്ങി.. അച്ചടിവേലക്കാർ ഇല്ലാതിരുന്നതിനാൽ തിരുവനന്തപുരത്തു സർക്കാർ അച്ചുകൂട്ടത്തിൽ വേലപരിചയിച്ച കുര്യൻ എന്നു പേരായ ഒരു പണിക്കാരനെ സ്വാധീനപ്പെടുത്തുകയും ഇവൻ മുഖാന്തരം മാന്നാനം ദേശവാസികളിൽ ചിലർ ഈ വേലയ്ക്കു പരിചിതന്മാരായി തീരുകയും ചെയ്തു.

പുസ്തകം കെട്ടുന്നതിനായി കൊച്ചി നാട്ടുകാരനും ബോംബെയിൽ പോയി ഈ വേല നല്ലവണ്ണം അഭ്യസിച്ചവനുമായ ഒരു കറുത്ത യൂദനെ വരുത്തി; അവൻ മുഖാന്തരം ആ വേലയും മറ്റു വേലക്കാർ പഠിച്ചു. അച്ചടിക്കാനുള്ള കടലാസും മഷിയും ഇല്ലാഞ്ഞതിനാൽ അതുകൾക്കായി അന്നു തങ്കച്ചേരിൽ പാർത്തു. വരാപ്പുഴെ വികാരി അപ്പസ്തോലിക്കായുടെ ദലഗാത്തിന്റെ സ്ഥാനത്തിൽ അവിടങ്ങളിലായി ക്രിസ്ത്യാനികളുടെ കാര്യം വിചാരിച്ചിരുന്ന മിഷ്യനറി മൂപ്പൻ പാദ്രി അച്ചനെക്കൊണ്ട് പുതുച്ചേരിലും, മദ്രാസിലും എഴുതിച്ചു ചോദിച്ചാറെ കിട്ടാൻ പ്രയാസമെന്നുകണ്ട് ആലപ്പുഴ ഇലഞ്ഞിക്കൽ ചെറിയാൻകുഞ്ഞ്, വൈക്കത്തുകാരൻ കൊച്ചുപൗലോസ് എന്നിവർ മുഖാന്തരം കമ്മീശ എന്നൊരു കച്ചിക്കാരനെക്കൊണ്ടു നൂറു രൂപയ്ക്ക് കടലാസും, മഷിയും ഈയവും

വരുത്തുവാൻ ശട്ടംകെട്ടി. എന്നാൽ സാമാനങ്ങൾ വന്നതു പറഞ്ഞിരുന്നതിൽ നാലിരട്ടിയിൽ അധികമുണ്ടായിരുന്നതിനാൽ വിലക്കൊടുപ്പാൻ പണത്തിനു നിർവ്വാഹമില്ലാതിരിക്കുമ്പോൾ ആലപ്പുഴ ചെന്നക്കാട്ട് തൊമ്മൻ എന്നയാളുടെ അത്യുത്സാഹത്താലും താല്പര്യത്താലും മാർ യൗസേപ്പ് പിതാവിനായി മൂവായിരം ചക്രത്തിനു ഒരു ചിട്ടി മുതലിക്കയും, ആവക പണം ഉടനെ കച്ചവടക്കാരനു കൊടുക്കയും ശേഷം പണത്തിനു മേൽപറഞ്ഞ ചെന്നക്കാട്ടു തൊമ്മൻ ഇടനില നിൽക്കയും, വന്നതിൽ പകുതി കടലാസും, പകുതി മഷിയും വാങ്ങിച്ചാൽ മതിയെന്ന് കച്ചവടക്കാരനെക്കൊണ്ടു സമ്മതിപ്പിക്കയും ചെയ്തു. അതിനു ശേഷം കാഞ്ഞിരപ്പള്ളിയിൽ അച്ചനും ചാവറ അച്ചനും സാമാനങ്ങൾ മാന്നാനത്തേക്കു കൊണ്ടുവന്നു.

പിന്നീടു വേലക്കാർക്കു ശമ്പളം മുതലായതു കൊടുത്തു വേല മുന്നോട്ടു കൊണ്ടുപോകുന്നതിനും വന്ന കടം തീർക്കുന്നതിനും മാർഗ്ഗമൊന്നുമില്ലെന്നു കണ്ട് വ്യസനിച്ചു പള്ളിയിൽ ചെന്നു ഇതിനായി കാക്കുന്ന മാലാഖയോടും മാർ യൗസേപ്പ് പിതാവിനോടും, നമ്മുടെ ചാവറ അച്ചൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കയിൽ പ്രത്യക്ഷമെന്നപോലെ ചേർപ്പുങ്കൽ നെല്ലിപ്പുഴെ ഇട്ടിയെന്നയാൾ (ധർമ്മിഷ്ഠൻ) പള്ളിയിൽ വന്ന് “ഞാൻ അഞ്ഞൂറു ചക്രം കൊണ്ടുവന്നിട്ടുണ്ട്. ഇനി ഒരാളെ അയച്ചാൽ അഞ്ഞൂറുകൂടെ കൊടുത്തയ്ക്കാ” മെന്നു പറഞ്ഞു. ഇതു കേട്ടതിനോടെ വലിയ ആശ്വാസവും സന്തോഷവും നമ്മുടെ അച്ചനുണ്ടായി. ഈ ഇട്ടി ഇതിനുമുമ്പ് വേറെ ആയിരം ചക്രം കൊടുത്തിട്ടുണ്ടായിരുന്നു. ഇതിന്റെ ഉഭയം കൊണ്ടും അയാളുടെ ലാക്കുപോലെ ഇന്നും മാന്നാനത്തു ധർമ്മം നടത്തി വരുന്നു.*

1846 ൽ ‘ജ്ഞാന പീയൂഷം’ എന്ന പുസ്തകമാണ് ആദ്യമായി മാന്നാനത്തു അച്ചടിച്ചത്. അതിനുശഷം അച്ചടി കാര്യത്തിൽ

---

*ആ കാലങ്ങളിൽ അഞ്ഞൂറു ചക്രം ഇക്കാലത്തു നൂറു രൂപയ്ക്കു തുല്യമായി ഗണിക്കപ്പെട്ടിരുന്നു.

വലിയ സഹായിയായിരുന്ന മേൽപ്പറഞ്ഞ കുര്യൻ കുരുവിള തമിഴിൽ നിന്നു തർജ്ജിമ ചെയ്ത 'പ്രജാഗരം' എന്ന പുസ്തകമാണ് അടിച്ചത്.

20. ഇതിനിടയ്ക്ക് കടുത്തുരുത്തി മലപ്പുറത്തു പെരുന്നാളിനായി നമ്മുടെ ചാവറെയച്ചൻ പോകുകയും അവിടെ നിന്നു നിലപ്പന കൂടക്കാട്ടു കുര്യൻ 15 രൂപായും അരക്കുത്ത് കച്ചയും ദാനമായി കൊടുക്കയും ചെയ്തു. ടി. കുര്യൻ ഇതിനു മുമ്പും പിന്നീടും പലതവണയായി പണസഹായം ചെയ്തിട്ടുണ്ട്. കാഞ്ഞിരപ്പള്ളിൽ അച്ചനും ചാവറ അച്ചനുംകൂടി കടുത്തുരുത്തിലേക്ക് അല്പം മുമ്പു ഒരിക്കൽ പോകുകയുണ്ടായി. അപ്പോൾ അയാളുടെ മകനെ കൊവേന്തക്കായി അവരെ ഏൽപിച്ചുകൊടുക്കയും അന്നു മുതൽ ഈ രണ്ടു അച്ചന്മാരുടേയും മകന്റെയും ചിലവു വകയ്ക്കുള്ളത് അയാൾതന്നെ കൊടുത്തുവരികയും ചെയ്തു. പിന്നെ മുട്ടുചിറയ്ക്ക് പോകയും മുരിക്കൻ ചാക്കോ, കൊല്ലമ്പറമ്പൻ മുതലായി അവിടെയുള്ള പല ശേഷിക്കാരിൽ നിന്നു ആയിരം ചക്രത്തിന്റെ ഒരു പിരിവുണ്ടാക്കയും ചെയ്തു.

1844 നവംബർ 21-ലെ തിരുനാൾ* മാന്നാനത്തു കഴിച്ചത് മുട്ടത്തു പുത്തൻപുരയ്ക്കൽ മാത്തു കത്തനാരച്ചനായിരുന്നു. എട്ടുപട്ടത്തിന്റെ പണി നടത്തിയത് മുഖ്യമായിട്ടു ഇദ്ദേഹമായിരുന്നു. പെരുന്നാളിനു മുമ്പിൽ ആ പണി മുഖിയാക്കി. തിരുനാൾ കഴിച്ചതിന്റെ സ്മാരകമായി നൂറ്റിരുപതു ചക്രം വിലകൊടുത്തു ഒരു വട്ടക്കുട വാങ്ങിച്ചു നടയ്ക്കു വച്ചു. തിരുനാളിന്റെ ആരംഭദിവസത്തിൽ വരാപ്പുഴെ നിന്നും പ്രംസീസ്ക് ശവരിയാർ മെത്രാപ്പോലീത്താച്ചൻ, ചാവറ അച്ചനും പോരൂക്കരഅച്ചനുമായി രണ്ടു പത്തേന്തികൾ കൊടുത്തയച്ചു. ചാവറയച്ചന്റെ പത്തേന്തി മല്പനായിട്ടും, പട്ടമേൽക്കാനുള്ള ശെമ്മാശന്മാരുടെ പരീക്ഷകനായിട്ടും അദ്ദേഹത്തെ നിയമിക്കുന്നതായിരുന്നു. പോരൂക്കരയച്ചന്റെ

*ഇപ്പോൾ ഈ തിരുനാളിനു പകരം ഡിസംബർ 8-ലെ തിരുനാളാണ് ഘോഷിക്കുന്നത്.

പത്തേന്തിയും ആ വിധത്തിൽതന്നെ ഉള്ളതായിരുന്നു. മെത്രാപ്പോലീത്താച്ചന് ദീനം പിടിപെട്ട് കിടപ്പിലായതുകൊണ്ട് അവിടുത്തെ കാണ്മാനായിട്ടു തിരുനാൾ കഴിഞ്ഞയുടനെ മാന്നാനത്തു നിന്നും ചാവറയച്ചനും, കാഞ്ഞിരപ്പള്ളിൽ അച്ചനും, നിലപ്പനെ കുര്യച്ചനും, ചെന്നക്കാട്ട് തൊമ്മൻ ശെമ്മാച്ചനും വരാപ്പുഴെക്കു പോയി. അവിടുന്നു ഇവരെ എല്ലാവരേയും സന്തോഷപൂർവ്വം ആശീർവ്വദിക്കയും തനിക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നു കല്പിക്കയും ചെയ്തു.

1844 ധനു 7 ശനിയാഴ്ച രാത്രി 11.45 മണിക്ക് മെത്രാപ്പോലീത്താച്ചൻ കാലം ചെയ്തു. 9-ന് മാന്നാനത്തു അറിവു കിട്ടുകയാൽ പള്ളിയിൽ ഏസ്സിക്കുട്ടി 20 തിരിയും കത്തിച്ചു ഒപ്പീസു പാടുകയും പിറ്റേ ദിവസം റാസ കുർബാന പാടുകയും ചെയ്തു.

റാസ ചൊല്ലിയതു ചാവറയച്ചനും കാപ്പയുടുത്തു ഒപ്പീസുപാടിയത് പ്രമേഹ ദീനത്താൽ സുഖമില്ലാതിരുന്ന പോരൂക്കരെ തോമ്മാച്ചനുമായിരുന്നു. മരിച്ചതിന്റെ ഏഴാം ദിവസം ഒരു പാട്ടു കുർബാനയും ചാവറയച്ചൻ ചൊല്ലി. മരിച്ചതിന്റെ ഏഴിനു ആഘോഷമായി കർമ്മങ്ങൾ വരാപ്പുഴെ പള്ളിയിൽ നടത്തുന്നതിനു പട്ടക്കാരെല്ലാവരും അവിടെ കൂടുന്നതിനായി വികാരി ജനറാൾ ബർണ്ണർദീനോസ് (ദെസാന്ത ആഞ്ഞേസ്) മൂപ്പൻ പാദ്രി അവർകളുടെ കല്പന, തെക്കു ആലപ്പുഴവരെയും, കിഴക്കു കോട്ടയം, കുറവിലങ്ങാടു വരെയും, വടക്കു കല്പറമ്പ് വരെയും ഇങ്ങനെ സമീപേയുള്ള പള്ളികൾക്കു വന്നു. ഇതിൻ പ്രകാരം മാന്നാനത്തു നിന്നുചാവറയച്ചനും, പോരൂക്കരെ കൊച്ചുകുര്യാക്കോസ് കത്തനാരച്ചനും (പിന്നീട് രണ്ടാമത്തെ പൊതു പ്രിയോർ ആയി നിയമിക്കപ്പെട്ട പെ. ബ. കുര്യാക്കോസ് എലീശാ അച്ചൻ) വരാപ്പുഴയ്ക്കു പുറപ്പെടുകയും പോകുന്ന വഴിക്ക് മുട്ടത്തുവച്ചും കൊച്ചിയിൽ വച്ചും കോയിക്കരെ യോഹന്നാൻ കത്തനാരച്ചൻ, നടക്കൽ ഈയോവ് കത്തനാരച്ചൻ, മുണ്ടൻ കുര്യൻ കത്തനാരച്ചൻ, പുത്തൻപുരയ്ക്കൽ വർക്കി കത്തനാരച്ചൻ, കോയിക്കരെ മൂപ്പച്ചൻ, കടവിൽ മാത്തു കത്തനാരച്ചൻ, വടയാറ്റ് മല്പാൻ, തുരുത്തിയിൽ തൈക്കളത്തിൽ തോമ്മൻ

കത്തനാരച്ചൻ, എന്നിവരുമായി ഒരുമിച്ചുകൂടി ഏഴിന്റെ തലേദിവസം വരപ്പുഴെ ചെന്നുചേരുകയും ചെയ്തു.

പിറ്റേ ദിവസം ആലപ്പുഴ വികാരി കല്ലൂത്തറെ കോരക്കത്തനാരച്ചൻ റാസ പാടുകയും, പോരൂക്കരെ കുര്യാക്കോസ് കത്തനാരച്ചൻ മുതലായവർ റാസക്കു കൂടുകയും ചെയ്തു. റാസ കഴിഞ്ഞ ഉടനെ എല്ലാവരും ആഘോഷമായി ഒപ്പീസ് പാടി. വരാപ്പുഴെ പള്ളിയുടെ ഹൈക്കലായിൽ 8 കോൽ പൊക്കത്തിൽ 4 പദവികളായി ഒരു മഹാ വലിയ എസ്സി കൂട്ടുകയും അതിന്റെ അടിയിലെ പദവിയിൽ അഞ്ചു റാത്തൽ വീതം തൂങ്ങുന്ന 12 വലിയ മെഴുകുതിരികളും മീതെ ഓരോ പദവികളിൽ മറ്റനേകം ചെറിയ തിരികളും കത്തിച്ചുവെക്കയും ചെയ്തിരുന്നു. ഒപ്പീസിന്നു കാപ്പയുടുത്തതു ചാവറയച്ചൻ ആയിരുന്നു. തൃപ്പുണിത്തുറെ വികാരി പറവൂർക്കാരൻ പാനികുളങ്ങര യൗസേപ്പ് കത്തനാരച്ചന്റെയും, കണിയാപള്ളി വികാരി ആദപ്പള്ളിൽ പൗലോസ് കത്തനാരച്ചന്റെയും മറ്റും പ്രത്യേക താല്പര്യത്താൽ ചുരുങ്ങിയമട്ടിൽ റാസ കഴിഞ്ഞ ഉടനെ ചാവറയച്ചൻ ഒരു പ്രസംഗവും പറഞ്ഞു. ആകെ 92 അച്ചന്മാർ കൂടിയിരുന്നു. അവരെല്ലാവരും മെത്രാപ്പോലീത്താച്ചന്റെ ആത്മാനുകൂലാർത്ഥം കുർബാനയും ചൊല്ലി. ഓരോ പട്ടക്കാർക്കു നാലു കുർബാനയ്ക്കു രണ്ടു രൂപ വീതവും ചാവറയച്ചന്നു പ്രസംഗത്തിന്നു 5 രൂപായും ഒന്നര റാത്തലിൽ ഒരു മെഴുകുതിരിയും വികാരി ജനറാൾ അവർകൾ കൊടുത്തു. ചാവറയച്ചൻ യാത്ര തിരിച്ചപ്പോൾ മേൽപ്പറഞ്ഞ വികാരി ജനറാൾ മൂപ്പൻ പാദ്രി അച്ചൻ എടക്കൊച്ചീക്കാരൻ ളൊരേൻസ് പാദ്രിയേയും, ജൊക്കീൻ പാദ്രിയേയും മാന്നാനത്തേക്കു ഉടനെ അയക്കുമെന്നും, ധ്യാനം കഴിപ്പിച്ച് അവരുടെ മുടക്കുതീർത്തു വിടണമെന്നും കല്പിച്ചയക്കയും ചെയ്തു.

21. 1845-ാം കാലം കൊച്ചിയിൽ ശോക്ക് പാദ്രിയച്ചൻ വഴിക്കു അരവീപ്പ വീഞ്ഞു മാന്നാനത്തെ ഉപയോഗത്തിനായി വരുത്തി. അന്ന് ബോത്തൽ ഒന്നിനു ഒന്നും ഒന്നേകാലും രൂപാ വില കൊടു

ത്താണു വാങ്ങിയിരുന്നത്. എന്നാൽ അറുപതു ബോത്തൽ ഉണ്ടായിരുന്ന മേൽപ്പറഞ്ഞ അര വീപ്പ വീഞ്ഞിന്നു വില, തിരുവ മുതലായ സകല ചിലവുൾപ്പെടെ കൊച്ചിയിൽ നിന്നും മാന്നാനത്തു കൊണ്ടുവന്ന വകയ്ക്കു 735 ചക്രം മാത്രം ആയി (രൂപ 25.75).

22. സമർത്ഥനായ ചേന്നങ്കരി ഇടവക ചെറുകാട്ടുശേരിൽ തൊമ്മൻ ശെമ്മാച്ചനാണ് ടി. വീപ്പ കൊച്ചിയിൽ നിന്നു മാന്നാനത്തു കൊണ്ടുവന്നത്. ആ കാലങ്ങളിൽ പുളിങ്കുന്നു ചേന്നങ്കരി മുതലായ സ്ഥലങ്ങളിൽ ഉള്ള ഉഭയം നെല്ല് ഈ ശെമ്മാച്ചനാണ് പിരിച്ചു കൊണ്ടു വന്നിരുന്നത്. ഈ ശെമ്മാച്ചന്നു കൊച്ചിയിൽ വെച്ചു ഒരു വയറിളക്കം തുടങ്ങുകയും മാന്നാനത്തു വന്നപ്പോൾ കൂടുകയും ചെയ്തു. വയറ്റിൽ ഒരു നോവും, വെള്ളംപോലെ ഒഴിച്ചിലുമായി തുടങ്ങിയ ഈ വയറിളക്കം കണ്ട് ചാവറ അച്ചൻ വളരെ വിഷാദിച്ചു. എന്നാൽ അതിരമ്പുഴെ പൊറയാറ്റേട്ട് യൗസേപ്പ് കത്തനാരച്ചൻ ഏതോ കാര്യവശാൽ മാന്നാനത്തു അന്നു വന്നിരുന്നു. അദ്ദേഹം ചുക്ക്, ഇന്തുപ്പ്, കടുക്ക, തിപ്പലി ഇവ സമംപൊടിച്ചു ചൂടുവെള്ളത്തിൽ കൊടുക്കയും അതുകൊണ്ട് ദീനം ഭേദമാകയും ചെയ്തു.

## അദ്ധ്യായം 5

23. ആ നാളുകളിൽ മാന്നാനത്ത് 30 വണ്ണത്തിലും 11 നീളത്തിലും ഇങ്ങനെ ഒരു വള്ളമെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് കാര്യനടപ്പിന്നു ബുദ്ധിമുട്ടായി വരുന്നതിനാൽ കാഞ്ഞിരപ്പള്ളിൽ അച്ചൻ ഇറങ്ങി ചുറ്റി 300* കലിപണം ഉണ്ടാക്കുകയും, അതു കൊടുത്ത് 27.25 വണ്ണവും 13.25 നീളമുള്ളതും ഒരു ഒറ്റത്തറക്കുപോലും പണിയില്ലാത്തതുമായ ഒരു വള്ളം വാങ്ങി. പിന്നെ അച്ചടിയുടെ പണിക്കു പണമില്ലാതായി വരികയാൽ തോപ്പിലച്ചൻ ഇറങ്ങി കുറവിലങ്ങാട്ട് ഇടവകയിൽ നിന്നും 300 കലിപണം പിരിച്ചുകൊണ്ട് വരികയും അതിന്റെ ഒരു അംശംകൊണ്ട് ചെറുകാട്ടുശ്ശേരിൽ തൊമ്മൻ ശെമ്മാച്ചൻ പള്ളിയുടെ മുഖവാരം വെള്ളയടിക്കാൻ തുടങ്ങുകയും ചെയ്തു. ഉടനെതന്നെ കടവിൽ ഒരു വള്ളപ്പുരയും പണിയിക്കാൻ ആരംഭിച്ചു. ഇതിനൊക്കെയും കൂടി പണത്തിനു ബുദ്ധിമുട്ടായിത്തീർന്നതിനാൽ, കാഞ്ഞിരപ്പള്ളിലച്ചൻ കടുത്തുരുത്തി, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽ ചുറ്റിസഞ്ചരിക്കയും, മാർ ഔസേപ്പ് പുണ്യപിതാവിന്റെ തിരുനാളിനു ഭിക്ഷക്കാർക്കു ഊണുകൊടുപ്പാൻ 100 ചക്രം വീതം ഒരോരുത്തൻ തരണമെന്നു യാചന ചെയ്യുകയും ഈ വിധത്തിലും മറ്റും 600 കലിയൻവരെ പിരിച്ചുകൊണ്ടു വരികയും ചെയ്തു. ഇതിൽ 600 ചക്രം നിലപ്പന അയിപ്പു അച്ചടിവകയ്ക്കു കൊടുത്തതാണ്.

ഇപ്പോൾ മുഖവാരത്തു കാണുന്ന വട്ടവും കതിരും അതിനകത്തു ഈട്ടികൊണ്ടു തിരുനാമപ്പേരും, കുരിശും, ചങ്കും, ആണിയും പണിയിച്ചതു പോരൂക്കരെ കുറിയാക്കോസ് അച്ചൻ (പെ. ബ. രണ്ടാമത്ത പൊതുപ്രിയോർ) ആണ്.

24. ഈ ആണ്ടിൽ ദുഃഖവെള്ളിയാഴ്ച ഉണ്ടായ നടവരവു 670 ചക്രം ആയിരുന്നു. പോരൂക്കരെ തോമ്മാച്ചന്നു പ്രമേഹത്തിന്റെ ദീനം കൂടിവന്നതിനാൽ വൈദ്യന്മാരുടെ വിധിപ്രകാരം ആലുവാ

* അന്നു ബോംബാ കർമ്മലീത്താക്കാരുടെ കീഴായിരുന്നു.

യിൽ പോയി കുളിക്കാൻ നിശ്ചയിക്കയും ചൊവ്വരപ്പള്ളിയിൽ പാർത്തു കുളിക്കയും ചെയ്തു.

അക്കാലത്ത് വാരാപ്പുഴയുടെ സഹായ മെത്രാനായിരുന്ന ലുദുവിക്കോസ് മെത്രാനച്ചൻ തലെ ആണ്ടിൽ അതായത് 1844 ൽ ബോംബെക്കും അവിടെ നിന്ന് കനറാ (കർണ്ണാടകം)യ്ക്കും പോയിരുന്നു. വാരാപ്പുഴെ മടങ്ങി വന്നത് 1845-ൽ വലിയ നോമ്പ് പിടിച്ചപ്പോഴായിരുന്നു. നോമ്പിന്റെ രണ്ടാമത്തേയും, മൂന്നാമത്തേയും ഞായറാഴ്ചകളിൽ പട്ടം കൊടുക്കൽ നിശ്ചയിച്ചിരിക്കുന്നതായി ലുദവിക്കോസ് മെത്രാനച്ചൻ അറിയിപ്പു കൊടുത്തയച്ചതിനാൽ, മാന്നാനത്തു നിന്നു പട്ടമേൽക്കാനുള്ളവർ വേണ്ട ഒരുക്കങ്ങളൊക്കെയും ചെയ്ത് വാരാപ്പുഴയ്ക്കു പുറപ്പെട്ടു. അവർ ചൊവ്വര ചെന്നു പോരൂക്കരെ അച്ചനെ കണ്ട വിവരം മടങ്ങി എത്തിയപ്പോൾ മാന്നാനത്ത് അറിയിച്ചു. ദീനത്തിനു ഒട്ടും കുറവില്ലായെന്നും, അൽപമെങ്കിലും കൂടുതലാണെന്നും അറിഞ്ഞതിനാൽ ദിവസേന മൂന്നു പ്രാവശ്യം മാന്നാനത്തു കഴിച്ചുവന്നിരുന്ന കൊന്ത നമസ്കാരത്തിന്റെ ഒടുവിൽ 1 ആ. 1 ന. എന്ന നമസ്കാരങ്ങൾ ദീനശാന്തതക്കായി എല്ലാവരും അത്യന്ത ജ്ഞാനതീഷ്ണതയോടെ ജപിച്ചു വന്നിരുന്നു. പിന്നീട് ആൾവിട്ടു തിരക്കിയതിൽ ദീനത്തിനു അൽപംകുറവുണ്ടെന്നു അറിഞ്ഞു. രോഗി അറിയിച്ചപോലെ പോരൂക്കര കൊച്ചു കുറിയാക്കോസച്ചനും മറ്റും ചൊവ്വരെ ചെന്ന് ദീനം കാണുകയും ദീനക്കാരനെ മാന്നാനത്തു കൊണ്ടുവരികയും ചെയ്തു. എല്ലാവരും മാർ ഔസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതിരുനാൾ ആരംഭിച്ച ഞായറാഴ്ച മാന്നാനത്തു വന്നു ചേർന്നു. ആയാണ്ടത്തെ മദ്ധ്യസ്ഥ തിരുനാൾ ഘോഷിക്കാൻ നിശ്ചയിച്ചിരുന്നത് തോപ്പിൽ ചാക്കോയെന്ന ആളായിരുന്നു. എന്നാൽ പുഞ്ച കൊയിത്തിന്റെയും മഴയുടെയും വിഷമത്താൽ അയാൾക്കു തിരുനാൾ വന്നു കഴിക്കാൻ സാധിക്കാഞ്ഞതുകൊണ്ട് മാന്നാനത്തുനിന്നു തന്നെ പലരുടെ സഹായത്താൽ തിരുന്നാൾ കഴിച്ചു. തിരുനാൾ കഴിഞ്ഞ ഉടനെ ചാവറ അച്ചൻ ചാത്യാത്തു ചെന്ന് ലുദുവിക്കോസ് മെത്രാനച്ചനെ കണ്ടു. അപ്പോൾ അവിടുന്നു രണ്ടു സെമിനാരി

പണിയിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അച്ചടി പ്രസ്സ് വരുത്തിതരാമെന്നും, അടിക്കാനുള്ള അനുവാദങ്ങൾ റോമ്മയിൽ നിന്നു വേണ്ടതു വരുത്തി തരാമെന്നും മറ്റും കൽപിച്ചു. ഇതിനു ശേഷം കല്ലൂത്ര, പൂത്ര, അമ്പിയായം എന്നീ മൂന്നു പുത്തൻ പട്ടക്കാരുടെ നവപൂജയ്ക്കായി ചാവറെ അച്ചൻ എടത്വ, ചേന്നൻകരി മുതലായ സ്ഥലങ്ങളിൽ പോകയും, ആലപ്പുഴ ചെന്നക്കാടന്നു മഷി വകയിൽ കൊടുക്കാനുള്ളതിൽ 20 രൂപായും കൊടുത്തു മടങ്ങി മാന്നാനത്തു വരികയും ചെയ്തു.

25. മാന്നാനത്തു വന്നുചേർന്നു ഉടനെ ചാവറെ അച്ചനു ഒരു പനിയും തലവേദനയും മറ്റും ആരംഭിച്ചു. രണ്ടുദിവസം കഴിഞ്ഞപ്പോൾ അത് വസൂരി എന്ന് തീർച്ചയായി. പോരൂക്കരെ കൊച്ചുകുര്യാക്കോസച്ചനും മറ്റും അടുത്തുനിന്നു ശുശ്രൂഷ ചെയ്തു. 14-ാം ദിവസം ദൈവസഹായത്താൽ കുളിച്ചു. ദീനത്തിനു ചികിത്സിച്ച വൈദ്യനു ഒരു കടുക്കനും മറ്റു വേലക്കാർക്കും ശുശ്രൂഷികൾക്കും വേണ്ടതൊക്കെയും കൊടുത്തത് ചാവറെ അച്ചന്റെ ശിഷ്യരായ ശമ്മാച്ചന്മാർ ആയിരുന്നു. പിന്നീട് മേൽപ്പറഞ്ഞ കൊച്ചു കുര്യാക്കോസച്ചനും, മസൂരി വന്നു. അദ്ദേഹവും കുളിച്ചു. കുന്നിയിൽ വർക്കി ശമ്മാച്ചൻ, ചാവറെ അച്ചന്നും പോരൂക്കരെ അച്ചനും ദീനത്തിൽ കൂട്ടിരുന്ന് ശുശ്രൂഷ ചെയ്തവരിൽ ഒരാളാണ്. ആയിടയ്ക്കു പോരൂക്കാരെ തോമ്മാച്ചനു പ്രമേഹദീനം കൂടുകയും വീണ്ടും ആലുവായിൽ പോയി ചൊവ്വരെ മാർ ഔസേപ്പ് പുണ്യവാളന്റെ പള്ളിയിൽ പാർത്തു കുളിക്കയും ചെയ്തു. ഔസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥത്താൽ അല്പം ആശ്വാസം കിട്ടിയതിനാൽ മടങ്ങി മാന്നാനത്തു വന്നു. താമസിയാതെ ചമ്പക്കുളത്തിനു പോകുകയും പൂതിയോട്ടച്ചന്റെ ചികിത്സ വീണ്ടും ചെയ്യുകയും ചെയ്തു. ഇങ്ങനെ ഇരിക്കുമ്പോൾ ബെർണ്ണർദീനോസ് മെത്രാനച്ചൻ* വാഴ്ച ഏറ്റുകൊണ്ടു കൊല്ലത്തിനായി പുറപ്പെട്ടു. മെത്രാനച്ചനെ കണ്ടുകൊണ്ട് പോരൂക്കരെ അച്ചൻ മാന്നാനത്തു വീണ്ടും വന്നുചേർന്നു. ദീനം

*കൊല്ലത്തെ വികാരി അപ്പസ്തോലിക്കാ ആയി ബെർണ്ണർദീനോസ് മെത്രാനച്ചൻ നിയമിക്കപ്പെട്ടതു 1845-ൽ ആണ്.

ഒന്നിനൊന്നു കൂടി ശക്തിപ്പെട്ടതിനാൽ 1846 ജനുവരി മാസം 8-ന് വെള്ളിയാഴ്ചയുടെ തുടക്കത്തിൽ നമ്മുടെ സഭയുടെ അടിസ്ഥാനക്കല്ലായ പോരൂക്കര അച്ചൻ തന്റെ ആത്മാവിനെ സൃഷ്ടാവിന്റെ തൃക്കയ്യിൽ സമർപ്പിച്ചു.

26. നല്ല ഒരുക്കത്തോടുകൂടി കുമ്പസാരം മുതലായ അന്ത്യകൂദാശകളൊക്കെയും കൈക്കൊള്ളുകയും, മരിക്കുന്നതിനു അരമണിക്കൂർ മുമ്പു ഒന്നുകൂടി നമ്മുടെ ചാവറ അച്ചനോടു കുമ്പസാരിക്കയും നല്ല ബോധതെളിവോടുകൂടെ ഒടുക്കത്തെ ഒപ്രൂശ്മാ കൈക്കൊൾകയും, തന്നത്താൻ സ്ലീവായുടെ അടയാളം ദേഹത്തേൽ വരച്ചുകൊണ്ട് ഈശോ, മറിയം യൗസേപ്പിന്റെ തിരുപ്രതിമകൾ എടുപ്പിച്ചു മുത്തുകയും, ഉടനെ തല മേൽപ്പോട്ട് കുറെ പൊക്കിയപാടെ പുറകോട്ടു തിരിഞ്ഞു മരിക്കയും ചെയ്തു.

27. അക്കാലത്തു മാന്നാനത്തു, കൊവേന്തയ്ക്കായി പാർത്തു പഠിച്ചിരുന്നവർ മുരിക്കൻ ചാണ്ടി, പാലക്കുന്നേൽ ചാക്കോ, ചാക്കടവിൽ ഔസേപ്പ്, ചറുകാട്ടുശേരിൽ തോമ്മാ, ആലപ്പുഴെ കാഞ്ഞിരത്തുങ്കൽ കുരുവിള, നിലപ്പന പൗലോസ് എന്നീ ശെമ്മാച്ചൻമാർ ആയിരുന്നു. കെവേന്തയ്ക്കായിട്ടുള്ളവർ മുകളിലത്തെ നിലയിലും, ഇടവകയ്ക്കായിട്ടുള്ളവർ താഴത്തെ നിലയിലുമായിട്ടാണ് പഠിച്ചിരുന്നത്. ഇവരിൽ നിലപ്പന പൗലോസ് ശെമ്മാച്ചൻ കാരണവന്മാരുടെ മരണശേഷം കൊവേന്തയിൽ ചേരാൻ മനസ്സില്ലെന്നു പറഞ്ഞൊഴിഞ്ഞു കളഞ്ഞതിനാൽ നമ്മുടെ ചാവറ അച്ചന്നു വലിയ ദുഃഖത്തിനിടയായി തീർന്നു. ആ ശെമ്മാച്ചന്റെ കാരണവന്മാർ അത്ര താല്പര്യമായിട്ടു അയാളുടെ കാര്യം ചാവറ അച്ചനെ പറഞ്ഞേൽപ്പിച്ചിട്ടുണ്ടായിരുന്നു. ഇങ്ങനെയിരിക്കുമ്പോൾ താഴത്തു (താഴത്തെ നിലയിൽ) പാർത്തു പഠിച്ചിരുന്ന കടകച്ചേരി ദേവസ്യാതനിക്കു കൊവേന്തയിൽ ചേരണമെന്നു ചാവറ അച്ചനോടപേക്ഷിക്കയും, വീട്ടുകാരുടെ സമ്മതം അവൻ തന്നെ പോയി വാങ്ങിക്കയും ചെയ്തിനാൽ അച്ചനു നിലപ്പന ശെമ്മാച്ചൻ പോയതിനാലുണ്ടായ ദുഃഖം ഒരുവിധം ശമിക്കയും ചെയ്തു. ഏറെ താമസി

യാതെ 1850-ാം കാലം സെപ്തംബർ മാസത്തിൽ കടുത്തുരുത്തി കടവിൽ ആഗുസ്തിനോസ് ശെമ്മാച്ചൻ വടയാറ്റു നിന്നു മാന്നാനത്തു പഠിക്കാനായി വരികയും, കുറെ കഴിഞ്ഞപ്പോൾ കെവേന്ത യിൽ ചേരുവാൻ ആഗ്രഹിച്ചു അതിനായി പഠിച്ചിരുന്നവരുടെ കൂട്ടത്തിൽ ചേരുകയും ചെയ്തു.

28. ടി. ആണ്ട് ഒക്ടോബർ മാസത്തിൽ ലൂദവീക്കോസ് മെത്രാപ്പോലീത്താച്ചൻ ഉൽസ്സനേരി (പൂച്ചനേരി) എന്ന ഒരു ഈശോ സഭക്കാരൻ പട്ടക്കാരനുമായി ഒരുമിച്ചു മാന്നാനത്തു വന്നു.

ഒന്നാമതായി അന്നു ചാവറ യൗസേപ്പിനും കാച്ചാംകോടത്തു പീലിപ്പോസിനും വേറൊരു ബാലനും മാന്നാനത്തുവെച്ചു ആസ്ഥപ്പാടു പട്ടം കൊടുത്തു. അവിടുന്നു മാന്നാനത്തു ഒരു സെമിനാരി പണിയിക്കാൻ നിശ്ചയിച്ചിരിക്കുന്നതായി കല്പിക്കയും അതിനു സ്ഥലം കണ്ടു തിട്ടപ്പെടുത്തുകയും ചെയ്തുകൊണ്ട് മുട്ടാറ്റിൽ ഒരു കുരിശുപള്ളി വെക്കുന്നതിന് കല്ലിടാനുള്ള അനുവാദം നമ്മുടെ ചാവറ അച്ചനു കൊടുക്കയും ഉടനെ വരാപ്പുഴക്കു മടങ്ങുകയും ചെയ്തു.

ചാവറ അച്ചൻ മുട്ടാറ്റിൽ ചെന്നു പള്ളിക്കു കല്ലിട്ടുകൊണ്ട് വരാപ്പുഴെക്കു പോകയും, പോയപ്പോൾ മാന്നാനത്തെ നമ്മുടെ കൊവേന്ത ഒരു സന്യാസ ഭവനത്തിന്റെയും അതിൽ നിവസിച്ചിരുന്നവരെ സന്യാസികളുടെയും നിലയിൽ സ്ഥിരീകരിച്ചു കിട്ടാൻ എല്ലാവരും കൂടി അപേക്ഷിക്കുന്നതായാൽ താൻ ആ അപേക്ഷ മേലാവിൽ ബോധിപ്പിച്ചു സാധിച്ചു കൊടുക്കാമെന്നു മെത്രാപ്പോലീത്താച്ചൻ മാന്നാനത്തുവെച്ചു കല്പിച്ചിരുന്നതിനാൽ എല്ലാവരുടേയും ഒരപേക്ഷകൂടി കൊണ്ടുപോകയും ചെയ്തു. ഈ അപേക്ഷയിൽ രണ്ടുപേർ ഒപ്പുവയ്ക്കാതിരുന്നെങ്കിലും ശേഷമുള്ള എല്ലാവരും ഒപ്പുവെച്ചു. മാന്നാനത്തു ആദ്യം വടക്കോട്ടുള്ള കൊവേന്ത കെട്ടിടവും പിന്നീട് പള്ളിയും പണിയിച്ചതായി മേൽ 3-ാം അദ്ധ്യായം 13-ാം ലക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. 1850 ൽ തെക്കോ

ട്ടുള്ള കെട്ടിടം നീട്ടി പണിയിക്കയും അത് സെമിനാരിയായി ഉപ യോഗിച്ചു പോരുകയും ചെയ്തു.

29. പോരൂക്കര തോമ്മാച്ചനേയും ചാവറ കുര്യാക്കോസച്ച നേയും അനുഗമിച്ച് മാന്നാനത്തു ഒന്നാമതായി വന്നു ചേർന്നത് പുളിങ്കുന്നു ഇടവക തോപ്പിൽ ഗീവറുഗീസച്ചനായിരുന്നു. ഇദ്ദേഹം വന്നതു 1838–ൽ ആണ്. പിന്നെ വന്നത് പടാർത്തക്കാരൻ എന്നു പറയപ്പെട്ടിരുന്ന കാഞ്ഞിരപ്പള്ളി ഇടവക പുത്തൻപുരയ്ക്കൽ കുഞ്ഞാക്കൊ കത്തനാരച്ചനായിരുന്നു. ഇദ്ദേഹം 1842–ൽ ആണ് മാന്നാനത്തിൽ വന്നുചേർന്നത്. ഇതിനു ശേഷം 1846 ജനുവരി മാസത്തിൽ കളപ്പുരയ്ക്കൽ മത്തായി അച്ചനും വന്നു. സന്യാസ ജീവിതം കഴിക്കാനായി ഇവരെ അനുഗമിച്ചു വേറെ പല പട്ടക്കാരും വന്നുകൂടി. തുണസഹോദരന്മാരുടെ സ്ഥിതിയിൽ പോരൂക്കരെ തോമ്മാച്ചന്റെ അപ്പൻ ഈപ്പൻ എന്നയാളും, കിഴക്കമ്പലത്തു കോയിക്കര വീട്ടിൽ നിന്നു വേറൊരാളും വന്നുചേർന്നു.

ക്രമേണ ഉാലം പുത്തൻപള്ളി മുഞ്ഞനാട്ട് മത്തായി അച്ചൻ, ഉാലം പുത്തൻപള്ളി കണിയാകരത്ത് മാണിയച്ചൻ, പള്ളിപ്പുറത്തു പാലയ്ക്കൽ കുര്യാക്കോസച്ചൻ, പാല കട്ടക്കയത്തു ചാണ്ടിയച്ചൻ, പുളിങ്കുന്നു കളത്തിൽ സ്കറിയാച്ചൻ (ഇദ്ദേഹം ശെമ്മാശനായി ട്ടാണു മാന്നാനത്തു വന്നു ചേർന്നത്) എന്നിങ്ങനെ പല അച്ച ന്മാർ പല സ്ഥലങ്ങളിൽ നിന്നും സന്യാസ ജീവിതം കഴിച്ച് തങ്ങ ളുടെ ആയുഷ്ക്കാലം ദൈവത്തിന്നു പ്രതിഷ്ഠിക്കണമെന്നാഗ്രഹിച്ച് മാന്നാനത്തു വന്നുചേർന്നു. ഇവരെ കൂടാതെ നവസന്യാസിക ളുടെ നിലയിൽ പല ശമ്മാച്ചന്മാരും, സന്യാസാർത്ഥികളുടെ സ്ഥിതി യിൽ പല പൈതങ്ങളും ഉണ്ടായിരുന്നു. കൊച്ചുപുരയ്ക്കൽ കുര്യാ ക്കോസച്ചനും വല്യാറെ യാക്കോച്ചനും ആരംഭം മുതലേ കൊവേ ന്തക്കായി മാന്നാനത്തു പഠിച്ച് പട്ടമേറ്റവരാണ്. ഇങ്ങനെ ഒരു സന്യാസഗണത്തിനു മതിയായ അച്ചന്മാരും പുതു സന്യാസികളും മാന്നാനത്തു അന്നു പാർത്തിരുന്നിങ്കെലും അവർ കഴിക്കേണ്ടതായ ജീവിത ക്രമങ്ങൾ സംബന്ധിച്ച് മേല്പട്ടക്കാരാലൊ മറ്റു മേലധി

കാരത്താലൊ അംഗീകരിക്കപ്പെട്ട യാതൊരു പ്രമാണവും അവർക്കു കൊടുക്കപ്പെട്ടിരുന്നില്ല. പിന്നെ അവർ കഴിച്ചുപോന്ന ജീവിതം മൗറെല്യോസ് മെത്രാനച്ചൻ അവർക്ക് പറഞ്ഞുകൊടുത്ത ജീവിതമുറകൾക്കനുസരണമായിട്ടുള്ളതായിരുന്നു. സന്യാസ ജീവിതത്തെപ്പറ്റി അവർ വായിച്ചിരുന്ന ജ്ഞാന പുസ്തകങ്ങളിൽ നിന്നു തങ്ങൾക്കു യോജിക്കുന്ന പല ക്രമങ്ങൾ തെരഞ്ഞെടുത്ത് അവയ്ക്കനുസാരമായും ജീവിച്ചു വന്നു.

1846-ൽ പോരൂക്കര തോമ്മാച്ചൻ മരിച്ചതിനുശേഷം എല്ലാക്കാര്യങ്ങളിലും ചാവറ കുര്യാക്കോസച്ചന് അവർ കീഴ്വഴങ്ങി നടന്നു. മൗറെല്യോസ് മെത്രാനച്ചന്റെ കാലത്തു തുടങ്ങുകയും, പ്രംസിസ്ക് ശവരിയാർ, ലുദുവീക്കോസ് എന്ന മെത്രാപ്പോലീത്താമാരുടെ ഭരണകാലങ്ങളിൽ നടത്തിപ്പോരികയും ചെയ്തതായ അവരുടെ ജീവിതമുറ ആ മേല്പട്ടക്കാർ സ്വീകരിച്ചുറപ്പിച്ചില്ലെങ്കിലും അതിനെ അവർ സമ്മതിച്ചു പോന്നിരുന്നു. തന്നിമിത്തം എല്ലാകാര്യങ്ങളിലും അവരുടെ കല്പനകൾക്കനുസരണമായി നടന്നുവന്നിരുന്നു. ജപധ്യാനങ്ങൾ കൊണ്ടും, ഏകാന്ത ജീവിതം കൊണ്ടും, മഠത്തിൽ ജീവിച്ചു തങ്ങളെ നന്നാക്കയും ദൈവത്തോടു തങ്ങളെ ചേർത്തുപിടിക്കയും ചെയ്യുന്ന ധ്യാനനിഷ്ഠ ജീവിതവും (comtemplative life) ജനങ്ങളുടെ ആത്മരക്ഷയ്ക്കുവേണ്ടി വേദപഠനങ്ങളെ അവരെ പഠിപ്പിക്കയും ജ്ഞാനധ്യാനങ്ങൾ അവർക്കു ചെയ്തുകൊടുക്കയും സെമിനാരിക്കാരെ നല്ല ജീവിത മുറയിൽ തഴക്കി പഠിപ്പിക്കയും, കുമ്പസാരംകൊണ്ടും പ്രസംഗങ്ങൾകൊണ്ടും ജനങ്ങളുടെ വ്യാപാരങ്ങളെ ഗുണീകരിക്കയും ചെയ്യുന്ന പ്രോത്സാഹ ജീവിതവും (active life) എന്നിങ്ങനെ ഇരുവക ജീവിതമാണ് അവർ നടത്തിപ്പോന്നിരുന്നത്.

പാലയ്ക്കൽ തോമ്മാച്ചൻ അനുസരിച്ച് നടത്തിവന്ന വിശുദ്ധ ദുമ്മനിങ്കോസിന്റെ ചില ജീവിത മുറകളും നടത്തി വന്നിരുന്നു. മേല്പട്ടക്കാരുടെ കല്പനയാലും അനുവാദത്താലും അന്നു എത്രയും വിസ്തീർണ്ണമായിരുന്ന വരാപ്പുഴ അധികാരത്തിൽപ്പെട്ട നാനാദിക്കിലെ പള്ളികളിൽ ചെന്ന് പ്രസംഗം പറയുകയും, ജ്ഞാന

ധ്യാനം കഴിക്കയും ചെയ്തിരുന്നു. അക്കാലത്തുകഴിച്ചിരുന്ന ധ്യാനത്തിൽ (സ്ത്രീകൾ കൂടുക പതിവില്ലാ) ജനങ്ങൾ മൗനം സൂക്ഷമായി അനുസരിച്ചിരുന്നു. അടി പ്രായശ്ചിത്തവും മറ്റും ചെയ്തിരുന്നു. ദൂരസ്ഥന്മാരായിരുന്നവർ ഭക്ഷണത്തിനു വേണ്ടതൊക്കെ ശട്ടംകെട്ടി പള്ളി സമീപെയുള്ള വീടുകളിൽ വന്നു താമസിച്ചാണ് ധ്യാനത്തിൽ ചേർന്നിരുന്നത്. ഓരോ ഇടവകയിലും മനസ്സുള്ളവർക്കായിട്ടു മാത്രമാണ് ധ്യാനം കഴിച്ചിരുന്നത്. പ്രത്യേക കാരണങ്ങളാൽ നാനാദിക്കിൽ നിന്നും ഓരൊ പട്ടക്കാരെ അപ്പഴപ്പോൾ മാന്നാനത്തേക്കു മേല്പട്ടക്കാർ അയക്കുകയും അവർ അവിടെ വന്നു പ്രായശ്ചിത്തമായി നിശ്ചയിക്കപ്പെട്ടിരുന്ന ധ്യാനങ്ങളും മറ്റും കഴിച്ചു മടങ്ങിപ്പോകയും ചെയ്തിരുന്നു. കൂദാശയെന്ന ധർമ്മശാസ്ത്രം പരീക്ഷ കഴിക്കാനായിട്ടും കല്പനപ്രകാരം പട്ടക്കാർ മാന്നാനത്തു പോയിരുന്നു.

30. പാലയ്ക്കൽ തോമ്മാച്ചന്റെ മരണശേഷം പള്ളിപുറത്തു സെമിനാരി ഏറെക്കാലം നിന്നില്ല. അതു ക്രമേണ ലയിച്ചു മാന്നാനത്തു സെമിനാരിയോട് ചേർന്നു ഒന്നായിത്തീർന്നു. അതു നിന്നിരുന്ന കാലംവരെ മാന്നാനത്തെ മല്പാൻ തന്നെ അവിടുത്തെ കാര്യം നോക്കുകയും, ആ ശെമ്മാശന്മാർക്കു സാക്ഷിപത്രം കൊടുത്ത് പട്ടം കൊടുപ്പിക്കയും ചെയ്തുപോന്നു. വിശുദ്ധ ഔസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥ തിരുനാൾക്കും നവംബർ മാസം 21-ന് ഘോഷിക്കുന്ന ദൈവമാതാവിന്റെ ദേവാലയ പ്രവേശനത്തിരുനാൾക്കും ആണ്ടുതോറും പള്ളിപ്പുറത്തു നിന്നു ശെമ്മാശ്ശന്മാർ മാന്നാനത്തുവരികയും, വിശുദ്ധ ദുമ്മനിക്കോസിന്റെ സ്വരൂപംകൂടെ അവിടെ നിന്നുകൊണ്ടുപോരികയും, പിന്തിരിയുമ്പോൾ അതുകൂടെ കൊണ്ടുപോകുകയും പതിവുണ്ടായിരുന്നു. മേൽപ്പറഞ്ഞ വിധത്തിലും ക്രമത്തിലുമുള്ള സന്യാസ ജീവിതം മാന്നാനത്തു നമ്മുടെ അച്ചന്മാരും, ശെമ്മാശന്മാരും, പൈതങ്ങളും കഴിച്ചുവന്നിരുന്ന*

*ഈ കാലങ്ങളിൽ കാർളോസ് ഏലിയാ എന്ന മിസ്യോനാരി മലയാളം പഠിപ്പിക്കാനായി മാന്നാനത്തു വന്നു താമസിച്ചിരുന്നു. ഇദ്ദേഹം മെത്രാപ്പോലീത്താച്ചൻ റോമ്മയ്ക്കു പോയപ്പോൾ വരാപ്പുഴ സെമിനാരിയുടെ റെക്തോരായും, പിന്നീടു കൊല്ലത്തിന്റെ വികാരി അപ്പസ്തോലിക്കയായും നിയമിക്കപ്പെടുകയും ചെയ്തു.

കാലത്തു വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ലുദുവീക്കോസ് മെത്രാപ്പോലിത്താച്ചൻ റോമ്മയ്ക്കു ചെല്ലാൻ വിളി വരികയും അതിൻ പ്രകാരം 1853-ന്റെ ആരംഭത്തിൽ അവിടന്നു പോകയും ചെയ്തു. ആ സന്ദർഭത്തിൽ വരാപ്പുഴെ അധികാരത്തിൽപ്പെട്ട പള്ളികളെ ഭരിക്കാനായി അന്ന് കൊല്ലം വികാരി അപ്പസ്തോലിക്കാ ആയിരുന്ന ബെർണ്ണർദീനോസ് മെത്രാനച്ചനെ ആദ്യം അഡ്മിനിസ്ട്രേറ്റർ ആയിട്ടും, പിന്നീട് സ്ഥിരം വികാരി അപ്പസ്തോലിക്കാ ആയിട്ടും റോമ്മയിൽ നിന്നു നിയമിച്ചു. ഇദ്ദേഹം 1852-ന്റെ അവസാനം മുതലുള്ള തന്റെ ഭരണത്തിന്റെ മൂന്നു വർഷത്തെ പരിജ്ഞാനവും പരീക്ഷയും കൊണ്ട് മാന്നാനത്തെ നമ്മുടെ അച്ചന്മാർ കഴിച്ചുവന്ന സന്യാസ ജീവിതവും, അവർമൂലം ജനങ്ങൾക്കും വൈദിക ഗണത്തിന്നും ഉളവായിക്കൊണ്ടിരിക്കുന്ന അനേകം ഗുണങ്ങളും കണ്ട് സന്തോഷിക്കയും അവർക്കു മേലധികാരത്താൽ സ്ഥിരീകരിക്കപ്പെട്ട ഒരു ജീവിതം കല്പിച്ചു കൊടുത്തുകൊണ്ട് കാനോനപ്രകാരം ഒരു സഭകൂട്ടമായി അവരെ സ്വീകരിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു. ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി അന്നു മാന്നാനത്തു നടത്തിവന്നിരുന്ന ജീവിതക്രമം എങ്ങനെയൊക്കെയെന്നു തന്നെ എഴുതി അറിയിക്കണമെന്നു ഒരു കല്പന മേൽപറഞ്ഞ ബെർണ്ണർദീനോസ് മെത്രാനച്ചൻ നമ്മുടെ ചാവറ കുര്യാക്കോസച്ചനു കൊടുത്തയച്ചു. അതിൻ പ്രകാരം മാന്നാനത്തെ ദിനചര്യ എഴുതി മെത്രാനച്ചനെ നമ്മുടെ ചാവറ അച്ചൻ അറിയിക്കുകയും ചെയ്തു.

മാന്നാനത്തു അന്നു അനുദിനം ആചരിച്ചു വന്നിരുന്ന ദിനചര്യ സംക്ഷേപമായി താഴെ കാണിക്കും പോലെ ആയിരുന്നു. കാലത്തു 5 മണിക്ക് എല്ലാവരും നിദ്രവിട്ടെഴുന്നേൽക്കയും ഉദയാരാധന കഴിച്ചശേഷം പട്ടക്കാർ കാനോനാ നമസ്ക്കാരം എത്തിക്കയും, അതിനുശേഷം സന്യാസാർത്ഥികളും സെമിനാരിക്കാരുമായി ഒരുമിച്ച് ദേവാലയത്തിൽ ചെന്നു ജപമാലയുടെ സന്തോഷരഹസ്യവും നമ്മുടെ കർത്താവിന്റെ അഞ്ചു തിരുമുറിവിന്റേയും വ്യാകുലമാതാവിന്റേയും പ്രാർത്ഥനയും മാർ ഔസേപ്പ് പിതാവിനോട്

ബ്രഹ്മചാരിത്വം കാക്കുന്നതിനും നൽമരണം ലഭിക്കുന്നതിനും വേണ്ടിയുള്ള ജപങ്ങളും, ചൊല്ലുകയും ഉടനെ പട്ടക്കാർ കുർബാന ചൊല്ലുകയും അതിനുശേഷം സകല ശുദ്ധമാക്കപ്പെട്ടവരുടെ ലുത്തീനിയാ എല്ലാവരും ഒരുമിച്ചു എത്തിക്കയും ചെയ്തിരുന്നു. പിന്നീട് എല്ലാവരും പോയി പഠനത്തിൽ ഉദ്യോഗപ്പെട്ടിരുന്നു. 12 മണിക്കു വൈദികഗണം ഏകീഭവിച്ച് ജപമാലയുടെ ദുഃഖത്തിന്റെ രഹസ്യങ്ങളും തിരുമുറിവിന്റെ പ്രാർത്ഥനയും മാർ യൗസേപ്പിന്റെ വ്യാകുല സന്തോഷ ജപങ്ങളും ദൈവത്തിന്റെ നേരെയുള്ള സ്നേഹവും തന്നെ പ്രതി പാടുപീഡകൾ സഹിപ്പാനുള്ള ആഗ്ര ഹവും സൽപ്രവൃത്തികൾ അനുഷ്ഠിപ്പാനുള്ള സഹായവും ലഭി ക്കുന്നതിനു വേണ്ടിയുള്ള ജപങ്ങളും ചൊല്ലി സന്യാസികളും സെമിനാരിക്കാരും ഇരു സ്ഥലങ്ങളിൽ കൂട്ടമായി ഭക്ഷണം കഴി ച്ചിരുന്നു. സൂര്യാസ്തമനത്തോടെ ത്രികാലജപത്തിനു മണിയടി ക്കുമ്പോൾ വീണ്ടും എല്ലാവരുമൊരുമിച്ചു കൂടി, ആഴ്ചക്കാരൻ അടുത്ത ദിവസത്തിലെ പരിശുദ്ധന്റെ തിരുനാൾ അറിയിച്ചശേഷം "ദൈവമേ! ശുദ്ധഹൃദയം എന്നിൽ നിർമ്മിക്കണമെ! എന്റെ ഉള്ളിൽ ചൊവ്വുള്ള അരൂപിയെ പതിപ്പിക്കണമെ" എന്നു ചൊല്ലുകയും, അപ്പോൾ കൂട്ടം "എന്നെ നിന്റെ മുമ്പാകെ നിന്നു തള്ളികളയല്ലേ! നിന്റെ പരിശുദ്ധ അരൂപിയെ എന്നിൽ നിന്നു എടുക്കല്ലെ" എന്നു ത്തരിക്കയും ചെയ്യുന്നു.

അനന്തരം 'ജ്ഞാനമുത്തുമാല' എന്ന പുസ്തകം വായിച്ച് ധ്യാനിക്കുന്നു. ധ്യാനാനന്തരം പീഠത്തിന്മേൽ മെഴുകുതിരി കത്തിച്ച് ദൈവമാതാവിന്റെ ലുത്തിനിയായും ശ്ദറ് ആലാഹാ എന്നു തുടങ്ങുന്ന ജപവും ചൊല്ലി, ജപമാലയുടെ മഹിമയുടെ രഹസ്യങ്ങളും തിരുമുറിവിന്റെയും ഉത്തരീയ മാതാവിന്റെയും പ്രാർത്ഥനകളും മാർ ഔസേപ്പ് പിതാവിന്റെ മഹിമയെക്കുറിച്ചുള്ള ജപങ്ങളും ചൊല്ലിക്കഴിഞ്ഞ് ഗുരുക്കളും വിദ്യാർത്ഥികളും തങ്ങ ളുടെ നിജസ്ഥാനങ്ങളിൽ പോയി ജപധ്യാനങ്ങളിലും പഠിത്വത്തി ലുമായി 10 മണിവരെ നേരം ചിലവഴിച്ചിരുന്നു. എന്നാൽ അമ്പതു നോമ്പിന്റെ ദിവസങ്ങളിൽ അത്താഴത്തിന്റെ ശേഷം അർദ്ധരാത്രി

വരെയും ഭക്തികൃത്യങ്ങളുടെ അനുഷ്ഠാനത്തിൽ ജാഗരൂകന്മാരായി നേരം ചിലവഴിച്ചിരുന്നു.

31. ഏറെ താമസിയാതെ മാന്നാനത്തു വസിച്ചിരുന്നവർക്ക് കർമ്മലീത്താ ഒന്നാം സഭയുടെ ക്രമചട്ടങ്ങളിൽ നിന്നും നിയമങ്ങളിൽ നിന്നും പലതെല്ലാം എടുത്ത് ദേശാവസ്ഥ, ആളുകളുടെ സ്ഥിതി എന്നിതുകൾക്കനുരൂപമായി ഭേതപ്പെടുത്താനുള്ളവ ഭേദപ്പെടുത്തുകയും, കൂട്ടാനുള്ളവ കൂട്ടുകയും, സുറിയാനി ക്രമത്തോടു യോജിച്ചു നിൽക്കേണ്ടതായിട്ടുള്ളവ യോജിപ്പിക്കയും ചെയ്തുകൊണ്ട് ഒരു ക്രമച്ചട്ടം എഴുതിയുണ്ടാക്കി 1855-ൽ സ്തുതിക്കു യോഗ്യനായ മേൽപറഞ്ഞ ബെർണ്ണർദീനോസ് മെത്രാനച്ചൻ, ലത്തീൻ പഠിപ്പാനും പള്ളിയിൽ പ്രസംഗത്തിനുമായി കല്പനപ്രകാരം വരാപ്പുഴപ്പോയി താമസിച്ചിരുന്ന ചാണ്ടിയച്ചൻ വഴി മാന്നാനത്തു നമ്മുടെ ചാവറ കുര്യാക്കോസച്ചന്റെ പേർക്ക് അയച്ചു. അതൊന്നിച്ച് "ഈ ക്രമച്ചട്ടത്തിൽ എഴുതപ്പെട്ടിട്ടുള്ളതെല്ലാം മാന്നാനത്തിൽ സന്യാസികളാകാൻ ആഗ്രഹിച്ചു പാർത്തിരുക്കുന്ന എല്ലാവരെയും വായിച്ചു കേൾപ്പിക്കണമെന്നും നല്ല മനസ്സും ഉറപ്പും ഉള്ളവരെമാത്രം സഭയിൽ ചേർത്താൽ മതി" എന്നും മറ്റും വിവരിക്കുന്ന ഒരു കല്പനകൂടി അയച്ചിട്ടുണ്ടായിരുന്നു. കല്പനപ്രകാരം അന്നു സന്യാസികളായി മാന്നാനത്തു വസിച്ചിരുന്ന അച്ചന്മാരെയും ശെമ്മാശന്മാരെയും പൈതങ്ങളെയും മേൽപറഞ്ഞ ക്രമചട്ടം പല പ്രാവശ്യം നമ്മുടെ ചാവറ അച്ചൻ വായിച്ചു കേൾപ്പിച്ചു.

കേട്ടവരിൽ പലർക്കും അതിൽ കല്പിച്ചു കിടക്കുന്ന നോമ്പു, മൗനം, ഏകാന്തം എന്നിതുകളുടെ അനുഷ്ഠാനത്തേപ്പറ്റി അധൈര്യം ഉണ്ടായിതുടങ്ങി. ഇരുപത്തഞ്ചു നോമ്പിന്റെയും അമ്പതു നോമ്പിന്റെയും എല്ലാ ദിവസങ്ങളും ഉപവാസം അഥവാ ഒരു നേരമാണ് കല്പിക്കപ്പെട്ടിരുന്നത്. അമ്പതു നോമ്പിൽ ഏഴു വെള്ളിയാഴ്ച ദിവസങ്ങളും ഒടുവിലത്തെ ശനിയാഴ്ചയും, ഇരുപത്തഞ്ചു നോമ്പിൽ വരുന്ന പിറവി തിരുനാളിന്റെ തലേ ദിവസവും ഇങ്ങനെ ആണ്ടിൽ 9 ദിവസം മാത്രമേ മലയാളത്തിൽ ഒരു നേരം നോക്കാൻ കടമുള്ളു എന്നും മറ്റു ദിവസങ്ങളിലെ കടം

വിശുദ്ധ സിംഹാസനം ഒഴിച്ചു കൊടുത്തിട്ടുണ്ടെന്നും മറ്റും കാണിച്ച് ബെർണ്ണർദീനോസ് മെത്രാനച്ചനെ നമ്മുടെ ചാവറ കുര്യാക്കോസച്ചൻ ബോധിപ്പിച്ചതിന് അതിലേക്കു പിടിമാനം കാണിക്കണമെന്നും അതുവരെ ഉദയംപേരൂർ സുനഹദോസിലെ നിയമങ്ങൾപോലെ ഇരുപത്തഞ്ചു അമ്പതു എന്നീ നോമ്പ് കാലങ്ങളിലെ എല്ലാ ദിവസങ്ങളും ഒരുനേരം ആചരിച്ചനുസരിക്കണമെന്നും അവിടുന്നു കല്പിച്ചു.

1855 ഡിസംബർ മാസം 8-ന് അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസത്തിൽ ആഘോഷമായി നമ്മുടെ സഭയെ സ്ഥാപിച്ച് അതിന്റെ ക്രമചട്ടങ്ങൾ നടപ്പിൽ വരുത്തണമെന്നും സഭയിൽ സ്ഥിരമായി നിൽക്കാൻ മനസ്സുള്ളവർ തങ്ങളുടെ സന്യാസവ്രതങ്ങൾ ആ തിരുനാൾ ദിവസത്തിൽ ചെയ്യണമെന്നും മെത്രാനച്ചൻ നിശ്ചയിച്ചിരുന്നതിനാൽ ആ കാര്യസാദ്ധ്യത്തിനായി മേൽപറഞ്ഞ ക്രമചട്ടം ലത്തീനിൽ നിന്നു മലയാളത്തിലേക്കു തർജമ ചെയ്ത ആളും മുൻ മാന്നാനത്തു പാർത്തു മലയാളം പഠിച്ചുപോയ ആളുമായ മർസ്ലീനോസ് മിസ്യോനാരി (ഇദ്ദേഹം പിന്നീട് മെത്രാൻസ്ഥാനത്തിൽ ഉയർത്തപ്പെട്ടു) അച്ചനെ മാന്നാനത്തേയ്ക്കു അയച്ചു. ഇദ്ദേഹം മാന്നാനത്തു വന്ന് സന്യാസവ്രതങ്ങൾ അനുഷ്ഠിക്കാനുള്ളവർക്കു 10 ദിവസത്തെ ജ്ഞാനധ്യാനം കഴിച്ച് കൊടുക്കയും നല്ല ഉറപ്പും സ്ഥിരതയുമുള്ളവർ മാത്രം സഭയിൽ നിന്നാൽ മതിയെന്നു മുമ്പിൽ ഉണ്ടായിട്ടുള്ള കല്പന ആവർത്തിച്ചു പറഞ്ഞു കേൾപ്പിക്കയും ചെയ്തു.

ധ്യാനാരംഭത്തോടെ സഭയുടെ ക്രമചട്ടത്തിൽ സാരങ്ങളായ മൗനം, ആശ്രമാവൃതി എന്നിതുകളൊക്കെ ജാഗ്രതയായി അനുഷ്ഠിക്കാൻ ആരംഭിച്ചു. ആശ്രമത്തിന്റെ ആവൃതി ആചരിച്ചനുഷ്ടിക്കുന്ന കാര്യം ഒരു പുതുമപോലെ അന്യന്മാർക്കു തോന്നിയിരുന്നു. ധ്യാനാനന്തരം രണ്ടു അച്ചന്മാരും എട്ടു ശെമ്മാശന്മാരും ഒരു ബാലനും പുതിയ ക്രമചട്ടം ആചരിച്ചനുസരിച്ചു പോകാൻ തങ്ങളാൽ സാദ്ധ്യമല്ലെന്നു പറഞ്ഞൊഴിഞ്ഞു. അച്ചന്മാർ രണ്ടിൽ ഒരാൾ വീണ്ടും ധൈര്യപ്പെട്ടു സഭയിൽ കൂടിയെങ്കിലും ഏറെക്കാലം നിന്നി

ല്ല. ശമ്മാശന്മാരിൽ ചാവറ ഔസേപ്പ്ശെമ്മാശൻ ധൈര്യപ്പെട്ടു വീണ്ടും സഭയിൽ പ്രവേശിച്ചു. സഭയിൽ നിന്നു ഒഴിഞ്ഞു പോയവരുടെ കാര്യം കൊണ്ടു ദുഃഖിച്ചു നമ്മുടെ ചാവറ കുര്യാക്കോസച്ചൻ മെത്രാനച്ചനെ ബോധിപ്പിച്ചാറെ, ഇതേപ്പറ്റി അദ്ദേഹം ദുഃഖിക്കേണ്ടതില്ലെന്നും ഈ ചെറിയ അജക്കൂട്ടത്തെക്കുറിച്ചു അവിടുന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നതാണെന്നും ഒരു മറുപടി അയച്ചു കൊടുത്തു.

32. സഭയിൽ സ്ഥിരമായി നിൽക്കാൻ മനസ്സായിക്കൊണ്ടു സന്യാസവ്രതങ്ങൾ അനുഷഠിച്ചവർ 1. ചാവറ കുര്യാക്കോസച്ചൻ 2. തോപ്പിൽ ഗീവറുഗീസച്ചൻ 3. പോരൂക്കര കുര്യാക്കോസച്ചൻ 4. കൊച്ചുപുരയ്ക്കൽ കുര്യച്ചൻ 5. മുഞ്ഞനാട്ട് മത്തായി അച്ചൻ 6. കളപ്പുരയ്ക്കൽ മത്തായി അച്ചൻ 7. വല്യാറ യാക്കോച്ചൻ 8. കണിയാരകത്തു മണിയച്ചൻ 9. പാലയ്ക്കൽ കുര്യച്ചൻ, 10 കട്ടക്കയത്തു ചാണ്ടി അച്ചൻ 11. കളത്തിൽ സ്കറിയാച്ചൻ എന്നിവരാണ്. ഇവരുടെ പ്രിയോരായ നമ്മുടെ ചാവറ കുര്യാക്കോസച്ചൻ സഭയുടെ ചട്ടപ്രകാരമുള്ള പേരായി കുര്യാക്കോസ് ഏലിയാ എന്ന നാമം എടുക്കയും അന്നുമുതൽ ആ പേര് അദ്ദേഹത്തിന് സ്വന്തമായി ത്തീരുകയും ചെയ്തു. വലപ്പാട്ടു ഇടവക നെല്ലിശ്ശേരി തോമ്മാച്ചൻ ഈ പതിനൊന്ന് പേരുടെ കൂട്ടത്തിൽ സന്യാസ വ്രതങ്ങൾ അനുഷ്ഠിക്കാനുള്ള ആളായിരുന്നു. ഇദ്ദേഹം മാന്നാനത്തു വന്നത് 1855-ന്റെ ആരംഭത്തിൽ ആയിരുന്നു.

വന്നപ്പോൾ അനന്തരവനായ തോമ്മാ എന്ന ഒരു ബാലനേയും കൊണ്ടുവന്നിരുന്നു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ വാതരോഗിയായി തളർന്നുവീണുപോയതിനാൽ സന്യാസ വ്രതങ്ങൾ മേൽ പറഞ്ഞവരുടെ കൂട്ടത്തിൽ ചെയ്യാൻ കഴിഞ്ഞില്ല. ശെമ്മാശന്മാരിൽ സ്ഥിരമായി നിന്നവർ ആമ്പല്ലൂർ ഇടവക പാറപ്പുറത്തു വർക്കി ശെമ്മാശനും പുളിങ്കുന്ന് ഇടവക തോപ്പിൽ ചാണ്ടിപ്പിള്ള ശെമ്മാശനും ആണ്. പൈതങ്ങളിൽ, കോന്തുരുത്തി ഇടവക കാനാട്ട് പൗലോസ്, നെടുങ്കുന്നത്ത് ഇടവക പാലാക്കുന്നേൽ ചാക്കോ, പുളിങ്കുന്നു കൊടുപാടത്തു മാത്തൻ, വാരാപ്പുഴ തളി

യത്തു വർക്കി, വലപ്പാട്ടു നെല്ലിശ്ശേരി തോമ്മാ എന്നിവർ സ്ഥിരമായി നിന്നു. 29–ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള അച്ചന്മാരിൽ കാഞ്ഞിരപ്പള്ളി പുത്തൻപുരയ്ക്കൽ കുഞ്ഞാക്കോ കത്തനാരച്ചൻ രണ്ടു വർഷം മുമ്പു അയാത് 1853–ൽ ഭാഗ്യമായി മരണം പ്രാപിച്ചു പോയിരുന്നു. (ഇദ്ദേഹം ഭൂമിദാനം ചെയ്യപ്പെട്ടിരിക്കുന്നതു മാന്നാനത്താണ്). ടി. ലക്കത്തിൽ പറഞ്ഞിട്ടുള്ള രണ്ടു തുണ സഹോദരന്മാരും ഈ ക്രമചട്ടം വരുന്നതിനുമുമ്പ് മരിച്ചുപോയിരുന്നു. മാന്നാനത്തെ സന്യാസക്കൂട്ടത്തിന്റെ പ്രിയോരായി ഉയർത്തപ്പെട്ടതു സഭയുടെ ആരംഭക്കാരനായ മേൽപ്പറഞ്ഞ കുര്യാക്കോസ് ഏലിയാ അച്ചനായിരുന്നു. ഇദ്ദേഹത്തെ പ്രിയോർ എന്ന സ്ഥാനത്തിൽ ആക്കിയത് ഒരു അധികാര പത്രം (പത്തേന്തി) മൂലമല്ല, സഭയ്ക്കു അന്നു കൊടുക്കപ്പെട്ട ന്യായപ്രമാണ (ക്രമചട്ടം) ത്തിലെ വാചകത്താൽ മാത്രമാണ്. ആ ക്രമചട്ടത്തിന്റെ ആദ്യഭാഗത്തിൽ മാന്നാനത്തെ സഭാക്കൂട്ടത്തിന്റെ പ്രിയോരായി ചാവറ കുര്യാക്കോസ് ഏലിയാ അച്ചനെ നിയമിച്ചു വിളിച്ചു പറകയും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കീഴുള്ളവർക്കുമായി ആ ന്യായപ്രമാണം കൊടുക്കപ്പെടുകയുമാണ് ചെയ്തത്.

അന്നു തുണസഹോദരന്മാരായി ചിലരൊക്കെ ഉണ്ടായിരുന്നെങ്കിലും അവർ പൂർണ്ണമല്ലാത്ത ഒരവസ്ഥയിൽ ആയിരുന്നതിനാലും, കൊവേന്ത മതിൽക്കകത്തെങ്കിലും വേറെ ഭവനങ്ങളിൽ പാർത്ത് കാര്യങ്ങൾ അന്വേഷിക്കാനാവശ്യപ്പെട്ടിരുന്നതിനാലും അവരെ സന്യാസികളായി അന്നു സ്വീകരിച്ചിരുന്നില്ല. സന്യാസ വാഗ്ദത്തങ്ങൾ ചെയ്യാനുള്ള മേൽപറഞ്ഞ അച്ചന്മാർ അതിനുവേണ്ടിയുള്ള ഒരുക്കങ്ങളൊക്കയും ചെയ്ത് തയ്യാറായി. അവർക്കു സഭയുടേതായ വസ്ത്രങ്ങൾ അന്നു അരക്കെട്ടായി തുകൽവാറും ളോവയ്ക്കയത്തു കർമ്മലീത്താ നിറത്തിൽ (കപില നിറം) ചെറിയ സ്കപ്പ്ളാരയും ആയിരുന്നു. നവസന്യാസികളുടെ സ്ഥിതിക്കാരായ ശെമ്മാശന്മാർ തുകൽവാറില്ലാതെ ളോവയ്ക്കകത്തു മേൽപ്പറഞ്ഞ തരം സ്കപ്പ്ളാര ധരിച്ചിരുന്നു. സന്യാസാർത്ഥികളായ ബാലന്മാർക്കു നീലയങ്കിയും കൊടുക്കപ്പെട്ടിരുന്നു.

## അധ്യായം 6

33. വാഗ്ദത്ത നേർച്ചകൾ അഥവാ സന്യാസ വ്രതങ്ങൾ ചെയ്യാനായി കുറിക്കപ്പെട്ടിരുന്ന ദിവസം 1855 ഡിസംബർ മാസം 8-ന് ആയിരുന്നു. പാട്ടുപൂജയ്ക്കു മുമ്പ് പ്രിയോരായ കുര്യാക്കോസ് ഏലിയാ അച്ചനും, പാട്ടുപൂജയ്ക്കു ശേഷം മറ്റുള്ളവരും തങ്ങളുടെ വ്രതങ്ങൾ സമർപ്പിക്കണമെന്നാണ് നിശ്ചയം ചെയ്യപ്പെട്ടിരുന്നത്. അതിൻ പ്രകാരം പാട്ടുപൂജയ്ക്കായി നിന്നിരുന്ന വല്യാറ ചാക്കോച്ചനൊഴികെ ശേഷം എല്ലാ അച്ചന്മാരും ഭക്തിപൂർവ്വം കുർബാന ചൊല്ലുകയും ശെമ്മാശന്മാരും പൈതങ്ങളുമായ മറ്റു സന്യാസികൾ കുർബാന കൈക്കൊൾകയും ചെയ്തു. നമ്മുടെ മലയാള രാജ്യത്തു പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്തതായ ഈ ആഘോഷകർമ്മം കാണുന്നതിനായി പുറമേയുള്ള പള്ളികളിൽ നിന്നും പല പട്ടക്കാരും അനേകം ജനങ്ങളും വന്നുകൂടിയിരുന്നു. അന്നു കാലത്തു 9 മണിക്കു പ്രിയോരായ കുര്യാക്കോസ് ഏലിയാ അച്ചന്റെ വാഗ്ദത്തനേർച്ച കഴിക്കുന്നതിനായി എല്ലാവരുംകൂടെ ആശ്രമത്തിൽ നിന്നു പ്രദക്ഷിണമായി പള്ളിയിലേയ്ക്കു പുറപ്പെട്ടു. ആദ്യം സന്യാസാർത്ഥികളായ പൈതങ്ങളും, പിന്നീട് നവസന്യാസികളായ ശെമ്മാശന്മാരും ഒടുവിൽ അച്ചന്മാരും അവരുടെ പിറകിൽ നേർച്ച ചെയ്യാനുള്ള ആൾ, ളോവയുടെ മീതെ അരക്കെട്ടില്ലാതെയും കയ്യിൽ തുകൽ വാറും ചെറിയ സ്കപ്പ്ളാര, വാഗ്ദത്തവാചകം എഴുതിയ കടലാസ് എന്നതുകൾ പിടിച്ചും നടന്നു.

പ്രിയോരിന്റെ വാഗ്ദത്തനേർച്ച സ്വീകരിക്കാനായി അയക്കപ്പെട്ടിരുന്ന വന്ദ്യഗുരുവായ മർസ്സലീനോസ് മിസ്യൊനാരിയച്ചൻ പ്രിയോരച്ചന്റെകൂടെ ഒന്നിച്ചു നടന്നിരുന്നു. പ്രദക്ഷിണം എട്ടുവട്ടത്തിന്റെ നടുവിൽ എത്തിയപ്പോൾ അവിടെ വാഗ്ദത്തനേർച്ചകൾ സ്വീകരിക്കാനുള്ള ആളിനുവേണ്ടി ഒരുക്കിയിരുന്ന കസേരമേൽ അദ്ദേഹം ജനങ്ങളുടെ വശത്തോട്ടു മുഖമായി തിരിഞ്ഞിരിക്കയും അദ്ദേഹത്തിന്റെ മുമ്പാകെ വ്രതാനുഷ്ഠിതനായ പ്രിയോരച്ചൻ മുട്ടുകുത്തി നിൽക്കയും അച്ചന്മാരും മറ്റും ഇരുവശത്തുമിട്ടിരുന്ന ബഞ്ചു

കളിൽ ആസനസ്ഥരാവുകയും ചെയ്തു. സെമിനാരിക്കാരും സഭ യിൽ നിന്നൊഴിഞ്ഞുപോയവരും സമീപെ നിന്ന് ആ കർമ്മത്തി നിടയിലുള്ള സംഗീതങ്ങൾക്കും മറ്റും സഹായിച്ചിരുന്നു. എല്ലാ വരും ഇരുന്നുകഴിഞ്ഞശേഷം തലസ്ഥാനിയായ മേൽപറഞ്ഞ വന്ദ്യ മിഷ്യനറി സന്യാസജീവിതത്തെപ്പറ്റിയും വ്രതങ്ങളെപ്പറ്റിയും ഹൃദയംഗമായ ഒരു പ്രസംഗം ചെയ്തു. ആ സമയത്തു വ്രതാനു ഷ്ഠിതനായ പ്രിയോരച്ചന്റെയും പ്രസംഗകന്റെയും മുഖഭാവം കാണികൾക്കു ആശ്ചര്യജനകമായ വിധത്തിൽ പകർന്നിരുന്നു. വ്രതാനുഷ്ഠിതൻ പ്രസംഗം മുഴുവനും മുട്ടിന്മേൽ നിന്നു കേട്ടു. പ്രസംഗാനന്തരം ബ്രഹ്മചര്യം, കീഴ്വഴക്കം, അഗതിത്വം എന്നീ സന്യാസവ്രതങ്ങളായ നേർച്ചകൾ ചെയ്യേണ്ടതായ വാചകം എഴു തിയിരുന്ന കടലാസിൽ അടിവശത്തു പ്രിയോരച്ചൻ പിടിക്കയും അപ്പോൾ തലസ്ഥാനി അതിന്റെ മുകൾ വശത്തു രണ്ടു കൈകൊണ്ടും അതൊടെ ആ കടലാസിന്റെ മീതെ തൂങ്ങപ്പെട്ട സ്വരൂപവും പിടിക്കയും ആ നിലയിൽ തിരുസ്വരൂപത്തേയും തല സ്ഥാനിയുടെ കൈവിരലിനേയും ചുംബനം ചെയ്ത് തന്റെ വാഗ്ദ ത്തനേർച്ചകളായ വ്രതങ്ങൾ നമ്മുടെ പ്രിയോരച്ചൻ ദൈവത്തിനു സമർപ്പിക്കയും ചെയ്തു.

വാഗ്ദത്തങ്ങൾ ചെയ്തു കഴിഞ്ഞ ഉടനെ സ്കപ്പ്ളാര ധരിപ്പി ക്ക, തുകൽവാറു കെട്ടിക്ക മുതലായതു നടന്നു. അനന്തരം വ്രതാ നുഷ്ഠിതൻ സാഷ്ടാംഗമായി കിടക്കയും അതിനിടയ്ക്കു പാടേ ണ്ടിയ സ്തോത്രഗീതങ്ങൾ ശേഷമുള്ളവർ പാടുകയും ചെയ്തു. ഒടുവിൽ എല്ലാവരും വന്നപോലെ തന്നെ പള്ളിയിൽ നിന്നു തിരിച്ചു ആശ്രമത്തിലേക്കു പോകയും, പ്രിയോരച്ചനെ അദ്ദേഹത്തിന്റെ മുറി യിൽ കൊണ്ടുചെന്നാക്കയും അപ്പോൾ തലസ്ഥാനി ദൈവത്തിനു സ്തോത്രം പറയുകയും വ്രതാനുഷ്ഠിതന്റെ ഗുണങ്ങളെക്കുറിച്ചു സ്തുത്യർഹമായി കുറേ പ്രസ്താവിക്കയും ചെയ്തു. ഉടനെതന്നെ പാട്ടുപൂജ ആരംഭിക്കയും എല്ലാവരും പള്ളിയിൽ വന്നു ഭക്തിപൂർവ്വം അതു കാണുകയും ചെയ്തു. അതിനുശേഷം മറ്റു പത്തച്ചന്മാരുടെ വാഗ്ദത്തനേർച്ചകൾ ചെയ്‌വാൻ ആരംഭിച്ചു.

അതിന്റെ നടപടികൾ മുമ്പു പ്രിയോരച്ചന്റേതിനു കഴിച്ച മുറ കൾപോലെ എല്ലാം നടത്തി. അവരുടെ നേർച്ചകൾ സ്വീകരിച്ച ആൾ ശ്രേഷ്ഠന്റെ സ്ഥാനത്തിൽ പ്രിയോരച്ചൻ ആയിരുന്നു.

34. പുതിയ ക്രമച്ചട്ടപ്രകാരം വേണ്ടിയിരുന്ന കാര്യങ്ങളെല്ലാം നമ്മുടെ അച്ചന്മാരേയും മറ്റുള്ളവരേയും പഠിപ്പിക്കുന്നതിനും, ഭക്ഷണം കഴിക്കുന്ന നേരത്തു അനുസരിക്കേണ്ടിയ മുറകളിലും ആ സമയത്തു ചെയ്യേണ്ട പ്രായശ്ചിത്ത പ്രവൃത്തികളിലും അവരെ അഭ്യസിപ്പിച്ചു തഴക്കുന്നതിനും മേൽപറഞ്ഞ വന്ദ്യ മിസ്യൊനാരി അച്ചൻ കുറേനാൾ മാന്നാനത്തു താമസിച്ചു. പത്ത് മാസം മുഴു വൻ ഏകാന്തത്തിൽ എല്ലാവരും കഴിച്ചു.

അന്നു നമ്മുടെ സഭയ്ക്കു "അമലോത്ഭവ കർമ്മല മാതാ വിന്റെ ശുശ്രൂഷികൾ"* എന്നാണ് നാമകരണം ചെയ്യപ്പെട്ടിരുന്ന ത്. ആ നാമം മാറി "കർമ്മലീത്താ മൂന്നാം സഭ" എന്നുള്ള ഇപ്പോഴത്തെ പേര് ഉണ്ടായത് 1861-ലോ അതിൽ പിന്നെയോ ആണ്. നാമം മാറിയതോടെ അന്നത്തെ ക്രമചട്ടമായ ന്യായപ്രമാണത്തിലും ചില ഭേദഗതികൾ വരുത്തുകയോ വന്നുകൂടുകയോ ചെയ്തു. ഇതെല്ലാം 1861 ഫെബ്രുവരി മാസം 27-ന് ആമ്പല്ലൂർ പള്ളിയിൽ നിന്നും വന്ദ്യമേല്പട്ടക്കാരൻ ആയ ബെർണ്ണർദീനോസ് മെത്രാ പ്പോലീത്താ മാന്നാനത്തേക്കു കൊടുത്തയച്ച കല്പനയിൽ നിന്നു വിശദമാകുന്നതാണ്.

ആ കല്പനയിൽ പ്രസ്താവിച്ചിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു "നമ്മുടെ കർമ്മലീത്താ സഭയുടെ തലവനായ ദേഹം 1860 ഒക്ടോബർ മാസം 1-ന് റോമ്മാപുരിയിൽ ജനറാളിനടുത്ത ആശ്രമത്തിൽ ആലോചന സഭ കൂടി, നാം മലയാളത്തിൽ ഉത്ഭവ പാപം കൂടാതെ ജനിച്ച കർമ്മല ദേവമാതാവിന്റെ ശുശ്രൂഷികൾ എന്ന നാമധേയത്തിൽ സ്ഥാപിച്ചിരിക്കുന്ന കൊവേന്തകളേയും, അതിൽ ഉൾപ്പെട്ട ദർശനവാസികളെയും കർമ്മലീത്താ സഭയുടെ

*ഈ പേർ പറയാനുള്ള കാരണം ആയിടയ്ക്കു മാതാവിന്റെ അമലോത്ഭവം വിശ്വാ സസത്യമായി ഉറപ്പിച്ച ഭക്തികൊണ്ടാണ്.

മൂന്നാം സഭക്കാരായി കൈക്കൊണ്ടുറപ്പിക്കയും, ഇനിയും കൊവേന്തകളെ സ്ഥാപിച്ച് അതിൻവണ്ണം കൈക്കൊണ്ട് നടത്തുന്നതിനു നമുക്കു മുഷ്ക്കരത്വം തരികയും ചെയ്തിരിക്കുന്നു.

35. മേൽപ്പറഞ്ഞ അച്ചന്മാർ വാഗ്ദത്തനേർച്ചകളായ സന്യാസവ്രതങ്ങൾ അനുഷ്ഠിക്കയും ആശ്രമത്തിൽ സന്യാസ ക്രമചട്ടങ്ങൾ നടപ്പിൽ വരുത്തിത്തുടങ്ങുകയും ചെയ്തതിനുശേഷം ഡിസംബർ 10-ന് വല്യാറ ചാക്കോച്ചനു ഒരു ഛർദ്ദിയും ജ്വരവും തുടങ്ങി. രക്തം പോയിരുന്നതുകൊണ്ട് രക്തപിത്തമെന്നു എല്ലാവരും വിചാരിച്ചു. പിന്നീട് കഠിനതരമായ മസൂരി ജ്വരമാണെന്നു തീർച്ചയായതിനാൽ 14-ന് അദ്ദേഹത്തെ അച്ചടിപ്പുരയിൽ തക്ക ഒരു സ്ഥലത്തേക്ക് മാറ്റി. കൂടെ ഒരു വൈദ്യനേയും ആക്കി. വിശേഷാൽ ചക്കാലയിൽ ചാണ്ടിക്കത്തനാരച്ചനും, പടവുപുരയ്ക്കൽ മത്തായി കത്തനാരച്ചനും, രോഗിയുടെ ചാർച്ചക്കാരനായ ചെറുകാട്ടുശേരിൽ തൊമ്മൻ കത്തനാരച്ചനും, കുടമാളൂർ ഇടവക കരിമ്പുമാലിൽ യൗസേപ്പു കത്തനാരച്ചനും, വാഗ്ദത്തനേർച്ച ചെയ്തതിൽ ഒരാളായ പോരൂക്കരെ കുര്യാക്കോസ് എലീശാ അച്ചനും എപ്പോഴും രോഗിയുടെ മുറിയിൽ വിടാതെ ഉണ്ടായിരുന്നു. ഇവരിൽ മത്തായി കത്തനാരച്ചൻ അതിരമ്പുഴെ വികാരി ആയിരുന്നെങ്കിലും ഇടയ്ക്കിടയ്ക്ക് മാന്നാനത്ത് വന്ന് രോഗിക്കു വേണ്ട ശുശ്രൂഷകളൊക്കെ ചെയ്തിരുന്നു. മറ്റവർ എല്ലാവരും ഇടവിടാതെ രോഗിയുടെ കൂടെ ഉണ്ടായിരുന്നു. ദീനം കൂടിയപ്പോൾ സെമിനാരിക്കാരെ വീടുകളിൽ അയച്ചു. ആശ്രമത്തിൽ കൂട്ടമായി ദീനക്കാരന്റെ രോഗശാന്തിക്കു വേണ്ടി പ്രാർത്ഥന കഴിച്ചിരുന്നെങ്കിലും അദ്ദേഹത്തിനു വാഗ്ദത്തനേർച്ചയിൽ കിട്ടിയ സ്വർഗ്ഗീയ വരപ്രസാദങ്ങൾക്കു ഒരു ഭംഗവും വരുന്നതിനുമുമ്പ് അദ്ദേഹത്തെ സ്വർഗ്ഗവാസികളുടെ ഗണത്തിൽ ആക്കണമെന്നു ദൈവം കരുതിയതിനാൽ രോഗം കുറയാതെ ഒന്നിനൊന്നു കൂടിവന്നു. 23-ന് ഉച്ചതിരിഞ്ഞപ്പോൾ ഒരു ഭാവപകർച്ചയുണ്ടായതിനാൽ മേൽപ്പറഞ്ഞ കുര്യാക്കോസ് ഏലീശാ അച്ചൻ ന്യായപ്രമാണത്തിൽ കല്പിച്ചുകിടക്കുന്നതുപോലെ കുമ്പസാരം, കുർബ്ബാന ഒപ്രുശ്മാ എന്നീ അന്ത്യകൂദാശകൾ ഒക്കെയും

രോഗിക്കു കൊടുത്തു. 24-ന് പ്രിയോരച്ചന്റെ കുർബാന കഴിഞ്ഞ യുടനെ രോഗിക്കുവേണ്ടി തോപ്പിൽ ഗീവറുഗീസച്ചൻ കുർബാന ചൊല്ലുകയും, കുർബാന പകുതിയായപ്പോൾ രോഗി നല്ല ബോധ ത്തെളിവോടും പാടുപെട്ടു തിരുസ്വരൂപം മുത്തിക്കൊണ്ടും തന്റെ ആത്മാവിനെ സൃഷ്ടിതാവിങ്കൽ കയ്യേൽപ്പിക്കയും ചെയ്തു.

ഉടനെ കുർബാന ചൊല്ലാതെ നിന്നിരുന്ന അച്ചന്മാർ എല്ലാവരും മരിച്ച ആളിനുവേണ്ടി ചൊല്ലുകയും, പിറ്റേ ദിവസത്തെ പിറവി കുർബാനയിൽ ഈരണ്ടു കുർബാന മരിച്ച ആളിനുവേണ്ടി എല്ലാ വരും അർപ്പിക്കയും ചെയ്തു. മരിച്ച ദിവസം ഉച്ചതിരിഞ്ഞു 4 മണിക്ക് മാന്നാനത്തെ സെമിത്തേരി കുര്യാക്കോസ് ഏലീശാ അച്ചൻ ആശീർവ്വദിക്കയും അതിൽ മൃതശരീരം മറവുചെയ്യുകയും ചെയ്തു. ശവസംസ്ക്കാര ക്രിയകളൊക്കെയും കഴിയുന്ന ആഘോഷത്തോടെ നടത്തി. മരിച്ച വന്ദ്യ പട്ടക്കാരൻ അസാമാന്യ വിധത്തിൽ ആത്മീ യവേലകൾ നടത്തിയ ഒരാളാണ്. പാലാ, ഭരണങ്ങാനം, രാമപുരം, പ്രവിത്താനം, കടനാട്, കുറവിലങ്ങാട്, മുട്ടുചിറ, കടുത്തുരുത്തി, ആരക്കുഴ, തൃപ്പുണിത്തുറ, മനക്കോടം, ആലപ്പുഴ മുതലായ പള്ളി കളിൽ, ജ്ഞാനധ്യാനം ജനങ്ങൾക്കു ചെയ്തുകൊടുക്കയും, ആ ധ്യാനം വഴിയായി പലർ പുണ്യവഴിയിൽ നടക്കാൻ ഇടയാകുകയും ചെയ്തിട്ടുള്ളത് പ്രസിദ്ധമായ ഒരു സംഗതിയാണ്. പലപ്പോഴും മര ണപ്രമാദത്തിൽ ഉൾപ്പെട്ടിരുന്നവരെ ചെന്നു സഹായിക്കയും അവർ ഭാഗ്യമായ ഒരു മരണം പ്രാപിക്കുന്നതിനു വേണ്ടിയ സകല പ്രയത് നങ്ങളും ചെയ്കയും ചെയ്തിട്ടുണ്ട്.

വല്യാറ ചാക്കോച്ചൻ മരിക്കുന്നതിനു ഏതാനും ദിവസ ങ്ങൾക്കു മുമ്പു 32-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള വർക്കി ശെമ്മാ ശനും, ചാണ്ടപ്പിള്ള ശെമ്മാശനും ചെറിയ പട്ടങ്ങൾ കൊടുപ്പിക്കാ നായി പ്രിയോരച്ചന്റെ എഴുത്തോടുകൂടെ (കട്ടക്കയത്തു) ചാണ്ടിയ ച്ചൻ അവരെ വരാപ്പുഴക്കു കൊണ്ടുപോയി. മടങ്ങിപ്പോരുമ്പോൾ മാന്നാനത്തേക്കായി വരാപ്പുഴ പറഞ്ഞേൾപ്പിച്ചിരുന്ന വെള്ളനിറ ത്തിലുള്ള ഒരു റാസക്കൂട്ടവും ഒരു വലിയ വെള്ളിക്കാസയും പീലാ സായും ഫ്രാൻസിൽ നിന്നു ആയിടെ വന്നുചേർന്നിരുന്നതിനാൽ

അതുകൾകൂടെ കൊണ്ടുപോന്നു. 31-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള നോമ്പു കാലങ്ങളിലെ ഉപവാസ ദിവസങ്ങളിൽ വിലക്കപ്പെട്ട യാവ നകൾ ആവശ്യക്കാർക്കു ഭക്ഷിക്കുന്നതിനും ആവശ്യംപോലെ ഉപ വാസത്തിന്റെ കടങ്ങളിൽ നിന്നു ക്ഷീണക്കാർക്കും ദീനക്കാർക്കും ഒഴിവു കൊടുക്കുന്നതിനും ശാശ്വതമായ അനുവാദവും അധികാ രവും പ്രിയോരച്ചനു കൊടുക്കുന്നതായ ഒരു കല്പന ആ ദിവസ ങ്ങളിൽ വരാപ്പുഴനിന്നു മാന്നാനത്തു വന്നുചേർന്നു.

# രണ്ടാം ഭാഗം

## അധ്യായം 1

1. സഭ സ്ഥാപിച്ചതിനു ശേഷം ഉദ്ദേശം പത്തുമാസത്തോളം നമ്മുടെ അച്ചന്മാർ ഏകാന്തത്തിൽ ജീവിച്ചുവന്നതിനുശേഷം ഈ സഭകൊണ്ടുള്ള പ്രയോജനം ജനങ്ങളുടെ നടപടികൾ നന്നാക്കണമെന്നു കൂടിയാകയാലും, അതിനു ജ്ഞാനധ്യാനം പോലെ ഉപകരിക്കുന്നതു മറ്റൊന്നുമില്ലാത്തതിനാലും ആദ്യമായി അവരെ അതിനായി മെത്രാപ്പോലീത്താച്ചൻ നിയമിച്ചുവിട്ടു. ഇങ്ങനെ 1856-ാമാണ്ടിന്റെ അവസാനത്തോടെ മാന്നാനത്തിനു സമീപേയുള്ള കുടമാളൂർ, കൈപ്പുഴ, മുട്ടുചിറ, കടുത്തുരുത്തി മുതലായ പള്ളികളിൽ ജ്ഞാനധ്യാനം കഴിക്കുന്നതിനു മെത്രാപ്പോലീത്താച്ചൻ കല്പിക്കയും അതിൻ പ്രകാരം നമ്മുടെ അച്ചന്മാരിൽ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ, കളപ്പുരയ്ക്കൽ മത്തായിയച്ചൻ, കട്ടക്കയത്തു ചാണ്ടിയച്ചൻ, കളത്തിൽ സ്കറിയാച്ചൻ മുതലായവർ ധ്യാനഗുരുവായി നിയമിക്കപ്പെട്ട മർസലീനോസ് മിസ്യോനാരി അച്ചനോടുകൂടെ ആ പള്ളികളിൽ ചെന്നു ധ്യാനം കഴിക്കയും ചെയ്തു. ധ്യാനാനന്തരം ആ പള്ളികളിൽ മുറപ്രകാരമുള്ള സന്ദർശനം (വിസീത്ത) കഴിക്കുന്നതിനായി മെത്രാപ്പോലീത്താച്ചൻ വരികയും ആ അവസരത്തിൽ മാന്നാനത്തുവന്നു കുറേനാൾ താമസിക്കയും ചെയ്തു. ആ ദിവസങ്ങളിൽ പ്രിയോരച്ചന്റെ അപേക്ഷ പ്രകാരം സെമിനാരിക്കും കൊവേന്തക്കാരായ ഗീവറുഗീസ് ശെമ്മാശനും, ചാവറ യൗസേപ്പ് ശെമ്മാശനും പട്ടം കൊടുക്ക ഉണ്ടായി. ഇതു 1857 ഫെബ്രുവരി മാസത്തിൽ ആയിരുന്നു.

പ്രാർത്ഥനാമുറിയിൽ ഒരു ത്രൊണോസും പനമ്പിന്മേൽ പറ്റിച്ചുണ്ടാക്കിയതായി നവസന്യാസികളുടെ വേലയായ ഒരു ചെറിയ റത്താവലും ഉണ്ടായിരുന്നു. അതു മെത്രാപ്പോലീത്താച്ചൻ കണ്ടു വളരെ സന്തോഷിക്കയും പിറ്റേദിവസം അവിടെ കുർബാന ചൊല്ലുകയും ചെയ്തു. പിന്നീട് മണികണ്ട് അതിനു പേരിട്ട് അഭിഷേകം ചെയ്യണമെന്നും, യൂറോപ്പിൽ പ്രധാന കൊവേന്തകളിൽ അങ്ങിനെ ചെയ്യുന്ന നടപ്പുണ്ടെന്നും അഭിഷേക കർമ്മം ചെയ്യപ്പെടുന്ന മണി

യുടെ നാദം കേൾക്കുന്ന ദിക്കുകളിലുള്ള ജനങ്ങൾക്ക് പല നന്മകൾ ഉണ്ടാകുമെന്നും, പിശാചുപീഡ, ഇടി, കൊടുങ്കാറ്റ്, കൽമഴ, വസന്ത മുതലായ ഉപദ്രവങ്ങൾ ആ ദിക്കുകളിൽ ഉണ്ടാകാതിരിക്കുന്നതിനു അതു ഒരു പന്ഥാവായി തീരുമെന്നും, പാപികൾ നേർവഴിയിൽ തിരിഞ്ഞുവരുന്നതിനു വേണ്ട സഹായം അതുവഴിയായി ഉണ്ടാകുമെന്നും കല്പിച്ചു. ഇതിൻ പ്രകാരം ഫെബ്രുവരിമാസം 9-നു തിങ്കഴാള്ച്ച 10 മണിക്ക് മണിഅഭിഷേകകർമം ആഘോഷമായി നടത്തി. അതിനു യൗസേപ്പെന്ന നാമകരണം ചെയ്യുകയും അതു അതിന്മേൽ അടയാളപ്പെടുത്തുകയും ചെയ്തു.

2. 1856-ാമാണ്ടിന്റെ ആരംഭത്തോടെ മുൻ ഒന്നാംഭാഗം 35-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ വല്യാറ യാക്കോച്ചന്റെ വസൂരിദീനം മുഖാന്തരം വീട്ടിൽപോയ ശെമ്മാശന്മാർ എല്ലാവരും മടങ്ങി സെമിനാരിയിൽ വന്നു. അവരുടെ പാഠങ്ങൾ കേട്ടിരുന്നത് പ്രിയോരച്ചൻ ആയിരുന്നു. പ്രിയോരച്ചൻ പാഠം കേൾക്കാനായി സെമിനാരിയിലേക്കു പോകുമ്പോൾ കൊവേന്തക്കാരായ ശെമ്മാശന്മാരും പൈതങ്ങളും കൂടെ സെമിനാരിയിൽപോയി തങ്ങളുടെ പാഠങ്ങൾ കേൾപ്പിക്കുകയും അതു കഴിയുമ്പോൾ കൊവേന്തയിൽ മടങ്ങിപ്പോരികയും ചെയ്തിരുന്നു. അതിനിടയ്ക്ക് മുൻപറഞ്ഞ മർസ്സലീനോസ് മിസ്യൊനാരിയച്ചൻ മാന്നാനത്തു നിന്നു വരാപ്പുഴക്കു പോകയും ഏറെ താമസിയാതെ വീണ്ടും മാന്നാനത്തേക്കു മടങ്ങിവരികയും ചെയ്തു. സന്യാസജീവിതമുറകളിൽ നമ്മുടെ അച്ചന്മാരേയും ശെമ്മാശന്മാരെയും പൈതങ്ങളേയും നല്ലപോലെ തഴക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനും വേണ്ടിയാണ് ആ വന്ദ്യ പുരോഹിതൻ വീണ്ടും മാന്നാനത്തു വന്നത്.

അപ്പോൾ പ്രിയോരച്ചന്റെ താൽപ്പര്യപ്രകാരം ഒന്നാംഭാഗം 35-ാം ലക്കത്തിന്റെ ഒടുവിൽ പറഞ്ഞിട്ടുള്ള വർക്കി ശെമ്മാശനേയും, ചാണ്ടിപ്പിള്ള ശെമ്മാശനേയും ലത്തീൻഭാഷ പഠിപ്പിക്കാൻ അദ്ദേഹം ഏർപ്പെട്ടു. അതിനായി ഉപയോഗിച്ചത് പുതുശ്ശേരിയിൽ അടിച്ചതായി ഉണ്ടായിരുന്ന ഒരു തമിഴ് വ്യാകരണവും അകാരാദിയുമായിരുന്നു.

1857-ാം കാലം വലിയ നോമ്പിന്റെ കാലത്തു വരാപ്പുഴ സമീപെയുള്ള ഞാറയ്ക്കൽ മുതലായ പള്ളികളിൽ ജനങ്ങളുടെ ജ്ഞാനധ്യാനം കഴിക്കാനായി നമ്മുടെ അച്ചന്മാർ മാന്നാനത്തു നിന്നു പോവുകയുണ്ടായി. അവരുടെ ഗുരുവായി മേൽപറഞ്ഞ മർസ്സലീനോസ് മിസ്യോനാരി അച്ചനും പോയി. അദ്ദേഹം പോയപ്പോൾ മേൽപ്പറഞ്ഞ രണ്ടു ശെമ്മാശന്മാരുടേയും ലത്തീൻ പഠനം പ്രിയോരച്ചൻ തന്നെ നടത്തി. ഞാറയ്ക്കലെ ധ്യാനം കഴിഞ്ഞപ്പോൾ ആ ഇടവകയിൽ നിന്നു ചില കുട്ടികൾ കൊവേന്തയിൽ ചേരാനാഗ്രഹിച്ചു മാന്നാനത്തു വന്നു. ആയിടയ്ക്കാണ് ചാവറ യൗസേപ്പ് ശെമ്മാശു രണ്ടാമതായി സഭയിൽ പ്രവേശിച്ചത്. സഭയിൽ കൈക്കൊള്ളണമെന്നുള്ള ആ ശെമ്മാശന്റെ അപേക്ഷ ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ സ്വീകരിച്ചെങ്കിലും മുറപ്രകാരം ആശ്രമ സംഘംകൂടി കുറിയിട്ടു ഭൂരിപക്ഷാഭിപ്രായം പോലെ ചെയ്യണമെന്നു കല്പിച്ചിരുന്നതിനാൽ ആ വിധമാണ് ശെമ്മാശനെ സഭയിൽ സ്വീകരിച്ചത്.

ആയിടയ്ക്കുതന്നെ കുറുമ്പനാടം ഇടവക പാറത്തോട്ടാ ശെമ്മാശൻ സഭയിൽ ചേരാൻ അപേക്ഷിക്കയാൽ അദ്ദേഹത്തേയും കൈക്കൊണ്ടു. എന്നാൽ ഈ ശെമ്മാശനു സഭയുടെ ക്രമചട്ടങ്ങൾ കാത്തു പോകാൻ മതിയായ ദേഹസൗഖ്യം ഉണ്ടായിരുന്നില്ല. അതുകൊണ്ട് മെത്രാപ്പോലീത്താച്ചനു ഈ ശമ്മാശനെ സഭയിൽ എടുത്തു തൃപ്തിയായില്ലെങ്കിലും സ്വീകരിക്കപ്പെട്ടുപോയതുകൊണ്ടു സഭയിൽതന്നെ നിൽക്കുന്നതിനു സമ്മതിച്ചു. എന്നാൽ ഇദ്ദേഹം ഒരു വലിയ രോഗിയായതുകൊണ്ടു ഏതാനും സംവത്സരങ്ങളുടെ ശേഷം അതായത് 1859 മെയ് മാസത്തിൽ ഭാഗ്യമായി മരണം പ്രാപിക്കയും മാന്നാനത്തുതന്നെ ഭൂമിദാനം ചെയ്യപ്പെടുകയും ചെയ്തു.

ഒന്നാം ഭാഗം അഞ്ചാം അദ്ധ്യായം 31-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള നോമ്പു കാലങ്ങളിലെ ഉപവാസം അഥവാ ഒരുനേരത്തിന്റെ കടത്തിൽ നിന്നു മലയാളത്തിലെ സുറിയാനിക്കാർക്കു ഒഴിവു കിട്ടീട്ടുണ്ടെന്നു പ്രിയോരച്ചൻ ബോധിപ്പിച്ചപ്പോൾ അതിനു ലക്ഷ്യം

കാണിക്കണമെന്നായിരുന്നല്ലൊ ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ കല്പിച്ചിരുന്നത്. അതിനുള്ള ലക്ഷ്യം പുത്തഞ്ചിറ പള്ളിയിൽ നിന്നു എടുത്തു മെത്രാപ്പോലീത്താച്ചനെ കാട്ടി. ആ ലക്ഷ്യംകൊണ്ടു വിശദമായി വന്നതു കിഴക്കെ ഇന്ത്യാക്കാരായവർ നോമ്പു കാലങ്ങളിൽ 9 ദിവസങ്ങളൊഴികെ മറ്റുള്ള ദിവസങ്ങളിൽ ഒരു നേരം നോക്കണമെന്നുള്ള കടത്തിൽ നിന്നൊഴിക്കപ്പെട്ടിരിക്കുന്നു എന്നായിരുന്നു. ഇത് കൊടുങ്ങല്ലൂർ അതി മെത്രാസനത്തിലെ മേലദ്ധ്യക്ഷന്മാർ നേരിട്ടു റോമ്മായിൽ നിന്നു വാങ്ങിയ അനുവാദമാണെന്നു തോന്നുന്നില്ല. ഇന്ത്യയിലെ പോർട്ടുഗീസ് മേലദ്ധ്യക്ഷന്മാർ റോമ്മായിൽ നിന്നു വാങ്ങിയിരുന്നതായ ടി. അനുവാദം തങ്ങളുടെ കീഴുള്ളവർക്കു വേണ്ടിയും ഉപയോഗിക്കാമെന്നു കരുതി അവർ സൂക്ഷിച്ചു വെച്ചിരുന്നതിന്റെ പകർപ്പായിരുന്നു.

ഈ അനുവാദത്തിന്മേൽ മെത്രാപ്പോലീത്താച്ചനു സംശയം ജനിച്ചതിനാൽ 1856-ൽ റോമ്മായിൽ എഴുതി ചോദിച്ചാറെ മേൽപ്പറഞ്ഞ അനുവാദം മലയാളത്തിലെ* സുറിയാനിക്കാർക്കു വേണ്ടി നിൽക്കുന്നതല്ലെങ്കിലും അവർ സുവിശ്വാസത്തോടെ അതുപയോഗിച്ച് വന്നതിനാൽ 9-ാം പിയോസ് മാർപ്പാപ്പാ അതിനെ സമ്മതിച്ചനുവദിച്ചിരിക്കുന്നതായി ടി. ആണ്ടിന്റെ അവസാനത്തിൽ മറുപടി വന്നു. ഈ വിവരം ഉടനെ വരാപ്പുഴെ നിന്നു മെത്രാപ്പോലീത്താച്ചൻ മാന്നാനത്തേയ്ക്കു അറിയിച്ചു.

3. ഒന്നാംഭാഗം അഞ്ചാം അദ്ധ്യായം 32-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന നെല്ലിശ്ശേരി തോമ്മാച്ചൻ ആ നാളുകളിൽ വാതരോഗിയായി കിടന്നിരുന്നു. ഇദ്ദേഹത്തിനു വാതരോഗം പിടിപെട്ടതു 1855-ൽ സുബാറയുടെ ഒന്നാം ഞായറാഴ്ച ആയിരുന്നു. അന്ന് അദ്ദേഹം കുർബാന ചൊല്ലിനിൽക്കയിലാണ് വാതദീനം ആരംഭി

---

*വിശുദ്ധ സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന പൊതുനിയമങ്ങളും കല്പനകളും കിഴക്കൻ റീത്തുകാരെ സംബന്ധിക്കുന്നതല്ല. അവരെ കടപ്പെടുത്തുകയോ സംബന്ധിക്കയോ ചെയ്യണമെങ്കിൽ തിരിച്ചു ആ നിയമങ്ങളിലും കല്പനകളിലും അങ്ങനെ പറഞ്ഞിരിക്കണം.

ച്ചത്. ദൈവകാരുണ്യത്താൽ കുർബാന ഒരുവിധം മുഖിയാക്കി കുപ്പായം ഊരിയയുടൻ തളർന്നു വീണുപോയി. പള്ളിയകത്തു നിന്നു നടന്നുപോകാൻ സാധിക്കാതെ വന്നതിനാൽ മറ്റുള്ളവർ താങ്ങിയെടുത്ത് മുറിയിൽ കൊണ്ടുവന്നാക്കി. അന്നുമുതൽ ദീന ത്തിൽ കിടപ്പിലായി. കിഴിയും പിഴിച്ചിലും വേണ്ടപോലെയൊക്കെ പല തവണയും നടത്തിയിട്ടും ശമനമൊന്നും കാണാഞ്ഞതിനാൽ ഇനി ആകാശത്തിലെ ചികിത്സ മതിയെന്നു അദ്ദേഹം പറഞ്ഞു. അന്നുമുതൽ മരണത്തിനു ഒരുക്കമായി ജീവിച്ചു വരികയും ആ ഒരുക്കത്തിൽ 1867-ൽ അദ്ദേഹം മരണം പ്രാപിച്ചതുവരെ നില നിൽക്കയും ചെയ്തു.

നല്ല മരണം കിട്ടണമെന്നുള്ള അപേക്ഷയും ആഗ്രഹവുമല്ലാതെ ദീനം സുഖപ്പെടണമെന്നു യാതൊരാഗ്രഹവും അദ്ദേഹത്തിനില്ലാ യിരുന്നു. ഞായറാഴ്ചതോറും മുടങ്ങാതെ വിശുദ്ധ കുർബാന എഴു ന്നള്ളിച്ച് അദ്ദേഹത്തിന്റെ മുറിയിൽ കൊണ്ടുവന്നു കൊടുക്കയും തലേ ദിവസം മഹാ ഭക്തിയോടെ കുമ്പസാരം കഴിക്കയും ചെയ്തി രുന്നു. ദീനത്തിൽ ക്ഷമകേടോ അസഹ്യതയോ യാതൊന്നും കാണിച്ചിരുന്നില്ല. കൊവേന്തക്രമം തുടങ്ങിയ കാലം മുതൽ ന്യായ പ്രമാണത്തിൽ കല്പിച്ചിരിക്കുന്നതുപോലെ ആഴ്ചയിൽ രണ്ടു പ്രാവശ്യം, അതായത് വ്യാഴം, ഞായർ എന്നീ ദിവസങ്ങളിൽ മുട ങ്ങാതെ വിശുദ്ധ കുർബാന മുറിയിൽ കൈക്കൊണ്ടിരുന്നു. സംസാ രിക്കുമ്പോൾ പതിവായി പറയുന്ന കാര്യങ്ങൾ ദൈവകാര്യം സംബ ന്ധിച്ചായിരുന്നു. ഇന്നതരം യാവന വേണമെന്നോ, ഇന്ന ചികിത്സ ചെയ്യണമെന്നോ ഒരിക്കലും പറഞ്ഞിരുന്നില്ല. ഇങ്ങനെ ദീനക്കാര നായി പന്ത്രണ്ടുവർഷം കിടന്നു. മെത്രാപ്പോലീത്താച്ചൻ മാന്നാ നത്തു നിന്നു പോകുന്നതിനു മുമ്പു ഇദ്ദേഹത്തെ കണ്ട് ആശ്വസി പ്പിക്കയുണ്ടായി. ഏറെ താമസിയാതെ കാനാട്ടു പൗലോസിനേ യും, ഞായപ്പള്ളി യൗസേപ്പിനേയും (ഈ ഔസേപ്പ് കുറേകഴി ഞ്ഞിട്ട് സഭയിൽ നിന്നു പോയി) പട്ടം ഏൽപ്പിക്കാൻ നിശ്ചയി ക്കയും പ്രിയോരച്ചൻ തന്നെ അവരെ വാരാപ്പുഴ കൊണ്ടുപോയി പട്ടം ഏല്പിക്കയും ചെയ്തു.

4. കൂനമ്മാവ് കൊവേന്ത നമ്മുടെ സഭയ്ക്കു ലഭിച്ച വിവരം - പ്രംസീസ്ക് ശവരിയാർ മെത്രാപ്പോലീത്താ വരാപ്പുഴ വകയായി കൂനമാവുങ്കൽ വിശുദ്ധ പ്ലമേനാ പുണ്യവതിയുടെ നാമത്തിൽ ഒരു വിശേഷ പള്ളിയും അതോടുചേർന്നു ഒരു പട്ടക്കാരനു പാർക്കാൻ തക്കതായ ഒരു കെട്ടിടവും പണി ചെയ്യിച്ചിട്ടുണ്ടായിരുന്നു. അതു പണികഴിപ്പിച്ച ആൾ അന്ന് ഒരു മിഷനറി ആയിരുന്ന ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ ആയിരുന്നു. ഇദ്ദേഹം വരാപ്പുഴ വികാരിയാത്തിന്റെ അധികാരിയായി തീർന്നപ്പോൾ മേൽപറഞ്ഞ കെട്ടിടത്തെ മുമ്പലത്തേതിൽ വിസ്താരപ്പെടുത്തി പണിയിച്ചു. അങ്ങനെ അതിനെ വിസ്താരമാക്കി പണിയിച്ചതു തനിക്കു ഇടയ്ക്കിടയ്ക്ക് അവിടെവന്നു പാർക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ആയിരുന്നു. 3-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ മാന്നാനത്തു നിന്നു മേൽപറഞ്ഞ ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ വരാപ്പുഴ ചെന്നുചേർന്നപ്പോൾ സുറിയാനിക്കാർക്കുള്ളതുപോലെ ലത്തീൻകാർക്കും ഒരാശ്രമം ഏർപ്പെടുത്തണമെന്ന് നിശ്ചയിച്ചു. അതിനായി മേൽപറഞ്ഞ കൂനമ്മാവു തിരഞ്ഞെടുത്തു.

1857-ാം മാണ്ടിന്റെ ആരംഭത്തിൽ വരാപ്പുഴ ലത്തീൻ സെമിനാരിയിൽ നിന്നു മൂന്നു വൈദികരേയും, പുറമെ നിന്നു ഒരു പാതിരിയേയും അതിനായി തിരഞ്ഞെടുക്കയും, അങ്ങനെ അവർ നാലു പേരും കൂനമ്മാവുങ്കൽ വന്നു വാസം തുടങ്ങുകയും അവരുടെ ശ്രേഷ്ഠനായി പീലിപ്പോസ് മിസ്യോനാരി അച്ചനെ നിശ്ചയിക്കയും ചെയ്തു. ഇങ്ങനെ കൂനമ്മാവു ലത്തീൻകാരുടെ ആശ്രമമായി ആരംഭിച്ചെങ്കിലും ഏറെ നാൾ ആരംഭിച്ച അവസ്ഥയിൽ അതു നിന്നില്ല. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അതിലെ ആശ്രമവാസികളായ മേൽപറഞ്ഞ നാലാളും സന്യാസ ജീവിത ക്രമങ്ങൾ അനുഷ്ഠിച്ചുപോകാൻ ധൈര്യമില്ലാത്തവരായി തീർന്നതിനാൽ, അവരുടെ ശ്രേഷ്ഠനായ വന്ദ്യ മിസ്യോനാരി അച്ചൻ ദുഃഖിതനായി വരാപ്പുഴയ്ക്കു പോകേണ്ടിവന്നു. ഉടനെ മെത്രാപ്പോലീത്താച്ചൻ മാന്നാനത്തുപോയി സന്യാസ മുറകൾ തഴക്കിവന്ന മർസ്സലീനോസ് മിസ്യോനാരി അച്ചനെ കൂനമാവുങ്കലേയ്ക്കു അയക്കുക

യും, അവിടെ നടന്നുവന്ന സന്യാസക്രമങ്ങൾ വീണുപോകാതെ നടത്തിവരാൻ ആജ്ഞാപിക്കയും ചെയ്തു. അതിനിടയ്ക്കു കൂനമ്മാവു കൊവേന്തയുടെ മേൽനടപ്പിനു എന്തു ചെയ്യേണ്ടു എന്നു ആലോചിച്ചു അതു സുറിയാനി ക്രമത്തിലെ കൊവേന്തയാക്കി മാന്നാനത്തോടു ചേർക്കണമെന്നും അവിടെ നിന്നും സന്യാസികളെ വരുത്തി അതിൽ പാർപ്പിക്കണമെന്നും നിശ്ചയിച്ചു.

അതിൻപ്രകാരം ഈ നിശ്ചയത്തേപ്പറ്റിയും മാന്നാനത്തു നിന്നു സന്യാസികളെ അയക്കേണ്ടിയ കാര്യത്തെ സംബന്ധിച്ചും പ്രിയോരച്ചന്റെ പേർക്ക് എഴുതി അയയ്ക്കാൻ മേൽ പ്രസ്താവിച്ച മർസ്സലീനോസ് മിസ്യൊനാരി അച്ചനോടു കല്പിക്കയും, കല്പനപോലെ അദ്ദേഹം മാന്നാനത്തേക്കു എഴുതി അറിയിക്കയും ചെയ്തു. അതിനിടയ്ക്കു കൂനമ്മാവുങ്കൽ പാർത്തിരുന്ന മേൽപ്പറഞ്ഞ നാലുപേരിൽ മൂന്നാളെയും വിടുകയും, നാലാമത്തെ ആളെ മാന്നാനത്തുനിന്നു സന്യാസിമാർ വന്നുചേരുന്നതുവരെ അവിടെ തന്റെ കൂടെ മർസ്സലീനോസ് മിസ്യൊനാരിയച്ചൻ നിർത്തുകയും അവർ രണ്ടുപേരും കൊവേന്ത ക്രമങ്ങൾ വീഴ്ചകൂടാതെ നടത്തിവരികയും ചെയ്തു. വടക്കെ ദിക്കിൽ ഒരു കൊവേന്തയുണ്ടാകണമെന്നു മെത്രാപ്പോലീത്താച്ചന് ആഗ്രഹമുണ്ടായിരുന്നതിനാൽ കൂനമ്മാവുങ്കൽ ആളുകളെ അവിടെ നിന്നുതന്നെ ഉണ്ടാക്കി പാർപ്പിക്കാൻ ആലോചിച്ചു. എന്നാൽ തൽക്കാലം ഏനപ്പെട്ടു വരാഞ്ഞതിനാലാണ് മാന്നാനത്തുനിന്നു ആളുകളെ വരുത്താൻ കല്പന എഴുതിയത്.

5. മേൽപറഞ്ഞ കല്പന എഴുതിയത് 1857 ആഗസ്റ്റ് മാസത്തിന്റെ ആരംഭത്തിലായിരുന്നു. കല്പനയിലെ താൽപര്യം കൂനമ്മാവുങ്കൽ ലത്തീൻകാർക്കായിട്ടു ആശ്രമം ഏർപ്പെടുത്തിയാറെ കുറെ പരീക്ഷിച്ചു കണ്ടതിനുശേഷം അതിലെ സന്യാസികൾ അധൈര്യപ്പെട്ടു പിൻവാങ്ങിയതു നിമിത്തം നമ്മുടെ മെത്രാപ്പോലീത്താച്ചനു വളരെ ദുഃഖമായിത്തീർന്നെന്നും "നിങ്ങൾക്കുള്ള റെഗുളയിൽ (ക്രമചട്ടത്തിൽ) കൊവേന്തയ്ക്കു തക്ക സ്ഥലം തരപ്പെടുമെങ്കിൽ വേർവിട്ടു കൊവേന്ത സ്ഥാപിക്കാൻ അനുവദിച്ചിരിക്കുന്നു എന്നു കല്പിച്ചി

രിക്കും വണ്ണം നിങ്ങൾക്കായി (കൂനമ്മാവു) തന്നിരിക്കകൊണ്ടു മാന്നാനത്തു നിന്നും സന്യാസികളെ കൂനമ്മാവിലേയ്ക്കു വിട ണമെന്നും, അവർ പായും തലയണയും പെരുമാറ്റത്തിനുള്ള പുസ്തകങ്ങൾ മുതലായവയും മാത്രം കൊണ്ടുപോന്നാൽ മതി യെന്നും, ശേഷമെല്ലാം ദൈവസഹായത്താൽ അവിടെയുണ്ടാകു മെന്നുമായിരുന്നു. ഈ കല്പന മാന്നാനത്തു വന്നസമയം പ്രിയോ രച്ചൻ ആഗസ്റ്റ് മാസം 15-ന് തെക്കൻ പള്ളിപ്പുറത്തു ഘോഷിക്ക പ്പെടുന്ന ദൈവജനനിയുടെ തിരുനാളിനു പ്രസംഗം പറയാനായി അവിടേയ്ക്ക് പോയിരുന്നു. തിരുനാൾ കഴിഞ്ഞ ഉടനെ വരാപ്പുഴ ചെന്നു മെത്രാപ്പോലീത്താച്ചനെ കാണേണ്ടതായ ചില കാര്യങ്ങൾ ഉണ്ടായിരുന്നതിനാൽ പള്ളിപ്പുറത്തു നിന്നു ഉടനെ വരാപ്പുഴക്കു പോയി. അപ്പോൾ വാക്കാലെ കൂനമ്മാവുങ്കലെ കാര്യങ്ങൾ സംബ ന്ധിച്ചു മെത്രാപ്പോലീത്താച്ചൻ എല്ലാ കാര്യങ്ങളും പറകയും, കല്പന മാന്നാനത്തേക്കു പോയിട്ടുള്ള വിവരം അറിയിക്കയും ചെയ്തു. ഉടനെതന്നെ കല്പനപ്രകാരം കൂനമ്മാവുങ്കൽ നിന്നു മർസ്സലീനോസ് മിസ്യോനാരി അച്ചൻ വരാപ്പുഴ വന്ന് പ്രിയോരച്ച നുമായി കാണുകയും കാര്യങ്ങൾ ഒക്കെ പറഞ്ഞുംവെച്ചു പിന്തി രിയുകയും ചെയ്തു.

പ്രിയോരച്ചൻ യാത്ര പുറപ്പെട്ട സമയം തനിക്കുള്ള സന്തോ ഷത്തെ പ്രദർശിപ്പിക്കുമാറു, വിശുദ്ധ കുർബാന എഴുന്നള്ളിക്കാ നുള്ളതും വിശേഷതരത്തിലുള്ളതുമായ ഒരു ഒസ്തെൻ സൊരി (Ostensorium) മാന്നാനത്തേക്കു സമ്മാനമായി മെത്രാപ്പോലീത്താ ച്ചൻ കൊടുത്തു. മാന്നാനത്തുവന്നു പ്രിയോരച്ചൻ കല്പന വായിച്ചു നോക്കിയപ്പോൾ വാഗ്ദത്തനേർച്ചകൾ ചെയ്തവരിൽ മുഞ്ഞനാട്ടു മത്തായി അച്ചനേയും, കളപ്പുരയ്ക്കൽ മത്തായി അച്ച നേയും, പുതു സന്യാസികളിൽ വർക്കി ശെമ്മാശനേയും ചാണ്ടി പ്പിള്ള ശെമ്മാശനേയും, ഇങ്ങനെ നാലാളെ കൂനമ്മാവുങ്കലേക്ക് വിടണമെന്നു അതിൽ എഴുതിയിരുന്നതായി കണ്ടു. എങ്കിലും ഈ നാലാളിൽ വല്ലോരുത്തനേയും മാറി നിശ്ചയിക്കാൻ വല്ല കാരണ വുമുണ്ടെങ്കിൽ അങ്ങനെ പ്രിയോരച്ചനു ചെയ്യാമെന്നും കല്പന

യിൽ കാണിച്ചിരുന്നു. പ്രിയോരച്ചൻ ശേഷം അച്ചന്മാരുമായി ആലോചിച്ച് കളപ്പുരയ്ക്കൽ മത്തായി അച്ചനു പകരം കാനാട്ട് പൗലോസ് ശെമ്മാശനെ തിരഞ്ഞെടുത്തു. നിശ്ചയിക്കപ്പെട്ടവർ ഉടനെതന്നെ യാത്രയ്ക്കു തയ്യാറായി പ്രിയോരച്ചന്റെ ആശീർവ്വാദം വാങ്ങിക്കയും അച്ചന്മാരോടും മറ്റു സഹോദരന്മാരോടും യാത്ര പറയുകയും ചെയ്തുകൊണ്ട് എല്ലാവരുടേയും തൃപ്തിയോടുകൂടെ കൂനമ്മാവുങ്കലേക്കു പുറപ്പെട്ടു. അവർ കല്പനയിൽ കാണിച്ചിരുന്നതുപോലെ പായും, തലയണയും, പെരുമാറ്റത്തിനുള്ള പുസ്തകങ്ങൾ മുതലായതും മാത്രമെ കൂടെ കൊണ്ടുപോയൊള്ളൂ. വഴിമദ്ധ്യേ വഞ്ചി പള്ളിപ്പുറത്തു കൂട്ടുങ്കൽ എന്ന വീട്ടിൽ അടുത്തു. അവിടെ ചമ്പക്കുളത്തു പോരൂക്കര കുടംബത്തിൽ നിന്നും ഇത്തമ്മ എന്നു പറഞ്ഞുപോരുന്ന ബ്രിജിത്താ എന്ന ഒരുത്തമ സ്ത്രീയെ വിവാഹം ചെയ്തുകൊടുത്തിരുന്നു. ആസ്ത്രീക്കും ഭർത്താവിനും ആയാണ്ടിൽ അപ്രതീക്ഷമായി നേരിട്ട ഒരു ദുഃഖകര സംഭവത്താൽ ഇരുവരും വ്യസനാകുലന്മാരായി ഇരിക്കുകയായിരുന്നു.

അവർ ആയാണ്ടിൽ മലയാറ്റൂർ പുതുഞായറാഴ്ചയിലെ വിശുദ്ധ തോമ്മാ ശ്ലീഹായുടെ തിരുനാളിനു പോയിരിക്കുമ്പോൾ കാഞ്ഞൂർവെച്ചു അവർക്കുണ്ടായിരുന്ന രണ്ടു കുട്ടികളും വെള്ളത്തിൽ വീണ് മരിച്ചുപോയിരുന്നു.* ഇവരെ പറഞ്ഞാശ്വസിപ്പിച്ചും അവരുടെ സൽക്കാരങ്ങൾ സ്വീകരിച്ചുംകൊണ്ട് യാത്ര തുടർന്നു കോന്തുരുത്തി പള്ളിയിൽ എത്തി. അന്ന് അവിടെ വികാരിയായിരുന്നത് കാനാട്ട് യാക്കോച്ചൻ ആയിരുന്നു. അദ്ദേഹം നമ്മുടെ സഭയിൽ ചേരണമെന്ന് ആഗ്രഹിച്ചിരുന്ന ഒരാളായിരുന്നു. അദ്ദേഹം അവർക്കുവേണ്ട സൽക്കാരങ്ങൾ എല്ലാം ചെയ്തു കൊടുത്തു. അനന്തരം അവിടെനിന്നു പുറപ്പെട്ടു വരാപ്പുഴ എത്തി മെത്രാപ്പോലീത്താച്ചനെ കാണുകയും അവിടത്തെ ആശീർവ്വാദം വാങ്ങിക്കൊണ്ടു അവിടത്തെ പൂർണ്ണ തൃപ്തിയോടെ കൂനമാവുങ്കലേയ്ക്കു

*ഇവർ ഇരുവരും ഏറെ താമസിയാതെ മാന്നാനത്തുവന്നു സ്വന്തമായി പണിയിച്ച ഒരു വീട്ടിൽ ദൈവഭക്തന്മാരായി ഏറിയകാലം ജീവിക്കയും, ഇരുവരും അവിടെ ഭാഗ്യമായി മരിക്കയും ചെയ്തു. ലൗകിക അന്തസ്സുകാർക്കു വേണ്ടിയുള്ള കർമ്മലീത്താ മൂന്നാം സഭയിൽ രണ്ടുപേരും ചേർന്നവരാണ്.

പുറപ്പെട്ടു. കൂനമ്മാവുങ്കലേയ്ക്കു പോകുന്ന വഴിക്കു മാനമ്പാടി പുത്തൻ പള്ളിയിൽ കയറി താമസിച്ചുകൊണ്ട് സാമാനങ്ങളെല്ലാം മുൻകൂട്ടി കൊടുത്തയച്ചു. അവിടത്തെ വികാരിയച്ചൻ ചെയ്ത സൽക്കാരങ്ങളെല്ലാം നന്ദിപൂർവ്വം സ്വീകരിച്ചുകൊണ്ട് കൂനമ്മാവുങ്കലേയ്ക്കു തിരിച്ചു. ഇവരുടെ സാമാനങ്ങൾ അവിടെ ചെന്നു ചേർന്ന ഉടനെ, ശേഷിച്ചു നിന്നിരുന്ന സൾദാഞ്ഞ പാതിരിയച്ചൻ* അവിടംവിട്ടു പുറപ്പെട്ടതിനാൽ അദ്ദേഹത്തെ ഇവർ വഴിയിൽവച്ചുകണ്ടു യാത്ര പറഞ്ഞു. അവർ കൂനമ്മാവുങ്കൽ എത്തിയ ഉടനെ മേൽ സ്തുതിക്കപ്പെട്ട മർസ്സലീനോസ് മിസ്യോനാരി അച്ചൻ സന്തോഷപൂർവ്വം അതിലെ ആശ്രമനിവാസികളായി അവരെ സ്വീകരിച്ചു. കൂനമ്മാവുങ്കൽ അവർ ചെന്നുചേർന്നത് 1857 ആഗസ്റ്റ് മാസത്തിന്റെ അവസാനത്തിലായിരുന്നു.

---

*ഏതാനും വർഷങ്ങൾക്കുശേഷം മഞ്ഞുമ്മേൽ എന്ന സ്ഥലത്ത് ലത്തീൻകാർക്കായി ബെർണ്ണർദീനോസ് മെത്രപ്പോലീത്താ ഒരാശ്രമം പണികഴിപ്പിച്ചു. അതിൽ അദ്ദേഹം പ്രവേശിച്ച് എജീദ്യോസ് എന്ന സന്യാസപ്പേരുമെടുത്തു സ്തുത്യർഹമാംവണ്ണം ജീവിക്കയും 1903 സെപ്തംബർ മാസത്തിൽ അവിടെവച്ച് ഭാഗ്യമായി മരണം പ്രാപിക്കുകയും ചെയ്തു.

## അധ്യായം 2

6. കൂനമ്മാവുങ്കൽ ഒരു വികാരിയെ നിശ്ചയിച്ചതും അദ്ദേഹത്തിനു അധികാരപത്രം പ്രിയോരച്ചൻ കൊടുത്തതും കൂനമ്മാവുങ്കൽ പാർക്കാൻ വേണ്ടിടത്തോളം മുറികളും സ്ഥലങ്ങളും ധാരാളം ഉണ്ടായിരുന്നു. അതിനാൽ അതിലെ പുതിയ നിവാസികളുടെ പാർപ്പു വളരെ തൃപ്തികരമായിരുന്നു. തൽക്കാലം അവർക്കു ശ്രേഷ്ഠനായി ആരെയും നിശ്ചയിക്കാഞ്ഞതുകൊണ്ട് ശ്രേഷ്ഠന്റെ നിലയിൽ കാര്യങ്ങൾ എല്ലാം നടത്തിയത് അവിടെ അന്നു താമസിച്ചിരുന്ന മേൽപ്പറഞ്ഞ മർസ്സലീനോസ് മിസ്യോനാരി അച്ചൻ ആയിരുന്നു. ഏതാനും മാസങ്ങളുടെ ശേഷം വെണ്ടുരുത്തി ഇടവക യാക്കോ എന്ന ഒരു ബാലൻ സന്യാസജീവിതം ആഗ്രഹിച്ച് കൂനമ്മാവുങ്കൽ വന്നു. മുഞ്ഞനാട്ടു മത്തായി അച്ചനു അവൻ ഒരു നല്ല പരിചിതനായിരുന്നതിനാൽ അപേക്ഷപ്രകാരം അവനെ ഉടനെ സഭയിൽ സ്വീകരിച്ചു. ടി. ആണ്ട് ഒക്ടോബർ മാസത്തിൽ കുത്തിയതോട് ഇടവക മണവാളൻ (ചിറയ്ക്കൽ) പൗലോസ് കത്തനാരച്ചൻ സഭയിൽ ചേരാൻ അപേക്ഷിക്കയും അപേക്ഷ പ്രകാരം അദ്ദേഹം കൂനമ്മാവുങ്കൽ കൈക്കൊള്ളപ്പെടുകയും ചെയ്തു.

പിന്നീട് കുറെ കഴിഞ്ഞപ്പോൾ 1-ാം അദ്ധ്യായം 5-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള കൊന്തുരുത്തി വികാരി കാനാട്ട് യാക്കോ കത്തനാരച്ചനും കൂനമ്മാവുങ്കൽ വന്നു സഭയിൽ ചേർന്നു. ഇങ്ങനെ കൂനമ്മാവുങ്കലെ നമ്മുടെ സന്യാസ കൂട്ടം ക്രമേണ വർദ്ധിച്ചു വന്നു. കൂനമ്മാവുങ്കൽ അച്ചന്മാർ മൂന്നു പേരോളം ആയപ്പോൾ അവിടെ കുർബാന ചൊല്ലാൻ കാസ ഒന്നുമാത്രം ഉണ്ടായിരുന്നതുകൊണ്ട് ആ കാര്യത്തിൽ നേരിട്ട ബുദ്ധിമുട്ടു മാന്നാനത്തേക്കു അറിയിച്ചു. ഫ്രാൻസിൽ നിന്നും 78 രൂപാ വിലയ്ക്ക് വരുത്തിയിരുന്ന രണ്ടു വിശേഷ കാസാകളിൽ ഒന്നും ഒരു ധൂമക്കുറ്റിയും അവിടെ നിന്നു കൂനമ്മാവുങ്കലേയ്ക്കു കൊടുത്തയച്ചു. ആയിടയ്ക്ക് കുറുമ്പനാടം, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, തുരുത്തി, മുതലായ പള്ളികളിൽ ചെന്ന് ജ്ഞാനധ്യാനം കഴിക്കാനായി

നമ്മുടെ അച്ചന്മാരിൽ ചിലരെയും അവരുടെ പ്രമാണിയായി മീതെ എഴുതിയിരിക്കും പോലെ കൂനമ്മാവുങ്കൽ അന്നു കാര്യം നടത്തിയിരുന്ന മർസ്സലീനോസ് മിസ്യൊനാരി അച്ചനെയും ഇദ്ദേഹത്തിനുപകരം കൂനമ്മാവുങ്കലേയ്ക്കു പീലിപ്പോസ് മിസ്യൊനാരി അച്ചനെയും നിശ്ചയിച്ചു. എന്നാൽ മർസ്സലീനോസ് മിസ്യൊനാരിയച്ചൻ കൂനമ്മാവുങ്കൽ നിന്നു പുറപ്പെടുന്നതിനു മുമ്പ് മെത്രാപ്പോലീത്താച്ചന്റെ കല്പന പ്രകാരം പ്രിയോരച്ചൻ ഉടനെ കൂനമ്മാവുങ്കലേക്കു ചെല്ലാനായി ഒരെഴുത്തു അദ്ദേഹം മാന്നാനത്തേക്കു (പ്രിയോരച്ചന്റെ പേർക്ക്) അയച്ചിരുന്നു. പ്രിയോരച്ചന്റെ ആ എഴുത്തിലെ താൽപര്യം അനുസരിച്ചു കൂനമ്മാവുങ്കൽ വരികയും അദ്ദേഹം മെത്രാപ്പോലീത്താച്ചന്റെ കല്പനപ്രകാരം കൂനമ്മാവു കൊവേന്തയുടേയും പ്രിയോർ എന്നുള്ള നിലയിൽ സ്വീകരിക്കപ്പെടുകയും ചെയ്തു. അവിടെ നിന്നു വരാപ്പുഴെ പോയി മെത്രാപ്പോലീത്താച്ചനെ കണ്ടു. പിറ്റേദിവസം പ്രിയോരച്ചൻ മടങ്ങി കൂനമ്മാവുങ്കൽ വരികയും മെത്രാപ്പോലീത്താച്ചന്റെ ആജ്ഞാനുസരണം മുഞ്ഞനാട്ടു മത്തായി അച്ചനെ, കൂനമ്മാവു കൊവേന്തയിലെ, തന്റെ വികാരി ആയി നിയമിക്കുന്ന അധികാരപത്രം അദ്ദേഹത്തിനു കൊടുക്കയും ചെയ്തു.

1857-ാമാണ്ടിന്റെ അവസാനത്തിലാണ് ഇതു നടന്നത്. മുഞ്ഞനാട്ടച്ചനെ കൂനമ്മാവുങ്കലെ വികാരിയായി നിയമിക്കുന്ന അധികാരപത്രം പ്രിയോരച്ചൻ കൊടുക്കാനുള്ള കാരണം പല ആശ്രമങ്ങൾ ഉണ്ടായിരുന്നതിനാലും അതുകൾക്കു പൊതുവായ ഭരണവും ഏക ശ്രേഷ്ഠനും ഉണ്ടായിരിക്കുന്നതു സഭയുടെ ഗുണത്തിനും ആശ്രമങ്ങൾ തമ്മിലുള്ള സംബന്ധത്തിനും കെട്ടുപാടിനും അവശ്യം വേണ്ടിയിരിക്കുന്ന ഒരു സംഗതി ആയിരുന്നതുകൊണ്ടും സുറിയാനിക്കാർ അന്യ റീത്തുകാർ ആയിരിക്കുന്നതിനാൽ അവരിൽ തന്നെ പൊതുവായ ഒരു ശ്രേഷ്ഠൻ ഉണ്ടായിരിക്കുന്നതു എല്ലാ കാര്യങ്ങളിലും അവർക്കു ഗുണകരമായി തീരുമെന്നു മെത്രാപ്പോലീത്താച്ചൻ കണ്ടതു നിമിത്തവും ഇതു വിശുദ്ധ കത്തോലിക്കാ സഭയുടെ അരൂപിക്കു യോജിക്കുന്നതുകൊണ്ടുമാണ്. മുഞ്ഞനാട്ട്

മത്തായി അച്ചനെ വികാരിയായി നിയമിച്ച ഉടനെ വന്ദ്യ ഗുരുവായ മേൽപറഞ്ഞ പീലിപ്പോസ് മിസ്യോനാരി അച്ചനെ കൊവേന്തകളുടെ ദലഗാത്തു എന്ന സ്ഥാനത്തിൽ തന്റെ പ്രതി പുരുഷനായി മെത്രാപ്പോലീത്താച്ചൻ നിയമിച്ചു. അദ്ദേഹം കൂനമ്മാവു കൊവേന്തയുടെ ഭരണ വിഷയത്തിൽ അവിടുത്തെ വികാരിയച്ചനെ ഒരു മാർഗ്ഗദർശിയുടെ നിലയിൽ സഹായിക്കയും ആ വിഷയത്തിൽ പ്രിയോരച്ചനെയും ആ വിധത്തിൽ സഹായിച്ചു പോരുകയും ചെയ്തു. ഏതാനും ദിവസങ്ങളുടെ ശേഷം പ്രിയോരച്ചൻ മാന്നാനത്തേക്കു പിന്തിരിഞ്ഞു. കൂനമ്മാവുങ്കൽ ക്രമാനുഷ്ഠാനങ്ങൾ എത്രയും സൂക്ഷ്മമായും കൃത്യമായും നടക്കുന്നതിനു പീലിപ്പോസ് മിസ്യോനാരി അച്ചൻ വളരെ ജാഗരൂകനായിരുന്നതുകൊണ്ടും ഭരണവിഷയത്തിൽ കാണുന്ന ന്യൂനതകളെ ചൂണ്ടികാണിച്ചു കൊടുത്തിരുന്നതുകൊണ്ടും അവിടെ സന്യാസക്രമങ്ങളെല്ലാം ശരിയായി നടന്നു വന്നു. ഇതിനിടയ്ക്ക് വർക്കി ശെമ്മാശൻ മൂന്നും നാലുമായി ചെറിയ പട്ടങ്ങളും പിന്നീട് 1857-ന്റെ അവസാനത്തോടെ ടി. ശെമ്മാശനും ചാണ്ടിപ്പിള്ള ശെമ്മാശനും അഞ്ചാം പട്ടവും ഏറ്റു.

7. മാന്നാനത്തുവച്ച് മേൽപറഞ്ഞ വർക്കി ശെമ്മാശനും ചാണ്ടിപ്പിള്ള ശെമ്മാശനും തുടങ്ങിയിരുന്ന ലത്തീൻ പഠനം കൂനമ്മാവുങ്കൽ വന്നതിനുശേഷവും നടത്തിവന്നു. അവരുടെ പാഠം എടുത്തുവന്നതു പീലിപ്പോസ് മിസ്യോനാരി അച്ചനായിരുന്നു. ധർമ്മശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും വിദ്വാനായിരുന്ന ഇദ്ദേഹം ലത്തീൻ ഭാഷയിൽ അവരെ ധർമ്മശാസ്ത്രം പഠിപ്പിച്ചു. 1858-ന്റെ ആരംഭത്തിൽ മൂഴിക്കുളത്തു പള്ളി ഇടവക ഇരിമ്പൻ ഗീവറുഗീസും, പുത്തൻവേലിക്കര ഉദിയനപ്പറമ്പിൽ അഥവാ വാഴപ്പിള്ളി ലോനായും, കൊന്തുരുത്തി ഇടവക കൊടിലൻ ആഗസ്തിയും, ഞാറയ്ക്കൽ ചംകുരിക്കൽ പൈലോയും എന്ന യുവാക്കന്മാർ കൂനമാവുങ്കൽ വന്ന് വേണ്ട അനുമതിയോടെ സഭയിൽ പ്രവേശിച്ചു. ഇവർ ഊട്ടുമുറി, പ്രാർത്ഥന മുറി എന്നീ സ്ഥലങ്ങളിൽ സന്യാസ മുറയ്ക്കു ഒന്നിച്ചു കഴിഞ്ഞിരുന്നെങ്കിലും സന്യാസാർത്ഥികളുടെ

നിലയിൽ പ്രത്യേക വിധത്തിൽ അവർക്കായി നിയമിക്കപ്പെട്ട ചാണ്ടിപ്പിള്ള ശെമ്മാശന്റെ നടത്തലിൻകീഴ് ജീവിച്ചുപോരുകയും ചെയ്തു. ഇവരെ സുറിയാനി ഭാഷ മേല്പറഞ്ഞ ശെമ്മാശന്മാർ പഠിപ്പിച്ചു. കാനാട്ട് പൗലോസ് ശെമ്മാശൻ സുറിയാനി വേണ്ട പോലെ പഠിച്ചിട്ടില്ലാത്തതിനാൽ ആദ്ദേഹത്തേയും ഇവർ തന്നെ സുറിയാനി പഠിപ്പിച്ചു. ആയിടയ്ക്കു (1858-ൽ) മാനമ്പാടി പുത്തൻപള്ളി ഇടവക ചിറയ്ക്കൽ പ്രംസിസ്ക് എന്ന ഒരു യുവാവു തുണസഹോദരന്മാരുടെ ഗണത്തിൽ കൂനമ്മാവുങ്കൽ ചേർന്നു. കുറെ നാൾ കഴിഞ്ഞപ്പോൾ ഇയാളെ മാന്നാനത്തെ ആശ്രമവാ സിയായി നിയമിച്ച് അവിടേയ്ക്കയച്ചു.

1858-ൽ വലിയ നോമ്പിന്റെ അവധിക്കു 6-ാം പട്ടവും ടി. ആണ്ടിൽ തന്നെ പന്തക്കുസ്തയുടെ അവധിക്കു കുർബാന പട്ടവും മേൽപറഞ്ഞ പുതു സന്യാസികളായ രണ്ടു ശെമ്മാശ ന്മാരും ഏറ്റു. കുർബാനപട്ടമേറ്റവരിൽ വർക്കിയച്ചൻ (ഗീവറുഗീസ് യോഹന്നാൻ മാംദാനാ) വിശുദ്ധ ത്രിത്വത്തിന്റെ തിരുനാളിലും, ചാണ്ടിപ്പിള്ളയച്ചൻ (യൗസേപ്പ് ആഗുസ്തിനോസ്) വിശുദ്ധ കൂർബാനയുടെ തിരുനാളിലും പുത്തൻ കുർബാന ചൊല്ലി. പുത്തൻ കുർബാനയ്ക്കു ആശ്രമത്തിൽ ക്രമം പോലെയുള്ള ആഘോഷം ചെയ്യുന്ന വകയ്ക്കു വേണ്ടിയിരുന്ന ദ്രവ്യസഹായവും യാവന കൂട്ടങ്ങളും വീട്ടുകാർ കൊടുക്കയും ആ ദിവസത്തിൽ അവർ വന്ന് നവപൂജയ്ക്കു കൂടുകയും കൈചുംബനം കഴിഞ്ഞു പോകയും ചെയ്തു. ഈയാണ്ടു നവംബർ മാസത്തിൽ 5-ാം ലക്ക ത്തിൽ പറഞ്ഞിരിക്കുന്ന ചിറയ്ക്കൽ പൗലോസച്ചന്റെയും കാനാട്ട് യാക്കോച്ചന്റെയും നവസന്യാസ ജീവിതത്തിന്റെ പരീക്ഷകാലമായ ഒരാണ്ടു കഴിഞ്ഞതിനാൽ വേണ്ടിയ അനുമതിയോടെ അവരുടെ വാഗ്ദത്ത നേർച്ചകൾ കഴിപ്പിക്കാനായി അവരെ ഒരുക്കുകയും വേണ്ടപോലെ അതിനായി അവരെ പരീക്ഷ ചെയ്യുകയും ചെയ്തു. ഒടുവിൽ വ്രതാനുഷ്ഠാനത്തിനുള്ള ഒരുക്കമായി പത്തു ദിവസത്തെ ജ്ഞാനധ്യാനം കഴിച്ചു നവംബർ മാസം 1-ന് സകല ശുദ്ധമാക പ്പെട്ടവരുടെ തിരുനാൾ ദിവസം രണ്ടുപേരും തങ്ങളുടെ വാഗ്ദത്ത

നേർച്ചകൾ ദൈവത്തിനു സമർപ്പിക്കയും ചെയ്തു. അവരുടെ നേർച്ചകൾ സ്വീകരിക്കാനായി പ്രിയോരച്ചൻ കൂനമ്മാവുങ്കലേക്കു പോരികയും അതു കഴിച്ചുംവച്ച് മാന്നാനത്തേക്കു മടങ്ങിപോകയും ചെയ്തു. വ്രതാനുഷ്ഠാന ദിവസത്തിലും പുത്തൻകുർബാന ചൊല്ലുന്ന ദിവസത്തിലും പ്രഥമ സ്ഥാനം അതു കഴിക്കുന്നവർക്കു ണ്ടായിരിക്കുന്ന ഒരു പതിവു സഭയിലുണ്ട്. അതുപോലെ ഊട്ടുമുറിയിലും പ്രാർത്ഥനമുറിയിലും പ്രഥമ സ്ഥാനം ആ ദിവസങ്ങളിൽ അവർക്കു അനുവദിച്ചുകൊടുക്കയും ചെയ്തു.

8. മുൻ 6-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ കുറുമ്പനാടം, കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി, തുരുത്തി മുതലായ പള്ളികളിൽ നമ്മുടെ അച്ചന്മാർ ജ്ഞാനധ്യാനം നടത്തി കഴിഞ്ഞപ്പോൾ ആ പള്ളികളിൽ സ്ഥാനസന്ദർശനം (വിസീത്ത) കഴിക്കാനായി ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ പുറപ്പെടുകയും 1858-ന്റെ ആരംഭത്തിൽ ആ പള്ളികളിൽ എത്തി അതു കഴിക്കയും ചെയ്തു. ആ സന്ദർഭത്തിൽ അവിടുന്നു ചങ്ങനാശ്ശേരി പള്ളിയിലും സ്ഥാന സന്ദർശനം ചെയ്തു. ഈ പള്ളിക്കാർ അന്നു രണ്ടു കക്ഷികളായി തിരിഞ്ഞ് ഒരു ഭാഗക്കാർ പോർത്തുഗീസ് ജ്ഞാനാധികാര ഭരണമായ പദ്യൃവാദ കീഴിലും മറ്റേ ഭാഗക്കാർ വരാപ്പുഴെ കീഴിലുമായിട്ടാണ് നിന്നിരുന്നത്. പദ്യൃവാദ ഭാഗത്തു ചില പട്ടക്കാരുമുണ്ടായിരുന്നു. പദ്യൃവാദ അധികാരം 1831-ൽ 16-ാം ഗ്രിഗോരിയോസ് മാർപ്പാപ്പ നിർത്തൽ ചെയ്തിരുന്നെങ്കിലും ചില പദ്യൃവാദാധികാരികൾ മാർപ്പാപ്പായുടെ ആ കല്പനയെ അനുസരിക്കാതെ തങ്ങൾക്കു മുമ്പുണ്ടായിരുന്ന അധികാരത്തെ ന്യായരഹിതമായി നടത്തിവന്നു. ഇങ്ങനെ കൊല്ലത്തു ഒരു ശീശ്മ ഗൊവർണ്ണദോർ ഇരുന്ന് മലയാളത്തുള്ള ചില പള്ളികളെ ഭരിച്ചുവന്നിരുന്നു. ഈ കക്ഷിയിൽ ചങ്ങനാശ്ശേരി പള്ളിക്കാരിൽ ഒരു ഭാഗക്കാർ ഉണ്ടായിരുന്നതിനാൽ അവിടത്തെ ധ്യാനത്തിനും മെത്രാപ്പോലീത്താച്ചന്റെ സ്ഥാനസന്ദർശനത്തിനും പല വിഘ്നങ്ങളും കുഴപ്പങ്ങളും അവർ ഉണ്ടാക്കിയിരുന്നെങ്കിലും ദൈവകാരുണ്യത്താൽ എല്ലാം ഒരുവിധം ഭംഗിയായി കഴിഞ്ഞു.

ഈ പള്ളികളിൽ സ്ഥാന സന്ദർശനം കഴിച്ചു മടങ്ങി വരാപ്പുഴയ്ക്കു പോകുന്ന വഴി മെത്രാപ്പോലീത്താച്ചൻ മാന്നാനത്തു കയറി ഏതാനും ദിവസങ്ങൾ തമസിച്ചു. അപ്പോൾ പ്രിയോരച്ചന്റെ അപേക്ഷപ്രകാരം കൊവേന്തയിൽ പാലാക്കുന്നേൽ ചാക്കോയ്ക്കും, പഴേപറമ്പിൽ മാത്തനും സെമിനാരിയിൽ ഒരു ബാലനും പള്ളിപ്പുറത്തു പഠിച്ചിരുന്ന വേറൊരു ബാലനും ആസ്ഥപ്പാട് പട്ടം കൊടുത്തു. അനന്തരം 6-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കാഞ്ഞിരപ്പള്ളി മുതലായ മേൽപറഞ്ഞ പള്ളികളിൽ നമ്മുടെ അച്ചന്മാരുടെ കൂടെ ധ്യാനിപ്പിക്കാൻ പോയിരുന്ന മർസ്സലീനോസ് മിസ്യൊനാരി അച്ചനുമായി ഒരുമിച്ചു മെത്രാപ്പോലീത്താച്ചൻ വരാപ്പുഴക്കു പിന്തിരിഞ്ഞു. ആ ധ്യാനത്തിന്റെ അദ്ധ്വാനത്താലും മറ്റും പ്രസ്തുത വന്ദ്യ മിസ്യൊനാരി അച്ചൻ വളരെ ക്ഷീണിച്ചുപോയതുകൊണ്ടു മെത്രാപ്പോലീത്താച്ചൻ അദ്ദേഹത്തിന്റെ ദേഹസുഖത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്ത് പൂർണ്ണ സുഖം പ്രാപിക്കുന്നതുവരെ ആദ്യം കൂനമ്മാവിവും പിന്നീട് ചാത്യാത്തും അദ്ദേഹത്തെ താമസിപ്പിച്ചു.

ഈയാണ്ടിൽ (1858-ൽ) വെച്ചൂർ വികാരി ആയിരുന്ന പള്ളിപ്പുറത്തു ഇടവക മങ്ങലത്തു ചാക്കോച്ചനും പുളിങ്കുന്ന് ഇടവക ടി. വികാരി സ്കറിയാച്ചനും ആരക്കുഴ ഇടവക മടത്തുഞ്ചാലി മത്തായി അച്ചനും നമ്മുടെ സഭയിൽ പ്രവേശിച്ചു. മങ്ങലത്തു ചാക്കോച്ചൻ മാന്നാനത്തും മറ്റവർ രണ്ടാളും കൂനമ്മാവുങ്കലുമാണ് ചേർന്നത്. മടത്തുഞ്ചാലിൽ അച്ചൻ ഞാറയ്ക്കൽ വികാരിയായിരുന്ന കാലത്താണ് സഭയിൽ ചേരാൻ ആഗ്രഹിച്ച് കൂനമ്മാവുങ്കൽ വന്നുചേർന്നത്.

9. പുറമെ നിന്നു പട്ടക്കാരായി സഭയിൽ പ്രവേശിക്കുന്നവർ അക്കാലത്തു സഭയിൽ നടന്നുവന്ന ചട്ടപ്രകാരം ഒരുവർഷത്തെ നവസന്യാസ ജീവിതം കഴിക്കണമെന്നും അതിനു ശേഷം യോഗ്യന്മാരായി കാണുന്നവരെ വാഗ്ദത്തനേർച്ചകൾ ചെയ്യിക്കണമെന്നുമായിരുന്നു നിയമം. അതിനനുസാരമായി കൂനമ്മാവുങ്കൽ വന്നു സഭയിൽ പ്രവേശിച്ച മേൽപ്പറഞ്ഞ രണ്ടാളിൽ മുമ്പുവന്ന തട്ടാച്ചേ

രിൽ സ്കറിയാച്ചനെ വേണ്ട പരീക്ഷകൾ ചെയ്തതിനുശേഷം, 1859 ജൂലൈ മാസത്തിൽ വാഗ്ദത്ത നേർച്ചകൾ ചെയ്യിക്കാൻ അധികൃതന്മാരായ മേൽശ്രേഷ്ഠന്മാർ നിശ്ചയിച്ചു. ആ സന്ദർഭത്തിൽ 7-ാം ലക്കത്തിൽ കാണിച്ചിരിക്കുന്ന ചാണ്ടിപ്പിള്ളയച്ചന്റേയും, വർക്കിയച്ചന്റേയും വാഗ്ദത്ത നേർച്ചകൾകൂടി കഴിപ്പിക്കണമെന്നു ടി. ശ്രേഷ്ഠന്മാർ അഭിപ്രായപ്പെട്ടു. എന്നാൽ അന്നത്തെ നിയമം സഭയിൽ പഠിച്ചു പട്ടമേൽക്കുന്നവർകൂടെയും കുർബാന ചൊല്ലിയ നാൾമുതൽ ഒരു വർഷം നവസന്യാസികളായി താമസിക്കണമെന്നും, അതിനുശേഷം മാത്രം വ്രതങ്ങൾ അനുഷ്ഠിക്കണമെന്നുമായിരുന്നതിനാൽ മേൽപറഞ്ഞ രണ്ടു അച്ചന്മാർക്കു ആണ്ടു തികയാൻ ഏതാനും ദിവസങ്ങൾകൂടെ വേണ്ടിയിരുന്നു. അവർ ചെറുപ്പം മുതൽ സഭയിൽ പഠിച്ചു വളർന്നവരാകയാൽ ഈ സംഗതിയിൽ അവർക്കു ഒരു ഒഴിവു കൊടുക്കണമെന്നു മർസ്സലീനോസ് മിസ്യോനാരി അച്ചൻ മെത്രാപ്പോലീത്താച്ചനോടു ചോദിക്കയും സന്തോഷപൂർവ്വം അതു സ്വീകരിക്കുകയും ചെയ്തു. ആ ഒഴിവു മെത്രാപ്പോലീത്താച്ചൻ കൊടുത്തതു മുമ്പൊരിക്കൽ അവിടുന്നു അവരെ പരീക്ഷിച്ചപ്പോൾ ഉണ്ടായ തൃപ്തി നിമിത്തമാണ്. തലേ ആണ്ടിൽ കുർബാനപട്ടം ഏൽക്കുന്നതിനു അവർ വരാപ്പുഴെ പോയിരുന്ന സമയം പിന്തിരിയുന്നതിനു മുമ്പു മുഖദാവിൽ ചെന്നു വാഴ്വ് അപേക്ഷിച്ചപ്പോൾ ഈ പുതിയ അച്ചന്മാരോടു അവിടുന്നു ഇങ്ങനെ ചോദിച്ചു. നിങ്ങൾക്കു സഭയിൽ നിൽക്കുന്നതിനു ധൈര്യക്കുറവുണ്ടെങ്കിൽ സഭയെ വിട്ടുപോകുന്നതു നല്ലതാണ്. അതുകൊണ്ട് നമുക്കു യാതൊരു തൃപ്തികേടുമില്ല. അത്രയുമല്ല, നാം നിങ്ങളെ തക്കപള്ളികളിൽ വികാരിമാരായി നിയമിക്കുന്നതുമാണ്. ഈ ചോദ്യത്തിനു സഭയിൽ സ്ഥിരമായി നിന്നു മരിക്കുന്നതിനാണ് തങ്ങളുടെ മനസ്സെന്നും അതിനു ദൈവം സഹായിക്കുമെന്നു വിശ്വസിക്കുന്നെന്നും അവർ മറുപടി പറഞ്ഞു. ഈ മറുപടി കേട്ടപ്പോൾ അവിടുത്തേയ്ക്ക് വളരെ തൃപ്തിയുണ്ടായി.

1859 ജൂൺ മാസാവസാനത്തിൽ മാന്നാനത്തു നിന്നു പ്രിയോരച്ചൻ കൂനമ്മാവുങ്കൽ ചെന്നിരുന്നതിനാൽ വാഗ്ദത്ത നേർച്ചയ്ക്കു

വേണ്ടിയുള്ള ധ്യാനം മുതലായ ഒരുക്കങ്ങളൊക്കെ മേൽപറഞ്ഞ തട്ടാച്ചേരിൽ സ്കറിയാച്ചനും അവരും ചെയ്തു ടി. ആണ്ടു ജൂലൈ മാസം 1-ന് തങ്ങളുടെ സന്യാസവ്രതങ്ങൾ ദൈവത്തിനു സമർപ്പിച്ചു. വ്രതങ്ങൾ സ്വീകരിച്ചതു പ്രിയോരച്ചനും, പ്രസംഗം പറഞ്ഞതു വന്ദ്യ മർസ്സലീനോസ് മിസ്യ്യോനാരി അച്ചനുമായിരുന്നു. പ്രിയോരച്ചൻ ഇതിനു ശേഷം ഏറെ താമസിയാതെ മാന്നാനത്തിനു പിന്തിരിഞ്ഞു. ആയിടയ്ക്കു തന്നെ മങ്ങലത്തു ചാക്കോച്ചനും തന്റെ വ്രതങ്ങൾ മാന്നാനത്തു വെച്ച് ദൈവത്തിനു സമർപ്പിച്ചു.

## അധ്യായം 3

10. കൂനമ്മാവുങ്കൽ നമ്മുടെ അച്ചന്മാർ ചെന്നുചേർന്ന ഉടനെ വെണ്ടുരുത്തിക്കാരൻ ഒരുത്തൻ സഭയിൽ (അവിടെ) ചേർന്നു എന്ന് 6-ാം ലക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അവനെ കൂടാതെ വരാപ്പുഴ ഇടവകക്കാരൻ അച്ചോ എന്നൊരുത്തനും ആയിട കൂനമ്മാവുങ്കൽ സഭയിൽ ചേർന്നിരുന്നെങ്കിലും ഏറെക്കാലം അതിൽ നിന്നില്ല. പിന്നീട് 1859-ൽ ചാത്യാത്തുപള്ളി ഇടവക എദുവാർദ് എന്നൊരുത്തനും അവിടെത്തന്നെ വന്നുകൂടിയെങ്കിലും ഈയാളും സഭയിൽ നിലനിന്നില്ല. ഇവർ തുണസഹോദരന്മാരായാട്ടാണു സഭയിൽ പ്രവേശിച്ചത്. ആയിടയ്ക്കു തന്നെ ഇടക്കൊച്ചി ഇടവക തൊമ്മൻ എന്നും, ലോനൻ എന്നും രണ്ടു പേർ വന്ന് സന്യാസ ജീവിതത്തിനായി അപേക്ഷിക്കയും കൂനമ്മാവുങ്കൽ തുണസഹോദരന്മാരായി ചേരുകയും ചെയ്തു. ആയിടയ്ക്കുതന്നെ വീണ്ടും കൊച്ചിപ്പള്ളി ഇടവകക്കാരൻ നിക്ലാവോസ് എന്ന ഒരു യുവാവ് സന്യാസജീവിതം ആഗ്രഹിച്ച് കൂനമ്മാവുങ്കൽ വരികയും അവിടെ സ്വീകരിക്കപ്പെടുകയും ചെയ്തു. ഇയാൾ ഇംഗ്ലീഷ് മുറയ്ക്കുള്ള ചികിത്സയിൽ ഒരു വിധം നൈപുണ്യമുള്ളവനായിരുന്നതിനാൽ സഭയിൽ ദീനക്കാരായുള്ളവർക്കു ഇയാളെക്കൊണ്ട് വലിയ സഹായവും ആശ്വാസവുമുണ്ടായി. പിന്നീട് പുറമേയുള്ള രോഗികൾക്കും ഇയാൾ മുഖാന്തിരം വളരെ സഹായമുണ്ടായിവന്നു. ഇപ്പോൾ ഈ സഹോദരൻ മാന്യ വാർദ്ധക്യത്തിൽ മഞ്ഞുമ്മേൽ ആശ്രമത്തിലെ നിവാസിയായി ജീവിക്കുന്നുണ്ട്. മഞ്ഞുമ്മേൽ ഇപ്പോൾ കാണുന്ന ആസ്പത്രി ഇയാളുടെ പരിശ്രമത്തിന്റെ ഫലമാണ്.

മുൻ രണ്ടാം അദ്ധ്യായം 7-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള മുഴിക്കുളത്തു ഇടവക ഇരിമ്പൻ ഗീവറുഗീസ്, പുത്തൻ വേത്തുക്കര ഇടവക വാഴപ്പിള്ളി ലോനാ എന്നീ ബാലരും മാന്നാനില നിന്നു വന്നിരുന്ന കാനാട്ട് പൗലോസ് ശമ്മാശനും ചെറിയ പട്ടങ്ങളെല്ലാം ഏറ്റു. അകപ്പറമ്പ് ഇടവക കൊളുവൻ കുടംബത്തിൽ നിന്നു പാവു എന്നൊരു യുവാവ് സന്യാസാർത്ഥികളുടെ ഗണത്തിൽ കൂനമ്മാവുങ്കൽ വന്നുചേർന്നു. എന്നാൽ ദീർഘകാലം സഭയിൽ നിൽക്കു

ന്നതിനിടയായില്ല. ഒല്ലൂർപള്ളി ഇടവക കല്ലൂർ കുടുംബത്തിൽപ്പെട്ട വാറുണ്ണി എന്നൊരു ബാലൻ ആയിടയ്ക്ക് അതായത് 1859-ൽ സഭയിൽ പ്രവേശിച്ചു. സഭയിൽ ചേരണമെന്നുള്ള തന്റെ ആഗ്രഹത്തിനു കാരണവന്മാർ തടസ്സം ചെയ്തേയ്ക്കുമെന്നു ഭയന്ന് വേഷപ്രഛന്നനായി അരണാട്ടുകര (എൽത്തുരുത്തിൽ) അന്നു താമസിച്ചിരുന്ന നമ്മുടെ അച്ചന്മാരുടെ പക്കൽ സങ്കേതം തേടിയും അവരുടെ കൂടെ കൂനമ്മാവുങ്കൽ വന്നുമാണ് ടി. പൈതൽ സഭയിൽ ചേർന്നത്. എന്നാൽ കാരണവന്മാർ ദൈവഭക്തന്മാരായിരുന്നതുകൊണ്ട് പൈതലിന്റെ ആഗ്രഹം അറിഞ്ഞപ്പോൾ അതിനു സഹായിച്ചതല്ലാതെ വിരോധിച്ചതുമില്ല. ഇടവകയ്ക്കായി പട്ടമേൽപ്പിക്കുന്നതിനു അന്നു വടക്കേ ദിക്കിലുള്ള ഭക്തന്മാരായിരുന്നവർക്കു വിരോധമാണുണ്ടായിരുന്നത്. കാരണം വടക്കുള്ള മിക്ക പള്ളികളും പദ്യവാദാധികാരത്തിൻ കീഴായിരുന്നതിനാലും ആ അധികാരത്തിലെ കടശി കാലങ്ങളിലുള്ള ഭരണം വളരെ മന്ദഗതിയിൽ നടത്തപ്പെട്ടിരുന്നതിനാലും ആ മന്ദഗതി വൈദികരുടെയിടയിലും പ്രവേശിച്ചിരുന്നതിനാലും ജനങ്ങൾക്കു പൊതുവെ ഇടവകയ്ക്കായി പൈതങ്ങളെ പട്ടമേൽപ്പിക്കുന്നതിൽ അതൃപ്തി ഉണ്ടയതാണ്.

ടി. ആണ്ടിൽ തന്നെ ഒല്ലൂർ എലിഞ്ഞേലി തൊമ്മൻ എന്നൊരു ബാലകനും കൂനമ്മാവുങ്കൽ വന്നു സന്യാസാർത്ഥികളുടെ ഗണത്തിൽ ചേർന്നു. കുർബാന പട്ടം ഏറ്റിട്ടു ഏറെകാലം സഭയിൽ ജീവിച്ചു പിന്നീട് സഭയിൽ നിന്നു പോകുന്നതിനിടയാകയും ഒല്ലൂർ വികാരിയായിരിക്കുമ്പോൾ വസൂരി ദീനം പിടിപെട്ടുമരിക്കയും ചെയ്തു.

മാന്നാനത്തും കൂനമ്മാവുങ്കലുമായി പല ദിക്കുകളിൽ നിന്നും ആളുകൾ സഭയിൽ ചേർന്നുകൊണ്ടിരുന്നതിനിടയ്ക്ക് 1857-ൽ അങ്കമാലിയിൽ പള്ളിയിൽ ഉണ്ടായ കുഴപ്പം നിമിത്തം അതു തീർക്കുന്നതിനായി ആദ്യം വാഗ്ദത്ത നേർച്ചകൾ ചെയ്ത 11 അച്ചന്മാരിൽ ഒരാളായ കണിയാരകത്ത് മാണിയച്ചനെ ബെർണ്ണർദീനസ്

മെത്രാപ്പോലീത്താച്ചൻ ആ പള്ളിയിൽ വികാരി ആയി നിയമിച്ചു. ആ പള്ളിയോഗക്കാർ അന്നു രണ്ടു കക്ഷികളായി തിരിഞ്ഞ് ഒരു ഭാഗത്ത് പഞ്ഞിക്കാരൻ കുഞ്ഞിതൊമ്മൻ എന്നയാളും എതിർ ഭാഗത്തു പറൂക്കാരൻ ഔസേപ്പ് എന്നയാളും ചേർന്നു നിന്നിരുന്നു. ആദ്യം പറഞ്ഞ കുഞ്ഞിതൊമ്മൻ മെത്രാപ്പോലീത്താച്ചന്റെ സെക്രട്ടറിമാരുടെ പക്കൽ മഹാ വിശ്വസ്തനായി നിന്നുവന്നു. പുതിയ വികാരിയച്ചൻ അങ്കമാലിക്കൽ ചെന്ന് ജോലി വഹിക്കാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ മേൽപ്പറഞ്ഞ ഇരു കക്ഷികളിൽ പറൂക്കാരൻ യൗസേപ്പിന്റെ ഭാഗത്താണ് ന്യായം എന്ന് ഗ്രഹിച്ചു. ഇങ്ങനെയിരിക്കുമ്പോൾ പഞ്ഞിക്കാരൻ സെക്രട്ടറിമാരുടെ സഹായത്താൽ തനിക്കു അനുകൂലമായ ഒരു കല്പനകൊണ്ടുവന്ന് വികാരിയച്ചന്റെ പക്കൽ കൊടുത്തു. വികാരിയച്ചൻ കാര്യംആലോചിച്ച് നോക്കിയാറെ ആ കല്പനകാര്യം അറിയാതെ ഉണ്ടായതാകയാൽ അതു നടത്തുന്നതു ശരിയല്ലെന്നു വച്ച് അതു നടത്താതിരുന്നു. ഇത് മെത്രാപ്പോലീത്താച്ചനെ എതിർകക്ഷി ധരിപ്പിക്കയാൽ ഉടനെ മാണിയച്ചനെ വിളിപ്പിച്ചു വരാപ്പുഴെ വരുത്തി കല്പന നടത്താഞ്ഞകുറ്റം അദ്ദേഹത്തിന്റെ മേൽ ആരോപിക്കയും അന്നു സഭയുടെ ചിഹ്നമായ തുകൽവാറും വെപ്പിച്ചു സഭയിൽ നിന്നു വിടുകയും ഉടനെ അങ്കമാലിയിലെ വികാരിത്വം നീക്കി മഞ്ഞപ്ര വികാരിയായി നിയമിക്കുകയും ചെയ്തു. മെത്രാപ്പോലീത്താച്ചൻ കാര്യത്തിന്റെ പരമാർത്ഥം ഗ്രഹിച്ചതു പിന്നീട് കുറെക്കാലം കഴിഞ്ഞതിനു ശേഷമാണ്. ഇതു സംഭവിച്ചത് 1858ന്റെ അവസാനത്തിലൊ 1859ന്റെ ആരംഭത്തിലൊ ആണ്.

11. 1859 സെപ്റ്റംബർ മാസംവരെ നമ്മുടെ സഭാംഗങ്ങളായിരുന്ന ശെമ്മാശന്മാരും പൈതങ്ങളും മാന്നാനത്തും കൂനമ്മാവുങ്കലുമായിട്ടാണ് വളർത്തപ്പെട്ടിരുന്നത്. ഇവരെ എല്ലാവരേയും ഒരു സ്ഥലത്ത് ചേർത്തു വളർത്തുന്നത് സഭയുടെ അരൂപിക്കും ഗുണത്തിനും അന്യോന്യ സ്നേഹത്തിനും അവശ്യം വേണ്ടതായ ഒരു കാര്യമെന്നു മെത്രാപ്പോലീത്താച്ചൻ നിശ്ചയിക്കയും അതിനു ഏറ്റം തക്ക സ്ഥലം ഏതെന്ന് ആലോചിച്ചതിൽ കൂനമ്മാവു തന്നെയെന്ന്

തീർച്ചപ്പെടുത്തുകയും ചെയ്തു. ഇതിൻപ്രകാരം മന്നാനത്തു താമസിക്കുന്ന ശെമ്മാശന്മാരെയും പൈതങ്ങളേയും കൂനമ്മാവുങ്കലേക്കു അയക്കാനായി മാന്നാനത്തേക്കു കല്പന അയച്ചു.

1-ാം ഭാഗം 32-ാം ലക്കത്തിൽ മുമ്പു മാന്നാനത്തുണ്ടായിരുന്നതായി പറഞ്ഞിട്ടുള്ള പൈതങ്ങളെ കൂടാതെ 1856 മുതൽ ഞാറയ്ക്കൽ, വാരാപ്പുഴ മുതലായ സ്ഥലങ്ങളിൽ നിന്നും, അതിനു സമീപെയുള്ള സ്ഥലങ്ങളിൽ നിന്നും പല പൈതങ്ങൾ വിശേഷാൽ അവിടെ വന്ന് സഭയിൽ പ്രവേശിച്ചിരുന്നു. പൈതങ്ങളെ മാന്നാനത്തുനിന്നും കൂനമ്മാവുങ്കലേയ്ക്കു വിടാൻ കല്പന പുറപ്പെടുന്നതിനു അല്പം മുമ്പു മുഞ്ഞനാട്ടു മത്തായി അച്ചൻ കൂനമാവുങ്കലെ വികാരിത്വ ജോലി ഒഴിഞ്ഞ് ചില കാര്യങ്ങൾ സംബന്ധിച്ച മാന്നാനത്തിനും, പാലായിക്കും പോയിരുന്നു. കല്പന ചെന്നിട്ടു ഏറെ താമസിയാതെ മാന്നാനത്തു വസിച്ചിരുന്നവരിൽ ചെറുപ്പക്കാരായ 7 പൈതങ്ങളും ഞായപ്പള്ളിൽ ശെമ്മാശനേയും 1859 സെപ്തംബർ മാസത്തിൽ കുനമാവുങ്കലേയ്ക്കു വിട്ടു. അവരെ കൂനമ്മാവുങ്കലേയ്ക്കു കൊണ്ടുപോയത് മുഞ്ഞനാട്ടു മത്തായി അച്ചനായിരുന്നു. ചാവറ ഔസേപ്പ് ശെമ്മാശനു കുർബാനപട്ടം ആ അവധിക്കു നിശ്ചയിച്ചിരുന്നതിനാൽ ആ ദേഹവും കൂടെ പോയിരുന്നു. ഇദ്ദേഹം കുർബാനപട്ടമേറ്റു മാന്നാനത്തു തന്നെ പുത്തൻകുർബാന ചൊല്ലുകയും അവിടെത്തന്നെ വാഗ്ദത്ത നേർച്ചകൾ പിറ്റെ ആണ്ടിൽ ചെയ്യുകയും ചെയ്തു. തലെ ആണ്ടിൽ സഭയിൽ പ്രവേശിച്ചിരുന്ന മടത്തഞ്ചാലിൽ മത്തായി അച്ചനും തന്റെ വാഗ്ദത്ത നേർച്ചകൾ കൂനമ്മാവുങ്കൽ വച്ച് 1859-ന്റെ അവസാനത്തോടെ ദൈവത്തിനു സമർപ്പിച്ചു. മാന്നാനത്തു നിന്നു പൈതങ്ങൾ കൂനമ്മാവുങ്കലേക്ക് ചെന്ന ഉടനെ അവരുടെ സുകൃതപാലനം പീലിപ്പോസ് മിസ്യോനാരി അച്ചൻ തന്നെ വഹിച്ചു. അദ്ദേഹം അവരെ ജ്ഞാനകാര്യങ്ങളിൽ അഭ്യസിപ്പിച്ചു വന്നതിനാൽ നവസന്യാസ ഗുരുവിന്റെ ചുമതലകളൊക്കെയും അദ്ദേഹം തന്നെ നടത്തി. ശരീര തപസ്സുകളായ ഉപവാസം, നോമ്പ്, പ്രായശ്ചിത്തം, ഇത്യാദികളെക്കാൾ അന്തരംഗജന്യങ്ങളായ കോപം, കൊതി, അസൂ

യ, ഇന്ദ്രിയേച്ഛ, സ്വേച്ഛ മുതലായ ദുരാശകളെ നിഗ്രഹം ചെയ്യുകയും ക്രമീകരിക്കയും ചെയ്യുന്ന ആത്മതപസ്സുകളുടെ ആവശ്യകതയും അതുകളുടെ സ്വഭാവവും പൈതങ്ങളായ നവ സന്യാസികളെ ഗ്രഹിപ്പിച്ചുകൊടുക്കുന്നതും തന്നിമിത്തം സഭയിൽ സാരമേറിയതുമായ നവസന്യാസ ഗുരുവിന്റെ ചുമതല ആദ്യത്തെ ഏതാനും കാലങ്ങളിൽ അദ്ദേഹം നടത്തി.

മുഞ്ഞനാട്ടു മത്തായി അച്ചൻ കൂനമ്മാവുങ്കൽ നിന്നു വികാരിത്വജോലി ഒഴിഞ്ഞതിനു ശേഷം ഏതാനും മാസങ്ങൾവരെ അവിടെ ആരെയും വികാരി ആയി നിയമിക്കാഞ്ഞതിനാൽ ആവക ജോലികൾ എല്ലാം ദെലഗാത്തായിരുന്ന മേല്പറഞ്ഞ പീലിപ്പോസ് മിസ്യൊനാരി അച്ചൻ തന്നെ നടത്തി. അതിനിടയ്ക്കു നവസന്യാസികളുടെ ഗുരുവിന്റെ ചുമതലയും അദ്ദേഹം തന്നെ വഹിച്ചു പോന്നിരുന്നു. അതുകൊണ്ട് ഒരു വികാരിയെ കൂനമ്മാവു കൊവേന്തയ്ക്കു സ്ഥാപിക്കുന്നതിനു മെത്രാപ്പോലീത്താച്ചനെ കണ്ടാലോചിക്കാനായി പ്രിയോരച്ചൻ വരാപ്പുഴെയ്ക്കു പോകയും വേണ്ടും കാര്യങ്ങൾ ആലോചിച്ചുകൊണ്ട് കൂനമ്മാവുങ്കൽ എത്തുകയും ചെയ്തു. ആയിടയ്ക്ക് വാഗ്ദത്ത നേർച്ചകൾ അനുഷ്ഠിച്ച തട്ടാച്ചേരിൽ സ്കറിയാച്ചനെ അവിടുത്തെ വികാരിയായി സ്ഥാപിക്കണമെന്നുള്ള പീലിപ്പോസ് മിസ്യോനാരി അച്ചന്റെ താല്പര്യപ്രകാരം അദ്ദേഹത്തെ വികാരിയായി സ്ഥാപിക്കയും അതിനുള്ള അധികാര പത്രം പ്രിയോരച്ചൻ കൊടുക്കയും ചെയ്തു. അതിന്റെ പകർപ്പു താഴെ ചേർക്കുന്നു.

### തർജ്ജമ

ജന്മപാപംകൂടാതെ ഉത്ഭവിച്ച കർമ്മല മാതാവിന്റെ ശുശ്രൂഷികളുടെ പ്രിയോർ ചാവറ കുര്യാക്കോസായ ഞാൻ, ടി. സഭക്കാരനായ തട്ടാച്ചേരിൽ ബ. നമ്മുടെ സഹോദരൻ സ്കറിയാ പട്ടക്കാരനു നമ്മുടെ കർത്താവിൽ സ്വസ്ഥതയും സമാധാനവും.

നമ്മുടെ സഭയുടെ ക്രമാനുഷ്ഠാനത്തിൽ തങ്ങൾക്കുള്ള നന്മനസ്സും തന്നെത്തന്നെയും തനിക്കു കീഴ്പ്പെട്ടവരേയും മ്ശിഹായുടെ

അനുകരണയിൽ നടത്തുന്നതിനുള്ള സ്ഥിരതയും ഇടമുറിയാതുള്ള താല്പര്യവും ഞാൻ കണ്ടുകൊണ്ടും ഇതിൽ എല്ലായ്പ്പോഴും സ്ഥിരമായി നിൽക്കുമെന്നു കർത്താവിൽ ശരണപ്പെട്ടുകൊണ്ടും കൂനമ്മാവു വിശുദ്ധ പ്ലമേന പുണ്യവതിയുടെ ആശ്രമത്തിലെ ബ: അച്ചന്മാരുടെയും ശെമ്മാശന്മാരുടേയും പൈതങ്ങളുടേയും ശരീരസംബന്ധമായും വിശേഷവിധത്തിൽ ആത്മസംബന്ധമായും ഉള്ള എല്ലാ കാര്യങ്ങളും അന്വേഷിച്ച് നടത്തുന്നതിനും എന്റെ വികാരിയായി മറ്റൊരു കല്പന ഉണ്ടാകുന്നതുവരെ തങ്ങളെ ഞാൻ കല്പിച്ചു നിയമിക്കുന്നു.

നമ്മുടെ കർത്താവിൽ സുഖമായിരിക്ക.

1859 ജൂലൈ 3

എന്ന് പ്രിയോർ
കുര്യാക്കോസ് പട്ടക്കാരൻ

## അധ്യായം 4

12. ഒന്നാം ഭാഗം 32-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ വസ്ത്രധാരണയിൽ നമ്മുടെ സഭക്കാർക്കുള്ള ബാഹ്യചിഹ്നം തുകൽവാറുകൊണ്ടുള്ള അരകെട്ടു മാത്രമായിരുന്നു. ഇങ്ങനെ1859 ഡിസംബർ മാസംവരെ നടന്നുവന്നു. ഈ മാസത്തിൽ വെള്ളനിറത്തിൽ മുട്ടിനു താഴെവരെ നീണ്ടുകിടക്കുന്ന സകാപ്പ്ളാര നമ്മുടെ സന്യാസികളെ ധരിപ്പിക്കാൻ മെത്രാപ്പോലീത്താച്ചൻ നിശ്ചയിക്കയും അതിനായി വക്കുതുണിയുടെ ഒരു കുത്തു കച്ചവരുത്തി ദെലഗാത്തു പീലിപ്പോസ് മിസ്യൊനാരി അച്ചനെ ഏൽപ്പിക്കയും ചെയ്തു. അതുകൊണ്ടു അദ്ദേഹം എല്ലാ സന്യാസികൾക്കും ഓരോ സ്കാപ്പ്ളാരയും മാന്നാനത്തു പ്രിയോരച്ചനായി രണ്ടെണ്ണവും തൈപ്പിക്കയും ആ തരത്തിൽ മേലിൽ എല്ലാവരും കുത്തിച്ചു ധരിച്ചുകൊൾവാൻ കല്പനപ്രകാരം മാന്നാനത്തും കൂനമാവുങ്കലും ഉണ്ടായിരുന്ന എല്ലാവരേയും  അറിയിക്കയും ചെയ്തു. അന്നു വാഴക്കുളത്തു ആശ്രമം മുറപ്രകാരം ആരംഭിച്ചു നടന്നുവന്നിരുന്നതിനാലും അരണാട്ടുകര (ഏൽതുരുത്തിൽ) നമ്മുടെ അച്ചന്മാർ പാർത്തു ആശ്രമപ്പണി നടത്തിവന്നതിനാലും ആ രണ്ടു സ്ഥലങ്ങളിലുള്ള എല്ലാവർക്കുമായി ഓരോ എണ്ണവും കൊടുത്തയച്ചു. മേൽപ്പറഞ്ഞ നീണ്ട സ്കപ്പ്ളാര ധരിക്കാൻ കുറിക്കപ്പെട്ടിരുന്ന ദിനം 1859 ഡിസംബർ മാസം 25-ന് നമ്മുടെ കർത്താവിന്റെ പിറവി തിരുനാൾ ദിവസമായിരുന്നു.

അന്നു നമ്മുടെ അച്ചന്മാരിൽ പലരും ജനങ്ങൾക്കു ജ്ഞാനധ്യാനം കഴിച്ചു കൊടുക്കാനായി പാലാ, ഭരണങ്ങാനം, പ്രവിത്താനം മുതലായ കിഴക്കൻ ദിക്കുകളിലെ പള്ളികളിൽ പോയിരുന്നതിനാൽ അവർക്കുവേണ്ടിയുള്ള സ്കാപ്പ്ളാരകൾ അവിടേക്കു അയച്ചുകൊടുക്കയും, അവർ പാലാ പള്ളിയിൽവെച്ചു ആദ്യമായി പിറവി ദിവസത്തിൽ അതു ധരിക്കയും ചെയ്തു. ധ്യാനം കഴിച്ച പള്ളികളിൽ സ്ഥാനസന്ദർശനം (വിസീത്ത) ചെയ്യുന്നതിനായി മെത്രാപ്പോലീത്താച്ചൻ വരികയും അതു കഴിച്ചുംവച്ചുമടങ്ങി വരാ

പ്പുഴെയ്ക്കു പോകുന്ന വഴിക്കു മാന്നാനത്തു കയറി ഏതാനും ദിവസങ്ങൾ താമസിക്കയും ചെയ്തു. 1860 ഫെബ്രുവരി മാസത്തിലാണ് മാന്നാനത്തു വന്നത്. അപ്പോൾ റോമ്മായ്ക്കു പോയിരുന്ന കൊല്ലം വികാരി അപ്പസ്തോലിക്കാ കാർല്ലോസ് മെത്രാനച്ചൻ വഴി പ്രിയോരച്ചൻ അപേക്ഷിച്ചിരുന്ന സ്വയവരപീഠം (അൽത്താര പ്രവിലേജിയാത്തു) എഴുതി വന്ന അനുവാദം പ്രിയോരച്ചനു മെത്രാപ്പോലീത്താച്ചൻ കൊടുത്തു. ഈ അനുവാദം ശാശ്വതമായിട്ടുള്ളതുമാണ്. മെത്രാപ്പോലീത്താച്ചന്റെകൂടെ മാർസ്സലീനോസ് മിസ്യോനാരി അച്ചനും ഉണ്ടായിരുന്നു. ഫെബ്രുവരി 27-നു രണ്ടുപേരും വരാപ്പുഴയ്ക്കു പിന്തിരിഞ്ഞു. അപ്പോൾ കൂനമ്മാവു കൊവേന്തയിലേയ്ക്കു മാന്നാനത്തു സന്യാസാർത്ഥിയായി താമസിച്ചിരുന്ന മുരിക്കൻ വർക്കിയേയും കൊണ്ടുപോയി.

ഈയാണ്ടു മാർച്ച്, ഏപ്രിൽ എന്ന മാസങ്ങളിലായി ചങ്ങനാശേരി ഇടവക മണക്കുന്നേൽ യൗസേപ്പച്ചനും, കണ്ടശ്ശാങ്കടവു ഇടവക എലവത്തുങ്കൽ ദേവസിയാച്ചനും വേണ്ട അനുമതിയോടെ കൂനമ്മാവുങ്കൽ വന്ന് സഭയിൽ പ്രവേശിച്ചു. ഇവരുടെ നവ സന്യാസത്തിന്റെ പരീക്ഷ ആണ്ടു കഴിഞ്ഞപ്പോൾ ദേവസിയാച്ചൻ കൂനമ്മാവുങ്കൽ വെച്ചും, മണക്കുന്നേൽ ഔസേപ്പച്ചൻ മാന്നാനത്തു വെച്ചും തങ്ങളുടെ വ്രതങ്ങൾ ദൈവത്തിനു സമർപ്പിച്ചു. ഇവർ സഭയിൽ പ്രവേശിച്ച കാലത്ത് രണ്ടുപേരും വികാരിമാരായി ജോലികൾ നടത്തിവന്നിരുന്നവരാണ്. ഇവർ സഭയിൽ ചേരുന്നതിനു ഏതാനും മാസങ്ങൾക്കു മുമ്പു എന്നുവെച്ചാൽ 1859-ന്റെ അവസാനത്തോടെ വികാരിത്വ ജോലിയിൽ ഇരുന്നിരുന്ന തത്തമ്പള്ളി ഇടവക കാപ്പിൽ മത്തായി അച്ചൻ മാന്നാനത്തു വന്ന് വേണ്ട അനുമതിയോടെ സഭയിൽ പ്രവേശിച്ചു. ഏതാനും മാസങ്ങളുടെ ശേഷം കൂനമ്മാവുങ്കലേക്ക് മാറ്റപ്പെടുകയും അവിടെവച്ച് സന്യാസവ്രതങ്ങൾ ദൈവത്തിനു സമർപ്പിക്കുകയും ചെയ്തു.

1861 ജനുവരി മാസത്തിൽ പുളിങ്കുന്നു ഇടവക തയ്യിൽ യൗസേപ്പച്ചൻ കൂനമാവുങ്കൽ വന്നു സഭയിൽ ചേരുകയും അവി

ടെവെച്ചുതന്നെ നവസന്യാസത്തിന്റെ ആണ്ടു കഴിഞ്ഞപ്പോൾ തന്റെ വാഗ്ദത്ത നേർച്ചകൾ ദൈവത്തിനു സമർപ്പിക്കുകയും ചെയ്തു.

13. 1860 മാർച്ച് മാസത്തിൽ കൂനമ്മാവുങ്കൽ നിന്നും മാന്നാനത്തു നിന്നും ഏതാനും യുവാക്കളെ സഭയിൽ നിന്നു തള്ളിക്കളഞ്ഞു. പിറ്റേ മെയ് മാസത്തിൽ ഞായപ്പള്ളി ശെമ്മാശനും കൂനമ്മാവുങ്കൽ നിന്നു പോകാനിടയായതിനാൽ കല്പന പ്രകാരം മാന്നാനത്തു സെമിനാരിയിൽ അദ്ദേഹം വന്നുചേർന്നു.

മാർച്ച് മാസാവസാനത്തിൽ വന്ദ്യ മർസ്സലീനോസ് മിസ്യോനാരി അച്ചൻ സഭയുടെ പ്രധാന ശ്രേഷ്ഠനായ ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചന്റെ പേർക്കു മാന്നാനം ആശ്രമം സഭയുടെ മുറപ്രകാരം സ്ഥാനസന്ദർശനം (വിസീത്ത) കഴിക്കാനായി വന്നു. അദ്ദേഹത്തിന്റെ കൂടെ ആയിടയ്ക്കു ഫ്രാൻസിൽ നിന്നു പുതുതായി വന്ന ഔസേപ്പ് ഏലിയാ മിസ്യോനാരിയും ഉണ്ടായിരുന്നു. ഇദ്ദേഹം മാന്നാനത്തു പാർത്തു മലയാളം പഠിക്കാനായിട്ടാണു വന്നത്.

ന്യായപ്രമാണത്തിന്റെ അനുഷ്ഠാനം സംബന്ധിച്ച കാര്യങ്ങളൊക്കെയും സന്യാസികൾ എല്ലാവരും തന്നെ അറിയിക്കണമെന്നു മേല്പറഞ്ഞ മർസ്സലീനോസ് മിസ്യോനാരി അച്ചൻ അധികാരമുറയ്ക്കു കൽപിക്കയും അതിൻപ്രകാരം ഓരോരുത്തൻ അറിയിക്കയും ചെയ്തു. അനന്തരം സ്ഥാനസന്ദർശകൻ എല്ലാവർക്കും മാർപ്പാപ്പായുടെ ആശിർവ്വാദം നൽകുകയും ചെയ്തു. കൂനമ്മാവുങ്കലും ഈ മുറയ്ക്കുള്ള സ്ഥാനസന്ദർശനം കഴിച്ചു. സന്ദർശനദിവസങ്ങളിൽ നമ്മുടെ സഭയെ കർമ്മലീത്താ ഒന്നാം സഭയോടു ചേർത്തു അതിന്റെ മൂന്നാം സഭയായി കൈക്കൊണ്ടിരിക്കുന്നു എന്നു, അതിൻപ്രകാരമുള്ള വിസീത്തയാണ് താൻ കഴിക്കുന്നതെന്നും സ്ഥാനസന്ദർശകൻ പ്രസ്താവിച്ചു.

1859-ൽ ഇന്ത്യയിലുള്ള എല്ലാ അപ്പസ്തോലിക്ക വികാരിയാത്തുകളെയും തന്റെ സ്ഥാനത്തിൽ സന്ദർശനം ചെയ്യുന്നതിനായി 9-ാം പിയോസ് മാർപ്പാപ്പ പുതുശ്ശേരി വികാരി അപ്പസ്തോലിക്ക

ആയ ക്ലെമേൻസ് മാർ ബൊനാൻസ് മെത്രാനച്ചനെ കല്പിച്ചു നിയമിച്ചു. അദ്ദേഹം ആ കല്പന നിറവേറ്റി വരികയിൽ 1860 ഏപ്രിൽ മാസത്തിൽ വരാപ്പുഴ എത്തുകയും, അപ്പസ്തോല സ്ഥാനസന്ദർശകൻ (വിസിത്തദോർ) എന്ന തന്റെ ചുമതല ഈ വികാരിയത്തിനെ സംബന്ധിച്ചിടത്തോളം നിവർത്തിക്കയും ചെയ്തു.

ഈ സന്ദർഭത്തിൽ അദ്ദേഹം കൂനമ്മാവുങ്കൽ വന്നു. അദ്ദേഹത്തിന്റെ കൂടെ മേൽപ്പറഞ്ഞ മർസ്സലീനോസ് മിസ്യ്യോനാരി അച്ചനും ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ മാർ ബൊനാൻസ് മെത്രാനച്ചൻ കൂനമ്മാവുങ്കൽ വന്നിരുന്നപ്പോൾ കുർബാന ചൊല്ലി പലർക്കും ശുദ്ധ കുർബാന കൊടുക്കയും, കുർബാനയുടെ ഒടുവിൽ മാർപ്പാപ്പയുടെ ആശീർവ്വാദം ജനങ്ങൾക്കു കൊടുക്കയും ചെയ്തു. വരാപ്പുഴ നിന്നും അദ്ദേഹം പോകുമ്പോൾ മലയാറ്റൂരിൽ ചെന്ന് അവിടെ വി. തോമ്മാശ്ലീഹാ സ്ഥാപിച്ച കുരിശിനെ വണങ്ങുകയുണ്ടായി.

## അധ്യായം 5

14. അരണാട്ടുകര എൽതുരുത്തു കൊവേന്തയുടെ സ്ഥാപനം: 1848-ൽ കണ്ടശ്ശാങ്കടവു ഇടവക വടക്കേത്തല തോട്ടുങ്കൽ അന്തോനിയച്ചൻ മാന്നാനത്തു വസിച്ചിരുന്ന നമ്മുടെ അച്ചന്മാർ കഴിച്ചു വന്ന താപസ ജീവിതവും സുകൃത നടപടികളും പല പ്രകാരേണ കേൾക്കയും, അവരിൽ ചിലർ ഒന്നാം ഭാഗം 29-ാം ലക്കത്തിൽ വിവരിച്ചിരിക്കുന്നതുപോലെ വടക്കൻ ദിക്കുകളിലെ പള്ളികളിൽ ചെന്നു നടത്തിയിരുന്ന ജ്ഞാനധ്യാനത്തിന്റെ ഫലം കാണുകയും ചെയ്തിരുന്നതിനാൽ, ഒരു ജ്ഞാനധ്യാനം മാന്നാനത്തു ചെന്നു കഴിക്കണമെന്നും അവിടെ കുറെക്കാലം താമസിക്കണമെന്നും നിശ്ചയിച്ചു. അതിൻപ്രകാരം അദ്ദേഹം മാന്നാനത്തു വന്ന് ജ്ഞാനധ്യാനം കഴിക്കയും മൂന്നു മാസത്തോളം അവിടെ താമസിക്കയും ചെയ്തു. അനന്തരം മാന്നാനത്തെ സുകൃത നടപടികൾ കണ്ട് തൃപ്തനാകയും അതുപോലെ ഒരു ആശ്രമം തന്റെ ദിക്കിൽ സ്ഥാപിച്ചാൽ കൊള്ളാമെന്നു നിശ്ചയിക്കയും ചെയ്തുകൊണ്ട് സ്വദേശത്തേക്കു മടങ്ങി. ഇങ്ങനെ ഇരിക്കെ 1850 ജനുവരി മാസത്തിൽ തൃശിവപേരൂർ പള്ളിയിലെ തിരുനാളിന്നായി കൂടിയിരുന്ന പട്ടക്കാരോടും ജനങ്ങളോടും ഈ കാര്യംകൊണ്ടു ആലോചിച്ചാറെ ഇടക്കുളത്തു ഊക്കൻ ഗീവറുഗീസ്, മുഴിക്കുളത്തു പാനികുളം മത്തായി എന്ന മല്പാനച്ചൻമാർ പ്രബലന്മാരായിരുന്നതിനാൽ അവരെ കൂടാതെ കാര്യം നടക്കാൻ അസാദ്ധ്യമെന്നു കണ്ടതിൽ ഒല്ലൂർ കിടങ്ങൻ പല്ലിശ്ശേരി പൗലോസച്ചനെ അവരുടെ പക്കലയക്കയും, തിരുനാൾ കൂടിയിരുന്നവരുടേതായി ഒരു എഴുത്തു അദ്ദേഹംവശം കല്പറമ്പിലേക്കു കൊടുത്തയക്കയും ചെയ്തു. എഴുത്തിലെ താല്പര്യം അനുസരിച്ച് ആശ്രമകാര്യം നടത്തണമെന്നു മേൽപ്പറഞ്ഞ മല്പാനച്ചന്മാർ നിശ്ചിയിക്കയും അതിലേക്കുവേണ്ടി ഇടക്കുളത്തു മല്പാനച്ചൻ അയച്ച ക്ഷണ പ്രകാരം വടക്കുള്ള പള്ളിക്കാർ 1850 ഫെബ്രുവരി 14-ന് അരണാട്ടുകര പള്ളിയിൽ യോഗമായി കൂടുകയും ചെയ്തു. യോഗത്തിനു കുറിക്കപ്പെട്ട ദിവസത്തിൽ ഹാജരാവാൻ പാടില്ലാത്തവർ തക്ക ആളുകളെ

പേർക്ക് അയക്കണമെന്നു ക്ഷണത്തിൽ കാണിച്ചിരുന്നതിനാൽ, കുത്തിയതോട്ടിൽ തച്ചിൽ അവുറാഹം മല്പാൻ, അനന്തരിവൻ പ്രഞ്ചു അച്ചനെ അരണാട്ടുകരയ്ക്കു അയച്ചു. യോഗംകൂടി ആലോചിച്ചതിൽ അരണാട്ടുകരയ്ക്കു സമീപെ കര്യ്യാട്ടുകര ഇപ്പോൾ എൽതുരുത്തു എന്നു പറഞ്ഞുപോരുന്ന എലവത്തുരുത്തു എന്ന സ്ഥലത്തു ഒരു ആശ്രമം പണിചെയ്യണമെന്നു നിശ്ചയിച്ചു.

പണിനടപ്പിനുവേണ്ടി ഇടക്കുളത്തു മല്പാനച്ചൻ മുതലായി 16 അച്ചന്മാർ അവിടെ മാറിമാറി പാർക്കുമെന്നു സമ്മതിച്ചെഴുതി വെക്കയും അതിൽ ചേർന്ന മറ്റു അച്ചന്മാർ മേൽപ്പറഞ്ഞ മൂന്നു മല്പാനച്ചൻമാർ പറയുംപ്രകാരം നടന്നുകൊള്ളാമെന്നു സമ്മതിക്കയും, ഈ വിവരം യോഗത്തിൽ ഹാജരാകാതിരുന്ന മറ്റു പള്ളിക്കാരേ എഴുതി അറിയിക്കയും ചെയ്തു. സംഘത്തിൽ ചെയ്ത നിശ്ചയംപോലെ ഈ സംഗതികളൊക്കെയും എടക്കുളത്തു മല്പാനച്ചനും, പാനികുളം മല്പാനച്ചനും വരാപ്പുഴ ചെന്ന് അന്നു വാണിരുന്ന* വികാരി അപ്പസ്തോലിക്കായെ അറിയിച്ചാറെ അവിടുന്നു അവരുടെ നിശ്ചയത്തെ സ്വീകരിക്കയും സന്തോഷമായി അതിനെപ്പറ്റി സംസാരിക്കയും ചെയ്തു.

ആശ്രമത്തിനു തിരഞ്ഞെടുത്ത സ്ഥലം എടക്കുളത്തു മല്പാനച്ചന്റെ കൂടെ പാർത്തിരുന്ന കല്പറമ്പു ചക്കാലമറ്റത്തു വർക്കി ഔസേപ്പിന്റെ പേരിൽ ആരണാട്ടുകാരെ അങ്ങാടിയിൽ കിഴക്കെ വരിയിൽ ഇരിക്കും ചിറമ്മേൽ ഈയു ഔസേപ്പ് എന്നു പേരുവെച്ച് 1851 മാർച്ച് 31-ന് പതിച്ചു. അതിനുശേഷം ഏപ്രിൽ മാസത്തിൽ എടക്കുളത്തു മല്പാനച്ചൻ പല പള്ളിക്കാരിൽ നിന്നും ധർമ്മം വാങ്ങി ടി സ്ഥലത്തു ഒരു ബംങ്കളാവു പണിയിച്ചു. 1852 ആഗസ്റ്റ് മാസത്തിൽ ഒല്ലൂർ പള്ളിക്കാർ യോഗംകൂടി മാസംതോറും മാറിമാറി ഓരോ അച്ചനെ ആശ്രമസ്ഥലത്തുവിട്ടു പണി നടത്തുന്നതിൽ ഇടക്കുളത്തുമല്പാനച്ചനെ

*അന്നു വരാപ്പുഴ വികാരി അപ്പസ്തോലിക്കായിരുന്ന ലൂദവിക്കോസ് മെത്രാനച്ചൻ ബോംബായ്ക്കു പോയിരുന്നതിനാൽ പകരം കാര്യം നോക്കിയിരുന്നത് മംഗലാപുരം വികാരി അപ്പസ്തോലിക്കായിരുന്ന ബെർണ്ണർദീനോസ് ആജ്ഞേസ് എന്ന ദേഹമായിരുന്നു.

സഹായിക്കാൻ നിശ്ചയിക്കയും അതിൻപ്രകാരം ടി. ഇടവക എലവത്തുങ്കൽ കാട്ടുക്കാരൻ ബ. ഇഗ്നാസി അച്ചനെ കുറെ പണവും കൂലിക്കാരുമായി അയയ്ക്കയും ചെയ്തു. ഇങ്ങനെ ഒല്ലൂർ നിന്നു കാര്യങ്ങൾ നടത്തിവരികയിൽ കുർബാന ചൊല്ലാൻ അരണാട്ടുകരയ്ക്കോ, അരിമ്പൂർക്കോ പോകാനുള്ള ബുദ്ധിമുട്ടു നിമിത്തം പള്ളിയും കൊവേന്തയും പണിചെയ്യുന്നതില്യ്ക്കു അനുവാദത്തിനായി ആദ്യം ദിവാൻജിയേയും പിന്നീട് റെസിഡന്റ് സ്യ്പിനേയും എഴുതി ബോധിപ്പിച്ചു. റെസിഡന്റിനു അയച്ച ഹർജിപുറത്തു ദിവാൻ വേണ്ടനടപടികൾ നടത്തി അനുവദിപ്പാൻ ഒരുക്കമാണെന്നു മറുപടി അയച്ചുകൊടുക്കുകയും ചെയ്തു. അതിനിടയ്ക്ക് പള്ളികളിൽ നിന്നു പണിവകയ്ക്കു സഹായം ചെയ്തു കൊടുക്കുന്നതിലേയ്ക്കു ഒരു കല്പന കിട്ടുന്നതിനും തൽക്കാലം ബങ്കളാവിൽ കുർബാന ചൊല്ലുന്നതിനും അനുവാദം ഉണ്ടാകുന്നതിനായി ഏതാനും പള്ളിക്കാർ ചേർന്നു ഒരപേക്ഷ ഇടക്കുളത്തു മല്പാനച്ചനും, പാനികുളം മല്പാനച്ചനും മുഖാന്തിരം 1852 ഡിസംബർ 29-ന് വരാപ്പുഴ ബെർണ്ണർദീനോസ് മെത്രാനച്ചനെ ബോധിപ്പിച്ചാറെ, വടക്കേദിക്കിൽ ഒരു കൊവേന്ത വേണമെന്നു തനിക്കറിയാമെന്നും എന്നാൽ അതിനു സമയം വന്നിട്ടില്ലെന്നും സമയം വരുമ്പോൾ താൻ അതിനു ശ്രമിച്ചുകൊള്ളുമെന്നും അവിടുന്നു മറുപടി കൊടുത്തു. ഇങ്ങനെ കാര്യങ്ങൾക്കു നേരിട്ട നടപ്പുകേടു നിമിത്തം 1853 ആഗസ്റ്റ് മാസത്തിൽ മേൽ സ്തുതിക്കപ്പെട്ട തോട്ടുങ്കൽ അന്തോണിയച്ചൻ സ്ഥലത്തു വന്നു പാർത്ത് കാര്യങ്ങൾ നോക്കിവന്നു. പിന്നീട് ആശ്രമസ്ഥലത്തു പട്ടക്കാരുടെയും ജനങ്ങളുടേയും ഒരു യോഗം കൂടുകയും 1853 ഒക്ടോബർ 21-ന് കൂടിയ യോഗത്തിന്റെ ഒരപേക്ഷ വരാപ്പുഴ ബെർണ്ണർദീനോസ് മെത്രാപ്പോലീച്ചനെ ബോധിപ്പിക്കാനായി തോട്ടുങ്കൽ അന്തോണിയച്ചനെ ഏൽപിക്കയും ചെയ്താറെ അദ്ദേഹം ആ അപേക്ഷസഹിതം വരാപ്പുഴ പോകാനായി എടത്തുരുത്തിവരെ വന്നപ്പോൾ തന്റെ ഇടവകയായ കണ്ടശ്ശാങ്കടവിൽ വസന്തദീനം ശക്തിപ്പെട്ടിരിക്കുന്നതായി അറികയാൽ ടി അപേക്ഷ ആ ഇടവക ഏലവത്തുങ്കൽ (പിന്നീട് സഭയിൽ പ്രവേശിച്ച ക.നി.മൂ.സ. ദേവസ്സിയാച്ചൻ) ദേവസിയാച്ചനെ ഏൽപ്പിച്ചുകൊണ്ട്

കണ്ടശ്ശാങ്കടവിലേയ്ക്ക് പിന്തിരിഞ്ഞു.* യോഗത്തിൽ ചെയ്ത നിശ്ചയം മേൽപറഞ്ഞ രണ്ടു മൽപാനച്ചന്മാരും തോട്ടുങ്കൽ അന്തോണിയച്ചനും വേറെ ചിലരും കൂടി വരാപ്പുഴ എത്തി അപേക്ഷ ബോധിപ്പിക്കണമെന്നും അതിനായി എല്ലാവരും വടക്കൻ പള്ളിപ്പുറത്തു ചെന്ന് ഒന്നിക്കണമെന്നുമായിരുന്നതിനാൽ, എലവത്തുങ്കൽ ദേവസ്സിയാച്ചനും മൽപ്പാനച്ചന്മാർ രണ്ടുപേരും പള്ളിപ്പുറത്തുവന്നുകൂടി. എന്നാൽ പറഞ്ഞുബോധിച്ചതുപോലെ മറ്റുള്ളവർ വരാതിരുന്നതിനാലും ദേവസിയാച്ചന്റെ വഞ്ചിക്കാരിൽ ഒരാൾ അവിടെവെച്ചു വസന്തപിടിച്ചു മരിച്ചതിനാലും വരാപ്പുഴ വസന്തദീനം ശക്തിപ്പെട്ടിരുന്നതായി കേട്ടതിനാലും എല്ലാവരും പുറകോട്ട് പിന്തിരിഞ്ഞു.

പിന്നീട് 1854 ആഗസ്റ്റ് മാസത്തിൽ മേല്പറഞ്ഞ അപേക്ഷ എലവത്തുങ്കൽ ദേവസിയാച്ചൻ വരാപ്പുഴ ചെന്നു ബോധിപ്പിച്ചാറെ മുമ്പു കൊടുത്ത മറുപടിതന്നെയാണ് അപ്പോഴും കൊടുത്തത്. ഇങ്ങനെ കാര്യങ്ങൾക്കു വീഴ്ച നേരിട്ടതിനാൽ മേല്പറഞ്ഞ രണ്ടു മല്പാനച്ചന്മാർ ആശ്രമ സ്ഥലവും കെട്ടിടവും സൂക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ടു നിമിത്തം അതു വിൽക്കുന്നതിനുള്ള അനുവാദം വരാപ്പുഴ എഴുതി ചോദിക്കയും ടി. ആണ്ടു ഡിസംബർ 16 ന് വില്പനയ്ക്കുള്ള അനുവാദം കൊടുക്കയും ചെയ്തു. അനുവാദപ്രകാരം ടി. സ്ഥലം വാങ്ങാൻ അരണാട്ടുകര പള്ളിക്കാരോട് ആലോചിച്ച് പ്രതിഫലം കൂടാതെ കിട്ടണമെന്ന് അവർ വാദിച്ചതിനാൽ കൊവേന്തയ്ക്കു ആവശ്യപ്പെടുമ്പോൾ തന്നുകൊള്ളാമെന്നുള്ള കരാറോടുകൂടെ അത് അവർക്കു കൊടുക്കയും അതിന്മേൽ ഉണ്ടായിരുന്ന കടം അവർ വഹിക്കയും ചെയ്തു. സ്ഥലം കിട്ടിയ ഉടനെ ടി. പള്ളിക്കാർ അവിടെ ഉണ്ടായിരുന്ന കെട്ടിടം സൂക്ഷിക്കയും ആ പറമ്പിനു ചുറ്റും ഒരു കിടങ്ങു കുത്തിക്കയും ആ കിടങ്ങിന്റെ മാട്ടുമ്മേൽ അനേകം കപ്പൽമാം തൈകൾ നട്ടുപിടിപ്പി

*ഇദ്ദേഹം തന്റെ ഇടവകയിൽ എത്തി, പരസ്നേഹം നിമിത്തം വസന്തരോഗ പീഡിതന്മാർക്കു അന്ത്യകൂദാശകൾ കൊടുത്തുവരികയിൽ ആ ദീനം തനിക്കും പിടിപ്പെടുകയും ഇങ്ങനെ 1854 ഏപ്രിൽ മാസം 22-നു ഭാഗ്യമായി മരണം പ്രാപിക്കുകയും ചെയ്തു.

ക്കയും തെങ്ങും തൈകൾ വെയ്ക്കാനായി പറമ്പിൽ അനേകം കുഴികൾ കുത്തിക്കയും ചെയ്തു. ഇങ്ങനെ ഇരിക്കുമ്പോഴാണ് 1855 ഡിസംബർ 8-ന് ഒന്നാംഭാഗം ആറാമദ്ധ്യായം 33-ാം ലക്കത്തിൽ കാണിച്ചിരിക്കുന്നതുപോലെ മുറപ്രകാരം നമ്മുടെ സഭ മാന്നാനത്തു ആരംഭിച്ചത്. മീതെ എഴുതിയിരിക്കും പ്രകാരം ആശ്രമവും പള്ളിയും പണിക്കഴിക്കുന്നതിനുള്ള അനുവാദം മെത്രാപ്പോലീത്താച്ചൻ തൽക്കാലം കൊടുക്കാതിരുന്നതു അക്കാലത്തു മാന്നാനത്തു നിവസിച്ചുവന്നവർ കഴിഞ്ഞുപോന്ന ജീവിതം സാക്ഷാൽ സന്ന്യാസമുറയ്ക്കുള്ള ഒരു ജീവിതത്തെക്കാൾ ഭക്തമുറയ്ക്കുള്ള ഒരു ജീവിതം മാത്രമായിരുന്നതിനാൽ അവിടെ ക്രമമായ സന്യാസ ജീവിതം ഏർപ്പെടുത്തിയതിനുശേഷം അതിന്റെ നടപ്പും മേൽഗതിയും കണ്ടിട്ടായിക്കൊള്ളാമെന്നു കരുതിയതിനാലാണ്.

ഒന്നാം ഭാഗം അഞ്ചാം അദ്ധ്യായം 30-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ മാന്നാനത്തു സഭ സ്ഥാപിച്ചതു തന്റെ ഭരണകാലത്ത് 3 വർഷം ചെയ്തുനോക്കിയ പരീക്ഷയുടെ ശേഷമാണ്. ടി. ഭാഗം ടി. അദ്ധ്യായം 31-ാം ലക്കത്തിൽ വിവരിച്ചിരിക്കുന്ന പ്രകാരം സഭ സ്ഥാപിക്കുന്നതിനു മുമ്പിൽ കഠിനമായി അവിടെ വസിച്ചിരുന്നവരെ പരീക്ഷിക്കയും ചെയ്തു. സഭ സ്ഥിരമായ സ്ഥിതിയിൽ മാന്നാനത്തു സ്ഥാപിതമാകയും ഒരു നല്ല അവസ്ഥയിൽ ആയി തീരുകയും ചെയ്തത് കണ്ട് മെത്രാപ്പോലീത്താച്ചൻ തൃപ്തനായി തീർന്നതിനാൽ വടക്കെ ദിക്കിലും ഒരു ആശ്രമം സ്ഥാപിക്കണമെന്നു നിശ്ചയിക്കയും ആ ദിക്കിലെ പള്ളിക്കാർക്കു 1852 ഡിസംബർ 29-ന് കൊടുത്ത മറുപടിപോലെ അതിനായി ശ്രമിച്ചു തുടങ്ങുകയും ചെയ്തു.

15. മാന്നാനത്തു വസിച്ചിരുന്ന നമ്മുടെ അച്ചന്മാർ വരാപ്പുഴ അധികാരത്തിൻകീഴ് നാനാദിക്കുകളിലായി കിടന്നിരുന്ന പള്ളികളിൽ ചെന്ന് ജ്ഞാനധ്യാനം നടത്തിയിരുന്നതായി ഒന്നാം ഭാഗം 29-ാം ലക്കത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. അതിൻപ്രകാരം തോപ്പിൽ ഗീവറുഗീസച്ചൻ, കളപ്പുരയ്ക്കൽ മത്തായി അച്ചൻ മുതലായി

വേറെ ചില അച്ചന്മാരുടെ സഹായത്തോടുകൂടെ പലപ്പോഴും വടക്കൻദിക്കുകളിലെ പള്ളികളിൽ ചെന്ന് ജനങ്ങൾക്കു ജ്ഞാനധ്യാനം കഴിച്ചുകൊടുക്കയും തന്നിമിത്തം അദ്ദേഹം ആ ദിക്കുകളിലെ പട്ടക്കാരുടേയും ജനങ്ങളുടേയും അതിയായ മതിപ്പിനും ബഹുമതിക്കും പാത്രീഭവിക്കയും ചെയ്തിരുന്നതിനാൽ അദ്ദേഹത്തെ തന്നെ മേൽപ്പറഞ്ഞ ആശ്രമ പണിക്കാര്യം അവിടെ ചെന്ന് നടത്തുന്നതിനായി മെത്രാപ്പോലീത്താച്ചൻ തിരഞ്ഞെടുത്തു. ഈ വിവരം തോപ്പിലച്ചനെ അവിടുന്നു അറിയിച്ചപ്പോൾ തനിക്കു സഹായി ആയി ആനക്കല്ലുങ്കൽ ഇടവക പല്ലാട്ട അബ്രഹാം (ഇട്ടിയരാ) കത്തനാരച്ചനെ അരണാട്ടുകര പള്ളിയുടെ വികാരിയായി നിയമിച്ചു കൊടുത്താൽ കൊള്ളാമെന്നു അദ്ദേഹം ബോധിപ്പിച്ചു. ഈ അബ്രഹാം കത്തനാരച്ചൻ മുമ്പൊരിക്കൽ അരണാട്ടുകരെ പള്ളിയുടെ വികാരി ആയിരുന്നതിനു പുറമെ കൊടുങ്ങല്ലൂർ രൂപതയുടെ ഒടുവിലത്തെ ഗവർണ്ണർ (ഭരണകർത്താവ്) ആയിരുന്ന ജോൺ ദൊപ്പോർത്തൊ പൈശൊത്തു എന്ന ദേഹത്തിന്റെ സക്രത്താരിയും ടി. ഗവർണ്ണർ അച്ചന്റെ അധിവാസം മിക്കവാറും വടക്കുഭാഗത്ത് ആയിരുന്നതിനാൽ അവിടങ്ങളിലുള്ള ജനങ്ങൾക്കും പട്ടക്കാർക്കും അദ്ദേഹം വളരെ പരിചിതനും ആയിരുന്നു. എന്നാൽ പദ്യവാദ അധികാരത്തിൽ നിന്നിരുന്ന പട്ടക്കാരുടെ നേരെ വലിയ സമ്മതം ഇല്ലാതിരുന്നെങ്കിലും മെത്രാപ്പോലീത്താച്ചൻ തോപ്പിലച്ചന്റെ അപേക്ഷയെ നോക്കിക്കൊണ്ട് ടി. പല്ലാട്ടച്ചനെ അരണാട്ടുകര പള്ളിയുടെ വികാരിയായി നിയമിച്ചയച്ചു.

ഇതിനു ശേഷം ആശ്രമം പണിയിക്കേണ്ട കാര്യം, അതിനുള്ള സ്ഥലം ഇത്യാദികൾ സംബന്ധിച്ചു ജനങ്ങൾക്കും പട്ടക്കാർക്കുമുള്ള അഭിപ്രായം ഒരു യോഗം കൂടി തന്നെ അറീക്കാനായി വടക്കൻ ദിക്കുകളിലെ പള്ളിക്കാർക്ക് മെത്രാപ്പോലീത്താച്ചൻ ഒരു കല്പന അയക്കയും അതിൻപ്രകാരം ഒല്ലൂർ പള്ളിയിൽ മല്പാനച്ചന്മാരുടെയും പട്ടക്കാരുടെയും ജനങ്ങളുടെയും ഒരു യോഗം കൂടി ആലോചിച്ച് മുമ്പ് തോട്ടുങ്കൽ അന്തോനിയച്ചൻ മുതൽപേർ തിരഞ്ഞെടുത്ത സ്ഥലം തന്നെ ആശ്രമത്തിനു തക്ക സ്ഥലമെന്നും

അവിടെ പള്ളിയും കൊവേന്തയും പണിയിക്കുന്നതാണു തങ്ങളുടെ ആഗ്രഹമെന്നും കാണിച്ചു അനുസരണയുള്ള ഒരു മറുപടി അവർ വരാപ്പുഴക്കു അയയ്ക്കുകയും ചെയ്തു. പട്ടക്കാരുടേയും ജനങ്ങളുടേയും ഈ നല്ല അഭിപ്രായത്തെ സന്തോഷപൂർവ്വം മെത്രാപ്പോലീത്താച്ചൻ അംഗീകരിക്കയാൽ ആശ്രമസ്ഥലമായ മേൽപറഞ്ഞ എൽത്തുരുത്തിൽ മുമ്പുണ്ടായിരുന്ന ബങ്കളാവിനു പുറമെ കുർബാന ചെല്ലുന്നതിനു ഒരു കപ്പേളയും മറ്റും മേൽപറഞ്ഞ അരണാട്ടുകര വികാരി അച്ചൻ താൽപര്യം ചെയ്ത് കെട്ടിയുണ്ടാക്കുകയും വിവരത്തിനു മെത്രാപ്പോലീത്താച്ചനെ അറീക്കയും ചെയ്തു.

ഇതിനുശേഷം പള്ളി പണിയുന്നതിനും മറ്റും വേണ്ട അനുവാദങ്ങൾ സർക്കാരിൽ നിന്നു വാങ്ങുന്നതിനായി അരണാട്ടുകര വികാരിക്കു കല്പന അയയ്ക്കുകയും അദ്ദേഹം അതിനുശ്രമം ചെയ്ത് വേണ്ടിയിരിക്കുന്ന അനുവാദം വാങ്ങുകയും ചെയ്തു. ഈ സംഗതിക്കു അരണാട്ടുകര ചിറമേൽ തരകന്മാരും വളരെ സഹായവും താല്പര്യവും ചെയ്തു. അനന്തരം ആശ്രമ സ്ഥലം ഒഴിഞ്ഞുകൊടുക്കാൻ അരണാട്ടുകരെ പള്ളിക്കാർക്കു കല്പന അയയ്ക്കുകയും അവർ അതിൻ പ്രകാരം സ്ഥലം പള്ളി വകയിൽ നിന്നു കൊവേന്തയ്ക്കായി ഒഴിഞ്ഞുകൊടുക്കയും ചെയ്തു. ഇങ്ങനെ കാര്യങ്ങളെല്ലാം ശുഭമായി നടന്നതിനുശേഷം എൽത്തുരുത്തിൽ ചെന്ന് കൊവേന്തയ്ക്കും പള്ളിക്കും അടിസ്ഥാന കല്ലിടാനായി മാന്നാനത്തേക്കു പ്രിയോരച്ചനു വരാപ്പുഴനിന്നു കല്പന അയച്ചു. 1858 ഫെബ്രുവരി മാസം 2-ന് ശുദ്ധീകര മാതാവിന്റെ തിരുനാളിൽ കല്ലിടണമെന്നായിരുന്നു നിശ്ചയിക്കപ്പെട്ടിരുന്നത്. കുറിക്കപ്പെട്ട ദിവസത്തിൽ മേൽപറഞ്ഞ ഇടക്കുളത്തു മൽപ്പാനച്ചനും, പാനികുളം മൽപ്പാനച്ചനും, എലവത്തുങ്കൽ ദേവസിയാച്ചൻ മുതലായി അനേകം പട്ടക്കാരും അരണാട്ടുകര, ഒല്ലൂർ, ത്രിശ്ശിവപേരൂർ, ഏനമ്മാവ്, പഴയൂർ മുതലായ പള്ളികളിൽ നിന്നു അനേകം ജനങ്ങളും വന്നുകൂടി. കല്ലിടാനായി മാന്നാനത്തുനിന്നു പ്രിയോരച്ചനും വന്നുചേർന്നു.

ഇങ്ങനെ വളരെ ആഘോഷത്തോടുകൂടി മേൽപ്പറഞ്ഞ ദിവസത്തിൽ കൊവേന്തയ്ക്കും പള്ളിക്കും അടിസ്ഥാനകല്ലിട്ടു. അന്നു കുർബാന ചൊല്ലിയതും പ്രസംഗം പറഞ്ഞതും തൽക്കാലത്തേക്കായി കെട്ടിയുണ്ടാക്കിയ മേൽപറഞ്ഞ കപ്പേളയിലായിരുന്നു. അന്നത്തെ കുർബാനയ്ക്കു വേണ്ടിയിരുന്ന പള്ളിക്കോപ്പുകളൊക്കയും അരണാട്ടുകരെ പള്ളിയിൽ നിന്നു കൊണ്ടുവന്നു നടത്തി. പട്ടക്കാർ മുതലായവരുടെ യാവനയ്ക്കുള്ള ചിലവുകളൊക്കയും ചെയ്തതു പല്ലാട്ട് ഇട്ടിയരാച്ചന്റെ താല്പര്യത്താൽ ടി. ഇടവകക്കാരൻ ഈയാക്ക് ലൊന എന്നയാളാണ്. ഇയാൾ കല്ലിട്ട പ്രിയോരച്ചന് ഒരു കുത്തു കച്ചയും കൊടുത്തു. ആശ്രമത്തിനും പള്ളിക്കും അന്നു അടിസ്ഥാനമിട്ടതു ഇന്നു കാണുന്ന ഇരിപ്പുപോലെയല്ല. അവിടത്തെ വൃശ്ചിക കാറ്റിന്റെ ഉപദ്രവം നിമിത്തം ആശ്രമത്തിൽ വസിക്കുന്നവർക്കു ഉപദ്രവം തട്ടാതിരിക്കത്തക്കവിധത്തിൽ അവിടെയുള്ള പ്രധാനികളോടു ആലോചിച്ച് വേണ്ടവിധത്തിലാണ് പ്രിയോരച്ചൻ കല്ലിട്ടത്. കല്ലിട്ടു കഴിഞ്ഞ് പ്രിയോരച്ചൻ കൂനമ്മാവു വഴി ഉടനെ മാന്നാനത്തിനു പോയി. ഉടനെ ആ ഏപ്രിൽ മാസത്തിൽ മാന്നാനത്തു നിന്നു തോപ്പിൽ ഗീവറുഗീസച്ചനും രണ്ടു തുണസഹോദരന്മാരും കല്പനപ്രകാരം എൽതുരുത്തിൽ ചെന്നു വസിച്ചു. ഇദ്ദേഹത്തിനു പുളിങ്കുന്നിൽ ആത്മപരിപാലന സംബന്ധിച്ചുണ്ടായിരുന്ന ചില ജോലിക്കു മറ്റാളുകളെ മെത്രാപ്പോലീത്താച്ചൻ നിശ്ചയിച്ചാക്കി. പിറ്റേ മെയ് മാസത്തിൽ തോപ്പിലച്ചന്റെ അപേക്ഷ നിമിത്തം കൂട്ടായി മാന്നാനം ആശ്രമ നിവാസിയായിരുന്ന കടവിൽ അഗുസ്തിനോസച്ചനെ എൽതുരുത്തിലേക്കു അയക്കുകയും അപ്പോൾ വെള്ള, ചുവപ്പ് എന്നീ നിറങ്ങളോടു കൂടിയ ദമാസ്ക്ക് പട്ടുകൊണ്ടുള്ള ഒരു കുർബാനകുപ്പായവും, ആൾവ മുതലായവയും കൊടുത്തയയ്ക്കുകയും ചെയ്തു. ഈ ആഗുസ്തിനോസച്ചൻ ഒന്നാം ഭാഗം അഞ്ചാം അദ്ധ്യായം 31-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ സഭ ഉപേക്ഷിച്ചുപോയ അച്ചന്മാരിൽ ഒരാളാണ്. പിന്നീട് ധൈര്യപ്പെട്ടു വീണ്ടും വേണ്ട അനുമതിയോടെ സഭയിൽ പ്രവേശിച്ച് മാന്നാനത്ത് പാർത്തിരിക്കയായിരുന്നു. ഇവർ വന്നുചേരുന്നതുവരെ ഞായറാഴ്ച മുത

ലായ പ്രത്യേക ദിവസങ്ങളിൽ അരണാട്ടുകരെ നിന്നു കല്ലൂർ നിന്നും അച്ചന്മാർ വന്നു കുർബാന ചൊല്ലിയിരുന്നു. പറമ്പ് അരണാട്ടുകരെ ഏനാക്കാരൻ വാറു എന്നൊരുത്തനും സൂക്ഷിച്ചിരുന്നു. പണികൾ നടന്നുതുടങ്ങിയതു കുറെ കഴിഞ്ഞതിനുശേഷമാണ്. ഇതിനിടയ്ക്ക് പണിക്കുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുവരികയായിരുന്നു. ഇടയ്ക്കിടയ്ക്ക് തോപ്പിലച്ചൻ പള്ളികളിൽ ചുറ്റിസഞ്ചരിച്ചു പ്രസംഗം, കുമ്പസാരം മുതലായവ നടത്തിവരികയും കിട്ടുന്ന ധർമ്മം കൊണ്ട് പണിക്കുള്ള സാമാനങ്ങൾ ശേഖരിച്ചുവരികയും ചെയ്തുവന്നു. ആശ്രമം പണിയേണ്ട വിധത്തേപ്പറ്റി സ്ഥലത്തു ചെന്നു കണ്ടു നിശ്ചയിക്കുന്നതിനായി ദെലഗാത്തു പീലിപ്പോസ് മിസ്യൊനാരി അച്ചനെ മെത്രാപ്പോലീത്താച്ചൻ എൽതുരുത്തിലേക്കയച്ചു. അദ്ദേഹം വന്നുകണ്ടതിൽ തെക്കോട്ടു പള്ളിയുടെ മുഖവാരമായി ആദ്യം കല്ലിട്ടവിധം പണികഴിക്കുന്നതായാൽ കിഴക്കൻ കാറ്റിന്റെ ഉപദ്രവം നേരിടുമെന്നുവെച്ച് മുമ്പിലത്തെ അടിസ്ഥാനമിളക്കി കിഴക്കോട്ടു മുഖവാരമായി വീണ്ടും അടിസ്ഥാനമിട്ടു. പണി നടത്തേണ്ടതിലേക്കു ഒരു പ്ലാൻ മെത്രാപ്പോലീത്താച്ചൻ തന്നെ ഉണ്ടാക്കുകയും അതിൻപ്രകാരം പണിയിക്കുന്നതിനായിട്ടു മുട്ടുചിറപ്പള്ളി ഇടവക പറമ്പിൽ പൗലോസച്ചനെ സ്ഥലത്തേക്കു അയക്കുകയും ചെയ്തു.

രണ്ടാം ഭാഗം ഒന്നാം അദ്ധ്യായം 3-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 1857 ന്റെ ആരംഭത്തിൽ മുട്ടുചിറപള്ളിയിൽ സ്ഥാന സന്ദർശനത്തിനായി മെത്രാപ്പോലീത്താച്ചൻ ചെന്നിരുന്നപ്പോൾ അവിടുത്തെ പഴയ പള്ളി പൊളിച്ച് പുതിയ രീതിയിൽ പണികഴിച്ചിരുന്ന ആ പള്ളിയുടെ പണി വിശേഷതയും ഇണക്കവും കൂറുപാടും കണ്ട് അവിടുന്ന് വളരെ തൃപ്തനായി. ആ പണി നടത്തിയ ടി. പൗലോസച്ചനെ വളരെ കാര്യമായി മതിച്ചിരുന്നു. അതാണ് അദ്ദേഹത്തെ തന്നെ എൽതുരുത്തിലെ പണി നടത്താനായി വിട്ടത്. മേൽപ്പറഞ്ഞ പ്ലാനിൽ കൊവേന്ത, പള്ളി, സെമിനാരി, പട്ടക്കാർക്കു ധ്യാനം കഴിക്കാൻ ഒരു മുറി. എന്നിങ്ങനെ നാലു കെട്ടിടങ്ങൾ പണിയണമെന്നാണ് കാണിച്ചിരുന്നത്. എന്നാൽ എല്ലാം ഒന്നായി

നടത്തുന്നതു സാദ്ധ്യമല്ലെന്നു കണ്ട് അടിസ്ഥാനം എല്ലാത്തിനും ഒന്നിച്ചിടുകയും, ആദ്യം കൊവേന്തയും പിന്നെ പള്ളിയും ഒടുവിൽ മറ്റു കെട്ടിടങ്ങളും പണിയിക്കുന്നതിനു നിശ്ചയിക്കയും ചെയ്തു. ഇങ്ങനെ പണി ആരംഭിച്ചത് ഉദ്ദേശം 1859-ന്റെ അവസാനത്തിലാണ്. ഇതിനിടയ്ക്ക് തോപ്പിലച്ചനു സഹായിയായി വന്നിരുന്ന കടവിൽ ആഗുസ്തിനോസച്ചൻ എൽതുരുത്തിൽ നിന്നു പൊയ്ക്കളകയും, അദ്ദേഹത്തിനുണ്ടായിരുന്ന സുഖക്കേടു നിമിത്തം മെത്രാപ്പോലീത്താച്ചനും സഭ വിട്ടുപോകുവാൻ അദ്ദേഹത്തിനു സമ്മതം കൊടുക്കയും ചെയ്കയാൽ മുമ്പു കൂനമ്മാവു കൊവേന്തയുടെ വികാരിയായിരുന്ന മുഞ്ഞനാട്ട് മത്തായി അച്ചനെ എൽതുരുത്തിൽ തോപ്പിലച്ചനു സഹായിയായി വിട്ടു.

16. പണി ആരംഭിച്ചിട്ടു മുന്നൂനാലു മാസം കഴിഞ്ഞപ്പോൾ മേൽ 13-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം മാർപ്പാപ്പായുടെ പ്രതി പുരുഷനായി വരാപ്പുഴ മുതലായ വികാരിയാത്തുകളെ സന്ദർശനം ചെയ്യുവാൻ വന്നിരുന്ന ബൊനാന്ത് മെത്രാനച്ചൻ മലയാറ്റൂരിലെ വി. തോമ്മാശ്ലീഹായുടെ കുരിശു വണങ്ങി വടക്കോട്ടു യാത്രതിരിച്ചപ്പോൾ അദ്ദേഹത്തിന്റെ കൂടെ മർസ്സലീനോസ് മിസ്യോനാരി അച്ചനേയും വരാപ്പുഴെ നിന്നു വിട്ടിരുന്നു. ഇദ്ദേഹം വരാപ്പുഴ വികാരിയാത്തിന്റെ അതിർത്തികടത്തി മേല്പറഞ്ഞ ബൊനാന്ത് മെത്രാനച്ചനെ വിട്ടുംവച്ച് മടങ്ങി പോകുമ്പോൾ എൽതുരുത്തിൽ അടുത്തു തോപ്പിലച്ചനെ സന്ദർശിച്ചു. അപ്പോൾ പണി നടത്തിക്കൊണ്ടു പോകാൻ മാർഗ്ഗമില്ലാതെ നന്നാ ഞെരുങ്ങുന്നെന്നും, പള്ളികളിൽ നിന്നു ഒരാണ്ടത്തെ വരവ് തന്നാണ്ടു ചിലവുനീക്കി ബാക്കിയുള്ള പണം ഒന്നോ രണ്ടോ നാലോ ആണ്ടുകൾകൊണ്ട് പണിവകയ്ക്കായി കിട്ടിയാൽ കാര്യം നടപ്പുണ്ടാകുമെന്നും, അപ്രകാരം തന്നെ ജനങ്ങളിൽ നിന്നു ഒരു ധർമ്മ സഹായം ഉണ്ടായാൽ വലിയ കാര്യമായ്ത്തീരുമെന്നും ഈ സംഗതികളെല്ലാം മെത്രാപ്പോലീത്താച്ചനെ ബോധിപ്പിച്ചു പള്ളിക്കാർക്കായി ഒരു കൽപന അയച്ചുകൊടുക്കണമെന്നും തോപ്പിലച്ചൻ അദ്ദേഹത്തോടു പറഞ്ഞു. മർസ്സലീനോസ് മിസ്യോനാരി

അച്ചൻ വരാപ്പുഴെ എത്തി തോപ്പിലച്ചന്റെ അപേക്ഷ മെത്രാപ്പോലീത്താച്ചനെ ബോധിപ്പിച്ചു. ഉടനെ ഉദയംപേരൂർ മുതൽ വടക്കോട്ടുള്ള എല്ലാ സുറിയാനി പള്ളികളിൽ നിന്നും തന്നാണ്ടു ചിലവു കഴിച്ചുള്ള ഒരാണ്ടത്തെ വരവ് എല്ലാം എൽതുരുത്തിൽ ആരംഭിച്ചിരിക്കുന്ന പണിക്കായി കൊടുക്കണമെന്നും അപ്രകാരം തന്നെ ജനങ്ങളിൽ നിന്നും ഒരു ധർമ്മസഹായം ചെയ്തുകൊടുക്കണമെന്നും കൽപന അയച്ചു. ഈ കല്പന പ്രകാരം വടക്കൻപറവൂർ, അങ്കമാലി, കാഞ്ഞൂർ, മലയാറ്റൂർ മുതലായ പള്ളികളിൽ നിന്നു വലിയ ഒരു തുക പിരിഞ്ഞുകിട്ടി. അരണാട്ടുകര പള്ളിക്കാരു പറമ്പിനായിട്ടും മറ്റും ചിലവിട്ടിരുന്ന സംഖ്യയും കപ്പേളയിൽ ഉപയോഗിപ്പാൻ കൊടുത്തിരുന്ന കാസാ, കുർബാനക്കല്ല്, മുതലായവയും അവരുടെ വകയ്ക്ക് ദാനമായി സ്വീകരിച്ചു. ഒല്ലൂർ പള്ളിയിൽ നിന്നു ഒന്നായിട്ടു ഒരു വലിയ സംഖ്യ പിരിഞ്ഞു. അത് പണിക്കെടുത്തു ചിലവഴിക്കാതെ വേണ്ട അനുമതിയോടെ എൽത്തുരുത്തു പറമ്പിനു കിഴക്കുവശം കിടക്കുന്ന ഒരു കൊൾ കൃഷിനിലം വാങ്ങിച്ചു. അതിനിടയ്ക്ക് പണികൾ മുടങ്ങാതെ നടത്തിവരികയും ചെയ്തു. പള്ളികളിൽ നിന്നുള്ള സംഖ്യ തോപ്പിലച്ചൻ തന്നെയും ചിലപ്പോൾ ആൾവിട്ടും വാങ്ങിയാണ് പണി നടത്തിവന്നിരുന്നത്. വാങ്ങിച്ച കൊൾ നിലത്തിൽ തനതായി കൃഷി നടത്തിയാൽ അതിൽ നിന്നു കിട്ടുന്ന ആദായംകൊണ്ട് പണി നടത്താമെന്നും തോപ്പിലച്ചൻ കരുതി അരണാട്ടുകര ഇടവകയിൽ കൃഷിക്കു പരിചയമുള്ള ഒരു ആളിനെ ആ ചുമതല ഏൽപ്പിക്കയും അവൻ വേണ്ട താല്പര്യം ചെയ്തു കൃഷി ഇറക്കുകയും ചെയ്തു. കൃഷിയും കേടൊന്നും ഭവിക്കാതെ വളരെ വിശേഷമായി വിളഞ്ഞു. കൊയിത്തിനു നിശ്ചയിച്ചിരുന്ന ദിവസത്തിനുതലേ രാത്രിയിൽ ഉണ്ടായ പതിവില്ലാത്ത ഒരു വെള്ളപ്പൊക്കം നിമിത്തം ആ ദിക്കിലുള്ള കോൾ കൃഷികൾ നഷ്ടപ്പെട്ടുപോയ കൂട്ടത്തിൽ കൊവേന്തയുടേയും ചേതപ്പെട്ടുപോയി. കൃഷി കാത്തിരുന്ന കാവൽക്കാർ പിറ്റേ ദിവസം രാവിലെ എഴുന്നേറ്റു നോക്കിയപ്പോൾ കൃഷിസ്ഥലങ്ങളെല്ലാം വർഷകാലം പോലെ വെള്ളം പൊങ്ങി കിടക്കുന്നതായി കണ്ടു.

പള്ളികൾക്കു കുർബാനയ്ക്കു ഉപയോഗിക്കാനായി വാരാപ്പുഴ നിന്നു ഏൽത്തുരുത്തിൽ ഏൽപ്പിച്ചിരുന്നതായിട്ടുണ്ടായിരുന്ന വീഞ്ഞിന്റെ പണം അവിടേയ്ക്ക് എടുത്തുകൊള്ളാനായി ഉണ്ടായ മെത്രാപ്പോലീത്താച്ചന്റെ കല്പനപ്രകാരം ആ സംഖ്യ എടുത്തു അവിടെ ചിലവിട്ടു. അതു അപ്പോഴത്തെ ആവശ്യത്തിനു തക്ക ഒരു സഹായമായി തീർന്നു. ഇതിനിടയ്ക്ക് തോപ്പിലച്ചനു സഹായി ആയിരുന്ന മുഞ്ഞനാട്ടു മത്തായി അച്ചനു ഒരു പനിപിടിപ്പെട്ടു വീഴ്ചയിലായി. അതു വൃശ്ചികകാറ്റിന്റെ ഉപദ്രവം കൊണ്ട് ഉണ്ടായതെന്നു വിധിച്ച് അദ്ദേഹത്തെ മാന്നാനത്തു അയച്ചാൽ സ്ഥലം മാറ്റം കൊണ്ട് സുഖപ്പെടുമെന്നു തോപ്പിലച്ചൻ നിശ്ചയിക്കയും അതിനായി വട്ടംകൂട്ടുകയും ചെയ്തു. എന്നാൽ അത് അപകടമെന്ന് ചിറമേൽ വാവു തരകൻ അഭിപ്രായപ്പെടുകയാൽ അവിടെ തന്നെ വേണ്ട ചികിത്സകളൊക്കെയും മഹാ താൽപ്പര്യത്തോടെ ചെയ്തു. പനി വളരെ ശക്തിയുള്ളതായിരുന്നതിനാൽ ചികിത്സ കൊണ്ട് ഗുണമൊന്നുമുണ്ടായില്ല. ദീനം കൂടുകയാൽ അന്ത്യകൂദാശകളൊക്കെയും വേണ്ട ഒരുക്കത്തോടുകൂടെ കൈക്കൊണ്ട് 1861 ജനുവരി 16-ന് ഭാഗ്യമായി ചരമംപ്രാപിക്കയും അന്നത്തെ കപ്പേളയിൽ ഭൂമിദാനം ചെയ്യപ്പെടുകയും ചെയ്തു. മുഞ്ഞനാട്ടച്ചന്റെ ദീനത്തിൽ സഹായിച്ചിരുന്ന എലവത്തുങ്കൽ ദേവസിയാച്ചൻ വാഗ്ദത്ത നേർച്ചകൾ കൂനമ്മാവുങ്കൽ പോയി ചെയ്യേണ്ടതായിരുന്നതിനാൽ അദ്ദേഹം അവിടേയ്ക്കു വിളിക്കപ്പെട്ടുപോയി. അതുകൊണ്ട് തോപ്പിലച്ചനെ സഹായിക്കാനായി ആദ്യം വാഗ്ദത്ത നേർച്ചകൾ സമർപ്പിച്ച 11 അച്ചന്മാരിൽ ഒരാളായ (കട്ടക്കയത്തു) ചാണ്ടിയച്ചനെ നിശ്ചയിക്കയും അദ്ദേഹം 1861 മാർച്ച് മാസം 19-ന് എൽത്തുരുത്തിൽ വന്നു ചേരുകയും ചെയ്തു. ഇദ്ദേഹം വന്നത് തോപ്പിലച്ചന് വലിയ സഹായമായി തീർന്നു. ഇദ്ദേഹത്തിന്റെ ഹൃദയംഗമമായ പ്രസംഗത്തിന്മേലുള്ള താൽപര്യം നിമിത്തം തൃശിവപേരൂർ പള്ളിക്കാർ ഞായറാഴ്ചതോറും തങ്ങളുടെ പള്ളിയിൽ വന്നു പ്രസംഗം പറയണമെന്നു അപേക്ഷിക്കയും അതിൻ പ്രകാരം അദ്ദേഹം അവിടെ പോയി ആഴ്ചതോറും പ്രസംഗം പറകയും ചെയ്തു വന്നു. ഇതിനിടയ്ക്ക്

പണികൾ വീഴ്ചകൂടാതെ നടന്നുവരികയും ചെയ്തു. ആശ്രമത്തിന്റെ കൽപ്പണി മുഴുവനും തീരുകയും കൂടുകേറ്റി ഓടുമേയുകയും ചെയ്തിരുന്നു.* പള്ളി പണി തറനിരപ്പു കഴിഞ്ഞ് അല്പം പൊങ്ങിയിരുന്നു, സെമിനാരി പണി തറനിരപ്പുവരെയും പൊങ്ങി. പണികളൊക്കെയും ഇത്രത്തോളം ആയപ്പോൾ ടി. ആണ്ട് മെയ്മാസത്തിൽ ബാബേലിൽ നിന്ന് റോക്കോസ് മെത്രാൻ മലയാളത്തിൽ വന്നിറങ്ങി. ഇദ്ദേഹത്തിന്റെ വരവ് നിമിത്തം മലയാളത്തുണ്ടായ ശീശ്മയും കുഴപ്പങ്ങളും കൊവേന്ത പണിക്കും മറ്റും ഉണ്ടായ വിമ്മിട്ടങ്ങളും പിന്നീട് വിവരിക്കപ്പെടും.

---

*കക്കാ വേവിച്ചെടുക്കുന്നതിനു നല്ല പരിചയമുള്ള ചിലരെ പുളിങ്കുന്നിൽ നിന്നു വരുത്തി ചൂള വെപ്പിക്കുകയും ഇവരിൽനിന്നു ആ വേല പഠിച്ചറിഞ്ഞ ആളുകൾ സ്വാധീനത്തിൽ ഉണ്ടാകയും ചെയ്താൽ പണചിലവിൽ ആദായമുണ്ടാകുമെന്നു തോപ്പിലച്ചൻ നിശ്ചയിക്കയും അങ്ങനെ പുളിങ്കുന്നിൽനിന്ന് ആളുകളെ വരുത്തി കാര്യം നടത്തുകയും ചെയ്തു.

## അധ്യായം 6

17. പ്ലാശനാൽ കൊവേന്തയുടെ സ്ഥാപനം: ഒന്നാം ഭാഗം മൂന്നാം അദ്ധ്യായം 11, 12 ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ കുടക്കച്ചിറ അന്തോനി ശെമ്മാശൻ മാന്നാനത്ത് നിന്നു പോയതിനു ശേഷം പാലായിൽ വന്ന് കട്ടക്കയത്തു ഔസേപ്പ് മല്പാനച്ചന്റെ പക്കൽ പഠിക്കയും പഠനം കഴിഞ്ഞപ്പോൾ വരാപ്പുഴെ ലുദുവിക്കോസ് മെത്രാപ്പോലീത്തായോടു കുർബാനപട്ടം ഏൽക്കയും ചെയ്തു. ഇതിനുശേഷം അരീത്തുറെ പള്ളിയുടെ വികാരിയായി അദ്ദേഹത്തെ ലുദുവിക്കോസ് മെത്രാപ്പോലീത്താച്ചൻ നിശ്ചയിച്ചു. അരീത്തുറെ വികാരി ആയിരിക്കുമ്പോൾ ലുദുവിക്കോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടെ പ്ലാശനാൽ എന്ന സ്ഥലത്ത് ഒരു ചെറിയ പള്ളിയും തൽക്കാലം പാർപ്പിനുപയോഗമായി തീരത്തക്ക സ്ഥിതിയിൽ ഏതാനും മുറികളും അദ്ദേഹം പണിയിച്ചു. ഇതിനു ശേഷം മാന്നാനത്തെപ്പോലെ അവിടെ സന്യാസ ജീവിതം ആരംഭിക്കണമെന്നു നിശ്ചയിച്ച് ഏതാനും അച്ചന്മാരേയും ചില പൈതങ്ങളെയും പറഞ്ഞു മനസ്സാക്കി. അച്ചന്മാരിൽ മുണ്ടമറ്റം തോമ്മാച്ചൻ ഒരാളായിരുന്നു. മാന്നാനത്തെ ആശ്രമം വി. ദൊമ്മിനീങ്കോസിനെ അനുകരിച്ച് സ്വന്ത ആത്മോപകാരത്തിനും അയൽക്കാരുടെ ആത്മ നന്മയ്ക്കും ഉതകാൻ തക്ക സ്ഥിതിയിൽ ആണ് സ്ഥാപിച്ചത്. എന്നാൽ തലപ്പലം കരയിൽ പ്ലാശനാൽ എന്ന സ്ഥലത്ത് അന്തോനിയച്ചൻ ഏർപ്പെടുത്തിയ ആശ്രമം വി. മാർ അന്തോനീസ് ബാവായെ അനുകരിച്ചിട്ടുള്ള രീതിയിലായിരുന്നു. ഇതിനാൽ ശരീര തപസ്സുകൾ അധികമായി അതിൽ നടത്തിയിരുന്നു. 'നീതിമാൻ ഈന്തൽ വൃക്ഷം പോലെ മുളച്ചു വളരും' എന്നുള്ള ദാവീദ് നിവ്യായുടെ വാക്ക്യത്തെ ഉദാഹരിച്ച് മാന്നാനത്തു ഒരു പുണ്യവാൻ മുളെയ്ക്കുതന്നിനു മുമ്പ് പ്ലാശനാൽ ആശ്രമത്തിൽ  മുളയ്ക്കും എന്ന് പറഞ്ഞു വന്നിരുന്നു. ഒരിക്കൽ പ്രിയോർ ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ കിഴക്കൻ പള്ളികളിൽ പ്രസംഗത്തിനായി പോയിരുന്നപ്പോൾ ടി. അന്തോനിയച്ചന്റെ ക്ഷണപ്രകാരം പ്ലാശനാൽ കൊവേന്തയെ സന്ദർശിച്ചു. അപ്പോൾ

അവിടെ നടന്നുവന്ന തപസ്സുകളെ കണ്ട് പ്രിയോരച്ചൻ വിസ്മയ പൂരിതനായി അതുകളോടൊപ്പിച്ചാൽ മാന്നാനത്തു നടക്കുന്നവ നിസാരങ്ങളാണെന്ന് സമ്മതിക്കുകയും, മാന്നാനത്ത് പിന്തിരിഞ്ഞു ചെന്നപ്പോൾ താൻ പ്ലാശനാൽ കണ്ടകാര്യം അവിടെയുള്ളവരെ പറഞ്ഞു ഗ്രഹിപ്പിച്ച് തപസ്സിൽ പൂർവ്വാധികം അവരെ പ്രോത്സാഹിപ്പിക്കയും ചെയ്തു. അന്തോനിയച്ചന്റെ സ്വാഭാവിക ഗുണങ്ങളും ബുദ്ധി സാമർത്ഥ്യവും, വാക്ക് വൈഭവവും അറിഞ്ഞിട്ടുള്ള എല്ലാവരും അദ്ദേഹം ഒരു അസാധാരണ പുരുഷൻ ആണെന്ന് സമ്മതിക്കാതിരിക്കുന്നതല്ല. ഇദ്ദേഹം മാന്നാനത്തു ശെമ്മാശനായി താമസിച്ചിരുന്ന കാലത്തു ഈവക ഗുണങ്ങൾ കണ്ടറിഞ്ഞിരുന്ന നമ്മുടെ പ്രിയോർ കുര്യാക്കോസ് ഏലിയാച്ചൻ അദ്ദേഹത്തെ കാര്യമായി മതിച്ചിരുന്നു. ഇങ്ങനെയിരിക്കുമ്പോൾ പ്ലാശനാൽ പാർത്തിരുന്ന ചിലർ പൈതങ്ങൾക്കു പട്ടംകൊടുക്കണമെന്നായി അന്തോനിയച്ചൻ ലുദുവിക്കോസ് മെത്രാപ്പോലീത്താച്ചനോടു അപേക്ഷിച്ചു. ആ അപേക്ഷയ്ക്ക് അക്കാലത്ത് നടന്നുവന്നിരുന്നതുപോലെ ദേശകുറിയും പത്രിമോനി എന്ന പിതൃധനവും ഇല്ലാതെ പട്ടം കൊടുക്കാൻ പാടില്ലെന്നും പ്ലാശനാൽ ഒരു സെമിനാരിയായി സ്വീകരിക്കാൻ പാടില്ലെന്നും മറ്റും മെത്രാപ്പോലീത്താച്ചൻ മറുപടി കൊടുത്തു. അത് അന്തോനിയച്ചനു ഒട്ടും രസിച്ചില്ല. അന്നു കുറവിലങ്ങാട് പള്ളിയിൽ ദെനഹാ എന്നൊരു കൽദായ പട്ടക്കാരൻ ബാബേലിൽ നിന്നുവന്ന് താമസിച്ചിരുന്നു. സുറിയാനി മെത്രാനെ കിട്ടുന്നതിനായി റോമ്മായിലേക്കും മറ്റും പല ഹർജികൾ ഇദ്ദേഹം ഉണ്ടാക്കി പലരേക്കൊണ്ടും ഒപ്പുവെപ്പിച്ചു വന്നിരുന്നു. അന്തോനിയച്ചൻ ഈ ദെനഹായോടു ചേർന്ന് ആ കാര്യത്തിനു ശ്രമിക്കാനായി ഏർപ്പെട്ടു. ഇക്കാലത്താണ് ലുദുവിക്കോസ് മെത്രാപ്പോലീത്താ റോമ്മയ്ക്ക് പോയതും പകരം കൊല്ലം വികാരി അപ്പസ്തോലിക്ക ആയിരുന്ന ബെർണ്ണദീനോസ് മെത്രാപ്പോലീത്താ നിയമിക്കപ്പെട്ടതും. ലുദുവിക്കോസ് മെത്രാപ്പോലീത്താ യാത്ര പുറപ്പെട്ടത് 1852-ന്റെ അവസാനത്തിലാണ്.

അന്തോനിയച്ചൻ പള്ളികളിൽ ചുറ്റിസഞ്ചരിച്ചു പ്രസംഗിക്കാൻ തുടങ്ങി. ഇദ്ദേഹം പ്രധാനമായി സഞ്ചരിച്ചത് വടക്കൻദിക്കിലുള്ള പള്ളികളിലായിരുന്നു. ഇദ്ദേഹത്തിന്റെ ശരീര തപസ്സുകളെ കണ്ടിരുന്ന ജനങ്ങൾ വിസ്മയപൂരിതരായി പോയിരുന്നു. മേൽ മൂന്നാം അദ്ധ്യായം 11-ാം ലക്കത്തിൽ വിവരിച്ചിട്ടുള്ളതും എത്രയും സാരമുള്ളതുമായ ആത്മതപസ്സുകളെക്കാൾ ശരീര തപസ്സുകളെ ആണല്ലൊ പൊതുവേ എല്ലാവരും മതിച്ചുവരുന്നത്. ഇദ്ദേഹം പള്ളികളിൽ ചുറ്റിസഞ്ചരിച്ചിരുന്ന നാളുകളിൽ അരണാട്ടുകര ചിറമ്മേൽ പാവു തരകന്റെ അമ്മായപ്പനായ പഴയൂർ പന്ത്രണ്ടിൽ ഇക്രു എന്ന ഒരു മാന്യന്റെ പ്രേതസംസ്കാര ദിവസത്തിലെ പ്രസംഗത്തിനായി ക്ഷണിക്കപ്പെട്ടു. ഈ കർമ്മത്തിനായി ടി. ചിറമേൽ തരകന്മാരും, വടക്കൻ ദിക്കിലെ മല്പാന്മാരും, അനേകം പട്ടക്കാരും ജനങ്ങളും വന്നുകൂടിയിരുന്നു. പ്രസംഗകർത്താവ് മരണത്തോടുകൂടെ മനുഷ്യൻ ലോകഭാഗ്യങ്ങളൊക്കെ എങ്ങനെ കൈവിട്ടുപോകുന്നെന്നും, ലോകഭാഗ്യങ്ങളിൽ സ്നേഹം വച്ചു കൊണ്ടിരുന്നാൽ നേരിടുന്ന ആപത്തു എത്ര ഭയങ്കരമുള്ളതാണെന്നും ദൈവേഷ്ടപ്രസാദത്തോടെ മരിച്ചാലുണ്ടാകുന്ന മഹാഭാഗ്യം എത്ര വിലതീരാത്തതാണെന്നും മറ്റും മഹാ ഗൗരവത്തോടെ അധികനേരം പ്രസംഗിച്ചു. പ്രസംഗം കേട്ട ജനങ്ങളും പട്ടക്കാരും മല്പാന്മാർ ആദിയായ സകലരും ഞടുങ്ങി കരഞ്ഞുപോയി.

അന്തോനിയച്ചന്റെ ചുറ്റിസഞ്ചാരം അറിഞ്ഞ് ബർണ്ണർദീനോസ് മെത്രാപ്പോലീത്താ വടക്കൻ ദിക്കിലെ പള്ളികളിലെ വികാരിമാരേയും മറ്റും വരാപ്പുഴെ വിളിച്ചുകൂട്ടി രണ്ടു സെക്രട്ടറിമാർ മുഖാന്തരം കൊടക്കച്ചിറെ അന്തോനിക്കത്തനാരുടെ ബാഹ്യഗുണങ്ങളൊന്നും വിശ്വസിച്ചുപോകരുതെന്നും അയാളുടെ അന്തർഗതം വേറൊന്നാണെന്നും മറ്റും വിസ്തരിച്ചു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അന്തോനിയച്ചൻ എങ്ങനെയോ അതറിഞ്ഞ് അവിടെ എത്തി കൂടിയിരുന്ന യോഗത്തിൽ പ്രവേശിച്ചു. ഇദ്ദേഹത്തിന്റെ ഭാവാവസ്ഥകണ്ട് മെത്രാപ്പോലീത്താച്ചൻ ചെയ്തുകൊണ്ടിരുന്ന പ്രസ്താവന നിർത്തിയപ്പോൾ സുറിയാനി ക്രമത്തിൽ ഒരു

മെത്രാനെ കിട്ടണമെന്നുള്ളതു എല്ലാ സുറിയാനിക്കാരുടേയും എന്നുവേണ്ട അവരുടെ ശിശുക്കളുടേയും ആഗ്രഹമാണെന്ന് അന്തോനിയച്ചൻ കൂടിയിരുന്ന യോഗത്തിന്റെ മുമ്പാകെവെച്ചു മെത്രാപ്പോലീത്താച്ചനോടു പറഞ്ഞറിയിച്ചു.ഇദ്ദേഹത്തിന്റെ ബാഹ്യ ഗുണങ്ങളും ജനസമ്മതവും നിമിത്തം അപ്പോൾ മെത്രാപ്പോലീത്താച്ചൻ ഒന്നും പ്രവർത്തിക്കാതെ കൂടിയിരുന്ന യോഗത്തെ പിരിച്ചുവിടുകയും അദ്ദേഹത്തെ തനിച്ചുവിളിച്ച് കുഴപ്പങ്ങൾ ഒന്നുമുണ്ടാക്കരുതെന്നു ഉപദേശിക്കയും ചെയ്തു. ഇതിനു ശേഷം ഏറെ താമസിയാതെ അന്തോനിയച്ചൻ കടനാട്ട് ഇടവക ഇല്ലിക്കൽ ദേവസ്യാകത്തനാരച്ചനും കുത്തിയതോട്ടുകാരൻ തോമ്മാ കത്തനാരച്ചനും പ്ലാശനാൽ പഠിച്ചിരുന്ന ചില പൈതങ്ങളുമായി ഒരുമിച്ചു ആദ്യം മദ്രാസിന്നും അവിടെ നിന്നു ബോംബെയ്ക്കും പോയി. യാത്രയിൽ വെച്ചു പൈതങ്ങളിൽ ചിലർ മരിച്ചുപോകയാൽ ഒടുവിൽ പറഞ്ഞ അച്ചന്മാർ രണ്ടുപേരും മലയാളത്തിലേക്കു പിന്തിരിഞ്ഞു. അന്തോനിയച്ചൻ തന്റെ പേർക്ക് പ്ലാശനാൽ കാര്യം നോക്കിയിരുന്ന മുണ്ടമറ്റത്തിൽ തോമ്മാ കത്തനാരച്ചൻ മുഖാന്തരം ഭരണങ്ങാനത്തു നിന്നു തൊണ്ടനാട്ട് അന്തോനി കത്തനാരച്ചനെ എഴുതി അയച്ചു ബോംബെയിൽ വരുത്തി. 1854-ൽ അവിടെ നിന്നു രണ്ടുപേരും ശേഷിച്ച പൈതങ്ങളുമായി ബാഗ്ദാദിനു കപ്പൽ കയറി. അന്തോനിയച്ചൻ കാരണമുണ്ടായ ഒരു വ്യവഹാരത്തിൽ വാദികൾക്കും പ്രതികൾക്കും വന്ന ചെലവു മുഴുവനും അദ്ദേഹം കൊടുക്കണമെന്ന് മാർ ബെർണ്ണർദീനോസ് മെത്രാപ്പോലീത്തായാൽ നിശ്ചയിക്കപ്പെട്ട പഞ്ചായക്കാർ തീർച്ചചെയ്കയും ആ തീർച്ചയ്ക്കു അനുസരണമായി 15 ദിവസത്തെ അവധിവച്ച് അംശമുടക്കിൻ കീഴ് ഒരു കല്പന അന്തോനിയച്ചനു അയക്കയും ചെയ്തിരുന്നു. ഈ സന്ദർഭത്തിലാണ് അദ്ദേഹം യാത്ര തിരിച്ചു മലയാളം വിട്ടുപോയത്.

അന്തോനിയച്ചനും കൂട്ടരും ബാഗ്ദാദിൽ എത്തിയപ്പോൾ അന്നു ബാബേൽ സിംഹാസനത്തിൽ വാണിരുന്ന വൃദ്ധനും ദയാലുവുമായ ഔസേപ്പ് ഔദൊ പാത്രിയാർക്കീസ് അദ്ദേഹം പറഞ്ഞതൊക്കെയും വിശ്വസിച്ച് അവരെ അവിടത്തെ രൂപതക്കാരെപ്പോലെ

സ്വീകരിക്കയും തന്നിമിത്തം അവർ അവിടത്തെ രീതിയിൽ കുർബാന മുതലായ ദിവ്യ കർമ്മങ്ങൾ നടത്തിവരികയും ചെയ്തു. ഇങ്ങനെ രണ്ടുവർഷത്തോളം അവിടെ താമസിച്ചതിനുശേഷം തൊണ്ടനാട്ട് അന്തോനി കത്തനാരച്ചനേയും, താൻ കൊണ്ടുപോയിരുന്ന പൈതങ്ങളിൽ ഉപ്പുമാക്കനേയും അവിടെ താമസിപ്പിച്ചുകൊണ്ട് വീണ്ടും 1856–ൽ അന്തോനിയച്ചൻ മലയാളത്തിലേയ്ക്കു മടങ്ങി, ആലപ്പുഴെ വന്നിറങ്ങി. ബാബേൽ രീതിപ്രകാരമുള്ള ഇദ്ദേഹത്തിന്റെ കുർബാനയും നടപടികളും അവിടെവച്ചു നീട്ടിയ താടിയും അതിനിടയ്ക്ക് വാഗ്വൈഭവത്തോടുകൂടിയ അദ്ദേഹത്തിന്റെ സംഭാഷണവും പ്രസംഗങ്ങളും കണ്ടുംകേട്ടുമിരുന്ന ജനങ്ങൾ പൊതുവേ അദ്ദേഹത്താൽ ആകർഷിക്കപ്പെട്ടുപോയിരുന്നു. വന്നയുടനെ വരാപ്പുഴെ ചെന്ന് മെത്രാപ്പോലീത്താച്ചനെ കാണണമെന്നു അപേക്ഷിച്ചു. അവിടുന്നു അതിന് സമ്മതം കൊടുക്കാതെ അന്നു മിസ്യൊനാരിയായിരുന്ന (പിന്നീട് മെത്രാപ്പോലീത്തയായ) ലെയോനാർദ് മിസ്യൊനാരി അച്ചനെ അന്തോനിയച്ചന്റെ പക്കൽ അയക്കുകയും കല്പനപ്രകാരം അദ്ദേഹം മെത്രാപ്പോലീത്തായുടെ നാമത്തിൽ പള്ളികളിൽ ചുറ്റിസഞ്ചരിക്കരുതെന്നും സ്വന്തഇടവകയിൽപോയി പാർത്തുകൊള്ളണമെന്നും അന്തോനിയച്ചനോടു കൽപിക്കയും ചെയ്തു. അന്തോനിയച്ചൻ ഉടനെ വരാപ്പുഴെ നിന്നു പുറപ്പെട്ടു പാലായിക്കും മറ്റും യാത്രതിരിച്ചു. അതുവഴി മാന്നാനത്തും കയറി. ഇദ്ദേഹം രണ്ടാമത് വന്നതു മാർപ്പാപ്പായ്ക്കും, പാത്രിയാർക്കീസിനും സുറിയാനി ക്രമത്തിൽ ഒരു മെത്രാനെ കൊടുക്കുന്നതിനുവേണ്ടിയുള്ള രണ്ടു അപേക്ഷകൾക്കും പള്ളിക്കാരുടെ ഒപ്പും സമ്മതവും വാങ്ങുന്നതിനും ഈ കാര്യത്തിൽ വക്കീലായി അന്തോനിയച്ചനെ അയച്ചിരിക്കുന്നു എന്നുള്ളതിനു പള്ളിക്കാരുടെ സമ്മതവും പിടിമാനവും വാങ്ങുന്നതിനായിട്ടും, മെത്രാൻ വരുന്നതായാൽ എല്ലാപള്ളികളിൽ നിന്നും ഒരാണ്ടത്തെ വരവു മെത്രാന്റെ ചിലവിലേയ്ക്കു കൊടുത്തുകൊള്ളാമെന്നുള്ളതിനു പള്ളിക്കാരുടെ സമ്മതം വാങ്ങുന്നതിനുമായിട്ടായിരുന്നു. ഇതിനായി പല സ്ഥലങ്ങളിലും ഇദ്ദേഹം ചുറ്റി

സഞ്ചരിച്ചു പട്ടക്കാരുടേയും ജനങ്ങളുടേയും സമ്മതം വാങ്ങിയിരുന്നു. ചില സ്ഥലങ്ങളിൽ താൻതന്നെയും വേറെ സ്ഥലങ്ങളിൽ പ്ലാശനാൽ ഉണ്ടായിരുന്ന ശെമ്മാശന്മാർ മുഖാന്തിരവുമാണ് അതു നടത്തിയത്.

അന്തോനിയച്ചന്റെ സ്നേഹിതന്മാരായ ലത്തീൻ പട്ടക്കാരിൽ ചിലരും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സുറിയാനിക്കാരെ താല്പര്യപ്പെടുത്തിയിരുന്നു. ഇതൊക്കെയും മെത്രാപ്പോലീത്താച്ചൻ അറിഞ്ഞപ്പോൾ അന്തോനി കത്തനാരുടെ ലാക്കിനു സഹായം ചെയ്തുകൊടുക്കരുതെന്നു ആദ്യം പള്ളികൾക്കു കല്പന അയയ്ക്കുകയും പിന്നീട് അന്തോനിയച്ചൻ മേൽപറഞ്ഞ കാര്യങ്ങളിൽ നിന്നു വിട്ടുമാറാത്തതുകൊണ്ട് അദ്ദേഹത്തെ മഹറോൻ ചൊല്ലുകയും ചെയ്തു.

എന്നാൽ പള്ളിക്കാരിൽ ചിലർ അന്തോനിയച്ചന് പ്രതികൂലികളും ചിലർ അദ്ദേഹത്തിനു അനുകൂലികളുമായിരുന്നു. പാലായിൽ തന്നെ രണ്ടു കക്ഷികളുണ്ടായിരുന്നു. ഇതിനിടയ്ക്ക് മുസ്സലിലെ പാത്രയർക്കീയ സെമിനാരിയിൽ പഠിക്കാൻ പോകാനായി പല ഇടവകകളിൽ നിന്നായി 12 ബാലന്മാരെ പറഞ്ഞു മനസ്സാക്കുകയും അതിനുവേണ്ടിക്കൂടിയും ധർമ്മസഹായം വാങ്ങുകയും ചെയ്തിരുന്നു. ഇതിനുശേഷം ഇല്ലിക്കലച്ചൻ, കുഴിഞ്ഞാലി ശെമ്മാശൻ, പാണ്ട്യാൻമാക്കൽ ശെമ്മാശൻ എന്നിവരും മേൽപറഞ്ഞ പൈതങ്ങളുമായി ഒരുമിച്ച് 1857 ഫെബ്രുവരി മാസത്തിൽ ആലപ്പുഴെ ചെന്ന് ബാഗ്ദാദിനായി കപ്പൽ കയറി. കപ്പൽ കയറുന്നതിനു മുമ്പു അന്തോനിയച്ചനും കൂട്ടരും മേൽ ഒന്നാം അദ്ധ്യായം 3-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ അന്നു മാന്നാനത്തു വന്നിരുന്ന ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചനെ കാണുന്നതിനായി കുടമാളൂർ പള്ളിയിൽ വന്നിരുന്നുകൊണ്ട് എഴുതി ച്ചോദിച്ചെങ്കിലും സമ്മതം കൊടുക്കാതിരുന്നതിനാൽ അദ്ദേഹം തന്നെ മാന്നാനത്തു വന്നു ചോദിച്ചു. എന്നാൽ മെത്രാപ്പോലീത്താച്ചൻ കാണുന്നതിനു സമ്മതിച്ചില്ല. അപ്പോൾ അദ്ദേഹത്തിന്റെ

യാത്രയെ നിർത്തിവെക്കാൻ പ്രിയോർ ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ വളരെ സാദ്ധ്യമായി പറഞ്ഞു. അതിനു മറ്റു പല രോടും അദ്ദേഹം പറഞ്ഞതുപോലെ മാർപ്പാപ്പായുടെ കല്പനപ്ര കാരമല്ലാതെ ഒരു മെത്രാനെ കൊണ്ടുവരുന്നതല്ലെന്നാണ് പ്രിയോ രച്ചനോട് പറഞ്ഞ സമാധാനം. ആലപ്പുഴ നിന്നു കപ്പൽ കയറി ബസറായിൽ എത്തിയപ്പോൾ അവിടെവെച്ച് എല്ലാവർക്കും പനി പിടിപെട്ടു. അതൊട്ടു ഭേദപ്പെട്ടപ്പോൾ യാത്ര തുടർന്ന് ബാഗ്ദാ ദിനു പുറപ്പെടുകയും അവിടെവെച്ച് അന്തോനിയച്ചനും ഇല്ലിക്ക ലച്ചനും ഏതാനും ബാലന്മാരും മരണം പ്രാപിക്കയും ചെയ്തു. മരിക്കുന്നതിനു മുമ്പ് അന്ത്യകൂദാശകൾ കൈക്കൊള്ളാൻ അന്തോ നിയച്ചനോടു പല മഹാന്മാർ ഉപദേശിക്കയും പൂർണ്ണമനസ്സോടെ അതിനു അദ്ദേഹം ഒരുമ്പെടുകയും ചെയ്തു. താൻ ചെയ്ത തെറ്റു കളൊക്കെയും നല്ല മനസ്താപത്തോടെ ഏറ്റു പറഞ്ഞതിനാൽ അവിടെ ഇരുന്നിരുന്ന പ്രിഫ്ക്റ്റ് അപ്പസ്തോലിക്ക മുഖാന്തിരം അദ്ദേഹം വീണിരുന്ന മഹറോനിൽ നിന്നു വിമോചിക്കപ്പെടുകയും നല്ല ഒരുക്കത്തോടെ അന്ത്യകൂദാശകൾ ഒക്കെയും കൈക്കൊള്ളു കയും ചെയ്തു. അന്തോനിയച്ചന്റെ ആദ്യത്തെ തപസ്സും ജ്ഞാന ശുഷ്ക്കാന്തിയും കത്തോലിക്ക സഭയുടെ ഐക്യതയിൽ മരിക്കു ന്നതിനു അദ്ദേഹത്തിനു കാരണമായിത്തീർന്നെന്നു വിശ്വസിക്കേ ണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ മരണം മൂസലിലും മലയാള ത്തിലും പലർക്കും അതിയായ ദുഃഖത്തിനും കാരണമായി ത്തീർന്നു. മേൽപ്പറഞ്ഞവരുടെ മരണനാന്തരം കുഴിഞ്ഞാലിൽ ശെമ്മാശനും മറ്റുള്ള ബാലന്മാരും മൂസ്സലിൽ ചെന്ന് അവിടെ താമ സിച്ചിരുന്ന തൊണ്ടനാട്ടു അന്തോനിയച്ചനോട് ചേരുകയും ഒരു ശെമ്മാശൻ ബാഗ്ദാദിൽ നിന്നു മലയാളത്തേയ്ക്കു മടങ്ങിപ്പോരി കയും ചെയ്തു.

18. പ്ലാശനാൽ കൊവേന്ത സ്ഥാപിച്ച കാലത്തു ആ സ്ഥലം കൊവേന്തയായി നടക്കുന്ന കാലത്തോളം അരീത്തുറെ പള്ളി ക്കാർക്കു ആ സ്ഥലത്തോടു യാതൊരു സംബന്ധമില്ലെന്നും എന്നാൽ കൊവേന്തയായി തീരാതിരുന്നാൽ അത് ആ പള്ളിയുടെ

കുരിശുപള്ളി ആയിട്ടിരിക്കണമെന്നും അന്തോനിയച്ചനും പള്ളിക്കാരും തമ്മിൽ ഒരു കരാർ ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം ബാഗ്ദാദിൽ വെച്ച് മരിച്ചതായി എഴുത്തുവന്നപ്പോൾ ആ കരാറു കാണിച്ച് അത് തങ്ങളുടെ കുരിശുപള്ളിയാക്കി കൊടുക്കാൻ അരീത്തുറ പള്ളിക്കാരും വികാരിയും ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചനെ ബോധിപ്പിച്ചു. പ്ലാശനാൽ കൊവേന്തയും പള്ളിയും പലരുടെ ധർമ്മ സഹായംകൊണ്ട് പണിയിച്ചിരിക്കയാലും അതു ആരംഭത്തിലെ കൊവേന്തയായി സ്ഥാപിച്ചിരിക്കയാലും അതു കുരിശുപള്ളിയാക്കാൻ പാടില്ലെന്നു മെത്രാപ്പോലീത്താച്ചൻ അവർക്കും മറുപടി കൊടുത്തു. അന്നു പ്ലാശനാൽ മുണ്ടമറ്റം തോമ്മാച്ചൻ മാത്രമെ ഉണ്ടായിരുന്നൊള്ളു.

ഇതിനുശേഷം 1858-ന്റെ ആരംഭത്തിൽ ചങ്ങനാശേരി മുതലായ പള്ളികളെ സ്ഥാനസന്ദർശനം കഴിച്ച് മെത്രാപ്പോലീത്താച്ചൻ മാന്നാനത്തു വന്നപ്പോൾ പ്ലാശനാൽ കൊവേന്ത ഏറ്റുകൊണ്ടു അവിടെ സന്യാസികളെ അയക്കണമെന്നും വികാരിയായി കൊച്ചുപുരയ്ക്കൽ കുര്യാച്ചനെ നിയമിച്ചാക്കണമെന്നും അവിടെ താമസിക്കുന്ന തോമ്മാ കത്തനാർക്കു സന്യാസിയാകാൻ മനസ്സുണ്ടെങ്കിൽ ആ വിവരം തന്നെ അറിയിക്കണമെന്നും പ്രിയോരച്ചനോടു കല്പിച്ചു.

ഇതിനു ശേഷം മുണ്ടമറ്റം തോമ്മാച്ചൻ മാന്നാനത്തു വന്ന പ്ലാശനാൽ സ്ഥലത്തെ കൊവേന്തയായി കൈക്കൊള്ളണമെന്നും താനും കൊവേന്തയിൽ ചേരാൻ ആഗ്രഹിക്കുന്നെന്നും പ്രിയോരച്ചനോടു പറഞ്ഞാറെ മെത്രാപ്പോലീത്താച്ചനെ ബോധിപ്പിക്കണമെന്ന് അറിയിച്ചപ്രകാരം അദ്ദേഹം ബോധിപ്പിക്കയാൽ പ്ലാശനാൽ സ്ഥലം ഏറ്റുകൊണ്ട് അവിടെ സന്യാസികളെ അയക്കാൻ പ്രിയോരച്ചന്റെ പേർക്ക് കല്പന വന്നു. സ്ഥലം നോക്കി കണ്ടിട്ടു സന്യാസികളെ അയച്ചുകൊള്ളാമെന്നു കരുതി പ്രിയോരച്ചൻ അന്നു മാന്നാനത്തു ബങ്കളാവിൽ താമസിച്ചുവന്നിരുന്ന കല്ലൂത്തറ കോര കത്തനാരച്ചനേയും കൂട്ടി സ്ഥലത്തുചെന്നു നോക്കിയതിൽ രണ്ടു

പള്ളിയും മൂന്നുവശവും ഈരണ്ടു മുറികളും രണ്ടു വാദ്യപ്പുരയും ഇങ്ങനെ 35 രൂപായുടെ കെട്ടിമേച്ചിലുള്ള സ്ഥലങ്ങളും പണിയും ഉണ്ടായിരിക്കുന്നെങ്കിലും, ഈടുള്ളതായ പണികൾ ഒന്നുംതന്നെ യില്ലെന്നും ചില പണികൾ മുളംകൂട്ടായിട്ടുള്ളതാണെന്നും കണ്ടു. സ്ഥലം മലയരികിലും അധികം തണുപ്പുള്ളതുമായിരുന്നു. ഇതെല്ലാം കണ്ടു പാലായിൽ വന്നപ്പോൾ വീണ്ടും രണ്ടാമതായി അവിടെ സന്യാസികളെ അയക്കാനായി കല്പനവന്നു. ഉടനെ പ്രിയോരച്ചൻ വരാപ്പുഴെ ചെന്ന് വിവരമെല്ലാം ബോധിപ്പിച്ചു. അപ്പോൾ തൽക്കാലം ഏതാനുംപേരെ അയക്കാനും മറ്റുള്ളവരെ വർഷം കഴിഞ്ഞിട്ടയച്ചാൽ മതിയെന്നും കല്പിക്കയാൽ മേൽപ റഞ്ഞ കുര്യാച്ചനേയും, കളത്തിൽ സ്കറിയാച്ചനേയും, രണ്ടു സന്യാസാർത്ഥികളായ പൈതങ്ങളെയും പ്ലാശനാൽക്കു അയച്ചു. ഇങ്ങനെ 1858 ൽ പ്ലാശനാൽ കൊവേന്ത ആരംഭിച്ചു. ആ സ്ഥലവും പള്ളിയും മറ്റുകെട്ടിടങ്ങളും മാന്നാനത്തെപേരിൽ എഴുതിവാങ്ങി ക്കയും അതിന്മേൽ കുടക്കച്ചിറ അന്തോനിയച്ചനായി വരുത്തിയി രുന്ന കടം മാന്നാനം വഹിക്കയും ചെയ്തു.

1859-ൽ വാഴക്കുളത്തു കൊവേന്തയിൽ പാർത്തിരുന്ന കളപ്പു രയ്ക്കൽ മത്തായി അച്ചൻ പാലായിൽ ധ്യാനിപ്പിക്കാനായി വരിക യിൽ ധ്യാനം കഴിഞ്ഞപ്പോൾ കല്പനപ്രകാരം പ്ലാശനാൽപോയി പാർത്തു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു അതികഠിനമായ ഒരു മലംപനി പിടിപ്പെട്ടു. ആ വിവരം മാന്നാ നത്തു അറിഞ്ഞപ്പോൾ പ്ലാശനാൽ ചെന്നു ദീനക്കാരനെ കൊണ്ടു വരാനായി കട്ടക്കയത്തു ചാണ്ടിയച്ചനെ വിട്ടു. ചാണ്ടിയച്ചൻ പ്ലാശ നാൽ ചെന്ന് ആ പള്ളിയും സ്ഥലങ്ങളും വസ്തുക്കളും അരീ ത്തുറെ വികാരി അച്ചനെ ഏൽപ്പിച്ചുകൊണ്ടു മത്തായിയച്ചനെ മാന്നാനത്തു കൊണ്ടുവന്നു. വേണ്ട ചികിത്സകളൊക്കെ ചെയ്തിട്ടും ദീനത്തിനു യാതൊരു കുറവുമുണ്ടായില്ല. അതിനാൽ അന്ത്യകൂദാശകളൊക്കെയും വേണ്ട ഒരുക്കത്തോടും സുബോധ ത്തോടും കൂടെ രോഗി കൈക്കൊണ്ട് ഒരു കയ്യിൽ നമ്മുടെ കർത്താ വിന്റെ തൂങ്ങപ്പെട്ട സ്വരൂപവും മറ്റേ കയ്യിൽ ദൈവജനനിയുടെ

തിരുസ്വരൂപവും പിടിച്ചുകൊണ്ടിരിക്കയിൽ രോഗി തന്റെ ആത്മാവിനെ സൃഷ്ടിതാവിന്റെ തൃക്കയ്യിൽ ഏൽപ്പിച്ചു.

ഇദ്ദേഹം മരിച്ചത് 1860 ജൂൺ മാസം 22-ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണി സമയത്താണ്. പിറ്റേ ദിവസം ശനിയാഴ്ച സഭയുടെ ചട്ടപ്രകാരം റാസ, ഒപ്പീസ് മുതലായതു കഴിച്ച ശേഷം പ്രേതം അടക്കം ചെയ്യുകയും ചെയ്തു. മരിച്ച ഈ വന്ദ്യപുരോഹിതൻ ധ്യാനം, കുമ്പസാരം, പ്രസംഗം എന്ന ദിവ്യകർമ്മങ്ങൾ നടത്തുന്നതിനു എപ്പോഴും ഒരുക്കമുള്ളവനും, വടക്കു പാലൂര്, വേലൂർ, ആർത്താറ്റ് മുതലായ പള്ളികൾവരെ ആ ദിക്കുകളിൽ പലപ്പോഴും ധ്യാനം, പ്രസംഗം മുതലായ ജ്ഞാനകൃത്യങ്ങൾ ചെയ്തിട്ടുള്ളവനും മഹാ ദൈവഭക്തനും തന്റെ ആയുഷ്ക്കാലം ദൈവത്തിനായി പൂജിച്ച ആദ്യ വാഗ്ദത്ത നേർച്ചകൾ ചെയ്തിട്ടുള്ള 11 പേരിൽ ഒരുത്തനുമാണ്.* പ്ലാശനാൽ കൊവേന്ത 1858 ൽ തുടങ്ങുകയും 1860-ൽ നിന്നു പോകയും ചെയ്തു.

അദ്ദേഹത്തെ കൊണ്ടുവരാനായി പോയിരുന്ന ചാണ്ടിയച്ചനും മലംപനി പിടിപ്പെട്ടു വളരെ ശക്തിപെടുകയും അപകടസ്ഥിതിയിലാകയും ചെയ്തെങ്കിലും കടശി ദൈവസഹായത്താൽ ഭേദമായി. അന്നു മുതൽ പ്ലാശനാൽ പോകണമെന്നുള്ള നിർബന്ധം മെത്രാപ്പോലീത്താച്ചൻ ഉപേക്ഷിക്കയും തന്നിമിത്തം ആ കൊവേന്ത നിർത്തലാക്കപ്പെടുകയും ചെയ്തു.

---

*ധ്യാനത്തിലിരിക്കുമ്പോൾ ഇദ്ദേഹത്തിന്റെ മുഖം പകർന്നിരിക്കുന്നതായും ആത്മാവു ദൈവത്തോകണ്ടു സംഭാഷിക്കുന്നതുപോലെയും തോന്നപ്പെട്ടിരുന്നു. പെസഹാദിവസത്തിൽ വിശുദ്ധകുർബാന കൈകൊള്ളുമ്പോൾ പതിവായി ആണ്ടുതോറും പരവശനായിപ്പോയിരുന്നതുകൊണ്ട്, മറ്റുള്ളവർ ഇദ്ദേഹത്തെ താങ്ങിപ്പിടിച്ചുകൊണ്ടു പോകേണ്ടിവന്നിട്ടുണ്ട്. ഇതു വിശുദ്ധകുർബാനയുടെമേൽ ഇദ്ദേഹം കഴിച്ച ധ്യാനത്തിന്റെ ഫലമായിട്ടുണ്ടായതാണ്. പ്രസംഗത്തിൽ ഇദ്ദേഹം പ്രദർശിപ്പിച്ചിരുന്ന ജ്ഞാനശുഷ്കാന്തി അതിശയകരമാകുന്നു. കാഞ്ഞൂർപള്ളിയിൽ ഇദ്ദേഹം പ്രസംഗിച്ചിരുന്നപ്പോൾ ഉണ്ടായ ജ്ഞാനവൈരാഗ്യത്താൽ പരവശനായിപ്പോയി. തന്നിമിത്തം ചുള്ളിയിൽ പൗലോസച്ചൻ പ്രസംഗം പൂർത്തിയാക്കേണ്ടിവന്നു.

## അധ്യായം 7

19. വാഴക്കുളത്തു കർമ്മല കൊവേന്തയുടെ സ്ഥാപനം: ഒന്നാം ഭാഗം മൂന്നാം അദ്ധ്യായം 13-ാം ലക്കത്തിൽ വാഴക്കുളം കരയിൽ നമ്പ്യാപറമ്പിൽ അച്ചൻ ഒരു കുരിശുപള്ളിക്കു അടിസ്ഥാനമി ട്ടെന്നും അതു പണിയാൻ ഇടവരാതെ പോയെന്നും വിവരിച്ചിട്ടു ണ്ടല്ലോ. അതിനു അടിസ്ഥാനമിട്ടതു 1836-ൽ ആണ് (കൊല്ലം 1012-ൽ) പിന്നീട് 1838-ൽ ഉണ്ടായ 16-ാം ഗ്രീഗോരിയോസ് മാർപ്പാ പ്പായുടെ കല്പന പ്രകാരം കൊടുങ്ങല്ലൂർ മെത്രാസനത്തിൽ ഉൾപ്പെട്ട സകല സുറിയാനിപ്പള്ളികളും വരാപ്പുഴ അധികാരത്തിൽ വന്നുചേർന്നു. അപ്പോൾ മേൽപറഞ്ഞ നമ്പ്യാപറമ്പിൽ മാത്തു കത്തനാരച്ചൻ വരാപ്പുഴ ചെന്ന് പ്രംസീസ്ക് ശവരിയാർ മെത്രാ പ്പോലീത്തായോടു വാങ്ങിയ അനുവാദപ്രകാരം മുൻപു പണി മുട ങ്ങിക്കിടന്ന പള്ളി പണിതീർപ്പാൻ ഏർപ്പെടുകയും ഉദ്ദേശം 1842-ൽ വീണ്ടും ആ പള്ളി പണിയിക്കയും ചെയ്തു. അതിനോട് ചേർന്ന ഒരു ചെറിയ ഭവനവും അദ്ദേഹം പണി ചെയ്യിച്ചു അതിൽ പാർത്തു വരികയും ചെയ്തു. ഇങ്ങനെ അദ്ദേഹം പണിയിച്ച പള്ളി ആര ക്കുഴ പള്ളിയുടെ കുരിശുപള്ളിയായി നടന്നുവരുമ്പോൾ 1859-ൽ ആരക്കുഴ, മൈലക്കൊമ്പു മുതലായ പള്ളികളിൽ നമ്മുടെ അച്ച ന്മാരിൽ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ, കട്ടക്കയത്തു ചാണ്ടിയച്ചൻ, കാനാട്ടു യാക്കോവു മറിയം അച്ചൻ, മടത്തുഞ്ചാലിൽ മത്തായി അച്ചൻ എന്നിവർ ധ്യാനം കഴിക്കാനായി കല്പനപ്രകാരം പോവു കയുണ്ടായി. മൈലക്കൊമ്പിൽ ധ്യാനം കഴിച്ച ശേഷം ആരക്കു ഴയ്ക്കു അവർ പോകുമ്പോൾ നേരം അസ്തമിച്ചുപോയതിനാൽ മേൽപറഞ്ഞ നമ്പ്യാപറമ്പിൽ കത്തനാരച്ചന്റെ പള്ളിയിൽ കയറി രാവു കഴിച്ചു. രാത്രിയിൽ ചെയ്ത സംഭാഷണത്തിന്റെ ഇടയിൽ ഈ സ്ഥലം ഒരു കൊവേന്തയ്ക്കു കൊള്ളാമെന്നായി യാക്കോവ് മറിയം അച്ചൻ പറയുകയുണ്ടായി. അതിനു അനുകൂലമായി നമ്പ്യാ പറമ്പിൽ അച്ചനും പറഞ്ഞു. അവർ ആരക്കുഴചെന്ന് ധ്യാനം കഴിച്ചു തുടങ്ങിയപ്പോൾ നമ്പ്യാപറമ്പിൽ അച്ചനും ധ്യാനത്തിൽ കൂടുന്നതിനായി ആരക്കുഴെ വന്നു. അപ്പോൾ മുമ്പു പറഞ്ഞ

കൊവേന്തക്കാര്യംകൊണ്ട് രണ്ടുപേരും ആലോചിക്കയും വിവരം മെത്രാപ്പോലീത്താച്ചനെ അറിയിക്കയും ചെയ്തു.

മൈലക്കൊമ്പുപള്ളിയിലെ സ്ഥാനസന്ദർശനം കഴിഞ്ഞ് ആരക്കുഴെക്കു പോകുന്ന വഴിക്കു മെത്രാപ്പോലീത്താച്ചൻ വാഴക്കുളത്തു കയറി സ്ഥലം കണ്ടാറെ കൊവേന്തയ്ക്കു കൊള്ളാമെന്നു സമ്മതിക്കയും അതിനായി സ്വീകരിക്കയും ചെയ്തു. ആരക്കുഴ എത്തിയപ്പോൾ അന്നു ആ പള്ളിയിൽ വികാരിയായിരുന്ന വലിയ വീട്ടിൽ സ്കറിയാക്കത്തനാരച്ചനും കൈക്കാരന്മാരും കൂടി ടി. കുരിശുപള്ളിയും അതിനോട് ചേർന്ന മേൽപ്പറഞ്ഞ ചെറിയ ഭവനവും കൊവേന്തയാക്കുന്നതിനു സമ്മതിച്ചിരിക്കുന്നതായി ഒഴിഞ്ഞെഴുതി കൊടുക്കാനും അപ്രകാരം തന്നെ മാത്തുകത്തനാരച്ചൻ കുറ്റിക്കാട് പറിച്ചും തെങ്ങും തൈ മുതലായ വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചും അനന്തരിവൻ ശെമ്മാശന്റെ പേരിൽ പതിച്ചുമിരുന്നിരുന്ന പറമ്പ് ദേഹണ്ണങ്ങളും കൊവേന്തക്കായി ഒഴിഞ്ഞെഴുതിക്കൊടുപ്പാനും കൽപിച്ചു. കൽപനപ്രകാരം ചാണ്ടിയച്ചനും കാപ്പിലച്ചനും ടി. മാത്തുകത്തനാരച്ചന്റെ പക്കൽ പോയി ടി. വസ്തുക്കൾ കൊവേന്തക്കായി കൈവശപ്പെടുത്തുകയും ചെയ്തു.

അനന്തരം മെത്രാപ്പോലീത്താച്ചൻ വരാപ്പുഴെ എത്തിയ ശേഷം ക്രമമായ വിധത്തിൽ കൊവേന്തക്രമം ആ സ്ഥലത്തു സ്ഥാപിക്കാനും കൂനമ്മാവിലെപ്പോലെ ഒരു വികാരിയെ അവിടെ ഉടനെ ഏർപ്പെടുത്താനും നിശ്ചയിക്കയും അതിനായി മേൽപറഞ്ഞ കാനാട്ട് യാക്കോവു മറിയം അച്ചനെ തെരഞ്ഞെടുക്കുകയും സ്ഥലത്തിനു (മലംപ്രദേശമായിരുന്നതിനാൽ) “കർമ്മല” എന്ന നാമകരണം ചെയ്യുകയും ചെയ്തു. മാന്നാനത്തു നിന്നും കളപ്പുരയ്ക്കൽ മത്തായി അച്ചനും, പാലയ്ക്കൽ കുര്യച്ചനും, കൂനമ്മാവുങ്കൽ നിന്നു ടി. യാക്കോവ് മറിയം അച്ചനെ കൂടാതെ രണ്ടു തുണസഹോദരന്മാരും നിശ്ചയിക്കപ്പെടുകയും കാസാ കുർബാനകുപ്പായം, നാഴികമണി മുതലായവ മാന്നാനത്തു നിന്നും കൊടുത്തയക്കയും ചെയ്തു. ഇവർ എല്ലാവരും യാത്ര തിരിച്ചു. 1859 മെയ് മാസം

19-ന് വ്യാഴാഴ്ച സ്ഥലത്തു വന്നു ചേരുകയും അടുത്ത 21-ന് പന്തക്കുസ്തയുടെ തലേനാളിൽ മുറപ്രകാരം കൊവേന്തക്രമം ആരംഭിക്കയും ചെയ്തു.

പിറ്റെ സെപ്റ്റംബർ മാസത്തിൽ കളപ്പുരയ്ക്കൽ മത്തായി അച്ചൻ പാലാ മുതലായ പള്ളികളിൽ ധ്യാനിപ്പിക്കാനായി അയക്കപ്പെടുകയും, അനന്തരം മേൽ 18-ാം ലക്കത്തിൽ വിവരിച്ചിരിക്കുന്നപ്രകാരം പ്ലാശനാൽവെച്ച് പിടിപെട്ട പനിയാൽ അദ്ദേഹം മരണം പ്രാപിക്കയും ചെയ്തു. വാഴക്കുളത്തു നമ്മുടെ അച്ചന്മാർ ചെന്നപ്പോൾ അവർ കൊവേന്തയായി ഉപയോഗിച്ചത് നമ്പ്യാപറമ്പിൽ അച്ചൻ പണിയിച്ചിരുന്ന മേല്പറഞ്ഞ ഭവനത്തിലായിരുന്നു. ഇതിനു വടക്കുവശത്തുണ്ടായിരുന്ന ഒരു ചാർത്തുമുറി കുശിനിയായിട്ടും ഉപയോഗിച്ചിരുന്നു. അതു വൈക്കോൽക്കൊണ്ട് മേഞ്ഞതായിരുന്നതിനാൽ, പാചകന്റെ സൂക്ഷക്കുറവുനിമിത്തം അതിനു തീ പിടിക്കയും തന്നിമിത്തം അതിനോട് ചേർന്ന മറ്റേ ഭവനത്തിന്റെ മേൽക്കൂട്ടിന്മേൽ തീ പടർന്നു കയറിപ്പിടിക്കയും ചെയ്തു. ഉയരം നിമിത്തം ആളുകൾക്കു കയറി തീകെടുത്താൻ നിവൃത്തിയില്ലാതെപോയി. സമയം സന്ധ്യയുമായിരുന്നു. എന്നാൽ കർമ്മലമാതാവിനായി പ്രതിഷ്ഠ ചെയ്യപ്പെട്ടിരുന്ന ആ ചെറിയ കൊവേന്തയെ കർമ്മല നായിക വിശേഷ കടാക്ഷത്താൽ സഹായിച്ചു എന്നു തോന്നുവാൻ തക്കവണ്ണം കീഴോട്ടു തീവീണു. തട്ടിനും മറ്റും പറയത്തക്ക യാതൊരു കേടും വരുത്തിയില്ലാ. ഇതു സംഭവിച്ചത് ടി. ആണ്ടു ഒക്ടോബർ മാസം 8-ന് ശനിയാഴ്ച അസ്തമന സമയം ആറുമണിക്കു പള്ളിയിൽ എല്ലാവരും "ശ്ലാംലേക്" (രാജ്യകന്യകയെ) എന്ന സ്തോത്രം പാടിക്കൊണ്ടിരിക്കുമ്പോഴാണ്. പിറ്റേദിവസം ജനങ്ങൾ ചെയ്ത അതിതാല്പര്യത്താൽ മേൽക്കൂടു അന്നു തന്നെ കെട്ടിയുണ്ടാക്കി പാർക്കത്തക്കസ്ഥിതിയിലാക്കുകയും ചെയ്തു. പിറ്റേ ആണ്ടു അതായത് 1860 ജൂലൈ മാസത്തിൽ മെത്രാപ്പോലീത്താച്ചൻ കർമ്മല നായികയുടെ ഒരു സ്വരൂപംപണി ചെയ്യിച്ച് റൂശുമായും (പ്രതിഷ്ഠാകർമ്മം) ചെയ്ത് ഇവിടേക്ക് അയച്ചുകൊടുത്തു. അത് ഇപ്പോൾ പള്ളിയിൽ പ്രധാന ത്രൊണോസിന്റെ മീതെ

ചുവരിലുള്ള രൂപകൂട്ടിൽ സ്ഥാപിച്ചിരിക്കുന്നതാണ്. കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷിച്ചു തുടങ്ങിയത് ഈയാണ്ടുമുതലാണ്. അന്നുതന്നെ പള്ളിക്കും കൊവേന്തയ്ക്കും അടിസ്ഥാനക്കല്ലിടണമെന്നുള്ള കല്പന അനുസരിച്ച് അതും മാഹാഘോഷമായി നടത്തി. കൊവേന്തയും പള്ളിയും പണികഴിക്കുന്ന വകയ്ക്കുള്ള എല്ലാച്ചിലവും അയ്യനാട്ട് അവിരാത്തരകൻ ഏൽക്കുകയും വിവരം മെത്രാപ്പോലീത്താച്ചനെ അറിയിക്കയും ചെയ്തു.

അതിൻപ്രകാരം പല പ്രാവശ്യമായി 750 രൂപാ തരകൻ വാഴക്കുളത്തേക്കു പിട്ടാപ്പള്ളിൽ അച്ചൻ മുഖാന്തിരം കൊടുത്തയച്ചു. അതുകൊണ്ട് കൊവേന്തപണി തുടങ്ങുകയും തറ മുഴുവനും തീർന്ന് ജനലുകൾ വെയ്ക്കാൻ തക്കവണ്ണം പണിപൊങ്ങുകയും ചെയ്തപ്പോഴാണ് 1861-ൽ ബാബേലിൽ നിന്ന് മാർതോമ്മാ റോക്കോസ് എന്ന മെത്രാൻ മലയാളത്തിൽ വന്നിറങ്ങിയത്. അദ്ദേഹത്തിന്റെ വരവ് മുഖാന്തിരം അവിരാതരകന്റെ സഹായം നിന്നുപോയി.* എങ്കിലും അയൽ പള്ളികളിൽ നിന്നും പട്ടക്കാരിൽ നിന്നും ജനങ്ങളിൽ നിന്നും കൊവേന്ത വികാരിയായ യാക്കോവുമറിയം അച്ചൻ വാങ്ങിയ ധർമ്മം കൊണ്ട് ഏതാനും ആണ്ടുകളുടെ ശേഷം കൊവേന്തപണി ക്രമേണ തീരുകയും അതിൽ സന്യാസമുറപ്രകാരം വാസം തുടങ്ങുകയും ചെയ്തു. ശീശ്മ മുഖാന്തിരം പണി നടത്തിപ്പിനും വളരെ തടസ്സം നേരിട്ടെങ്കിലും ശീശ്മ ഏറെക്കാലം നിൽക്കാഞ്ഞതുകൊണ്ട് ആ തടസ്സം അധിക കാലം നിന്നില്ല.

20. പുളിങ്കുന്നു കൊവേന്തയുടെ സ്ഥാപനം: പുളിങ്കുന്നിൽ ഒരു കൊവേന്ത സ്ഥാപിക്കണമെന്നു ആ ദിഗ്വാസികളായ ജനങ്ങൾക്കും പട്ടക്കാർക്കും ആഗ്രഹം ജനിച്ചതു 1861-ന്റെ ആരംഭത്തിൽ ആ പള്ളിയിൽ നമ്മുടെ അച്ചന്മാർ നടത്തിയ ഒരു ജ്ഞാനധ്യാനം നിമിത്തമാണ്. ഔസേപ്പ് ഏലിയാ മിസ്യോനാരി അച്ചനും കൊച്ചുപുരയ്ക്കൽ കുരിയച്ചനും കട്ടക്കയത്തു ചാണ്ടി അച്ചനും

*മെത്രാപ്പോലീത്താച്ചൻ പണിവകയ്ക്കായി പലപ്പോഴായി ദ്രവ്യസഹായം ചെയ്തിട്ടുണ്ട്. മാന്നാനത്തുനിന്നും 1000 പണം ഒരിക്കൽ കൊടുത്തിട്ടുണ്ട്.

കൂടി ടി. ആണ്ടിന്റെ ആരംഭത്തിൽ ജനങ്ങൾക്കായി മേല്പറഞ്ഞ ജ്ഞാനധ്യാനം അവിടെ ചെന്നു കഴിക്കയിൽ കൊവേന്ത കൾക്കൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന ഗുണഗണങ്ങളെ കണ്ടും കേട്ടും ഇരുന്ന ആ ജനങ്ങൾ ആ ഗുണങ്ങൾ അനുഭവിച്ചറിക നിമിത്തം ധ്യാനാനന്തരം ആ പള്ളിയിൽ സ്ഥാനസന്ദർശനം കഴി ക്കാനായി വന്നിരുന്ന ബർണ്ണർദീനോസ് മെത്രാപ്പോലീത്താച്ച നോടു തങ്ങളുടെ ദിക്കിൽ ഒരു കൊവേന്ത സ്ഥാപിച്ചു കിട്ടണമെ ന്നായി ബോധിപ്പിച്ചു. കൊവേന്തക്കായി അവിടത്തെ ചെറിയപള്ളി വിട്ടുകൊടുക്കാമെന്നു അവർ സമ്മതിച്ചപേക്ഷിക്കകൊണ്ട് അത് മെത്രാപ്പോലീത്താച്ചൻ വന്നു കാണുകയും അപ്പോൾ അതിനെ കൊവേന്തയ്ക്കായി സ്വീകരിച്ചതുകൊണ്ട് അതിലേക്കു വേണ്ട ഉറ പ്പുകൾ കൊടുക്കാൻ പള്ളിക്കാരോട് കല്പിക്കയും ചെയ്തു. ഈ ചെറിയ പള്ളി വി. സെബസ്ത്യാനോസ് സഹദായുടെ നാമത്തിൽ പണി ചെയ്യപ്പെട്ട ഒരു ചെറിയ കപ്പേള ആയിരുന്നു. അതിന്റെ മദു ബഹാ തുടങ്ങി മോണ്ടലമുൾപ്പെടെ 25 കോൽ നീളവും മദുബ ഹായുടെ ഇരുവശത്തും മുറികളുമുണ്ടായിരുന്നു. ഇതിൽ ആണ്ടു തോറും വിശുദ്ധ സെബസ്ത്യാനോസിന്റെയും വിശുദ്ധ ഗീവറു ഗീസിന്റെയും തിരുനാളുകൾ ആഘോഷിക്കപതിവുണ്ടായിരുന്നു.

കല്പനപ്രകാരം വികാരിയും ദേശത്തു പട്ടക്കാരും യോഗവും കൂടി തീറു എഴുതി ചെറിയ പള്ളിയും പറമ്പും കൊവേന്തക്കായി ഒഴിഞ്ഞുകൊടുത്തു. ഇടവകക്കാരുടെ അപേക്ഷപ്രകാരം ഉടനെ പണി നടത്താനായി നമ്മുടെ സഭക്കാരായ തട്ടാച്ചേരിയിൽ സ്കറിയാ ഔസേപ്പച്ചനും, മണക്കുന്നേൽ ഔസേപ്പ് മറിയം അച്ചനും നിശ്ചയിക്കപ്പെട്ടു. ഇവരെ കൂടാതെ മേൽപറഞ്ഞ ഔസേപ്പ് ഏലിയാ മിസ്യോനാരി അച്ചനും അതിനായി നിയമിക്ക പ്പെട്ടു. ഇവർ എല്ലാവരും വലിയ പള്ളിയിൽ പാർത്തുകൊണ്ടാണ് ധർമ്മം പിരിക്കയും പണിനടത്തുകയും ചെയ്തുവന്നത്. ഇതിനൊ ക്കെക്കും പ്രത്യേക സഹായക്കാരനായി അരയച്ചേരിൽ അച്ചനെയും നിശ്ചയിച്ചു കൊടുത്തിരുന്നു. ചെറിയ പള്ളി ഇരുന്ന പള്ളിപ്പറ മ്പിന്റെ അതിർത്തിവരെ കൊവേന്തക്കായി അടിസ്ഥാനമിട്ടു പണി

നടത്തിത്തുടങ്ങി. പണി നടന്നുവന്നിരുന്നതിനിടയ്ക്ക് ഇവർ പുലയർ, പറയർ മുതലായ താണ ജാതി അജ്ഞാനികളോടു വേദം അറിയിക്കയും അവരെ മാമ്മോദീസാ മുക്കുകയും, അവർക്കായി വാച്ചാപറമ്പ് കുടുംബക്കാരുടെ കൃഷിസ്ഥലമായ വേണാട്ടുകാട്ടിൽ ഒരു കപ്പേള കെട്ടിച്ച് ഞായറാഴ്ചതോറും അതിൽ കുർബാന ചൊല്ലുകയും ചെയ്തുവന്നു. ഇതിനു പ്രധാന താല്പര്യം ചെയ്തതു മേൽപറഞ്ഞ ഔസേപ്പ് ഏലിയാ മിസ്യോനാരി അച്ചനാണ്. ഇങ്ങനെ പള്ളിപണി നടന്നുകൊണ്ട് വരുമ്പോൾ അച്ചന്മാർ കിഴക്കൻ ദിക്കിലെ പള്ളികളിൽ ധ്യാനം നടത്താനായി പോകേണ്ടിവന്നതിനാൽ പണി നടപ്പിനു താമസഗതി നേരിട്ടു. അതിനാൽ അന്നു അരണാട്ടുകര കൊവേന്തയിൽ പാർത്തുകൊണ്ട് അവിടുത്തെ കൊവേന്ത പണി നടത്തിയ തോപ്പിൽ ഗീവറുഗീസച്ചൻ ഇവിടേയ്ക്ക് അയക്കപ്പെട്ടു. ഇദ്ദേഹം 1864-ൽ ഇവിടെ വന്നു. പ്രസംഗ വൈഭവം, മാധുര്യ സ്വഭാവം, സുകൃത ജീവിതം ഇത്യാദി ഗുണങ്ങളാൽ പ്രശോഭിതനായിരുന്ന ഈ വന്ദ്യ ഗുരു ചെയ്ത നിരന്തര പരിശ്രമത്താലും താൽപര്യത്താലും അദ്ദേഹത്തിന്റെ സൗമ്യ സ്വഭാവത്താലും ധർമ്മം ധാരാളം ലഭിക്കയും അടിസ്ഥാനമിട്ടിരുന്ന പണി 1866 ൽ പൂർത്തിയാക്കുകയും ചെയ്തു.

## അധ്യായം 8

21. മേൽ 11–ാം ലക്കത്തിൽ കൂനമ്മാവു കൊവേന്തയുടെ വികാരി ആയി തട്ടാച്ചേരിൽ സ്കറിയാച്ചനെ നിയമിച്ചതും മാന്നാനത്തു നിന്നും പൈതങ്ങളെ കൂനമ്മാവുങ്കൽ കൊണ്ടുവന്നാക്കിയതും അതിനു ശേഷം 12–ാം ലക്കത്തിൽ ചില അച്ചന്മാർ കൂനമ്മാവുങ്കൽ വന്നു സഭയിൽ പ്രവേശിച്ചതും വിവരിച്ചിട്ടുണ്ടല്ലോ. പൈതങ്ങൾ കൂനമ്മാവുങ്കൽ വന്നതിനുശേഷം അവർക്കു പാർക്കാൻ വേണ്ടിടത്തോളം സ്ഥലം ഇല്ലാത്തതുകൊണ്ട് അവിടെ ഉണ്ടായിരുന്ന കെട്ടിടം ഉയർത്തി മൂന്നു നിലയാക്കി പണി കഴിപ്പിച്ചു. മൂന്നാം നിലയിൽ പൈതങ്ങളും മറ്റു രണ്ടു നിലകളിൽ അച്ചന്മാരും സഹോദരന്മാരും വസിച്ചു. 1860–ൽ ലെയോപ്പോൾദ് മിസ്യോനാരി അച്ചൻ വരാപ്പുഴ മിഷ്യനിലേക്കു യൂറോപ്പിൽ നിന്നു അയക്കപ്പെട്ടു. അദ്ദേഹം ഇവിടെ വന്നപ്പോൾ അഞ്ചു പട്ടം മാത്രമേ ഏറ്റിട്ടുണ്ടായിരുന്നൊള്ളു. വന്നിട്ടു ഏറെ താമസിയാതെ ആറാം പട്ടവും കുർബാനപട്ടവും ഏൽക്കയും കൂനമ്മാവു പള്ളിയിൽ വച്ചു നവപൂജ അർപ്പിക്കയും ചെയ്തു. ഇദ്ദേഹത്തിനു ജ്ഞാനകാര്യങ്ങളിൽ നല്ല അഭ്യാസവും പരിചയവുമുണ്ടായിരുന്നതിനാൽ കൂനമ്മാവുങ്കലെ നവസന്യാസികളുടെ ഗുരുവായി ഇദ്ദേഹം നിയമിക്കപ്പെട്ടു. ആ ജോലി അതുവരെ വഹിച്ചിരുന്നതും മുൻ പറഞ്ഞതുപോലെ പീലിപ്പോസ് മിസ്യോനാരി അച്ചൻ ആയിരുന്നു.

കൂനമ്മാവു വികാരി ആയിരുന്ന തട്ടാച്ചേരിൽ സ്കറിയാച്ചനു പകരം 1861–ൽ ആ ജോലിക്കു കാപ്പിൽ മത്തായി മറിയം അച്ചൻ നിയമിക്കപ്പെട്ടു. എന്നാൽ ഒരു വർഷത്തിനുശേഷം ആ ജോലിയിൽ നിന്നു അദ്ദേഹം ഒഴിക്കപ്പെടുകയാൽ വീണ്ടും 1862–ൽ തയ്യിൽ യൗസേപ്പ് യോഹന്നാനച്ചൻ കൂനമ്മാവു വികാരിയായി നിയമിക്കപ്പെട്ടു. 1861 ഫെബ്രുവരി 27–ന് ബർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ ആമ്പല്ലൂർ പള്ളിയിൽ സ്ഥാനസന്ദർശനം കഴിക്കാനായി പോയിരിക്കയിൽ ഒരു കല്പന കൂനമ്മാവുങ്കലേക്കു കൊടുത്തയച്ചു. 1860 ഒക്ടോബർ മാസം 1–ന് റോമ്മാപ്പുരിയിൽ ഉണ്ടായ കർമ്മലീത്താ ഒന്നാം സഭയുടെ പൊതു ശ്രേഷ്ഠ സംഘത്തിൽവെച്ച്

നമ്മുടെ സഭയെ ഒന്നാം സഭയോട് ചേർത്ത് അതിന്റെ മൂന്നാം സഭയായി സ്വീകരിച്ചിരിക്കുന്നു എന്നും ഒന്നാം സഭയുടെ ജന റാൾ (പൊതുശ്രേഷ്ഠൻ) വികാരി പ്രൊവിൻസ്യാൾ എന്ന സ്ഥാന ത്തിൽ മെത്രാപ്പോലീത്താച്ചനെ ഈ സഭയുടെ പ്രധാന ശ്രേഷ്ഠ നായി നിയമിച്ച് ഈ മലയാളത്തിൽ ഇതിന്റെ ശാഖകളായി കൊവേ ന്തകൾ സ്ഥാപിക്കുന്നതിനും മറ്റും വേണ്ടിയ പൂർണ്ണാധികാരത്തോ ടുകൂടെ തന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നും, തന്നിമിത്തം മാർപ്പാപ്പാമാർ ഒന്നാംസഭയ്ക്കു കൊടുത്തിരിക്കുന്ന വിശേഷ അനു വാദങ്ങൾക്കും വരങ്ങൾക്കും ദണ്ഡവിമോചനങ്ങൾക്കും അതിൽ നടത്തപ്പെടുന്ന പുണ്യ പ്രവർത്തികളായ ധ്യാനം, നമസ്ക്കാരം, ധർമ്മദാനം മുതലായ നന്മപ്രവർത്തികൾക്കും നമ്മുടെ സഭാംഗ ങ്ങൾ ഓഹരിക്കാരനായിരിക്കുന്നു എന്നും ആ കല്പനയിൽ വിവ രിച്ചിരുന്നു. ഈ കല്പനതന്നെ മാന്നാനത്തേക്കു പ്രിയോരച്ചന്റെ പേർക്കും കൊടുത്തയച്ചു.*

22. മേൽപറഞ്ഞ ലെയോപ്പോൾദ് മിസ്യൊനാരി അച്ചൻ നവ സന്യാസ ഗുരുവിന്റെ ജോലി നടത്തിവരികയിൽ ദലഗാത്തായി രുന്ന പീലിപ്പോസ് മിസ്യൊനാരി അച്ചനു വരാപ്പുഴ വികാരി യാത്തു സംബന്ധിച്ചു പല ജോലികൾ വഹിക്കേണ്ടതായി വന്നു കൂടുകയും ഒടുവിൽ അദ്ദേഹം വികാരി ജനറാൾ എന്ന സ്ഥാന ത്തിനുയർത്തപ്പെടുകയും ചെയ്കയാൽ സഭയുടെ ദലാഗാത്ത് എന്ന സ്ഥാനം ലെയോപ്പോൾദ് മിസ്യൊനാരി അച്ചനു കൊടുക്ക പ്പെട്ടു. ഇതു 1863-ൽ ആണ് നടന്നത്. ഇദ്ദേഹം ദലഗാത്തായി തീർന്നതിനു ശേഷം മാന്നാനം, കൂനമ്മാവ്, വാഴക്കുളം, അരണാ ട്ടുകര, പുളിങ്കുന്ന് എന്നിങ്ങനെ പല കൊവേന്തകൾ ആ നാളുക ളിൽ ഉണ്ടായിരുന്നതിനാൽ ആണ്ടുതോറും മാർ ഔസേപ്പ് പിതാ വിന്റെ മദ്ധ്യസ്ഥ തിരുനാൾ കഴിയുമ്പോൾ ആശ്രമ ശ്രേഷ്ഠൻമാർ യോഗമായി കൂനമ്മാവുങ്കൽ കൂടി സഭയുടെ പൊതുകാര്യം സംബ

*ധ്യാനം, നമസ്ക്കാരം മുതലായ പുണ്യപ്രവൃത്തികളുടെയും ദണ്ഡവിമോചനങ്ങ ളുടെയും മുന്നിൽ ഒരംശം ബെസ്പുർക്കാനായിൽ പാടുപെടുന്ന ആത്മാക്കൾക്കായി ഒഴിഞ്ഞുകൊടുക്കണമെന്നു കൂടിയും അതിൽ കാണിച്ചിരുന്നു.

ഡിച്ചു ആലോചന നടത്തണമെന്നും മുമ്മൂന്ന് വർഷം കഴിയു മ്പോൾ ആശ്രമങ്ങൾക്കു പുതിയ ശ്രേഷ്ഠന്മാർ നിശ്ചയിക്കപ്പെട ണമെന്നും ഒരു നിയമം നടപ്പിൽ വരുത്തി. ഈ നിയമപ്രകാരം 1864 മുതൽ മൂന്നാം വർഷം തോറും പുതുതായി ശ്രേഷ്ഠൻമാർ നിശ്ചയിക്കപ്പെട്ടിരുന്നെങ്കിലും തക്ക കാരണം നിമിത്തം പഴയ ശ്രേഷ്ഠന്മാരിൽ വല്ലവരെയും ആ സ്ഥാനത്തിൽ തന്നെ സ്ഥിരപ്പെ ടുത്തുന്നതിനു വിരോധമൊന്നും ഇല്ലാതിരുന്നതിനാൽ ചിലരെ പഴയ സ്ഥാനത്തിൽ തന്നെ സ്ഥിരപ്പെടുത്തിയും പോന്നു. ഈ നിയമം നടപ്പിൽ വന്നതോടുകൂടി വികാരിമാർക്കു അധികാരപത്രം പ്രിയോർ കൊടുത്തുവന്നതു വികാരി അപ്പസ്തോലിക്കാതന്നെ വേണമെന്നായി.

കൊവേന്തയുടെ പൊതുഗുണം ഉദ്ദേശിച്ചു പല കാര്യങ്ങൾ ആലോചിക്കുന്നതിനും നടത്തുന്നതിനും പ്രിയോരച്ചന്റെ വാസവും ദലഗാത്തു മിസ്യൊനാരി അച്ചന്റെ വാസവും ഒരു സ്ഥലത്തായാൽ കൊള്ളാമെന്നു മെത്രാപ്പോലീത്താച്ചനും ദലഗാത്തച്ചനും അഭി പ്രായപ്പെട്ടതിനാൽ 1864 മുതൽ പ്രിയോരച്ചന്റെ നിജവാസം കൂനമ്മാവു കൊവേന്തയിലായിത്തീർന്നു. 1855 വരെ 24 വർഷവും പിന്നീട് 1864 വരെ 9 വർഷവും നിജമായി പ്രിയോരച്ചൻ വസിച്ചു വന്നത് മാന്നാനത്തായിരുന്നു.

കൂനമ്മാവുങ്കൽ നാൾക്കുനാൾ സഭയിൽ ചേരാനായി പല സ്ഥലങ്ങളിൽ നിന്നും പൈതങ്ങൾ വന്നുകൊണ്ടിരുന്നതിനാൽ അവരുടെ പാർപ്പിനു മതിയായ സ്ഥലം പോരാതെ വന്നു. അതുകൊണ്ട് അവിടെ മുമ്പുണ്ടായിരുന്ന കെട്ടിടത്തോടു ചേർത്തു വടക്കും തെക്കുമായി രണ്ടു പുത്തൻ കെട്ടിടങ്ങൾ ദെലഗാത്തു മിസ്യൊനാരി അച്ചന്റെ താല്പര്യത്താൽ പണി ചെയ്യിപ്പിച്ചു. രണ്ടും മൂന്നും നിലകളായിട്ടാണ് പണിയിച്ചത്. ഇവയിൽ വടക്കുഭാഗ ത്തേക്കു സന്യാസാർത്ഥികളുടെ നിലയിൽ ചേർന്നിരുന്ന പൈത ങ്ങൾക്കായിട്ടും തെക്കുഭാഗത്തേക്കു നവസന്യാസികൾക്കുവേണ്ടി യുമുപയോഗപ്പെടുത്തി. ഈ കെട്ടിടങ്ങൾ രണ്ടും 1868-ാമാണ്ടിന കത്തു പണിതു മുഖിയാക്കി. ഇതിനിടയിൽ 1866-ൽ കൂനമ്മാവു

ങ്കൽ കെത്തുമായുടെ ശേഷമുള്ള വ്യാഴം, വെള്ളി, ശനി എന്ന ദിവസങ്ങളിൽ ആരാധനയെന്ന വിശുദ്ധ കുർബാനയുടെ നാല്പതുമണി ആരാധന ആദ്യമായി നടത്തി. പിറ്റേയാണ്ടിൽ (1867) ഉയിർപ്പുകഴിഞ്ഞു രണ്ടാം ആഴ്ചയിൽ വാഴക്കുളത്തും മൂന്നാം ആഴ്ചയിൽ മാന്നാനത്തും ഊ മഹാകർമ്മം നടത്തപ്പെട്ടു. ഏൽതുരുത്തു കൊവേന്തയിൽ ഇതു നടത്തിയത് 1868-ലാണ്. അന്നുമുതൽ ഈ ദിവ്യകർമ്മം മേൽപറഞ്ഞ സ്ഥലങ്ങളിൽ തുടർച്ചയായി നടത്തിവരികയും ചെയ്യുന്നു. 1904 മുതൽ അമ്പഴക്കാട്ടു കൊവേന്തയിലും ഇതു നടത്തിവരുന്നു.

23. മേൽ അഞ്ചാം അദ്ധ്യായം 16-ാം ലക്കത്തിൽ റോക്കോസ് മെത്രാന്റെ വരവുമൂലം അരണാട്ടുകരെ എൽതുരുത്തു കൊവേന്തയുടെ പണിക്കു തടസ്സം നേരിട്ടതായി വിവരിച്ചിട്ടുണ്ടല്ലോ. ആ തടസ്സത്തേപ്പറ്റി പറയുന്നതിനു മുമ്പായി റോക്കോസ് മെത്രാൻ വരാനുള്ള കാരണത്തേപ്പറ്റി അൽപം വിവരിക്കാം. സുറിയാനിക്കാർക്കു സ്വന്ത ക്രമത്തിൽ മെത്രാനെ കിട്ടണമെന്നുള്ളതു എല്ലായ്പ്പോഴും എല്ലാകാലത്തും ഉണ്ടായിട്ടുള്ള ഒരു അപേക്ഷയാണെന്നുള്ളത് ചരിത്രങ്ങളിൽ പ്രസിദ്ധമായ ഒരു സംഗതിയാണ്. ഇതാണ് 1599-ൽ ഉണ്ടായ ഉദിയം പേരൂർ സൂനഹദോസിന്റെ കാലം മുതൽ ഓരോ കാലങ്ങളിൽ അവരുടെ ഇടയിൽ ഉണ്ടായ ശീശ്മയുടെ കാരണം. 1852-ൽ പദൃവാദ ശീശ്മയിൽ നിന്നിരുന്ന സുറിയാനിക്കാരുടെ അപേക്ഷ അനുസരിച്ച് ബാഗ്ദാദിൽ നിന്നു ബസറായിലേക്കു അയക്കപ്പെട്ടിരുന്ന ദെനഹാ ബർയോനാ എന്ന ഒരുകൽദായ പട്ടക്കാരൻ കൊച്ചിയിൽ വന്നിറങ്ങുകയും അവിടെ ശീശ്മക്കാരനായിരുന്ന തൊറീഞ്ഞു മിസ്യ്യാനാരി അച്ചന്റെ ഭവനത്തിൽ ഏതാനും ദിവസങ്ങൾ താമസിച്ചതിനു ശേഷം കുറവിലങ്ങാട്ടു പള്ളിയിൽ വന്നു താമസിക്കയും ചെയ്തു. അന്നു ആ പള്ളിക്കാരിൽ ഒരു ഭാഗം പദൃവാദ ശീശ്മയിലും മറ്റൊരു ഭാഗം വരാപ്പുഴ വികാരി അപ്പോസ്തോലിക്കായുടെ കീഴിലുമായിട്ടാണ് നിന്നിരുന്നത്. ദെനഹാ വന്നയുടനെ അദ്ദേഹം ഒരു മെത്രാനാണെന്നും ലത്തീൻകാരെ ഭയന്നാണ് ഒരു വെറും പട്ടക്കാരന്റെ ഭാഷയിൽ നടക്കുന്നതെന്നും

ആ പള്ളിയിലെ ചില ശീശ്മക്കാർ പറഞ്ഞു നടത്തി. ഈ ദെന ഹാവരുന്നതിനു മുമ്പ് പദൃവാദ ഭാഗത്തു നിന്നിരുന്ന ടി. ഇടവക പനങ്കുഴ കുര്യപ്പച്ചൻ മുതൽപേരുകൂടി ഒരു സുറിയാനി മെത്രാനെ അയച്ചു തരുന്നതിലേക്കു നിക്ലോവോസ് ഏശയ്യാ എന്ന അന്നത്തെ ബാബേൽ പാത്രിയർക്കീസിന്റെ പേർക്കു ഒരു അപേക്ഷ അയച്ചിട്ടു ണ്ടായിരുന്നു. ആ അപേക്ഷക്കു പാത്രിയർക്കീസ് കൊടുത്ത മറു പടി മെത്രാനെ മലയാളത്തേക്കു അയയ്ക്കുന്നതിനു വിശുദ്ധ സിംഹാസനത്തിന്റെ അനുമതി വേണമെന്നും അതിനായി താൻ റോമ്മായിക്കു എഴുതാമെന്നും മലയാളത്തു നിന്നും അപേക്ഷകൾ അയച്ചാൽ കാര്യം നടക്കുന്നതാണെന്നും ആയിരുന്നു. ദെനഹാ കുറവിലങ്ങാട്ടിരുന്നുകൊണ്ടു സുറിയാനി മെത്രാനെ കിട്ടുന്നതിന്നു റോമ്മായിലേയ്ക്കും പാത്രിയർക്കീസിനും അയയ്ക്കാനായി പല ഹർജികൾ ഉണ്ടാക്കി പലരേക്കൊണ്ടു ഒപ്പിടുവിച്ചു വന്നിരുന്നു. കാര ക്കുന്നത്തു മല്പനച്ചൻ മുതലായി പലർ കുറവിലങ്ങാട്ടുവന്ന് ദെനഹായെ കാണുകയുമുണ്ടായി. ഇതിനിടയ്ക്ക് അദ്ദേഹം ചില പള്ളികളിൽ ചുറ്റി സഞ്ചരിക്കാതെയിരുന്നില്ലാ. മുമ്പു മഹാ ഭക്തനും തപസ്സിയുമായിരുന്നിട്ടു പിന്നീട് കുടക്കച്ചിറ അന്തോനിയച്ചന്റെ കൂടെ ബാബേലിനു പോയാറെ അവിടെവച്ചു മരിച്ച ഇല്ലിക്കൽ ദേവസ്യാ ക്കത്തനാരച്ചനുമായി ഒരുമിച്ചാണ് ദെനഹാ ചുറ്റി നടന്നത്.

ആ സഞ്ചാരത്തിൽ കോട്ടയത്തു ഇടയ്ക്കാട്ടു പള്ളിയിൽ രണ്ടു പേരും ചെന്നിരുന്നപ്പോൾ ഇടവഴിക്കൽ പീലിപ്പോസ് കത്തനാരും മകൻ കൊച്ചു കത്തനാരും വന്നു ദെനഹായെ കാണുകയും പഴയ കൂട്ടുകാർക്ക് മെത്രാനെ വരുത്തുന്നതിന് അദ്ദേഹം ചെയ്തിരുന്ന ശ്രമങ്ങളെ വളരെയൊക്കെ ഉയർത്തിപ്പറയുകയും ചെയ്തു. ആ വഴി കോട്ടയത്തുനിന്നു കുടമാളൂരും അവിടെ നിന്നു ഒരു ദിവസം പകൽ 5 മണിക്ക് മാന്നാനത്തും രണ്ടാളും കൂടെ വന്നു. സുറിയാനി ക്രമ ത്തിൽ മെത്രാനെ കിട്ടേണ്ട അപേക്ഷക്കു പ്രിയോരച്ചനും ശേഷം അച്ചന്മാരും ഒപ്പു വെയ്ക്കണമെന്നു ദെനഹാ ആവശ്യപ്പെട്ടു. അതിനു സമ്മതിക്കാഞ്ഞതിലും പിറ്റേ ദിവസം രാവിലെ അദ്ദേഹം കുർബാന ചൊല്ലാൻ ഒരുങ്ങിയപ്പോൾ വരാപ്പുഴ നിന്നുള്ള അനു

മതി കൂടാതെ അതിനു പാടില്ലെന്നു പ്രിയോരച്ചൻ പറഞ്ഞതിനാലും അദ്ദേഹം (ദെനഹാ) കുപിതനായി മാന്നാനത്തു നിന്നു പോകുകയും അതിരമ്പുഴെ ചെന്നു ഇടയ്ക്കാട്, കുടമാളൂർ മുതലായ പള്ളികളിലെപോലെ അവിടെ അദ്ദേഹം കുർബാന ചൊല്ലുകയും അവിടെ നിന്നു മടങ്ങി കുറവിലങ്ങാട്ട് പോയി താമസിക്കയും ചെയ്തു.

ഇങ്ങനെയിരിക്കെ ദെനഹാ മലയാളത്തു വന്നതും മറ്റും ബാബേൽ പാത്രിയർക്കീസിന്റെ അനുസരണവിട്ടാണെന്നു അവിടുന്ന് ഒരെഴുത്ത് ബോംബാ വികാരി അപ്പസ്തോലിക്കാവഴിക്കു വരാപ്പുഴ കിട്ടുകയും അതു പള്ളികളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്കയാൽ അദ്ദേഹം മലയാളം വിട്ടുപോയി. അനന്തരം മേൽ 17-ാം ലക്കത്തിൽ വിവരിച്ചിട്ടുള്ളതുപോലെ കുടക്കച്ചിറ അന്തോനിയച്ചൻ സുറിയാനി മെത്രാനെ കിട്ടേണ്ട കാര്യത്തിനായി ബാബേലിനു പോകയും അവിടെ വച്ചു മരണം പ്രാപിക്കയും ചെയ്തതിനുശേഷം മൂസ്സലിൽ പോയി താമസിച്ചിരുന്ന തൊണ്ടനാട്ട് അന്തോനിയച്ചൻ മുതൽപേർ അക്കാര്യത്തിനു ശ്രമിച്ചുവന്നു. അവർ മൂസ്സലിൽ നിന്ന് അറിയിച്ചിരുന്നതുപോലെ അന്നു പദ്യവാദ ശീശ്മയിൽ നിന്നിരുന്ന കുന്നേലച്ചനും, പൂണ്ടിക്കുളത്തു ശെമ്മാച്ചനും പലരുടെ ഒപ്പുകളോടു കൂടെ ഹർജികൾ അയച്ചുകൊണ്ടിരിക്കയും അതുകളിൽ സുറിയാനി മെത്രാനെ അയച്ചുകൊടുക്കാൻ അപേക്ഷിക്കയും ചെയ്തിരുന്നു. അതിനിടയ്ക്കു കുടക്കച്ചിറ അന്തോനിയച്ചൻ പ്ലാശനാൽ വച്ചിരുന്ന നാലായിരം രൂപാ കൊടുത്തയക്കാൻ എഴുതി അയച്ചു. മെത്രാൻ കാര്യത്തിനു പല ഹർജികൾ റോമ്മായിലേക്കു അയയ്ക്കയും പാത്രിയർക്കീസ് അപേക്ഷിക്കയും ചെയ്തിട്ടും അവിടെ നിന്നും അനുകൂലമായ മറുപടിയൊന്നും ഉണ്ടായില്ല. ഇങ്ങനെയിരിക്കെ മൂസ്സലിലെ ജനങ്ങളുടേയും ചില മെത്രാന്മാരുടേയും മുട്ടിപ്പുകൊണ്ടും തൊണ്ടനാട്ടു അന്തോനിയച്ചനും കൂട്ടരും ശെമഓൻ പാത്രിയാർക്കീസിന്റെ പക്കൽ പോകുമെന്നു സിദ്ധാന്തമായി പറകകൊണ്ടും വൃദ്ധനായ ഔസേപ്പ് അവുദൊ പാത്രിയാർക്കീസ് 1860 സെപ്തംബർ മാസത്തിൽ മാർ തൊമ്മാ റോക്കാസ് എന്ന മെത്രാനെ പാത്രിയാർക്കീയ വികാരി

യായി അഭിഷേകം ചെയ്തു. ഇദ്ദേഹത്തിന്റെ വരവിനായി രണ്ടായിരം രൂപാവരെ മലയാളത്തു നിന്നു പിരിച്ച്, മൂസ്സലിൽ നിന്നു അന്തോനിയച്ചൻ മുതൽപേർ അറിയിച്ചിരുന്നതുപോലെ ബോംബെയിൽ ഒരു കച്ചവടക്കാരനെ ഏൽപ്പിക്കയും അവർ അതു ഏറ്റിരിക്കുന്നതായി ഒരു അറിവുശീട്ട് ആലപ്പുഴയുള്ള ഒരു കച്ചവടക്കാരൻമൂലം ഉടമസ്ഥന്മാർക്കും കൊടുക്കയും ചെയ്തു. റോക്കോസ് മെത്രാനെ മലയാളത്തേക്കു അയയ്ക്കുന്ന വിവരം മെസപ്പൊത്തോമിയായിലെ ദെലഗാദപ്പസ്തോലിക്കാ വരാപ്പുഴ അറിയിക്കയും 1860 ഡിസംബർ 19-ന് പള്ളികളിൽ അതു പരസ്യപ്പെടുത്തുകയും ചെയ്തു. ഈ സംഗതിക്കു പ്രോഫഗാന്ത് തിരുസ്സംഘത്തിന്റെ അദ്ധ്യക്ഷനായ കർഡിനാളും 1860 നവംബർ 16-ന് ഒരെഴുത്തു വരാപ്പുഴ വികാരി അപ്പോസ്തോലിക്കായിക്ക് അയക്കയും, ഇതും പള്ളികളിൽ പരസ്യപ്പെടുത്തുകയും ചെയ്തു. ഈ പരസ്യങ്ങൾക്കൊണ്ട് റോക്കോസ് മെത്രാൻ റോമ്മായിലെ സമ്മതം കൂടാതെയാണ് മലയാളത്തിലേയ്ക്കു വരുന്നതെന്ന് എല്ലാവരും അറിയാൻ സംഗതിയായി. ഇങ്ങനെയിരിക്കയിൽ 1861 മെയ് മാസം 9-ന് അദ്ദേഹം കൊച്ചിയിൽ വന്നിറങ്ങി.

24. മെത്രാൻ വന്നയുടനെ തൊണ്ടനാട്ട് അന്തോനിയച്ചനും മറ്റും തെക്കും വടക്കുമുള്ള മല്പാനച്ചന്മാർക്കും പള്ളിക്കാർക്കും എഴുത്തുകൾ അയയ്ക്കയും, ആ എഴുത്തുകളിൽ തോമ്മാ മെത്രാൻ വന്നിരിക്കുന്നതു മാർപ്പാപ്പായുടെ സമ്മതത്തോടുകൂടെയാണെന്ന് കാണിക്കയും ചെയ്തു. ഒരെഴുത്ത് മാന്നാനത്തേക്ക് പ്രിയോരച്ചന്റെ പേർക്കു അയച്ചു. ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾകൊണ്ടും എഴുത്തുകൾകൊണ്ടും ഓരോ പള്ളിക്കാർ തോമ്മാ മെത്രാനെ ചെന്നുകാണുകയും അദ്ദേഹത്തിനു വഴക്കം ചെയ്യുകയും ചെയ്തു. ഈ മെത്രാനു വഴക്കം ചെയ്യുവാൻ പാടില്ലെന്നു ഇദ്ദേഹം വരുന്നതിനു ഏതാനും മാസങ്ങൾക്കു മുമ്പ് എന്നു വെച്ചാൽ, 1861 ഫെബ്രുവരി മാസത്തിൽ മാന്നാനം അച്ചുകൂട്ടത്തിൽ നിന്ന് പ്രിയോരച്ചൻ ഒരു പരസ്യം മൂലം എല്ലാവരെയും വിശേഷാൽ തെര്യപ്പെടുത്തിയിരുന്നു. ആ മാസത്തിൽ പുളിങ്കുന്ന് മുത

ലായ പള്ളികളിലെ സ്ഥാന സന്ദർശനം കഴിച്ചും വെച്ചു മെത്രാപ്പോലീത്താച്ചൻ മാന്നാനത്തു വന്നിരുന്നപ്പോഴാണ് ഈ പരസ്യം പ്രസിദ്ധപ്പെടുത്തിയത്. ശീശ്മയോടു കഠിനമായി എതിർത്തുനിന്നതുകൊണ്ട് പൊതുവെ ശീശ്മക്കാരിൽ നിന്നു അനേകതരം ഉപദ്രവങ്ങളും അനർത്ഥങ്ങളും അന്നുണ്ടായിരുന്ന നമ്മുടെ അച്ചന്മാർ സഹിക്കേണ്ടിവന്നു. അരണാട്ടുകര കൊവേന്തപണിക്കു സഹായിയായി അയക്കപ്പെട്ടിരുന്ന പല്ലാട്ട് ഇട്ടിയവുരാക്കത്തനാരച്ചൻ ശീശ്മഭാഗത്തേക്കു ചേരുകയും മറ്റു പലരും അതിൽ ചേരുന്നതിന് കാരണക്കാരനായി തീരുകയും ചെയ്തു.

ഇദ്ദേഹത്തോടുകൂടെ ഒല്ലൂർ, തൃശ്ശിവപേരൂർ, കൊട്ടയ്ക്കാട്, പാലൂർ, വേലൂർ മുതലായ പള്ളികളിൽ നിന്നു വളരെ പട്ടക്കാരും ജനങ്ങളും ശീശ്മയിൽ ചേർന്നു. ഇദ്ദേഹം തന്റെ സ്നേഹിതന്മാരായിരുന്ന പലരെ ചേർത്തുകൊണ്ട് അനേകം എഴുത്തുകൾ വടക്കൻ ദിക്കിലെ പള്ളികളിലേക്കു അയച്ചു. സുറിയാനി മെത്രാൻ വന്നിരിക്കുന്നതിനാൽ നാം എല്ലാവരും അദ്ദേഹത്തെ കണ്ട് അനുസരിക്കണമെന്നും ഈ സംഗതിയിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ അയച്ചിരുന്ന കല്പനകൾ വിശ്വാസയോഗ്യമല്ലെന്നും, കൊവേന്ത പട്ടക്കാർ ഇക്കാര്യം സംബന്ധിച്ചു പറയുന്നതൊന്നും വിശ്വസിക്കേണ്ടതല്ലെന്നും മറ്റുമായിരുന്ന ആ എഴുത്തുകളിലെ താൽപര്യം. ഇതെല്ലാം മഹാ ഗൂഢമായി നടത്തിയിരുന്നതിനാൽ നമ്മുടെ തോപ്പിലച്ചനും മറ്റും ഇതിനെപ്പറ്റി യാതൊരറിവുണ്ടായില്ലാ. പിന്നീട് ഇവരിതറിഞ്ഞപ്പോൾ വേണ്ട തടസ്സങ്ങളൊക്കെ ചെയ്തെങ്കിലും വലിയ ഫലമൊന്നും ഉണ്ടായില്ല.* അരണാട്ടുകര ഇടവകയിൽ ചിറമ്മേൽ തരകന്മാരും അവരുടെകൂടെ ഏതാനും

*അരണാട്ടുകര, ഒല്ലൂർ മുതലായ പള്ളികളിൽപോയി ആ പള്ളിക്കാരേക്കൊണ്ടു ശീശ്മഭാഗത്തു ചേരാതിരിക്കാനുള്ള വിശ്വാസസത്യം ചെയ്യിക്കണമെന്ന് (കട്ടക്കയത്തു) ചാണ്ടിയച്ചനു മെത്രാപ്പോലീത്താച്ചൻ കല്പന അയക്കയും, അതനുസരിച്ചു അദ്ദേഹം പ്രസ്തുത പള്ളികളിൽ ചെന്നാറെ അരണാട്ടുകര ഇടവകയിൽ ചിറമ്മേൽ തരകന്മാരും, വേറെ ചിലരും, ഒല്ലൂരിൽ കല്ലൂക്കാരന്മാരും, മേച്ചേരി, എരിഞ്ഞേരി മുതലായ ചിലരുമല്ലാതെ മറ്റുള്ളവർ കല്പന അനുസരിച്ചില്ല.

വീട്ടുകാരും ഒല്ലൂർ ഇടവകയിൽ കല്ലൂക്കാരന്മാരും ഉദ്ദേശം 50 വീട്ടുകാരും വലപ്പാട്, എടത്തുരുത്തി എന്ന രണ്ടു പള്ളിക്കാരും മുല്ലശ്ശേരിപള്ളി ഇടവകക്കാരും നമ്മുടെ തോപ്പിലച്ചന്റെയും മറ്റും വാക്കുകൾ വിശ്വസിച്ചു ശീശ്മയിൽ കൂടാതെ നിന്നിരുന്നു. പറപ്പൂർ പള്ളിയിലും ശീശ്മയിൽ ചേരാതിരുന്നവർ ഉണ്ടായിരുന്നു. ശീശ്മ ശക്തിപ്പെട്ടതിനോടെ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നുമുള്ള പണപ്പിരിവു മിക്കവാറും നിന്നുപോയി. കൊവേന്ത കെട്ടിടം കൂടുകേറ്റി ഓടുമേഞ്ഞിരുന്നെങ്കിലും പലക തറയ്ക്കുന്നതിനും കതകുകൾ വെക്കുന്നതിന്നും മറ്റും ഇടയാകാഞ്ഞതുകൊണ്ട് അതിൽകയറി പാർക്കുന്നതിന്നും മറ്റും ഇടയാകാഞ്ഞതുകൊണ്ട് അതിൽകയറി പാർക്കുന്നതിനു സാധിക്കാതെപോയി. അതുകൊണ്ട് അന്നുണ്ടായിരുന്ന ബങ്കളാവിൽ പാർത്തുകൊണ്ടാണ് ശീശ്മയെ തടുക്കുന്നതിന്നും അതിനോട് എതിർക്കുന്നതിനും നമ്മുടെ അച്ചന്മാർ അദ്ധ്വാനം ചെയ്തുകൊണ്ടു വന്നത്.

നമ്മുടെ അച്ചന്മാർ ബുദ്ധിമുട്ടി ജോലി നടത്തിയ പള്ളികളിൽ പ്രാധാനമായവ അരണാട്ടുകാര തരകന്റെ കപ്പേളയും, പറപ്പുരേയും ഒല്ലൂരേയും പള്ളികളുമാണ്. ശീശ്മയുടെ ആരംഭത്തിൽ ചിറമ്മേൽ തരകന്മാർ അരണാട്ടുകര പള്ളിയുടേയും തങ്ങളുടെ വീടിന്റെയും മദ്ധ്യേ ഒരു കപ്പേള പണികഴിപ്പിച്ചിരുന്നു. അതിൽപോയി കുർബാന ചൊല്ലുകയും അവിടെ കൂടിയിരുന്നവരുടെ ആത്മദിഷ്ഠതികളൊക്കെ നടത്തിക്കൊടുക്കയും ചെയ്തത് ആദ്യ വാഗ്ദത്ത നേർച്ച ചെയ്ത 11 അച്ചന്മാരിൽ ഒരാളായ ചാണ്ടിയച്ചനാണ്. തന്നിമിത്തം ശീശ്മക്കാരിൽ നിന്നും ശീശ്മ പട്ടക്കാരിൽ നിന്നും അനേക ഉപദ്രവങ്ങളും അവമതികളും അദ്ദേഹം സഹിക്കാനിടയായി. പറപ്പൂരിലെ കപ്പേളയിൽ അദ്ദേഹം പോയി രണ്ടാം കുർബാനയും ചൊല്ലി വന്നു. ഒല്ലൂരിലെ കത്തോലിക്കരുടെ ആത്മദിഷ്ഠതികളൊക്കെ പുതുക്കാട്ട് കോനിക്കരെ പ്രഞ്ചു അച്ചൻ വികാരിയായും, ചിറ്റാട്ടുകരെ വൈശ്യക്കാരൻ പ്രഞ്ചു അച്ചൻ സഹായിയായും നടത്തിപോന്നു. അവരെ സഹായിക്കാനായി ഇടയ്ക്കിടയ്ക്കു ദേവസിയാച്ചൻ മുതലായ നമ്മുടെ അച്ചന്മാരും പോയിരുന്നു. തോപ്പിലച്ചൻ, ദേവസി

യാച്ചൻ, ചാണ്ടിയച്ചൻ ഇവർ ശീശ്മക്കാരിൽ നിന്ന് അനുഭവിച്ചു പോന്നിരുന്ന ഉപദ്രവങ്ങളിൽ നിന്നു തങ്ങളെ രക്ഷിക്കാനായി അന്നു കൊച്ചി ദിവാനായിരുന്ന തോട്ടയ്ക്കാട്ടു ശങ്കുണ്ണി മേനവന്റെ പക്കൽ ഒരു ഹർജി കൊടുക്കയും അതിന്ന് അനുകൂലമായ മറുപടി ഉണ്ടാക്കയും ചെയ്തെങ്കിലും ശീശ്മക്കാർ അത് അനുസരിക്കാതെ വീണ്ടും ഉപദ്രവങ്ങൾ ചെയ്തുകൊണ്ടിരുന്നു. അതിനാൽ ഈ ഉപദ്രവങ്ങൾക്കെല്ലാം പ്രധാന കാരണം പല്ലാട്ടച്ചൻ മുതലായവരാണെന്നുള്ള വിവരം ചാണ്ടിയച്ചനും മാന്യനായ ചിറമ്മെൽ തരകനും തൃശ്ശിവപേരൂർ ചെന്നു പേഷ്കാരെ  കണ്ട് ബോധിപ്പിച്ചു. പേഷ്കാർ പല്ലാട്ടച്ചനേയും ഈയാക്ക് എന്ന അദ്ദേഹത്തിന്റെ സ്നേഹിതനേയും വിളിച്ചു ശാസിക്കയും 500 രൂപാ ജാമ്യത്തിൽ പല്ലാട്ടച്ചനെ വിടുകയും ചെയ്തു. ഇങ്ങിനെ പല്ലാട്ടച്ചൻ മുതലായ ശീശ്മക്കാരുടെ ശല്ല്യങ്ങൾ അല്പം കുറയുന്നതിനു ഇടയായി.

25. തോമ്മാ റോക്കോസ് മെത്രാൻ വന്നതിന്റെ പിറ്റേമാസത്തിൽ അതായത് 1861 ജൂൺ 8-ന് മലയാളത്തിലുള്ള സകല സുറിയാനിപ്പള്ളികളുടേയും വികാരി ജനറളായി പ്രിയോരച്ചനെ മെത്രാപ്പോലീത്താച്ചൻ നിശ്ചയിക്കയും വികാരി ജനറാളന്മാർക്കു പൊതുവേയുള്ള അധികാരങ്ങൾ കൂടാതെ വിശേഷാൽ ചില അധികാരങ്ങൾ കൂടെയും അദ്ദേഹത്തിന്നു കൊടുക്കയും ചെയ്തു. റോക്കോസ് മെത്രാന്റെ കാര്യംകൊണ്ട് 1861 ജൂൺ 19-ന് പ്രിയോരച്ചനും ശേഷം നമ്മുടെ അച്ചന്മാരും 9-ാമത്തെ പീയൂസ് മാർപ്പാപ്പായ്ക്ക് ഒരു എഴുത്തയച്ചു. അതിൽ ഇദ്ദേഹത്തോടു എങ്ങിനെ പെരുമാറണമെന്നും ന്യായമായ അധികാരത്തോടുകൂടെയാണോ ഇദ്ദേഹം വന്നിരിക്കുന്നതെന്നും മറ്റും ചോദിച്ചിരുന്നു. അതിനു ടി. ആണ്ടു സെപ്തംബർ 5-ന് വളരെ തൃപ്തികരമായതും സ്വന്ത കയ്യൊപ്പുള്ളതുമായ ഒരു തിരുവെഴുത്ത് മാർപ്പാപ്പ അയച്ചുകൊടുക്കയും, അതിൽ ടി. മെത്രാൻ വന്നിരിക്കുന്നത് മാർപ്പാപ്പായുടെ കല്പനയ്ക്ക് വിരോധമായിട്ടാണെന്നും അദ്ദേഹത്തെ മലയാളത്തിൽ നിന്നുവിളിപ്പാൻ (ഔസേപ്പ് അവുദൊ) പാത്രിയർക്കീസിനോട് കല്പിച്ചിട്ടുണ്ടെന്നും മറ്റും കാണിക്കയും ചെയ്തു.

ഉടനെ റോമ്മായിലേക്കു വിളിക്കപ്പെടുകയും അതിൻപ്രകാരം അവിടേക്കു പോകയും ചെയ്തിരുന്ന പാത്രിയർക്കീസിന്റെ എഴുത്തും മാർ തോമ്മാ മെത്രാനു വന്നു. ഇതു റോമ്മായിൽ നിന്ന് ടി. ആണ്ട് സെപ്തംബർ 7-ന് എഴുതപ്പെട്ടതായിരുന്നു. ഇതിൽ ഉടനെ അദ്ദേഹം മലയാളത്തിൽ നിന്നു പിന്തിരിഞ്ഞ് അദ്ദേഹ ത്തിന്റെ സിംഹാസനമായ വസറായിലേക്കു പോകണമെന്നും മറ്റും കാണിച്ചിരുന്നു. പാത്രിയർക്കീസിന്റെ എഴുത്തിൻപ്രകാരം റോക്കോസ് മെത്രാൻ മലയാളത്തിൽ നിന്നു പോകാത്തപക്ഷം അദ്ദേഹത്തെ മഹറോൻ ചൊല്ലുവാൻ അധികാരപ്പെടുത്തുന്ന ഒരു തിരുവെഴുത്തു ടി. ആണ്ടു ടി. മാസം 5-ന് ബെർണ്ണർദീനോസ് മെത്രാപ്പോലീത്തായിക്കു മാർപ്പാപ്പാ അയച്ചുകൊടുത്തിട്ടുണ്ടായി രുന്നു. ഇതുകളെല്ലാം റോമ്മായിൽ നിന്ന് വരാപ്പുഴ വന്നു ചേർന്നത് ടി. ആണ്ടു ഒക്ടോബർ മാസത്തിലാണ്.

ഈ ആണ്ട് ആഗസ്റ്റ് മാസത്തിൽ കൊച്ചിയിൽ നിന്ന് മാർതോമ്മാ മെത്രാനെ പല പള്ളിക്കാർകൂടി തൈക്കാട്ടുശേരിയിൽ കൊണ്ടുവന്നിരുത്തുകയും, വടക്കു ഏൽതുരുത്തിലും തെക്കു മാന്നാനത്തിലും മാറിമാറി മെത്രാനവർകളെ ഇരുത്തണമെന്നും അദ്ദേഹത്തിന്റെ ചിലവുകൾക്ക് ടി. കൊവേന്തകളുടെ പേരിൽ വസ്തു കാണമിടണമെന്നും അതിനായി സകല പള്ളികളിലേയും ഒരാണ്ടത്തെ വരവ് പാറായിൽ അയ്യനാട്ട് അവിരാത്തരകനെ ഏൽപിക്കണമെന്നും നിശ്ചയം ചെയ്തു പിരികയും ചെയ്തു.

ഇതിനിടക്കു പ്രിയോരച്ചനും ശേഷം നമ്മുടെ അച്ചന്മാരും ശീശ്മക്കു വിരോധമായി പ്രസംഗിക്കയും പ്രവൃത്തിക്കയും ചെയ്തു വന്നതിനാൽ ശീശ്മക്കാരിൽ നിന്ന് അവർ അവർണ്ണനീയങ്ങളായ ഉപദ്രവങ്ങൾ സഹിക്കാനിടയായി. പാത്രിയാർക്കീസിന്റെ കല്പന അനുസരിച്ച് തോമ്മാ മെത്രാൻ മലയാളത്തിൽ നിന്നു പോകാ ഞ്ഞതിനാൽ അദ്ദേഹത്തെ ടി. ആണ്ട് നവംബർ 30-ന് വരാപ്പുഴ പള്ളിയിൽ വെച്ച് ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ മാർപ്പാ പ്പായുടെ നാമത്തിൽ മഹറോൻ ചൊല്ലി.

മേൽ എട്ടാം അദ്ധ്യായം 1-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്നതു പോലെ അന്നു കൂനമ്മാവു കൊവേന്തയിൽ വികാരിയായിരുന്ന കാപ്പിൽ മത്തായി മറിയം അച്ചനെ, റോക്കോസ് മെത്രാനെ മഹറോൻ ചൊല്ലുവാനുള്ള അറിയിപ്പു സഹിതം ഞാറയ്ക്കൽ പള്ളിയിൽ താമസിച്ചിരുന്ന മെത്രാൻ അവർകളുടെ പക്കലേക്കു ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ അയച്ചു. ഇദ്ദേഹം ഞാറ ക്കലേക്കു പോയി മെത്രാനവറുകളുടെ മുറിയുടെ വാതുക്കൽ ചെന്ന് മേല്പറഞ്ഞ അറിയിപ്പു കൊടുത്താറെ അപ്പോൾ അവിടെ കൂടി യിരുന്ന ജനങ്ങൾ ലഹളക്കാരംഭിച്ചു. എന്നാൽ ഇദ്ദേഹം ഒട്ടും ഭയ പ്പെടാതെ അവിടെ നിന്ന് പുറപ്പെട്ടു വിശ്വസ്തനും, കത്തോലിക്ക് വിശ്വാസത്തിൽ സ്ഥിരമായി നിന്നവനുമായ പാറേക്കാടൻ കുഞ്ഞു പൈലോ എന്നയാളിന്റെ വീട്ടിൽ സങ്കേതം പിടിച്ചു. ലഹള ഒട്ടൊ തുങ്ങിയപ്പോൾ മത്തായി മറിയം അച്ചൻ അവിടെ നിന്നു പുറ പ്പെട്ടു കൂനമ്മാവുങ്കൽ വന്നു ചേരുകയും അയൽ പള്ളിയായ വാട യിലെ ക്രിസ്ത്യാനികൾ കൂനമ്മാവുങ്കൽ ചെന്നു പറ്റുന്നതിന് ഇദ്ദേ ഹത്തിനു വേണ്ട സഹായമൊക്കെ ചെയ്തുകൊടുക്കയും ചെയ്തു. മഹറോന്റെ അറിയിപ്പു കിട്ടിയപ്പോൾ പാത്രിയർക്കീസ് ബാവയുടെ എഴുത്തിനെപ്പറ്റി സംശയമുണ്ടെന്നും മലയാളം വിട്ടുപോകാൻ പള്ളിക്കാർ സമ്മതിക്കുന്നില്ലെന്നും വിവരത്തിനു റോമ്മായിക്കു എഴുതീട്ടുണ്ടെന്നും ഈ സന്ദർഭത്തിൽ മഹറോൻ ചൊല്ലരുതെന്നും മാർതോമ്മാ മെത്രാൻ വരാപ്പുഴയ്ക്കു മെത്രാപ്പോലീത്തായുടെ പേർക്കു എഴുതി അയച്ചു. പള്ളിക്കാരുടെ ഒരു യോഗം അപ്പോൾ ഞാറയ്ക്കൽ കൂടിയിട്ടുണ്ടായിരുന്നു. അവർ തോമ്മാമെത്രാനെ മല യാളത്തിലേക്കു സ്ഥിരപ്പെടുത്തി കിട്ടാനായി വേല ചെയ്യുന്നതി ലേക്കു പട്ടക്കാരിൽ നിന്നും അല്മേനികളിൽ നിന്നും 12 പേരെ പ്രതിപുരുഷന്മാരായി തിരഞ്ഞെടുത്ത് നിശ്ചയിക്കുകയും വിശേ ഷാൽ പാറായിൽ അവിരാത്തരകനെയും കള്ളിയത്തു ചാക്കു രെയും നിയമിക്കയും വിവരം വരാപ്പുഴെ അറിയിക്കയും ചെയ്തു. 1862-ന്റെ ആരംഭത്തിൽ മലയാറ്റൂർ പള്ളിയിൽ വച്ചു ബാഗ്ദാദിൽ നിന്നുവന്നതായ പാത്രിയാർക്കീസിന്റെ ഒരെഴുത്ത് തോമ്മാ

മെത്രാനു കിട്ടി. അതിൽ പിന്നെ അദ്ദേഹം കുർബാന ചൊല്ലിയതുമില്ലാ. ഉടനെ തോമ്മാ മെത്രാൻ കൊച്ചിയിൽ വരികയും അവിടെ വച്ചു കെറൂബിൻ മിസ്യൊനാരി അച്ചൻ വഴി രഹസ്യത്തിൽ ഒരെഴുത്ത് അദ്ദേഹം വരാപ്പുഴയ്ക്കു കൊടുത്തയക്കുകയും ചെയ്തു. ഇതു കിട്ടിയ ഉടനെ മെത്രാപ്പോലീത്താച്ചൻ അരണാട്ടുകരയ്ക്കു ചിറമ്മൽ തരകന്റെയും മറ്റും അപേക്ഷപ്രകാരം പോയിരുന്ന പ്രിയോരച്ചനെ ആളയച്ചു പള്ളിപ്പുറത്തുനിന്നു വരാപ്പുഴ വരുത്തി കൊച്ചിയിലേക്കു അയച്ചു. പ്രിയോരച്ചന്മാർ തോമ്മാമെത്രാനെ കണ്ട് മാർപ്പാപ്പായുടെ അനുമതി കൂടാതെ ഇവിടെ കയറി നടത്തിയ കുറ്റങ്ങളെ അനുസരിച്ചു പരസ്യം ചെയ്യുന്നതായാൽ വീണിരിക്കുന്ന മഹറോൻ പോക്കി കൂദാശകൾ കൊടുക്കാമെന്നു മെത്രാപ്പോലീത്തായുടെ നാമത്തിൽ പറഞ്ഞു. മഹറോന്റെ അറിയിപ്പു കിട്ടിയ ഉടനെ പോകാൻ അദ്ദേഹം നിശ്ചയിച്ചിരുന്നെന്നും നിവൃത്തിയില്ലാഞ്ഞതിനാൽ മാത്രം താമസിച്ചതാണെന്നും  തന്നിമിത്തം മഹറോൻ തന്റെ മേൽ വീഴുന്നതല്ലെന്നും എങ്കിലും മാർപ്പാപ്പായുടെ കല്പനപ്രകാരം അദ്ദേഹം ഇവിടെ വന്നിട്ടില്ലെന്നും ഇവിടുത്തെ കാര്യങ്ങൾ തിരക്കി അന്വേഷണം ചെയ്യാനായി പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം മാത്രം വന്നതാണെന്നുമുള്ളതിലേക്ക് എഴുതി തരാമെന്നും പോകാനുള്ള യാത്രച്ചിലവു കിട്ടിയാൽ പൊയ്ക്കൊള്ളാമെന്നും പ്രിയോരച്ചനോടു തോമ്മാ മെത്രാൻ മറുപടി പറഞ്ഞു. ഈ വിവരം പ്രിയോരച്ചൻ വരാപ്പുഴ വന്നു അറിയിച്ചാറെ മെത്രാപ്പോലീത്താ അതിനു സമ്മതിക്കയും മെത്രാൻ പോകുന്നതുവരെ കൊച്ചിയിൽ താമസിക്കാൻ പ്രിയോരച്ചനോടു കല്പിക്കയും ചെയ്തു. ശീസ്മക്കാർ മുഖാന്തിരം ചില തടസ്സങ്ങളുണ്ടായെങ്കിലും നിശ്ചയിച്ച ദിവസം 1862 മാർച്ച് മാസത്തിൽ അദ്ദേഹം കപ്പൽകയറി ബാഗ്ദാദിലേക്കു പോകയും ചെയ്തു.

26. ഈ ശീശ്മയിൽ കൂടാത്തതായി നിന്ന പള്ളികൾ നന്നാ ചുരുക്കമാണ്. ചുരുക്കം ചില പള്ളികൾ പ്രയോരച്ചന്റേയും ശേഷം നമ്മുടെ അച്ചന്മാരുടേയും ബുദ്ധിമുട്ടാൽശീസ്മയിൽ ചേരാതെ നിന്നു. അവിടവിടെ ചില പള്ളികളിൽ ചുരുക്കം ചില വീട്ടുകാരും

പട്ടക്കാരും ശീശ്മയിൽ കൂടാതെ കത്തോലിക്ക ഭാഗത്തിൽ സ്ഥിരമായി നിന്നിട്ടുണ്ട്. തെക്കൻ ദിക്കിൽ അന്നു ശീശ്മയിൽ ചേരാതെ നിന്ന പള്ളികൾ മുട്ടം, പള്ളിപ്പുറം, വൈക്കം, പറവൂർ, ആമ്പല്ലൂർ, കുമ്പളം, കൊടവെച്ചൂർ, മുഹമ്മ, തത്തൻപള്ളി, ചേന്നൻകരി, കല്ലൂർക്കാട്, എടത്വാ, പുളിങ്കുന്ന്, തുരുത്തി, തോട്ടയ്ക്കാട്, വായിപ്പൂർ, മണിമല, നെടുങ്കുന്നം, കാഞ്ഞിരപ്പള്ളി, അരീത്തുറെ, കുറമ്പനാടം, കുടമാളൂർ, കൈപ്പുഴ എന്നിവകളാണ്. എന്നാൽ പല പള്ളിക്കാരും ആദ്യം കാര്യസ്ഥിതി അറിയാതെയും തോമ്മാ മെത്രാൻ ന്യായമായ അധികാരത്തോടെ വന്നതാണെന്നു വിശ്വസിച്ചു പോയതിനാലുമാണ് ശീശ്മയിൽ കൂടാനിടയായത്. സുറിയാനി മെത്രാനെ കിട്ടണമെന്നുള്ള ആഗ്രഹം നിമിത്തം വരാപ്പുഴ നിന്നു ചെയ്തിരുന്ന അറിയിപ്പുകളെ പലർ വിശ്വസിക്കാതെയുമിരുന്നു. തോമ്മാ മെത്രാൻ പോയതിന്റെ പിറ്റെ ആണ്ടിൽ, അതായത് 1863-ൽ കുമസ്സാരി അപ്പോസ്തോലിക്കാ ആയി (മാർപ്പാപ്പയുടെ വിസ്തീർണ്ണ അധികാരമുള്ള ഒരു സ്ഥാനാപതി) സാബാ മെത്രാപ്പോലീത്താ ഇന്ത്യയിലേക്കു അയക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ വരവോടുകൂടെ ശീസ്മ അവസാനിക്കയും ഓരോ പള്ളിക്കാർ ഹിതം പോലെ വരാപ്പുഴ അധികാരത്തിലും പദ്യവാദ അധികാരത്തിലുമായി നിൽക്കയും ചെയ്തു. ഇദ്ദേഹം വരാപ്പുഴ വന്നപ്പോൾ പ്രിയോരച്ചൻ ചെന്നു കാണുകയുണ്ടായി. വരാപ്പുഴ നിന്നു കൂനമ്മാവുങ്കലും ഇദ്ദേഹം വന്നു.

മേൽ 8-ാം ലക്കത്തിൽ പദ്യവാദ അധികാരം നിർത്തൽ ചെയ്തെന്നും തന്നിമിത്തം അതിൽ നിന്നവർ ശീശ്മയിൽ ആണ് നിന്നിരുന്നതെന്നും വിവരിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് പത്യവാദ അധികാരത്തിന്റെ ഉത്ഭവം, അതിന്റെ നാശം, പുനഃസ്ഥാനം എന്നിതുകളെപ്പറ്റി സംക്ഷേപിച്ചു പറയാം. ഇന്ത്യയിൽ പോർത്തുഗീസ് ഗവൺമെന്റിന്റെ ശക്തി പ്രാബല്യത്തിൽ ഇരുന്നിരുന്ന കാലങ്ങളായ 16, 17 എന്ന ശതവർഷങ്ങളിൽ ഗോവാ, കൊച്ചി, മൈലാപ്പൂർ മുതലായ പല മെത്രാസനങ്ങളെ വിശുദ്ധ സിഹാസനം സ്ഥാപി

ച്ച്, അതുകളിന്മേൽ പദ്യവാദ എന്നു പറയാറുള്ള രാജസംരക്ഷണ (Royal Patronage) അവകാശം പോർത്തുഗീസ് രാജാക്കന്മാർക്കു മാർപ്പാപ്പാ കൊടുത്തിട്ടുണ്ടായിരുന്നു. ഈ അവകാശത്തിന്റെ സ്വഭാവം പോർച്ചുഗൽ രാജാക്കന്മാർ ആ മെത്രാസനങ്ങളെ ഭരിക്കുന്നതിനായി കാണിച്ചുകൊടുക്കുന്ന വൈദികരെ (മതിയായ കാരണമൊന്നുമില്ലെങ്കിൽ) മാർപ്പാപ്പാമാർ മെത്രാന്മാരായി സ്വീകരിക്കയും അവർക്കു ബൂള എന്ന അധികാരപത്രം കൊടുക്കയും ചെയ്തു എന്നതാകുന്നു. 1599-ൽ ഉണ്ടായ ഉദയംപേരൂർ സൂനഹദോസ് മുഖാന്തിരം സുറിയാനിക്കാരുടെ അങ്കമാലി അതിമെത്രാസനത്തിൽമേലും പോർച്ചുഗൽ രാജാക്കന്മാർക്കു പദ്യവാദാവകാശം സിദ്ധിച്ചു. പോർച്ചുഗീസ് മെത്രാന്മാർ അങ്കമാലിയിൽ നിന്നു കൊടുങ്ങല്ലൂരിലേക്കു സിംഹാസനം മാറ്റിയതിനാലാണ് സുറിയാനിക്കാർക്കു അതിമെത്രാസനം കൊടുങ്ങല്ലൂർ രൂപതയായി തീർന്നത്. പദ്യവാദ അവകാശമുള്ള രൂപതകളിലെ മെത്രാന്മാർക്കും വികാരിമാർക്കും പള്ളികൾക്കും വേണ്ട ധനസഹായം ചെയ്യണമെന്നുള്ളതു അതു സിദ്ധിച്ചിരിക്കുന്ന ഗവൺമെന്റിന്റെ ചുമതലയാണ്. രാജ്യ കലഹം നിമിത്തം ചില കാലങ്ങളിൽ പോർച്ചുഗൽ ഗവൺമെന്റും വിശുദ്ധ സിംഹാസനവും തമ്മിലുള്ള സംബന്ധം വിട്ടുപോകയാൽ ഇന്ത്യയിലെ മെത്രാസനങ്ങളിൽ ചിലപ്പോഴൊക്കെ മെത്രാന്മാർ ഇല്ലാതെ പോയിട്ടുണ്ട്. പദ്യവാദ ഭരണത്തിന്റെ ദോഷം കൊണ്ടു പള്ളിക്കാര്യങ്ങൾ നേരാംവണ്ണം നടക്കാതെ വന്നിട്ടുമുണ്ട്. 1826-ൽ പോർച്ചുഗൽ രാജ്യത്തിലെ രാജ്ഞി ആയിരുന്ന ദൊന്ന മരിയ ദാഗ്ലൊറിയ (Donna Maria da Gloria) എന്ന റാണിയുടെ കാലത്ത് ഒരു വലിയ രാജ്യ കലഹം ഉണ്ടായി. റാണിയുടെ ഭർത്താവായ മിഗ്വേൽ (Miguel) കിരീടാവകാശി അല്ലാതിരിക്കെ താൻ കിരീടാവകാശിയും രാജാവുമാണെന്നു വിളംബരം ചെയ്തതിനാൽ ബ്രെസീൽ (Brazil) രാജ്യത്തിന്റെ ചക്രവർത്തിയും റാണിയുടെ പിതാവുമായ പെദ്രൊ (Pedro) എന്നവൻ ഒരു വലിയ സൈന്യത്തോടുകൂടെ യുദ്ധം ചെയ്തു മിഗ്വേലിനെ തോല്പിക്കയും 1833-ൽ മേൽപറഞ്ഞ ദൊന്നമരിയയെ രാജ്ഞിയായി സ്ഥാപിക്കയും

ചെയ്തു. ഈ യുദ്ധത്തിൽ മിഗേലിന്റെ ഭാഗത്തിൽ ചേർന്നവരുടെ വസ്തുക്കളെല്ലാം പെദ്രൊ കണ്ടുകെട്ടുകയും സന്യാസാശ്രമങ്ങളെ നിർമ്മൂലമാക്കുകയും അവയുടെ വസ്തുക്കളെല്ലാം സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്തു. ഇതു കാരണത്താൽ വിശുദ്ധ സിംഹാസനത്തോടുള്ള എല്ലാ ബന്ധവും നിന്നു പോയി. ഈ സ്ഥിതിയിൽ 8 വർഷത്തോളം നീളിച്ചു.

ഇങ്ങനെയിരിക്കുമ്പോൾ 1838-ൽ Multa Praeclara എന്ന തിരുവെഴുത്ത് 16-ാം ഗ്രിഗോരിയോസ് മാർപ്പാപ്പാ പ്രസിദ്ധീകരിക്കയും തൻമൂലം കൊടുങ്ങല്ലൂർ, കൊച്ചി, മൈലാപ്പൂർ, മലാക്കാ എന്നീ ബ്രിട്ടീഷ് രാജ്യങ്ങളിലുള്ള രൂപതകളൊക്കെ നിർത്തലാക്കിക്കൊണ്ട് അതുകളിലുൾപ്പെട്ട ക്രിസ്ത്യാനികളെ വരാപ്പുഴെ, പുതുശ്ശേരി, കൊളമ്പ്, മദ്രാസ്, കൽക്കട്ടാ, ആവാ, പെഗു എന്നീ സ്ഥലങ്ങളിലെ വികാരി അപ്പസ്തോലിക്കാമാരുടെ അധികാരത്തിലാക്കിക്കൊടുക്കുകയും ചെയ്തു.

എന്നാൽ പിന്നീട് പോർച്ചുഗൽ ഗവൺമെന്റും വിശുദ്ധ സിംഹാസനവും തമ്മിലുള്ള സംബന്ധം പുനഃസ്ഥാപനം ചെയ്യപ്പെടുകയും തന്നിമിത്തം 1857-ൽ ഒരു കൊൺക്രൊദാത്തു ഉടമ്പടി ഉഭയസമ്മതപ്രകാരം ചെയ്യപ്പെടുകയും 1860-ൽ ആ വിവരം പ്രോപഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കർഡിനാൽ ഇന്ത്യയിലെ എല്ലാ വികാരി അപ്പസ്തോലിക്കാമാരെ തെര്യപ്പെടുത്തുകയും ചെയ്തു. ഈ ഉടമ്പടിയിലെ നിയമങ്ങൾ നടപ്പിൽ വരുത്താനാണ് മേൽപറഞ്ഞ കുമസ്സാരി അപ്പസ്തോലിക്കാ വന്നത്.

ഇദ്ദേഹത്തിന്റെ കൂടെ ഹൗവാർഡ് എന്ന ഇംഗ്ലീഷ് രാജവംശത്തിലെ ചാർച്ചക്കാരനായ മൊൺസിഞ്ഞോരും രാജാവിന്റെ കാര്യസ്ഥനായി വേറൊരു അയ്മേനിക്കാരനും ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ വരവോടുകൂടെ 1838 മുതൽ ഉണ്ടായ പദൃവാദ ശീശ്മ അവസാനിക്കയും 8 ദിവസത്തെ അവധിവച്ച് അദ്ദേഹം ചെയ്ത വിളംബരപ്രകാരം ഓരോ പള്ളിക്കാർ ഹിതംപോലെ വരാപ്പുഴെക്കീഴൊ പദൃവാദക്കീഴോ ചേരുകയും ചെയ്തു. അദ്ദേഹത്തിന്റെ

പരസ്യം കൈപ്പറ്റിയ നാൾ മുതൽ 8 ദിവസത്തിനകം ഏതു ഭാഗത്തെങ്കിലും ചേരാമെന്നുള്ള സ്വാതന്ത്ര്യ പ്രകാരം റോക്കോസ് ശീശ്മയിൽ നിന്നവർ തങ്ങൾക്കു ബോധിച്ച ഭാഗത്തു ചേർന്നാണ് അവരുടെ ശീശ്മ അവസാനിച്ചത്.

## അധ്യായം 9

27. മേൽ നാലാം അദ്ധ്യായം 13-ാം ലക്കത്തിൽ കാനോനാപ്രകാര മുള്ള സ്ഥാനസന്ദർശനം മാന്നാനത്തു നടത്തിയതു വിവരിച്ചിട്ടു ണ്ടല്ലോ. അതിന്റെ പിറ്റേയാണ്ടിൽ അതായത് 1861 ഫെബ്രുവരി മാസത്തിൽ നമ്മുടെ സഭയെ കർമ്മലീത്താ ഒന്നാം സഭയോടു ചേർത്തു ആ സഭയ്ക്കുള്ള വിശേഷവരങ്ങൾക്കും ദണ്ഡവിമോച നങ്ങൾക്കും മറ്റും നമ്മെ ഓഹരിക്കാരാക്കിയിരിക്കുന്നു എന്നും തന്നിമിത്തം ഈ സഭയുടെ പ്രധാന ശ്രേഷ്ഠനായിരുന്ന ബെർണ്ണർദീനോസ് മെത്രാപ്പോലീത്തായെ വികാരി പ്രോവിൻഷ്യൽ എന്ന സ്ഥാനത്തിൽ ഈ സഭയെ ഭരിക്കാനുള്ള പൂർണ്ണ അധികാരത്തോടുകൂടെ ഒന്നാം സഭയുടെ പ്രധാന ശ്രേഷ്ഠ നായ ജനറാൾ നിയമിച്ചിരിക്കുന്നു എന്നും മറ്റുമുള്ള ഒരു കല്പന മെത്രാപ്പോലീത്താച്ചൻ മാന്നാനത്തേക്കു പ്രിയോരച്ചന്റെ പേർക്കു കൊടുത്തയച്ചു. ഈ കല്പനയിലെ കാര്യം, മേൽ എട്ടാം അദ്ധ്യായം 21-ാം ലക്കത്തിൽ വിവരിച്ചിട്ടുള്ളതുപോലെയാകുന്നു. ഈ കല്പ നയിലെ താല്പര്യംപോലെ അന്നു മാന്നാനത്തു താമസിച്ചിരുന്ന അച്ചന്മാരും സഹോദരന്മാരും തങ്ങൾ ചെയ്യുന്ന നന്മപ്രവൃത്തിക ളുടേയും തങ്ങൾക്കു കിട്ടുന്ന ദണ്ഡവിമോചനങ്ങളുടെയും മൂന്നി ലൊരംശം വെസ്പൂർക്കാനായിൽ ദുരിതപ്പെടുന്ന ആത്മാ ക്കൾക്കായി സമർപ്പിക്കയും ഈ വിവരം പ്രിയോർ കുര്യാക്കോസ് ഏലീയാ അച്ചനും, കീഴ് പ്രിയോർ കുരിയാക്കോസ് ഏലീശാ അച്ച നും, റൈത്തോർ കുര്യാക്കോസ് അൽബർത്തോസച്ചനും എഴുതി ഒപ്പിട്ടുവെക്കയും ചെയ്തു.

മാന്നാനത്തു മുമ്പുണ്ടായിരുന്ന ഊട്ടുമുറി വടക്കേ കൊവേ ന്തകെട്ടിടത്തിന്റെ താഴെയുള്ള മുറികളിലായിരുന്നു. സന്യാസമു റക്കുള്ള പ്രായശ്ചിത്ത പ്രവൃത്തികൾക്കു അതു വളരെ പോരാതി രുന്നതുകൊണ്ട് ഏകദേശം ഈ കാലങ്ങളിൽ ടി. വടക്കെ കെട്ടിൽ നിന്നു കിഴക്കു പടിഞ്ഞാറായി രണ്ടുനിലയിൽ ഒരു കെട്ടിടം പണി യിക്കയും അതു ഊട്ടുമുറിക്കും മറ്റും ഉപോഗിക്കയും ചെയ്തു.

1861 മെയ് മാസത്തിൽ തോമ്മാ റോക്കോസ് മെത്രാൻ മലയാളത്തിൽ വന്നിറങ്ങുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ വരവ് ന്യായമായ അവകാശത്തോടുകൂടെയല്ലെന്നു പ്രിയോരച്ചന്റെ പേർവച്ചു മാന്നാനം അച്ചുകൂടത്തിൽ അടിച്ച ഒരു പരസ്യം പള്ളികളിലേക്കു അയച്ചു. അതിനുശേഷം മാർപ്പാപ്പായുടെ രണ്ടു തിരുവെഴുത്തുകളും പാത്രിയാർക്കീസിന്റെ കല്പനയും എല്ലാംകൂടി 1861 നവംബർ മാസത്തിൽ മാന്നാനത്തു നിന്നുതന്നെ അടിച്ചു പരസ്യപ്പെടുത്തുകയും അത് എല്ലാ പള്ളികളിലേയ്ക്കും കൊടുത്തയ്ക്കുകയും ചെയ്തു. ആ പരസ്യത്തിൽ റോക്കോസ് മെത്രാനു, ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ മഹറോൻ ചൊല്ലാനുള്ള അറിയിപ്പായി അയച്ച എഴുത്തും ചേർത്തു അടിച്ചിട്ടുണ്ട്. അതിൽ പാത്രിയർക്കീസിന്റെ എഴുത്തിനെപ്പറ്റി റോക്കോസ് മെത്രാൻ സംശയിക്കാതിരിക്കാൻ വേണ്ടി പറയുന്ന ഭാഗം താഴെ കാണിക്കുന്നു. "എന്നാൽ സഹോദരാ! പാത്രിയാർക്കീസിന്റെ എഴുത്തിന്റെ ഇരുവശത്തും തങ്ങൾ കാണുന്ന കീറലിന്റെയും ഛേദത്തിന്റെയും അടയാളം, നമുക്ക് ഒന്നും, ശുദ്ധ മാർപ്പാപ്പായ്ക്കു അവരു എഴുതിയെന്ന മലയാളത്തിലുള്ള കൽദായ പട്ടക്കാർക്കു മറ്റൊന്നും ആയി യാത്രയാക്കി എന്ന രണ്ടു തിരുവെഴുത്തുകളുടെ മുദ്രയുടെ അടയാളമാകുന്നു. അതെങ്ങനെയെന്നാൽ മുദ്രവെക്കാതെയുള്ള പാത്രിയർക്കീസിന്റെ ചെറിയ എഴുത്ത് ഈ രണ്ടു തിരുവെഴുത്തുകളുടെ നടുവിൽ വെക്കപ്പെട്ടതിനാൽ അരക്കിന്റെ ഒന്നിപ്പിനെ നാം വേർതിരിച്ചപ്പോൾ ഈ ഛേദനം സംഭവിച്ചു എന്നും അറിഞ്ഞുകൊള്ളണം."

ഈ തിരുവെഴുത്തുകൾ പ്രസിദ്ധപ്പെടുത്തിയതിന്റെ ഫലമായി ചിലർ സത്യമറിഞ്ഞു വരാപ്പുഴെ ഭാഗത്തിൽ കൂടുന്നതിന്നു സംഗതിയായി. മേൽ എട്ടാം അദ്ധ്യായം 26-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന മൊൺസിഞ്ഞോർ ഹൌവ്വാർഡ് മലയാളത്തിൽ നിന്നു പിന്തിരിഞ്ഞപ്പോൾ നമസ്കാരപ്പുസ്തകം അടിപ്പിക്കാനായി എഴുതി ഒരുക്കിയിരുന്നത് അദ്ദേഹത്തിന്റെ പക്കൽ പ്രിയോരച്ചൻ ഏൽപ്പിക്കയും, റോമ്മയിൽ അടിപ്പിച്ചു കൊടുത്തയക്കാമെന്നു അദ്ദേഹം വാഗ്ദാനം ചെയ്യുകയും ചെയ്തു.

28. 1864-ൽ പ്രിയോരച്ചൻ കൂനമ്മാവു കൊവേന്തയിൽ നിജമായി പാർക്കണമെന്നു കല്പനയായതിനാൽ മേൽ എട്ടാം അദ്ധ്യായം 22-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതു പോലെ അച്ചൻ അവിടെപോയി പാർത്തു. അപ്പോൾ മാന്നാനത്തു കൊവേന്തയിൽ വികാരിയായി അതുവരെ ആ കൊവേന്തയിൽ സബ് പ്രിയോരായിരുന്ന കുര്യാക്കോസ് ഏലീശാ അച്ചനെ നിയമിച്ചു. ഏതാനും സംവത്സരങ്ങൾക്കു മുമ്പ് പ്രിയോരച്ചൻ നെയ്യിശ്ശേരി മലയിൽ ഒരു വള്ളം വെട്ടിച്ചിട്ടിരുന്നു. അതു കർമ്മെല വികാരിയായ കാനാട്ട് യാക്കോവ് മറിയം അച്ചന്റെ അത്യുത്സാഹത്താലും മറ്റും ഇറക്കി മാന്നാനത്തു കൊണ്ടുവന്നു കൊടുത്തു. ഇതു മാന്നാനത്തു വന്നതിനുശേഷം പണിയിക്കാതെ ഇട്ടിരിക്കയായിരുന്നു. പുത്തൻ വികാരി കുര്യാക്കോസ് ഏലീശാ അച്ചന്റെ താല്പര്യത്താൽ കല്ലൂർക്കാട്ട് കോയിക്കര വർക്കി എന്നയാൾ മുഖാന്തിരം 8 തണ്ടുവെക്കാൻ തക്കവണ്ണം അതു നന്നായി പണിയിച്ചുതീർത്തു. ഈ വള്ളത്തടി നെയ്യിശ്ശേരി മലയിൽ കുറെ അധികകാലം കിടന്നതുകൊണ്ടു തടിക്കു വളരെ ഉണക്കുപറ്റുകയും കേടുഭവിക്കയും ചെയ്തിരുന്നതിനാൽ പണിയിച്ചവകക്കു അധികച്ചിലവും ബുദ്ധിമുട്ടും നേരിടുകയുണ്ടായി. പണി തീർന്നയുടനെ പ്രിയോരച്ചൻ കൂനമ്മാവുങ്കൽ താമസിക്കുന്നതുകൊണ്ടു അവിടെ അത് വേണമെന്നായി ദെലഗാത്തു ലെപ്പോൾദ് മിസ്യ്യോനാരിയച്ചൻ അറിയിക്കയാൽ കൂനാമ്മാവുങ്കലേക്കു അയച്ചുകൊടുക്കയും ചെയ്തു.

ഇതിനു ശേഷം കുര്യാക്കോസ് ഏലീശാ അച്ചൻ പള്ളിയിൽ ഇപ്പോൾ കാണുന്ന പ്രസംഗത്തൊട്ടിയും (പുഷ്പം) കൊവേന്തപ്പെരുമാറ്റത്തിന്നായി ഒരു കുസിനിയും പണിയിച്ചു. ഇദ്ദേഹം തന്റെ വികാരിത്വജോലിയിൽ നടത്തിയ വേറൊരു കാര്യം കൊവേന്തപ്പറമ്പിനു ചുറ്റും ഇപ്പോൾ കാണുന്ന മതിൽകെട്ടിന്റെ അറ്റകുറ്റപ്പണി തീർക്കയും ചിലതു പുത്തനായി പണിയിക്കയും ചെയ്തതാകുന്നു. ഈ മതിൽക്കെട്ടു 1855-ന് മുമ്പു പണികഴിപ്പിച്ചിരുന്നെങ്കിലും ചില സ്ഥലങ്ങളിൽ കമുത്തു വെക്കാതെയും മറ്റുചില സ്ഥലങ്ങളിൽ പണി മുഖിയാക്കാതെയും കിടന്നിരുന്നു. ആ പണികളൊക്കെ

മുഖിയാക്കയും കമുത്തു വെയ്ക്കയും ചെയ്തതു കൂടാതെ പള്ളി മുറ്റത്തു ഇരുവശത്തുമുള്ള മതിൽ കെട്ടിക്കയും ചെയ്തു.

ഏകദേശം 1855-ാം കാലത്തിനു മുൻപു തുടങ്ങി മാന്നാനത്തു കൊവേന്തയ്ക്കായി വീടൊന്നിനു ഒരു തെങ്ങുവീതമുള്ള കെട്ടു തെങ്ങു പല സ്ഥലങ്ങളിലും ഏർപ്പെടുത്തി. കിഴക്കു പാലാ, ഭരണങ്ങാനം, പ്രവിത്താനം മുതലായ സ്ഥലങ്ങളിലും തെക്കു പ്രധാനമായി കുട്ടനാടൻ ദിക്കിലും പടിഞ്ഞാറ് മുട്ടം, അർത്തുങ്കൽ, വൈക്കം മുതലായ സ്ഥലങ്ങളിലും, ഈ കെട്ടു തെങ്ങ് ഏർപ്പെടുത്തി നടത്തി. ഇതിന്റെ വരവ്, അന്നു ശിശുപ്രായത്തിലായിരുന്ന കൊവേന്തയുടെ പല പണികളും മറ്റും നടത്തുന്നതിനു വലിയ സഹായമായിരുന്നു. ഇതിൽ ഒരംശം സെമിനാരിക്കാരുടെ സഹായത്തിനും ചിലവു ചെയ്തു. എന്നാൽ ഈ കെട്ടുതെങ്ങിന്റെ ഏർപ്പാടു കുറേക്കാലം കഴിഞ്ഞപ്പോൾ മറ്റു കൊവേന്തകൾ ഓരോ സ്ഥലങ്ങളിൽ ഉണ്ടായതോടുകൂടെ നിന്നുപോകയും പല സ്ഥലങ്ങളിൽ ആ കൊവേന്തകൾക്കായി തീരുകയും ചെയ്തു.

നാൽപതുമണി ആരാധന മാന്നാനത്തു ആരംഭിച്ചത് 1867-ൽ കുര്യാക്കോസ് ഏലീശാ അച്ചൻ  വികാരി ആയിരിക്കുമ്പോഴാണ്. ഇന്നും ആ ഭക്തകൃത്യം സ്തുത്യർഹമാംവണ്ണം നടത്തിവരുന്നുണ്ട്. വിശുദ്ധ കൂർബാനയുടെ തിരുനാളിന്റെ എട്ടു ദിവസങ്ങളിലും ഉച്ചതിരിഞ്ഞ് ദിവ്യകാരുണ്യം പള്ളിയിൽ എഴുന്നള്ളിച്ചു വച്ചു കൊണ്ടു ടി. തിരുന്നാളിനായുള്ള ലെലിയാ നമസ്ക്കാരം കൊവേന്തകളിൽ എത്തിക്കുന്ന പതിവുണ്ടായത് 1866 മുതലാണ്. മാന്നാനത്തു പുലയർ, പറയർ മുതലായ അജ്ഞാനികളെ കൂട്ടമായി സത്യവേദത്തിൽ ചേർക്കുന്നതിനും അതിനു വേലചെയ്യുന്നതിനും ആരംഭിച്ചതും ഈ ആണ്ട് മുതലാകുന്നു.

29. അരണാട്ടുകര കൊവേന്തയിലെ പണിക്കു റോക്കോസ് ശീസ്മ മുഖാന്തിരമുണ്ടായ തടസ്സങ്ങളും മറ്റും മേൽ എട്ടാം അദ്ധ്യായം 24-ാം ലക്കത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. 1862 മാർച്ച് മാസത്തിൽ ശീസ്മ അവസാനിച്ചതിനാൽ കൊവേന്ത പണി നടത്തു

ന്നതിനു സൗകര്യമുണ്ടാകയും തീരാനുണ്ടായിരുന്ന കൊവേന്ത യുടെ പണികളൊക്കെ പൂർത്തിയാക്കുകയും ചെയ്തു.* 1864-ൽ ആ കൊവേന്തയിൽ കയറി പാർത്തു തുടങ്ങിയതിനാൽ അവിടെ കൊവേന്ത ക്രമങ്ങളൊക്കെ സ്ഥാപിക്കയും അവിടത്തെ വികാരി യായി കാപ്പിൽ മത്തായി മറിയം അച്ചനെ നിയമിക്കയും ചെയ്തു. അപ്പോൾ അതുവരെ അവിടെ പാർത്തു കൊവേന്തപണികളൊ ക്കെയും നടത്തി വന്നിരുന്ന തോപ്പിൽ ഗീവറുഗീസച്ചനെ പുളി ങ്കുന്നു കൊവേന്ത പണിയിക്കാനായി നിയമിക്കയും അപ്രകാരം അദ്ദേഹം പുളിങ്കുന്നിലേക്കു പോകയും ചെയ്തു. 1864 മെയ് മാസ ത്തിലാണ് വികാരി ആയി മേൽപറഞ്ഞമത്തായി മറിയം അച്ചനെ നിയമിച്ചത്.** ആ മാസത്തിൽ കൊവേന്തക്കപ്പേളയിൽ ചാണ്ടിയ ച്ചനും മറ്റു നമ്മുടെ അച്ചന്മാരും കൂടി ജനങ്ങൾക്കായി ഒരു ധ്യാനം കഴിച്ചു. അരണാട്ടുകര, ഒല്ലൂർ, എടത്തുരുത്തി, പഴയൂർ, വലപ്പാട്, പുതുക്കാട് മുതലായ സ്ഥലങ്ങളിൽ നിന്നു വളരെ ആളുകൾ ആ ധ്യാനത്തിനു വന്നുകൂടി. അന്നുമുതൽ കല്പനപ്രകാരം അന്നത്തെ കപ്പേളയിൽ വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചു വാഴ്‌വ് കൊടു ക്കാൻ ആരംഭിച്ചു.

ശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചു വയ്ക്കുന്ന തിനുംമറ്റും അനുവാദത്തിനായി ചാണ്ടിയച്ചൻ വരാപ്പുഴ ചെന്ന പ്പോൾ മുമ്പു വരാപ്പുഴ പള്ളിയിൽ ഏറിയ വർഷങ്ങളായി പെരു മാറിയിരുന്ന സക്രാരി മെത്രാപ്പോലീത്താച്ചൻ കൊടുത്തതുമെന്ന്യേ, ആയിടയ്ക്ക് 3 വലിയ മണി ശീമയിൽ നിന്നു വരാപ്പുഴ വരുത്തി യിരുന്നതിനാൽ പഴെവക രണ്ടു മണികൾ ഉണ്ടായിരുന്നതിൽ ഒന്ന് അരണാട്ടുകരെക്കും മറ്റേതു കർമ്മലക്കുമായി കൊടുക്കയും ചെയ്തു. അരണാട്ടുകര ശുദ്ധകുർബാന എഴുന്നള്ളിച്ചു സ്ഥാപിച്ച പ്പോഴാണ് എലുവത്തുരുത്തെന്ന പഴയ നാട്ടുപേരു മാറ്റി (ബ്യേത്

---

*കൊവേന്തപണിക്കായി ഇടപ്പള്ളിപ്പള്ളിയിൽ നിന്നും ശീശ്മയുടെ ആരംഭത്തിൽ 2000 ഇരട്ടിപ്പുത്തൻ ചാണ്ടിയച്ചൻ പിരിച്ചു കൊണ്ടു വന്നിട്ടുണ്ടായിരുന്നു.

**വാഴക്കുളത്തേയ്ക്കു കൊടുത്തതുപോലെ എൽത്തുരുത്തിലെ പണിവകയ്ക്കും മാന്നാനത്തുനിന്നു 1000 പണം കൊടുത്തു.

ഏൽ) ദൈവവാസമെന്നർത്ഥമുള്ള എൽതുരുത്തെന്ന പുതിയപേർ വിളിക്കപ്പെട്ടു നടപ്പായത്.

ഈ വാഴ്വ് അന്നു മാസത്തിൽ ഒരിക്കൽ മാത്രമെ ഉണ്ടായിരുന്നൊള്ളു. അതു കൈക്കൊള്ളാനായി എട്ടുംപത്തും നാഴികദൂര സ്ഥലങ്ങളിൽ നിന്നു വളരെ ജനങ്ങൾ വന്നുകൂടിയിരുന്നു. മുമ്പു അടിസ്ഥാനമിട്ടു തറനിരപ്പു കഴിഞ്ഞ് അല്പം പൊങ്ങിക്കിടന്നിരുന്ന (മേൽ അഞ്ചാം അദ്ധ്യായം 16-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ) പള്ളിയുടെ പണി നടത്തുന്നതിനു വികാരിയച്ചൻ വേണ്ട ശ്രമങ്ങളൊക്കെ ചെയ്യുകയും, അതിനായി ഓരോ കപ്പേളയ്ക്കു 250 രൂപാ വീതം നിശ്ചയിച്ച് വിശുദ്ധ കുർബാനയുടെ കപ്പേളച്ചിലവ് ചിറമ്മെൽ പാവു തരകനേയും വിശുദ്ധ ത്രേസ്യാ പുണ്യവാളത്തിയുടേത് ഒല്ലൂർ തേറാട്ടിൽ കല്ലൂക്കാരൻ അന്തോനി എന്ന ആളിനേയും, മറ്റൊന്നു പഴൂർ മാളിയേക്കൽ ചക്കളാത്തി പൗലോസച്ചനേയും ഏൽപ്പിക്കയും ചെയ്തു. ഇങ്ങനെ പണി ആരംഭിച്ച് നടത്തിവരുമ്പോൾ ടി. ആണ്ടു നവംബർ മാസം 2-ന് കൊല്ലം വികാരി അപ്പോസ്തോലിക്കാ ആയ കാർല്ലോസ് മെത്രാനച്ചൻ ചിറമ്മെൽ തരകനെ കണ്ട് ചികിത്സ ചെയ്യിക്കാനായി ഇവിടെവന്നു ഒരു മാസം പാർത്തു. അപ്പോൾ കൊവേന്തയുടെ പടിഞ്ഞാറെകെട്ടിലെ വലിയമുറി ഒരു കപ്പേളയായി ഉപയോഗിച്ച് അതിൽ അച്ചന്മാരിൽ ഒരാൾ കുർബാന ചൊല്ലുകയും മെത്രാനച്ചൻ കണ്ട് ദിവസംതോറും വിശുദ്ധ കുർബാന കൈക്കൊള്ളുകയും ചെയ്തിരുന്നു. ഒരു മാസം കഴിഞ്ഞപ്പോൾ കൊല്ലത്തേക്കു പിന്തിരികയും, അടുത്തിരുന്ന മരണം കണ്ടിരുന്നതുപോലെ വേണ്ട ഒരുക്കങ്ങളൊക്കെയും ചെയ്ത് ടി. ആണ്ടു ഡിസംബർ 24-ന് പിറവി തിരുന്നാളിന്റെ തലേ ദിവസം ഭാഗ്യമായി മരണം പ്രാപിക്കയും ചെയ്തു.

1865 ആഗസ്റ്റ് മാസത്തിൽ വികാരിയച്ചൻ തെക്കൻദിക്കിൽ ധ്യാനം കഴിക്കാനായി പോകയിൽ അവിടങ്ങളിൽ നിന്നു (മുട്ടം, അർത്തുങ്കൽ, തത്തമ്പള്ളി മുതലായ സ്ഥലങ്ങളിൽ നിന്നു) 600 ൽ പരം രൂപ പിരിച്ചുകൊണ്ടു വരികയും പണിനടപ്പിനു അതൊരു

സഹായമായിത്തീരുകയും ചെയ്തു. അപ്പോൾ ഇവിടെ പാർത്തിരുന്ന ചാണ്ടിയച്ചൻ കൂനമ്മാവുങ്കലേയ്ക്കു പോകയും പകരം മടത്തുംഞ്ചാലിൽ മത്തായി അവുസേപ്പച്ചൻ വരികയും ചെയ്തു. ഇദ്ദേഹം പള്ളിപണിയ്ക്കായി കാഞ്ഞൂർ, കൊരട്ടി, അമ്പഴക്കാട്, പുതുക്കാട് മുതലായ പള്ളികളിൽ നിന്നു പണം പിരിച്ചുകൊണ്ടു വരികയും, ഒല്ലൂർ മുതൽ വടക്കോട്ടുള്ള പള്ളികളിൽ വികാരിയച്ചൻ, ദേവസിയച്ചൻ (കീരി) ഗീവർഗീസ് ത്രേസ്യാ അച്ചൻ എന്നിവരും പോയി പണം പിരിക്കയും ചെയ്തു. ഇങ്ങനെയുള്ള സഹായങ്ങൾകൊണ്ടും കഴിച്ച ബുദ്ധിമുട്ടുകളാലും പള്ളിപണി തീരുകയും 1866 സെപ്തംബർ മാസം 8 ന് അതിന്റെ പ്രതിഷ്ഠാകർമ്മം നടത്തി. അതിൽ കുർബാന ചൊല്ലാൻ നിശ്ചയിക്കുകയും ചെയ്തു.

ഈ കർമ്മത്തിനായി കൂനമ്മാവുങ്കൽ നിന്നു പ്രിയോരച്ചനും ദലഗാത്തു മിസ്യൊനാരി അച്ചനും, വർക്കിയച്ചനും ഏതാനും നവസന്യാസികളും (മേൽ 28-ാം ലക്കത്തിൽ പറഞ്ഞ) പുത്തൻവള്ളത്തിലും, ചാണ്ടിയച്ചൻ വേറൊരു വള്ളത്തിലുമായി പോകയും കർമ്മം കഴിഞ്ഞ് എല്ലാവരും കൂനമ്മാവുങ്കലേക്കു പിന്തിരികയും ചെയ്തു. പള്ളിപ്രതിഷ്ഠ കഴിച്ചതിന്റെ പിറ്റേ ദിവസം ദലാഗാത്തു മിസ്യൊനാരി അച്ചൻ മുറപ്രകാരമുള്ള കൊവേന്ത വിസീത്തയും കഴിച്ചു. 1867-ൽ കോയമ്പത്തൂർ മെത്രാനച്ചൻ വടക്കാഞ്ചേരി സമീപം അവിടുത്തെ അധികാരത്തിൽപ്പെട്ട പള്ളികളിൽ മുറപ്രകാരമുള്ള സ്ഥാനസന്ദർശനം നടത്താനായി വരുന്ന വിവരം വരാപ്പുഴ ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ അറിഞ്ഞപ്പോൾ തന്റെ കീഴുള്ള മേലാർക്കോട്ട് സുറിയാനിപള്ളിയിലും മുറപ്രകാരമുള്ള സന്ദർശനം തന്റെ പേർക്കായി കഴിക്കാൻ അപേക്ഷിക്കയും അതിൻ പ്രകാരം കോയമ്പത്തൂർ മെത്രാനച്ചൻ മേലാർക്കോട്ട് പള്ളി വന്നു സന്ദർശിക്കയും ആ സന്ദർഭത്തിൽ നമ്മുടെ അച്ചന്മാർ മുൻകൂട്ടി ആ പള്ളിയിൽ ചെന്നു ധ്യാനം, കുമ്പസാരം മുതലായവ നടത്തിക്കൊടുക്കയും ചെയ്തു.

30. വാഴക്കുളത്തു കൊവേന്തയുടെ പണിതീർന്ന് അതിൽ വാസം തുടങ്ങിയതായി മേൽ ഏഴാം അദ്ധ്യായം 19-ാം ലക്കത്തിൽ

വിവരിച്ചിട്ടുണ്ടല്ലോ. കെവേന്ത തീർന്നയുടനെ ഒരു സെമിനാരിയും കൊവേന്തയോടു ചേർത്തു പണിയിക്കണമെന്നും ആ ദിക്കിലുള്ളവർ പുത്തൻപള്ളി മുതലായ ദൂരസ്ഥലങ്ങളിൽ പോയി പഠിക്കുന്നതു പ്രയാസമാണെന്നും മറ്റും കാണിച്ച് അന്നു വാഴക്കുളത്തു കൊവേന്തയിൽ പാർത്തിരുന്ന ലെയോനാർദ് (പിന്നീട് മെത്രാപ്പോലീത്താ ആയ) മിസ്യോനാരി അച്ചൻ ബെർണ്ണാർദീനോസ് മെത്രാപ്പോലീത്താച്ചനെ ബോധിപ്പിച്ചു. മെത്രാപ്പോലീത്താച്ചനും തക്ക സ്ഥലങ്ങളിൽ സെമിനാരി പണിയിച്ചു വൈദീക ഗണത്തെ ഗുണീകരിക്കാൻ തക്ക ഏർപ്പാടുകൾ ചെയ്യണമെന്നു ആലോചിച്ച് വരികയായിരുന്നു. സെമിനാരികൾക്കു വേണ്ടിയും, സെമിനാരിക്കാരുടെ നല്ല വളർത്തലിനായും മറ്റും മേലാൽ പള്ളികളുടെ വരവിൽ നൂറ്റ്ക്ക് അഞ്ച് എന്നു പറഞ്ഞുവരുന്ന സംഖ്യ ആണ്ടുതോറും കൊടുപ്പാനായി 1865 മെയ് മാസം 20-ന് മാന്നാനം അച്ചുകൂടത്തിൽ അച്ചടിച്ചതായ ഒരു കല്പന പുറപ്പെടുവിച്ചു.

ഇതു സംബന്ധമുള്ള ആ കൽപനയുടെ സാരഭാഗം താഴെ കാണിക്കുന്നു. കൊയ്ത്തു ഏറെയുണ്ടെങ്കിലും വേലക്കാർ വളരെ ചുരുക്കമാണെന്നുള്ള നമ്മുടെ കർത്താവിന്റെ തിരുവചനം പോലെ തന്റെ (മെത്രാപ്പോലീത്തായുടെ) ആഗ്രഹത്തിനും മനസിനും തക്ക വണ്ണം ജനങ്ങളുടെ ആത്മകാര്യങ്ങൾ നടത്തിവരാൻ തക്കപോലെയുള്ള വേലക്കാരായ നല്ല പട്ടക്കാരുടെ ചുരുക്കം നിമിത്തം കൂടെക്കൂടെ കമ്പസാരിച്ചു ഭക്തിയായി ജീവിക്കണമെന്നു ആഗ്രഹമുള്ളവർക്കുകൂടെയും അത് സാധിക്കാതെ വരികയും തന്നിമിത്തം വളരെ ആത്മനാശവും, പുണ്യനഷ്ടവും നേരിടുകയും ചെയ്യുന്നു എന്നും ഇതിനെ പരിഹരിക്കുമാറു കൊവേന്തകൾ സ്ഥാപിക്കയും കൊവേന്ത പട്ടക്കാർമൂലം ധ്യാനം, കുമ്പസാരം മുതലായതു നടത്തിവരികയും ചെയ്യുന്നുണ്ടെങ്കിലും എല്ലാ ഇടവകകളിലും ഇങ്ങനെ നടത്തുവാൻ നിവൃത്തിയില്ലാത്തതിനാൽ സെമിനാരി സ്ഥാപിച്ചു പുണ്യാഭ്യാസങ്ങളിൽ വളർത്തപ്പെടുന്ന ദൈവ ഊഴിയക്കാരായ വേലക്കാരെ ഉണ്ടാക്കുവാനായി ഉത്സാഹിക്കയും തന്റെ ശക്തിക്കു തക്ക പോലെ ചിലവ് ചെയ്തും അതുവ

രെയും ആഗ്രഹം നിറവേറാതെ കിടക്കുന്നു എന്നും ആകയാൽ ശ്ലീഹായുടെ വചനം പോലെ തമ്മിൽതമ്മിൽ ചുമടെടുക്കണ മെന്നും ഒക്കയും മിശിഹായുടെ ശരീരമായ പള്ളിയുടെ പണിക്കാ യിരിക്കണമെന്നുമുള്ള കൽപനപോലെ 1865-മാണ്ട് മുതൽക്ക് ഓരോ ഇടവക പള്ളികളിൽ പടിസാധനപ്രകാരം ആണ്ടുതിരട്ടു തീരുമ്പോൾ ആ തിരട്ടിൻപ്രകാരം ആണ്ടുവട്ടത്തിലുള്ള വരവിൽ നിന്നും നൂറ്റുക്കു അഞ്ചുവീതം എടുത്തു തിരട്ടോടുകൂടെ തന്റെ മുമ്പാകെ കൊടുത്തയച്ചു തിരട്ടു ഉറപ്പിച്ചു നടന്നു കൊള്ളാമെന്നും മറ്റുമാണ് മേൽപറഞ്ഞ കൽപനയിലെ താൽപര്യം.*

അക്കാലത്തു കൊവേന്തകളിൽ മാന്നാനത്തുമാത്രമെ സെമി നാരി ഉണ്ടായിരുന്നുള്ളു. ഇതുപോലെ വാഴക്കുളത്തും അരണാ ട്ടുകര എൽത്തുരുത്തിലും ഒരോ സെമിനാരി പണിയിച്ചു അവിടെ സെമിനാരിക്കാരെ പുണ്യത്തിലും, ദൈവഭക്തിയിലും വളർത്ത ണമെന്നായിരുന്നു മെത്രാപ്പോലീത്താച്ചന്റെ താല്പര്യം. അതിൻ പ്രകാരം 1866-ൽ വാഴക്കുളത്തു സെമിനാരി ആരംഭിച്ചു. ടി. ആണ്ടു സെപ്തംബർ മാസത്തിൽ ഏടപ്പുഴത്തിൽ യാക്കോവ്, ആനിക്കോ ട്ടിൽ തൊമ്മൻ, മറ്റപ്പള്ളിൽ മത്തായി, വടക്കേക്കര കുര്യാക്കോസ് എന്നിങ്ങനെ നാലു ബാലന്മാരെ ആദ്യ സെമിനാരിക്കാരായി ചേർത്തു.

കൊവേന്തപണി തീരുന്നതിനു മുൻപു നമ്മുടെ അച്ചന്മാർ പാർത്തിരുന്ന മുറിയിലാണ് അവരെ ചേർത്തു പഠിപ്പിച്ചത്. ഉടനെ കൊവേന്തയുടെ തെക്കുവശത്തു സെമിനാരിപ്പണി ആരംഭിച്ചു. കിഴ ക്കുപടിഞ്ഞാറു 44 കോൽ നീളത്തിലും തെക്കുവടക്കും 10 കോൽ വീതിയിലും ഇങ്ങനെ രണ്ടു നിലയിലാണി സെമിനാരി പണി കഴിപ്പിച്ചത്. അതിനോട് ചേർന്നു രണ്ടു നിലയിൽ ഒരു ചെറിയ കപ്പേളയും പണിയിച്ചു. അതിൽ അനേകം ആളുകൾ പഠിച്ചു പട്ട മേറ്റു പോയിട്ടുണ്ട്.

* ഈ കൽപനയെ താങ്ങി പ്രിയോർ ചാവറ കുര്യാക്കോസ് ഏലിയാ അച്ചനും ഒരു പരസ്യം പള്ളികൾക്കു അയച്ചുകൊടുത്തിട്ടുണ്ട്.

ഇതിനിടയ്ക്ക് കൂനമ്മാവുങ്കൽ നിന്നു ഈ കൊവേന്തയിൽ വന്നു പാർത്തിരുന്ന എടക്കൊച്ചി ഇടവക (വില്ലനച്ചേരിൽ) യോഹന്നാൻ എന്ന ഒരു  തുണസഹോദരൻ ഈയാണ്ട് (1866) ജനുവരി മാസം 11-ന് പിത്തരോഗത്തിൽ മരണം പ്രാപിച്ചു. മരിച്ച ഈ സഹോദരൻ എല്ലാ പുണ്യങ്ങളിലും പ്രത്യേകം എളിമ എന്ന പുണ്യത്തിൽ ഒരു നല്ല മാതൃകയായി ജീവിച്ചുവന്നവനാണ്. വേണ്ട ഒരുക്കത്തോടെയും സുബോധത്തോടെയും അന്ത്യകൂദാശകളൊക്കെ കൈക്കൊണ്ടുകൊണ്ടാണു മരിച്ചത്. വേണ്ടുന്ന ശേഷക്രിയകളോടുകൂടെ അന്നുതന്നെ അടക്കം ചെയ്കയും ചെയ്തു.

ഇതിനുശേഷം മുൻപു അടിസ്ഥാനമിട്ടിരുന്ന പള്ളിയുടെ പണി, കൊവേന്തയുടെയും സെമിനാരിയുടേയും പണികളാൽ  നടപ്പില്ലാതെ കിടന്നിരുന്നതു വീണ്ടും ആരംഭിക്കയും 1867 മുതൽ ആ വേലക്കു ഏർപ്പെടുകയും ചെയ്തു. പട്ടക്കാരിൽ നിന്നും വിശ്വാസികളിൽ നിന്നും പള്ളികളിൽ നിന്നും ഇതിനു കിട്ടിയിരുന്ന സഹായം കൊണ്ടാണ് പണി നടത്തിവന്നത്. കല്പണി മിക്കവാറും ഒരുവിധം തീർന്നപ്പോൾ മരപ്പണി നടത്തുന്നതിനു പണച്ചുരുക്കം കൊണ്ട് നിർവ്വാഹമില്ലാതെ വന്നു. അന്നു കൊച്ചി, തിരുവിതാംകൂർ എന്ന രാജ്യങ്ങളിലെ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന ബല്ലാർഡ് സായ്പ് തൊടുപുഴ നിന്നും മുവാറ്റുപുഴയ്ക്കു പോകുന്ന വഴിമദ്ധ്യേ നമ്മുടെ കൊവേന്തയിൽ കയറുകയും വികാരി അച്ചൻ റസിഡണ്ടിനെ ബഹുമാനപൂർവ്വം കൈക്കൊണ്ടു വളരെ സൽക്കരിക്കയും ചെയ്തു. അനന്തരം റസിഡണ്ടുതന്നെ കണ്ടതായ പള്ളിയുടെ പണി വകക്കു 100 കുറ്റി തേക്കു മുറിപ്പിക്കുന്നതിനു ഹർജി ബോധിപ്പിച്ചതിൽ 50 കുറ്റി കോൽ തേക്ക് മുറിപ്പിക്കുന്നതിനു ലഭിച്ച അനുമതിപ്രകാരം അതു മുറിപ്പിക്കയും അതുകൊണ്ട് പള്ളിയുടെ മേൽക്കൂടിന്റെ പണി തീർക്കയും ചെയ്തു. പിന്നീട് പള്ളിയുടെ പോർപലകയ്ക്കു തടിയില്ലാതെ ബുദ്ധിമുട്ടുകയിൽ അക്കാലത്തു തിരുവിതാംകൂർ ദിവാനായിരുന്ന സർ ടി. മാധവരായരുടെ പക്കൽ തൽക്കാര്യ സാദ്ധ്യത്തിനു ഹർജി ബോധിപ്പിക്കയും അദ്ദേഹം അപേക്ഷപോലെ 20 കുറ്റി പ്ലാന്തടി മുറിക്കുന്നതിനു ദയവായി

ഉത്തരവ് കൊടുക്കയും ചെയ്തു. അതുകൊണ്ട് ആപണിയും മുഖിയാക്കി. ഇതിനിടയ്ക്കു മാതേക്കൽ ബർണ്ണർദീനോസച്ചനെയും പാലക്കുന്നേൽ ചാക്കോച്ചനേയും വടകരപ്പള്ളിയിൽ ജനങ്ങളെ ധ്യാനിപ്പിക്കാനായി വിട്ടു. അവർ 1870 മാർച്ച് മാസം 28-ന് അവിടെ ചെന്നു ധ്യാനം ആരംഭിച്ചു. 30-ന് ബർണ്ണർദീനോസച്ചനു വായുവിന്റെ ദീനം തുടങ്ങുകയും പിറ്റെ ദിവസം ഞെരുങ്ങി കുർബ്ബാന ചൊല്ലിയെങ്കിലും ദീനം ശക്തിപെടുകയാൽ അന്ത്യ കൂദാശകളൊക്കയും അന്നു തന്നെ കൊടുക്കയും ചെയ്തു. ഏപ്രിൽ മാസം 1-ന് വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് വടകരെപ്പള്ളിയിൽ വച്ച് അദ്ദേഹം ഭാഗ്യമായി മരിച്ചു. തന്റെ ആത്മാവിനെ സൃഷ്ടിതാവിന്റെ തൃക്കൈയ്യിൽ ഭാരമേൽപിച്ചു. മരിച്ച അന്നുതന്നെ മൃതശരീരം കൊവേന്തയിൽ കൊണ്ടുവരികയും പിറ്റെ ദിവസം ശനിയാഴ്ച സഭയുടെ ചട്ടപ്രകാരം കുർബാന മുതലായ ദിവ്യകർമ്മങ്ങൾ നടത്തി ശവം അടക്കം ചെയ്യുകയും ചെയ്തു. ഇദ്ദേഹം 1845 ഫെബ്രുവരി മാസം 14-നു ജാതനായി. 1859 നവംബർ മാസം 5-ന് വാഴക്കുളത്ത് കൊവേന്തയിൽ ചേരുകയും 1860 ഒക്ടോബർ മാസം 5-നു കൂനമ്മാവുങ്കലെ നവസന്യാസാശ്രമത്തിൽ പ്രവേശിക്കയും 1868-ൽ പുത്തൻകുർബ്ബാന ചൊല്ലുകയും ചെയ്തു. 1869 നവംബർ 23-ന് വാഴക്കുളത്തു കൊവേന്തയിലേക്കു അയക്കപ്പെട്ടു. ഇവിടെ പാർക്കയിലാണ് വടകരെപ്പള്ളിയിൽ വച്ചു മരണം പ്രാപിച്ചത്. മരിച്ച ഈ വന്ദ്യ ഗുരു സന്യാസപുണ്യങ്ങളുടെ അനുഷ്ഠാനങ്ങളിൽ തന്റെ സഹോദരന്മാർക്കു ഒരു സന്മാതൃകയായി ജീവിച്ചുവന്നിരുന്നു. പ്രത്യേകം കീഴ്വഴക്കം അഗതിത്വം എന്നീ പുണ്യങ്ങളിൽ എത്രയും ഉന്നത പദത്തെ പ്രാപിച്ചവനായിരുന്നു.

31. മേൽ ഏഴാം അദ്ധ്യായം 20-ാം ലക്കത്തിൽ പുളിങ്കുന്നു കൊവേന്ത തോപ്പിലച്ചൻ (ഗീവറുഗീസ് ഔസേപ്പച്ചൻ) പണിയിച്ചു പൂർത്തിയാക്കിയതായി വിവരിച്ചിട്ടുണ്ടല്ലോ. കൊവേന്ത പണി നടത്തിയതിൽ കഴിച്ച ബുദ്ധിമുട്ടും ചെയ്ത അദ്ധ്വാനവും നിമിത്തം ക്ഷീണിച്ചുപോയ ശരീരത്തിനു ഒരു ആശ്വാസം കൊടുക്കുന്നതിനും സന്യാസജീവിതത്തിന്റെ ശരിയായ അനുഷ്ഠാനംകൊണ്ടു

അരൂപിക്കു ജ്ഞാന ശുഷ്കാന്തിയിൽ അഭിവൃദ്ധി വരുത്തുന്നതിന്നുമായി നമ്മുടെ തോപ്പിലച്ചൻ മാന്നാനത്തു പോയി പാർത്തു. 1866-ൽ ആണ് ഇദ്ദേഹം മാന്നാനത്തു പോയത്. 1868 വരെ അവിടെ പാർത്തു. അനന്തരം വീണ്ടും പുളിങ്കുന്നിൽ വന്നു ചില്ലറ പണികളൊക്കെ തീർത്തു. ഇതിനുശേഷം കൊവേന്തപ്പറമ്പിനോട് അടുത്തു കിടന്നതും കാഞ്ഞിക്കൻ, വാച്ചാപ്പറമ്പ് എന്ന രണ്ടു കുടുംബക്കാരുടെ വകയുമായ രണ്ടു പുരയിടങ്ങൾ കൊവേന്തയ്ക്കു കിട്ടാതിരുന്നാൽ സന്യാസ വാസത്തിനു കൊവേന്തപ്പറമ്പ് കൊണ്ട് ഉപയോഗമില്ലാതെ തീരുമെന്ന് നമ്മുടെ വന്ദ്യ ഗീവർഗീസ് ഔസേപ്പച്ചൻ കണ്ടു അതു കിട്ടുന്നതിനായി മെത്രാപ്പോലീത്താച്ചനെ ബോധിപ്പിക്കയും വിലയ്ക്കായിട്ടെങ്കിലും ആ പുരയിടങ്ങൾ രണ്ടും കിട്ടാൻ കല്പനയുണ്ടാകണമെന്നു അപേക്ഷിക്കയും ചെയ്തു. കല്പന അനുസരിച്ച് മേൽപറഞ്ഞ രണ്ടു കുടുംബക്കാരും തങ്ങളുടെ പുരയിടങ്ങൾ കൊവേന്തയ്ക്കു ദാനമായി ഒഴിഞ്ഞുകൊടുത്തു. രണ്ടിൽ വലിയ പുരയിടം വാച്ചാപറമ്പുകാരുടെ വകയായിട്ടുള്ളതാണ്. ഇതിനാൽ ഈ രണ്ടു കുടുംബക്കാരും കൊവേന്തയുടെ പ്രത്യേക കൃതജ്ഞതക്കു അർഹന്മാരാണ്.

1867 മുതൽ 1870 മെയ് മാസം വരെ അരണാട്ടുകര ഏൽത്തുരുത്തു കൊവേന്തയുടെ വികാരിയായിരിക്കയും 1870-ൽ ആ സ്ഥാനം ഒഴിയുകയും ചെയ്ത മങ്ങലത്തു യാക്കോവ് ഔസേപ്പച്ചൻ തോപ്പിലച്ചനു കൂട്ടായി ഇവിടേയക്ക് അയക്കപ്പെട്ടു. ഇദ്ദേഹം 1871-ൽ പള്ളിയുടെ (അന്നത്തെ പള്ളി) വടക്കുവശത്തുണ്ടായിരുന്ന മുറിയുടെ തുലാങ്ങളും തട്ടുമൊക്കെ നീക്കി അതു വെടിപ്പായ ഒരു കപ്പേള ആക്കുകയും ജനങ്ങളിൽ നിന്നു പണം പിരിച്ചു വിശുദ്ധ മന്ദിരം (സക്രാരി) കുസ്തോതി മുതലായവ വാങ്ങിക്കയും ത്രോണോസ് വിശേഷവിധം അലങ്കരിച്ചു പരിശുദ്ധ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ചു ആരാധന മുതലായതു കഴിച്ചു വരികയും ചെയ്തു.

1872 സെപ്തംബർ മാസത്തിൽ ലെയോനാർദ്ദ് മെത്രാപ്പോലീത്താച്ചൻ മാന്നാനത്തു നിന്നു പുളിങ്കുന്നിൽ വന്നു. അപ്പോൾ ആ

കപ്പേള കണ്ടു വളരെ സന്തോഷിക്കയും ഇത്ര വിശേഷമായ ഒരു കപ്പേള മലയാളത്തിൽ ഒരു സ്ഥലത്തും കണ്ടിട്ടില്ലെന്നു പറകയും ചെയ്തു.

ഇങ്ങനെ കാര്യങ്ങൾ നടന്നുവരുമ്പോൾ മാന്നാനത്തു പട്ടത്തിനു പഠിക്കാനായി ചെന്നിരുന്ന കുട്ടികൾക്കു സ്ഥലം പോരാതെ വന്നതിനാൽ മേല്പറഞ്ഞ രണ്ടു അച്ചന്മാരുടേയും മീനാട്ടൂർ മണു വേലച്ചന്റെയും മാതേക്കൽ മത്തായി അച്ചന്റെയും നോട്ടത്തിൻകീഴ് ഇവിടെ ഒരു ചെറിയ സെമിനാരി സ്ഥാപിക്കാൻ മെത്രാപ്പോലീത്താച്ചൻ കല്പിക്കയും അതിൻ പ്രകാരം ഇരുപതോളം ശെമ്മാശന്മാരേയും പൈതങ്ങളെയും ഇവിടെ ചേർത്തു പഠിപ്പിക്കയും ചെയ്തു.

32. മേൽ എട്ടാം അദ്ധ്യായം 22-ാം ലക്കത്തിൽ ലെപ്പോൾദ് മിസ്യോനാരി അച്ചനെ കൊവേന്തകളുടെ ദലഗാത്തു എന്ന സ്ഥാനത്തിൽ ആക്കി കൽപ്പിച്ചതും പ്രിയോരച്ചന്റെ വാസം കൂനമ്മാവു കൊവേന്തയിൽ ആയിത്തീർന്നതും കൂനമ്മാവുങ്കൽ നവസന്യാസികൾക്കായി തെക്കുപുറത്തു ഒരു കെട്ടിടവും പൈതങ്ങൾക്കായി വടക്കുപുറത്തു വേറൊന്നും പണിയിച്ചതും വിവരിച്ചിട്ടുണ്ടല്ലോ. ഇതിനിടയിൽ കൂനമ്മാവുങ്കൽ പല സ്ഥലങ്ങളിൽ നിന്നും വന്നു സഭയിൽ ചേർന്നിരുന്നവരുടെ പത്രമോനി (പിതൃധനം) വകയായി വന്ന പണംകൊണ്ട് ആ കൊവേന്തയ്ക്കു സമീപെ അനേകം സ്ഥാവരവസ്തുക്കൾ വാങ്ങി. മിക്കതും പുരയിടങ്ങളായിട്ടാണു വാങ്ങിയത്. ഇങ്ങനെ കാര്യങ്ങൾ നടന്നുവരുമ്പോൾ, 1866 ഫെബ്രുവരി മാസത്തിൽ പുരുഷന്മാർക്കുള്ളതുപോലെ സ്ത്രീകൾക്കും മഠങ്ങളുണ്ടാക്കി അവരെ ഭക്തിയിലും ദൈവശുശ്രൂഷയിലും അഭ്യസിപ്പിക്കണമെന്നും അവർ മൂലം പെൺകുട്ടികളെ ഭക്തമുറക്ക് വളർത്തി കൈവേല, പഠനം മുതലായവയിൽ അഭ്യസിപ്പിക്കണമെന്നും പ്രിയോരച്ചനും ദെലഗാത്തച്ചനും അതിയായ താൽപര്യം ജനിച്ചു. ഈ കാര്യസാദ്ധ്യത്തിനായി കൊവേന്തയ്ക്കു സമീപെ ഒരു പറമ്പിൽ പനമ്പുകൊണ്ടു മറച്ചു തൽക്കാലത്തേക്കായി ഒരു വീടു കെട്ടിച്ചുണ്ടാക്കി. ഇതിൽ പാർക്കാനായി മൂന്നു മുറിയും

പ്രാർത്ഥനാമുറിക്കും ഊട്ടുമുറിക്കും രണ്ടും ഇങ്ങനെ അഞ്ചു മുറികൾ അതിൽ ഉണ്ടാക്കി. അവിടെ അനേകം കാലം മുതൽ ഭക്ത ജീവിതം അനുഷ്ഠിച്ചുപോന്ന ഒരു വിധവയേയും, അവളുടെ മകൾ അന്ന എന്നവളേയും അനുജത്തിയായ വേറൊരുത്തിയേയും കൂടാതെ പ്രിയോരച്ചന്റെ അറിയിപ്പിൻ പ്രകാരം വൈക്കത്തു പുത്തനങ്ങാടിയിൽ വൈദ്യന്റെ മകൾ ഏലീശ്വ (അച്ചമ്മയെന്നു വിളിച്ചുവന്ന ഏലീശ്വായുടെ സഭാനാമം ക്ലാര എന്നാണ്) എന്നു 37 വയസ്സുള്ള ഒരു വിധവയേയും ഇങ്ങനെ നാലു ആളുകളെ പുത്തൻ മഠത്തിൽ പാർപ്പിച്ചു. ഇവർ അനുസരിക്കേണ്ടതായ ക്രമചട്ടങ്ങൾ ബർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചന്റെ ആജ്ഞാനുസരണം മേൽപറഞ്ഞ ദലാഗാത്തു മിസ്യ്യോനാരി അച്ചൻ ലത്തീനിൽനിന്നു മലയാളത്തിലേക്കു തർജിമ ചെയ്തുകൊടുക്കുകയും കർമ്മലീത്താ മൂന്നാം സഭ കന്യാസ്ത്രീകൾ എന്നു അവരെ നാമകരണം ചെയ്കയും ചെയ്തു. ഇവർക്കു തല്ക്കാലത്തേക്കു വേണ്ടിയ എല്ലാ സാമാനങ്ങളും നമ്മുടെ കൊവേന്തയിൽ നിന്നു ആദ്യം കൊടുത്തു. ഉടനെ തന്നെ പുത്തൻമഠം പണിയിക്കണമെന്നും ഏറെനാൾ പനമ്പുകെട്ടി മറച്ച വീട്ടിൽ പാർക്കുന്നതു അപകടമാണെന്നും കണ്ട് അതിനായി വേലചെയ്തു. ടി. ആണ്ടു ഏപ്രിൽ മാസത്തിൽ പ്രിയോരച്ചനും ദലാഗത്തച്ചനും തെക്കോട്ടു ഒരു യാത്ര കഴിക്കയും ആ യാത്രയിൽ പല പള്ളികളിൽ നിന്നായി 1200 രൂപയോളം കിട്ടുകയും ചെയ്തു. അതുകൊണ്ട് ഇപ്പോൾ കൂനമ്മാവുങ്കൽ കാണുന്ന കന്യകാമഠത്തിന് 1866 ജൂൺ മാസം 23-ന് അടിസ്ഥാനമിട്ടു പണി തുടങ്ങി. കർമ്മല മാതാവിന്റേയും മാർ ഔസേപ്പ് പിതാവിന്റേയും ത്രേസ്യാ പുണ്യവാളത്തിയുടേയും മൂന്നു കാശുരൂപങ്ങൾ പൊതിഞ്ഞുകെട്ടി അടിസ്ഥാനകല്ലിൻമേൽ വെക്കയും അടിസ്ഥാനക്കല്ല് ദലാഗത്ത് മിസ്യ്യോനാരി അച്ചൻ തന്നെ വെക്കുകയും ചെയ്തു.

ഇതിനു ഏതാനും മാസങ്ങൾക്കു മുമ്പു മെത്രാപ്പോലീത്താച്ചൻ ഒരു കല്പന പ്രസിദ്ധപ്പെടുത്തി. അതു സെമിനാരികളുടേയും കന്യാസ്ത്രീ മഠങ്ങളുടേയും കൊവേന്തകളുടേയും സഹായത്തിനായും അതുകളുടെ നടത്തിപ്പിനു വേണ്ടിയുമാണെന്നുള്ളതിന്

ഇതു സംബന്ധിച്ചുപറയുന്ന ആ കല്പനയുടെ ഘട്ടം താഴെ കാണിക്കുന്നു. "തന്നെ (ദൈവത്തേ) ക്കുറിച്ചു ഒരു കൈൽ പച്ച വെള്ളം കൊടുക്കുന്നവനു നൂറിരട്ടി നന്മകളെ കൊടുക്കും എന്നരുളിച്ചെയ്ത തമ്പുരാൻ ഈ ദേശങ്ങളിൽ തന്റെ വിശ്വാസികളെ വർദ്ധിപ്പിക്കുന്നതിനും തനിക്കു എത്രയും സ്തുതിയായിരിക്കുന്ന സെമിനാരികളും കൊവേന്തകളും കന്യാസ്ത്രീ മഠങ്ങളും മറ്റും ഓരോ പുണ്യസ്ഥലങ്ങളെ സ്ഥാപിക്കുന്നതിനും ഈ ധർമ്മം വഴിയായിട്ടു സഹായം ചെയ്യുന്ന ആളുകൾക്കു താൻ പ്രതിപകരമായിട്ടു ഇഹലോകത്തിൽ എന്നന്നേക്കുമുള്ള ഭാഗ്യവും കൊടുക്കയും ചെയ്യും." ഈ കല്പന പ്രസിദ്ധം ചെയ്തത് 1866 ഫെബ്രുവരി മാസം 23-നാണ്. ഈ കല്പനയിൽ പറയുന്ന ധർമ്മസഹായം തോമ്മാശ്ലീഹായുടേയും വിശുദ്ധ ശവരിയാർ പുണ്യവാളന്റേയും മദ്ധ്യസ്ഥം മൂലം ഉണ്ണിമിശിഹായിക്കു സമർപ്പിക്കുന്നതായ പിടിയരി എന്ന ധർമ്മമാണ്.

ഈ ധർമ്മ സഹായം ധനവാന്മാർക്കും അഗതികൾക്കും എല്ലാവർക്കും ഒന്നുപോലെ ചെയ്യാൻ തക്കതും അതു വീടുകളിൽ കഞ്ഞി വെക്കുന്നതിനു അരി എടുക്കുമ്പോൾ അരിയുടേയും വീടിന്റേയും സ്ഥിതിപോലെ ഒറ്റ കൈകൊണ്ടു കോരിയും വാരിപ്പിടിച്ചും മൂന്നു വിരൽകൊണ്ടു നുള്ളിയും ഇടണമെന്നും ഇങ്ങനെ ചെയ്യുന്നതുകൊണ്ട് വീടുകളിൽ ദൈവ ഓർമ്മ ഉണ്ടാകാൻ തക്കവണ്ണം "ഉണ്ണിമ്ശിഹായെ ഞങ്ങളുടെ മേൽ അനുഗ്രഹിക്കണമേ" എന്നുള്ള സുകൃതജപത്തോടുകൂടെ മേല്പറഞ്ഞ പിടിയരി ഇടണമെന്നും "ഉണ്ണിമ്ശിഹായുടെ നിക്ഷേപം" എന്നു ഈ ധർമ്മം പ്രത്യേകം ഒരു പാത്രത്തിൽ ഇട്ടു സൂക്ഷിക്കണമെന്നും അതിനായി നിയമിക്കപ്പെട്ട ആളുകളെ ഇതു ഏല്പിക്കണമെന്നും ഇതു ചെയ്യുന്നവർക്കു ദിവസത്തിൽ 20 ദിവസത്തെ ദണ്ഡവിമോചനം നൽകിയിരിക്കുന്നെന്നും ഇപ്പോലെയുള്ള ധർമ്മ സഹായം കൊണ്ട് യൂറോപ്പിലെ വിശ്വാസ പ്രചാരത്തിനായിട്ടുള്ള സഭ അനേകം വലിയ കാര്യങ്ങൾ ചെയ്യുന്നതുപോലെ നാട്ടിലും അനേകം പുണ്യകാര്യങ്ങൾ നടത്താൻ സംഗതിയാകുമെന്നും മറ്റും ആ കല്പന

യിൽ കാണിച്ചിരുന്നു. പിടിഅരിയുടെ ധർമ്മം പിരിഞ്ഞു മേൽപ റഞ്ഞ കൂനമ്മാവിലെ കന്യകാമഠം പണികഴിപ്പിക്കുന്ന കാര്യം വളരെ താമസഗതിയിലായി തീരുമെന്നു പ്രിയോരച്ചൻ കണ്ടു തന്റെ ശിഷ്യരും ഇഷ്ടന്മാരും പരിചിതരുമായ പട്ടക്കാർക്കും ജന ങ്ങൾക്കും കൂനമ്മാവു കൊവേന്തയിൽ ഇരുന്നുകൊണ്ട് എഴുതി അയക്കയും അച്ചന്റെ എഴുത്തു അനുസരിച്ചു പലരിൽ നിന്നും ഉദ്ദേശം 8000 രൂപാ പിരിയുകയും അതുകൊണ്ട് 10 മാസത്തിനകം കന്യകാമഠം പണി കഴിപ്പിച്ചു പൂർത്തിയാക്കുകയും പിറ്റെ ആണ്ടിൽ അതായത് 1867 മാർച്ച് മാസത്തിൽ പുത്തൻമഠം റൂശ്മ ചെയ്തു അതിൽ മേൽപറഞ്ഞ കന്യകകൾ കയറി പാർക്കയും ചെയ്തു. ഈ മഠത്തിന്റെ ശാഖകളായിട്ടാണു മലയാളത്തിൽ മറ്റു കർമ്മ ലീത്താ മൂന്നാം സഭ കന്യകാമഠങ്ങളെല്ലാം ഉണ്ടായത്. ക്രമേണ പല സ്ഥലങ്ങളിൽ നിന്നും ബാലികകൾ ഇവിടെ വന്നു പഠിക്കയും അനന്തരം ഇങ്ങനെ പഠിച്ചവർ സഭയിൽ പ്രവേശിക്കയും ചെയ്തു.

## അധ്യായം 10

22. ആ കാലങ്ങളിൽ കൂനമ്മാവു കൊവേന്ത, വാഴക്കുളത്തു കൊവേന്തപള്ളി, എൽത്തുരുത്തിലെ സെമിനാരി, പുത്തൻപള്ളി സെമിനാരി എന്നിങ്ങനെ പല പുണ്യസ്ഥാപനങ്ങൾ പണി ചെയ്യുന്നതിനു മേല്പറഞ്ഞ പിടിഅരിയുടെ വരവ് ഒരു സഹായമായി തീർന്നു. കൂനമ്മാവുങ്കൽ വടക്കുവശത്തു മൂന്നു നിലയിൽ പണി ചെയ്യിച്ച കെട്ടിടത്തിനുവേണ്ടി 1866 ഏപ്രിൽ മാസം മുതൽ 1869-ാമാണ്ട് വരെ 6067 രൂപാ പിടിഅരിയുടെ വരവിൽ നിന്നു ചിലവിട്ടു. ഇതിനു പുറമെ 2115 രൂപ പിടിയരി ധർമ്മത്തിൽ നിന്നു വേറെ ചില്ലറ പണികൾക്കു വേണ്ടിയും ചിലവു ചെയ്തു. കൂനമ്മാവുങ്കലെ നമ്മുടെ സന്യാസികളുടെ കൂട്ടത്തിൽ ലത്തീൻകാരിൽ രണ്ടുപേരെ കൂടി പഠിപ്പിച്ചു. അത് അവർക്കായി മഞ്ഞുമ്മേൽ കൊവേന്ത പണി ആരംഭിച്ചിരുന്നതിനാൽ അതു തീരുമ്പോൾ അവിടെ പോയി പാർക്കാൻ ആളുകൾ ഉണ്ടാകാൻ വേണ്ടിയാണു. ഇവരിൽ ഒരാൾ സഭയുപേക്ഷിച്ചു പോകയും മറ്റെയാൾ പഠിത്തം മുഖിയാക്കി മഞ്ഞുമ്മേൽ കൊവേന്ത പണിതു തീർന്നപ്പോൾ അവിടെ ചേർന്നു പാർക്കയും ചെയ്തു.

മഞ്ഞുമ്മേൽ ആശ്രമം പണിയാൻ ആരംഭിച്ചത് 1866-ൽ ആണ്. ലത്തീൻ പള്ളികളിൽ നിന്നു പിരിഞ്ഞ പിടിയരി ധർമ്മം അതിന്റെ ഉപയോഗത്തിനായി ചിലവിടുകയാണ് ചെയ്തത്. കൂനമ്മാവ് കൊവേന്തയിലെ പണികൾ എല്ലാം തീരുകയും കന്യകാമഠത്തിന്റെ പണിതീർന്നു കന്യകകൾ അവിടെ പാർക്കയും നാൾക്കുനാൾ ബാലികകൾ പല സ്ഥലങ്ങളിൽ നിന്നു വന്നു സഭയിൽ പ്രവേശിക്കയും വാഴക്കുളം, പുളിങ്കുന്ന്, എൽത്തുരുത്ത് എന്നീ കൊവേന്തകൾ തീർന്നു അവിടെ സന്യാസാനുഷ്ഠാനങ്ങൾ നടത്തി വരികയും ചെയ്തിരുന്ന കാലങ്ങളിൽ ഇതിനൊക്കെയും ഹേതുഭൂതനായ ബർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ 1868 സെപ്തംബർ മാസം 5-ന് നീതിമാന്മാർക്കടുത്ത മരണം പ്രാപിച്ചു. മരണഹേതുകമായ ദീനം പനിയും അതിസാരവുമായിരുന്നു. മരണ സമയത്തു ദെലഗാത്തു ലെയൊപ്പോൾദ് മിഷ്യനറിയും പ്രിയോരച്ചനും

കൂടെ ഉണ്ടായിരുന്നു. ദെലഗാത്തച്ചൻ നമ്മുടെ സഭയ്ക്കായി അവിടുത്തെ വാഴ്വ് അപേക്ഷിച്ചപ്പോൾ അവർ (നമ്മുടെ സഭക്കാർ) ഈശോമിശിഹായെ സ്നേഹിക്കയും, അഗതിത്വം, കീഴ്വഴക്കം എന്ന പുണ്യങ്ങളെ അനുസരിച്ചായിരിക്കയും ചെയ്യട്ടെ. അപ്പോൾ ദൈവം അവർക്ക് തന്റെ ആശീർവ്വാദം കൊടുക്കുകയും അവരുടെ കൊവേന്തകളെ വർദ്ധിപ്പിക്കയും ചെയ്യും എന്നു ഉത്തരവായി കല്പിച്ചു.

ഇദ്ദേഹം നടത്തിയ സാരമേറിയ കാര്യങ്ങൾ ഈ ചരിത്രത്തിൽ പലയിടങ്ങളിലായി വിവരിച്ചിട്ടുള്ളതാണ്. പ്രധാനമായി സന്യാസാശ്രമങ്ങൾ, കന്യകാമഠം, സെമിനാരികൾ, സ്ത്രീകൾക്കും തക്ക ക്രമചട്ടങ്ങൾ കല്പിച്ചുകൊടുത്ത് അവരെ ദൈവ ഊഴിയത്തിൽ സ്ഥിരപ്പെടുത്തിയതും നല്ല പട്ടക്കാർ ഉണ്ടാകാൻ തക്കതായി സെമിനാരികൾ സ്ഥാപിച്ചു അവരെ ഭക്തിയിലും സുകൃത ജീവിതത്തിലും വളർത്തുന്നതിനു വേണ്ട ഏർപ്പാടുകൾ* ചെയ്തതുമാണ്.

മെത്രാപ്പോലീത്താച്ചൻ മരിച്ച ആണ്ടിൽ അതായത് 1868 മെയ് മാസത്തിൽ നമ്മുടെ അച്ചന്മാർ എല്ലാവരും കപ്പൂസ് ധരിക്കണമെന്നു അവിടുന്നു കല്പിക്കയും അങ്ങനെ അന്നുമുതൽ പട്ടക്കാരും ശെമ്മാശന്മാരും സ്കാപ്പുളാരയുടെ മീതെ കപ്പൂസ് ധരിച്ചു തുടങ്ങുകയും ചെയ്തു. അന്നുവരെ ളോവയുടെ മീതെ സ്കപ്പുളാരുമാത്രം എല്ലാവരും ധരിച്ചുവന്നിരുന്നതുകൊണ്ടു കഴുത്താരവും കുർബാനയ്ക്കു പോകുമ്പോൾ മൂന്നു മൂലത്തൊപ്പി എന്നുപറയുന്ന മുക്കോണൻ തൊപ്പിയും പെരുമാറി വന്നിരുന്നു. കപ്പൂസ് ധരിച്ച നാൾ മുതൽ കഴുത്താരത്തിന്റെയും മൂക്കോണൻ തൊപ്പിയുടെയും ഉപയോഗം നിർത്തലായിപ്പോയി.

മെത്രാപ്പോലീത്താച്ചൻ ചെയ്ത പ്രധാന കാര്യങ്ങൾ പൈതങ്ങളുടെ വേദോപദേശ പഠനത്തിനു സ്കൂളുകൾ എല്ലാ ഇടവകകളിലും കരകളിലും സ്ഥാപിക്കുന്നതിനും അതുകളിൽ വേദോപ

*പള്ളികളിൽ ജനങ്ങൾക്കായുള്ള ധ്യാനം 1856 മുതൽ ആരംഭിച്ചു നടത്തിയതു ഇദ്ദേഹമാണ്.

ദേശപഠനം ശരിയായി നടത്തുന്നതിനുംവേണ്ട നടപടികളൊക്കെ ഏർപ്പെടുത്തിയതും ജനങ്ങളുടെ നടപടികളെ ഗുണീകരിക്കുന്ന തിനും വേറെ പല ഏർപ്പാടുകൾ ചെയ്തതുമാണ്. 1856–ാം കാലം മുതൽ നമ്മുടെ അച്ചന്മാരിൽ ചാണ്ടിയച്ചൻ, കുര്യാക്കോസ് ഏലീ ശാച്ചൻ, കാപ്പിൽ മത്തായി മറിയം അച്ചൻ, കാനാട്ട് യാക്കോവ് മറിയം അച്ചൻ, തട്ടാച്ചേരിൽ സ്കറിയാ അച്ചൻ എന്നിങ്ങനെ അച്ച ന്മാരെ (ധ്യാനം കഴിച്ചിട്ടുള്ള) എട്ടും പത്തും പള്ളികളിൽ അവി ടുത്തെ (ദെപ്പുത്താദുമാർ) സ്ഥാനപതികളായി നിശ്ചയിക്കപ്പെടു കയും അവർ ആ പള്ളികളിൽ ചുറ്റി നടന്നു സ്കൂൾ നടത്തൽ, കുട്ടികളുടെ വേദോപദേശ പഠനം, ജനങ്ങളുടെ നല്ല വ്യാപാരം എന്നീ കാര്യങ്ങൾ അന്വേഷിക്കയും അതിനായി മെത്രാപ്പോലീ ത്താച്ചൻ കല്പിച്ചു നിശ്ചയിച്ച പല നിയമങ്ങൾപോലെ അവർ തങ്ങളുടെ അധികാരത്തിൽപ്പെട്ട പള്ളികളിൽ ചുറ്റിനടന്നു അതു കളെ നടത്തി വരികയും ചെയ്തു. പട്ടക്കാരുടെ ഗുണീകരണത്തിനു (ധ്യാനം മുതലായ) പല ഏർപ്പാടുകൾ ഉണ്ടാക്കി നടപ്പിൽ വരു ത്തി. മെത്രാപ്പോലീത്താച്ചന്റെ മരണവർത്തമാനം അറിഞ്ഞപ്പോൾ കൊവേന്തകളിൽ ആഘോഷമായ പാട്ടുകുർബാന, ഒപ്പീസ് മുത ലായ ദിവ്യ കർമ്മങ്ങൾ നടത്തി. വരാപ്പുഴ പള്ളിയിലും ആഘോ ഷമായി പ്രിയോരച്ചനും, നമ്മുടെ അച്ചന്മാരും സുറിയാനി പട്ട ക്കാരും കൂടി ഒപ്പീസ് മുതലായ കർമ്മങ്ങൾ നടത്തി. ശവസംസ് ക്കാര ദിവസത്തിൽ പ്രിയോരച്ചൻ പ്രസംഗവും നടത്തി. വികാരി ജനറാൾ ആയി നിശ്ചയിച്ചിരുന്ന ലെയോപ്പോൾദ്ദ് മിഷ്യനറി അച്ചനെ വികാരി അപ്പസ്തോലിക്ക ആയും, ഒലിമ്പ്യോ എന്ന ദിക്കിന്റെ മെത്രാനായും നിയമിക്കുന്നതായ ബൂളകൾ ടി. മാസം 12–ന് റോമ്മയിൽ നിന്നു വന്നു ചേർന്നു. ഇതിനായി മെത്രാപ്പോ ലീത്താച്ചൻ മരണത്തിനു മുൻപു റോമ്മായിൽ ബോധിപ്പിച്ചിട്ടു ണ്ടായിരുന്നു. ടി. ആണ്ടു നവംബർ മാസം 15–ന് പുത്തൻമെത്രാന ച്ചൻ ജനങ്ങളുടേയും പട്ടക്കാരുടേയും വലിയ സന്തോഷത്തോടു കൂടെ വരാപ്പുഴവച്ചു മെത്രാഭിഷേകം കൈക്കൊണ്ടു. ഷർബനൊ എന്ന മൈസൂർ വികാരി അപ്പസ്തോലിക്കായും കാനോസ് എന്ന ത്രിശ്ശിനാപ്പള്ളി വികാരി അപ്പസ്തോലിക്കായും, കോയമ്പത്തൂർ

വികാരിയപ്പോസ്തോലിക്ക ദൊപ്പോമിയാ എന്ന ദേഹവും പുത്തൻ മെത്രാന് വാഴ്ച കൊടുക്കുന്നതിനു വരികയും ആ കർമ്മം കഴിഞ്ഞു മടങ്ങുമ്പോൾ അവർ എല്ലാവരും എൽത്തുരുത്തിലെ നമ്മുടെ കൊവേന്തയിൽ കയറി ഒരു രാത്രി താമസിച്ചു പിന്തിരികയും ചെയ്തു. ഈ മെത്രാനച്ചന്മാർ എല്ലാവരും വാഴിച്ചു കഴിഞ്ഞു പുറപ്പെടുന്നതിനു മുൻപ് കൂനമ്മാവുങ്കലെ നമ്മുടെ കൊവേന്തയിൽ വന്ന് അച്ചന്മാരേയും സഹോദരന്മാരേയും ശെമ്മാശന്മാരേയും സന്ദർശിക്കയും അവിടുത്തെ ക്രമാനുഷ്ഠാനങ്ങൾ കണ്ടു തൃപ്തിപ്പെടുകയും ചെയ്തു.

34. 1869 സെപ്തംബർ മാസത്തിൽ പുത്തൻ മെത്രാനച്ചൻ വത്തിക്കാൻ സൂനഹദോസിൽ ചെന്നുകൂടുന്നതിനു അറിയിപ്പു വരികയും അതിൻപ്രകാരം റോമ്മയിലേക്കു പോകയും ചെയ്തു. പോയപ്പോൾ എൽതുരുത്തു കൊവേന്തയിൽ കൂടി കൊക്കാലിൽ ചെന്നിറങ്ങുകയും അന്നു പദ്യവാദ ഭാഗത്തിൽ നിന്നിരുന്ന തൃശ്ശിവപേരൂർ പള്ളിക്കാർ കെട്ടിയൊരുക്കിയ പന്തലിൽ കയറണമെന്നുള്ള അവരുടെ അപേക്ഷാനുസരണം അവിടെ കയറി അവരുടെ സൽക്കാരം സ്വീകരിക്കയും ചെയ്തു. അവർ വളരെ ആഘോഷത്തോടെയാണ് മെത്രാനച്ചനെ തങ്ങളുടെ പൂപ്പന്തലിൽ കൈക്കൊണ്ടത്. അതിനു ഇഞ്ചിനീയർ മൊറീസ് സായിപ്പും വളരെ താല്പര്യം ചെയ്തു. അപ്പോൾ തങ്ങളെ വരാപ്പുഴെ കീഴ് കൈക്കൊള്ളണമെന്ന് മെത്രാനച്ചനോടു അവർ അപേക്ഷിച്ചു. അതിനു റോമ്മായിലെ അനുവാദം വേണമെന്നും അതു വാങ്ങി, അവിടെ നിന്നു തിരിച്ചു വരുമ്പോൾ കൈക്കൊണ്ടുകൊള്ളാമെന്നു വാക്കു കൊടുക്കയും ചെയ്തു.

വികാരി ജനറാൾ പീലിപ്പോസ് മിസ്യൊനാരി അച്ചനെ പ്രോവികാരി അപ്പസ്തോലിക്കാ ആയി നിയമിച്ചുകൊണ്ടാണ് മെത്രാനച്ചൻ പോയത്. മെത്രാനച്ചനോടൊരുമിച്ചു ദെലഗാത്തു ലെയോപ്പോൾദ് മിസ്യൊനാരി അച്ചനും റോമ്മായ്ക്കു കൂട്ടിനായി പോയിരുന്നു. റോമ്മായിൽ വെച്ചു മെത്രാപ്പോലീത്താ എന്നുള്ള സ്ഥാനം മെത്രാനച്ചനു ലഭിച്ചു. പദ്യവാദ കീഴിൽ നിൽക്കുന്ന പള്ളികളെ

വരാപ്പുഴെ അധികാരത്തിൽ ചേർക്കുന്നതിനു റോമ്മായിൽ വച്ച് 1869 ഡിസംബർ മാസത്തിൽ ലെയോനാർദ് മെത്രാപ്പോലീത്താച്ചൻ അനുവാദം ചോദിച്ചതിന് 1870 ഫെബ്രുവരി മാസം 5-ന് പ്രൊപ്പഗാന്ത് തിരുസ്സംഘത്തിൽ നിന്നു കൊടുത്ത മറുപടിയുടെ ചുരുക്കം, പള്ളിക്കടുത്ത അസാമാന്യ കാര്യങ്ങൾക്കായുള്ള തിരുസംഘത്തിന്റെ പരിശോധനയ്ക്ക് മെത്രാപ്പോലീത്തായുടെ ഡിസംബർ മാസത്തിലെ എഴുത്തു ഏൽപ്പിച്ചുവെന്നും ആ തിരുസംഘത്തിന്റെ തീർച്ച 9-ാം പീയൂസ് മാർപ്പാപ്പായെ ബോധിപ്പിച്ച (മേൽ എട്ടാം അദ്ധ്യായം 26-ാം ലക്കത്തിൽ പറയുന്നതായ) 1857-ലെ കൊംക്രദാത്തു ഉടമ്പടിയുടെം 15-ാം വകുപ്പിനു ലംഘനം കൂടാതെ മലയാളത്തിലുള്ള "കൽദായ സുറിയാനിക്കാർ" അപേക്ഷിക്കുമ്പോഴൊക്കയും അവരെ വരാപ്പുഴ അധികാരത്തിൽ കൈക്കൊള്ളാമെന്നു അങ്ങേ പരിശുദ്ധത സമ്മതിച്ചു എന്നും മറ്റുമായിരുന്നു.

1857-ൽ കൊംക്രദാത്തു ചെയ്ത കാലത്ത് നമ്മുടെ സുറിയാനിപ്പള്ളികൾ എല്ലാം (ചുരുക്കം ചിലതൊഴികെ) വരാപ്പുഴെ കീഴാണു നിന്നിരുന്നത്. കൊംക്രാദാത്തിന്റെ 15-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്, അന്നു വികാരി അപ്പസ്തോലിക്കാമാരുടെ കീഴിൽ നിൽക്കുന്ന പള്ളികൾ അങ്ങനേയും, പദ്‌്യവാദകീഴിൽ നിൽക്കുന്ന പള്ളികൾ അങ്ങനേയും നിന്നുകൊള്ളണമെന്നായിരുന്നു. എന്നാൽ പിന്നീട് റോക്കോസ് ശീസ്മയിൽ കൂടിയ പള്ളികൾ പദ്യവാദ്കീഴ് നിൽക്കുന്നതിനു സിദ്ധിച്ച അനുവാദം കുമ്മസാരി അപ്പസ്തോലിക്കായുടെ ഒരു പ്രത്യേക അനുവാദമായിരുന്നു.

വത്തിക്കാൻ സൂനഹദോസ് പിരിഞ്ഞപ്പോൾ 1870 നവംബർ മാസത്തിൽ ലെയൊനാർദ് മെത്രാപ്പോലീത്തായും ദെലഗാത്തച്ചനും മടങ്ങി മലയാളത്തിൽ വന്നുചേർന്നു. മെത്രാപ്പോലീത്താച്ചൻ റോമ്മയ്ക്കു പോയപ്പോൾ മാർപ്പാപ്പായിക്കു കാഴ്ചയായി "പത്രോസിന്റെ കാശ്" എന്നു പേരായി ഒരു ധർമ്മം മലയാളത്തിൽ നിന്നു പിരിച്ചുകൊണ്ട് പോയിട്ടുണ്ടായിരുന്നു. സുറിയാനിപ്പള്ളികളിൽ നിന്നു ഈ ധർമ്മം വകയ്ക്കു ഉദ്ദേശം 32000 രൂപാ പിരിഞ്ഞു.

ഇതിനിടയ്ക്ക് 1869-ൽ ബോംബെയിൽ അനേക കാലം താമസി ച്ചിരുന്ന ഒരു മദാമ്മ കൂനമാവുങ്കൽ താമസിച്ച് ഭക്തജീവിതം കഴിച്ചു മരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെ അവിടെ വന്നുചേർന്നു. ഇവർ ബോംബെയിൽ നിന്നു പോരുമ്പോൾ രണ്ടു ഇരിമ്പുപ്രസ്സും മറ്റുചില സാമാനങ്ങളും, 1000 രൂപയ്ക്കായി വിലയുള്ള ചില ആഭ രണങ്ങളും, വേദക്കുസ്താ, മൊഴുകിതിരിക്കാൽ മുതലായ ചില പള്ളി സാമാനങ്ങളും കൂടെ കൊണ്ടുവന്നിരുന്നു. ഈ മദാമമുത്തി മലയാളദേശക്കാരി ആയിരുന്നു. മക്കളില്ലാതിരുന്നതിനാൽ ഭർത്താവ് മരിച്ച ശേഷം ഭക്ത ജീവിതം കഴിക്കാനായി ദെലഗാത്തു മിസ്യ്യോനാരി അച്ചന്റെ താല്പര്യ പ്രകാരം കൂനമ്മാവുങ്കൽ വന്നു താമസിച്ചതാണ്. ഇവർക്കായി നമ്മുടെ പള്ളിക്കു സമീപെ ഒരു ബങ്കളാവു വച്ചു കൊടുക്കയും അവർ അതിൽ താമസിച്ചുവരി കയും ചെയ്തു. 1873 ഏപ്രിൽ മാസത്തിൽ ഭാഗ്യമായി മരിക്കയും കൂനമ്മാവുങ്കലെ ആശ്രമ ദേവാലയത്തിൽ ഭൂമി ദാനം ചെയ്യപ്പെടു കയും ചെയ്തു. മരണത്തിനു മുൻപു തന്റെ സ്വത്തുക്കൾകൊണ്ടു നടത്തേണ്ടും സംഗതികൾക്കായി ഒരു മരണശാസനം എഴുതി വച്ചി രുന്നു. അതിൽ മരണശേഷം ഉണ്ടാകുമെന്ന ചിലവുകൾ കഴിച്ച് ബാക്കിയുള്ള പണംകൊണ്ടു കൂനമ്മാവു ആശ്രമ ദേവാലയം വിസ്തീർണ്ണമാക്കി പണിക്കഴിക്കണമെന്നു നിശ്ചയം ചെയ്തിരു ന്നു. അവരുടെ സകല ചിലവും കഴിച്ചു ബാക്കി രണ്ടായിരം രൂപാ ഉണ്ടായിരുന്നു. അതുകൊണ്ട് മേൽപറഞ്ഞ പണിനടത്താൻ മതി യാകാതെ വന്നതിനാൽ വേറെ പലരിൽ നിന്നുമുള്ള സഹായം കൊണ്ട് മേൽപറഞ്ഞ പള്ളിപണി രണ്ടുമൂന്നു വർഷം കൊണ്ട് നടത്തി പൂർത്തിയാക്കി.

35. മേൽ ഒമ്പതാം അദ്ധ്യായം 28-ാം ലക്കത്തിൽ കുര്യാക്കോസ് ഏലീശാ അച്ചൻ മാന്നാനത്ത് കൊവേന്തയുടെ വികാരിയായിരി ക്കയിൽ നടത്തിയ കാര്യങ്ങൾ വിവരിച്ചിട്ടുള്ളതാണല്ലോ, 1867-ൽ കളത്തിൽ സ്കറിയ അപ്രേം അച്ചൻ മാന്നാനത്തു കൊവേന്തയുടെ വികാരിയായി നിയമിക്കപ്പെടുകയിൽ കുര്യാക്കോസ് ഏലീശാ അച്ചൻ സെമിനാരിയുടെ റൈത്തോരായി നിശ്ചയിക്കപ്പെട്ടു. മാന്നാ

നത്തു സെമിനാരി ആരംഭിച്ചത് 1833-ൽ ആണ്. 1831-ൽ ആശ്രമത്തിനു കല്ലിടുകയും തൽക്കാലത്തേക്കു ഒരു കപ്പേള കെട്ടിയുണ്ടാക്കി അവിടെ കുർബാന ചൊല്ലുകയും ചെയ്തുവന്നിരുന്നെങ്കിലും 1832-ൽ പ്രംസിസ്ക് ശവരിയാർ മെത്രാപ്പോലീത്താ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി വാഴ്ച ഏറ്റു വന്നപ്പോൾ മാന്നാനത്തു പാർത്തു പണികൾ നടത്തിവന്ന പോരൂക്കര തോമ്മാച്ചനെയും ചാവറ കുര്യാക്കോസച്ചനെയും അവിടെ നിന്നു മാറ്റി വികാരിമാരായി നിയമിച്ചയക്കുകയാണ് ചെയ്തത്. അതുകൊണ്ട് അവിടുത്തെ പണികളൊക്കെ അവർ മടങ്ങി വന്നതുവരെ ഒരു വർഷത്തേക്ക് മുടങ്ങിപ്പോയിരുന്നു. പിന്നീട് അവർ വന്നപ്പോൾ സെമിനാരികൂടി ആരംഭിക്കയും മല്പാനായി പാലയ്ക്കൽ തോമ്മാച്ചൻ പഠിപ്പിക്കുകയും ചെയ്തു.

1841-ൽ പാലയ്ക്കൽ തോമ്മാച്ചൻ മരിച്ചതിനു ശേഷം മല്പാനായി പഠിപ്പിച്ചിരുന്നതു പോരൂക്കാരെ തോമാച്ചനാണ്. സഹായി ആയി ചാവറ കുര്യാക്കോസച്ചനും പഠിപ്പിച്ചിരുന്നു. ഇവർ രണ്ടാൾക്കും മല്പാന്മാർ എന്നുള്ള പത്തേന്തി പ്രംസീസ്ക് ശവരിയാർ മെത്രാപ്പോലീത്താ കൊടുത്തിട്ടുണ്ടായിരുന്നു. 1846-ൽ പോരുക്കരെ തോമ്മാച്ചൻ മരണം പ്രാപിച്ചതിനുശേഷം ചാവറ കുര്യാക്കോസച്ചൻ മല്പാന്റെ സ്ഥാനവും ജോലിയും നടത്തിവന്നു. സഭ ക്രമമായി സ്ഥാപിതമായ 1855 വരെ മേൽപറഞ്ഞമല്പാന്റെ ജോലിയിലും സ്ഥാനത്തിലുമാണ് ചാവറ കുര്യാക്കോസച്ചൻ ഇരുന്നുവന്നത്. അന്നുവരെ മലയാളത്തിൽ ചാവറ കുര്യാക്കോസ് മല്പാനച്ചൻ എന്ന പേരിനാൽ പ്രസിദ്ധനായിരുന്ന ഇദ്ദേഹം സഭ സ്ഥാപിതമായ കാലം മുതൽ പ്രിയോർ കുര്യാക്കോസ് ഏലിയാ എന്ന പേരിനാൽ ഏവർക്കും പ്രസിദ്ധനായി തീർന്നു. 1855 മുതൽ 1865 വരെ സെമിനാരി റൈത്തോർ എന്ന പേരിനാൽ മല്പാന്റെ ജോലികൾ നടത്തിപോന്നത് കൊച്ചുപുരയ്ക്കൽ കുര്യാക്കോസച്ചനായിരുന്നു. ഇദ്ദേഹം 1865 സെപ്തംബർ മാസത്തിൽ മരണം പ്രാപിച്ചപ്പോൾ കളത്തിൽ സ്കറിയാ അപ്രേം അച്ചൻ സെമിനാരി റൈത്തോരായി നിയമിക്കപ്പെട്ടു. പിന്നീട്

ഇദ്ദേഹം 1867–ൽ  മാന്നാനത്ത് വികാരിയായി നിയമിക്കപ്പെട്ടപ്പോൾ മുൻപു വികാരി ആയിരുന്ന (പോരൂക്കര) കുര്യാക്കോസ് ഏലീശാ അച്ചനെ റൈത്തോരിന്റെ സ്ഥാനത്തിൽ നിശ്ചയിക്കയും ആ സ്ഥാനത്തിൽ 1871–ൽ അദ്ദേഹം കൊവേന്തകളുടെ പ്രിയോർ എന്ന സ്ഥാനത്തിൽ ഉയർത്തപ്പെട്ടതുവരെ ഇരിക്കയും ചെയ്തു.

റൈത്തോരിന്റെ സ്ഥാനത്തിൽ ഇരുന്നിരുന്ന മേല്പറഞ്ഞ കൊച്ചുപുരയ്ക്കൽ കുരിയച്ചൻ മരിക്കുന്നതിനു രണ്ടു വർഷം മുൻപ് അദ്ദേഹത്തിനുണ്ടായിരുന്ന ഛർദ്ദിയും, വയറുനോവും സാമാന്യത്തിലധികം ശക്തിപ്പെടുകയും പല ചികിത്സകളൊക്കെ ചെയ്തിട്ടും സാരമായ യാതൊരു ഗുണവും ഉണ്ടാകാതെയുമിരുന്നു. ആലപ്പുഴ, കൊച്ചി എന്നീ സ്ഥലങ്ങളിൽ പോയി അവിടെയുള്ള ഇംഗ്ലീഷ് വൈദ്യന്മാരെക്കൊണ്ടു ചികിത്സിച്ചിട്ടു വിശേഷ ഗുണമൊന്നും കാണാഞ്ഞിട്ടു ഒടുവിൽ എറണാകുളത്തു പോയി താമസിച്ച് പ്രസിദ്ധനായ മിസ്റ്റർ വലിയ ഗെന്തറിന്റെ ചികിത്സ ചെയ്തുവന്നു. എന്നാൽ ഗുണമൊന്നും ഉണ്ടായില്ലെന്നു മാത്രമല്ല, ദീനം കൂടുതൽ എന്നുള്ള എറണാകുളത്തു വികാരിയച്ചന്റെ അറിയിപ്പിൻ പ്രകാരം കൂനമ്മാവുങ്കൽ നിന്നു വികാരി ഔസേപ്പ് യോഹന്നാനച്ചനും ചാണ്ടിയച്ചനും പുറപ്പെടുകയും ചെയ്തു. അന്ത്യകൂദാശകളൊക്കെ എറണാകുളത്തു വികാരി അച്ചനാണു കൊടുത്തത്. ആ പള്ളിയിൽ (സുറിയാനി പള്ളി) തന്നെ കല്പനപ്രകാരം അടക്കം ചെയ്കയും ചെയ്തു.

ഇദ്ദേഹം അനേകം പള്ളികളിൽ പോയി ധ്യാനം കഴിച്ചിട്ടുള്ള ഒരാളും റോക്കോസ് ശീശ്മയുടെ കാലത്തു പല ഉപദ്രവങ്ങൾ സ്വന്ത ഇടവകക്കാരിൽ നിന്നു അനുഭവിച്ച ആളുമാണ്. അതിരമ്പുഴ പള്ളി ആ ശീസ്മയിൽ ചേർന്നപ്പോൾ അവിടെയുള്ള ചുരുക്കം വീട്ടുകാരുടെ ആത്മദിഷ്ഠതികളൊക്കെ നടത്തികൊടുക്കയും അവർക്കായി തൽക്കാലം കെട്ടിയുണ്ടാക്കിയ കപ്പേളയിൽ കടമുള്ള ദിവസങ്ങളിൽ മാന്നാനത്തു നിന്നു പോയി കുർബാന ചൊല്ലിവരികയും ചെയ്തിരുന്നു. ഏറിയകാലം റൈത്തോരായിരുന്ന ശെമ്മാശന്മാരെ

സുകൃതവഴിയിൽ നടത്തിയിട്ടുള്ളതും പൈതൽപ്രായം മുതലെ മാന്നാനത്തു വന്നു കൊവേന്തക്കാരനായി ജിവിച്ചു വരികയും ഒടുവിൽ 1855 ഡിസംബർ മാസത്തിൽ സഭ ക്രമമായി സ്ഥാപിച്ചപ്പോൾ ആദ്യമായി വാഗ്ദത്ത നേർച്ചകൾ അനുഷ്ഠിക്കയും ചെയ്തു എന്നുള്ളതും പ്രസിദ്ധമായ ഒരു സംഗതിയാണ്.

ഒന്നാം ഭാഗം അഞ്ചാം അദ്ധ്യായം 29-ാം ലക്കത്തിൽ 1855-ന് മുൻപ് മാന്നാനത്തു താമസിച്ചിരുന്ന നമ്മുടെ അച്ചന്മാരുടെ ജീവിതമുറ സംക്ഷേപമായി പ്രസ്താവിച്ചിട്ടുണ്ട്. ജപതപധ്യാനം മുതലായവയാൽ അവർ തങ്ങളുടെ ജീവിതത്തെ ദൈവ ഊഴിയത്തിനായി പ്രതിഷ്ഠിച്ചിരുന്നതിനു പുറമേ മലയാളത്തിന്റെ നാനാഭാഗങ്ങളിലുള്ള പള്ളികളിൽ ചെന്നു ജനങ്ങൾക്കു ജ്ഞാനധ്യാനം കഴിച്ചു കൊടുക്കയും പാപങ്ങളിൽ നിന്നൊഴിഞ്ഞ് പുണ്യവഴിയിൽ നടക്കുന്നതിനു വേണ്ടിയിരിക്കുന്ന മാർഗ്ഗങ്ങളൊക്കെ അവർക്കു ഉപദേശിച്ചു കൊടുക്കയും ചെയ്തിരുന്നു. എന്നും സെമിനാരിക്കാരെ വൈദിക പഠനത്തിലും ജ്ഞാന ജീവിതത്തിന്റെ മുറകളിലും പഠിപ്പിച്ചിരുന്നു എന്നും വിവരിച്ചിട്ടുണ്ട്.

വൈദിക ഗുണത്തിന്റെ ഗുണീകരണത്തിലാണു ലോകരുടെ ആത്മീയ ഗുണമൊക്കെയും ആശ്രയിച്ചിരിക്കുന്നതെന്നു നമ്മുടെ പിതാക്കന്മാരായ പാലയ്ക്കൽ തോമ്മാച്ചൻ, പോരൂക്കര തോമ്മാച്ചൻ, ചാവറ കുരിയാക്കോസച്ചൻ മുതലായവർ നല്ലപോലെ അറിഞ്ഞിരുന്നതിനാൽ ലോകരുടെ നടപടികൾ ജ്ഞാനധ്യാനം, ഉപദേശം, കുമ്പസാരം മുതലായവകൊണ്ടു നന്നാക്കിയിരുന്നതുപോലെ വൈദിക ഗണക്കാരായ ശെമ്മാശന്മാരുടെ ജീവിത നടപടികൾ സുകൃതങ്ങളായി തീരാൻ വേണ്ട പരിശ്രമങ്ങൾ എല്ലാം ചെയ്തു വന്നു. അക്കാലങ്ങളിൽ കൊവേന്തയോടു ചേർന്നതായി മാന്നാനത്തു മാത്രമെ ഒരു സെമിനാരി ഉണ്ടായിരുന്നുള്ളൂ. പിന്നെയുള്ള സെമിനാരികൾ മിക്കതും ഓരോ പള്ളികളിൽ താമസിച്ചു പഠിപ്പിച്ചിരുന്ന മല്പാനച്ചന്മാരുടെ കീഴിലും അവരുടെ നടത്തയിലുമായിരുന്നു. അങ്ങനെയുള്ള സെമിനാരികളിൽ പഠിച്ചിരുന്ന ശെമ്മാശന്മാരുടെ വളർത്തലിൻമേൽ പാലയ്ക്കൽ തോമ്മാച്ചന്

ഒട്ടും തൃപ്തിയില്ലാതിരുന്നതിനാൽ ആദ്യമായി പള്ളിപ്പുറത്തു സെമിനിരായിൽ ശെമ്മാശന്മാരുടെ നടപടികൾക്കും സുകൃത ജീവിതത്തിനും ചില വിശേഷ ക്രമങ്ങൾ സ്ഥാപിക്കുകയും അതുപോലെ അദ്ദേഹം നടത്തിവരികയും ചെയ്തതായി അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ വിവരിച്ചിട്ടുണ്ട്.

എന്നാൽ കൊവേന്തയോടു ചേർന്നു സെമിനാരി കൂടി ഉണ്ടായാൽ അതു വൈദിക ഗണത്തിന്റെ ഗുണീകരണത്തിനു നല്ല ഒരു പന്ഥാവായി തീരുമെന്നു ആ മഹാത്മാവു കണ്ടതിനാലാണു മാന്നാനത്തു സെമിനാരി കൂടിവേണമെന്നു അദ്ദേഹം ആരംഭത്തിലെ താല്പര്യപ്പെട്ടത് പാലയ്ക്കൽ തോമാച്ചന്റെ ആഗ്രഹത്തിനും താല്പര്യത്തിനും സഭയുടെ ആരംഭക്കാരായ മറ്റു അച്ചന്മാരും ചേർന്നുകൊണ്ടു സെമിനാരികൂടെ മാന്നാനത്തിൽ ആരംഭത്തിലെ സ്ഥാപിച്ചു നടത്തിവന്നു. അവർ ഉദ്ദേശിച്ച ഗുണം പിന്നീടു അനുഭവത്തിൽ ദൈവാശീർവ്വാദം കൊണ്ടുണ്ടാകയും ചെയ്തു. റോക്കോസ് ശീസ്മയുടെ കാലത്തു അതിൽ കൂടാത്തവരായ പട്ടക്കാർ ഉണ്ടായിരുന്നെങ്കിൽ അതു പ്രധാനമായി മാന്നാനത്തു നിന്നു പഠിച്ചു പോയ മേൽപറഞ്ഞ പോരൂക്കരെ തോമ്മാച്ചൻ, ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ എന്നീ വന്ദ്യ ഗുരുക്കളുടെ ശിഷ്യന്മാരായവരാണ്. ജനങ്ങളുടെ പഠിപ്പു വിഷയത്തിലും ഈ അച്ചന്മാർ വളരെ പരിശ്രമിച്ചിട്ടുണ്ട്. അതു പിന്നീടു വിവരിക്കപ്പെടും.

36. മേൽ വിവരിച്ച സ്കറിയാ അപ്രേം അച്ചൻ മാന്നാനത്തു വികാരി ആയിരിക്കയിൽ 1867 സെപ്റ്റംബർ മാസം 18-നു മേൽ ഒന്നാം അദ്ധ്യായം 3-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന നെല്ലിശ്ശേരി തോമാച്ചൻ മരണം പ്രാപിച്ചു. ഇദ്ദേഹം മാന്നാനത്തു വന്നു ചേർന്നതു 1855-ന്റെ ആരംഭത്തിലായിരുന്നു. ആയാണ്ടിന്റെ അവസാനത്തിൽ വാതദീനക്കാരനായി വീഴുകയും ഈ സ്ഥിതിയിൽ 12 വർഷം കിടക്കയും ചെയ്തു. സകല ആവശ്യങ്ങളും മുറിയിൽ തന്നെയാണു നടത്തി വന്നത്. ഇടത്തു കൈ ഒഴികെ ദേഹം ആസകലം തളർന്നു പോയതിനാൽ മറ്റാളുകളുടെ സഹായം കൂടാതെ എഴുന്നേല്ക്കുന്നതിനും ആവശ്യങ്ങൾ നടത്തുന്നതിനും പാടാ

യിരുന്നില്ല. ഇതിനാൽ ഇദ്ദേഹത്തിന്റെ പേർക്കു തനിച്ചു (ഏറ്റു മാനൂർ മൂപ്പൻ എന്ന പേരിനാൽ പ്രസിദ്ധനായ) ഒരു വേലക്കാരനെ നിർത്തുകയും അവൻ എല്ലായ്പോഴും അദ്ദേഹത്തെ താങ്ങി എഴുന്നേല്പിക്കയും പ്രകൃതി ആവശ്യങ്ങൾക്കു വേണ്ടിയിരിക്കുന്ന മറ്റു സഹായങ്ങളൊക്കെ അദ്ദേഹത്തിനു ചെയ്തു കൊടുക്കയും ചെയ്തിരുന്നു. തോമ്മാച്ചൻ മാന്നാനത്തു വന്നപ്പോൾ അനന്തിരവനായി തോമ്മാ എന്നു പേരുള്ള ഒരു യുവാവിനെകൂടെ കൊണ്ടു വന്നിട്ടുണ്ടായിരുന്നു. അവൻ അദ്ദേഹം മരിക്കുന്നതിനു ഏതാനും മാസങ്ങൾക്കു മുൻപു, എന്നു വച്ചാൽ 1866 ഡിസംബർ മാസം 17-നു മരിക്കയും മാന്നാനത്തു തന്നെ ഭൂദാനം ചെയ്യപ്പെടുകയും ചെയ്തു. ഇദ്ദേഹം ദീനമായി കിടന്ന 12 വർഷക്കാലത്തു പ്രദർശിപ്പിച്ച ക്ഷമയും ദൈവ തിരുമനസ്സിനോടുള്ള പൂർണ്ണാനുസരണയും, അത്ഭുതകരങ്ങളും അനുകരണീയങ്ങളുമാണു.* മൃതശരീരം മാന്നാനത്തു തന്നെ ഭൂദാനം ചെയ്യപ്പെടുകയും സഭയുടെ ചട്ടപ്രകാരം എല്ലാ ശേഷക്രിയകളും നടത്തുകയും ചെയ്തു.

ഇതിനുശേഷം 1869 ജനുവരി മാസം 4-നു മാന്നാനത്തു കൊവേന്തയിൽ ലെയോനാർദ് മെത്രാപ്പോലീത്താച്ചൻ വന്നു ഏതാനും ദിവസങ്ങൾവരെ പാർത്തു. പൂങ്കാവുപള്ളിയിൽ സ്ഥാനസന്ദർശനം ചെയ്ത് പിന്തിരിയുന്നവഴിക്കാണു മാന്നാനത്തു വന്നത്. അപ്പോൾ മാന്നാനത്തു നടന്നുവന്നിരുന്ന സെമിനാരി തീരെ ചെറുതായിരുന്നതിനാൽ 70 പേർ സുഖമായി പാർത്തു പഠിക്കാൻ തക്കതായി ഒരു സെമിനാരി മൂന്നു നിലയിൽ പണിയിക്കണമെന്നും ഈ പണി തെക്കൻ പറവൂർ മുതൽ തെക്കോട്ടുള്ള പള്ളികളിൽ നിന്നു പിരിയുന്ന പിടിയരി ധർമ്മംകൊണ്ടു നടത്തണമെന്നും കല്പിച്ചു. സെമിനാരിപണി തീർന്നു വരുന്നതിനിടയ്ക്കു ഊട്ടുമുറിയുടെ മീതെയുള്ള വിസ്താരമായ ശാലയിൽ തുണികൊണ്ടു 14 മുറി തിരിച്ചുണ്ടാക്കി അത്രയും പൈതങ്ങളെ എടുത്തു പഠിപ്പി

*ഇദ്ദേഹം മാന്നാനത്തു വന്നപ്പോൾ 1000 രൂപാകൂടെ കൊണ്ടുവന്നെന്ന് വർത്താനമുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ കൂടെ പാർത്തിട്ടുള്ളവർ 600 രൂപാ കൊണ്ടുവന്നതായിട്ടാണ് പറയുന്നത്. അന്നത്തെ കണക്കു പൊയ്പോയതിനാൽ ഇതു സംബന്ധിച്ചു രേഖകൾ ഒന്നുമില്ല.

ക്കാനും കല്പിച്ചു. കല്പനപ്രകാരം വികാരി സ്കറിയാ അപ്രേം അച്ചൻ തുണി മുറിയ്ക്കായി ആലപ്പുഴെ നിന്നും വെന്തേക്കു തളിരം വാങ്ങിച്ചു ചട്ടമുണ്ടാക്കയും ആ ചട്ടത്തിന്മേൽ തുണിയിട്ടു മുറികൾ തിരിക്കയും ചെയ്തു. ഈ പണിക്കു 70 രൂപാ വികാരി അച്ചൻ കൊവേന്തയിൽ നിന്നെടുത്തു ചിലവിട്ടു. ഉടനെ ചങ്ങനാശ്ശേരിൽ ഒളശയിൽ സ്കറിയാ, മാളിയേക്കൽ അവുസേപ്പു, കണ്ടങ്കരിൽ സ്കറിയാ എന്നിങ്ങനെ മൂന്നു പൈതങ്ങൾ പഠിക്കാനായി വരികയും അവരുടെ പിന്നാലെ പല സ്ഥലങ്ങളിൽ നിന്നും അനേകം ബാലന്മാർ വന്നു ചേരുകയും ചെയ്തു. ഈ പൈതങ്ങളുടെ കാര്യം കൊവേന്ത വികാരിയച്ചനെ പ്രത്യേക നോട്ടത്തിന് കീഴ് നമ്മുടെ അച്ചന്മാർ തന്നെ അന്വേഷിച്ചിരുന്നു. ആദ്യം കാനാട്ടു പൗലോസച്ചൻ തനിച്ചും പിന്നീടു* ലൂയീസച്ചനും ഇല്ലാരിയോസച്ചനും യോജിച്ചാണു നടത്തിയിരുന്നതു ഇടക്കാലത്തു വേറെ ചില അച്ചന്മാരും നടത്തീട്ടുണ്ട്. കൊവേന്തയുടെ തെക്കുവശത്തു കിഴക്കുപടിഞ്ഞാറായി സെമിനാരിക്കു കല്ലിടുകയും ചാവറ യൗസേപ്പച്ചൻ പണിയിക്കയും ചെയ്തു. പുറമെയുള്ള വെള്ള തേപ്പു മുതലായ ചില പണികളൊഴികെ മറ്റു പണികളൊക്കെ 1875-ൽ തീർന്നു. ഈയാണ്ടിൽ വടക്കുവശത്തു കൊവേന്ത ഊട്ടുമുറിയുടെ മീതെയുള്ള മേൽപറഞ്ഞ ശാലയിൽ താമസിച്ച് പഠിച്ചിരുന്ന പൈതങ്ങളെയും ശെമ്മാശന്മാരെയും പുത്തൻ സെമിനാരിയിൽ മാറ്റി പാർപ്പിച്ചു. ഏതാനും മാസങ്ങളുടെ ശേഷം തെക്കു വശത്തു മുൻപിനാലെ ഉണ്ടായിരുന്ന സെമിനാരിക്കാരേയും പുത്തൻ സെമിനാരിയിൽ മാറ്റുകയും രണ്ടു കൂട്ടക്കാരുടെയും റൈത്തോരായി മണക്കുന്നേൽ യൗസേപ്പു മറിയം അച്ചനെ നിയമിക്കയും ചെയ്തു.

37. ഇതിനിടക്കു 1873-ൽ വികാരി സ്കറിയാ അപ്രേം അച്ചൻ ഇപ്പോൾ എട്ടുപട്ടത്തിന്റെ നടുവിൽ തൂക്കിയിരിക്കുന്ന പളുങ്കുവിളക്കു 450 രൂപക്കു വാങ്ങി. ഇതു പലരിൽ നിന്നും പിരിച്ച ധർമ്മം കൊണ്ടു വാങ്ങിയതാണു. ഈ ആണ്ടിൽ തന്നെ നമ്മുടെ അച്ചന്മാർ ചങ്ങനാശേരി പള്ളിയിൽ പോയി ഒരു ധ്യാനം കഴിച്ചു. ചാണ്ടി

*എറണാകുളം വിക. അപ്പ. മെത്രാനച്ചൻ.

യച്ചൻ, തട്ടാച്ചേരിൽ സ്കറിയാച്ചൻ മുതലായി പല അച്ചന്മാർ കൂടിയാണ് ആ ധ്യാനം കഴിച്ചതും കാന്ദിദോസ് മിസ്യോനാരിയച്ചനും ധ്യാനഗുരുവായി അതിൽ ഉണ്ടായിരുന്നു. ഈ ധ്യാനത്തിൽ 5000 പേർവരെ വന്നു കൂടി. കൂടിയവർ എല്ലാവരും ബഹുഭക്തി പുരസ്സരമാണ് ധ്യാനം കഴിച്ചതു. ധ്യാനാവസാനത്തിൽവലിയ തൂങ്ങപ്പെട്ട രൂപം എടുത്തു ഒരു വലിയ പ്രദക്ഷിണം ആ ചന്തയിലും അങ്ങാടിയിലും കഴിക്കയും അതിൽ അച്ചന്മാരും ജനങ്ങളും സംബന്ധിക്കയും ചെയ്തു. തൂങ്ങപ്പെട്ട സ്വരൂപം എടുത്തുള്ള കാന്ദിദോസ് മിസ്യോനാരി അച്ചനായിരുന്നു ഇടക്കിടക്കു പല സ്ഥലങ്ങളിലും പ്രദക്ഷിണം നിറുത്തകയും അപ്പോൾ ചാണ്ടിയച്ചൻ നമ്മുടെ കർത്താവിന്റെ പങ്കപ്പാടിന്മേൽ ഇറക്കമേറിയതും സദുപദേശങ്ങൾ പറകയും ചെയ്തിരുന്നു. അപ്പോൾ ജനങ്ങൾ മനസ്സിളകി ദുഃഖാധിക്യത്താൽ വാവിട്ടു പ്രലപിച്ചിരുന്നു. ഇത്ര ജ്ഞാനഫലത്തോടുകൂടിയ ഒരു ധ്യാനം ചങ്ങനാശേരിയിൽ മുൻപൊരിക്കലും നടത്തപ്പെട്ടിരുന്നില്ല. ധ്യാനാവസാനത്തിൽ സ്ഥാനസന്ദർശനം കഴിക്കാനായി ലെയോനാർദ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അവിടെ വരികയും 12 ദിവസംവരെ താമസിക്കയും ചെയ്തു.*

ഈയാണ്ടു അതായതു 1873 മെയ് മാസത്തിൽ ഉണ്ടായ സഭയുടെ പൊതു ആലോചനയിൽവച്ചു 1867 മുതൽ മാന്നാനത്തു കൊവേന്തയുടെ വികാരി ആയിരുന്ന കളത്തിൽ സ്കറിയാ അപ്രേം അച്ചൻ ആ ജോലിയിൽ നിന്ന് വിടർത്തപ്പെട്ടു 1871 ജനുവരി മാസത്തിൽ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ മരിക്കയിൽ തൽസ്ഥാനത്തിൽ കൊവേന്തകളുടെ പ്രിയോരായി പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചൻ നിയമിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ നിജവാസം മാന്നാനത്തു തന്നെ ആയിരുന്നതിനാൽ തൽക്കാലത്തേക്കു ആരേയും വികാരിത്വജോലിക്കു നിയമിച്ചില്ല.

*ഈ ധ്യാനത്തിൽ ഈ എഴുത്തുകാരൻ കൂടുകയും ദൈവശുശ്രൂഷയിൽ തന്റെ ആയുഷ്ക്കാലം കഴിക്കണമെന്നുമുള്ള താല്പര്യത്താൽ അതിനു വേണ്ടിയിരിക്കുന്ന അനുമതി മേവ് സ്തുതിക്കപ്പെട്ട കാന്ദീദോസ് മിസ്യോനരിയച്ചന്റെ സഹായത്താൽ വാങ്ങി ആദ്യം മാന്നാനത്തു സെമിനാരിയിലും പിന്നീടു 1883-ൽ സഭയിലും ചേരുകയും ചെയ്തു.

വികാരി ആയിരുന്ന മേൽപറഞ്ഞ സ്കറിയാ അപ്രേം അച്ചൻ പുളിങ്കുന്നിലേക്കു സ്ഥലം മാറി പോകയും അവിടെ താമസിക്കയും ചെയ്തു.

പിറ്റെ ആണ്ടിൽ അതായതു 1874 മാർച്ച് മാസത്തിൽ അന്നു തിരുവിതാംകൂർ ഇളയരാജാവായിരുന്ന വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു കോട്ടയത്തു എഴുന്നെള്ളിയപ്പോൾ മാന്നാനത്തു കൊവേന്തയെ സന്ദർശനം കഴിക്കണമെന്നായി പ്രിയോരച്ചൻ തിരുമനസ്സറിയിച്ചു. അതിനു തിരുമനസ്സുകൊണ്ടു സന്തോഷചിത്തനായി ടി. ആണ്ടു മാർച്ച് മാസം 5-ന് കല്പിച്ച് ഒരു മറുപടി അയക്കുകയും അതോടൊന്നിച്ചു ദൈവ ജനനിയുടെ ഒരു ചിത്രമെഴുത്തു പടം കൊവേന്തക്കു ദാനമായി തിരുമനസ്സുകൊണ്ടു കൊടുത്തയക്കുകയും ചെയ്തു. ഈ പടം ഇന്നും തിരുമനസ്സിലെ സ്മാരകമായി മാന്നാനത്തു സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ആ എഴുത്തിന്റെ പകർപ്പു താഴെ ചേർക്കുന്നു:

മാന്നാനം കൊവേന്തയുടെ പ്രിയോരും സന്യാസികളും തങ്ങളുടെ ആശ്രമത്തിലേക്കു തിരുവിതാംങ്കൂർ ഇളയ തമ്പുരാൻ തിരുമനസ്സുകൊണ്ടു എഴുന്നെള്ളി കാണ്മാൻ അപേക്ഷിച്ചതിനു മറുപടിയായി തിരുമനസ്സിൽ നിന്നും അറിയിക്കുന്നതെന്തെന്നാൽ നിങ്ങളുടെ അപേക്ഷമൂലം തിരുമനസ്സിലേക്കു ചെയ്തിരിക്കുന്ന ബഹുമാനത്തിനു തിരുമനസ്സുകൊണ്ടു കൃതജ്ഞത പറയുന്നു. എന്നാൽ കോട്ടയത്തു അല്പം താമസം മാത്രമുള്ളതിനാലും തിരുമനസ്സിലെ യാത്രയെക്കുറിച്ചുള്ള ചട്ടംകെട്ടുകൾ മുൻകൂട്ടി സ്ഥിരപ്പെടുത്തിപ്പോയതിനാലും ഈ യാത്രയിൽ മാന്നാനത്തു എഴുന്നെള്ളുവാൻ അസാദ്ധ്യമായി തീർന്നിരിക്കുന്നതിൽ തിരുമനസ്സുകൊണ്ടു വ്യസനിക്കുന്നു. എന്നാലും ഇനിയുണ്ടാകുന്ന യാത്രയിൽ നിങ്ങളുടെ അപേക്ഷ നിറവേറ്റാമെന്നു വിചാരിച്ചിരിക്കുന്നു. നിങ്ങളുടെ പ്രീതിയെ തിരുമനസ്സിൽ നിന്നു സ്വീകരിച്ചിരിക്കുന്നതിന്റെ ലക്ഷ്യമായി ഇതോടൊന്നിച്ചയക്കുന്ന കന്യകാമറിയത്തിന്റെയും ഈശോയുടെയും ചായമിട്ട പടം ആശ്രമത്തിനായി പ്രിയോരും സന്യാസികളും കൈക്കൊള്ളണമെന്നു തിരുമനസ്സുകൊണ്ടു ആഗ്രഹിക്കുന്നു.

ഇതു കല്പിച്ച പടിക്കു കൊട്ടാരം വിചാരിപ്പ് രാമൻ ശങ്കരൻ (ഒപ്പ്).

കോട്ടയം 1874 മാർച്ച് മാസം 5-ന്

ആയിടക്കു തന്നെ ബ്രിട്ടീഷ് റസിഡണ്ടു ബല്ലാർഡ് സായ്പ് അവർകൾ മാന്നാനത്തു വന്നിരുന്നു. അദ്ദേഹത്തെ ബഹു ആഘോഷത്തോടെയും ആഹ്ളാദത്തോടെയും കൈക്കൊൾകയും, സുറിയാനിയിൽ സംഗീതരീതിയിൽ ചില മംഗലപത്രങ്ങൾ അച്ചന്മാരും ശെമ്മാശന്മാരും അദ്ദേഹത്തിനു സമർപ്പിക്കയും ചെയ്തു. ഇതിനൊക്കയും സന്തോഷമേറിയതും നന്ദിസൂചകവുമായ ഒരു മറുപടി പീരുമേട്ടിൽ നിന്നു സായിപ്പവർകൾ മാന്നാനത്തേക്കു പ്രിയോരച്ചന്റെ പേർക്കു കൊടുത്തയച്ചു. അതിന്റെ തർജ്ജിമ താഴെ ചേർക്കുന്ന പ്രകാരമാണ്.

പീരുമേടു റെസിഡണ്ട് ബംങ്കളാവിൽ നിന്നും

1874 മാർച്ച് മാസം 5-നു

മാന്നാനത്തു കൊവേന്തയുടെ പ്രിയോരച്ചൻ അറിവാൻ. ശനിയാഴ്ച വൈകിട്ടു നിങ്ങളുടെ ആശ്രമം വന്നു കണ്ടതിനാൽ എനിക്കു വളരെ സന്തോഷം ജനിച്ചിരിക്കുന്നു. നിങ്ങൾ, സന്തോഷപൂർവ്വമായി എന്നെ അംഗീകരിച്ചതിനെക്കുറിച്ചും ആ സമയം നിങ്ങൾ എനിക്കു സമർപ്പിച്ച മംഗലപത്രങ്ങളിൽ അടങ്ങിയിരിക്കുന്ന അഭിലാഷങ്ങളെക്കുറിച്ചും ഞാൻ വളരെ വന്ദനം പറയുന്നു. യേശുക്രിസ്തുവിന്റെ സത്യാത്മാവിനാൽ നടത്തപ്പെടുന്ന ഒരു നല്ല പാഠശാല, അതിലുള്ളവർക്കും അതിനു സമീപെയുള്ള അയൽവാസികൾക്കും വളരെ ഉപകാരങ്ങളെ ഫലിപ്പിക്കുന്നതാകുന്നു. തങ്ങൾ പ്രമാണിയായിരിക്കുന്ന മറ്റെല്ലാ ആശ്രമങ്ങളിലും എല്ലാ ക്രമങ്ങളും ഇതുപോലെ തന്നെ ആയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

തങ്ങളുടെ സഖികൾക്കു എന്റെ സലാം പറയണം.

ഇത് തങ്ങളുടെ വിശ്വസ്തനായ ജി. എ. ബല്ലാർഡ് (ഒപ്പ്)

മാന്നാനത്തു നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിരുനാൾ കഴിക്കാൻ ആരംഭിച്ചത് 1874-ാം കാലത്തിലാണ്. ഇതു (രണ്ടാം) പ്രിയോർ കുരിയാക്കോസ് ഏലിശാ അച്ചന്റെ പ്രത്യേക താല്പര്യ ത്താലാണ് തുടങ്ങിയത്.

## അദ്ധ്യായം 11

38. 1874 ഒക്ടോബർ മാസത്തിൽ ഏലിയാ യോഹന്നാൻ മേലൂസ് എന്ന ഒരു കൽദായ മെത്രാൻ മലയാളത്തിൽ വന്നിറങ്ങി. 1872-ൽ പദ്യവാദ ഭാഗത്തിൽ നിന്നിരുന്ന സുറിയാനി പള്ളിക്കാർ ഒരെഴുത്ത് കൽദായ പാത്രിയാർക്കീസിനായി ബാബേലിലേക്കു അയച്ചു. അതിൽ മലയാളത്തിലെ സുറിയാനിക്കാർക്കായി ഒരു മെത്രാനെ അയച്ചുതരണമെന്നും അങ്ങിനെ വരുന്ന മെത്രാനു വേണ്ട സഹായമൊക്കെ പദ്യവാദ ഭാഗത്തു നിന്നു ചെയ്തുകൊടുക്കുമെന്നും പോർത്തുഗൽ രാജാവു ഇതിൽ വേണ്ടപോലെ സഹായിക്കുമെന്നും കാണിച്ചിരുന്നു. ഇതിനുപുറമേ സുറിയാനി റീത്തിനും പള്ളിക്രമങ്ങൾക്കും വളരെ ദോഷങ്ങൾ നേരിടുന്നുണ്ടെന്നും അതിനൊക്കയ്ക്കും കാരണം സുറിയാനിമെത്രാൻ ഇല്ലാത്തതാണെന്നും ആ എഴുത്തിൽ കാണിച്ചിരുന്നു. ആയിടയ്ക്കു ബാബേലിൽ നിന്നു പീലിപ്പോസ് അസൈ എന്നൊരു കൽദായ പട്ടക്കാരൻ ധർമ്മത്തിനായി മലയാളത്തിൽ വന്നിരുന്നു. അയാൾക്കുപാത്രിയാർക്കീസിന്റെ യാതൊരു സാക്ഷി പത്രവുമില്ലാതിരിക്കെ അതുണ്ടെന്നു കാണിച്ചാണ് ധർമ്മത്തിനായുള്ള കല്പന വരാപ്പുഴെ നിന്നു വാങ്ങിയത്. എന്നാൽ സത്യം ബോംബാ വികാരിയപ്പസ്തോലിക്കാ വഴിക്കു വാരാപ്പുഴെ അറിയുകയാൽ ലെയോനാർദ് മെത്രാപ്പോലീത്താ മുൻപു അദ്ദേഹത്തിനു കൊടുത്തിരുന്ന കല്പന തിരിച്ചു വാങ്ങുകയും വീണ്ടും അയാൾക്കു ആരും ധർമ്മം കൊടുത്തുകൂടാ എന്നു മുടക്കുകയും ചെയ്തു.

ഇതിങ്കൽ പീലിപ്പോസ് അസൈ എന്ന മേൽപറഞ്ഞ പട്ടക്കാരൻ കുപിതനായിത്തീരുകയും അദ്ദേഹത്തോടു സുറിയാനിക്കാരിൽ ചിലർ ചേർന്നു ഒരു സുറിയാനിമെത്രാനെ വരുത്തുന്നതിനു ശ്രമങ്ങൾ ചെയ്കയും ചെയ്തു. ഈ കാര്യത്തിൽ പ്രധാന താല്പര്യക്കാരായി തുനിഞ്ഞു പുറപ്പെട്ടത് അന്നു പദ്യവാദ ഭാഗത്തിൽ നിന്നിരുന്ന തൃശ്ശിവപേരൂർ പള്ളിയുടെ വികാരി ളാലം ഇടവക പുത്തേട്ടു ഇഗ്നാസിയോസ് കത്തനാരും അരണാട്ടുകര ഇടവക തേറാട്ടു കൂനൻ യാക്കോ കത്തനാരുമായിരുന്നു. ഇങ്ങനെയുള്ള

എഴുത്തുകളാലും കാരണങ്ങളാലുമാണ് മേൽപറഞ്ഞ ഏലിയാ മേല്ലോസ് എന്ന കൽദായ മെത്രാൻ വന്നത്. ഇദ്ദേഹം വന്നത് 1874 ഒക്ടോബർ മാസം 2-ന് ആയിരുന്നു.

മാർപ്പാപ്പയുടെ അധികാരപ്രകാരം മലയാളം വിട്ടു പോകണമെന്ന് അദ്ദേഹത്തോടു വരാപ്പുഴ നിന്നും അറിയിച്ചാറെ പോകാഞ്ഞതിനാൽ മാർപ്പാപ്പയുടെ നാമത്തിൽ ആ മാസം 25-ന് അദ്ദേഹത്തെ ആഘോഷമായി ലെയോനാർദ് മെത്രാപ്പോലീത്താ മഹറോൻ ചൊല്ലി. മുൻപു റോക്കോസ് മെത്രാനാൽ ഉണ്ടായ ശീശ്മയുടെ ഫലം എല്ലാവരും അറിഞ്ഞിരുന്നതുകൊണ്ടു ഈ ശീശ്മയിൽ ചേരുന്നതിനു ആളുകൾക്കു പണ്ടത്തെ പോലെ ധൈര്യമുണ്ടായില്ല. എങ്കിലും അവിടവിടെയായി ചില പള്ളിക്കാർ ശീശ്മയിൽ ചേരുകയും മെത്രാനുവഴക്കം ചെയ്കയും ചെയ്തു. തൃശ്ശിവപേരൂർക്കാർ ഇതിൽ പ്രധാനികളായി നിന്നതിനാൽ അവരെ അനുകരിച്ച് പദ്യവാദ ഭാഗത്തു നിന്നിരുന്ന പല പള്ളിക്കാരും ശീശ്മ ഭാഗത്തു ചേർന്നു.

മേല്ലോസ് മെത്രാൻ മലയാളത്തിൽ വന്നത് മാർപ്പാപ്പായുടെ സമ്മതത്തോടെയാണെന്ന് ശീശ്മക്കാർ പറഞ്ഞു നടത്തി പലരേയും കബളിപ്പിച്ചതിനാൽ ഒല്ലൂർ പള്ളിയുടെ വികാരിയും ഇടവകക്കാരും ഈ കാര്യത്തിന്റെ വാസ്തവം അറിയുന്നതിനായി പ്രോപ്പഗാന്ത് തിരുസംഘത്തിലേയ്ക്കും ഒമ്പതാം പീയോസ് മാർപ്പാപ്പയ്ക്കും എഴുത്തുകൾ അയച്ചു. അന്നു ഒല്ലൂർപ്പള്ളിയിൽ വികാരിയായിരുന്നത് നമ്മുടെ ബ. ആ. മത്തായി ഗ്രിഗോറിയോസ് (കൊടുപാടത്തിൽ മാത്തച്ചൻ) അച്ചനായിരുന്നു. ഇവരുടെ അപേക്ഷപ്രകാരം മേൽ സ്തുതിക്കപ്പെട്ട മാർപ്പാപ്പ 1875 മെയ് മാസം 1-ന് അവർക്കു ഒരു തിരുവെഴുത്തു അയച്ചു കൊടുത്തു. അതിൽ മേല്ലോസ് മെത്രാൻ മലയാളത്തിൽ വന്നത് അവിടത്തെ അറിവു കൂടാതെയും അങ്ങേ പരിശുദ്ധതയുടെ വിലക്കിനു വിരോധമായിട്ടുമാണെന്ന് വ്യക്തമായി കാണിച്ചിരുന്നു. ടി. ആണ്ടു മെയ് മാസം 7-ന് പ്രൊപ്പഗാന്ത് തിരുസംഘത്തിന്റെ അധിപനായ പ്രാങ്കി കർദ്ദിനാൾ ടി. വികാരിയച്ചനു ഒരെഴുത്തും ആ തീയതിയിൽതന്നെ കൊച്ചി

ദിവാൻജിക്കു വേറൊരെഴുത്തും അയച്ചു. അതുകളിൽ മേല്ലോസ് മെത്രാന്റെ വരവ് മാർപ്പാപ്പയുടെ സമ്മതം കൂടാതെയാണെന്നു തെളിവായി കാണിച്ചിട്ടുണ്ടായിരുന്നു. അന്നു പ്രോപ്പഗാന്ത് സെമിനാരിയിൽ താമസിച്ചു വന്നിരുന്ന ഒരു കൽദായ പട്ടക്കാരനായ ഗുറിയേൽ എന്ന ദേഹത്തിന്റെ പേർക്കും ഈ സംഗതിയെപ്പറ്റി മേൽപറഞ്ഞവർ എഴുതി ചോദിക്കയും അദ്ദേഹം 1875 ഏപ്രിൽ 28-ന് വാസ്തവം അവരെ അറിയിച്ചുകൊടുക്കയും ചെയ്തു. ഇതിനു മുമ്പ് 1875 ജനുവരി മാസം 27-ന് ഒമ്പതാം പിയോസ് മാർപ്പാപ്പാ നമ്മുടെ പട്ടക്കാർക്കും ശെമ്മാശന്മാർക്കുമായി ഒരു തിരുവെഴുത്ത് അയച്ചിരുന്നു. അതിൽ മേല്ലോസ് മെത്രാന്റെ വരവ് റോമ്മയിലെ അനുവാദം കൂടാതെ ഉണ്ടായിട്ടുള്ളതാണെന്നു അവരോട് ഉപദേശിച്ചിരുന്നു.

മാന്നാനത്തെ സങ്കീർത്തി, മദ്ബഹായുടെ വടക്കുവശത്തു മദ്ബഹായോടു ചേർത്താണ് പണിയപ്പെട്ടിരുന്നത്. അതിന്റെ മേൽക്കൂടിനു ചില കേടുകൾ ഭവിച്ചിരുന്നതിനാൽ അത് 1874 ഡിസംബർ മാസത്തിൽ പൊളിക്കയും മദ്ബഹായുടെ തെക്കുവശത്തു വേറൊരു കെട്ടിടമായി പണികഴിപ്പിക്കയും ചെയ്തു. ഏറെ താമസിയാതെ എന്നുവെച്ചാൽ, 1875 മാർച്ച് മാസത്തിൽ മദ്ബഹായും പൊളിച്ചു പണികഴിപ്പിക്കയും ആ അവസരത്തിൽ അതിൽ ഇപ്പോൾ കാണുന്ന റത്താവൽ പണിയിക്കയും ചെയ്തു.

39. മേൽ ഒമ്പതാം അദ്ധ്യായം 32-ാം ലക്കത്തിൽ കൂനമ്മാവുങ്കൽ കന്യകാമഠം പണികഴിപ്പിച്ചതും അതിനായി പ്രിയോർ (ചാവറ) കുര്യാക്കോസ് ഏലിയാ അച്ചൻ ചെയ്ത ബുദ്ധിമുട്ടികളും വിവരിച്ചിട്ടുണ്ടല്ലോ. ലെയോനാർദ് മെത്രാപ്പോലീത്താച്ചൻ റോമ്മായിൽ നിന്നു 1870 നവംബർ മാസത്തിൽ (മേൽ പത്താം അദ്ധ്യായം 34-ാം ലക്കത്തിൽ വിവരിച്ചിരിക്കുന്നതുപോലെ) മടങ്ങിവന്നപ്പോൾ പ്രിയോരച്ചൻ ദീനംപിടിച്ചു കിടപ്പിലായിരുന്നു. മൂന്നുമാസംവരെ ദീനത്തിൽ കിടക്കുകയും 1871 ജനുവരി മാസം 3-ന് 7.30 മണിക്ക് സൃഷ്ടിതാവിങ്കൽ തന്റെ സുകൃതം നിറഞ്ഞ ആത്മാവിനെ കയ്യാ

ളിക്കയും ചെയ്തു. മരിക്കുന്നതിന്റെ തലേദിവസം പകൽ മൂന്നുമ ണിക്കു ഒടുക്കത്തെ ഒപ്രൂശ്മ കൊക്കൊള്ളുന്നതിനു മുൻപു ചില ജ്ഞാനഓർമ്മകൾ ദെലഗാത്തു മിസ്യൊനാരിയച്ചൻ പറകയും അതുകൾക്കൊക്കയ്ക്കും വിവരമായി മറുപടി പറകയും ചെയ്തു. ഇദ്ദേഹം നടത്തിയ കാര്യങ്ങൾ ഈ ചരിത്രത്തിൽ പല സ്ഥലങ്ങ ളിലായി വിവരിച്ചിട്ടുണ്ട്. പറയാതെ വിട്ടുപോയ ചില സാരമേറിയ സംഗതികൾ താഴെ ചേർക്കുന്നു.

സുറിയാനിക്കുർബാനയുടെ ക്രമങ്ങൾ അടങ്ങിയിരിക്കുന്നതും തുക്കാസാ എന്ന പേരോടുകൂടിയതുമായ ഒരു പുസ്തകം എഴുതി യുണ്ടാക്കുകയും അതു പട്ടക്കാരുടെ ഉപയോഗത്തിനായി അടിപ്പി ക്കയും ചെയ്തു. കുർബാനയിൽ ചെയ്യപ്പെടുന്ന ക്രമങ്ങൾക്കു ഏക രീതി ഉണ്ടാക്കുന്നതിനായി എഴുതിയുണ്ടാക്കിയ ഈ തുക്കാസാ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള സംഗതികളൊക്കെ മിക്കവാറും പാര മ്പര്യമായി പട്ടക്കാരാൽ അനുഷ്ഠിക്കപ്പെട്ടുപോന്ന ക്രമങ്ങളായിരു ന്നാലും അതിൽ ഐക്യരൂപ്യം എല്ലായ്പ്പോഴും ഉണ്ടായിരിപ്പാൻ വേണ്ടിയാണ് കല്പന പ്രകാരം അതു എഴുതി അടിപ്പിച്ചത്.

സുറിയാനി ക്രമപ്രകാരം പഞ്ചാംഗം മുൻപു നിത്യമായതായി രുന്നു. എന്നാൽ അതു പഠിച്ചിരിക്കാൻ എല്ലാവർക്കും പ്രയാസമാ യിരുന്നതുകൊണ്ടും കുർബാനയിൽ ഉപയോഗിക്കുന്ന തിരുവസ്ത്ര ങ്ങൾ ലത്തീൻ ക്രമപ്രകാരം വിവിധ വർണ്ണങ്ങളിലുള്ളവയായിരി ക്കണമെന്നു മേല്പട്ടക്കാരൻ കല്പിക്കകൊണ്ടും സുറിയാനി പഞ്ചാംഗം ആണ്ടുതോറും മലയാളത്തിലെഴുതി അടിപ്പിക്കുന്ന ഏർപ്പാട് നടപ്പിൽ വരുത്തി. ഇതു കൂടാതെ തപസ്സുകുർബ്ബാന, പാട്ടുറംശാ (വേസ്പര) മരിച്ചവരെക്കുറിച്ചുള്ള അന്നീദാ മുതലാ യവയെ സംബന്ധിക്കുന്ന പല ക്രമങ്ങളും എഴുതിയുണ്ടാക്കി നട ത്തി. വലിയ ശനിയാഴ്ചയിലെ ക്രമം ലത്തീനിൽനിന്നു സുറിയാ നിയിൽ തർജ്ജമചെയ്യുകയും, അതു റോമ്മായിലെ അനുവാദപ്ര കാരം (1869 മുതൽ) പ്രധാന കൊവേന്തകളിൽ നടത്തുകയും ചെയ്തു.

സഭയിൽ ഘോഷിക്കുന്ന വിശുദ്ധ ത്രേസ്യാ, യോഹന്നാൻ ക്രൂസ് മുതലായ നമ്മുടെ സഭക്കാരായ പുണ്യവാന്മാരുടെ തിരുനാളുകൾക്കുള്ള പ്രത്യേക വായിപ്പുകൾ ലത്തീൻ തക്സായിൽ നിന്നെടുത്ത സുറിയാനി കുർബാനയിൽ ചേർക്കാൻ റോമ്മായിൽ നിന്നു അനുവാദം വാങ്ങുകയും അപ്രകാരം നടത്തുകയും ചെയ്തു. കാനോന നമസ്ക്കാരപ്പുസ്തകം കയ്യെഴുത്തായിട്ടല്ലാതെ അച്ചടിച്ചതായിട്ടുള്ളതു പണ്ടു ആർക്കും ഇല്ലായിരുന്നു. ഇതിനും പുറമെ ഈ നമസ്ക്കാരങ്ങൾ വളരെ ദീർഘമുള്ളതായിരുന്നു. ആണ്ടുവട്ടത്തിൽ മാറിമാറി എത്തിക്കേണ്ടതായ അനേകം നമസ്ക്കാരങ്ങളുമുണ്ടായിരുന്നു. ഈ സംഗതിക്കു പല മല്പാനച്ചന്മാരോടും ആലോചിച്ച് ദീർഘമായിട്ടുള്ളതു ചുരുക്കിയും പുത്തനായി ചിലതൊക്കെ കൂട്ടിയും ഈ വിധത്തിൽ കാനോന നമസ്ക്കാരം ക്രമപ്പെടുത്തി എഴുതിയുണ്ടാക്കി അച്ചടിച്ചുകിട്ടാനായി റോമ്മായിൽ കൊടുത്തയച്ചു അതിനു മറുപടിയൊന്നും കിട്ടാഞ്ഞതിനാൽ ഈ വിവരങ്ങളെല്ലാം ലെയോനാർദ് മെത്രാപ്പോലീത്താച്ചൻ വത്തിക്കാൻ സൂനഹദോസിനു പോയിരുന്ന സമയം മാർപ്പാപ്പായെ ബോധിപ്പിക്കയും ഇവിടെ ക്രമപ്പെടുത്തിയതുപോലെ അടിച്ചുപയോഗിപ്പാൻ അനുവാദം സിദ്ധിച്ചിരിക്കുന്നതായി മെത്രാപ്പോലീത്താച്ചൻ അറിയിക്കയും ചെയ്തു.

ഈ അനുവാദപ്രകാരം നമസ്ക്കാരപ്പുസ്തകം അടിപ്പിക്കാൻ നിശ്ചയിക്കയും പുസ്തകവിലയായി പട്ടക്കാരിൽ നിന്നും ശെമ്മാശന്മാരിൽ നിന്നും മുൻകൂറ് കുറെ പണം വാങ്ങിക്കയും അതുകൊണ്ടു അച്ചടിവേല ആരംഭിക്കയും ചെയ്തു. മേൽ പത്താം അദ്ധ്യായം 34-ാം ലക്കത്തിൽ വിവരിച്ചിരിക്കുന്ന മാദാമ്മമുത്തി ബോംബെയിൽ നിന്നു കൊണ്ടുവന്ന ഇരുമ്പ് പ്രസ്സ് ഇതിനായി ഉപയോഗിക്കയും 1-ാം ഭാഗം നാലാം അദ്ധ്യായം 19-ാം ലക്കത്തിൽ കാണിച്ചിരിക്കുന്ന ശിവരാമനെ 1869-ൽ കൂനമ്മാവുങ്കൽ കൊണ്ടുപോകയും, ഇവൻ അത്യാവശ്യപ്പെട്ട അക്ഷരങ്ങൾ കൊത്തിയുണ്ടാക്കുകയും, മാന്നാനത്തെ വലിയതരം സുറിയാനി, മലയാളം അക്ഷരങ്ങളുടേയും മറ്റു ചിലതുകളുടേയും ഉരുക്കു മുതലായ മൂലോപക

രണങ്ങൾ അതിനായി ഉപയോഗിക്കയും ചെയ്തു.* കൂനമ്മാവുങ്കൽ ഉണ്ടായിരുന്ന അച്ചടിയന്ത്രങ്ങളാണ് ഇപ്പോൾ എറണാകുളത്ത് അനാഥശാലവകയായി ഉപയോഗിച്ചുവരുന്നത്. ഇങ്ങനെ കൂനമ്മാവുങ്കൽ സുറിയാനി, ലത്തീൻ, മലയാളം എന്നീ ഭാഷകളിൽ അച്ചടിവേല ആരംഭിക്കയും ഉടനെ മസൂമ്മോറാ സുറിയാനിയിൽ അച്ചടിക്കയും ചെയ്തു.

40. 1873 മെയ് മാസത്തിൽ സഭയുടെ അസാധാരണമായ ഒരാലോചന സംഘം കൂടി. അതു മഞ്ഞുമ്മേൽ മെത്രാപ്പോലീത്താച്ചന്റെ സാന്നിധ്യത്തിലാണ് കൂടിയത്. ആ ആലോചന സംഘത്തിൽ വച്ച് സഭയുടെ ദെലഗാത്ത് (വികാരി പ്രോവിൻസ്യാലിന്റെ ദെലഗാത്ത്) ആയിരുന്ന ലെയോപ്പോൾദ് മിസ്യോനാരി അച്ചൻ ആ സ്ഥാനം ഒഴിഞ്ഞതിനാൽ അദ്ദേഹത്തിന്റെപേർക്കു പീലിപ്പോസ് മിസ്യോനാരി അച്ചനെ നിയമിച്ചാക്കി. ഈ ആലോചനയിൽ മെത്രാപ്പോലീത്താച്ചനും, പീലിപ്പോസ്, മർസ്സലീനോസ് എന്ന മിഷ്യനരിമാരും, കൊവേന്തകളുടെ പ്രിയോർ കുര്യാക്കോസ് ഏലീശാ അച്ചനും (രണ്ടാം പ്രിയോരച്ചൻ) എല്ലാ കൊവേന്തകളുടെ വികാരിമാരും ഉണ്ടായിരുന്നു.

ഈ സംഘത്തിൽ വെച്ചു സഭയുടെ (അന്നുകാർത്തുവന്നിരുന്ന) ന്യായപ്രമാണത്തിൽ ചില ഭേദഗതികൾ വരുത്തുകയും അതു പീലിപ്പോസ് മിസ്യോനാരിയച്ചൻ എഴുതി അടിപ്പിക്കയും ചെയ്തു. എന്നാൽ അതിനെപ്പറ്റി സഭയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നതിനാൽ അതു നടപ്പിൽ വരാനിടയായില്ല. ഈ സംഘത്തിൽവെച്ചു കൂനമ്മാവു കൊവേന്തയിൽ 12 വർഷംവരെ വികാരിയായിരുന്ന ഔസേപ്പ് യോഹന്നാനച്ചനെ ആ ജോലിയിൽ നിന്നൊഴിച്ച് പകരം മങ്ങലത്തു യാക്കോച്ചനെ നിശ്ചയിച്ചു. എന്നാൽ ടി. യാക്കോച്ചൻ ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ആ ജോലി സ്വമനസ്സാലെ ഒഴിഞ്ഞ് പുളിങ്കുന്നിൽപോയി താമസി

*ശിവരാമൻ കൂനമ്മാവുങ്കൽവച്ച് മാമ്മോദീസാ മുങ്ങുകയും അവിടത്തെ വേലകഴിഞ്ഞ് മാന്നാനത്തുവന്നു നല്ല ക്രിസ്ത്യാനിയായി ഏറെ നാൾ ജീവിച്ചു ഭാഗ്യമായി മരിക്കയും ചെയ്തു.

ച്ചു. അപ്പോൾ അദ്ദേഹത്തിനു പകരം കൂനമ്മാവു വികാരിയായി തട്ടാച്ചേരിൽ സ്കറിയാച്ചൻ നിയമിക്കപ്പെട്ടു. അരണാട്ടുകര എൽത്തുരുത്ത് കൊവേന്തയുടെ വികാരിയായി കാപ്പിൽ മത്തായി മറിയം അച്ചനും നിയമിക്കപ്പെട്ടു. വാഴക്കുളത്തു കർമ്മെല കൊവേന്തയുടെ വികാരി കാനാട്ട് യാക്കോച്ചനെ വീണ്ടും ആ സ്ഥാന ത്തിൽ തന്നെ ഉറപ്പിക്കയും ചെയ്തു.

പ്രിയോർ ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ 1871 ജനുവരി മാസത്തിൽ മരിക്കയിൽ അദ്ദേഹം തുടങ്ങിയിരുന്ന നമസ്ക്കാര പുസ്തകത്തിന്റെ വേല നമ്മുടെ അച്ചന്മാർ തുടരുകയും നമസ്കാര പുസ്തകം പ്രിയോരച്ചൻ ക്രമപ്പെടുത്തിയ രീതിയിൽ അച്ചടിപ്പിക്കാൻ ഏർപ്പെടുകയും ചെയ്തു. എന്നാൽ ചില കാരണങ്ങളാൽ ആ വേലയ്ക്കു വിഘ്നങ്ങൾ നേരിട്ടതുകൊണ്ടു അന്നു (1873-ൽ) കൂനമ്മാവു കൊവേന്തയുടെ വികാരി ആയിരുന്ന തട്ടാച്ചേരിൽ സ്കറിയാ അച്ചൻ “ശഹീമ്മാപ്പടി” എന്നു പറയുന്ന ആഴ്ച നമസ്കാര പുസ്തകം മാത്രം അടിപ്പിക്കാൻ ആരംഭിക്കയും 1876 ൽ അതു അടിച്ചുതീരുകയും ചെയ്തു. ഒന്നാം ഭാഗം മൂന്നാം അദ്ധ്യായം 11-ാം ലക്കത്തിൽ നമ്മുടെ കാനോൻ നമസ്ക്കാരങ്ങളുടെ വിഭാഗങ്ങളേയും സാരാർത്ഥത്തെയും പറ്റി വിവരിച്ചിട്ടുണ്ടല്ലോ. ഉദയംപേരൂർ സൂനഹദോസിനു മുമ്പു തക്സായും കാനോൻ നമസ്കാരവും തമ്മിൽ എത്രയും യോജിച്ചാണ് ഇരുന്നത്. ആണ്ടിന്റെ ഓരോ ദിവസത്തിൽ ചൊല്ലുന്ന കാനോൻ നമസ്ക്കാരങ്ങൾക്കൊപ്പിച്ചാണ് തക്സായിൽ വായിപ്പുകളും ജപങ്ങളും ചേർത്തിരുന്നതു. ലത്തീൻ റീത്തിൽ തക്സായും കാനോൻ നമസ്ക്കാരങ്ങളും ഈവിധ യോജിപ്പിലാണ് ഇപ്പോഴും ഇരിക്കുന്നതു. എന്നാൽ മേൽപറഞ്ഞ സൂനഹദോസിൽ കൽദായ ക്രമത്തിന്മേലുള്ള അറിവുകേടു നിമിത്തം കുർബാനയൊഴികെ തക്സായുടെ ക്രമീകരിപ്പും വായിപ്പുകളും പൊർച്ചുഗീസ്കാർ മാറ്റിക്കളഞ്ഞു. തന്നിമിത്തം ഇവ രണ്ടും യാതൊരു യോജിപ്പില്ലാതെയാണ് ഇപ്പോൾ ഇരിക്കുന്നതു. തൽക്കാല സ്ഥിതിക്കു അനുസാരമായി തക്സായോടു കാനോനാ നമസ്കാരം യോജിപ്പിക്കാൻ വേണ്ടി

പ്രിയോരച്ചൻ വളരെയധികം ശ്രമിക്കുകയും ഈ വിധത്തിൽ കാനോനാ നമസ്കാരത്തിന്റെ ഒരു ഭാഗം അടിപ്പിക്കുയും ചെയ്തിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ മരണം നിമിത്തം ആ വേല ഫലം കൂടാതെ ആയി. ഇതിനിടയ്ക്കു 1874 മാർച്ച് മാസത്തിൽ അരണാട്ടുകര തരകന്റെ മകനും നമ്മുടെ സഭയിൽ ഒരു പുതുസന്യാസിയുമായിരുന്ന അഗനാത്തിയോസ് ശെമ്മാച്ചൻ അഞ്ചുപട്ട സ്ഥാനത്തിൽ വച്ച് മരിച്ചു. ഈ ശെമ്മാച്ചൻ നമസ്കാര പുസ്തകം പുതിയ രീതിയിൽ അച്ചടിപ്പിക്കുന്നതിനു വളരെ അദ്ധ്വാനിച്ച ഒരാളാണ്. ബുദ്ധികൂർമ്മ, സുകൃതജീവിതം എന്നിത്യാദി സൽഗുണങ്ങളിൽ സഭയ്ക്കു ഒരു അലങ്കാരം പോലെയായിരുന്ന ഈ ശെമ്മാച്ചൻ ദൈവമാതാവിന്റെ ഉത്തരീയ സഭ എന്ന പുസ്തകം മലയാഴ്മയിൽ ഭാഷാന്തരപ്പെടുത്തി. മരണസമയത്തു നല്ല ഒരുക്കങ്ങളോടുകൂടെ അന്ത്യകൂദാശകൾ കൈക്കൊൾകയും അതുവരെ സന്യാസവ്രതങ്ങൾ ചെയ്യാതിരുന്നതിനാൽ വിശേഷ അനുവാദത്തോടെ മരണത്തിനു അല്പം മുമ്പു ടി. വ്രതങ്ങൾ ദൈവത്തിനു സമർപ്പിച്ചു മരിക്കുകയും ചെയ്തു. ഇതിനു മുമ്പു പല നവസന്യാസികൾ മരിച്ചുപോയിട്ടുണ്ട്. 1862 ജനുവരി മാസത്തിൽ തുരുത്തി ഇടവക നേരിയമ്പറമ്പിൽ യൌസേപ്പു ശെമ്മാച്ചനും 1863 ഡിസംബർ മാസത്തിൽ പുത്തൻവേലിക്കര ഉദിയനപറമ്പിൽ ലോനൻ ശെമ്മാച്ചനും കൂനമ്മാവുങ്കൽ വെച്ച് മരണം പ്രാപിച്ചു. 1864 ജനുവരി മാസത്തിൽ കണ്ടശ്ശാങ്കടവു ഇടവക പുറത്തേടത്തു ദൊമ്മനീക്കോസ് എന്ന ഒരു പുതുസന്യാസി ഏൽത്തുരുത്തു കൊവേന്തയിൽ വച്ചും ടി. ആണ്ടു ഫെബ്രുവരി മാസത്തിൽ കൊച്ചിക്കോട്ടയിൽ പോയി ചികിത്സിച്ചിരുന്ന ചങ്ങനാശ്ശേരി ഇടവക പയ്യമ്പള്ളി ലൂയിസ് ശെമ്മാച്ചൻ അവിടെ വെച്ചും മരണം പ്രാപിച്ചു. ടി. ആണ്ടിൽ തന്നെ മാർച്ച് മാസത്തിൽ ആരക്കുഴെ ഇടവക മഞ്ചേരി യൌസേപ്പു അന്തോനി ശെമ്മാശൻ കൂനമ്മാവുങ്കൽ വച്ച് മരിച്ചു. ഇവർ എല്ലാവരും സഭയിൽ ചേർന്ന ആരംഭകാലങ്ങളിൽ ഉണ്ടായിരുന്ന ജ്ഞാനശുഷ്കാന്തിയിൽ

നിലനിന്നവരും ശേഷം സഹോദരന്മാർക്കു നല്ല ദൃഷ്ടാന്തമായി ജീവിച്ചു വന്നവരുമാണ്.

41. മേൽ 38-ാം ലക്കത്തിൽ ബാബേലിൽ നിന്നു മേല്ലോസ് മെത്രാൻ വന്ന വിവരം പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിനു സഹായി ആയി 1875-ൽ മാർ യാക്കോവു എന്ന വേറൊരു കൽദായ മെത്രാനും മലയാളത്തിൽ വന്നിറങ്ങി. ഇങ്ങനെ ശീശ്മ നാട്ടിൽ വർദ്ധിച്ചു വരുന്നത് കണ്ട് ഇതിനൊരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കാനായി റോമ്മായിൽ പരിശുദ്ധ സിംഹാസനത്തിലേക്കു ചില ഹർജികൾ മലയാളത്തിൽ നിന്ന് പട്ടക്കാർ അയച്ചു. ആ ഹർജികൾക്കു നമ്മുടെ സഭയിലെ പല അച്ചന്മാരും അനുകൂലികളായി ചേർന്നുനിന്നു. എന്നാൽ ശീശ്മയ്ക്കു ഒരു നിവർത്തിമാർഗ്ഗം ഉണ്ടാകണമെന്നുള്ള ഉദ്ദേശ്യത്തിൻ പേരിൽ മാത്രം ചെയ്തതാണു. സുറിയാനിക്കാർക്കു സ്വന്തം മെത്രാന്മാരെ കൊടുക്കുന്നതായാൽ അതു ദോഷകരമായി തീരുമെന്നു അന്നു സഭയുടെ ശ്രേഷ്ഠന്മാരായി ഇരുന്നവർക്ക അഭിപ്രായമായിരുന്നതിനാൽ മേല്പറഞ്ഞ ഹർജികളിൽ കൂടിയിരുന്നവരുടെ നേരെ അതൃപ്തി ഉണ്ടാകയും തന്നിമിത്തം ചിലരെ സഭയിൽ നിന്നു തള്ളിക്കളയുകയും ചെയ്തു. എന്നാൽ ഈ കാര്യത്തെപ്പറ്റി റോമ്മായിൽ നല്ലപോലെ പര്യ്യാലോചന ചെയ്തതതിൽ പട്ടക്കാരുടെ അപേക്ഷ ഹർജികളിൽ ബോധിപ്പിച്ചിരുന്ന സംഗതി സാരമേറിയതെന്നും അതു ആലോചിക്കാൻ തക്കതെന്നും തീർപ്പു ചെയ്ത, ശ്ലീഹായ്ക്കടുത്ത വിസിത്തദോരായി അന്നു ബോംബാ വികാരി അപ്പസ്തോലിക്ക ആയിരുന്ന നി.വ.ദി.ശ്രീ. ലെയോ മെവുറീൻ എന്ന മെത്രാനെ മലയാളിത്തിലേക്കു വിട്ടു. ഇദ്ദേഹം 1876 മെയ് മാസത്തിൽ കൊച്ചിയിൽ വന്നിറങ്ങുകയും അവിടെ നിന്നു മാന്നാനത്തു വന്നു ഒരു മാസം വരെ താമസിച്ച് പട്ടക്കാരുടെയും ജനങ്ങളുടെയും ഒരു യോഗത്തെ വിളിച്ചു കൂട്ടുകയും ചെയ്തു. പിന്നീട് ഇദ്ദേഹം കൂനമ്മാവുങ്കലും അവിടെ നിന്നു എൽത്തുരുത്തു കൊവേന്തയിലും പോകയും ഇവിടെ

അദ്ദേഹം ബോംബയിലേക്കു മടങ്ങുന്നതുവരെ താമസിക്കുകയും ചെയ്തു.

1876 ജനുവരി മാസത്തിൽ മുമ്പു സഭയുടെ ദെലഗാത്തായിരുന്ന ലെയോപ്പോൾദ് മിസ്യോനാരിയച്ചൻ റോമ്മായിൽ നിന്നും വന്ന കൽപ്പനപ്രകാരം മലയാളം വിട്ടു പോകുകയുണ്ടായി. ഇദ്ദേഹം പോയപ്പോൾ 1869 ഏപ്രിൽ മാസത്തിൽ ഈ മലയാളത്തിൽ വന്നു കൂനമ്മാവുങ്കൽ താമസിച്ച് അവിടെ ഉണ്ടായിരുന്ന നമ്മുടെ അച്ചടിപ്പുരയെ സംബന്ധിച്ച കാര്യത്തിൽ വളരെ പരിഷ്കാരങ്ങളും സുറിയാനി നമസ്കാരപ്പുസ്തകം അടിപ്പിക്കുന്നതിനു വളരെ യത്നങ്ങളും ചെയ്തിരുന്ന ആളും അദ്ദേഹത്തിന്റെ അനുജനുമായ ജെരാർദ് മിസ്യോനാരിയച്ചൻ കൂടി പോയി. ഇവർ രണ്ടുപേരും റോമ്മായിൽ എത്തി. പ്രോപ്പഗാന്തതിരുസംഘത്തിന്റെ ശ്രേഷ്ഠനായ കർദ്ദിനാളിനെ കണ്ടശേഷം കർമ്മലീത്താ സഭയുടെ ജനറാൾ ശ്രേഷ്ഠൻ അറിയിച്ചതുപോലെ നിശ്ചയിക്കപ്പെട്ട ആശ്രമങ്ങളിൽ പോയി പാർക്കുകയും ചെയ്തു.

വിസിത്തദോർ അപ്പസ്തോലിക്കാ (Apostolic Visitor) മേൽ പറഞ്ഞ മെവുറീൻ മെത്രാനച്ചന്റെ റിപ്പോർട്ടുകൾ റോമ്മായിൽ എത്തിയതിനുശേഷം അവിടെനിന്നു കപ്പുച്ചീൻ സഭക്കാരനായ ഇഗനാസിയോസ് പേർസിക്കൊ എന്ന ഒരു മെത്രാനെ 1877 ഫെബ്രുവരി മാസത്തിൽ മലയാളത്തിലേക്കു യാത്രയാക്കുകയും അദ്ദേഹം വാരാപ്പുഴ, കൂനമ്മാവ് മുതലായ സ്ഥലങ്ങളിൽ വന്നതിനുശേഷം എൽതുരുത്തു കൊവേന്തയിൽ അന്നു താമസിച്ചിരുന്ന മെവുറിൻ മെത്രാനച്ചനെ ചെന്നു സന്ദർശിക്കുകയും ഒടുവിൽ റോമ്മായിൽ എത്തി കാര്യങ്ങൾ ബോധിപ്പിക്കുകയും ചെയ്തു. റോമ്മായിൽ കാര്യങ്ങളൊക്കെ വേണ്ടപോലെ ആലോചിച്ചതിനുശേഷം തൽക്കാലത്തേക്ക് സുറിയാനിക്കാരെ തനിച്ചു ഭരിക്കാനായി വരപ്പുഴ വികാരി അപ്പസ്തോലിക്കായുടെ സഹായി ആയി ഒരു മെത്രാനെ വാഴിക്കണമെന്നു തീർച്ച ചെയ്കയും അതിൻപ്രകാരം

പുത്തൻപള്ളി സെമ്മിനാരിയുടെ റൈത്തോരായിരുന്ന മർസ്ലീനോസ് മിസ്യോനാരിയച്ചനെ സഹായമെത്രാനായി നിശ്ചയിക്കുകയും അദ്ദേഹം 1877 ഒക്ടോബർ മാസത്തിൽ വാഴ്ച ഏൽക്കുകയും ചെയ്തു. ഇദ്ദേഹത്തെ സഹായമെത്രാനായി നിയമിക്കുന്ന അധികാരപത്രം (ബൂള) വന്ന ഉടനെ വിസിത്തദോർ അപ്പസ്തോലിക് ആയ മെവുറീൻ മെത്രാനവർകൾ ബോംബായിലേക്കു മടങ്ങിപ്പോകുകയും ചെയ്തു. ഇദ്ദേഹം ബോംബായിലേക്ക് പോയപ്പോൾ മാർ യാക്കോവു എന്ന കൽദായ മെത്രാനെ കൂടെ കൊണ്ടു പോയി. ഈ മാർ യാക്കോവ് 1877 ജൂലൈ മാസത്തിൽ ശീശ്മ ഉപേക്ഷിച്ച് നമ്മുടെ അരണാട്ടുകരെ കൊവേന്തയിൽ വന്ന് പാർത്തിരുന്നു. ബാബേൽ പാത്രിയർക്കീസ് ഇദ്ദേഹത്തോടും മേലോസ് മെത്രാനോടും മലയാളം വിട്ടു ഉടനെ ബാബേലിലേക്ക് ചെല്ലാനായി കൽപന അയച്ചിരുന്നു. ആ കൽപന അനുസരിച്ചാണ് മാർ യാക്കോവ് ശീശ്മഭാഗം ഉപേക്ഷിച്ചത്. ഇദ്ദേഹം കുറെനാൾ ബോംബയിൽ താമസിച്ചതിനുശേഷം റോമ്മയിലെ കൽപ്പനപ്രകാരം ബാബേലിലേക്കു പോകുകയും അവിടെ പാത്രയർക്കീസ് നിശ്ചയിച്ചുകൊടുത്ത രൂപതയുടെ ഭരണം ഏൽക്കുകയും ചെയ്തു.

42. മേൽ പത്താം അദ്ധ്യായം 37-ാം ലക്കത്തിൽ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ 1871 ജനുവരി മാസത്തിൽ മരിക്കയിൽ ആസ്ഥാനത്തിൽ അദ്ദേഹത്തിന്റെ പിൻഗാമിയായി പോരൂക്കരെ കുരിയാക്കോസ് ഏലിശാ അച്ചനെ നിയമിച്ച വിവരം പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തെ പ്രിയോരായി തെരഞ്ഞെടുത്ത് അധികാരപത്രം കൊടുത്തത് 1871 ഫെബ്രുവരി മാസം 22-നു ലെയോനാർദ് മെത്രാപ്പോലീത്താച്ചനായിരുന്നു.മേൽ 40-ാം ലക്കത്തിൽ വിവരിച്ചിരിക്കുന്നതുപോലെ 1873-ൽ ഉണ്ടായ സഭയുടെ ആലോചനാസംഘത്തിൽ അന്നു മാന്നാനത്തു വികാരിയായിരുന്ന സക്കറിയാ അപ്രേം അച്ചനെ ആ ജോലിയിൽ നിന്നു ഒഴിച്ചതിനാൽ തൽക്കാലത്തേക്ക് വികാരിയുടെ ജോലികൾ ഒക്കെ പ്രിയോരച്ചൻ തന്നെ നടത്തി വന്നു. 1876 മെയ് മാസത്തിൽ

മാന്നാനത്തു വികാരിയായി അലക്സാന്തർ യൌസേപ്പച്ചൻ (കട്ടക്കയത്തു ചാണ്ടിയച്ചൻ) നിയമിക്കപ്പെട്ടു. ഇദ്ദേഹം വികാരിയായിത്തീർന്ന ഉടനെ തന്നെ അതായതു ആ മെയ് മാസത്തിൽ വിസിത്തദോർ അപ്പസ്തോലിക്കാ മെവുറീൻ മെത്രാനച്ചൻ മാന്നാനത്തു വന്നു ഇദ്ദേഹത്തെ മഹാ ആഘോഷമായി കൈക്കൊള്ളുന്നതിനു തെക്കും വടക്കമുള്ള പ്രധാന സുറിയാനി പള്ളിക്കാർ ഏകോപിച്ചു ചേരുകയും എല്ലാവരും സന്തോഷപൂർവ്വം അദ്ദേഹത്തെ കൈക്കൊൾകയും ചെയ്തു.

മേൽവിവരിച്ചിട്ടുള്ളതുപോലെ അദ്ദേഹം 1877-ൽ മലയാളം വിട്ടുപോകുകയും മർസ്ലീനോസ് മെത്രാനച്ചൻ സുറിയാനിക്കാരുടെ കാര്യങ്ങൾ അമ്പേഷിക്കാനായി നിയമിക്കപ്പെടുകയും ചെയ്തു കഴിഞ്ഞ ഉടനെ 1877 ഡിസംബർ മാസത്തിൽ സഭയുടെ ഒരു അസാധാരണ സംഘം കൂനമ്മാവു കൊവേന്തയിൽ വച്ചു കൂടി. ഈ സംഘം വിളിച്ചു കൂട്ടിയതു മർസ്ലീനോസ് മെത്രാനച്ചനാണ്. അതിൽ തലസ്ഥാനിയായിരുന്നതും അവിടുന്നു തന്നെയാണ്. ഈ സംഘത്തിൽ കൊവേന്തക്കാരാക്കാൻ ആവശ്യപ്പെട്ട അച്ചന്മാരൊഴികെ മറ്റുള്ള എല്ലാ അച്ചന്മാരും എല്ലാ കൊവേന്തകളിൽ നിന്നു വന്നുചേർന്നു. അന്നു കാത്തു വന്നിരുന്ന സഭയുടെ ന്യായപ്രമാണം സഭയിൽ ഏറ്റം പൂർവ്വന്മാരായ 8 അഥവാ ചുരുങ്ങിയപക്ഷം 4 അച്ചന്മാരുടെ കയ്യൊപ്പോടുകൂടെ പ്രൊഫഗാന്ത തിരുസംഘത്തിലേക്ക് കൊടുത്തയക്കണ മെന്നുണ്ടായ കല്പനപ്രകാരമാണ് ഈ സംഘം കൂടിയത്. സഭയുടെ ന്യായപ്രമാണം റോമ്മായിലേക്കു കൊടുത്തയച്ച്, വിശുദ്ധ സിംഹാസനത്തിന്റെ സ്ഥിരീകരണം ലഭിക്കുന്നതിനും ന്യായപ്രമണത്തിൽ ചില ഭേദഗതികൾ വരുത്തുന്നതിനുമായി പല ആലോചനകൾ ആ സംഘത്തിൽ നടത്തി. സംഘാവസാനത്തിൽ ചില അച്ചന്മാരെ ന്യായപ്രമാണം മലയാളത്തിൽ നിന്നു ലത്തീനിലേക്ക് ഭാഷാന്തരം ചെയ്യാനായി തെരഞ്ഞെടുത്തു നിശ്ചയിച്ചു. താമസിയാതെ മാർസ്ലീനോസ് മെത്രാനച്ചൻ

ന്യായപ്രമാണം റോമ്മായിലേക്ക് അയയ്ക്കുകയും ചെയ്തു. ഈ സംഘത്തിൽ വച്ചു കൊവേന്തകൾക്ക് ശ്രേഷ്ഠന്മാരെ പുത്തനായി നിയമിക്കുകയും ഉണ്ടായി.

43. മേൽ ഒമ്പതാം അദ്ധ്യായം 29-ാം ലക്കത്തിൽ അരണാട്ടുകര എൽതുരുത്തു കൊവേന്തയിലെ പള്ളിപ്രതിഷ്ഠ മുതലായ സംഗതികൾ വിവരിച്ചിട്ടുള്ളതാണല്ലോ. 1867 മെയ് മാസത്തിൽ ഉണ്ടായ സഭയുടെ പൊതു ആലോചന സംഘത്തിൽ വച്ച് വികാരി മത്തായി മറിയം അച്ഛൻ മാറുകയും പകരം വികാരിയായി പള്ളിപ്പുറത്തു ഇടവക മംഗലത്തിൽ യാക്കോവു യൊസേപ്പച്ചൻ നിയമിക്കപ്പെടുകയും ചെയ്തു. വൈദ്യവിഷയത്തിൽ പ്രസിദ്ധന്മാരായ ചിറമ്മെൽ തരകന്മാരുടെ ചികിത്സയാൽ സുഖം പ്രാപിക്കാനായി രോഗികളായ നമ്മുടെ സന്യാസികൾ ഇടയ്ക്കിടക്കു എൽതുരുത്തിൽ വന്നു പാർത്തുകൊണ്ടു തരകന്മാരുടെ ചികിത്സ കഴിച്ചുവന്നിരുന്നു. ഈ തരകന്മാർ തങ്ങളുടെ സ്വന്ത ചിലവിന്മേൽ പള്ളിയുടെ ഒരു കപ്പേള പണിയിച്ചതുകൂടാതെ വിശുദ്ധ കുർബാന സംഗ്രഹിക്കാനുള്ള ചില കുസ്തോദികളും എഴുന്നെള്ളിക്കാനുള്ള ഒരു വിശുദ്ധ പാത്രവും (അരുളിക്കാ) ദാനമായി കൊവേന്തക്കു കൊടുത്തിട്ടുണ്ട്. 1868 മെയ് മാസത്തിൽ ജനങ്ങൾക്കായി രണ്ടാമതു ഒരു ധ്യാനം കഴിക്കുകയും അയൽപള്ളികളിൽ നിന്നു പല ജനങ്ങൾ വന്നുകൂടുകയും ചെയ്തു. ഈ മാസത്തിൽ തന്നെ കാനോനപ്രകാരമുള്ള സ്ഥാനസന്ദർശനം (വിസീത്ത) കഴിക്കാനായി ദെലഗാത്ത ലെയോപ്പോൾദ് മിസ്യെനാരിയച്ചൻ വരികയും അതു കഴിച്ചുംവെച്ചു അദ്ദേഹം മടങ്ങിപ്പോകുയും ചെയ്തു. മേലാർക്കോട്ടുള്ള നമ്മുടെ സുറിയാനിപ്പള്ളിയിൽ ദൂരം നിമിത്തം വികാരിമാരായിരിക്കാൻ മനസ്സുള്ള പട്ടക്കാർ നന്നാ ദുർല്ലഭമായിരുന്നതിനാൽ പലപ്പോഴും ബുദ്ധിമുട്ടുകൾക്കിടയായിട്ടുണ്ട്. അതു കൊണ്ടു ആ ഇടവകയിൽ നിന്നും ഏതാനും കുട്ടികളെ എടുത്തു പഠിപ്പിക്കണമെന്നു മെത്രാപ്പോലീത്താച്ചന് വളരെ താല്പര്യമുണ്ടായിരുന്നു. അതിൻപ്രകാരം അവിടെ നിന്നു മൂന്നു കുട്ടികളെ എടുത്ത് എൽതുരുത്തിലെ നമ്മുടെ സെമിനാരിയിൽ പഠിപ്പിക്കാൻ കല്പിക്കുകയും

അവർ 1868-ൽ എൽതുരുത്തിലെ ആദ്യ സെമിനാരിക്കായി ചേർന്നു പഠിക്കുകയും ചെയ്തു.

മലയാളത്തിന്റെ നാനാഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന സുറിയാനിപ്പള്ളികളിലും അക്കാലത്തു വരാപ്പുഴ അധികാരത്തിൽ ഇരുന്നിരുന്ന ലത്തീൻ പള്ളികളിലും ആണ്ടുതോറും നമ്മുടെ അച്ചന്മാർ പോയി ജനങ്ങൾക്കു ജ്ഞാനധ്യാനം കഴിച്ചുകൊടുത്തിരുന്നു. ഏകദേശം ആണ്ടിന്റെ പകുതികാലം വരെ ധ്യാനിപ്പിക്കുന്നതിനു ഉദ്യോഗപ്പെട്ടിരുന്നു. ഒരു പള്ളിയിലെ ധ്യാനത്തിനു കുറഞ്ഞപക്ഷം നാലും അഞ്ചും അച്ചന്മാർ ഉണ്ടായിരിക്കുക പതിവായിരുന്നു. ഇങ്ങനെ ആണ്ടിൽ പത്തും ഇരുപതും പള്ളികളിൽ ധ്യാനിപ്പിക്കുകയും ധ്യാനാനന്തരം ആ പള്ളികളിൽ മേൽപട്ടക്കാർ വന്നു സ്ഥാനസന്ദർശനം നടത്തുകയും ചെയ്തിരുന്നു. 1869-ൽ മുല്ലശ്ശേരി പള്ളിയിലും മറ്റും മേൽപ്പറഞ്ഞപോലെ നമ്മുടെ അച്ചന്മാർ പോയി ധ്യാനം കഴിക്കുകയും അനന്തരം ഏൽതുരുത്തു കൊവേന്തയിൽ ഏതാനും ദിവസങ്ങൾ താമസിച്ചശേഷം ആഗസ്റ്റ് മാസം 12-നു ഒല്ലൂർ പള്ളിയിൽ ചെല്ലുകയും അവിടെ നിന്നു വരാപ്പുഴെയ്ക്കു മടങ്ങുകയും ചെയ്തു.

1870 മെയ് മാസത്തിൽ ഉണ്ടായ സഭയുടെ പൊതു ആലോചനയിൽ വച്ചു മടത്തുഞ്ചാലിൽ മത്തായി യൌസേപ്പച്ചൻ ഇക്കാലത്തു സെമിനാരിക്കാർ താമസിച്ചു വന്നിരുന്നതു കൊവേന്തയുടെ പടിഞ്ഞാറെ കെട്ടിലെ വലിയമുറിയുടെ രണ്ടാം നിലയിലാണ്. ഇവരുടെ കാര്യാന്വേഷണം നടത്തി വന്നത് സ്തൻസ്ലാവോസ്, വറിതു എന്ന അച്ചന്മാരും, ളൂയീസ് ശെമ്മാച്ചനുമായിരുന്നു. 1871 ജനുവരി മാസത്തിൽ സഭയുടെ പൊതു പ്രിയോരായിരുന്ന ചാവറ കുറിയാക്കോസ് ഏലിയാ അച്ചൻ മരിക്കയിൽ അദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം എല്ലാ കൊവേന്തകളിലും ആഘോഷമായ ശേഷക്രിയകൾ നടത്തിയതുപോലെ എൽതുരുത്തിലും നടത്തി. ആയിടയ്ക്കു നമ്മുടെ അച്ചന്മാർ ധ്യാനം കഴിച്ച പള്ളികളിൽ സ്ഥാനസന്ദർശനം കഴിക്കാനായി ലെയനോർദ് മെത്രാപ്പോലീത്താ

ച്ചൻ വരികയും ആ സന്ദർഭത്തിൽ  കുട്ടികൾക്കു മുമ്പിലത്തെ ഒപ്രൂശ്മാ കൊടുക്കുന്നതിനായി കൊവേന്തയിൽ നിന്നും അച്ച ന്മാർ പോയി അവരെ ഒരുക്കുകയും അനന്തരം എൽതുരുത്തിൽ ഫെബ്രുവരി മാസം 2-നു ഘോഷിക്കുന്ന ശുദ്ധീകരണ മാതാ വിന്റെ തിരുനാൾക്കു മെത്രാപ്പോലീത്താച്ചൻ വന്നു കൂടുകയും അവിടെ നിന്നു വാരാപ്പുഴയ്ക്കു മടങ്ങുകയും ചെയ്തു.

ഈ കാലത്തിൽ തന്നെ മേൽപ്പറഞ്ഞ സെമിനാരിയുടെ രണ്ടാം ഭാഗമായി എൽത്തുരുത്തു കൊവേന്തയിലെ ആദ്യ കെട്ടിടമായ കിഴക്കേ ബങ്കളാവിൽ റോക്കോസ് മെത്രാനോടു പട്ടമേറ്റ ശെമ്മാ ശന്മാരെ കൂടി പഠിപ്പിക്കാൻ മെത്രാപ്പോലീത്താച്ചൻ കല്പിക്കുകയും അവരുടെ കാര്യം വിചാരിക്കാനും പഠിപ്പിക്കാനുമായി പാലാക്കു ന്നൽ ചാക്കോച്ചനെ നിയമിക്കുകയും ചെയ്തു.

1871 മാർച്ച് മാസത്തിൽ വികാരി മേൽപ്പറഞ്ഞ മടത്തുഞ്ചാ ലിൽ മത്തായി യൌസേപ്പച്ചനു തളർവാതം പിടിപെടുകയും രോഗ ശമനാർത്ഥം മഹാതൈലം കൊണ്ടു യൌസേപ്പു തരകൻ ചികി ത്സിക്കുകയും ചെയ്തു. ദീനം നിമിത്തം വികാരിത്വജോലി നട ത്താനായി ദേവസ്സിയച്ചനെ കല്പിച്ചാക്കുകയും അദ്ദേഹം 6 മാസ ത്തേക്കു ആ ജോലി നോക്കുകയും ചെയ്തു.

44. 1873-ൽ ഉണ്ടായ സഭയുടെ ആലോചനാസംഘത്തിൽ വച്ചു എൽത്തുരുത്തിലെ വികാരിയായിരുന്ന മടത്തുഞ്ചാലിൽ മത്തായി യൌസേപ്പച്ചനു പകരം കാപ്പിൽ മത്തായി മറിയം അച്ചൻ നിയമി ക്കപ്പെട്ടു. ടി. ആണ്ടു ജൂൺ മാസത്തിൽ സെമിനാരിയുടെ റൈത്തോ രായി കമ്മീലോസ് മിസ്യോനാരി അച്ചൻ നിയമിക്കപ്പെടുകയും അദ്ദേഹം ഒരു വർഷത്തോളം ആ ജോലി നടത്തുകയും ചെയ്തു. ഇദ്ദേഹം എൽത്തുരുത്തിൽ താമസിച്ചിരുന്ന കാലത്തു ഒരു വസ ന്തദീനം സമീപസ്ഥലങ്ങളിൽ ആരംഭിച്ചു. അപ്പോൾ അദ്ദേഹം പോയി രോഗികൾക്ക് അന്ത്യകൂദാശകൾ കൊടുത്തിരുന്നു. 1874 ആഗസ്റ്റ് മാസത്തിൽ ജെരാർദ് മിസ്യോനാരി അച്ചൻ റൈത്തോ രായി വന്നു. അടുത്ത സെപ്റ്റംബർ മാസം 23-നു ദീനമായി കിട

ന്നിരുന്ന മുടത്തുഞ്ചാലിൽ മത്തായി യൌസേപ്പച്ചൻ മരണം പ്രാപിക്കുകയും സഭയുടെ ചട്ടപ്രകാരം വേണ്ടിയ ആഘോഷത്തോടെ അടക്കം ചെയ്യുകയും ചെയ്തു. 1875 ഒക്ടോബർ മാസത്തിൽ റൈത്തോരായിരുന്ന ജെരാർദ് മിസ്യോനാരി അച്ചൻ ആ ജോലിയിൽ നിന്നു മാറിയതിനാൽ വികാരി അച്ചൻ തന്നെ ആ ജോലിയും വഹിച്ചു നടത്തി. എന്നാൽ പിറ്റെമാസത്തിൽ റൈത്തോരായി ചിറക്കൽ പൗലോസ് മറിയം അച്ചനും സഹായിയായി കാർല്ലോസച്ചനും നിയമിക്കപ്പെട്ടു.

മേൽ മുപ്പത്തെട്ടാം ലക്കത്തിൽ പറഞ്ഞിട്ടുള്ള മേല്ലോസ് മെത്രാൻ മലയാളത്തിൽ വന്നപ്പോൾ ലെയോനാർദ് മെത്രാപ്പോലീത്താ വരാപ്പുഴ നിന്നു കണ്ടശ്ശാങ്കടവു പള്ളിയിൽ സ്ഥാനസന്ദർശനം കഴിക്കാനായി ചെന്നിരുന്നു. അപ്പോൾ ആ ധ്യാനം നടത്തിയിരുന്ന (കട്ടക്കയത്തു) ചാണ്ടിയച്ചനോടു ഈ ശീശ്മയെപ്പറ്റി പറകയിൽ റോക്കോസ് ശീശ്മയോടു യുദ്ധം ചെയ്തതുപോലെ ഇതിലും യുദ്ധം ചെയ്യണമെന്നും അതിനായി എൽത്തുരുത്തിൽ താമസിക്കണമെന്നും കല്പിച്ചു. അന്നു എൽത്തുരുത്തു കൊവേന്തയുടെ വികാരിയായിരുന്ന കാപ്പിൽ മത്തായി മറിയം അച്ചൻ, അരണാട്ടുകര ചിറമ്മെൽ തരകൻ, തൃശ്ശിവപേരൂർ രായസക്കാരൻ, ആലങ്ങാടൻ ആട്ടോക്കാരൻ മുതലായ മാന്യന്മാർ കൂടി ആലോചിച്ചു റൊട്ടിക്കാരൻ കുഞ്ഞിപ്പാപ്പുവിന്റെ വീടിന്റെ ഒരു ഭാഗം സ്ഥലം ഒഴിച്ച് കപ്പേളയാക്കി കുർബാന മുതലായ കർമ്മങ്ങൾ ആരംഭിക്കുകയും വികാരി കാപ്പിലച്ചനും ചാണ്ടിയച്ചനും പിന്നീടു പാലാക്കുന്നേൽ ചാക്കോച്ചനും ആ കപ്പേള നടത്തിവരികയും ചെയ്തു. ആ കപ്പേളയ്ക്കു റൊട്ടിപ്പള്ളി എന്നു ഹാസ്യമായി ശീശ്മക്കാരും ബേസ്ലേഹം കപ്പേള എന്നു കത്തോലിക്കരും പേർ പറഞ്ഞു പോന്നു. ശീശ്മ മുഖാന്തിരം ഉണ്ടായ എഴുത്തുകുത്തുകൾ മൂലം സുറിയാനിപ്പള്ളികളുടെ വിസിത്തദോർ അപ്പസ്തോലിക്കാ എന്ന സ്ഥാനത്തിൽ 1876 മെയ് മാസത്തിൽ ബോംബെ വികാരി അപ്പസ്തോലിക്കാ ആയ മെവുറിൻ മെത്രാനച്ചൻ മലയാളത്തിൽ വരികയും അദ്ദേഹം എൽത്തുരുത്തു കൊവേന്തയിൽ ഒരു വർഷത്തി

ലധികം താമസിക്കുകയും ചെയ്തു. ഇദ്ദേഹം ഇവിടെ താമസിക്കയിൽ 1876 ഒക്ടോബർ മാസം 8-നു ഞായറാഴ്ച തൃശ്ശിവപേരൂർനിന്നു ശീശ്മക്കാർ വന്ന് പള്ളിമുഖവാരത്തു വെച്ചു മെത്രാനച്ചനെ കാണുകയും പല കാര്യങ്ങൾ സംബന്ധിച്ചു തർക്കിച്ചകൂട്ടത്തിൽ സുറിയാനിക്കാർക്കു ഒരു മെത്രാനെ കൊടുക്കാത്ത കാരണം എന്താണെന്നു ചോദിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ കത്തോലിക്ക ഭാഗത്തിലെ വികാരിയച്ചന്മാരും ഉണ്ടായിരുന്നു. അതിനു മെത്രാനച്ചൻ കൊടുത്ത മറുപടി - നിങ്ങൾ റോമ്മായിൽ ഇതിന്നായി ആവലാധി ബോധിപ്പിക്കാത്തതാണെന്നായിരുന്നു. മേല്പറഞ്ഞ മെവുറീൻ മെത്രാനച്ചൻ ഏൽത്തുരുത്തിൽ താമസിച്ചിരുന്ന കാലത്തു* ഈ സംഗതിക്കായിത്തന്നെ റോമ്മയിൽ നിന്നും അയക്കപ്പെട്ട ഇഗ്നാസിയോസ് പേർസിക്കോ എന്ന മെത്രാൻ 1877 ഫെബ്രുവരി 28-നു ഇവിടെയെത്തി മെവുറീൻ മെത്രാനച്ചനെ സന്ദർശിക്കുകയുണ്ടായി. അതിന്റെ ശേഷം അദ്ദേഹം വരാപ്പുഴെ ചെന്നു മെത്രാപ്പോലീത്തായെ സന്ദർശിക്കുകയും ഉടൻ തന്നെ റോമ്മായിലേക്കു യാത്ര തിരിക്കുകയും ചെയ്തു.

ടി. ആണ്ടു മാർച്ച് മാസം 31-നു ശീശ്മഭാഗക്കാരും അരണാട്ടുകാരുമായ തേറാട്ടിൽ കൂനൻ യാക്കോ കത്തനാരച്ചനും ഇട്ട്ളൻ ദേവസി മുതൽപേരും എൽത്തുരുത്തു കൊവേന്തമേൽ തങ്ങൾക്കു അവകാശം കിട്ടേണ്ടതിലേക്കായി തൃശ്ശിവപേരൂർ ജില്ലാക്കോർട്ടിൽ ഒരു അന്യായം ഹാജരാക്കി. ഈ അന്യായം കൊവേന്തക്കു അനുകൂലമായി പര്യവസാനിച്ചെങ്കിലും തന്മൂലം അനേകം അനർത്ഥങ്ങൾ സഹിക്കേണ്ടതായി നേരിട്ടു. ഇതിനിടക്കു ടി. ആണ്ടു ജൂലായ് മാസത്തിൽ ബാബേൽ പാത്രിയർക്കീസ് മേല്ലോസ് മെത്രാനും മാർ യാക്കോവു മെത്രാനും മലയാളത്തിൽ നിന്നു പിന്തിരിയണമെന്നു അയച്ച കൽപ്പനപ്രകാരമാണ് മാർ യാക്കോവു മെത്രാൻ മനസ്സു തിരിഞ്ഞ് നമ്മുടെ ഏൽത്തുരുത്തു കൊവേന്തയിൽ വന്നു താമ

*സുറിയാനി മെത്രാനെ കിട്ടണമെന്നു സുറിയാനിക്കാരും അതു പാടില്ലെന്നു അവരുടെ ഭരണകർത്താക്കളും വാദിച്ചു എഴുത്തുകുത്തുകൾ റോമ്മയിലേക്കു ചെയ്തിരുന്നു. ഈ സംഗതിക്കു എന്തു തീർച്ച ചെയ്യണമെന്ന് നിശ്ചയിക്കാനായിട്ടാണ് മേല്പറഞ്ഞ പേർസിക്കൊ മെത്രാനെ മലയാളത്തേയ്ക്കു റോമ്മായിൽ നിന്നു വിട്ടത്.

സിച്ചത്. ഈ രണ്ടു മെത്രാന്മാർക്കും പാത്രിയർക്കീസ് അയച്ച എഴുത്തു സുറിയാനിയിൽ ആയിരുന്നു.* അതിന്റെ മലയാള തർജ്ജമയോടുകൂടെ ആ എഴുത്തു അന്നു കൂനമ്മാവുങ്കൽ ഉണ്ടായിരുന്ന നമ്മുടെ പ്രസ്സിൽ നിന്നു അടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. വാസ്തവം ഇങ്ങനെ ആയിരിക്കെ മിസ്റ്റർ മെക്കൻസി 1901-ൽ തിരുവിതാംകൂർ ഗവൺമെന്റ് പ്രസ്സിൽ അടിപ്പിച്ച "തിരുവിതാംകൂറിലെ ക്രിസ്ത്യാനി മതം" (Christianity in Trvancore) എന്ന പുസ്തകം 85-ാം പുറത്തും പിന്നീട് 1905-ൽ അദ്ദേഹം എഴുതി അടിപ്പിച്ചു. തിരുവിതാംകൂർ ഗവൺമെന്റ് വക സ്റ്റേറ്റു മാനുവലിലും ബാബേൽ പാത്രിയർക്കീസ് പരസ്യമായി മേല്ലോസ് മെത്രാൻ മലയാളം വിട്ടു പോകാൻ കൽപ്പന കൊടുക്കുകയും എന്നാൽ രഹസ്യമായി അയച്ച വേറൊരു കൽപ്പനയിൽ മലയാളത്തിൽ തന്നെ ടി. മെത്രാൻ താമസിച്ചുകൊള്ളാൻ കൽപ്പിക്കുകയും ചെയ്തതായി പറയുന്നതു തീരെ അടിസ്ഥാനമില്ലാത്ത ഒരു കഥനമാണ്.

മാർ യാക്കോവു മെത്രാൻ ശീശ്മ ഭാഗം ഉപേക്ഷിച്ച് ഒല്ലൂർ പള്ളിയിൽ വരികയും അവിടെ നിന്നു ആഗസ്റ്റ് മാസം 2-ന് എൽത്തുരുത്തു കൊവേന്തയിൽ എത്തുകയും സെപ്റ്റംബർ മാസം 28-ന് മെവുറീൻ മെത്രാനച്ചന്റെ കൂടെ അദ്ദേഹം ബോംബയിലേക്കു പോകുകയും ചെയ്തു. തൃശ്ശിവപേരൂരിലെ ശീശ്മക്കാർ ഇദ്ദേഹത്തിന്റെ മനസ്സു തിരിവിൽ ലജ്ജിച്ചു തങ്ങളുടെ പക്കൽ മേല്ലോസ് മെത്രാൻ താമസിക്കുന്നതു പാത്രിയർക്കീസു ബാവായുടെ കല്പന പ്രകാരമാണെന്നു വ്യാജമായി പറഞ്ഞു നടത്തി. ഈ മാർ യാക്കോവു മെത്രാനെ കൊണ്ടുവന്നതു മെവുറീൻ മെത്രാനച്ചന്റെ ദ്വിഭാഷിയായി അദ്ദേഹത്തിന്റെ കൂടെ അന്നു താമസിച്ചിരുന്ന പ്രസിദ്ധനായ നിധീകരിക്കൽ മാണി അച്ചൻ ആയിരുന്നു.

45. മേൽ 42-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതും കൂനമ്മാവുങ്കൽ കൂടിയതുമായ സഭയുടെ അസാധാരണയായ സംഘം 1877

*പാത്രിയർക്കീസിന്റെ ഒപ്പും മുദ്രയും പതിച്ച എഴുത്തു ഇപ്പോൾ മാന്നാനം ആശ്രമത്തിലെ പുസ്തകശാലയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ഡിസംബർ മാസം 27-നു ആരംഭിക്കുകയും 1878 ജനുവരി മാസത്തിൽ അവസാനിക്കുകയും ചെയ്തു. ഈ സംഘത്തിൽ വച്ച് നടന്ന ശ്രേഷ്ഠൻമാരുടെ നിയമനങ്ങളിൽ എൽത്തുരുത്തു കൊവേന്തയുടെ വികാരിയായി നിയമിക്കപ്പെട്ടതു ദേവസ്സിയച്ചൻ ആയിരുന്നു. കൊവേന്തക്കും സെമിനാരിക്കും കണക്കും നടത്തലും അന്നുവരെ ഒന്നായി കഴിഞ്ഞിരുന്നതു മേലിൽ പാടില്ലെന്നുണ്ടായ കല്പന പുത്തൻ വികാരിയച്ചൻ നടത്തുകയും 1878 ഫെബ്രുവരി മാസത്തിൽ സെമിനാരിക്കാരെ സെമിനാരിയുടെ പണിക്കുറവു തീർത്തു അതിൽ മാറ്റി പാർപ്പിക്കുകയും ചെയ്തു. ടി. മാസത്തിൽ തന്നെ മർസ്സലീനോസ് മെത്രാനച്ചൻ വാഴ്ച ഏറ്റിട്ടു ആദ്യമായി എൽത്തുരുത്തിൽ വന്നു സ്ഥാനസന്ദർശനം കഴിച്ചു. ടി. ആണ്ടു ജൂലായ് മാസത്തിൽ അല്പോൻസച്ചൻ സെമിനാരി റൈത്തോരായി (Rector) നിയമിക്കപ്പെട്ടു. ഇതിനിടയ്ക്കു വികാരിയച്ചന്റെ സുഖക്കേടു നിമിത്തം അപേക്ഷപ്രകാരം അദ്ദേഹത്തെ വികാരിത്വജോലിയിൽ നിന്നും വിടർത്തുകയും 1880 ജൂൺ മാസത്തിൽ പ്രൊവികാരി ആയി മർശ്ലീനോസച്ചനെ നിയമിച്ചാക്കുകയും ചെയ്തു. ടി. മാസം വിശുദ്ധ ലൂയിസു പുണ്യവാളന്റെ തിരുനാൾ ദിവസത്തിൽ മേൽപ്പറഞ്ഞ കൊവേന്തയുടെ മേലുള്ള വ്യവഹാരം ഗുണമായി* പര്യവസാനിച്ചു.

1880 ഒക്ടോബർ മാസത്തിൽ വടക്കൻ ദിക്കുകളിലുള്ള പള്ളികളിൽ സ്ഥാനസന്ദർശനം കഴിക്കാനായി വരാപ്പുഴ നിന്നു മർസ്സലീനോസ് മെത്രാനച്ചൻ പുറപ്പെടുകയും ആ സന്ദർഭത്തിൽ എൽതുരുത്തിൽ വന്ന് 12 സെമിനാരിക്കാർക്കു പട്ടവും 300-ൽ പരം കുട്ടികൾക്കു മുമ്പിലത്തെ ഒപ്രൂശ്മായും കൊടുക്കുകയും ചെയ്തു.

1881-ൽ സെമിനാരികളിൽ ഇംഗ്ലീഷ് പഠനം നിർബന്ധം ആക്കുകയും അതിന്റെ കാര്യനോട്ടത്തിനായി (Inspector) ആഗുസ്തീനോസ് മ്പുത്ത് ലൊ മിസ്യോനാരിയെ നിയമിക്കുകയും ചെയ്തു.

*ഈ വ്യവഹാരം നമുക്കു ഗുണമായി പര്യവസാനിക്കുന്നതിനു നിധിയിരിക്കൽ മാണി അച്ചനും അശ്രാന്തമായി പരിശ്രമിച്ചിട്ടുണ്ട്.

അതിൻപ്രകാരം സെമിനാരി പരീക്ഷാർത്ഥം ടി. മിസ്യോനാരി അച്ചൻ ആ മാർച്ചു മാസത്തിൽ ഏൽത്തുരത്തിൽ വന്നു. ടി. ആണ്ടു മാന്നാനത്തു കൊവേന്തയ്ക്കു കല്ലിട്ടിട്ട് 50-ാം വത്സരമായിരുന്ന തിനാൽ അതു വളരെ ആഘോഷമായി മാന്നാനത്തു നടത്തപ്പെ ട്ടു. ആഘോഷത്തിനു വരാപ്പുഴെ നിന്നു മർസ്സലീനോസ് മെത്രാ നച്ചനും കൊവേന്തകളിൽ നിന്നു ശ്രേഷ്ഠന്മാരും വന്നു കൂടിയിരു ന്നു. മെയ് 7-നു ടി. ജൂബിലി ആഘോഷിക്കുകയും അതു കഴിഞ്ഞ ഉടനെ 9-നു സഭയുടെ പൊതു ആലോചന അവിടെ വച്ചു നട ത്തുകയും എൽത്തുരുത്തിൽ കുറെ മുൻപു മുതൽ പ്രൊവികാരി ആയിരുന്ന മർസ്സലീനോസച്ചനെ വികാരിയായി നിശ്ചയിക്കുകയും ചെയ്തു.

1881 ഒക്ടോബർ മാസത്തിൽ സെമിനാരിയുടെ റൈത്തോർ ആയിരുന്ന അല്പോൻസച്ചൻ ആ ജോലിയിൽ നിന്നു ഒഴികയും 1883 മെയ് മാസത്തിൽ ഹെനറിക്കോസച്ചനെ ആ സ്ഥാനത്തി ലേക്കു നിയമിച്ചതുവരെ റൈത്തോരിന്റെ വേലകൂടെ വികാരിയ ച്ചൻ നോക്കി വരികയും ചെയ്തു. 1882 മാർച്ചു മാസം 5-നു മേല്ലോസ് മെത്രാൻ മലയാളം വിട്ടു ബാബേലിലേക്കു പോയി. ഇദ്ദേഹം മലയാളത്തിൽ വന്നത് 1874-ൽ ആയിരുന്നു. 1877-ൽ റോമ്മായിലെ കല്പന പ്രകാരം അദ്ദേഹത്തെ ബാബേലിലേക്കു (കൽദ്ദായ) പാത്രിയർക്കീസു വിളിച്ചു എന്നാലും അന്നു പോകാ തെയിരുന്നു. ആ കല്പന പ്രകാരമാണ് മാർ യാക്കോവു മെത്രാൻ ശീശ്മഭാഗം ഉപേക്ഷിച്ചത്.

1883-ാം കാലം എൽത്തുരുത്തു കൊവേന്തയ്ക്കു അടിസ്ഥാന ക്കല്ലിട്ടിട്ടു 25-ാം വർഷമായിരുന്നതിനാൽ ആ സന്ദർഭസൂചകമായി ആയാണ്ടത്തെ നാല്പതു മണി ആരാധന വളരെ ആഘോഷമായി കഴിച്ചു. 1884 ജനുവരി മാസത്തിൽ കൂനമ്മാവുങ്കൽ വച്ചുണ്ടായ സഭയുടെ പൊതു ആലോചനയിൽ എൽത്തുരുത്തിലെ വികാരി യായി വാറുണ്ണിയച്ചനെ തിരഞ്ഞെടുത്തു. ഇദ്ദേഹം വികാരിയായി രുന്ന കാലത്ത് തൃശ്ശിവപേരൂരിലെ ശീശ്മഭാഗത്തു നിന്നിരുന്ന ചില

ശെമ്മാശന്മാർ മനസ്സു തിരിഞ്ഞതിനാൽ അവർ കല്പന പ്രകാരം എൽത്തുരുത്തു സെമിനാരിയിൽ വന്ന് പഠിക്കുകയും മർസ്സലീനോസ് മെത്രാനച്ചൻ അവർക്കു പട്ടം കൊടുക്കുകയും ചെയ്തു.

## അദ്ധ്യായം 12

46. മേൽ ഒമ്പതാം അദ്ധ്യായം 30-ാം ലക്കത്തിൽ വാഴക്കുളത്തു കൊവേന്തയിലെ പള്ളിപണിയുടെ കല്പണി, മരപ്പണി മുതലായവ മിക്കവാറും തീർന്നതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ശേഷിച്ചിരുന്ന വെള്ളതേപ്പു മുതലായതൊക്കെ കഴിച്ച് വെടിപ്പുവരുത്തുകയും, 1877 ഫെബ്രുവരി മാസം 8-ാംനു പള്ളിയുടെ പ്രതിഷ്ഠാകർമ്മം ആഘോഷമായി നടത്തുകയും ചെയ്തു. ടി. കർമ്മം നടത്തിയത് വരാപ്പുഴ നിന്നു ലെയോനാർദ്ദ് മെത്രാപ്പോലീത്താച്ചനായിരുന്നു. പ്രതിഷ്ഠാകർമ്മം നടന്ന ദിവസത്തിൽ ദിവ്യപൂജ ആദ്യമായിട്ട് പാടിയത് പ്രംസീസ്കോസച്ചൻ ആയിരുന്നു. ഇദ്ദേഹത്തിനു മുമ്പുണ്ടായിരുന്ന മൂത്രോപദ്രവം വർദ്ധിക്കുകയും ആദീനം ശക്തിപ്പെട്ടു 1878 ഫെബ്രുവരി മാസം 21-നു അന്ത്യകൂദാശകളൊക്കെയും ബഹു ഭക്തിപൂർവ്വം കൈക്കൊണ്ട് സൃഷ്ടിതാവിങ്കൽ തന്റെ ആത്മാവിനെ ഭരമേൽപ്പിക്കുകയും ചെയ്തു. ഇദ്ദേഹം ഒല്ലൂർപള്ളി ഇടവകയിൽ ചേർന്ന എരിഞ്ഞേരി എന്ന മാന്യ കുടുംബത്തിൽ ജാതനാകയും ദൈവശുശ്രൂഷയിൽ തന്റെ ആയുഷ്കാലം സഭയിൽ, കൂനമ്മാവുങ്കലെ പുതു സന്യാസാശ്രമത്തിൽ, 13 വയസ്സു പ്രായത്തിൽ പ്രവേശിക്കുകയും എൽതുരുത്തു കൊവേന്തയിൽ വച്ചു പുത്തൻകുർബാന ചൊല്ലുകയും ചെയ്തു. ഇദ്ദേഹം തനിക്കു 27 വയസ്സു പ്രായമായപ്പോൾ ആണ് മരണം പ്രാപിച്ചത്. മർസലീനോസച്ചന്റെ അനുജനുമാണ്.

പള്ളി പണിക്കുറവു തീർത്ത്, അതിൽ കർമ്മാദികൾ നടത്തിവരുമ്പോൾ കോന്തുരുത്തിക്കു സമീപം തേവര എന്നു പറഞ്ഞു പോരുന്ന ചെങ്ങനാട്ടു എന്ന സ്ഥലത്തു നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിന്റെ നാമത്തിൽ ഒരു ചെറിയ പള്ളി പണിയണമെന്നു വികാരി കാനാട്ടു യാക്കോവു മറിയം അച്ചൻ നിശ്ചയിക്കുകയും അതിനുവേണ്ടിയിരുന്ന അനുമതി വരാപ്പുഴ മർസ്സലീനോസ് മെത്രാനച്ചനോടു വാങ്ങിച്ച് അതിനായി ശ്രമിക്കുകയും ചെയ്തു. ഇതിന്നായി പലരിൽ നിന്നും അദ്ദേഹം ഒരു ധർമ്മശേഖരം ചെയ്യു

കയും അതുകൊണ്ടു മേൽപ്പറഞ്ഞ പള്ളി (കപ്പേള) പണികഴിപ്പിക്കുകയും ചെയ്തു. തന്റെ സ്വന്തം ചെലവിന്മേൽ പള്ളിയോടു ചേർന്നു ഒരു മുറിയും പണി കഴിപ്പിച്ചു. തിരുഹൃദയത്തിന്റെ നാമത്തിൽ മലയാളത്തിൽ പണിയിക്കപ്പെട്ടിട്ടുള്ള ആദ്യ പള്ളി ഇതാണെന്നാണ് വിശ്വസിക്കപ്പെട്ടിരിക്കുന്നത്.

ഇതിനുശേഷം വികാരിയച്ചനു പ്രമേഹദീനം പിടിപെടുകയും അത് ക്രമേണ വർദ്ധിച്ചുവരികയും ചെയ്തു. ഇതിനായി പല നാട്ടു ചികിത്സകളും ഇംഗ്ലീഷ് ചികിത്സകളും ചെയ്തിട്ടും വിശേഷ ഗുണമൊന്നും ഉണ്ടായില്ല. ഇങ്ങനെ നാൾക്കുനാൾ ദീനം കൂടിക്കൂടി വന്നു. കടശി മരണത്തിനുവേണ്ട ഒരുക്കങ്ങളൊക്കെയും ചെയ്കയും അന്ത്യകൂദാശകൾ ഒക്കയും ഭക്തിപൂർവ്വം കൈക്കൊൾകയും ചെയ്തു. ആ സന്ദർഭത്തിൽ തന്റെ സന്യാസികൾ ഏവരേയും വിളിച്ചുവരുത്തി തന്റെ ഭരണകാലത്ത് താൻ മുഖാന്തിരം അവർക്കു വല്ല സങ്കടത്തിനോ ഇടർച്ചക്കോ കാരണം വന്നിട്ടുണ്ടെങ്കിൽ അതെല്ലാം ദൈവത്തെ ഓർത്തു ക്ഷമിക്കണമെന്നും ഒരു നല്ലമരണം തനിക്കു കിട്ടുന്നതിനു പ്രത്യേകം പ്രാർത്ഥിക്കണമെന്നും അപേക്ഷിച്ചു. ഇതിനു ശേഷം വേണ്ട ഒരുക്കങ്ങളോടു കൂടെ 1885 ജൂൺ മാസം 10-നു ബുധനാഴ്ച 10.30 മണിക്കു കർത്താവിൽ നിദ്രചെയ്കയും, പിറ്റേദിവസം ബഹു ആഘോഷത്തോടെ അദ്ദേഹത്താൽ പണിയിക്കപ്പെട്ട കൊവേന്തപള്ളിയിൽ മദ്ബഹായുടെ നടുവിൽ കുഴിപ്പിച്ചുമൂടിയിരുന്ന കല്ലറയിൽ അടക്കം ചെയ്യപ്പെടുകയും ചെയ്തു. തന്റെ ശിഷ്യനായിരുന്ന പല പട്ടക്കാർ മുടങ്ങാതെ റാസ മുതലായ ആഘോഷ പാട്ടുപൂജകൾ മരണശേഷം അനേകനാൾവരെ നടത്തിയിരുന്നു.

ഇദ്ദേഹം 1826 ഫെബ്രുവരി മാസം 12-നു കോന്തുരുത്തു ഇടവകയിൽ കാനാട്ടു എന്ന മാന്യ കുടുംബത്തിൽ ജനിച്ചു. ദൈവ ഊഴിയക്കാരുടെ ഗണത്തിൽ ചേരണമെന്നുള്ള ആഗ്രഹത്താൽ വാരാപ്പുഴെ സെമിനാരിയിൽ ചേർന്നു പഠിക്കയും 1850 സെപ്റ്റംബർ 21-നു കുർബാനപ്പട്ടം ഏൽക്കയും ഒക്ടോബർ 20-നു ഞായ

റാഴ്ച കോന്തുരുത്തുപള്ളിയിൽവെച്ച് പുത്തൻകുർബാന ചൊല്ലുകയും ചെയ്തു. ഇതിനുശേഷം സ്വന്ത ഇടവകയിലും മറ്റു പല പള്ളികളിലും വികാരിത്വജോലി സ്തുത്യർഹമായി നടത്തി. ഇങ്ങനെയിരിക്കുമ്പോൾ നമ്മുടെ സഭയിൽ മാന്നാനത്തും കൂനമ്മാവുങ്കലുമുള്ള കൊവേന്തകളിൽ അനുസരിച്ചു വന്ന പുണ്യജീവിതവും സൽപ്രവൃത്തികളും കണ്ട് അതിൽ പ്രവേശിക്കണമെന്നു നിശ്ചയിക്കയും, വേണ്ടിയിരിക്കുന്ന അനുമതികളോടു കൂടെ 1857 ഒക്ടോബർ മാസം 24-നു കൂനമ്മാവു ആശ്രമത്തിൽ നവസന്യാസിയായി ചേരുകയും ചെയ്തു. സന്യാസജീവിതത്തിന്റെ ഒരു വർഷം കഴിഞ്ഞപ്പോൾ 1858 നവംബർ മാസം 1-നു സന്യാസ വാഗ്ദത്തങ്ങൾ ചാവറ കുരിയാക്കോസ് ഏലിയാ അച്ചന്റെ കയ്യാൽ ദൈവത്തിന്നു സമർപ്പിച്ചു. ഇതിനുശേഷം വാഴക്കുളത്തു കൊവേന്ത സ്ഥാപിക്കാനായി 1859 മെയ് മാസം 19-നു വേറെ ചില അച്ചന്മാരോടുകൂടെ അയയ്ക്കപ്പെടുകയും ആ സന്ദർഭത്തിൽ ഇദ്ദേഹത്തെ വാഴക്കുളത്തു കൊവേന്തയിലെ തന്റെ വികാരിയായി പ്രിയോരച്ചൻ നിശ്ചയിച്ച് അതിനുള്ള അധികാരപത്രം കൊടുക്കയും ചെയ്തു. അന്നു മുതൽ മരണംവരെ 26 വർഷം ആ കൊവേന്തയുടെ വികാരിയായി കാര്യങ്ങൾ നടത്തുകയും കൊവേന്ത, സെമിനാരി, പള്ളി മുതലായി ഇപ്പോൾ കാണുന്ന കെട്ടിടങ്ങൾ പണിയിക്കയും ചെയ്തു. ആത്മോപകാരാർത്ഥം പെരുങ്ങൊഴ, കാട്ടാമല, കല്ലൂർ മുതലായ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുന്നതിനു യത്നിക്കുകയും ചെയ്തു.

47. മേൽ ഒമ്പതാം അദ്ധ്യായം 31-ാം ലക്കത്തിൽ പുളിങ്കുന്നു കൊവേന്ത പണിതു തീർന്നതും അവിടെ ഒരു ചെറിയ സെമിനാരി സ്ഥാപിച്ചതും വിവരിച്ചിട്ടുണ്ടല്ലോ. കൊവേന്ത പണി മുഖിയായതിനുശേഷം അതിനുവേണ്ടി അതിയായ ബുദ്ധിമുട്ടു കഴിച്ച തോപ്പിൽ ഗീവർഗീസു യൗസേപ്പച്ചന് 1872-ന്റെ ആരംഭത്തിൽ ഒരു സുഖക്കേടു ആരംഭിച്ചു.  അദ്ദേഹത്തിന്റെ വലത്തു കാലിന്മേൽ ഒരു ഓസ്തിവട്ടത്തിൽ ഒരു വ്രണം വന്നു പഴുത്തു. അതിൽ നിന്നും വലുതായ വേദന അനുഭവിച്ചിരുന്നെങ്കിലും അതെല്ലാം അനുകര

ണീയമായ ക്ഷമയോടെ അനുഭവിച്ചുവന്നു. ഒന്നും ചെയ്‌വാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിൽ ആയിത്തീർന്നിട്ടും കഠിന ബുദ്ധി മുട്ടു സഹിച്ചകൊണ്ട് കുർബാന മുടക്കാതെ ദിനംതോറും ചൊല്ലി വന്നു. അതിന്നു തീരെ പാടില്ലാതെ വന്നപ്പോൾ താങ്ങിപിടിച്ചു പള്ളിയിൽ ചെന്ന് ആഴ്ചയിൽ രണ്ടുപ്രാവശ്യം വിശുദ്ധ കുർബാന ഉൾകൊണ്ടുവന്നു. ദീനം കൂടുതലായിരിക്കുന്നതു അന്നു ചങ്ങ നാശ്ശേരി പള്ളിയിൽ സ്ഥാനസന്ദർശനം കഴിക്കാനായി വന്നിരുന്ന ലെയനാർദ് മെത്രാപ്പോലീത്താച്ചൻ അറിഞ്ഞു അവിടേയ്ക്കു പോകുന്ന വഴിമദ്ധ്യേ പുളിങ്കുന്നു കൊവേന്തയിൽ കയറി നമ്മുടെ വന്ദ്യ ദീനക്കാരനെ കാണുകയും ഒരു ദിവസം അവിടെ താമസി ച്ചതിനുശേഷം പിന്തിരികയും ചെയ്തു. ഇതു 1873 സെപ്റ്റംബർ മാസത്തിൽ ആയിരുന്നു. ഇതിനു ശേഷം ദീനം കൂടുകയും അന്ത്യ കൂദാശകളൊക്കെയും നല്ല ഒരുക്കത്തോടും ബോധത്തെളിവോടു ംകൂടി കൈക്കൊണ്ട് 1873 ഒക്ടോബർ മാസം 13-നു തിങ്കളാഴ്ച കർത്താവിൽ നിദ്രപ്രാപിക്കയും ചെയ്തു. ഒന്നര വർഷത്തോളം ദീനമായി കിടന്നെങ്കിലും അതൊക്കയും നല്ല ക്ഷമയോടെ അനു ഭവിച്ചു വന്നിരുന്നു. ഇദ്ദേഹം സഭയുടെ അടിസ്ഥാനക്കല്ലുകളിൽ ഒന്നും നാലു തൂണുകൾപോലെയിരിക്കുന്ന സഭയുടെ സ്ഥാപക രിൽ നാലാമത്തെ ആളും ആയിരുന്നു.

നമ്മുടെ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ കഴിഞ്ഞാൽ സഭയിൽ ഒന്നാമത്തവൻ ഇദ്ദേഹമായിരുന്നു. ഇദ്ദേഹം കുർബാന പ്പട്ടം ഏറ്റ ആണ്ടിൽതന്നെ (1838) ലോകം ഉപേക്ഷിച്ചു മാന്നാനത്തു ചെന്നു അന്നു അവിടെ സന്യാസ ഭവനത്തിനായി വേല ചെയ്കയും സന്യാസജീവിതമുറപോലെ ജീവിച്ചുവരികയും ചെയ്തു. പള്ളിപ്പുറത്തു തോമ്മാച്ചൻ, പോരൂക്കര തോമ്മാച്ചൻ, ചാവറ കുരിയാക്കോസച്ചൻ എന്നീ വന്ദ്യമഹാത്മാക്കളോടും ചേരു കയും അന്നുമുതൽ മരണംവരെ സഭയ്ക്കായും ജനങ്ങളുടെ ആത്മ രക്ഷക്കായും വളരെ അദ്ധ്വാനങ്ങൾ കഴിക്കയും ചെയ്തു. കാര്യ ങ്ങളിൽ ഇദ്ദേഹം വളരെ ആലോചനയുള്ളവനും, ബുദ്ധിനോട്ടമു ള്ളവനുമായിരുന്നെങ്കിലും നടപടികളിൽ ഒരു പൈതലിനെപ്പോലെ

പരമാർത്ഥിയായിരുന്നു. ഇദ്ദേഹത്തിന്റെ സുശീലവും സുകൃതജീവിതവും കണ്ടിരുന്ന ജനങ്ങൾ ഇദ്ദേഹത്തെ ഒരു പുണ്യവാനെപ്പോലെ ഗണിക്കയും മതിക്കയും ചെയ്തിരുന്നു. ജനങ്ങളോടു ധർമ്മം ചോദിച്ചു മേടിക്കുന്നതിനു ഇദ്ദേഹത്തിനു അസാമാന്യ സാമർത്ഥ്യം ഉണ്ടായിരുന്നു. അവർക്കു ഇദ്ദേഹത്തിന്റെ നേരെയുള്ള മതിപ്പും വിശ്വാസവും നിമിത്തം ചോദിക്കുന്ന തുക സന്തോഷപൂർവ്വം കൊടുത്തുവന്നു. വടക്കൻദിക്കിൽ ഇദ്ദേഹത്തിനു വലിയ ജനസ്വാധീനമുണ്ടായിരുന്നതിനാൽ അരണാട്ടുകര എൽത്തുരുത്തു കൊവേന്ത പണി ചെയ്യിക്കുന്നതിനായി അവിടേക്കു അയയ്ക്കപ്പെടുകയും തന്റെ മധുര സ്വഭാവവും പുണ്യനടപടിയും നിമിത്തം ആ കൊവേന്ത പണിക്കു വേണ്ടിയിരുന്ന ധർമ്മം ജനങ്ങളിൽ നിന്നു പിരിച്ചു നടത്തുകയും ചെയ്തു. എൽത്തുരുത്തു കൊവേന്തയുടെ പണി തീർന്ന ഉടനെ പുളിങ്കുന്നിൽ പണി ആരംഭിക്കുകയും നടപ്പില്ലാതെ കിടക്കയും ചെയ്തിരുന്നതായ ആ കൊവേന്ത പണി നടത്തുന്നതിനായി ഇദ്ദേഹം ശ്രേഷ്ഠന്മാരാൽ നിയമിക്കപ്പെടുകയും അവിടെ ചെന്നു തന്റെ സൽസ്വഭാവം മുഖാന്തിരം കിട്ടിയിരുന്ന ധർമ്മംകൊണ്ടു ആ കൊവേന്തയുടെ പണി തീർക്കയും ചെയ്തു. ഇപ്പോൾ നൂറ്റുക്ക അഞ്ചു എന്നു പറഞ്ഞുവരുന്നതും പള്ളികളിൽ നിന്നു മേല്പട്ടക്കാർക്കു കൊടുക്കുന്നതുമായ പണത്തിന്റെ ഏർപ്പാടു ഉണ്ടാക്കിയത് നമ്മുടെ വന്ദ്യ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ ആണെന്നുള്ളതു സർവ്വ പ്രസിദ്ധമാണല്ലോ. സെമിനാരികളുടെ നടത്തിപ്പിനും മറ്റു ധർമ്മ ഏർപ്പാടുകൾ നടത്തുന്നതിനും വേണ്ടുന്ന പണം ഇല്ലാത്തതിനാലുള്ള ബുദ്ധിമുട്ടു ഒരിക്കൽ വന്ദ്യ ഓർമ്മക്കു യോഗ്യനായ ബെർണ്ണർദിനോസ് മെത്രാപ്പോലീത്താച്ചൻ ടി. പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചനോടു പറഞ്ഞുകേൾപ്പിച്ചപ്പോൾ* ഈ വക കാര്യങ്ങൾക്കായി പള്ളികളിൽ നിന്നു നൂറ്റുക്കു അഞ്ചു ഏർപ്പെടുത്തണമെന്നും അതുമൂലം മേൽപറഞ്ഞ ബുദ്ധിമുട്ടു തീർന്നുപോകുമെന്നും പ്രിയോരച്ചൻ അറിയിച്ചു കൊടുത്തു.

---

*ഈ സംഗതിക്കായി പ്രിയോരച്ചൻ 1857 മീനം 15 പള്ളികളിലേക്ക് അയച്ച പരസ്യ എഴുത്ത് മാന്നാനത്ത് ഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിപ്പുണ്ട്.

അന്നു മുതലാണ് നൂറ്റക്കഞ്ചു എന്ന സംഖ്യയുടെ ഏർപ്പാടു നടന്നു തുടങ്ങിയത്. അതുകൊണ്ടു സെമിനാരികൾക്കു മാത്രമല്ല കൊവേന്ത മുതലായ ധർമ്മസ്ഥാപനങ്ങൾക്കും വലിയ സഹായം സിദ്ധിക്കുന്നതിനു ഇടയായിട്ടുണ്ട്. ഈ ഏർപ്പാടു പോലെയോ അതിലുപരിയായോ ഉള്ള ഗുണങ്ങൾക്കു മൂലസ്ഥാനമായ പിടിയരിയുടെ ഏർപ്പാടു നമ്മുടെ നാട്ടിൽ ഉണ്ടാകാനുള്ള കാരണം നമ്മുടെ വന്ദ്യ തോപ്പിലച്ചനാണ്. ഇദ്ദേഹം പുളിങ്കുന്നു കൊവേന്ത പണിയിച്ചുവരുമ്പോൾ അതിന്റെ നടത്തിപ്പിനായി വീടുകൾതോറും പിടിയരിയിടുവാൻ ജനങ്ങളെ താല്പര്യപ്പെടുത്തുകയും അതിന്റെ വരവു കൊണ്ടു വലിയ സഹായം കൊവേന്ത പണിക്കു സിദ്ധിക്കയും ചെയ്തു. ഇതിന്റെ ഗുണം കണ്ടുകൊണ്ടാണ് മേൽ സ്തുതിക്കപ്പെട്ട ബെർണ്ണർദിനോസ്സ് മെത്രാപ്പോലീത്താച്ചൻ പിടിയരി എല്ലാ വീടുകളിലും ഇട്ടു സൂക്ഷിക്കുന്നതിനു കല്പന എഴുതി ഏർപ്പാട് ചെയ്തത്. ഇതിൽനിന്നുണ്ടായ മുതൽകൊണ്ടു പല കൊവേന്തകൾ ജനങ്ങൾക്കു ഭാരംകൂടാതെ തീരുന്നതിനും അവയിൽ നടത്തപ്പെടുന്ന പുണ്യകൃത്യങ്ങൾക്കു അവർ ഓഹരിക്കാരായി തീരുന്നതിനും സംഗതിയായിട്ടുണ്ട്. സന്യാസ വാഗ്ദത്തങ്ങളിൽ ഒന്നായ അനുസരണയിലും പരമാർത്ഥം എന്ന സൽഗുണത്തിലും നമ്മുടെ കഥാനായകൻ എത്ര ഉയർന്നു നിൽക്കുന്നവനാണെന്നു കാണിക്കാൻ ഒരു ദൃഷ്ടാന്തം ഇവിടെ പറയുന്നു.

കൂനമ്മാവുങ്കലെ കന്യകാമഠം പണി ചെയ്തിരുന്ന കാലത്തു പണത്തിനു ബുദ്ധിമുട്ടുവന്നപ്പോൾ അന്നു കൊവേന്തകളുടെ ദലഗാത്തായിരുന്ന ലെയോപ്പോൾദ് മിസ്യാനാരി അച്ചൻ നമ്മുടെ തോപ്പിലച്ചനോടു എവിടെനിന്നെങ്കിലും 200 രൂപാ പിരിച്ചുകൊണ്ടു വരണമെന്നു ആജ്ഞാപിച്ചു. അനുസരണയുള്ളവനും ശ്രേഷ്ഠന്മാർക്കു കീഴ്വഴങ്ങുന്നതു അവർക്ക് അധികാരം കൊടുത്തിരിക്കുന്ന ദൈവത്തിനുതന്നെ കീഴ്വഴങ്ങുകയാണ് ചെയ്യുന്നതെന്നു പൂർണ്ണവിശ്വാസമുള്ളവനുമായിരുന്ന നമ്മുടെ വന്ദ്യ കഥാനായകൻ പുറപ്പെട്ട്, തൃപ്പൂണിത്തുറ മുതലായ സ്ഥലങ്ങളിൽ നിന്ന് ഒരു പിരിവു നടത്തി. ഒടുവിൽ പണം എണ്ണിനോക്കിയപ്പോൾ 400 രൂപാ

വരെ ഉണ്ടായിരുന്നതായി കണ്ട്, കൊടുത്ത ആളുകളെ വരുത്തി 200 രൂപാ മതിയെന്നും അത്രയുംപിരിച്ചുകൊണ്ടുവരാനെ ശ്രേഷ്ഠൻ പറഞ്ഞിട്ടുള്ളൂ എന്നും അതിനാൽ അധികതുക നിങ്ങൾതന്നെ എടുത്തുകൊള്ളണമെന്നും പറഞ്ഞ് അവർക്കു മടക്കിക്കൊടുക്കയും ചെയ്തു.

ഇദ്ദേഹം (തോപ്പിലച്ചൻ) പിറന്നത് 1813-ൽ പുളിങ്കുന്നു ഇടവക വെളിയനാട്ടു തോപ്പിൽ എന്ന മാന്യകുടുംബത്തിൽ കിക്കിലിയാ, കുര്യൻ എന്ന മാതാപിതാക്കന്മാരിൽ നിന്നാണ്. നല്ല ഭക്തന്മാരായ ഇവർക്കു 5 പുത്രന്മാരും ഒരു പുത്രിയും ഉണ്ടായിരുന്നു. നമ്മുടെ കഥാനായകൻ ഒരിക്കൽ പുറക്കാട്ടുപള്ളിയിൽ തിരുനാൾക്കു പോയിരിക്കയിൽ കേട്ട സാരഗർഭമായ ഒരു പ്രസംഗത്തിൽ നിന്നു അനിത്യഭാഗ്യങ്ങളുടെ അസ്ഥിരതയും നിത്യഭാഗ്യത്തിന്റെ അവസാനമില്ലായ്കയും ഗ്രഹിച്ച് ലോക ഭാഗ്യങ്ങളൊക്കയും ഉപേക്ഷിച്ച് ദൈവത്തിനായി തന്റെ ആയുഷ്ക്കാലം പ്രതിഷ്ഠിക്കാൻ ആഗ്രഹിക്കയും അതിനായി ദൈവശുശ്രൂഷികളായ പട്ടക്കാരുടെ ഗണത്തിൽ ചേരണമെന്നു  നിശ്ചയിക്കയും ചെയ്തു. തങ്ങളുടെ പുത്രനെ വിട്ടുപിരിയാൻ ഒട്ടും മനസ്സില്ലാതിരുന്ന മാതാപിതാക്കൾ പൈതലിന്റെ സ്ഥിരതയും ദൈവഭക്തിക്കടുത്ത ജീവിതവും കണ്ട് അവന്റെ അപേക്ഷക്കു വിസമ്മതം കാണിക്കുന്നതു ദൈവചിത്തത്തിനു വിരോധമായിത്തീരുമെന്നു ഭയന്ന് അതിനു സമ്മതിച്ച് തങ്ങളുടെ സംബന്ധിയായ അന്നു പുളിങ്കുന്നു പള്ളിയിൽ വസിച്ചുവന്നിരുന്ന മൂന്നൂറ്റിനാല്പതിലച്ചന്റെ പക്കൽ നമ്മുടെ കൊച്ചുഗീവർഗീസിനെ ഏല്പിക്കയും ചെയ്തു.

അക്കാലത്തു പുളിങ്കുന്നുപള്ളി പദ്യവാദ അധികാരത്തിൽ ഇരുന്നതിനാൽ ഗോവർണ്ണദോരച്ചൻ സ്ഥാനസന്ദർശനം കഴിക്കാനായി ആ പള്ളിയിൽ വന്നസമയം നമ്മുടെ ബാലനിൽ വിളങ്ങിയിരുന്ന സൽഗുണങ്ങളും ദൈവഭക്തിയും കണ്ട് സന്തോഷിച്ച് തന്റെ കൂടെ ബാലനെ ഒല്ലൂർപള്ളിയിൽ കൊണ്ടു പോയി താമസിപ്പിച്ച് പോർച്ചുഗീസ് ഭാഷയും മറ്റും പഠിപ്പിക്കയും സുകൃത ജീവി

തത്തിന്റെ മുറകളിൽ പരിശീലിപ്പിക്കയും ചെയ്തു. എന്നാൽ ഗവർണ്ണദോരച്ചനു പള്ളികളെ സന്ദർശനം കഴിക്കാൻ കൂടെക്കൂടെ ആവശ്യം നേരിട്ടിരുന്നതുകൊണ്ടു നമ്മുടെ പൈതലിന്റെ പഠിത്വ ത്തിനു തടസ്സം നേരിടുകയും തന്നിമിത്തം സ്വദേശത്തേക്കു മട ങ്ങി, അക്കാലത്തു കീർത്തിപെട്ടിരുന്ന വടയാറ്റു മല്പാനച്ചന്റെ പക്കൽ പോയി ആ വന്ദ്യപുരോഹിതന്റെ പിതൃപാലനയിൻകീഴ് വിദ്യ അഭ്യസിക്കയും ദൈവഭക്തിയിൽ നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചു ജീവിച്ചുവരികയും ചെയ്തിരുന്നു. അവിടെവച്ച് ആസ്ത പ്പാടു പട്ടമേറ്റാറെ ഏറെ താമസിയാതെ തനിക്കു ഒരു മഹാദീനം പിടിപെടുകയും തന്നിമിത്തം വീട്ടിൽപോയി ഓരോ ചികിത്സ ചെയ്യുന്നതിനു നിർബന്ധപ്പെടുകയും ചെയ്തു.

തന്റെ സുകൃതജീവിതത്തിലുള്ള സ്ഥിരതയും നൽമനസ്സും പരീക്ഷിച്ചു നോക്കുന്നതിനായി ദൈവം യാത്രയാക്കിയ ഈ സങ്ക ടങ്ങൾ എല്ലാം നമ്മുടെ കഥാനായകൻ ദൈവ തിരുമനസ്സോടുള്ള പൂർണ്ണ സന്തോഷത്തോടെ സഹിച്ച്, ആരംഭിച്ച പുണ്യജീവിത ത്തിൽ സ്ഥിരമായി നിലനിൽക്കയും വീണ്ടും വടയാറ്റു സെമിനാ രിയിൽ പോയി പഠിത്വം മുഖിയാക്കി, ഗുരുപ്പട്ടമേൽക്കയും ചെയ്തു.

48. അക്കാലത്തു മലയാളം മുഴുവനിലും ഒരു ജ്ഞാനദീപം പോലെ ശോഭിച്ചിരുന്ന പള്ളിപ്പുറത്തു പാലയ്ക്കൽ തോമ്മാ മല്പാ നച്ചന്റെ കൂടെ പഠിക്കുന്നതിനു നമ്മുടെ ഗീവറുഗീസ് ശെമ്മാച്ചന്നു അത്യധികമായ ആഗ്രഹം ഉണ്ടായിരുന്നെങ്കിലും പള്ളിപ്പുറത്തു സെമിനാരി അന്നു വാരാപ്പുഴ കീഴായിരുന്നതിനാൽ അതിനു സാധി ച്ചില്ല. കുർബാനപ്പട്ടം ഏറ്റതിനു ശേഷം പുളിങ്കുന്നു പള്ളിയിൽ ഭക്തജീവിതത്തിൽ സ്തുത്യർഹമാംവണ്ണം ജീവിച്ചുപോന്നിരുന്ന കളത്തിൽ മത്തായി അച്ചനോടൊരുമിച്ചു ജപധ്യാനത്തിലും മൗനാ നുഷ്ഠാനത്തിലും ജീവിക്കുന്നതിനു വേണ്ടിയ ശ്രമങ്ങൾ ചെയ്തു വരുമ്പോൾ, മാന്നാനത്തു പാലയ്ക്കൽ, പോരൂക്കരെ എന്ന നമ്മുടെ സഭാസ്ഥാപകന്മാരായ തോമ്മാച്ചന്മാർ ആരംഭിച്ച്, നടത്തിവന്ന സുകൃത ജീവിത മുറകളെക്കുറിച്ച് കേൾവിപെട്ടതിനാൽ ഇരുവരും

ഒരുമിച്ച് 1838 നവംബർ മാസം 21-ലെ തിരുനാൾ ദിവസത്തിൽ മാന്നാനത്തു ചെന്നുചേർന്നു. കുറെ കഴിഞ്ഞപ്പോൾ കളത്തിൽ മത്തായിച്ചനു പിടിപെട്ട സുഖക്കേടു നിമിത്തം അദ്ദേഹം പുളിങ്കുന്നിലേക്കു മടങ്ങിപ്പോയെങ്കിലും നമ്മുടെ തോപ്പിലച്ചൻ മാന്നാനത്തു സ്ഥിരമായി താമസിക്കയും, അന്നു അവിടെ ആരംഭിച്ചിരുന്ന കെട്ടിടങ്ങൾ പണി കഴിപ്പിക്കുന്ന അസാമാന്യമായ ബുദ്ധിമുട്ടുകൾ സഹിക്കയും ചെയ്തു.

പണികൾ നടത്തിക്കൊണ്ടു പോകുന്നതിനു നിവൃത്തിമാർഗ്ഗം ഒന്നും ഇല്ലാത്തതിനാൽ അതിനെ പരിഹരിക്കുമാറു കെട്ടുതെങ്ങിന്റെ ഏർപ്പാടു ഉണ്ടാക്കണമെന്നു നമ്മുടെ തോപ്പിലച്ചൻ ചാവറ കുരിയാക്കോസച്ചനോടുപദേശിക്കയും അങ്ങിനെ അതിന്റെ വരവുകൊണ്ടു പണി നടത്തിപ്പോകുന്നതിനു വലിയ സഹായം ഉണ്ടാകയും ചെയ്തു. ഇപ്പോൾ പല സ്ഥലങ്ങളിലും ശക്തിപ്പെട്ടിരുന്ന കെട്ടുതെങ്ങിന്റെ ഏർപ്പാടു നമ്മുടെ മലയാളത്തുണ്ടായതു മേല്പറഞ്ഞ കാലം മുതലാണ്. (ഉദ്ദേശം 1850 മുതൽ) ഇതിനുപുറമെ വ്യാകുല സഖ്യത എന്നൊരു സംഘവും ജനങ്ങളുടെ ഇടയിൽ നമ്മുടെ കഥാനായകൻ ഏർപ്പെടുത്തുകയും, അതിൽ അംഗങ്ങളായി ചേർന്നവർ വീടൊന്നുക്കു പ്രതിമാസം ഓരോ ചക്രം വീതം ദാനമായി കൊടുക്കയും അവരുടെ ജ്ഞാനോപകാരാർത്ഥം മാസംതോറും ഒരു ദിവ്യപൂജ അർപ്പിക്കയും ചെയ്തുപോന്നു. ഏതാദൃശ്യങ്ങളായ സഹായങ്ങൾ വഴിയായി നമ്മുടെ ദൈവശുശ്രൂഷികൾക്കു ലഭിച്ചിരുന്ന ദ്രവ്യസഹായം ഒട്ടുംതന്നെ അല്പമല്ലാത്തതായിരുന്നു.

നമ്മുടെ ചരിത്രനായകനു വാചാപ്രസംഗത്തിൽ ഉണ്ടായിരുന്ന പാടവം കേവലം ആശ്ചര്യജനകമായിരുന്നു. അഞ്ചിൽപരം സംവത്സരങ്ങൾ അലങ്കാരശാസ്ത്രവിദ്യ പഠിക്കുന്നതിനായി ചിലവഴിച്ച വാഗീശനായ ഒരു പാശ്ചാത്യ ഗുരു ഒരിക്കൽ ഇദ്ദേഹത്തിന്റെ പ്രസംഗം കേൾക്കയിൽ ഇത്ര വാഗ്വൈഭവമുള്ള ഒരു പ്രസംഗിയെ അദ്ദേഹം കണ്ടിട്ടില്ലെന്നു പറയുകയുണ്ടായി. ഇത്ര സാഹസമായി

പ്രസംഗിക്കുന്നത് അകാലമരണത്തിനു ഹേതുവായിത്തീരുമെന്നു ഇദ്ദേഹത്തിനു ചികിത്സ ചെയ്തിരുന്ന ഒരു പ്രൊട്ടസ്റ്റന്റു പാതിരി ഉപദേശിക്കയിൽ പറഞ്ഞ മറുപടി, പ്രസംഗം പറയാതെ എന്തിനു താൻ ജീവിക്കുന്നു എന്നതായിരുന്നു. മാന്നാനത്തിനു സമീപെ ഉണ്ടായിരുന്ന പള്ളികളിൽ കൂടെക്കൂടെ പോയി പ്രസംഗിക്കയും ജ്ഞാനധ്യാനം കഴിക്കയും ചെയ്തിരുന്നതുകൊണ്ടു തൃപ്തിപ്പെടാതെ വടക്കൻ ദിക്കുകളിലെ പള്ളികളിൽ ചുറ്റിസഞ്ചരിച്ച് പ്രസംഗിക്കയും ജ്ഞാനധ്യാനം കഴിക്കയും ചെയ്തിരുന്നതിനാൽ ഈ വിഷയത്തിൽ പ്രേഷിതൻ എന്ന നാമം അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. ഇതു ഹേതുവായിട്ടു ഈ ദൈവശുശ്രൂഷി ഏതു നേരവും ഏതു പള്ളിയിലെങ്കിലും ചെന്നാലുടനെ മണികൊട്ടുകയും നാനാ ഭാഗങ്ങളിലേക്കും ചെറുമണി കൊടുത്തയച്ച് ജനങ്ങളെക്കൂട്ടി അവരോടു പ്രസംഗം പറകയും ചെയ്ക പതിവായിരുന്നു.

ഇദ്ദേഹത്തിനു ജ്ഞാനപുസ്തകങ്ങളുടെ വായനയിൽ ഉണ്ടായിരുന്ന അഭിരുചി അനുകരണീയവും അതിശയകരവുമായിരുന്നു. എത്ര വേലകൾ തന്നെ ഉണ്ടായിരുന്നാലും രാത്രി സമയത്തിന്റെ പ്രധാനഭാഗം ഈ സംഗതിക്കു വ്യയം ചെയ്തിരുന്നു. ഈ വായനസമയത്തു തനിക്കു ചുറ്റും സംഭവിച്ചിരുന്ന സംഗതികൾ അറിയുകയോ തന്റെ മുറിയിൽ ആരെങ്കിലും കയറി വല്ലതും പ്രവർത്തിച്ചാൽ അതു ഗ്രഹിക്കയോ ചെയ്തിരുന്നില്ല.

വിശുദ്ധ ലിഖിതങ്ങൾ മുഴുവനും പ്രതിവർഷം വായിച്ചു തീർത്തിരുന്നു. ഇദ്ദേഹത്തിന്റെ ജീവിതകാലത്തു നമ്മുടെ ദേശങ്ങളിൽ സുറിയാനി, തമിഴു, മലയാളം എന്നീ ഭാഷകളിൽ എഴുതപ്പെട്ടിരുന്നവയും അച്ചടിക്കപ്പെട്ടവയുമായുണ്ടായിരുന്ന എല്ലാ ജ്ഞാനപുസ്തകങ്ങളും പര്യാലോചനാപൂർവ്വം വായിച്ചു തീർത്തിട്ടുണ്ട്. ഇദ്ദേഹം സംസാരിക്കുമ്പോൾ ഒക്കയും ജ്ഞാനകാര്യങ്ങൾ കലർത്തി പറകയും, ഏതു കാര്യം പറഞ്ഞാലും ദൈവകാര്യം കൊണ്ടു തന്റെ വാക്കു അവസാനിപ്പിക്കയും ചെയ്തിരുന്നു. ഇദ്ദേഹം വളരെ മാധുര്യശീലനായിരുന്നതിനാൽ വാദിപ്രതികൾ

തമ്മിലുണ്ടാകുന്ന പകയും വിരോധവും തന്റെ മധുരമേറിയ വാക്കുകളാൽ ലയിച്ചു വീണ്ടും അവർ പരസ്നേഹത്താൽ ബന്ധിക്കപ്പെടുന്നതിനു പലപ്പോഴും സംഗതിയായിട്ടുണ്ട്. അക്കാലത്തു ആനക്കല്ലൂങ്കൽ പള്ളിയിൽ പട്ടക്കാരും ജനങ്ങളും ഭിന്നിച്ച് നാശകരമായ ഒരു വഴക്കുണ്ടാകയിൽ അതിനെ ഛേദിച്ചുകളയാൻതക്ക ഒരു നല്ല കരുവു നമ്മുടെ സൽഗുരുവിനെക്കാൾ മറ്റൊന്നുമില്ലെന്നു കണ്ട് ബർണ്ണർദിനോസ് മെത്രാപ്പോലീത്താ ഇദ്ദേഹത്തെ ആ പള്ളിയിൽ വികാരിയായി കല്പിച്ചയച്ചു. അവിടുത്തെ വഴക്കുകളൊക്കയും എത്രവേദത്തിൽ ശാന്തസ്ഥിതിയിൽ വരുത്തുകയും അവരുടെ ഇടയിൽ സമാധാനം പുനഃസ്ഥാപനം ചെയ്കയും ചെയ്തുകൊണ്ടു ആറുമാസങ്ങളുടെ ശേഷം മാന്നാനത്തേക്കു പിന്തിരിഞ്ഞു. ആ നാളുകളിൽ ചങ്ങനാശേരിയിലും മേൽപറഞ്ഞ പ്രകാരമുള്ള ഭിന്നതയുണ്ടാക നിമിത്തം അവിടേക്കു സമാധാനദൂതനായി ഇദ്ദേഹം അയക്കപ്പെട്ടു. അവിടെച്ചെന്നു സമാധാനസ്ഥാപനത്തിനായി വേല ചെയ്കയിൽ ചില ദുർബുദ്ധികളുടെ ബലാല്ക്കാരത്തിന്നിരയായി തീർന്നെങ്കിലും അവയൊക്കയും വിസ്മരിച്ച് തനിക്കു ഏല്പിക്കപ്പെട്ട ചുമതല സമാധാനത്തോടെയും ഏവരുടെ തൃപ്തിയോടെയും നടത്തിപ്പോന്നു.

ഇതിനുശേഷം തന്റെ സ്വദേശമായ പുളിങ്കുന്നു പള്ളിയിൽ ആ ഇടവകക്കാരുടെ പ്രത്യേക അപേക്ഷയിൻപേരിൽ വികാരിയായി നിയമിക്കപ്പെട്ടു. ഇവിടെ വികാരിത്വജോലി നടത്തി വരികയിൽ 1855-ൽ മാന്നാനത്തു നമ്മുടെ സഭ ക്രമമായി സ്ഥാപിക്കപ്പെടുകയും അപ്പോൾ നമ്മുടെ വന്ദ്യ പുരോഹിതൻ തന്റെ സന്യാസ വ്രതങ്ങൾ അനുഷ്ഠിക്കയും ചെയ്തു. ഇദ്ദേഹം പുളിങ്കുന്നിൽ വികാരി ആയിരിക്കയിൽ പള്ളിക്കാര്യങ്ങൾ തീരുമാനിക്കുന്നതിനു യോഗക്കാർ എല്ലാവരേയും വിളിച്ചുകൂട്ടി കാര്യം നടത്തുന്നത് സാദ്ധ്യമല്ലെന്നു കരുതി തന്നിവാരണാർത്ഥം പ്രസ്തുത കാര്യങ്ങൾ ഭംഗിയായി നിവൃത്തിക്കുന്നതിന് ഇടവകക്കാരിൽ ഏതാനുംപേരെ യോഗക്കാർ തെരിഞ്ഞെടുക്കാനും ഇങ്ങനെ തെരിഞ്ഞെടുക്കപ്പെട്ടവരെ ഒരു സാമാജമായി ഏർപ്പെടുത്തി അവരുടെ ആലോ

ചനപ്രകാരം കാര്യങ്ങൾ നടത്താനും ശട്ടംകെട്ടുകൾ ചെയ്തു. ഇപ്രകാരം ആ ഇടവകയിൽ ഇന്നും കാര്യങ്ങൽ നടന്നും നടത്തിയും വരുന്നു. 1855-ൽ മാന്നാനത്തു വെച്ചു വാഗ്ദത്തനേർച്ചകൾ ചെയ്തതിനുശേഷം ഇദ്ദേഹം നടത്തിയ പ്രധാന കാര്യങ്ങൾ മേൽ വിവരിച്ചിട്ടുള്ളതിനാൽ നമ്മുടെ കഥാനായകന്റെ ജീവചരിത്രം ഇത്രയും പറഞ്ഞു അവസാനിപ്പിക്കുന്നു.

തോപ്പിലച്ചന്റെ മരണാനന്തരം മംഗലത്തു യാക്കോച്ചൻ പുളിങ്കുന്നു കൊവേന്തയിലെ കാര്യങ്ങൾ നോക്കിയിരുന്നു. ഇദ്ദേഹത്തിന്റെ കീഴായി സെമിനാരിക്കാരുടെ കാര്യം നോക്കുന്നതിനായി മാതേയ്ക്കൽ മത്തായി അച്ചൻ നിയമിക്കപ്പെട്ടു. മംഗലത്തു യാക്കോച്ചൻ പണിയിച്ചു വിശേഷ കപ്പേളയേക്കുറിച്ചു മേൽ ഒമ്പതാം അദ്ധ്യായം 31-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഇതിനുശേഷം 1871 മുതൽ 1876 വരെ അദ്ദേഹം പുളിങ്കുന്നിൽ താമസിച്ചു. ടി. ആണ്ടിൽ അദ്ദേഹത്തെ പുളിങ്കുന്നിൽ നിന്നു മാറ്റി വാഴക്കുളത്തു കൊവേന്തയിലേക്കു നിയമിച്ചു. അവിടെ എത്തിയ ശേഷം ചില പ്രമേഹക്കുരുക്കൾ കാണപ്പെടുകയും അവിടെവച്ചും പിന്നീട് മൂവാറ്റുപുഴെ താമസിച്ചും ചികിത്സകൾ ചെയ്തിട്ട് ഗുണംകാണാതെ പിന്നീടു ആജ്ഞാനുസരണം സ്വദേശമായ പള്ളിപ്പുറത്തുപള്ളിയിൽ ചെന്നു താമസിക്കേണ്ടതായി വന്നു. ആ ദീനം അവിടെ വച്ചു വർദ്ധിച്ചു വരികയാൽ അന്ത്യകൂദാശകൾ ഒക്കയും വേണ്ടുന്ന യോഗ്യതയോടും ആഗ്രഹത്തോടും കൂടെ കൊക്കൊള്ളുകയും 1876 ജൂലൈ 16-ന് കർത്താവിൽ നിദ്രപ്രാപിക്കയും ചെയ്തു. മൃതശരീരം പള്ളിപ്പുറത്തു തന്നെ വളരെ ആഘോഷത്തോടു കൂടെ അടക്കപ്പെട്ടു.*

ഇദ്ദേഹത്തെ പുളിങ്കുന്നിൽ നിന്ന് മാറ്റിയപ്പോൾ തൽസ്ഥാനത്തിൽ അവിടുത്തെ കാര്യാദികൾ നോക്കുന്നതിനായി മത്തായി ഗ്രിഗോറിയോസ് (കൊടുപാടം) അച്ചൻ നിയമിക്കപ്പെടുകയും അതിൻപ്രകാരം അദ്ദേഹം വന്നു കാര്യഭാരം വഹിക്കയും ചെയ്തു.

*ഈ ശവസംസ്ക്കാരത്തിനായി മാന്നാനത്തുനിന്നും വികാരി ചാണ്ടിയച്ചനും, പാലയ്ക്കൽ കുര്യച്ചനും ഏതാനും ശെമ്മാശ്ശന്മാരോടുകൂടെ പോയി ആ കർമ്മം നടത്തി.

മുൻപു മംഗലത്തു യാക്കോച്ചൻ അവിടെ പണിയിച്ചിരുന്ന കപ്പേള എത്രയും മനോഹരമായ ഒന്നായിരുന്നാലും അതു ചെറിയതായി രുന്നതിനാൽ മത്തായി ഗ്രിഗോരിയോസച്ചൻ പൊളിച്ചു വലുതാക്കി പണിയിക്കാൻ നിശ്ചയിക്കയും അതിനായി അടിസ്ഥാനമിടുകയും ചെയ്തു. തൽക്കാലം കുർബാന ചൊല്ലാനായി വേറൊരു ചെറിയ കപ്പേള പണിയിച്ച് അതിൽ കുർബാനയും ചൊല്ലിവന്നു. അടി സ്ഥാനമിട്ടു പള്ളി പണുതു അല്പം പൊങ്ങിയപ്പോൾ അതിന്റെ ഒരറ്റം താഴുകയും അങ്ങനെ അതിനു കേടുഭവിക്കയും ഉണ്ടായി. ഇങ്ങനെ ഇരിക്കുമ്പോൾ 1878 ജനുവരി മാസത്തിൽ മത്തായി ഗ്രിഗോറിയോസച്ചൻ കൂനമ്മാവു കൊവേന്തയുടെ വികാരിയായി നിയമിക്കപ്പെടുകയും പുളിങ്കുന്നിലെ കാര്യങ്ങൾ വഹിക്കുന്നതി നായി തട്ടാച്ചേരിൽ സ്കറിയാ യൌസേപ്പച്ചൻ അയക്കപ്പെടുകയും ചെയ്തു. ഇതിനിടക്കു 1878-ൽ പുളിങ്കുന്നു സെമിനാരി നിർത്തു കയും അവിടെ പഠിച്ചിരുന്ന ശെമ്മാശന്മാരും പൈതങ്ങളും മാന്നാനത്തേക്കു കൽപനപ്രകാരം മാറ്റപ്പെടുകയും ചെയ്തു. സ്കറിയാ യൌസേപ്പച്ചൻ വന്ന ഉടനെ കിഴക്കു പടിഞ്ഞാറായി ഇട്ടിരുന്ന പുത്തൻപള്ളിയുടെ അടിസ്ഥാനം പൊളിച്ച് തെക്കുവട ക്കായി ഇടുകയും ഈ അടിസ്ഥാനത്തിന്മേൽ ഇപ്പോൾ ഉള്ള പള്ളി പണിയിക്കയും ചെയ്തു. ഈ പണി മിക്കവാറും തീരാറായപ്പോൾ ഇതു പണിയിച്ച ടി. സ്കറിയാ യൌസേപ്പച്ചൻ 1883 മാർച്ച് മാസം 25-നു മരണം പ്രാപിച്ചു. ഉടനെ സ്കറിയാ അപ്രേം അച്ചൻ (കള ത്തിലച്ചൻ) ഇവിടേക്കു അയയ്ക്കപ്പെടുകയും അദ്ദേഹം തീരാനു ണ്ടായിരുന്ന പണികൾ മിക്കവാറും വേഗത്തിൽ നടത്തുകയും ചെയ്തു. 1883-ൽ കൂനമ്മാവുങ്കലെ വികാരിത്വജോലി മത്തായി ഗ്രിഗോറിയോസച്ചൻ ഒഴിയുകയാൽ അദ്ദേഹവും പുളിങ്കുന്നിൽ വന്നു താമസിച്ച് ശേഷമുണ്ടായിരുന്ന പണികളൊക്കെ തീർത്തു. ഇതിനുശേഷം 1884-ൽ പള്ളി റൂശ്മാ ചെയ്കയും ആ കർമ്മം നട ത്താമെന്ന് ഭരമേറ്റിരുന്ന മർസ്സലീനോസ് മെത്രാനച്ചൻ കൊല്ലത്തു പോയിരുന്നതിനാൽ നിശ്ചയിക്കപ്പെട്ട ദിവസത്തിൽ വന്നുചേരാൻ സാധിക്കാത്തതുകൊണ്ടു പ്രിയോർ (പോരൂക്കര) കുരിയാക്കോസ്

ഏലീശാ അച്ചൻ ആ കർമ്മം നടത്തുകയും ചെയ്തു. അന്നുമുതൽ പുത്തൻ പള്ളിയിൽ കുർബാന മുതലായ ദിവ്യകർമ്മങ്ങൾ നടത്തി തുടങ്ങുകയും ചെയ്തു.

## അധ്യായം 13

49. അമ്പഴക്കാട്ടു കൊവേന്തയുടെ സ്ഥാപനം: അമ്പഴക്കാട്ടുപള്ളി ഇടവക ചക്കാലമറ്റത്തു കണിച്ചായി തോമ്മ ഇട്ടൂപ്പ് എന്ന മഹാൻ തന്റെ സ്വത്തുക്കളിൽ ഒരംശം ദൈവകാര്യത്തിനായി ദാനം ചെയ്യണമെന്ന് ദീർഘകാലമായി ആലോചിച്ചു വന്നു.* അയാൾ മാർ യൗസേപ്പു പുണ്യവാളന്റെ മേൽ മഹാ ഭക്തനായിരുന്നതിനാൽ ആ വിശുദ്ധ പിതാവിന്റെ മരണത്തിരുനാൾ ഭക്തിപുരസ്സരം ഘോഷിച്ചു വരികയും അന്നു ഭിക്ഷക്കാർക്കു ഭക്ഷണവും വസ്ത്രവും ആണ്ടുതോറും കൊടുത്തുവരികയും ചെയ്തു പോന്നിരുന്നു. അക്കാലത്തു അങ്കമാലി പള്ളിയുടെ വികാരിയും പിന്നീടു വികാരി ജനറാളുമായിരുന്ന വല്ലത്തുപള്ളി ഇടവക കല്ലറക്കൽ പൗലോസച്ചനോടു ടി. ആലോചന ടി. ഇട്ടൂപ്പു അറിയിച്ചപ്പോൾ മലയാളത്തിൽ നൂതനമായി സ്ഥാപിക്കപ്പെട്ടിരുന്ന നമ്മുടെ സഭയുടെ ഒരാശ്രമം സ്ഥാപിക്കുന്ന വകയ്ക്കു ആ ദാനം ചിലവു ചെയ്യുന്നതു ഏറ്റം നന്നായിരിക്കുമെന്നു അദ്ദേഹം ഉപദേശിച്ചു കൊടുത്തു.

ഇതിൻപ്രകാരം തന്റെ ആലോചനയും അഭിപ്രായവും ടി. ഇട്ടൂപ്പ് വാരാപ്പുഴ ബർണ്ണർദിനോസ് മെത്രാപ്പോലീത്താ അവർകളെ അറിവിക്കയിൽ അവിടുന്നു വളരെ സന്തോഷിച്ച് തന്റെ ദലഗാത്തായിരുന്ന ലെയോപ്പോൾദ് മിസ്യോനാരി അച്ചനേയും മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചനേയും ആ കാര്യം നടത്തിക്കുന്നതിനായി നിയോഗിച്ചയച്ചു. ഇവർ 1867 ആഗസ്റ്റ് മാസത്തിൽ ചാണ്ടിയച്ച (ഇപ്പോഴത്തെ പ്രിയോർ ജനറാൾ) നോടുകൂടെ അമ്പഴക്കാട്ടു പള്ളിയിൽ വരികയും ഇട്ടൂപ്പിനേയും അനന്തിരവരെയും വരുത്തി ടി. മാസം 5-നു മഞ്ഞുമാതാവിന്റെ തിരുനാൾ ദിവസത്തിൽ കൊവേന്ത സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ കണ്ടു പരിശോധിക്കയും ചെയ്തു. ഉടനെതന്നെ പണ്ടു പടനായർ എന്നു പേരുള്ള ഇടപ്രഭുവും പിന്നീടു കോടശ്ശേരി കർത്താവു എന്ന നാമധാരികളുമായ അധി

*ആ നാളുകളിൽ അവിടങ്ങളിൽ നമ്മുടെ അച്ചന്മാർ പോയിനടത്തിയിരുന്ന ധ്യാനം ഇതിലേക്കു അയാളെ അതിയായി ഉത്സാഹിപ്പിച്ചു.

പന്മാർ കോട്ടകെട്ടി വസിച്ചിരുന്ന പടനായർ കോട്ടപ്പറമ്പു അഞ്ചു മുറിയും അതോടു ചേർന്നും മറ്റും പതിനഞ്ചുമുറി പറമ്പുകളും കൊവേന്ത സ്ഥാപിക്കുന്ന വകക്കും 307 1/2 പറക്കു നിലം അതിൽ നിവസിക്കാനുള്ള സന്യാസികളുടെ ഉപജീവനത്തിനായും കൊടുത്തുകൊള്ളാമെന്ന് ഇട്ടൂപ്പ് ഒരുടമ്പടി എഴുതി ആ ദിവസങ്ങളിൽ തന്നെ കൊടുക്കയും അതനുസരിച്ചു അവകാശികൾ കച്ചീട്ടുകൾ വെക്കയും ചെയ്തു. അതിനുശേഷം വസ്തുക്കളുടെ കണക്കുകളും മറ്റും സൂക്ഷപ്പെടുത്തി എടുക്കാനും ദാനപ്രമാണം എഴുതി കൊണ്ടുവരാനും ടി. ചാണ്ടിയച്ചനെ ഭരമേല്പിച്ചുകൊണ്ടു ദലഗാത്തച്ചനും പ്രിയോരച്ചനും പിന്തിരിഞ്ഞു. പിറ്റെ മാസം (സെപ്റ്റംബർ മാസം 5-നു) വസ്തുക്കളുടെ പട്ടിക എഴുതി ഉണ്ടാക്കുകയും സുറിയാനിക്കാരായ കർമ്മലീത്താ മൂന്നാം സഭക്കാരുടെ ഒരാശ്രമം സ്ഥാപിക്കുന്നതിനായി ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ അവർകളുടെ പേരിൽ ദാന തീറു എഴുതുകയും ചെയ്തശേഷം ദാനക്കാരനായ ഇട്ടൂപ്പും ചാണ്ടിയച്ചനും വാരാപ്പുഴ ചെന്ന് മെത്രാപ്പോലീത്തായുടെ മുൻപാകെ പ്രമാണങ്ങൾ ഹാജരാക്കി. അവിടുന്നു ദാനക്കാരന്റെ ഔദാര്യത്തെ ശ്ലാഘിച്ച് ദാനത്തിന്റെ സ്മരണക്കായി വല്ല പ്രതിഫലം വേണമോ എന്നു ചോദിച്ചതിന് യാതൊന്നും വേണ്ടായെന്നും മറുപടി പറഞ്ഞതു കേട്ട് അത്യധികം വസ്മയിച്ചു.

ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ 1868 സെപ്തംബർ മാസം 5-ന് കാലം ചെയ്കയാൽ അവിടുത്തെ പിൻഗാമിയായി വന്ന ലെയോനാർദ് മെത്രാപ്പോലീത്താ ടി. ആണ്ടു ഒക്ടോബർ മാസം 20-ന് 10 മണിക്കു സ്ഥലത്തുവന്ന് കൊവേന്തയ്ക്കു അടിസ്ഥാനമിട്ടു. ടി ആഘോഷത്തിനായി വികാരി ജനറാൾ പീലിപ്പോസ് മിസ്യോനാരി അച്ചനും ദെലഗാത്തു പ്രൊവിൻസ്യാൾ ലെയോപ്പോൾദ് മിസ്യോനാരി അച്ചനും മർസ്സലീനോസ് മിസ്യോനാരി അച്ചനും സഭയുടെ പൊതു പ്രിയോരായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാ അച്ചനും കൂനമ്മാവു കൊവേന്തയിൽ നിന്നു പല അച്ചന്മാരും നവസന്യാസികളും തുണസഹോദരന്മാരും സമീ

പെയുള്ള പള്ളികളിൽ നിന്ന് പല പട്ടക്കാരും ജനങ്ങളും വന്നിട്ടു ണ്ടായിരുന്നു. ഉടനെതന്നെ സ്ഥലത്തുവന്നു കാര്യങ്ങൾ അന്വേ ഷിക്കുന്നതിനായി അന്ന് അരണാട്ടുകരെ കൊവേന്തയിൽ താമ സിച്ചിരുന്ന ദേവസ്സി അന്തോനിയച്ചനേയും സഭയിൽ 100 വയസ്സു പ്രായത്തോളം ജീവിച്ച് മരിച്ചവനും, മാതൃകൊവേന്തയായ മാന്നാ നത്തു ആദ്യമേ വന്ന് ഭക്തജീവിതം കഴിച്ച് അവിടെ പല വേല കൾ ചെയ്തവനുമായ (ചമ്പക്കുളത്തു കണിയാന്തറ) ആ. യാക്കോബു എന്ന സഹോദരനേയും അമ്പഴക്കാട്ടേയ്ക്കു അയ ച്ചു. ഇവർ തൽക്കാലം അമ്പഴക്കാട്ടു ഇടവകപ്പള്ളിയിലും കൊവേ ന്തയ്ക്കു കിട്ടിയ സ്ഥലത്തുണ്ടായിരുന്ന ശ്രാമ്പിയിലുമായി താമ സിച്ച് കാര്യങ്ങൽ നടത്തിവന്നു.

1869-ന്റെ ആരംഭത്തിൽ കാപ്പിൽ മത്തായിമറിയം അച്ചനെ അയക്കുകയും അദ്ദേഹം പള്ളികളിൽ നിന്ന് ധർമ്മം പിരിച്ച് ഒരു കപ്പേളയും, സന്യാസവാസത്തിനു ഉപകരിക്കാൻ തക്കവയായി ഏതാനും മുറികളും തൽക്കാലമായി ഉണ്ടാക്കി സ്ഥലത്തുതന്നെ താമസിക്കയും, ടി. ആണ്ട് ഏപ്രിൽ മാസത്തിൽ ടി. കപ്പേളയിൽ കുർബാന ചൊല്ലുകയും ചെയ്തു. അതിനു ശേഷം അടിസ്ഥാന മിട്ടിരുന്ന കൊവേന്തയുടെ പണിയും ഇദ്ദേഹം തീർത്തുമുഖിയാ ക്കി. പിന്നീടു 1873-ൽ അരുണാട്ടുകരെ കൊവേന്തയുടെ വികാരി ആയി നിയമിക്കപ്പെട്ടതുവരെ അദ്ദേഹം അമ്പഴക്കാട്ടു താമസിച്ച് കാര്യങ്ങൾ നോക്കിയിരുന്നു. മേൽപറഞ്ഞ കപ്പേളയിൽ ആദ്യമായി കുർബാനചൊല്ലിയതു ദെലഗാത്തു പ്രൊവിൻസ്യാൾ ലെയോ പ്പോൾദ് മിസ്യോനാരിയച്ചൻ ആയിരുന്നു. നമ്മുടെ വന്ദ്യ ഓർമ്മക്കു യോഗ്യനായ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചനും കൂനമ്മാവുങ്കൽ നിന്നും ഏതാനും പുതുസന്യാസികളും മേൽപ റഞ്ഞ ലെയോപ്പൾദ് മിസ്യോനാരിയച്ചനും കുറെ ദിവസത്തേക്ക് ആശ്വസിക്കാനായി അമ്പഴക്കാട്ടേയ്ക്കു പോയിരിക്കുമ്പോഴാണ് ആദ്യമായി അവിടെ കുർബാന ചൊല്ലിയത്.

അമ്പഴക്കാട്ടു കൊവേന്തക്ക് കല്ലിട്ട ആണ്ടിൽ സംഭവിച്ച ഒരു സംഗതി ഇവിടെ എഴുതുന്നതു അനുചിതമായിരിക്കയില്ലെന്ന് വിശ്വ

സിക്കുന്നു. കൊവേന്തയ്ക്ക് സമീപെ മാളയിൽ ഒരു ഗൊങ്ങിണിക്ക് പെൺക്കുട്ടിയായി ഒരേക മകൾ ഉണ്ടായിരുന്നു.

50. 1868 മെയ് മാസത്തിൽ ദൈവമാതാവിന്റെ വണക്കമാസം ഭക്തിപുരസ്സരം പള്ളികളിലും കുരിശുപള്ളികളിലും സ്കൂളുകളിലും കഴിക്കണമെന്നുണ്ടായ ബെർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം മാളപ്പള്ളിയിൽ അതു ഭക്തിയോടെ ക്രിസ്ത്യാനികൾ കഴിച്ചുവന്നിരുന്നു. മാതാവിന് പൂമാല ഇടാനായി ചില ഭക്തിയുള്ള ക്രിസ്ത്യാനികൾ മേൽപറഞ്ഞ ഗൊങ്ങിണിയുടെ വീട്ടിൽചെന്ന് പണത്തിനായി ഒരു പൂമാല ചോദിച്ചപ്പോൾ മാതാവിനു ദാനമായി ഒരു പൂമാല ടി. ഗൊങ്ങിണിയുടെ മകൾ കൊടുത്തു. അടുത്തയാണ്ടിൽ സ്വന്ത കൈകൊണ്ടു പൂമാലയിടാൻ ദൈവമാതാവ് ഇടയാക്കണമെന്നുള്ള അപേക്ഷയോടെയാണ് ആ പെൺപൈതൽ പൂമാല കൊടുത്തത്. അവർക്കു 11 വയസ്സു പ്രായമെ ഉണ്ടായിരുന്നുള്ളൂയെങ്കിലും വിധവയായിരുന്നു. 9 വയസ്സിൽ ഇവളെ കൊടുങ്ങല്ലൂരിൽ ഒരു ഗൊങ്ങിണിയെക്കൊണ്ട് വിവാഹം കഴിപ്പിച്ചെങ്കിലും ഏറെ താമസിയാതെ ഭർത്താവു മരിച്ചുപോയി. ഗൊങ്ങിണി മര്യാദപ്രകാരം പുനർ വിവാഹം ചെയ്യുന്നതിന് ഇവൾക്ക് നിവർത്തിയില്ലായിരുന്നു. അപ്രകാരം തന്നെ ഭർത്താവ് വിവാഹ ദിനത്തിൽ തന്നെ മരിച്ചാലും ഭാര്യയ്ക്കു അവകാശം ഭർത്താവിന്റെ വീട്ടിലാണ്. അപ്പന്റെ വീട്ടിൽ യാതൊരു അവകാശവുമില്ല. ഭർത്താവിന്റെ മരണശേഷം ഭാര്യ തലമുടി കളഞ്ഞു സന്യാസിക്കയോ മറ്റോ ചെയ്യണമെന്നാണ് നിർബന്ധമായ ഗൊങ്ങിണി മര്യാദ എന്നാൽ ഇവളുടെ അപ്പനു ഇവളുടെ നേരെയുള്ള വാത്സല്യത്താൽ ഇവളെ ഭർത്താവിന്റെ വീട്ടിൽ താമസിപ്പിക്കാതെ സ്വന്തവീട്ടിൽ കൊണ്ടുവന്നു താമസിപ്പിച്ചു വന്നു. അയൽപക്കത്തെ ചില ക്രിസ്ത്യാനികളോടുള്ള പരിചയത്താൽ കുരിശുവരയ്ക്കുന്നതിനും മറ്റും ആ പെൺകുട്ടി പഠിച്ചു. എന്നാൽ നമസ്ക്കാരങ്ങൾ പഠിക്കുന്നതിനു അവൾക്കു മനസ്സുണ്ടായിരുന്നെങ്കിലും അപ്പനെ ഭയന്നു ക്രിസ്ത്യാനികൾ പഠിപ്പിക്കാൻ തുനിഞ്ഞില്ല. ഇങ്ങനെ ഇരിക്കെ 1869-ലെ വലിയ നോമ്പിന്റെ ഒരു ശനി

യാഴ്ച ദിവസം മോക്ഷരാജ്ഞി ഒരു കയ്യിൽ ഒരുണ്ണിയേയും മറ്റേ കയ്യിൽ അവൾ കൊടുത്തിരുന്നതുപോലെയുള്ള ഒരു പൂമാലയും പിടിച്ചുകൊണ്ടു അവൾക്കു പ്രത്യക്ഷയായി. മകളെ വേഗം പോരൂ ഇനി താമസിക്കേണ്ടായെന്നു അവളോടു പറയുന്നതുപോലെ അവൾക്കു തോന്നി. ഉടനെ ഉണർന്നു കണ്ണുതുറന്നു നോക്കിയപ്പോൾ ദർശനമായ ആളിനെ കണ്ടതുമില്ല. ഉടനെ എഴുന്നേറ്റു കുരിശു വരച്ചു. പുലർകാലേ പള്ളിയിൽ പോകാനായി ഒരു കൂട്ടുകാരത്തിയേയും കൂട്ടിക്കൊണ്ടു പള്ളിയിലേക്കു പുറപ്പെട്ടു. പോകുന്നതു പള്ളിയിലോട്ടാണെന്നും പെൺപൈതലിനു ക്രിസ്ത്യാനിയാകാൻ ആഗ്രഹമുണ്ടെന്നും കൂട്ടുകാരത്തി അറിഞ്ഞു. അതിനു വിസമ്മതിച്ചതിനാൽ രണ്ടുപേരും വീട്ടിലേയ്ക്കു മടങ്ങി. എങ്കിലും ഒരു വഴിപാടു പള്ളിയിൽ കൊടുക്കണമെന്നും അതിനു നിനക്കു പണമില്ലെങ്കിൽ ഞാൻ തരാമെന്നും പറഞ്ഞു. കൂട്ടുകാരത്തിയുടെയും തന്റെയും പേർക്ക് മെഴുകുതിരി കത്തിക്കാനായി പണം ഒരാളിന്റെ പക്കൽ പള്ളിയിൽ കൊടുത്തയച്ചു. അന്നു രാത്രിയിൽ കൂട്ടുകാരത്തി അപ്പനോടു കാര്യം പറഞ്ഞാൽ വല്ല ദോഷവും നേരിടുമെന്നും അതിനാൽ ഉടനെ തന്നെ മാമ്മോദീസാ മുങ്ങണമെന്നും പെൺകുട്ടിക്കു തോന്നുകയും തന്നിമിത്തം പിറ്റേദിവസം രാവിലെ എഴുന്നേറ്റു മാളപ്പള്ളിയിലെ വികാരി അച്ചന്റെ പക്കൽ ചെന്നു ഇനിക്കു ക്രിസ്ത്യാനി ആകണമെന്നും അതിനായി ഞാൻ വന്നിരിക്കയാണെന്നും പറഞ്ഞു.

അദ്ദേഹം പള്ളിയിൽ പെൺപൈതലിനെ കൊണ്ടുപോകയും അവൾ കുമ്പിട്ടു മാതാവിനെ വണങ്ങി നമസ്കരിക്കയും ചെയ്തു. അപ്പനും ആങ്ങളമാരും ഇതെല്ലാം അറിഞ്ഞു ഓടി വന്നപ്പോൾ ഞാൻ തൊട്ടുതിന്നുപോയി എന്നും എനിക്കു ക്രിസ്ത്യാനി ആകാനാണ് മനസ്സെന്നും പെൺകുട്ടി പറകയാൽ മാപ്പിളമാരെ ശകാരിച്ചു പോലീസിൽ അന്യായം കൊടുക്കുമെന്ന് ഭയപ്പെടുത്തി പറഞ്ഞു. ഇതെല്ലാം കൂനമ്മാവുങ്കൽ അറിയുകയാൽ അവളെ വരുത്തി അവിടുത്തെ കന്യകാശ്രമത്തിൽ പാർപ്പിച്ചു. ഏറെ താമസിയാതെ ആ മഠത്തിനു സമീപെ താമസിച്ചു വന്നിരുന്ന ത്രേസ്യാ ഏലീശ്വാ

എന്ന മദാമ്മ മുർത്തിയുടെ പേർ എടുക്കയും മാമ്മേദീസായിൽ അവൾ പെൺകുട്ടിയുടെ തലതൊടുകയും കുറെക്കാലം കഴിഞ്ഞ പ്പോൾ അവളുടെ ആഗ്രഹം അനുസരിച്ച് വിവാഹം ചെയ്തു കൊടു ക്കയും ചെയ്തു.

മേൽപറഞ്ഞ ചക്കാലമറ്റത്തു കണിച്ചായി ഇട്ടൂപ്പു കൊവേ ന്തയ്ക്കു വസ്തുക്കൾ ദാനം ചെയ്ത പിറ്റേ ആണ്ടിൽ അതായത് 1868–ൽ തിരുവനന്തപുരത്തു ചെന്നു ദിവാൻജിയെ കാണ്മാനായി നിശ്ചയിച്ചു പുറപ്പെട്ട് പോകുന്നവഴിക്ക് കൂനമ്മാവുങ്കൽ കയറി ദെലഗാത്ത് ലെയോപ്പോൾദ് മിസ്യോനാരി അച്ചനെ കാണുകയും ചെയ്തു. എല്ലാംകൊണ്ടും ആ യാത്ര നന്നല്ലെന്നു അദ്ദേഹം ഗുണ ദോഷിച്ചെങ്കിലും തോന്നിയാൽ ഉടനെ പ്രവർത്തിക്കണമെന്നുള്ള ഒരു സ്വഭാവം ടി. ഇട്ടൂപ്പിനുണ്ടായിരുന്നതിനാൽ ടി. ഗുണദോഷത്തെ വകവയ്ക്കാതെ യാത്ര പിൻതുടർന്നു. 1868–ലെ വലിയ ആഴ്ച തത്തമ്പള്ളി പള്ളിയിൽ കഴിച്ചു. ഉയിർപ്പു കഴിഞ്ഞു തിരുവനന്ത പുരത്തിനു പോയി മടങ്ങി വരുമ്പോൾ അഞ്ചുതെങ്ങുങ്കൽ പള്ളിക്ക് സമീപെ എത്തുകയിൽ അവിടെ കണ്ട ഒരു പറവയെ വെടിവെ യ്ക്കാനായി നിറച്ചുവെച്ചിരുന്ന ഒരു തോക്കു വള്ളത്തിൽ നിന്നെ ടുത്തു. അപ്പോൾ അബദ്ധത്താലെ വെടി പൊട്ടി. പണ്ടത്തേൽ കൊള്ളുകയും അരിമ്പുകളൊക്കെയും വയറ്റിനകത്തു കടക്കയും ഈ സ്ഥിതിയിൽ അരനാഴികയ്ക്കകം പള്ളിക്കടവിൽ എത്തുകയും ചെയ്തു. ആ ക്ഷണത്തിൽതന്നെ കൂനമ്മാവു കൊവേന്തയിൽ താമ സിച്ചിരുന്ന ജോർജ്ജ് എന്ന ഒരു ബാലൻ ആ ദിവസങ്ങളിൽ കൊല്ലത്തെ പ്രൊ. വികാരി അപ്പസ്തോലിക്കാ ആയ മറിയപ്രേം എന്ന മിസ്യോനാരിയച്ചനെ കാണാനായി ചെല്ലുകയും അദ്ദേഹവും അവനും കൂടെ ആ പള്ളിക്കടവിൽ ഒരു കാര്യവശാൽ വന്നു ചേരു കയും ചെയ്തു. ജോർജ് നമ്മുടെ ഇട്ടൂപ്പിനെ അറിയുന്ന ആളായിരു ന്നതിനാൽ പ്രൊ. വികാരി അപ്പസ്തോലിക്കായോടു വിവരമെല്ലാം പറഞ്ഞു കേൾപ്പിക്കയും അദ്ദേഹം ഉടനെ മുറിവേറ്റു കിടക്കുന്ന ആളെ എടുപ്പിച്ചു പള്ളിമുറിയിൽ കൊണ്ടുപോയി, പോലീസുകാരെ വരുത്തി വാമൊഴി എടുപ്പിക്കയും ചികിത്സകൾ ചിലതെല്ലാം

ചെയ്തിട്ടും ഗുണം കാണായ്കയാൽ അന്ത്യ കൂദാശകളൊക്കയും കൊടുപ്പിക്കയും ചെയ്തു. മുറിവേറ്റവൻ അന്ത്യകൂദാശകളൊക്കെ നല്ല ഒരുക്കത്തോടും പൂർണ്ണ മനസ്താപത്തോടും കൈക്കൊണ്ട് മരിക്കയും ആ പള്ളിയിൽ തന്നെ തക്ക ബഹുമാനത്തോടെ മൃതശരീരം അടക്കപ്പെടുകയും ചെയ്തു. ഇയാളുടെ മരണത്തെപ്പറ്റി വന്ദ്യ ഓർമ്മക്ക് യോഗ്യനായ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ തന്റെ നാളാഗമത്തിൽ നമ്മുടെ അമ്മ ത്രേസ്യാ പുണ്യവതിക്കു മഠം പണിയാൻ സ്ഥലം കൊടുത്ത മാടമ്പിക്കു ലഭിച്ച നല്ല മരണം പോലെ ഇട്ടൂപ്പിനും ലഭിച്ചെന്നും ഇതു അമ്പഴക്കാട്ടു കൊവേന്തയുടെ നാമകരണിയായ നമ്മുടെ അമ്മ ത്രേസ്യാ പുണ്യവതിയുടെ സഹായത്താൽ ആണെന്നു ഇട്ടൂപ്പ് സ്വന്ത സ്ഥലത്തു മറ്റു ദീനത്താലും മരിച്ചിരുന്നെങ്കിൽ ഇത്ര നല്ല ഒരുക്കത്തോടെ മരിക്കുമോ എന്നതു നിശ്ചയിക്കാൻ പാടില്ലെന്നും ആ ദിവസങ്ങളിൽ ജോർജ് എന്നവൻ കൂനമ്മാവുങ്കൽ നിന്നു പോയതും, അവൻ പ്രോ വികാരി അപ്പസ്തോലിക്കായോടു കൂടി ആ സമയത്തു അഞ്ചുതെങ്ങിൽ പള്ളിക്കടവിൽ ചെന്നതും എല്ലാറ്റിലും വലിയ അത്ഭുതമാണെന്നും ഇയാളുടെ മരണവർത്തമാനം അറിഞ്ഞപ്പോൾ വാഗ്ദത്തനേർച്ച ചെയ്ത നമ്മുടെ അച്ചന്മാരിൽ ഒരാൾക്കു ചെയ്യുന്നതുപോലെയുള്ള ശേഷക്രിയകൾ എല്ലാ കൊവേന്തകളിലും മരിച്ച ഇട്ടൂപ്പിനുവേണ്ടി ചെയ്തെന്നും എഴുതിയിരുന്നു.*

മേൽ എഴുതിയതുപോലെ കാപ്പിൽ മത്തായി മറിയം അച്ചൻ അരണാട്ടുകരെ ഏൽത്തുരുത്തു കൊവേന്തയുടെ വികാരിയായി പോയതിനുശേഷം 1874-ൽ അമ്പഴക്കാട്ടെ വികാരിയായി (കളത്തിൽ) സ്കറിയാ അപ്രേം അച്ചനെ നിശ്ചയിക്കയും അന്നുമുതൽ ആ കൊവേന്തയിൽ ക്രമമായി വികാരിമാർ നിയമിക്കപ്പെടുകയും ചെയ്തു. 1874 സെപ്തംബർ മാസത്തിൽ കൂനമ്മാവുങ്കൽ നിന്ന് 15 നവസന്യാസികളെ അമ്പഴക്കാട്ടു കൊവേന്തയിലേക്കു മാറ്റുകയും അവർ 1875 ഡിസംബർ മാസംവരെ അവിടെ താമസി

*ഇയാളുടെ മൃതശേഷിപ്പുകൾ അവകാശികൾ എടുപ്പിച്ചു അമ്പഴക്കാട്ടെ ആശ്രമപ്പള്ളിയിൽ നിക്ഷേപിച്ചിരിക്കുന്നു.

ക്കയും, ടി. മാസത്തിൽ വീണ്ടും കൂനമ്മാവുങ്കലേക്കു തന്നെ മാറ്റപ്പെടുകയമുണ്ടായി.

1878 ജനുവരി മാസത്തിൽ അമ്പഴക്കാട്ടു കൊവേന്തയുടെ വികാരിയായി ഗീവറുഗീസു യോഹന്നാൻമാംദാന (പാറപ്പുറത്തു വർക്കിയച്ചൻ) നിയമിക്കപ്പെട്ടു. ടി. ആണ്ടു ഒക്ടോബർ മാസം 22-നു ആയ വിശുദ്ധ ത്രേസ്യായുടെ തിരുന്നാളിന്റെ എട്ടാം ദിനത്തിൽ വന്ദ്യ ഓർമ്മക്കുയോഗ്യനായ മർസ്സലിനോസ് മെത്രാനച്ചൻ അമ്പഴക്കാട്ടു വന്ന് ആ ആശ്രമദേവാലയത്തിനു അടിസ്ഥാനക്കല്ലിട്ടു. ആ കർമ്മത്തിന്നു വാരാപ്പുഴ വികാരി ജനറാൾ പീലിപ്പോസ് മിസ്യോനാരി  അച്ചനും സുറിയാനിക്കാരുടെ വികാരി ജനറാൾ വല്ലത്തു ഇടവക കല്ലറയ്ക്കൽ പൗലോസ് കത്തനാരച്ചനും ചില മിസ്യോനരിമാരും പല കൊവേന്തകളുടെ ശ്രേഷ്ഠന്മാരും കൂനമ്മാവു കൊവേന്തയിൽ നിന്ന് പല അച്ചന്മാരും പുതു സന്യാസികളും സഹോദരന്മാരും വന്നു കൂടിയിരുന്നു. പിന്നീടു മർസ്സലീനോസ് മെത്രാനച്ചൻ ഈശോമ്ശിഹായുടെ തിരുഹൃദയത്തിന്റെയും അമലോത്ഭവ മാതാവിന്റെയും രണ്ടു (മണ്ണുകൊണ്ടുള്ള) സ്വരൂപങ്ങൾ ദാനമായി ഫ്രാൻസിൽ നിന്നു ടി. ദേവാലയത്തിന്ന് വരുത്തിക്കൊടുത്തു.

51. 1882 ജൂൺ മാസം 3-ന് ശനിയാഴ്ച അർദ്ധരാത്രി കഴിഞ്ഞു മൂന്നുമണിക്ക് അമ്പഴക്കാട്ടു കൊവേന്തയിൽ താമസിച്ചിരുന്ന അന്ത്രയോസ് എന്ന തുണസഹോദരൻ കർത്താവിൽ നിദ്ര പ്രാപിച്ചു. ഈ സഹോദരൻ സന്യാസാനുഷ്ഠാനങ്ങളുടെ ശേഷം സന്യാസികൾക്കു ഒരുത്തമ മാതൃകയായി ജീവിച്ചിരുന്നതിനാൽ ആ ആളിന്റെ ജീവചരിത്രം സംക്ഷേപമായി ഇവിടെ എഴുതിച്ചേർക്കുന്നതു വളരെ പ്രയോജനകരമായി തീരുമെന്നു വിശ്വസിക്കുന്നു.

ഈ സന്യാസ സഹോദരൻ വടക്കൻ വെളിയനാട്ടുപള്ളി ഇടവകയിൽ കുഴിക്കാട്ടുശേരി എന്ന ഗ്രാമത്തിൽ ചെരടായി എന്ന നല്ല കുടുംബത്തിൽ ജാതനായി. ചെറുപ്രായം നല്ല ദൈവഭക്തിയിൽ കഴിച്ചുകൂട്ടിയതിനാൽ ലോക ജീവിതത്തിൽ ആത്മരക്ഷ

പ്രാപിക്കുന്നതിനുള്ള അനേകം അപകടങ്ങളും തടസ്സങ്ങളും പരിചയിച്ചറിയുകയും സന്യാസ ജീവിതത്തേക്കാൾ പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നതിനുതകുന്ന മാർഗ്ഗം വേറൊന്നുമില്ലെന്നു ഗ്രഹിച്ച് അതിനായി വേണ്ട അപേക്ഷകളോടു കൂടെ അരണാട്ടുകര നമ്മുടെ എൽത്തുരുത്തു കൊവേന്തയിൽ തുണസഹോദരനായി ചേരുകയും ചെയ്തു. കാരണവന്മാരുടെ കണ്ണീരുകൾ അഗണ്യമാക്കി സന്യാസ ഭവനത്തിൽ തനിക്കു ഏല്പിക്കപ്പെട്ട വേലകളും ചുമതലകളും ഏവരുടേയും ആശ്ചര്യത്തിനും ആകർഷണത്തിനും യോഗ്യമായ വിധത്തിൽ നിറവേറ്റിക്കൊണ്ടു വരികയും എല്ലാ സന്മാർഗ്ഗീക പുണ്യങ്ങൾക്കും അടിസ്ഥാനമായ എളിമയെന്ന പുണ്യത്തെ വിശേഷ വിധത്തിൽ സ്നേഹിച്ച് അതിന്റെ അഭ്യാസത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവരികയും ചെയ്തുവന്നു. എല്ലായ്പോഴും മധുരസ്വഭാവവും സന്തോഷഭാവവും ഏവരേയും സന്തോഷിപ്പിക്കുന്നതായ ഒരുവക പുഞ്ചിരിയും ഇയാളുടെ മുഖത്തിൽ പ്രകാശിച്ചിരുന്നു. ഒരിക്കലെങ്കിലും ഇയാൾ ദുഃഖിതനായോ കോപം കൊണ്ടു പിണങ്ങിയിരിക്കുന്നതോ കാണപ്പെട്ടിട്ടില്ല. ഇയാളുടെ വിവേകവും പ്രവർത്തിക്കുന്നതിലുള്ള സൂക്ഷവും നിമിത്തം ഇയാൾ നടത്തിയിരുന്ന വേലകൾക്ക് എപ്പോഴെങ്കിലും വല്ല ദോഷം നേരിട്ടതായി കേട്ടിട്ടില്ല. ഏല്പിക്കപ്പെട്ട ജോലികളുടെയും വേലകളുടെയും കൂടുതൽ നിമിത്തം ധ്യാനം, ആത്മശോധന മുതലായ ദൈവിക പ്രവൃത്തികളിൽ നിന്ന് ഒരിക്കലും ഇയാൾ ഒഴിഞ്ഞിരുന്നില്ല. എന്നു മാത്രമല്ല സന്യാസികൾ കൂട്ടമായി കഴിക്കുന്ന കാനോനാ നമസ്ക്കാരം കുർബാന കാണുക, കൈക്കൊൾക മുതലായ പ്രവൃത്തികളിൽ ഇയാൾ സന്യാസികൾക്കു ഒരു നല്ല മാതൃകയായി ജീവിച്ചു വന്നു.

ഇയാളുടെ ജീവിതം എല്ലാവരും കണ്ടു സന്തോഷിച്ചതിനാൽ 1872-ന്റെ ആരംഭത്തിൽ ഏൽതുരുത്തിലെ ശുദ്ധീകര മാതാവിന്റെ ആശ്രമത്തിൽവെച്ച് ഇയാൾ തന്റെ സന്യാസി വാഗ്ദത്ത നേർച്ചകൾ ദൈവത്തിനു സമർപ്പിച്ചു. ഇതിനുശേഷം ഏറെ താമസിയാതെ അമ്പഴക്കാട്ടു ആശ്രമത്തിലേക്കു നമ്മുടെ അന്ത്രയോസ് മാറ്റപ്പെ

ട്ടു. അക്കാലങ്ങളിൽ പണി ആരംഭിച്ചിരുന്ന അമ്പഴക്കാട്ടു കൊവേന്തയിൽ ഒരു ചെറിയ ബങ്കളാവിൽ നമ്മുടെ ഒന്നുരണ്ടച്ചന്മാർ പോയി താമസിക്കയും തല്കാലത്തേക്കു കെട്ടിയുണ്ടാക്കിയ ഒരു കപ്പേളയിൽ കുർബാന ചൊല്ലുകയും ചെയ്തിരുന്നു.

അവരെ സഹായിക്കാനായി അയക്കപ്പെട്ട നമ്മുടെ അന്ത്രയോസ് അവിടെ ചെന്നയുടനെ എല്ലാവരുടെയും തൃപ്തിക്ക് പാത്രീഭവിക്കയും, പണികാര്യങ്ങളിൽ അച്ചന്മാർക്കു വലിയ ഒരു സഹായമായിത്തീരുകയും ചെയ്ത ഇയാൾ പള്ളികളിലും കരകളിലും പോയി ധർമ്മം വാങ്ങിയിരുന്നതിനു പുറമെ കൊവേന്തക്കാര്യം സംബന്ധിച്ച് സർക്കാർ കച്ചേരികളിലും പോയി കാര്യം നടത്തിവന്നു. ഈവക ഇടപാടുകളിൽ നമ്മുടെ സഹോദരൻ അൾമേനിക്കാർക്കു ആശ്ചര്യജനകമായ ഒരു മാതൃകയായി തന്നെ ത്തന്നെ നടത്തിയിരുന്നു. സന്യാസിയായി സഭയിൽ ചേർന്ന കാലത്ത് നമ്മുടെ സഹോദരൻ നല്ല ശരീരാരോഗ്യമുള്ള ആളായിരുന്നെങ്കിലും ആദ്യകാലത്തു ചെയ്ത വേലകളും ബുദ്ധിമുട്ടുകളും നിമിത്തം അമ്പഴക്കാട്ടു കൊവേന്തയിലേക്കു മാറ്റപ്പെട്ടപ്പോൾ ഒരു വായു രോഗിയായി തീർന്നിരുന്നു. എങ്കിലും വേലകൾക്കും ജോലികൾക്കും യാതൊരുവക സങ്കടവും കാണിച്ചിട്ടില്ല. 1874-ാം ആണ്ടിൽ അമ്പഴക്കാട്ടു കൊവേന്തയിൽ ഒരു വികാരിയെ നിയമിക്കയും ടി. ആണ്ടു പന്തക്കുസ്താ ദിവസത്തിൽ മുറപ്രകാരം കൊവേന്ത ക്രമങ്ങൾ അവിടെ സ്ഥാപിച്ചു നടത്തുകയും ചെയ്തു. ആ നാൾ മുതൽ കുസിനി വിചാരിപ്പ്, സങ്കീർത്തിവേല, പ്രോക്കുരദോരിന്റെ (Procurator) ചുമതല എന്നീ ജോലികളെല്ലാം നമ്മുടെ കഥാനായകൻ വഹിച്ചു നടത്തിവന്നു. വിശേഷാൽ പറമ്പുകൃഷി മുതലായ വേലകൾകൂടിയും നോക്കിപ്പോന്നു. ഇത്ര വളരെ ജോലികൾ ഈ സഹോദരനെ ശ്രേഷ്ഠന്മാർ ഏല്പിക്കയും അതുകളെല്ലാം തൃപ്തികരമാംവണ്ണം അയാൾ നടത്തിപ്പോരികയും ചെയ്തെങ്കിലും ആ ജോലികളുടെ ആധിക്യംകൊണ്ട് ധ്യാനം, കാനോന നമസ്കാരം മുതലായ കൂട്ടജീവിതക്രമങ്ങളിൽ നിന്ന് ഇയാൾ ഒരിക്കലും ഒഴിഞ്ഞിരുന്നില്ല. ആ ദൈവീക പ്രവൃ

ത്തികളിൽ ഒന്നാമനായി കൂടിയിരുന്നു. മുള്ളൻകുഴിപ്പറമ്പിലെ തൈവെപ്പു മുതലായപറമ്പു കൃഷിയിൽ ചെയ്തിരുന്ന അസാമാന്യ ബുദ്ധിമുട്ടും മറ്റും നിമിത്തം 1882-ാം ആണ്ട് ജനുവരി മാസത്തിൽ ഒരു രക്താതിസാരവും വായുവിന്റെ പനിയും ഇയാൾക്കു പിടി പെട്ടു. ആരംഭത്തിൽ അത്ര വകവയ്ക്കാത്തതിനാൽ പനിയും ചുമയും കൂടുകയും ശ്വാസംമുട്ടലും വലിവും ക്ഷയരോഗത്തിന്റെ എല്ലാ ലക്ഷണങ്ങളും കണ്ടു തുടങ്ങുകയും ചെയ്തു. പല ചികി ത്സകളും ചെയ്തിട്ടും ദീനത്തിനു ഒട്ടും ശമനം ഉണ്ടായില്ല. ഈ ദീനത്തിൽ ഉദ്ദേശം ആറുമാസക്കാലംവരെ നമ്മുടെ ഭാഗ്യപ്പെട്ട രോഗി കിടക്കാൻ സംഗതി വരികയും ക്രമേണ ദേഹം വളരെ മെലിഞ്ഞു പോയതിനാൽ കിടക്കയിൽ നിന്ന് എഴുന്നേല്ക്കുന്ന തിനു കൂടി അശക്തനായി തീരുകയും ചെയ്തു.

സ്വർണ്ണത്തെ തീയാൽ ശുദ്ധീകരിക്കുന്നതുപോലെ, ഈ ദിർഘ ദീനത്താൽ നമ്മുടെ രോഗിയേയും ശുദ്ധീകരിക്കുന്നതിനു ദൈവം തിരുമനസ്സായി. ദീനത്തിന്റെ ശക്തിയും കഠോരവും നിമിത്തം ഉണ്ടായ വ്യസനവും ദുഃഖവും രോഗി ഒരിക്കലും വെളിക്കു കാണി ക്കാതെ അതെല്ലാം അനുകരണീയമായ ക്ഷമയോടെ സഹിക്കയും യാതൊരു ദീനവും ഇല്ലാത്തവനെപ്പോലെയുള്ള മുഖപ്രസാദം കാട്ടുകയും ചെയ്തിരുന്നു. ദീനം കണ്മാൻ ചെന്നിരുന്നവരെ ഒരു പുഞ്ചിരിയും പുതുവാക്കും കൊണ്ടു എപ്പോഴും ഇയാൾ സന്തോ ഷിപ്പിച്ചിരുന്നു. ആളുകളുടെ ചുരുക്കം നിമിത്തവും വേറൊരു ദീന ക്കാരനും അമ്പഴക്കാട്ടു കൊവേന്തയിൽ അന്നുണ്ടായിരുന്നതി നാലും അതാതു സമയം നമ്മുടെ രോഗിയുടെ ആവശ്യങ്ങൾ നട ക്കുന്നതിനു എത്തുപെടാൻ സംഗതിയാകാതെ പലപ്പോഴും വന്നി ട്ടുണ്ടെങ്കിലും അതിനെക്കുറിച്ച് അല്പമായിട്ടെങ്കിലും സങ്കടം കാണിക്കയും ആവലാതി പറകയും ചെയ്തിട്ടില്ല. ദീനം പിടിപെ ട്ടിട്ടു ആദ്യത്തെ രണ്ടു മാസത്തിനിടയിൽ കിടന്നുതന്നെ രോഗി കാര്യങ്ങളന്വേഷിക്കയും ശേഷംപെരെ ഓരോ സംഗതികളെ വേണ്ട പോലെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തിരുന്നെങ്കിലും ദീനം കൂടിവരുന്നെന്നു തനിക്കുതന്നെ തോന്നിയ നാൾ മുതൽ എല്ലാ

കാര്യജോലിയും മറ്റവരെ ഏൽപ്പിക്കയും ആത്മകാര്യംമാത്രം അന്നുമുതൽ നോക്കി വരികയും ചെയ്തു. 1882 മെയ് മാസം 28–നു ഞായറാഴ്ച രാത്രി 7 മണിക്കു ഒടുക്കത്തെ ഒപ്രൂശ്മായും, 30–നു ഉച്ചതിരിഞ്ഞു 4 മണിക്കു യാത്ര പ്രകാരമുള്ള വിശുദ്ധ കുർബാനയും മരണത്തിനു രണ്ടു ദിവസം മുമ്പു സഭയ്ക്കു കല്പിക്കപ്പെട്ടിട്ടുള്ള എല്ലാ ദണ്ഡവിമോചനങ്ങളും കാണികളുടെ ഹൃദയത്തെ ഇളക്കാൻ തക്കവണ്ണം ഭക്തിയോടെ കൈക്കൊണ്ടു മരിക്കുന്നതിനു 4 മണിക്കു മുൻപു മരണനേരത്തുള്ള ദണ്ഡവിമോചനവും കൈക്കൊണ്ടു. ഇങ്ങനെ 1882 ജൂൺ മാസം 3–നു ശനിയാഴ്ച അസ്തമയത്തോടെ ഊർദ്ധവായുവിന്റെ ഇളക്കം കണ്ടുതുടങ്ങുകയും ഉള്ളിൽ സഹിക്ക വഹിയാത്ത സംഭ്രമവും പരവേശവും, ശ്വാസംമുട്ടലും കാട്ടിവരികയും ചെയ്തതിനാൽ അച്ചന്മാർ മിക്കവരും ദീനക്കാരന്റെ മുറിയിൽ ഒഴിയാതെ നിന്നിരുന്നു. രാത്രിസമയത്തുള്ള മൗനാടയാളത്തിന്റെ മണി കൊട്ടിയപ്പോൾ ആശ്വാസവാക്കുകളും സുകൃത ജപങ്ങളും ചൊല്ലിക്കൊടുത്തശേഷം വെളുക്കുന്നതിനു മുമ്പു മരിക്കയില്ലെന്നു തോന്നിയതിനാൽ ഒരു അച്ചനും ഒരു തുണ സഹോദരനും ഒഴികെ ശേഷം എല്ലാവരും സ്വന്ത മുറികളിൽ നിദ്ര ചെയ്‌വാനായി പോയി. അർദ്ധരാത്രിയായപ്പോൾ രോഗിക്കു ഒരു മന്ദം ഉണ്ടായതുപോലെ കാണപ്പെടുകയും അപ്പോൾ ‘അതുഞാൻ ചെയ്തിട്ടില്ല അതു ഇപ്പോഴത്തേതല്ല’ എന്നിങ്ങനെ ഒന്നു രണ്ടു വാക്കുകൾ ദുഃഖസ്വരത്തോടെ പറയുന്നത് സമീപെ നിന്നിരുന്നവർ കേൾക്കയും അതിനിടക്കു “തിരികെടാറായി അമ്മേ! എന്റെ ആത്മാവിനെ എടുത്തുകൊള്ളണമേ” എന്ന് മൂന്നുനാലു പ്രാവശ്യം ഒന്നിച്ചു പറകയും ചെയ്തു.

അനന്തരം ആകാശമോക്ഷം ഞാൻ കണ്ടുവെന്നും ആ നിൽക്കുന്നത് ഈശോമറിയം ഔസേപ്പല്ലയോ, മൂന്നുപേരും ഇല്ലയോ എന്നും മറ്റും പറഞ്ഞു. അർദ്ധരാത്രി കഴിഞ്ഞപ്പോൾ ശ്രേഷ്ഠനും അച്ചന്മാരും ശേഷം സഹോദരന്മാരും ദീനക്കാരന്റെ മുറിയിൽ പ്രവേശിച്ച് സുകൃതജപങ്ങളും ആശ്വാസത്തിനടുത്ത വാക്കുകളും ചൊല്ലിക്കൊടുക്കയും രോഗികൂടെ ചൊല്ലുകയും ചെയ്തിരുന്നു.

ഉടനെ ഭാവഭേദം ഉണ്ടായതിനാൽ ക്രമപുസ്തകത്തിൽ പറയും പോലെ അന്ത്യകാല പ്രാർത്ഥന എല്ലാവരും കൂടി കഴിക്കയും അതു തീർന്നയുടനെ 4-നു ഞായറാഴ്ച വെളുപ്പിന് 3 മണിയോടെ മലർന്ന മുഖത്തോടും സമാധാനത്തോടും കൂടെ നമ്മുടെ ഭാഗ്യപ്പെട്ട സഹോദരനായ ആ അന്ത്രയോസ് തന്റെ ആത്മാവിനെ കർത്താവിങ്കൽ ഭരമേല്പിക്കയും ചെയ്തു.

ഈ സഹോദരന്റെ കൂടെ അനേകകാലം ജീവിക്കയും ഇയാളുടെ സുകൃത ജീവിതമുറകളെ നല്ലപോലെ കണ്ടു പരിചയപ്പെടുകയും ചെയ്ത നമ്മുടെ അച്ചന്മാരിൽ ചിലർ അയാളെപ്പറ്റി എഴുതിയ ഈ ചരിത്ര സംക്ഷേപം വായിച്ചു കേട്ടപ്പോൾ ഇവിടെ എഴുതിയതെല്ലാം ഇയാളുടെ സാക്ഷാൽ ചരിത്രത്തോട് ഒപ്പിച്ചു നോക്കിയാൽ എത്രയും കുറവാണെന്നും, ഇയാൾ കീഴ്‌വഴക്കം, ദാരിദ്ര്യം, സന്യാസം എന്ന വ്രതാനുഷ്ഠാനങ്ങളിൽ എത്രയും കറയറ്റവനായി ജീവിച്ചുപോന്നവനാണെന്നും, ഇയാളുടെ മരണം കണ്ട ആളുകൾക്കു മോക്ഷഭാഗ്യത്തിന്മേലും നിത്യസമ്മാനത്തിന്മേലും ഉഗ്രമായ ആഗ്രഹം ജനിപ്പിച്ചെന്നും മറ്റും വളരെ വളരെ കാര്യമായി ഈ എഴുത്തുകാരനോടു പറഞ്ഞു. ഈ സഹോദരൻ ജ്ഞാനകാര്യങ്ങളിൽ വളരെ അറിവുള്ളവനായിരുന്നു. അയാൾ കേൾക്കയും വായിച്ചറിയുകയും ചെയ്തിരുന്ന ജ്ഞാന വിഷയങ്ങളിൽ സാരമായ എല്ലാ ഭാഗവും ഓർമ്മയിൽ നിർത്താനായി കുറിച്ചുവയ്ക്കയും ഇങ്ങനെയുള്ള അഭ്യാസത്താൽ മേല്പറഞ്ഞപോലെ ജ്ഞാനകാര്യങ്ങളിൽ വലിയ അറിവ് അയാൾക്കു സിദ്ധിക്കയും ചെയ്തു.

## അധ്യായം 14

## മുത്തോലി കൊവേന്തയുടെ സ്ഥാപനം

52. 1861–ൽ റോക്കോസ് മെത്രാൻ ബാബേലിൽ നിന്ന് മലയാളത്തു വന്നപ്പോൾ മാന്നാനം, വാഴക്കുളം, ഏൽത്തുരുത്തു എന്ന നമ്മുടെ കൊവേന്തകൾക്കു സമീപെയുള്ള ചില പള്ളികളും ജനങ്ങളും മാത്രം അദ്ദേഹത്തിന്റെ കീഴിൽ ചേരാതെയും ആ ശീസ്മയിൽ കൂടാതെയും നിന്നിരുന്നു. ഇതിനാൽ നമ്മുടെ കൊവേന്തകൾ മലയാളത്തിന്റെ എല്ലാ ഭാഗത്തും ഉണ്ടായി വർദ്ധിച്ചുകാണാൻ അന്നു വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ബെർണ്ണർദിനോസ് മെത്രാപ്പോലിത്താ ആഗ്രഹിച്ചിരുന്നു. അന്ന് ശീസ്മയിൽ ചേരാതെ കത്തോലിക്ക ഭാഗത്തിൽ സ്ഥിരമായി നിന്നിരുന്ന ചേർപ്പുങ്കൽ പള്ളിയുടെ വികാരി കാരപുഴക്കൽ ചെറിയ്തു കത്തനാരച്ചനും, പാലാപ്പള്ളിയുടെ വികാരി തയ്യിൽ യൗസേപ്പു (പിന്നീടു ചങ്ങനാശേരി വികാരി ജനറാൾ) കത്തനാരച്ചനും, കാപ്പിൽ ഉണിച്ചെറിയ, തെരുവിൽ മത്തായി, നെല്ലിപ്പുഴെ ഇട്ടി, കൊട്ടുകാപ്പള്ളിൽ ഇട്ടിച്ചെറിയ മുതലായ മാന്യന്മാരായ അൽമേനിക്കാരും പുന്നത്തുറയ്ക്കു കിഴക്കും ഭരണങ്ങാനത്തിനു പടിഞ്ഞാറുമായി തക്ക ഒരു സ്ഥലത്തു നമ്മുടെ കൊവേന്ത ഉണ്ടാക്കണമെന്നും അതിൽ നിന്നു ജനങ്ങൾക്കു പല വക ആത്മനന്മകൾ ഉണ്ടായി വരുമെന്നും നിശ്ചയിക്കയും ആ കാര്യസാദ്ധ്യത്തിനായി അയൽ പള്ളിക്കാരായ ആനക്കല്ലുങ്കൽ, പ്രവിത്താനം, അരുവിത്തുറ, പൈങ്ങൊളം എന്ന പള്ളികളിലെ വികാരിമാരുടെയും പട്ടക്കാരുടെയും യോഗക്കാരുടെയും ഒപ്പുകളോടുകൂടെ ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ അവർകളുടെ പിൻഗാമിയായി വന്ന ലെയോനാർദ് മെത്രാപ്പോലീത്തായെ 1869 മെയ് മാസം 3–നു ബോധിപ്പിക്കയും ചെയ്തു. ആ എഴുത്തിൽ ബോധിപ്പിച്ച സാരമേറിയ ഭാഗം താഴെ ചേർക്കുന്നു.

"റോക്കോസ് മെത്രാൻ വന്നതിന്റെ ശേഷം ഈ ദിക്കിൽ ഒരു കൊവേന്ത ഉണ്ടാകുന്നതിനു കാലം ചെയ്ത എ. പെ. പെ. ബ. ബർണ്ണർദിനോസ് മെത്രാപ്പോലീത്താച്ചൻ വളരെ ആഗ്രഹിക്കയും

ഞങ്ങളിൽ ചിലരോടു കല്പിക്കയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അപ്പോൾ ആ പള്ളികളിൽ ചിലതു മുഴുവനായും ചിലതു രണ്ടു ഭാഗമായിട്ടും ഗോവക്കീഴായിരുന്നതിനാലും മറ്റും നിറ വേറുന്നതിനു ഇടയായില്ല. എന്നാൽ ബ. അച്ചന്റെ വാഴ്ചക്കാലമാ കുന്ന ഇപ്പോൾ ദൈവാനുഗ്രഹത്താൽ ഭാഗങ്ങളും വഴക്കുകളും ഇല്ലാതായി തീരുകയും ബ. അച്ചന്റെ കല്പന എല്ലാ ഇടവകക ളിലും ഒന്നുപോലെ നടക്കയും ചെയ്യുന്നതിനാൽ ഈ ആറ്റുവഴി പുന്നത്തുറക്കു മേൽ ആനക്കല്ലിനുതാഴെ ഒരു കൊവേന്ത പണി യിച്ചു നടത്തുന്നതിനു ബ. അച്ചന്റെ മനോഗുണത്തിൽ തെളിഞ്ഞ് അതിനുതക്ക ദർശന പട്ടക്കാരെ കല്പിച്ചയച്ച് സ്ഥലം നിശ്ചയപ്പെ ടുത്തുകയും മറ്റും ചെയ്യുന്നതായാൽ സ്ഥലത്തിനും കൊവേന്ത മുതലായ കെട്ടിടങ്ങളുടെ പണച്ചിലവിനും വേണ്ടുന്ന പണം ഞങ്ങൾ പള്ളികളിൽ നിന്നും പട്ടക്കാരിൽ നിന്നും ജനങ്ങളിൽ നിന്നും വീതിച്ച് പിരിച്ചു നടത്തുന്നതാണ്.

പള്ളിക്കാരുടെ മേല്പറഞ്ഞ അപേക്ഷയിന്മേൽ ലെയോനാർദ് മെത്രാപ്പോലീത്താ വളരെ സന്തോഷിച്ച് 1869 മെയ് മാസം 21-നു അവർക്കു ഒരു മറുപടി കൊടുക്കയും, അതിൽ കൊവേന്ത സ്ഥാപി ക്കുന്നതിലേക്കു സ്ഥലം കണ്ടു നിശ്ചയിക്കുന്നതിനും മറ്റും വേണ്ടി യിരിക്കുന്ന അധികാരം കൊവേന്തകളുടെ പ്രിയോർ ചാവറ കുരി യാക്കോസ് ഏലിയാ അച്ചനും ദെലഗാത്ത് ലെയോപ്പോൾദ് മിസ്യോ നരി അച്ചനും കൊടുത്തിരിക്കുന്നതായി കാണിക്കയും ചെയ്തു. ആയിടക്കു ലെയോനാർദ് മെത്രാപ്പോലീത്താച്ചൻ വത്തിക്കാൻ സുനഹദോസിനായി റോമ്മായ്ക്കു പോകയും കൂടെ തന്റെ സിക്ര ത്താരിയായി മേല്പറഞ്ഞ ലെയോപ്പോൾദ് മിസ്യോനരിയച്ചനെ കൊണ്ടുപോകയും ആ സന്ദർഭത്തിൽ കൊവേന്തകളുടെ ദെലഗാ ത്തയായി ജരാർദ് മിസ്യോനരി അച്ചനെ നിയമിക്കയും ചെയ്തു. ഇദ്ദേഹവും പ്രിയോർ കുരിയാക്കോസ് ഏലിയാ അച്ചനും 1869 നവംബർ മാസം 1-നു മാന്നാനത്തു വരികയും അവിടെനിന്നു പാലാ ആറ്റുവഴിക്ക് പദ്യവാദഭാഗത്തു നിന്നിരുന്ന ചില പള്ളി കളെ വാരാപ്പുഴ ഭാഗത്തു ചേർക്കുന്നതിനായി പുറപ്പെടുകയും

ആ യാത്രയിൽ കൊവേന്തക്കു സ്ഥലം കണ്ടു നിശ്ചയിക്കയും ചെയ്തു. കൊവേന്തയ്ക്കു കണ്ടു നിശ്ചയിച്ച സ്ഥലം നമ്മുടെ മുത്തോലിക്കുന്നായിരുന്നു. മണ്ണൂർ കുടുംബക്കാർ തങ്ങളുടെ അനുഭവത്തിൽ ഇരുന്നിരുന്ന പണ്ടാരവകപ്പാട്ടം കടുവാക്കുന്നു ചേരിക്കലിൽ  വാരാപ്പുഴ വികാരി അപ്പസോത്‌ലിക്കായുടെ കീഴായി മലയാളത്തിലെ കർമ്മലീത്താ മൂന്നാംസഭ വക ഒരു കൊവേന്ത സ്ഥാപിക്കുന്നതിലേക്കു വേണ്ട സ്ഥലം 1045 തുലാം മാസം 26-നു ഒഴിഞ്ഞെഴുതിക്കൊടുക്കയും, ഈ പ്രമാണം വാങ്ങിക്കൊണ്ടു പ്രിയോരച്ചനും ദെലഗാത്തു മേല്പറഞ്ഞ ജരാർദ് മിസ്യോനരിയച്ചനും കൂനമ്മാവു കൊവേന്തയിലേക്കു പോകയും ചെയ്തു.

ഈ മുത്തോലിക്കുന്നു ആറ്റുനിരപ്പിൽ നിന്ന് ഏകദേശം 300 അടി ഉയരത്തിലും, പാലാ ചേർപ്പുങ്കൽ എന്ന ഇടവകകളുടെ മദ്ധ്യത്തിലുമാണ് കിടക്കുന്നത്. കുന്നു കിടക്കുന്നത് തെക്കുവടക്കായിട്ടും വടക്കുഭാഗം ആറിനോടു സമീപിച്ചുമാണ്. കടുവക്കുന്നു എന്നു ഇതിനു പേരുണ്ടാകാൻ കാരണം പണ്ടു കടുവായുടെ താമസം ഇവിടെ  ഉണ്ടായിരുന്നതിനാലാണ്. താമസിയാതെ 1870 ജനുവരി മാസത്തിൽ അന്നു മാന്നാനത്തെ സെമിനാരിയുടെ റൈത്തോരും പിന്നീടു കൊവേന്തകളുടെ രണ്ടാം പൊതു പ്രിയോരുമായിരുന്ന പോരൂക്കരെ കുരിയാക്കോസ് ഏലീശാ അച്ചൻ മുത്തോലി കുരിശുപള്ളിയിൽ വന്നു താമസിച്ചുകൊണ്ട് കൊവേന്തക്കു സ്വന്ത കടവും കടവിൽ ഒരു പുരയിടവും ഉണ്ടാക്കുന്നതിനായി ശ്രമിക്കയും ഇതിനായി നാഗനോലിൽ കുന്നുംപുറത്തുകാരോടു പന്തീരായിരം ചക്രം വിലയ്ക്ക് വേഴമ്പച്ചേരി, കാവുണുകാടു എന്നിങ്ങനെ രണ്ടു പുരയിടങ്ങൾ മേനാമ്പറമ്പിൽ ഇട്ടിച്ചെറിയതിനെക്കൊണ്ടു തീറു വാങ്ങിക്കയും ഇട്ടിച്ചെറിയതിന്റെ അപേക്ഷാനുസരണം ആണ്ടുതോറും 24 കുർബാനക്കടം ആ വസ്തുവിന്മേൽ ഏല്ക്കുകയും ചെയ്തു. ഉടനെതന്നെ നാഗനോലിൽ പുതിയാത്തുകാരുടെ വക പുരയിടത്തിൽ പറമ്പും നിത്യകുർബാനവകയ്ക്കായി എഴുതി വാങ്ങിക്കയും അതിന്റെ മുകളിലത്തെ ഭാഗം ദേഹണ്ഡം ചെയ്യാതെ കിടന്നത് ദാനമായി സ്വീകരിക്കയും ചെയ്തു.

കൊവേന്ത പണിക്കായി ആയിരം രൂപാവീതം കൊടുക്കാമെന്ന് ചേർപ്പുങ്കൽ പള്ളിയുടെ വികാരി കാരപ്പുഴക്കൽ കുഞ്ചെറിയ കത്ത നാരച്ചൻ ടി. ഇടവക നെല്ലിപ്പുഴ ഇട്ടി, പാലാ ഇടവക നാഗനോ ലിൽ പുതിയാത്തു കുഞ്ഞുതൊമ്മൻ, മേനാമ്പറമ്പിൽ ഇട്ടിച്ചെറി യതു, തെരുവൽ മത്തായി മുതലായ എട്ടുപത്തു പ്രധാനികൾ ഏറ്റി രുന്നതിനാലും അയൽപള്ളിക്കാർ സഹായിക്കാമെന്നു വാക്കു കൊടുത്തിരുന്നതിനാലും മറ്റും 1870 ജനുവരി മാസത്തിൽ അന്നു വത്തിക്കാൻ സുനഹദോസിനു പോയിരുന്ന ലെയോനാർദ് മെത്രാ പ്പോലീത്തായുടെ പേർക്കു കാര്യം നോക്കിയിരുന്ന പ്രോവികാരി അപ്പസ്തോലിക്കാ പീലിപ്പോസ് മിസ്യോനാരി അച്ചനും, കൊവേ ന്തകളുടെ ദെലഗാത്ത് ജെരാർദ് മിസ്യോനാരി അച്ചനും മുത്തോ ലിൽ വരികയും ആഘോഷമായി കൊവേന്തക്കു അടിസ്ഥാനക്ക ല്ലിടുകയും ചെയ്തു. വാഴക്കുളത്തു കൊവേന്തയുടെ വികാരി (കാ നാട്ടു യാക്കോ) അച്ചനും, ചാണ്ടിയച്ചനും, തളിയത്തു വർക്കിയ ച്ചനും, അയൽപള്ളികളിൽ നിന്നു പല പട്ടക്കാരും ജനങ്ങളും ടി. ആഘോഷ കർമ്മത്തിൽ വന്നു കൂടുകയും ചെയ്തു. താമസിയാതെ ഒരു ബങ്കളാവ് അച്ചന്മാർക്കു പാർക്കാൻ ഉപകരിക്കത്തക്കവണ്ണം പണി കഴിപ്പിക്കാൻ നിശ്ചയിക്കയും, 1870 മെയ് മാസത്തിൽ അതിന്റെ പണി ആരംഭിക്കയും ചെയ്തു.

1872-ൽ ലെയോനാർദ് മെത്രാപ്പോലീത്താ ചേർപ്പുങ്കൽ പാലാ മുതലായ പള്ളികളിൽ സ്ഥാനസന്ദർശനം കഴിക്കാനായി വന്ന സന്ദർഭത്തിൽ മുത്തോലിൽ വന്ന് ഏതാനും ദിവസങ്ങൾ താമസി ച്ചു. കൊവേന്തക്കു അടിസ്ഥാനമിട്ടതു മുതൽ മാന്നാനത്തു നിന്ന് അപ്പഴപ്പോൾ അച്ചന്മാർ മാറിമാറി വന്ന് താമസിച്ചതല്ലാതെ സ്ഥിര മായി ആരും താമസിച്ചിരുന്നില്ല. അതുകൊണ്ട് പാലാ, ചേർപ്പു ങ്കൽ, ഈ പള്ളികളുടെ വികാരിയച്ചന്മാർ കൊവേന്ത പട്ടക്കാരിൽ രണ്ടു പേരെ സ്ഥിരമായി മുത്തോലിൽ താമസിപ്പിച്ച് പണി മുത ലായതു നടത്താൻ കല്പനയുണ്ടാകണമെന്ന് ബോധിപ്പിച്ചു. അതിന് അച്ചന്മാരുടെ ചുരുക്കംകൊണ്ട് തല്ക്കാലം അപേക്ഷ പോലെ ചെയ്യാൻ പ്രയാസമാണെന്നും ഇടവക അച്ചന്മാരിൽ തക്ക

ഒരാളെ ഇതിനായി ഏർപ്പെടുത്തണമെന്നും മറുപടി കൊടുത്തു. 1873-ൽ ബങ്കളാവു പണി മുഴുവനാക്കുകയും ഉദ്ദേശം ആയിരം രൂപാവരെ അതിന്റെ പണിവകക്കു ചിലവാകയും ചെയ്തു. ഇതിനിടക്കു കൊവേന്തക്കു ഇട്ടിരുന്ന അടിസ്ഥാനം കെട്ടിപ്പൊക്കുന്നതിനും വേല ചെയ്തിരുന്നു. ഇതിന്റെയും ബങ്കളാവു പണിയുടെയും ചിലവിലേക്ക് പാലാ, ചേർപ്പുങ്കൽ മുതലായ സമീപേയുള്ള ജനങ്ങൾ പാടുള്ള ധർമ്മസഹായം ചെയ്തു. കൊവേന്തയുടെ അടിസ്ഥാന പണിക്കു നാഗനോലിൽ പുതിയാത്തു തൊമ്മൻ മാപ്പിള 500 രൂപാ ദാനം ചെയ്തു.

1875 ജനുവരി മാസത്തിൽ ലെയോനാർദ് മെത്രാപ്പോലീത്താച്ചൻ മുത്തോലിൽ ബങ്കളാവിൽ വന്നു താമസിക്കയും അപ്പോൾ പണിനടത്താനായി ചാണ്ടിയച്ചനേയും തളിയത്തു വർക്കിയച്ചനേയും നിയമിക്കയും ചെയ്തു. അന്നുവരെ പ്രിയോർ കുരിയാക്കോസ് ഏലീശാ അച്ചൻ പാലയ്ക്കൽ കുര്യച്ചൻ ചാവറെ യൗസേപ്പച്ചൻ കളത്തിൽ, സ്കറിയാ അപ്രേം അച്ചൻ, ചാവറ യൌസേപ്പച്ചൻ മുതലായ അച്ചന്മാർ മുത്തോലിൽ മാറിമാറി വന്നു താമസിച്ച് പണി നടത്തിയതേയുള്ളൂ. മെത്രാപ്പോലീത്താച്ചന്റെ പക്കൽ മുൻപു പള്ളിക്കാർ കൊടുത്തിരുന്ന അപേക്ഷയിൽ കാണിച്ചിട്ടുള്ള ദ്രവ്യസഹായം കിട്ടുന്നതിനും, അതുകൊണ്ടു കൊവേന്ത പണി നടത്തുന്നതിനും വേണ്ടി കൊവേന്തകളുടെ പ്രിയോർ കുരിയാക്കോസ് ഏലീശാ അച്ചനും, തളിയത്തു വർക്കിയച്ചനും, പാലാ, ഭരണങ്ങാനം, പ്രവിത്താനം, ചേർപ്പുങ്കൽ, ളാലം, പുത്തൻപള്ളി, അരുവിത്തുറെ, പൈങ്ങളം എന്നീ പള്ളികളിൽ പോയി പള്ളികളിൽ നിന്നും പട്ടക്കാരിൽ നിന്നും ജനങ്ങളിൽ നിന്നും കൊവേന്ത പണിക്കായി വരിയിടുകയും അതിൻപ്രകാരം ഓരോ പള്ളിയിൽ നിന്ന് ഒരാണ്ടത്തെ വരവു മുഴുവനും നാലും അഞ്ചും ആറും ആണ്ടുകൊണ്ട് കൊടുത്തുകൊള്ളാമെന്നും പട്ടക്കാരുടെ നാലു വർഷത്തെ പതവാരം ടി. പണിക്കായി നൽമനസ്സാലെ സഹായിക്കാമെന്നും സമ്മതിച്ച് എഴുതിക്കൊടുക്കയും ചെയ്തു.

53. ഉടനെതന്നെ പണി ആരംഭിക്കയും കൊവേന്ത തറനിരപ്പുവരെ കെട്ടിപ്പൊക്കുകയും ചെയ്തു. ഈ പണിയൊക്കയും നടത്തിയത് ബങ്കളാവിൽ അച്ചന്മാർ താമസിച്ചു പാർത്തുകൊണ്ടാണ്. 1875 മുതൽ നിജമായി താമസിച്ചത് തളിയത്തു വർക്കിയച്ചനാണ്. ഇടക്കിടക്കു വേറെ അച്ചന്മാരും അപ്പോഴപ്പോൾ വന്നു താമസിച്ചിരുന്നു. ബങ്കളാവിന്റെ മുൻവശത്ത് ജനങ്ങൾക്കു കുർബാന കാണ്മാൻ തക്കവിധം ഒരു പന്തൽ കെട്ടിയുണ്ടാക്കുകയും ബങ്കളാവിനകത്ത് പടിഞ്ഞാറെ മുറിയിൽ കുർബാന ചൊല്ലുകയുമാണ് ചെയ്തിരുന്നത്. കുർബാന ചൊല്ലാൻ അച്ചന്മാർക്കും കാണാൻ ജനങ്ങൾക്കുമുണ്ടായ ബുദ്ധിമുട്ടു നിമിത്തം തല്ക്കാലം ഒരു കപ്പേള പണിയിക്കുന്നതിനു നിശ്ചയിക്കയും അതിനുള്ള പണിയാരംഭിച്ചു നടത്തുകയും ചെയ്തു.

1878 ജനുവരി മാസത്തിൽ മാന്നാനത്തു സെമിനാരിയുടെ റൈത്തോരായിരുന്ന മണക്കുന്നേൽ യൗസേപ്പു മറിയം അച്ചൻ ആ ജോലി ഒഴികയിൽ മുത്തോലിൽ വന്നു താമസിക്കുന്നതിനുണ്ടായ കല്പനപ്രകാരം അദ്ദേഹം വന്നു താമസിക്കയും ചെയ്തു. 1878 നവംബർ മാസത്തിൽ ടി. കപ്പേള പണി മുഖിയാവുകയും ടി. മാസം 24-നു വിശുദ്ധ യോഹന്നാൻ സ്ലീവാ പുണ്യവാളന്റെ തിരുനാൾ ദിവസം കപ്പേളയുടെ പ്രതിഷ്ഠാകർമ്മം നടത്തപ്പെടുകയും ചെയ്തു.* മുത്തോലി കൊവേന്ത മേൽ സ്തുതിക്കപ്പെട്ട വിശുദ്ധന്റെ നാമധേയത്തിലാണ് പണിയിക്കപ്പെട്ടിരിക്കുന്നത്. കപ്പേള പണി തീർന്നതിനാൽ കുമ്പസാരം, കുർബാന മുതലായ ജ്ഞാനകർമ്മങ്ങൾ നടത്തുകയും തന്നിമിത്തം ജനങ്ങളുടെ ആത്മദിഷ്ഠതികൾ വിമ്മിട്ടം കൂടാതെ നടത്തുന്നതിന് നമ്മുടെ അച്ചന്മാർക്കു സൗകര്യമുണ്ടാകയും ചെയ്തു.

1880-ൽ ലെയോനാർദച്ചൻ മുത്തോലിൽ വന്നു താമസിക്കുന്നതിനു കല്പനയുണ്ടാകയും അദ്ദേഹം കല്പനപോലെ വന്നു താമസിക്കയും ചെയ്തു. ഇതിനിടക്കു പട്ടത്തിനു പഠിക്കാൻ മന

*ഇപ്പോൾ മദ്ബഹായിൽ കാണുന്ന പുണ്യവാന്റെ കൊത്തുരൂപം ബ. നാഗനൂലിൽ ഇട്ടിച്ചെറിയ അച്ചൻ ദാനം ചെയ്തിട്ടുള്ളതാണ്.

സ്സുള്ള പൈതങ്ങളെ ഇവിടെ താമസിപ്പിച്ച് സുറിയാനിഭാഷ പഠിപ്പിക്കയും അവരുടെ കാര്യാന്വേഷണവും ചുമതലയും നമ്മുടെ അച്ചന്മാർ വഹിച്ചു നടത്തുകയും ചെയ്തു. എന്നാൽ ഈ ഏർപ്പാടു തൽക്കാലത്തേക്കു മാത്രമായിരുന്നതിനാൽ വരാപ്പുഴ മർസ്സീനോസ് മെത്രാനച്ചന്റെ നിയമപ്രകാരം മേൽപറഞ്ഞ പൈതങ്ങളെ മന്നാനത്തു സെമിനാരിയിലേക്കു അയച്ചു.

ഇതിനിടക്കു കാരപ്പുഴക്കൽ ചെറിയ്തു കത്തനാരച്ചൻ അദ്ദേഹത്തിന്റെ സ്വന്തം ചിലവിന്മേൽ ഒരു ബങ്കളാവു മേൽ പറഞ്ഞ കപ്പേളയുടെ തെക്കുവശത്തു പണി കഴിപ്പിച്ചു. അതു അദ്ദേഹത്തിനു നമ്മുടെ കൊവേന്തയിൽ വന്നു താമസിക്കണമെന്നുള്ള ആഗ്രഹത്തിൻപേരിൽ പണിയിച്ചതാണ്. ലോക കാര്യങ്ങളിൽ നിന്നു ഒഴിഞ്ഞിരിക്കുന്നതിന് ഈ വിധമല്ലാതെ നിവൃത്തിയില്ലെന്നും, സ്വന്ത ഇടവകയിൽ താമസിച്ചാൽ ആ കാര്യം സാധിക്കാൻ പ്രയാസമെന്നും നല്ലപോലെ പരിചയം കൊണ്ട് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. ദൈവത്തോടു ചേർന്നിരിക്കണമെങ്കിൽ അതു ഏകാന്തതത്താൽ മാത്രമെ സാധിക്കയുള്ളൂ എന്നു അനേക കാലത്തെ പരിചയം കൊണ്ടു അദ്ദേഹം നല്ലപോലെ മനസ്സിലാക്കിയിരുന്നു. വനവാസികളും മുനികളും ദൈവത്തോടു ചേർന്നു ജീവിച്ചത് ഈ വിധമാണല്ലോ.

## അധ്യായം 15

# ചെത്തിപ്പുഴ കൊവേന്തയുടെ സ്ഥാപനം

54. നമ്മുടെ സഭയുടെ സ്ഥാപകന്മാരായ പള്ളിപ്പുറത്തു പാലക്കൽ തോമ്മാ പോരൂക്കര തോമ്മാ എന്ന മല്പാനച്ചന്മാർ ആദ്യകൊവേന്ത സ്ഥാപിക്കേണ്ടതിലേക്കു സ്ഥലം അന്വേഷിച്ചകൂട്ടത്തിൽ ചങ്ങനാശ്ശേരിയിലും പോയി സ്ഥലം നോക്കിയിട്ടുണ്ടായിരുന്നു. മഹാത്മാക്കളായ അവരുടെ ആഗ്രഹപ്രകാരം അന്നു ചങ്ങനാശ്ശേരിയിൽ ഒരു കൊവേന്ത സ്ഥാപിക്കാൻ ഇടവന്നില്ലെങ്കിലും പിന്നീടു അതു നിറവേറ്റാൻ ദൈവം ഇടവരുത്തി. നമ്മുടെ യാക്കോബു യോഹന്നാൻ അച്ചന്റെ ജ്യേഷ്ഠനായ പാലാക്കുന്നേൽ മത്തായി കത്തനാരച്ചൻ കൂത്രപ്പള്ളിൽ തന്റെ ഭാഗത്തിനു സിദ്ധിച്ച സ്ഥലത്ത് ഒരു കപ്പേളയും മുറിയും പണിയിക്കയും അവിടെ ആദ്യമായി പുലയരേയും മറ്റും സത്യവേദത്തിൽ ചേർക്കയും ചെയ്തിരിക്കുമ്പോൾ 1868 ന്റെ ആരംഭത്തിൽ കൂനമ്മാവുങ്കൽ ചെന്നു തന്റെ മൽപാനായിരുന്ന പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചന്റെ പക്കൽ അപേക്ഷ എഴുതിവച്ചു. അതിൽ തന്റെ മേൽപറഞ്ഞ കപ്പേളയും മുറിയും കുടുംബസ്വത്തുക്കളായി കിട്ടിയിരിക്കുന്ന വസ്തുക്കളിൽ പത്രിമോനി ഒഴിച്ച് ശേഷമുള്ള ഭാഗം മുഴുവനും ഒരു കൊവേന്ത സ്ഥാപിക്കുന്നതിലേക്ക് ഒഴിഞ്ഞു കൊടുക്കാമെന്നു ബോധിപ്പിച്ചു. ഈ വിവരം ബെർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചനെ ബോധിപ്പിക്കയും ചെയ്തു.

ആയിടക്ക് പെരുമാനൂർ പള്ളിയിൽ ജ്ഞാനധ്യാനം കഴിക്കാനായി നമ്മുടെ അച്ചന്മാർ ചെന്നിരിക്കുമ്പോൾ ചങ്ങനാശേരിപ്പള്ളി ഇടവക ചക്കാലയിൽ ചെറിയാൻ കത്തനാരച്ചൻ അവിടെ കുമ്പസാരം നടത്താനായി വന്നിരുന്നു. അച്ചൻ ഈ വിവരം അറിഞ്ഞപ്പോൾ നമ്മുടെ അച്ചന്മാരോടു പാലാക്കുന്നേൽ അച്ചൻ ദാനം ചെയ്യാമെന്നു പറയുന്ന സ്ഥലം ഒരു കാട്ടു പ്രദേശമാകകൊണ്ട് അവിടെ കൊവേന്ത പണിയിച്ചാൽ അത് ജനങ്ങൾക്കു അത്ര പ്രയോജനകരമായിതീരുകയില്ലെന്നും, കിഴക്കും പടിഞ്ഞാറും ഉള്ളവരുടെ

നടുഭാഗവും, ജനബാഹുല്യമുള്ളതുമായ ചങ്ങനാശേരിയിൽ ടി. കൊവേന്ത പണിയിക്കണമെന്നും പറഞ്ഞു. ഈ വിവരം ചാണ്ടിയച്ചൻ മുതലായ നമ്മുടെ അച്ചന്മാർ കൂനമ്മാവുങ്കൽ പിന്തിരിഞ്ഞു ചെന്നപ്പോൾ പ്രയോരച്ചനെ ബോധിപ്പിച്ചു. കൊവേന്തക്കു സ്ഥലവും പണിയിക്കാനുള്ള വകയും, ഉണ്ടാക്കിക്കൊള്ളാമെന്നും കാണിച്ചു കൊടുക്കുന്ന പ്ലാൻ ഒപ്പിച്ചു കൊവേന്ത പണിയിച്ചുകൊള്ളാമെന്നും മറ്റും ചക്കാലയിൽ ചെറിയാൻ കത്തനാരച്ചൻ ഏറ്റിരിക്കുന്ന പ്രകാരവും ബോധിപ്പിച്ചു.

ബെർണ്ണർദീനോസു മെത്രാപ്പോലീത്താച്ചൻ കൂനമ്മാവുങ്കൽ ചെന്നിരുന്നപ്പോൾ ഈ കാര്യമെല്ലാം ദെലഗാത്തു ലെയോപ്പോൾദ് മിസോനരി അച്ചൻ അവിടുത്തെ സന്നിധാനത്തിങ്കൽ അറിവിച്ചു അവിടുന്നു സന്തോഷിച്ച് കൊവേന്ത ചങ്ങനാശേരിയിൽതന്നെ പണികഴിപ്പിക്കണമെന്ന് കല്പിച്ചു. കല്പനപ്രകാരം ഈ വിവരം 1868 ഏപ്രിൽ മാസം 7-നു ടി ചെറിയാൻ കത്തനാരച്ചനെ പ്രിയോരച്ചൻ എഴുതി അറിയിച്ചു. സ്ഥലം മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോരച്ചന്റെ പേരിൽ പതിക്കണമെന്നും ചന്തയിലെ ആരവം കേൾത്താതിരിക്കത്തക്കവണ്ണം ചന്തയിൽ നിന്ന് അല്പം അക്കനിരിക്കണമെന്നും വള്ളം വന്നടുക്കുന്നതിന് സൗകര്യമുള്ള കടവുണ്ടായിരിക്കണമെന്നും ഭൂമി സമനിരപ്പുള്ളതായിരിക്കണമെന്നും മറ്റുമുള്ള വിവരങ്ങൾ ആ എഴുത്തിൽ പ്രിയോരച്ചൻ കാണിച്ചിരുന്നു. എഴുത്തുകിട്ടിയ ഉടനെ ചെത്തിപ്പുഴതന്നെ എല്ലാം കൊണ്ടുംതക്ക സ്ഥലമെന്ന് ചെറിയാൻ കത്തനാരച്ചൻ തീർച്ചപ്പെടുത്തി വിവരം ബോധിപ്പിച്ചു. ഇക്കാലത്തു തന്നെ കണിച്ചായി ഇട്ടൂപ്പെന്നയാൾ അമ്പഴക്കാട്ടു ഒരു കൊവേന്ത സ്ഥാപിക്കാൻ വേണ്ട വസ്തുക്കൾ കൊടുക്കയും അതിൻപ്രകാരം ആ കൊവേന്ത സ്ഥാപിക്കുന്നതിനു ഏർപ്പാടു ചെയ്കയും ചെയ്തിരുന്നതിനാൽ ചങ്ങനാശേരിലെ കൊവേന്ത ആരംഭിക്കുന്നതിന് അല്പം ക്ഷമിക്കണമെന്നായി പ്രിയോരച്ചൻ ടി. ചക്കാലയിൽ ചെറിയാൻ കത്തനാരച്ചനു മറുപടി കൊടുത്തു. ഇതിനാൽ കാര്യം നടപ്പില്ലാതെ പോകയും ഇങ്ങനെ 12 വർഷത്തിൽ അധികം കാലം കഴികയും ചെയ്തു.

ഇങ്ങനെയിരിക്കെ ചങ്ങനാശ്ശേരിൽ നിന്നു പീരുമേട്ടിന്നു പോകുന്ന റോഡിൽ കിഴക്ക് രണ്ടാം മൈൽ തൊട്ടു പടിഞ്ഞാറോട്ടു നീണ്ടു കിടക്കുന്നതും, പടിഞ്ഞാറു പുഞ്ചപ്പാടം ഉണ്ടായിരിക്കുന്നതുമായ വിസ്താരമേറിയ മൈതാനവും അതിന്റെ നടുവിലുള്ള കുന്നുമായ ചെത്തിപ്പുഴ എന്നു മുമ്പു കൊവേന്തയ്ക്കായി കരുതിയിരുന്ന സ്ഥലം പ്രൊട്ടസ്റ്റന്റുകാർ കൈവശപ്പെടുത്തി അതിൽ ഒരു സ്കൂൾ സ്ഥാപിക്കാൻ പോകുന്ന വിവരം ടി. ചെറിയാൻ കത്തനാരച്ചൻ അറിഞ്ഞു ഈ സ്ഥലം പള്ളിപ്പേരിൽ പതിക്കുന്നതിന് അപേക്ഷകൊടുത്തു നടപടികൾ നടത്തിവന്നിരുന്നു. 1882 സെപ്റ്റംബർ മാസം 26-നു ചങ്ങനാശേരിക്കാർ ഈ സ്ഥലത്തു തങ്ങളുടേയും കിഴക്കോട്ടു കാഞ്ഞിരപ്പള്ളിവരേയുള്ള ജനങ്ങളുടേയും ആത്മോപകാരാർത്ഥം ഒരു കൊവേന്തവെക്കുന്നതിനു അനുവാദത്തിനായി മെത്രാനച്ചന്റെ പേർക്ക് ഒരപേക്ഷ ടി. ചെറിയാൻ കത്തനാരച്ചന്റെ പക്കൽ എഴുതിവെക്കയും അദ്ദേഹം ഇതു സംബന്ധിച്ചു മുൻപു നടന്നിട്ടുള്ള സംഗതികൾ ഒക്കയും കാണിക്കുന്ന ഒരു സാക്ഷിസഹിതം ടി. അപേക്ഷ വരാപ്പുഴ മർസ്ലീനോസ് മെത്രാനച്ചന്റെ പക്കൽ എത്തിക്കയും ചെയ്തു.

55. പട്ടക്കാരും ജനങ്ങളും ചേർന്നു ചെയ്തിരുന്ന ഈ അപേക്ഷയിൽ കൊവേന്ത പണികഴിക്കുന്നതിനുവേണ്ട ചിലവുകൾ തങ്ങൾ തന്നെ ചെയ്യാമെന്നും പണി നടത്താനായി സഭക്കാരായ രണ്ടു അച്ചന്മാരെ നിയമിച്ചയച്ചുകൊടുക്കണമെന്നും കാണിച്ചിരുന്നു. ഈ അപേക്ഷയിൽ പറയുന്ന സംഗതികൾ ഒക്കയുടേയും യഥാർത്ഥം അറിഞ്ഞു വിവരം ബോധിപ്പിക്കാനുള്ള ചുമതലയോടുകൂടെ 1882 ഒക്ടോബർ മാസം 9-നു  ടി. മെത്രാനച്ചൻ അന്നു പുളിങ്കുന്നു കൊവേന്തയുടെ ശ്രേഷ്ഠനായിരുന്ന തട്ടാച്ചേരിൽ സ്കറിയാ യൗസേപ്പച്ചന് ഒരുകല്പന അയച്ചു. ആ കൽപനപ്രകാരം സ്കറിയാ യൗസേപ്പച്ചൻ ചങ്ങനാശേരിയിൽ വന്നു എല്ലാ കാര്യങ്ങളും അന്വേഷിച്ചറിഞ്ഞു. അനുകൂലമായ ഒരഭിപ്രായം മെത്രാനച്ചനെ ബോധിപ്പിച്ചു. എന്നിട്ടും കാര്യനടപ്പിന് താമസം നേരിട്ടതിനാൽ പൊതു പ്രിയോരായിരുന്ന കുറിയാക്കോസ് എലീശാ

അച്ചന്റെ പക്കൽ ജനങ്ങൾ എല്ലാവരും ഒരപേക്ഷ കൊടുത്തു. പ്രിയോരച്ചൻ ജനങ്ങളുടെ ഈ അപേക്ഷയെ പിൻതാങ്ങിക്കൊണ്ട് ചങ്ങനാശേരി എല്ലാംകൊണ്ടും കൊവേന്ത സ്ഥാപനത്തിന് തക്ക സ്ഥലമാണെന്നും ഇവിടെ ഒരുകൊവേന്ത ഉണ്ടാകണമെന്ന് സഭയുടെ സ്ഥാപകന്മാരായ വന്ദ്യ അച്ചന്മാർ ആഗ്രഹിച്ചിരുന്നതാണെന്നും വിശുദ്ധ ത്രേസ്യാ പുണ്യവതിയുടെ മൂന്നാം ശതവർഷാഘോഷത്തിന്റെ ഓർമ്മക്കായി ഈ വർഷത്തിൽ തന്നെ കൊവേന്ത സ്ഥാപിക്കുന്നതിന് നിത്യ ഓർമ്മക്ക് യോഗ്യമായ ഒരു സംഗതി ആണെന്നും കൊവേന്ത പണിയിക്കാൻ തക്കവരായി താൻ കാണുന്നത് അല്പോൻസച്ചനും, യാക്കോബു യോഹന്നാനച്ചനുമാണെന്നും മറ്റും മെത്രാനച്ചനെ ബോധിപ്പിച്ചു.

ഇതിന് 1883 ജനുവരി മാസം 13-നു മാർസ്ലീനോസ് മെത്രാനച്ചൻ പ്രയോർ കുരിയാക്കോസ് ഏലീശാ അച്ചനു കൊടുത്ത മറുപടിയിൽ ചങ്ങനാശേരി വികാരിയും, ഇടവകപ്പട്ടക്കാരനും ജനങ്ങളും ചേർന്നു തന്റെ പക്കൽ മുമ്പു കൊടുത്ത അപേക്ഷപ്രകാരം ചെത്തിപ്പുഴ എന്ന സ്ഥലത്ത് ഒരു കൊവേന്ത വെക്കുന്നത് തനിക്ക് സന്തോഷമുള്ള സംഗതിയാണെന്നും അതിന്റെ ചിലവ് അവർ വഹിക്കാമെന്ന് കാണിച്ചിരുന്നതുപോലെ ആ പണി നടത്തുന്നതിലേക്ക് മേൽപറഞ്ഞ അല്പോൻസച്ചനേയും, യാക്കോബ് അച്ചനേയും നിയമിച്ചിരിക്കുന്നെന്നും അവർ ഇരുവരും ചങ്ങനാശേരി പള്ളിയിൽ താമസിച്ചുകൊണ്ടു കുർബാന ധർമ്മം മുതലായ അവരുടെ വരവുകൊണ്ട് നിവൃത്തിക്ക് ആവശ്യമായ ചിലവുകൾ കഴിച്ച് ബാക്കിയുള്ളതെല്ലാം കൊവേന്ത പണിക്കായി ചിലവിടുന്നതിന് വേണ്ടിയിരിക്കുന്ന അനുവാദങ്ങൾ എല്ലാം കൊടുത്തിരിക്കുന്നെന്നും സ്ഥലം പള്ളിക്കൽ കൊവേന്തയ്ക്കായി ഒഴിഞ്ഞെഴുതി തരണമെന്നും മറ്റും കാണിച്ചിരുന്നു. ആയിടയ്ക്ക് ചങ്ങനാശേരി പള്ളിയിൽ വികാരിക്കടുത്ത സകല ചുമതലകളും കല്പനപ്രകാരം അല്പോൻസച്ചനാണ് നടത്തിയിരുന്നത്. ഇതിനാൽ കൊവേന്ത പണി കഴിയുന്ന വേഗത്തിൽ നടത്തണമെന്ന് അദ്ദേഹം നിശ്ചയിക്കുകയും 1883 ഫെബ്രുവരി മാസം 20-നു തല്ക്കാലവാസസ്ഥല

മായി ഒരു ചെറിയ വീടും കപ്പേളയും കൂടിയ കെട്ടിടത്തിന് അടിസ്ഥാനമിടുകയും ആ കർമ്മം അന്ന് മാന്നാനത്തു കൊവേന്തയുടെ വികാരിയായിരുന്ന ചാണ്ടിയച്ചൻ നടത്തുകയും ചെയ്തു. പുതുക്രിസ്ത്യാനികളുടെ കാര്യം പ്രത്യേകമായി ഇവിടെ നടത്തണമെന്നും കാവാലിക്കരെ അവർക്കായി പണിതു കിടക്കുന്ന പള്ളി ഇവിടെ ആക്കണമെന്നും ആലോചനയുണ്ടായിരുന്നതിനാൽ അതിന്റെ മേൽക്കൂടു ഈ കെട്ടിടത്തിനുപകരിക്കാൻ തക്കവണ്ണം പണി തുടങ്ങി അപ്രകാരം തന്നെ കൊവേന്തയും പള്ളിയും തീരുന്നകാലത്തു വിശുദ്ധ പ്രംസീസ്ക്കോസിന്റെ മൂന്നാം സഭക്കാരുടെ നടത്തലും ഇവിടെ ആക്കണമെന്നുണ്ടായിരുന്ന അഭിപ്രായം അനുസരിച്ച് തല്ക്കാല കപ്പേള വിശുദ്ധ പ്രംസീസ്ക്കോസിന്റെ നാമത്തിൽ പണികഴിപ്പിച്ചു. ഇതിലേക്ക് ടി. സഭക്കാരുടെ കൂട്ടപണത്തിൽ നിന്നു ഒരു സഹായവുമായി.

കൊവേന്ത സ്ഥാപിക്കുന്നതിന് ആരംഭകാലം മുതലേ വലിയ സഹായിയും അതിനായി വളരെ ബുദ്ധിമുട്ടിയ ആളുമായിരുന്ന ചക്കാലയിൽ ചെറിയാൻ കത്തനാർ 1883 ആഗസ്റ്റ് മാസത്തിൽ വാതരോഗത്താൽ മരണം പ്രാപിച്ചു. അല്പോൻസച്ചന്റെയും, ചാക്കോച്ചന്റെയും അക്ഷീണ പരിശ്രമത്താലും ജനങ്ങൾ ചെയ്ത ധർമ്മസഹായത്താലും ടി. ആണ്ടു ഡിസംബർ മാസത്തോടെ പണി മിക്കവാറും തീർന്നു. ഉടനെ കപ്പേള റൂശ്മാ ചെയ്തു അതിൽ കുർബാന ചൊല്ലുന്നതിനും വേണ്ട അച്ചന്മാരെ നിശ്ചയിച്ച് കൊവേന്ത ക്രമങ്ങൾ സ്ഥാപിച്ച് നടത്തുന്നതിനും വേണ്ടി ചങ്ങനാശേരി പള്ളിക്കാർ ടി. ആണ്ടു ഡിസംബർ മാസം 20-നു ഒരപേക്ഷ പ്രിയോരച്ചന്റെ പേർക്ക് അയച്ചു. കപ്പേള റൂശ്മാ ചെയ്തു കുർബാന ചൊല്ലുന്നതിന് വേണ്ടിയിരുന്ന സകല കൂട്ടങ്ങളും തയാറാക്കിയതിനാൽ 1884 ഫെബ്രുവരി 20-നു പ്രിയോരച്ചൻ വന്നു ആഘോഷമായി കപ്പേള റൂശ്മാ ചെയ്കയും അന്നു മുതൽ അതിൽ കുർബാന ചൊല്ലിത്തുടങ്ങുകയും ചെയ്തു.

ഏറെ താമസിയാതെ മാന്നാനത്തു കൊവേന്തയിൽ താമസിച്ചുവന്നിരുന്ന റോമൂവാൾദച്ചൻ ഇവിടേയ്ക്ക് നിയമിക്കപ്പെടുകയും

അദ്ദേഹം കല്പനപ്രകാരം വന്നു താമസിക്കയും ചെയ്തു. പിന്നീടു അമ്പഴക്കാട്ടു കൊവേന്തയിൽ പാർത്തു വന്നിരുന്ന അപ്രേം അച്ചനും ഇവിടെ വരികയും ഇങ്ങനെ നാലു അച്ചന്മാർ നിജമായി താമസിക്കയും ചെയ്കയാൽ ഇവിടത്തെ ശ്രേഷ്ഠനായി പുളിങ്കുന്നു കൊവേന്തയിൽ പാർത്തു വന്നിരുന്ന സ്കറിയാ അപ്രേം അച്ചൻ നിയമിക്കപ്പെടുകയും അദ്ദേഹം പുളിങ്കുന്നിലും ചെത്തിപ്പുഴയുമായി മാറി മാറി പാർത്തു കാര്യങ്ങൾ നോക്കിവരികയും ചെയ്തു.

# മൂന്നാം ഭാഗം

## അദ്ധ്യായം 1

1. രണ്ടാം ഭാഗം 11-ാം അദ്ധ്യായം 42-ാം ലക്കത്തിൽ നമ്മുടെ ന്യായ പ്രമാണം റോമ്മയിൽ മർസ്സലീനോസു മെത്രാനച്ചൻ കൊടുത്തയച്ചതായി പറഞ്ഞിട്ടുണ്ടല്ലോ. ആ ന്യായപ്രമാണം റോമ്മയിൽ സ്വീകരിക്കയും 6 വർഷത്തേക്കു പരീക്ഷാർത്ഥം 1885 ജനുവരി മാസം 1-നു ഉറപ്പിക്കയും ചെയ്തു. അതിൽ ചില സാരമേറിയ മാറ്റങ്ങൾ കാണുകയും അവയെപ്പറ്റി സഭയിൽ നിന്ന് ആവലാധികൾ റോമ്മയിൽ പോകാൻ ഇടയാകയും ചെയ്തു. ആ മാറ്റങ്ങളിൽ പ്രധാനമായ ഒന്നു സഭയുടെ ആരംഭംകാലംമുതലേ ഉണ്ടായിരുന്ന പൊതു പ്രിയോരിന്റെ അധികാരവും, നിയമനവും നീക്കപ്പെട്ടതാണ്. ഈ ചരിത്രത്തിന്റെ പല ഭാഗങ്ങളിലും കൊവേന്തകളുടെ ഒന്നാം പ്രിയോർ കുറിയാക്കോസ് ഏലീയാ അച്ചനേയും, രണ്ടാം പ്രിയോർ കുരിയാക്കോസ് ഏലീശാ അച്ചനെയും പറ്റി പലടത്തും പറഞ്ഞിട്ടുള്ളതാണല്ലോ. പുത്തൻ ന്യായപ്രമാണത്തിൽ 6 അച്ചന്മാരിൽ അധികംപേരുള്ള കൊവേന്തക്കു ഓരോ പ്രിയോരന്മാരെ നിയമിക്കയും ഇങ്ങനെ എല്ലാ കൊവേന്തകൾക്കായുമുണ്ടായിരുന്ന പൊതു പ്രിയോരിന്റെ നിയമനത്തെ നീക്കിക്കളകയും ചെയ്തിരുന്നു. 1878 ജൂൺ മാസം 5-നു 13-ാം ലെയോൻ മാർപ്പാപ്പാ പ്രിയോർ കുരിയാക്കോസ് ഏലീശാ അച്ചന് സ്വന്ത കൈയ്യൊപ്പിട്ടു ഒരു തിരുവെഴുത്തു അയക്കയും അതിൽ അദ്ദേഹത്തെ മലയാളത്തിലെ ക. നി. മൂ.സഭയുടെ പൊതുപ്രിയോർ എന്ന നാമകരണം ചെയ്കയും ചെയ്തിരുന്നു. ഇനി പൂർവ്വവും സഭയ്ക്കു പ്രയോജനവുമായ ഒരു നിയമനം ഇല്ലെന്നു വന്നതിൽ സഭയിൽ പൊതുവെ ദുഃഖത്തിനു കാരണമായിത്തീർന്നു. അതുകൊണ്ട് 1885 ഒക്ടോബർ മാസം 19-നു സഭയിലുള്ള എല്ലാവരുടെയും ഒരെഴുത്തു അന്നു കൂനമ്മാവുങ്കൽ ഈ ന്യായപ്രമാണത്തെപ്പറ്റി ആലോചിക്കുന്നതിനും അതിൻപ്രകാരം ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പു നടത്തുന്നതിനും കൂടിയിരുന്ന സഭയുടെ പൊതു സംഘത്തിലേക്കു അയക്കയുണ്ടായി. ഇതു സംബന്ധിച്ചു ആ എഴുത്തിൽ പറയുന്ന ഭാഗം താഴെ ചേർക്കുന്നു.

ആദ്യം തന്നെ ന്യായപ്രമാണത്തിന്റെ സംഗതിയിൽ തർക്കമുണ്ടായപ്പോൾ സന്യാസികളേവരേയും സഭകൂട്ടി അവരുടെ ന്യായപ്രമാണത്തെക്കുറിച്ചുള്ള അഭിപ്രായം അറിഞ്ഞ് പൂർവ്വന്മാരായ 8 അല്ലെങ്കിൽ 4 പേരുടെ എങ്കിലും കയ്യൊപ്പോടു കൂടെ ആയതിനെ അയക്കണമെന്നു തിരുസിംഹാസനം കല്പിച്ചിട്ടുണ്ടായിരുന്നല്ലോ. എന്നാൽ അതിൻ വണ്ണം പൂർവ്വന്മാരുടെ കയ്യൊപ്പോടുകൂടെ അയച്ച വിവരം ഞങ്ങൾക്കാർക്കും അറിവില്ല. സഭയുടെ ആദ്യംമുതൽ ഇതുവരെ ഉണ്ടായിരുന്നതും ശുദ്ധ സിംഹാസനത്തിന്റെ തിരുവെഴുത്തുകളാൽ തന്നെയും അംഗീകരിച്ചിരിക്കുന്നതുമായ പൊതു പ്രിയോരെ മാറ്റുന്നതിനുള്ള കാരണമെന്ത്? ഈ ദേഹത്തെക്കൊണ്ട് സഭക്കെങ്കിലും നാടിനെങ്കിലും ഗുണവും ഉപകാരവും വന്നതല്ലാതെ വന്ന കേടെന്ത്?

2. ഈ ന്യായപ്രമാണത്തിൽ ചെയ്ത മേൽപ്പറഞ്ഞ ഭേദഗതികൾ സഭയിൽ ആരും അറിയാതെ ഉണ്ടായിട്ടുള്ളതാണെന്നും ഇതു സഭയ്ക്കു പൊതുവെ സങ്കടവും ദോഷകരവുമാണെന്നും കാണിച്ച് പല സങ്കടങ്ങൾ തിരുസിംഹാസനത്തിലേക്കു സഭയിൽ നിന്നു അയക്കുകയുണ്ടായി.

ഇത് നിമിത്തം ഉള്ള 1885 ഏപ്രിൽ മാസത്തിൽ കൂടേണ്ടതായിരുന്ന സഭയുടെ പൊതുസംഘം ആ മാസത്തിൽ കൂടാൻ ഇടയായില്ല. റോമ്മയിൽ കാര്യങ്ങൾ എല്ലാം അറിഞ്ഞതിനുശേഷം 1885 സെപ്തംബർ മാസം 18-നു കിഴക്കൻ സഭകളുടെ കാര്യാന്വേഷണം ചെയ്യുന്ന പ്രൊഫഗാന്ത് തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ എ.ഉ. സെമിയോനി കർദിനാൾ മർസ്സലിനോസ് മെത്രാനച്ചന് ഒരു ലിഖിതം അയച്ചു. ആ കത്തനുസരിച്ച് പുത്തൻ ന്യായപ്രമാണപ്രകാരമുള്ള ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പ് അടുത്ത ഒക്ടോബർ മാസത്തിൽ കൂനമ്മാവുങ്കൽ വെച്ചു നടത്തപ്പെട്ടു. തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ അതിനായി കൂടിയ സംഘക്കാരായ അച്ചന്മാർ പ്രൊഫഗാന്ത് തിരുസംഘത്തിലേക്ക് ഒരു എഴുത്തയച്ചു. അതിൽ ഉയിർപ്പു തിരുനാളിൻ ശേഷമുള്ള മദ്ധ്യസ്ഥതിരുനാൾ കഴിഞ്ഞ ഉടനെ കൂടേണ്ടതായിരുന്ന സഭയുടെ പൊതുസംഘം കൂടാൻ ഇട

യാകാഞ്ഞ കാരണം താഴ്മയോടെ കാണിച്ചതിന് ശേഷം സഭയിൽ നിന്നു തന്നെ ഒരു പൊതുശ്രേഷ്ഠൻ സഭക്കു വേണമെന്നുള്ള അപേക്ഷയെ പുതുപ്പിക്കയും ആ അപേക്ഷ ന്യായമുള്ളതാണെന്ന് മർസ്സലീനോസ് മെത്രാനച്ചൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. മേൽപറഞ്ഞ തിരഞ്ഞെടുപ്പിൻ പ്രകാരം കൂനമ്മാവു കൊവേന്ത യുടെ പ്രിയോരായി യൗസേപ്പു യോഹന്നാനച്ചനും, മാന്നാനം കൊവേന്തയുടെ പ്രിയോരായി അലക്സാന്ത്രയോസ് യൗസേപ്പ ച്ചനും, വാഴക്കുളത്തു കൊവേന്തയുടെ പ്രിയോരായി സ്കറിയാ അപ്രേം അച്ചനും, ഏൽതുരുത്തിലേക്കു ഗീവറുഗീസു യോഹ ന്നാൻ മറിയം (വാറുണ്ണി) അച്ചനും, അമ്പഴക്കാട്ടേയ്ക്കു ഗീവറു ഗീസു യോഹന്നാൻ ഏവൻ ഗേലീസ്താ അച്ചനും പുളിങ്കുന്നി ലേക്കു കുറിയാക്കോസ് ബോക്കാർദച്ചനും, (പാലക്കൻ കുര്യച്ചൻ) മുത്തോലിക്കു മത്തായി ഗ്രിഗോറിയോസ് (കൊടുപാടം) അച്ചനും, ചെത്തിപ്പുഴക്ക് ഗീവറുഗീസു യോഹന്നാൻ മാംദാന (പാറപ്പുറം) അച്ചനും തിരഞ്ഞെടുക്കപ്പെട്ടു. അന്നുവരെ കൊവേന്തകളുടെ ശ്രേഷ്ഠന്മാർക്കു വികാരിമാർ എന്നാണ് നാമകരണം ചെയ്യപ്പെട്ടി രുന്നത്. എന്നാൽ പുത്തൻ ന്യായപ്രമാണപ്രകാരം 6-ൽ അധികം അച്ചന്മാരുള്ള കൊവേന്തയുടെ ശ്രേഷ്ഠന്മാർക്കു വികാരിമാർ എന്നു പേരുണ്ടാകയും പ്രിയോരന്മാർക്കു പെ. ബ. പ്രിയോർ അച്ചൻ എന്നും വികാരിമാർക്കു ബ. വികാരിയച്ചൻ എന്നും എഴുതണ മെന്ന് നിയമം ഉണ്ടാകയും ചെയ്തു. ഈ തിരഞ്ഞെടുപ്പു നടന്ന കാലത്തു പുളിങ്കുന്ന്, മുത്തോലി എന്ന ഈ കൊവേന്തകൾ പ്രിയോർ കൊവേന്തയായി ഉയർത്തപ്പെട്ടിരുന്നില്ല. പുത്തൻ ന്യായ പ്രമാണം റോമ്മയിൽ നിന്നും വന്ന കാലംവരെ കൊവേന്തകൾക്ക് ശ്രേഷ്ഠന്മാരെ തിരഞ്ഞെടുത്തു നിശ്ചയിക്കുന്നതു വികാരി അപ്പ സ്തോലിക്കാ ആയിരുന്നു. വികാരി അപ്പസ്തോലിക്കായിക്കു മന സുള്ള ആളുകളെ ശ്രേഷ്ഠ സ്ഥാനത്തിൽ വെക്കുന്നതിനും മാറ്റു ന്നതിനും പൂർണ്ണ അധികാരമുണ്ടായിരുന്നു. ഇങ്ങനെയുള്ള അധി കാരം അന്നു മുതൽ വികാരി അപ്പസ്തോലിക്കായിൽ നിന്നു മാറി സഭക്കായി തീർന്നു. സഭക്കു കിട്ടിയ ഈ അധികാര പ്രകാരം തിര

ഞ്ഞെടുപ്പു നടത്തുന്ന വിധം ഇവിടെ അല്പം പ്രസ്താവിക്കുന്നത് അനുചിതമായി വരികയില്ലെന്നു വിശ്വസിക്കുന്നു.

മൂന്നാം വർഷംതോറും കൊവേന്തകളുടെ ശ്രേഷ്ഠന്മാർ പ്രധാന ശ്രേഷ്ഠന്മാർ നിശ്ചയിക്കുന്ന സ്ഥലത്തു വന്നു കൂടുകയും ഓരോ കൊവേന്തകയുടെയും പ്രതിനിധിയായി അതാതു കൊവേന്തയിലെ അച്ചന്മാർ തിരഞ്ഞെടുക്കുന്ന ഒരച്ചനും ശ്രേഷ്ഠനോടു കൂടെ നിശ്ചിതസ്ഥലത്തു വന്നുചേരുകയും എല്ലാവരും ഓരോ കൊവേന്തക്കുള്ള ശ്രേഷ്ഠനെ കുറിയിട്ടു തിരഞ്ഞെടുക്കുകയും കുറിയിടുന്നവരുടെ എണ്ണത്തിൽ പകുതിയിൽ അധികം കുറി കിട്ടുന്ന ആൾ തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു.

3. ന്യായപ്രമാണ പ്രകാരം സഭകൂടി ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പു നടത്തിക്കഴിഞ്ഞതിന്റെ പിറ്റെമാസത്തിൽ അതായത് 1885 നവംബർ മാസത്തിൽ ഇന്ത്യയുടെ ദെലഗാത്തു അപ്പസ്തോലിക്കാ ആയ എ. ഉ. അന്തോനി അലിയാർദി എന്ന ദേഹം വാരാപ്പുഴ രൂപതയെ സന്ദർശനം കഴിക്കാനായി വരികയും ആ സന്ദർഭത്തിൽ അദ്ദേഹം നമ്മുടെ കൂനമ്മാവു കൊവേന്തയെ വന്നു സന്ദർശിക്കയും ചെയ്തു. ഇദ്ദേഹം ഇന്ത്യയുടെ ദലഗാത്തു അപ്പസ്തോലിക്കാ എന്ന നാമത്തിൽ നിയമിക്കപ്പെട്ടു ഇവിടെ വന്നത് 1884 ഒക്ടോബർ മാസത്തിൽ ആയിരുന്നു. അദ്ദേഹത്തിന്റെ നിജവാസസ്ഥലമായി തിരഞ്ഞെടുത്തു താമസിച്ചത് ബോംബെ പട്ടണത്തിൽ ആയിരുന്നു. ഇതിനു മുമ്പു ഇന്ത്യയിൽ മാർപ്പാപ്പയുടെ സ്ഥാനപതിയായി യാതൊരുത്തനും ഉണ്ടായിരുന്നില്ല. അന്നുമുതൽ ഇക്കാലം വരെ മുടങ്ങാതെ ദെലഗാത്തപ്പസ്തോലിക്കാമാർ ഇന്ത്യയിൽ നിയമിക്കപ്പെടുകയും നിവസിച്ചു വരികയും ചെയ്യുന്നു. മേൽ പറഞ്ഞ അന്തോനി അലിയാർദി എന്ന എം. ഉ. ദെലഗാത്തപ്പസ്തോലിക്കാ വരാപ്പുഴ കൂനമ്മാവു മുതലായ സ്ഥലങ്ങളെ സന്ദർശിച്ചു കഴിഞ്ഞിട്ടു ഉടനെ മാന്നാനത്തു വരികയുണ്ടായി. ഇതിന് അതിയായ താല്പര്യം ചെയ്തത് പ്രസിദ്ധനായ നമ്മുടെ നിധിയിരിക്കൻ മാണിയച്ചൻ ആയിരുന്നു. തെക്കും വടക്കുമുള്ള

സുറിയാനിക്കാർ എല്ലാവരും സ്വരുമിച്ചു ഇദ്ദേഹത്തെ ബഹുക്രമമായി എതിരേറ്റു മാന്നാനത്തു കൊണ്ടു വന്നു. എഴുപുന്ന പാറായിൽ വർക്കിത്തരകനും ഉർമ്മീസുതരകനും ഈ കാര്യത്തിൽ ദേഹം കൊണ്ടും പണം കൊണ്ടും വളരെ സഹായം ചെയ്തു. ഈ എതിരേല്പിന് 64 പള്ളിക്കാരും 70–ൽ പരം വെള്ളിക്കുരിശും മൂന്നു പൊൻകുരിശും അനവധി മുത്തുക്കുടകളും ഒട്ടുവളരെ ബോട്ടുകളും ചുണ്ടൻവള്ളങ്ങളും ഓടികളും ഉണ്ടായിരുന്നു. ഇദ്ദേഹം 1886 മാർച്ച് മാസം 1–നു സുഖക്കേടു നിമിത്തം വിളിക്കപ്പെട്ടു റോമ്മയിലേക്ക് പോയി.

നമ്മുടെ പുത്തൻ ന്യായപ്രമാണത്തിൽ സഭയറിയാതെ ചില സാരമായ ഭേദഗതികൾ ചെയ്യപ്പെട്ട വിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ സംഗതികൾ ഒക്കയുടെയും യഥാർത്ഥസ്ഥിതി പ്രൊഫഗാന്ത് തിരുസംഘത്തിൽ അറികയാൽ അവിടെ നിന്നും 1886 ജൂൺ മാസം 1–നു ഒരെഴുത്തു നമ്മുടെ സഭയ്ക്കായി അയച്ചു. ആ എഴുത്തിൽ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ അത്യുന്നത കർദിനാൾ സെമിയോനി ന്യായപ്രമാണത്തിൽ കൂട്ടേണ്ടതും കുറക്കേണ്ടതുമായ സംഗതികൾ ഒക്കയും കുറിച്ചു (അതിന്റെ സ്ഥിതീകരണത്തിന്റെ അവധിയായ) 6 വർഷം കഴിയുമ്പോൾ പ്രൊഫഗാന്ത് തിരുസംഘത്തിലേക്കു അയക്കാനുള്ള പൂർണ്ണസ്വാതന്ത്ര്യം സഭക്കു നൽകിയിരുന്നു. വിശിഷ്യാ ആ എഴുത്തിൽ മലയാളത്തിൽ നിന്നു ഏതാനും കുട്ടികളെ റോമ്മയിൽ വിളിച്ചു പ്രൊഫഗാന്ത് സെമിനാരിയിൽ പഠിപ്പിക്കുന്നതിന് തിരുസംഘം സുറിയാനിക്കാരുടെ നേരെയുള്ള ഒരു പ്രത്യേക താല്പര്യത്തിന്റെ ചിഹ്നമാണെന്നും അതിൽ നിന്നു അനേകം ഗുണങ്ങൾ മലയാളത്തിലെ സുറിയാനിക്കാർക്കു ഉണ്ടാകുമെന്നും കാണിച്ചിരുന്നു. ഇതിനൊക്കെക്കും കാരണം മേൽ സ്തുതിക്കപ്പെട്ട അലിയാർദി ദെലഗാത്തപ്പസ്തോലിക്കാ മാന്നാനത്തു വന്നതും കാര്യങ്ങളുടെ പരമാർത്ഥമൊക്കെ അദ്ദേഹത്തിന് മനസ്സിലായി റോമ്മയിൽ അറിയിച്ചതുമാണ്. ഇദ്ദേഹം മാന്നാനത്തു വന്നപ്പോൾ വന്ദ്യഓർമ്മക്കു യോഗ്യനായ മർസ്സലീനോസ് മെത്രാനച്ചനും കൂടെ ഉണ്ടായിരുന്നു. ആ

സന്ദർഭത്തിൽ പട്ടക്കാർ ഒരു ഹർജി മർസ്സലീനോസ് മെത്രാന ച്ചൻവഴി ദെലഗാത്തപ്പസ്തോലിക്കായ്ക്ക് സമർപ്പിച്ചു. അതിൽ തങ്ങൾക്ക് ഒരു സുറിയാനി മെത്രാനെ കിട്ടേണ്ട ആവശ്യകതയെ വിവരിച്ച് കാണിച്ചിരുന്നു.

4. 1886 ആഗസ്റ്റ് മാസം 9-നു കാപ്പിൽ മത്തായി മറിയം അച്ചൻ കൂനമ്മാവു കൊവേന്തയിൽ വെച്ച് മരണം പ്രാപിച്ചു. ഇദ്ദേഹം 1878-ൽ ഉണ്ടായ സഭയുടെ പൊതുസംഘത്തിൽ വച്ച് ഏൽതുരുത്തു കൊവേന്തയുടെ ശ്രേഷഠസ്ഥാനം ഒഴിയുകയും പുളിങ്കുന്നു കൊവേന്തയിൽ വന്നു പാർക്കയും ചെയ്തിരുന്നു. ഇങ്ങനെ ഇരിക്കെ 1882-ൽ മാന്നാനത്തു സെമിനാരിയുടെ റൈത്തോരായി നിയമിക്കപ്പെടുകയും അതിൻപ്രകാരം ആ ജോലി ജാഗ്രതയോടെ ഏറ്റു നടത്തുകയും ചെയ്തു. ഇവിടെവച്ച് അദ്ദേ ഹത്തിന് പിടിപെട്ട ദീനം മുഖാന്തിരം കുറെനാൾ തത്തമ്പള്ളി യിൽ പോയി പാർത്തു ചികിത്സിച്ചിരുന്നു. തത്തമ്പള്ളിയിൽ നിന്നാണ് കൂനമ്മാവുങ്കൽ വന്നത്. ഇവിടെ വച്ച് 1886 ആഗസ്റ്റ് മാസം 9-നു തന്റെ 58-ാമത്തെ വയസ്സിൽ ഭാഗ്യമായ മരണം പ്രാപി ച്ചു. ഇദ്ദേഹം നമ്മുടെ സഭയിൽ പ്രവേശിച്ചത് രണ്ടാംഭാഗം 12-ാം ലക്കത്തിൽ വിവരിച്ചിരിക്കുന്നതുപോലെ ഇടവക ജോലികൾ നട ത്തിയിരുന്നപ്പോൾ ആണ്. പള്ളി ഭരണത്തോടെ തന്റെ ആത്മഭ രണം ശരിയായി നടത്തിപോകുന്നതു പ്രയാസമാണെന്നും തന്നെ പുണ്യപ്പെടുത്തുന്നതിനും ദൈവത്തോടു ഏറ്റം അടുത്ത വിധ ത്തിൽ ജീവിതം കഴിച്ച് ആയുഷ്ക്കാലം ദൈവത്തിനായി പ്രതി ഷ്ഠിക്കുന്നതിനും സന്യാസ ജീവിതത്തെപ്പോലെ തക്കതായ ഉത്തമ മാർഗ്ഗമില്ലെന്നു നല്ലപോലെ ഇദ്ദേഹം അറിഞ്ഞതിനാലാണ് ലോകം ഉപേക്ഷിച്ച് സഭയിൽ പ്രവേശിച്ചത്.

സഭയിൽ പ്രവേശിച്ചതിന് ശേഷം പ്രസംഗം, ധ്യാനം മുത ലായവ നടത്തുന്നതിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന പാടവം നിമിത്തം ആ ജോലിക്കായി ശ്രേഷ്ഠന്മാരാൽ നിയമിക്കപ്പെടുകയും പല പള്ളികളിൽ പോയി മേൽപറഞ്ഞ ജോലികൾ സ്തുത്യർഹ മാംവണ്ണം നടത്തുകയും ചെയ്തിരുന്നു. അതിനിടയ്ക്കു കൂനമ്മാ

വ്, അമ്പഴക്കാട്, ഏൽതുരുത്ത് മുതലായ കൊവേന്തകളിൽ ശ്രേഷ്ഠ ജോലി നോക്കുകയും അമ്പഴക്കാട്ടെ കൊവേന്ത പണി നടത്തുകയും അരണാട്ടുകര കൊവേന്തപ്പള്ളി പണി കഴിപ്പിക്കയും ചെയ്തു. ഇദ്ദേഹം സന്യാസവ്രതങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ അനുസരണം എന്ന സുകൃതത്തിൽ ശേഷം പേർക്ക് ഒരു നല്ല ദൃഷ്ടാന്തമായി ജീവിച്ചുപോന്നിരുന്നു. എപ്പോഴും ശ്രേഷ്ഠന്മാരുടെ മനസ്സിനോട് തന്റെ മനസ്സും ചേർത്തു ജീവിച്ചു വന്നിരുന്നു. ബാബേലിൽ നിന്ന് 1861-ൽ വന്ന മാർതോമ്മാ മെത്രാൻ ഞാറയ്ക്കൽ പള്ളിയിൽ താമസിച്ച് ചില ആലോചനകൾ നടത്തിവരികയിൽ രണ്ടാം ഭാഗം അഞ്ചാം അദ്ധ്യായം 25-ാം ലക്കത്തിൽ വിവരിച്ചിരിക്കുന്നതുപോലെ നമ്മുടെ കഥാനായകനായ മത്തായി മറിയം അച്ചനെ ഞാറക്കലേക്കു മെത്രാപ്പോലീത്താച്ചൻ വിടുകയും അദ്ദേഹം ഉടനെ കീഴ് വഴങ്ങി തന്റെ ജീവനു വല്ല അപകടവും വന്നേക്കുമെന്നു ഭയന്നിരുന്നിട്ടും കല്പനപോലെ അവിടേയ്ക്കു പോകയും ചെയ്തു.

മാർ തോമ്മാ മെത്രാനെ മഹറോൻ ചൊല്ലാനിരിക്കുന്നു എന്നുള്ള അറിയിപ്പുകൊണ്ടാണ് ഇദ്ദേഹത്തിനു ഞാറക്കലേക്കു പോവാൻ കല്പനയുണ്ടായത്. അതുനിമിത്തം ആ പള്ളിക്കാരിൽ നിന്നും മെത്രാനിൽ നിന്നും പല ഞെരുക്കങ്ങളും അവമതിയും മാത്രമല്ല തന്റെ ജീവനാശവും ഒരു പക്ഷെ ഉണ്ടായേക്കുമെന്നു ഇദ്ദേഹം നല്ലപോലെ അറിഞ്ഞിരുന്നുവെങ്കിലും ശ്രേഷ്ഠന്മാരുടെ കല്പന ദൈവതിരുമനസ്സിനു ഒത്തതു തന്നെയെന്നു ഇദ്ദേഹം നല്ലപോലെ അറിഞ്ഞു വിശ്വസിച്ചിരുന്നതിനാൽ അവിടേയ്ക്കുടനെ പോകയും, താൻ ഭയപ്പെട്ടിരുന്നതുപോലെ ഞാറയ്ക്കൽ കൂടിയിരുന്ന ജനങ്ങൾ ഇദ്ദേഹത്തിന്റെ വരവിന്റെ മുഖാന്തിരം അറിഞ്ഞമാത്രയിൽതന്നെ ബലമായി പിടിക്കാൻ ശ്രമിച്ചെങ്കിലും ഇദ്ദേഹം ഓടിയൊളിച്ച് അവിടെയുള്ള ഒരുത്തമ ക്രിസ്ത്യാനിയുടെ വീട്ടിൽ അഭയം പ്രാപിക്കകൊണ്ടു ഭയപ്പെട്ടിരുന്ന അപകടത്തിൽ നിന്നും ദൈവസഹായത്താൽ തെന്നിമാറി ഒഴികയും ചെയ്തു. ദൈവത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന പൂർണ്ണമായ വിശ്വാസം

എത്രയും അനുകരണീയവും അതിശയകരവുമായിരുന്നു. ഒരിക്കൽ ഇദ്ദേഹം കടൽതീരത്തുള്ള ഒരു പള്ളിയിൽ കല്പന പ്രകാരം താമസിച്ചു ചില കാര്യങ്ങൾ നടത്തി വരുമ്പോൾ ദൈവവിശ്വാസമില്ലാത്തവനായിരുന്ന ഒരു തണ്യ ക്രിസ്ത്യാനി ഇദ്ദേഹത്തിന്റെ പക്കൽ വന്നു. അവന്റെ ഭാര്യയുടെ കുമ്പസാരക്കാര്യം സംബന്ധിച്ചു ചില കാര്യങ്ങൾ ചോദിക്കയും ദൈവപ്രമാണത്താൽ ആ വക കാര്യത്തിനു മറുപടി പറയാൻ പാടില്ലാത്തതായിരുന്നതിനാൽ അതിനു അദ്ദേഹം മറുപടി ഒന്നും പറയാതെയിരിക്കയും ചെയ്തു. അപ്പോൾ അവൻ കുപിതനായി ഇദ്ദേഹത്തോട് അക്രമം ചെയ്യാനായി ഭാവിക്കയും ഉടനെ ഇദ്ദേഹംമുട്ടുകുത്തി അവൻ ചെയ്യുന്നതു എന്തു തന്നെയായിരുന്നാലും അതൊക്കെയും സഹിക്കാൻ ഒരുങ്ങിയിരിക്കുന്നതായി കാട്ടുകയും ചെയ്തു.

5. മേൽ മൂന്നാം ലക്കത്തിൽ മലയാളത്തിൽ നിന്നു നമ്മുടെ ചില കുട്ടികളെ റോമ്മായിലെ ഉർബൻ സെമ്മിനാരിയിൽ പഠിപ്പിക്കാൻ പ്രൊഫഗാന്ത തിരുസംഘത്തിൽ നിന്നു നിശ്ചയം ചെയ്തറിയിച്ച വിവരം പറഞ്ഞിട്ടുണ്ടല്ലോ? ആ നിശ്ചയപ്രകാരം 1886 ഡിസംബർ മാസം 26-നു കൂനമ്മാവുങ്കലെ നമ്മുടെ സന്യാസികളിൽ നിന്നു ആഹാ യൗസേപ്പു (കട്ടയ്ക്കകത്തു കൊച്ചു ചാണ്ടിയച്ചൻ) ശെമ്മാശനേയും, ആഹാ ഗൈത്താനോസ് (പുല്ലൻ ദേവസ്സിയച്ചൻ, ഇദ്ദേഹം മരിച്ചുപോയി) ശെമ്മാശനേയും അരണാട്ടുകര സെമ്മനാരിയിൽ നിന്നു അന്തപ്പൻ, കാക്കപ്പൻ എന്നിങ്ങനെ രണ്ടു ശെമ്മാശന്മാരെയും തെരഞ്ഞെടുക്കയും, ഇവരെ ഇപ്പോൾ പുത്തമ്പള്ളി സെമ്മിനാരിയിൽ റൈത്തോരായിരിക്കുന്ന ബൊനിഫാസാ മൂപ്പൻ പാതിരിയച്ചൻ റോമ്മായിലേക്കു കൊണ്ടുപോകയും ചെയ്തു.

രണ്ടാം ഭാഗം എട്ടാം അദ്ധ്യായം 26-ാം ലക്കത്തിൽ പദ്യവാദാ അധികാരം പുനഃസ്ഥാപിക്കയും ചെയ്ത വിവരം പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. 1857-ലെ കൊംക്രൂദാത്തുടമ്പടിയിലെ നിശ്ചയം പോലെ പോർത്തുഗീസ് ഗവണ്മെന്റു ചെയ്തു നിറവേറ്റായ്ക നിമിത്തം ഗോവയൊഴിച്ചു ബ്രിട്ടീഷ് രാജ്യങ്ങളിലെ പദ്യവാദ അധി

കാരം നീക്കിക്കളയാൻ റോമ്മയിൽ ആലോചന നടത്തുകയും, ഈ സംഗതിയിൽ പോർത്തുഗീസ് ഗവണ്മെന്റു ആവലാതി പറക യാൽ കാലാനുസൃതമായി പുതിയ ഒരു കൊംക്രൂദാത്ത് (Concordat) വിശുദ്ധ സിംഹാസനവും പോർത്തുഗീസ് ഗവണ്മെന്റും തമ്മിൽ ചെയ്കയും ചെയ്തു. 1857-ൽ ചെയ്ത കൊംക്രൂദാത്തിലെ നിശ്ചയം ഇന്ത്യയിലെ വൈദികഭരണം മുഴുവനും പോർത്തുഗീസ് ഗവർണ്മെന്റിന്റെ സംരക്ഷണയിൽ വിട്ടുകൊടുക്കുമെന്നും അതി ലേക്കു പല സെമ്മിനാരികളും മറ്റു പള്ളി സ്ഥാപനങ്ങളും ടി. ഗവണ്മെന്റു സ്വന്ത ചിലവിന്മേൽ പണി കഴിപ്പിക്കണമെന്നും മറ്റും ആയിരുന്നു. അത് ഏതൽ കാലാവസ്ഥക്കു നടത്താൻ പ്രയാസക രമാകകൊണ്ടാണ് കാലാനുസൃതമായ പുതിയ ഉടമ്പടി ആ ഗവ ണ്മെന്റും വിശുദ്ധ സിംഹാസനവും തമ്മിൽ ചെയ്തത്. ഈ ഉടമ്പ ടിക്കു ഒപ്പിട്ടത് 1886 ജൂൺ മാസത്തിലായിരുന്നു. ഇതിൻപ്രകാരം കൊച്ചി, മൈലാപ്പൂർ, എന്നീ രൂപതകൾ പദ്യവാദ അധികാരത്തിനു സിദ്ധിച്ചതിനു പുറമെ കൊടുങ്ങല്ലൂർ അതിരൂപതയുടെ ബഹുമാന നാമധേയത്തോടു കൂടെ ദെമ്മോൻ എന്നു പേരായി പുതുതായി സ്ഥാപിച്ച രൂപതയും പദ്യവാദ അധികാരത്തിനു സിദ്ധിച്ചു.

ഉടനെ തന്നെ 1886 സെപ്റ്റംബർ മാസം 1-നു ഇന്ത്യയിൽ വൈദിക മേലധികാരക്രമം (Hierarchy) 13-ാം ലെയോൻ മാർപ്പാപ്പാ സ്ഥാപിച്ചു. ഈ സ്ഥാപനപ്രകാരം ഇന്ത്യാ മഹാരാജ്യത്തെ ഏഴു പ്രദേശങ്ങളായി തിരിക്കയും ഓരോ പ്രദേശത്തിനും ഓരോ അതി മെത്രാസനം സ്ഥാപിക്കയും ഉണ്ടായി.

ഈ കൂട്ടത്തിൽ വാരാപ്പുഴ ഒരു അതിമെത്രാസനമായി തീർന്നു. ഗോവ അതിരൂപതയ്ക്ക് പാത്രിയർക്കീയ ബഹുമാനവും സിദ്ധി ച്ചു. അനന്തരം 1887 മെയ് മാസം 20-നു മലയാളത്തിലെ സുറിയാ നിക്കാരെ വാരാപ്പുഴെ അധികാരത്തിൽ നിന്നു വിടർത്തി അവർക്കായി പ്രത്യേകം രണ്ടു ശ്ലൈഹിക വികാരിയാത്തുകൾ സ്ഥാപിക്കുകയും തൃശ്ശിവപേരൂർ എന്നും കോട്ടയം എന്നും അതു കളെ നാമകരണം ചെയ്കയും ചെയ്തു. വിശുദ്ധ സിംഹാസനം

ചെയ്ത ഈ നിശ്ചയവും അതു സംബന്ധിച്ചുള്ള തിരുവെഴുത്തും, ഊട്ടക്കമണ്ടിൽ നിന്നും ദെലഗാത്തപ്പസ്തോലിക്കാ അയൂഥി അവർകൾ കൊടുത്തയച്ചു. തൃശ്ശിവപേരൂർ കീഴിലെ പള്ളികൾക്കുള്ളതു നമ്മുടെ ഏൽതുരുത്തു കൊവേന്തയുടെ പ്രിയോരച്ചനും കോട്ടയം അധികാരത്തിലുള്ള പള്ളികൾക്കായുള്ളതു മാന്നാനത്തു പ്രിയോരച്ചനും കൊടുത്തയക്കയും അവർ അതാതു പള്ളികളിൽ കൊടുത്തയക്കയും ചെയ്തു. പുതിയ മെത്രാനെ കൈക്കൊള്ളുന്നതിനു വേണ്ടിവരുന്ന പണച്ചിലവു സംഗതി ആലോചിക്കുന്നതിനായി പട്ടക്കാരുടെയും ജനങ്ങളുടേയും ഒരു യോഗം ഏൽതുരുത്തിലും മാന്നാനത്തിലും കൂടി. യോഗനിശ്ചയപ്രകാരം പിരിഞ്ഞതിൽ അധികം വന്ന ചിലവു കൊവേന്തകൾ തന്നെ സഹിക്കേണ്ടി വന്നു. തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്ക ആയി മെഡലിക്കോട്ടു മെത്രാനച്ചനേയും കോട്ടയം വികാരി അപ്പസ്തോലിക്കയായി ഈശോസഭയിലെ കാർല്ലോസ് ലവീഞ്ഞ് മെത്രാനച്ചനെയും നിശ്ചയിച്ചു. ഇവരിൽ മെഡലിക്കോട്ടു മെത്രാനച്ചൻ 1887 ഡിസംബർ മാസത്തിലും കാർല്ലോസ് മെത്രാനച്ചൻ 1888 മെയ് മാസത്തിലും സ്വന്ത വികാരിയത്തുകളിൽ വന്ന് ഭരണം ഏറ്റു. ആ സന്ദർഭത്തിൽ വിശുദ്ധ സിംഹാസനം നമ്മുടെ സഭയെ മെത്രാന്മാരുടെ അധികാരത്തിൽ നിന്നും വിടുത്തി പ്രത്യേകം ഒരു ശ്രേഷ്ഠന്റെ അധികാരത്തിൽ ആക്കി. തല്ക്കാലം പ്രിയോർ ജനറാളിന്റെ സ്ഥാനത്തിൽ ഇന്ത്യയുടെ ദെലഗാത്തു അപ്പസ്തോലിക്ക ആയ ഏ. ഉ അയൂത്തി മെത്രാപ്പോലീത്തായെ നിയമിച്ചു. 1887 ഡിസംബർ മാസത്തിൽ ഉണ്ടായ ഒരു പ്രത്യേക ദെക്രേത്തുമൂലമാണ് മേല്പറഞ്ഞ നിയമനം വിശുദ്ധ സിംഹാസനം ചെയ്തത്.

## അധ്യായം 2

6. കൂനമ്മാവുങ്കലെ നമ്മുടെ പുതുസന്യാസ കൊവേന്തയിൽ അനേ കകാലം സുറിയാനി ലത്തീൻ എന്നീഭാഷകൾ പഠിപ്പിക്കയും ആ രണ്ടു ഭാഷകളിൽ വളരെ നൈപുണ്യത്തെ പ്രാപിച്ചിരിക്കയും ചെയ്തിരുന്ന തുരുത്തി ഇടവക തൈക്കളത്തിൽ ആഹാ കുരിയാ ക്കോസ് ഏലിയാ അച്ചൻ 1886 ഒക്ടോബർ മാസം 1-നു പുളി ങ്കുന്നു കൊവേന്തയിൽവെച്ചു മരണം പ്രാപിച്ചു. ഇദ്ദേഹം മരിച്ചത് തന്റെ 31-ാംമത്തെ വയസ്സിലായിരുന്നു. ഇദ്ദേഹത്തിന്റെ ശിശുപ്രാ യത്തിൽ ഉണ്ടായതും ആപൽകരമായതുമായിരുന്ന ഒരു ദീനത്തിൽ നിന്നു കുട്ടി ജീവിക്കുന്നത് ഏകദേശം അസാദ്ധ്യമെന്നു തോന്നി യതിനാൽ ജീവിക്കുന്നപക്ഷം ഈ കുട്ടിയെ കർമ്മലീത്താ മൂന്നാം സഭയിൽ ചേർത്തുകൊള്ളാമെന്നു തള്ള ഒരു നേർച്ച നേർന്നു ദൈവത്തിനു സമർപ്പിച്ചു. രോഗം കഠിനതരമായ ഒരു വസൂരിദീന മായിരുന്നു. നേർച്ചയുടെ ശേഷം തള്ള കുട്ടിയെ സൂക്ഷിച്ചു നോക്കി യപ്പോൾ മരിച്ചു പോയതായി വിചാരിച്ചിരുന്ന ശിശുവിന് ജീവല ക്ഷണങ്ങൾ ഉള്ളപ്രകാരം കാണുകയും ഉടനെ സന്തോഷിച്ചു മുല കുടിപ്പിക്കയും ചെയ്തു.

കൊവേന്തയിൽ ചേരാൻ തക്കപ്രായം ആയപ്പോൾ നേർച്ച യുടെ വിവരവും മറ്റും തങ്ങളുടെ ചാർച്ചക്കാരനും നമ്മുടെ സഭ യുടെ ഒന്നാമത്തെ പൊതു ശ്രേഷ്ഠനുമായിരുന്ന ചാവറ കുരിയാ ക്കോസ് ഏലിയാ അച്ചനെ പൈതലിന്റെ വീട്ടുകാർ അറിയിക്കയും ഉടനെ തന്നെ 1869-ൽ പൈതലിനെ കൂനമ്മാവുങ്കലെ നമ്മുടെ പുതു സന്യാസകൊവേന്തയിൽ കൊണ്ടുചെന്നാക്കുകയും ചെയ്തു. ആവശ്യപ്പെട്ട പഠിത്വങ്ങളോടുകൂടെ സന്യാസജീവിത ത്തിൽ അനുഷ്ഠിക്കേണ്ട പുണ്യ കൃത്യങ്ങളെ ശരിയായി അഭ്യ സിച്ചുവന്നതിനാൽ ശ്രേഷ്ഠന്മാരുടെ ആജ്ഞപ്രകാരം 1879-ൽ കുർബാനപട്ടം ഏൽക്കുകയും അന്നു നടന്നു വന്ന സഭയുടെ ചട്ട പ്രകാരം 1880-ൽ വാഗ്ദത്തനേർച്ചകൾ ദൈവത്തിനു സമർപ്പി ക്കയും ചെയ്തു.

ഇതിനു ശേഷം ഉദ്ദേശം 4 വർഷം വരെ പുതുസന്യാസികളെ ലത്തീൻ സുറിയാനി എന്നീ ഭാഷകൾ പഠിപ്പിക്കയും പിന്നീടു മാന്നാനത്തേയ്ക്കു സ്ഥലം മാറ്റമായി പോകയും അവിടെ നിന്നു പുളിങ്കുന്നു കൊവേന്തയിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ഇവിടെ വച്ചാണ് ഇദ്ദേഹത്തിന്റെ ഇഹലോകവേർപാടുണ്ടായത്. ഇദ്ദേഹം സഭയിൽ പ്രവേശിച്ച കാലത്തു സാമാന്യം നല്ല സ്ഥിതിയിലും വേണ്ട ധനത്തിലും ഇരുന്നിരുന്ന തന്റെ കുടുംബം ഒടുവിൽ വളരെ ക്ഷയിച്ചുപോയിരുന്നതു കണ്ടതിനാൽ ഇദ്ദേഹത്തിന് അസാമാന്യ ദുഃഖവും മനഃക്ലേശവും ഉണ്ടാകുന്നതിനിടയായി. എങ്കിലും ആരും ആശ്ചര്യപ്പെടുവാൻ തക്കവിധത്തിൽ അതൊക്കെയും ക്ഷമിക്കയും പൂർണ്ണഹൃദയത്തോടെ സകലത്തേയും ഭരിച്ചു പരിപാലിക്കുന്ന ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി ജീവിക്കയും ചെയ്തു.

7. പുളിങ്കുന്നു കൊവേന്തയിൽ താമസിച്ചു ചികിത്സിച്ചുവന്നിരുന്ന പുളിങ്കുന്നു ഇടവക പഴേപറമ്പിൽ (കൊടുപാടം) ആഹാ കുറില്ലോസച്ചൻ 1888 ഏപ്രിൽ മാസം 19-നു തന്റെ 38-ാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇദ്ദേഹം ജാതനായത് 1850-ൽ ആണ്. തന്റെ സഹോദരൻ മത്തായി ഗ്രിഗോരിയച്ചനെ അനുകരിച്ചു ഇദ്ദേഹത്തിനും നമ്മുടെ സഭയിൽ പ്രവേശിച്ചു തന്റെ ആയുഷ്ക്കാലം ദൈവ ഊഴിയത്തിൽ ചിലവഴിക്കണമെന്നുള്ള സ്തുത്യർഹമായ ആഗ്രഹത്തിന് ഭക്തന്മാരായ മാതാപിതാക്കൾ സമ്മതം കൊടുക്കയും പൈതൽ ഉടനെ കൂനമ്മാവുങ്കലെ പുതു സന്യാസാശ്രമത്തിൽ പ്രവേശിക്കയും ചെയ്തു.

അന്നു സന്യാസികളുടെ പഠിത്വഭവനം നവസന്യാസ കൊവേന്തതന്നെ ആയിരുന്നതിനാൽ അവിടെ സുറിയാനി ഭാഷ നല്ലതിൽവണ്ണം പഠിച്ചശേഷം ലത്തീൻ ഭാഷയും മറ്റു ആവശ്യപ്പെട്ട വൈദികപഠിത്വങ്ങളും പഠിച്ചു മുഖിയാക്കി. ഇതിനുശേഷം ആറാം പട്ടത്തിൽ മാന്നാനത്തേക്ക് നിയോഗിച്ചയക്കയും അവിടെ സെമിനാരിക്കാരുടെ കാര്യം നോക്കിയിരുന്ന അച്ചന്മാരെ സഹായിക്കയും 1875-ൽ കുർബാനപ്പട്ടമേറ്റു മാന്നാനത്തു വെച്ച് പുത്തൻ കുർബാന അർപ്പിക്കയും ചെയ്തു. കുർബാനപ്പട്ടമേറ്റതിനുശേഷം മാന്നാനത്തു

കൂടി നടക്കുന്ന പുതു ക്രിസ്ത്യാനികളുടെ കാര്യം വളരെക്കാലത്തേക്ക് നോക്കിയിരുന്നു. പിന്നീടു അച്ചടിപ്പുരമേലദ്ധ്യക്ഷനായി നിയമിക്കപ്പെടുകയും ആ ജോലി പല സംവത്സരങ്ങളോളം അന്വേഷിക്കയും ചെയ്തു.

ഒടുവിൽ തനിക്കു പിടിപെട്ട ദീനം മുഖാന്തിരം കുറെക്കാലത്തേക്ക് ചികിത്സിക്കുന്നതിനായി പുളിങ്കുന്നു കൊവേന്തയിലേക്ക് ശ്രേഷ്ഠന്മാരാൽ അയക്കപ്പെടുകയും ഇവിടെവെച്ചു തന്റെ ആത്മാവിനെ സൃഷ്ടിതാവിങ്കൽ ഭരമേല്പിക്കയും ചെയ്തു. ഇദ്ദേഹം സന്യാസവ്രതങ്ങളും, സന്യാസജീവിതക്രമങ്ങളും നുണുക്കമായി അനുഷ്ഠിച്ചുവരികയും എപ്പോഴെങ്കിലും ശ്രേഷ്ഠന്മാരുടെ ആജ്ഞകളിൽ തനിക്ക് ബുദ്ധിമുട്ടുള്ള കാര്യം ഉണ്ടായിരുന്നാൽ അതിനെപ്പറ്റി ഒരിക്കലും ആവലാധിയും ഒഴിവും പറയാതെ അതെല്ലാം അതിശയകരമായ നൽമനസ്സോടെ ചെയ്തു നിറവേറ്റുകയും ചെയ്തിരുന്നു. ഈ സംഗതിയിൽ ശേഷം സഹോദരന്മാർ ഇദ്ദേഹത്തെ അധികമായി സ്നേഹിക്കയും മതിക്കയും ചെയ്തിരുന്നു. പുളിങ്കുന്നുകൊവേന്തയിൽ പാർക്കുമ്പോൾ ചികിത്സക്കായി ആലപ്പുഴയിലേക്കു പോയിരുന്നു. അവിടെവെച്ചാണ് തന്റെ മരണം ഉണ്ടായത്.

ഇദ്ദേഹം മരിച്ച ആയാണ്ടിൽതന്നെ 1888 ജൂലായ് മാസം 18-നു തന്റെ ജ്യേഷ്ഠനായ മത്തായി ഗ്രിഗോരിയോസച്ചനും മരണം പ്രാപിച്ചു. ഇദ്ദേഹം ജാതനായത് 1846-ൽ ആണ്. ഇദ്ദേഹത്തിൽ വിളങ്ങിയിരുന്ന ദൈവഭക്തി നിമിത്തം അക്കാലത്തു മാന്നാനത്തു ആരംഭിച്ചു നടന്നു വന്ന നമ്മുടെ സഭയിൽ പ്രവേശിക്കയും അവിടെനിന്നു 1859 സെപ്തംബർ മാസത്തിൽ കൂനമ്മാവുങ്കലെ നമ്മുടെ സന്യാസാശ്രമത്തിൽ കല്പനപ്രകാരം പോയി പാർക്കയും ചെയ്തു. ഇവിടെ വച്ചു സന്യാസജീവിത മുറകളിൽ നല്ലപോലെ അഭ്യസിക്കയും സുറിയാനിഭാഷ പഠിത്വം മുഖിയാക്കിയതിന് ശേഷം ലത്തീൻഭാഷയും പഠിക്കയും ചെയ്തു. കുർബാന പട്ടമേറ്റതിന് ശേഷം തന്റെ സന്യാസ വാഗ്ദാനങ്ങൾ ദൈവത്തിന് സമർപ്പിച്ചു.

ഇതിനുശേഷം  പല പള്ളികളിൽ ധ്യാനിപ്പിക്കാനായി പോയിരുന്ന നമ്മുടെ അച്ചന്മാരുടെ കൂട്ടത്തിൽ ജനങ്ങൾക്കു ജ്ഞാനധ്യാനം ചെയ്തു കൊടുക്കുന്നതിൽ ഏർപ്പെട്ടു. മേലൂസ് മെത്രാൻ 1874-ൽ മലയാളത്തിൽ വന്നിറങ്ങിയപ്പോൾ ഇദ്ദേഹം കല്പന പ്രകാരം ഒല്ലൂർ പള്ളിയിൽ വികാരിത്വജോലി നോക്കുകയായിരുന്നു. ആ മെത്രാന്റെ വരവു റോമ്മായിലെ അനുമതിയോടെ ആയിരുന്നോ എന്നുള്ളതിൽ ബലമായ സംശയം ഉണ്ടായിരുന്നതിനാൽ ഇദ്ദേഹത്തിന്റെ താല്പര്യപ്രകാരം ഒല്ലൂർപള്ളിക്കാർ റോമ്മയിൽ എഴുതി ചോദിക്കയും അന്നു പ്രൊഫഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന അത്യുന്നത കർദിനാൾ ഇതിന് മറുപടി ഇദ്ദേഹത്തിന് അയച്ചു കൊടുക്കയും അതിൽ മേൽപറഞ്ഞ മേലൂസ് മെത്രാൻ വന്നതു മാർപ്പാപ്പയുടെ കല്പനക്കു വിരോധമായിട്ടാണന്നു മേൽ പറഞ്ഞ കർദിനാൾ പ്രസ്താവിക്കയും ചെയ്തു. ഇതിനുശേഷം 1878-ൽ ഇദ്ദേഹം കൂനമ്മാവു കൊവേന്തയുടെ വികാരിയായി നിയമക്കിപ്പെടുകയും 1882-ൽ ആ ജോലിയിൽ നിന്നും വിടർത്തപ്പെട്ടു പുളിങ്കുന്നു കൊവേന്തയുടെ ശ്രേഷ്ഠനായി പോകയും ഒടുവിൽ 1885-ൽ മുത്തോലി കൊവേന്തയുടെ വികാരിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇവിടെ വികാരിയായി ഇരിക്കുമ്പോഴാണ് 1888-ൽ ഇദ്ദേഹത്തിന്റെ മരണം ഉണ്ടായതു.

ആയാണ്ടിൽ ആലപ്പുഴ കർമ്മലമാതാവിന്റെ തിരുനാൾ ഘോഷിച്ചത് ഇദ്ദേഹത്തിന്റെ ചാർച്ചക്കാരൻ ആയിരുന്നതിനാൽ അവരുടെ സാദ്ധ്യമായ അപേക്ഷാനുസരണം അതിനായി പോയിരിക്കുമ്പോൾ അതിഭയങ്കരമായ ഒരു ജ്വരം പിടിപെടുകയും അതു മരണകരമായിരുന്നതിനാൽ തന്റെ ആത്മാവിനെ ദൈവത്തിങ്കൽ ഏൽപ്പിക്കയും ചെയ്തു. ആണ്ടു തോറും കർമ്മലമാതാവിന്റെ തിരുനാളിനു മുമ്പുള്ള ദിവസങ്ങളിലാണ് നമ്മുടെ കൊവേന്തകളിൽ 10 ദിവസത്തെ ജ്ഞാനധ്യാനം സന്യാസികൾ എല്ലാവരും കഴിക്കുന്ന പതിവനുസരിച്ചു ഭക്തിപൂർവ്വം മേൽപറഞ്ഞ ജ്ഞാനധ്യാനം ഇദ്ദേഹം കഴിക്കയും തന്റെ ആയുഷ്ക്കാലത്തെ

അന്ത്യ കുമ്പസാരംപോലെയുള്ള ഒരു കുമ്പസാരം കഴിക്കയും ചെയ്തുകൊണ്ടാണ് ആലപ്പുഴക്ക് പുറപ്പെട്ടത്.

8. മേൽ ഒന്നാം അദ്ധ്യായം 5-ാം ലക്കത്തിൽ സുറിയാനിക്കാരെ വാരാപ്പുഴ അധികാരത്തിൽ നിന്നൊഴിച്ചു അവർക്കായി രണ്ടു വികാരി അപ്പസ്തോലിക്ക് മെത്രാന്മാരെ നിയമിച്ച വിവരവും മറ്റും പ്രസ്താവിച്ചിട്ടുണ്ടല്ലോ. ടി. വികാരി അപ്പസ്തോലിക്കാമാരെ നിയമിച്ച ഉടനെ അന്നുവരെ നമ്മുടെ സഭയുടെ നവസന്യാസാശ്രമമായും നമ്മുടെ അധീനത്തിലും ഇരുന്നിരുന്ന കൂനമ്മാവു കൊവേന്തയും പള്ളിയും വരാപ്പുഴ മെത്രാപ്പോലീത്തായുടെ അധീനത്തിലും ഭരണത്തിലും ഇരിക്കേണ്ടതാണെന്നും അതു വരാപ്പുഴ മിഷ്യൻ വക മുതൽകൊണ്ട് പണിചെയ്തിട്ടുള്ളതാണെന്നും ടി. അതിരൂപതയുടെ അദ്ധ്യക്ഷനായ ലെയോനാർദ് മെത്രാപ്പോലീത്താ റോമ്മയിൽ ബോധിപ്പിച്ചു. കൂനമ്മാവിനു പകരം പുത്തൻപള്ളി സെമിനാരിയും കപ്പേളയും നമ്മുടെ സഭയ്ക്കു വിട്ടുകൊടുക്കാമെന്നു അദ്ദേഹത്തിന് മനസ്സുണ്ടായിരുന്നെങ്കിലും ആ ആലോചന ശക്തിപെടാൻ ഇടയാകാഞ്ഞതിനാൽ സാധിച്ചില്ല.

ഇങ്ങനെ ഇരിക്കുമ്പോൾ കൂനമ്മാവുങ്കൽ ആണ്ടുതോറും ഘോഷിച്ചു വരുന്ന വിശുദ്ധ കുർബാനയുടെ തിരുനാളിനു അന്നു വാരാപ്പുഴെ കാര്യവശാൽ വന്നിരുന്ന തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കാ ആയ മെഡലിക്കോട്ട് മെത്രാനച്ചനെ കൂനമ്മാവുങ്കലെ നമ്മുടെ അച്ചന്മാർ ക്ഷണിക്കയും അദ്ദേഹം ക്ഷണം അനുസരിച്ച് മർസ്സലീനോസ് മെത്രാനൊരുമിച്ചു കൂനമ്മാവുങ്കൽ വരികയും ചെയ്തു. എന്നാൽ കൂനമ്മാവുങ്കലെ ജനങ്ങൾ ടി. മെത്രാനച്ചന്മാരെ പ്രസ്തുത പള്ളിയിൽ കയറ്റാതിരിക്കാൻ ലഹളകൂട്ടുകയാൽ പള്ളിയിൽ കയറാൻ സംഗതി ആകാതെ വാരാപ്പുഴക്കു തന്നെ പിന്തിരിഞ്ഞു.

ഇത് സംഭവിച്ചതു 1888 ജൂൺ മാസത്തിലായിരുന്നു. തങ്ങൾ ചെയ്ത ഈ ഭയങ്കര കൃത്യത്തിന് ശിക്ഷയായി കൂനമ്മാവു പള്ളിക്കു ഇന്തർദിക്ത്ത് (Interdict) എന്ന കുറ്റം വാരാപ്പുഴ ലെയോ

നാർദ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ചൊല്ലി. തന്നിമിത്തം പള്ളിയിൽ ദിവ്യകർമ്മങ്ങൾ നടത്താൻ പാടില്ലാത്തതിനാൽ കൊവേന്തക്കകത്തുള്ള ഒരു കപ്പേളയിൽ നമ്മുടെ അച്ചന്മാർ ദിവ്യ കർമ്മങ്ങൾ ഒക്കയും കഴിച്ചു പോന്നു. ഏറെ താമസിയാതെ സഭ യുടെ പ്രിയോർ ജനറാളായ എ. ഉ. ഇന്ത്യയുടെ ദലഗാത്തപ്പസ്തോ ലിക്കാ കൂനമ്മാവു കൊവേന്തയെപ്പറ്റി സഭയുടെ ശ്രേഷ്ഠന്മാരുടെ അഭിപ്രായം തന്നെ അറിയിക്കണമെന്നു കല്പിക്കയും അതിൻപ്ര കാരം ശ്രേഷ്ഠന്മാരുടെ ഒരു ആലോചനാസംഘം അമ്പഴക്കാട്ടു കൊവേന്തയിൽ കൂടുകയും സംഘാഭിപ്രായം ദെലഗാത്തപ്പസ്തോ ലിക്കായെ അറിയിക്കയും ചെയ്തു.

ഇതിന് ശേഷം തൃശ്ശിവപേരൂർ, കോട്ടയം എന്നീ വികാരി അപ്പ സ്തോലിക്കാമാർ ദെലഗാത്തപ്പസ്തോലിക്കായുടെ ആജ്ഞാനു സരണം മഞ്ഞുമ്മേൽ കൂടി കൂനമ്മാവുകൊവേന്തയെ സംബന്ധിച്ചു വാരാപ്പുഴ മെത്രാപ്പോലീത്തായുമായി ആലോചനകഴിക്കയും വിവരം ദെലഗാത്തപ്പസ്തോലിക്കായെ ബോധിപ്പിക്കയും ചെയ്തു. ഇതൊക്കെയും ദെലഗാത്തപ്പസ്തോലിക്കാ റോമ്മയിൽ ബോധി പ്പിച്ചാറെ അവസാനതീർച്ച അവിടുത്തെ പക്കൽ 1889-ന്റെ ആരംഭ ത്തോടെ വന്നു ചേരുകയും ഉടനെ 1889 ജനുവരി മാസത്തിൽ അവിടുന്നു ആ കാര്യം നടത്തുന്നതിനായും നമ്മുടെ സഭയുടെ കൊവേന്തകളെ കാനോനാപ്രകാരം സന്ദർശനം കഴിക്കുന്നതി നായും മലയാളത്തിൽ വരികയും ചെയ്തു.

9. 1889 ജനുവരി മാസത്തിൽ ദെലഗാത്തപ്പസ്തോലിക്കാ ഊട്ട ക്കമണ്ടിൽ നിന്നു തൃശ്ശിവപേരൂർ വികാരിയാത്തിൽ വരികയും അവിടെ നിന്നു ഏൽതുരുത്തു കൊവേന്തയിൽ എത്തുകയും ചെയ്തു. നമ്മുടെ കൊവേന്തകളുടെ ശ്രേഷ്ഠന്മാർ ഏൽതുരുത്തു കൊവേന്തയിൽ ദലഗാത്തപ്പസ്തോലിക്കാ തിരുമനസ്സിലെ വരവു പ്രമാണിച്ചു കൂടിയിരുന്നതിനാൽ അവിടെ വച്ചു അവരോടു കൂന മ്മാവു കൊവേന്തയെപ്പറ്റി റോമ്മയിൽ ചെയ്ത തീർച്ച അവിടുന്നു അറിയിക്കയും ആ തീർച്ചയുടെ വിവരം പരസ്യമാകുന്നതുവരെ രഹസ്യത്തിൽ ഇരിക്കേണ്ടതാണെന്നു ആജ്ഞാപിക്കയും ചെയ്തു.

ഏൽതുരുത്തിൽ എല്ലാ കൊവേന്തകളുടേയും ശ്രേഷ്ഠന്മാർ കൂടി യിരുന്നു. കൂനമ്മാവു കൊവേന്തയെപ്പറ്റിയുള്ള തീർച്ച അതു വാരാപ്പുഴെ മെത്രാപ്പോലീത്തായ്ക്ക് വിട്ടുകൊടുക്കണമെന്നായിരുന്നു. ആ കൊവേന്തയെ സംബന്ധിച്ചുള്ള അനേക കാര്യങ്ങൾ അന്വേഷിച്ചു നടത്തുന്നതിനുള്ള കാര്യസ്ഥന്മാരായി അവിടുത്തെ പ്രിയോർ യൗസേപ്പു യോഹന്നാനച്ചനേയും യൗസേപ്പു ആഗുസ്തീനോസച്ചനേയും ചെത്തിപ്പുഴ കൊവേന്തയുടെ വികാരി യോഹന്നാൻ മാംദാനാ അച്ചനേയും ദെലഗാത്തപ്പസ്തോലിക്കാ നിശ്ചയിച്ചു.

ഏൽതുരുത്തു കൊവേന്തയിലെ വിസീത്ത കഴിഞ്ഞതിന് ശേഷം ദെലഗാത്തപ്പസ്തോലിക്കാ അമ്പഴക്കാട്ടു കൊവേന്തയിൽ വരികയും അവിടെയും കാനോനാ പ്രകാരം വിസീത്ത കഴിക്കയും ചെയ്തു. അവിടെ നിന്നു വരാപ്പുഴക്കും പിന്നീടു മഞ്ഞുമ്മേലേക്കും ദെലഗാത്തപ്പസ്തോലിക്കാ പോയി. മഞ്ഞുമ്മേൽ താമസിച്ചുകൊണ്ടാണ് കൂനമ്മാവു കൊവേന്തയിലെ അച്ചന്മാരുടെ വിസീത്ത നടത്തിയതു. അതിനായി കൂനമ്മാവുങ്കൽ അച്ചന്മാരേയും സഹോദരന്മാരേയും മഞ്ഞുമ്മേലേക്കു വിളിച്ചു വരുത്തുകയും വിസീത്തയുടെ അവസാനത്തിൽ മേൽ പറഞ്ഞ മൂന്നു അച്ചന്മാർ മർസ്സലീനോസ് മെത്രാനച്ചനോടും പീലിപ്പോസ് മൂപ്പൻ പാതിരി അച്ചനോടും കൂനമ്മാവിനെ സംബന്ധിച്ച കാര്യങ്ങൾ ഒക്കയും ആലോചിച്ചു അവർ മാന്നാനത്തേക്കു വരാൻ ആജ്ഞാപിക്കുയും ചെയ്തു. 1889 ഫെബ്രുവരി മാസത്തിൽ സഭയുടെ ഒരു അസാധാരണ സംഘം പ്രിയോർ ജനറാളായ ദെലഗാത്തപ്പസ്തോലിക്കാ മാന്നാനത്തിൽ വിളിച്ചുകൂട്ടി.* ആ സംഘത്തിലേക്കു കൊവേന്തകളുടെ ശ്രേഷ്ഠന്മാരും അവരുടെ ആലോചനക്കാരായ ഈരണ്ടച്ചന്മാരും എല്ലാ കൊവേന്തകളിൽ നിന്നും വന്നുകൂടി. ആ സംഘത്തിൽ കൂനമ്മാവു കൊവേന്തയും പള്ളിയും വരാപ്പുഴ മെത്രാപ്പോലീത്തായ്ക്ക് വിട്ടുകൊടുക്കണമെന്നു

*ഇദ്ദേഹം ഈ ദിവസങ്ങളിൽ മാന്നാനത്തു സന്യാസാർത്ഥികളായി താമസിച്ചിരുന്ന ആലപ്പുഴ ഇടവക മിത്രക്കരി യാക്കോവു ആനക്കല്ലുങ്കൽ ഇടവക പീടികയിൽ യൌസേപ്പു, നെടുംകുന്നം ഇടവക പുതിയാപറമ്പിൽ പീലിപ്പോസ്, പുളിങ്കുന്നു ഇടവക (വാച്ചാപറമ്പിൽ) കുറിയാക്കോസ്, പാല ഇടവക ആലയ്ക്കാപ്പള്ളിൽ മത്തായി എന്നീ ബാലന്മാർക്കു ചെമ്മാശ് പട്ടം കൊടുത്തു.

ദെലഗാത്തപ്പസ്തോലിക്കാ ഒരു ദെക്രേത്തു മൂലം കല്പിക്കയും അതിനെ ദുഃഖത്തോടെ എങ്കിലും നല്ല അനുസരണയോടെ എല്ലാവരും സമ്മതിക്കയും ചെയ്തു.

1857-ൽ മാന്നാനത്തു സുറിയാനിക്കാർ സന്യാസജീവിതം ആരംഭിച്ചു നടത്തിയതുപോലെ ലത്തീൻകാരുടെയിടയിലും സന്യാസജീവിതം ഏർപ്പെടുത്താൻ ബെർണ്ണർദീനോസു മെത്രാപ്പോലീത്താ നിശ്ചയിക്കയും അതിനായി അവരിൽ ഏർപ്പെട്ട ആളുകൾ ഒഴിഞ്ഞു പോകയാൽ മാന്നാനത്തു നിന്നു ആവശ്യപ്പെട്ട ആളുകളെ വിളിച്ചു വരുത്തുകയും, അവരുടെ വികാരിയായി മുഞ്ഞനാട്ടു മത്തായി അച്ചനെ നിയമിക്കയും ചെയ്ത നാൾമുതൽ അന്നുവരെ കൂനമ്മാവു നമ്മുടെ നവസന്യാസ കൊവേന്തയായിട്ടും, നമ്മുടെ സഭവകയായിട്ടുമാണ് ഇരുന്നിരുന്നതു. മാന്നനത്തേക്കു പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചന്റെ പേർക്ക് കല്പനയെഴുതിയ ആൾ അന്നു ഒരു മിഷനറിയായിരുന്ന മർസ്സലീനോസ് മെത്രാനച്ചനായിരുന്നു. നിങ്ങൾക്ക് "പുത്തനായി തരപ്പെടുന്ന സ്ഥലത്തു വേറെ കൊവേന്തകൾ ഉണ്ടാകാം." എന്നുള്ള അന്നത്തെ ചട്ടത്തിൽ (റെഗുല) എഴുതിയിരിക്കുന്നതുപോലെ കൂനമ്മാവു നിങ്ങളുടെ കൊവേന്തയായി തന്നിരിക്കുന്നതിനാൽ അവിടേക്കു ആളുകളെ അയക്കണമെന്നും മറ്റുമായിരുന്നു ടി. പ്രിയോരച്ചന്റെ പേർക്കു ബർണ്ണർദീനോസ് മെത്രാപ്പോലീത്താ എഴുതിയിരുന്നത്.

എന്നാൽ കൂനമ്മാവു നമുക്കായി ഒഴിഞ്ഞു തന്നിരിക്കുന്നതിനെ ലക്ഷ്യപ്പെടുത്തുന്ന പ്രമാണം ഉണ്ടെങ്കിലെ സാധുകരിക്കയുള്ളുവെന്നും അങ്ങനെ കൊടുത്തിട്ടില്ലെന്നുമായിരുന്നു എതിർഭാഗത്തെ വാദം. മേൽപറഞ്ഞ പൊതുസംഘത്തിൽവെച്ചു കൂനമ്മാവിനു പകരം നവസന്യാസ കൊവേന്തയായി അമ്പഴക്കാട്ടു കൊവേന്ത നിശ്ചയിക്കയും കൂനമ്മാവിലെ പ്രിയോരിനെ അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോരായി മാറ്റുകയും അന്നുവരെ വികാരി കൊവേന്തയായിരുന്ന പുളിങ്കുന്നാശ്രമം പ്രിയോർ കൊവേന്തയായി ഉയർത്തുകയും, അമ്പഴക്കാട്ടെ പ്രിയോരിനെ പുളിങ്കുന്നു കൊവേന്തയുടെ പ്രിയോരായി നിയമിക്കയും ചെയ്തു. ഇതു

കൂടാതെ 6 വർഷത്തേയ്ക്കു റോമ്മയിൽ ഉറപ്പിച്ച സഭയുടെ ചട്ടങ്ങളിൽ ഭേദപ്പെടുത്തേണ്ടവയായിട്ടോ, ചേർക്കേണ്ടവയായിട്ടോ, തോന്നുന്ന സംഗതികളെ എഴുതി ക്രമപ്പെടുത്തുന്നതിനായി സഭയിൽ ഏറ്റവും പൂർവ്വന്മാരായ നാലുപേരെ നിശ്ചയിക്കയും ചെയ്തു. അവർ മാന്നാനത്തു കൊവേന്തയുടെ പ്രിയോരായിരുന്ന ചാണ്ടിയച്ചനും (കട്ടക്കയം) പുളിങ്കുന്നു കൊവേന്തയുടെ വികാരിയായിരുന്ന കുര്യച്ചനും (പാലയ്ക്കൽ) വാഴക്കുളത്തു കൊവേന്തയുടെ പ്രിയോർ സ്കറിയാ (കളത്തിൽ) അപ്രേം അച്ചനും ചെത്തിപ്പുഴ വികാരി ഗീവറുഗീസു യോഹന്നാൻ മാംദാന (പാറപ്പുറം) അച്ചനും ആയിരുന്നു. മാന്നാത്തെ ആലോചനസംഘം കഴിഞ്ഞതിനുശേഷം വാഴക്കുളം, മുത്തോലി, പുളിങ്കുന്നു, ചെത്തിപ്പുഴെ എന്നീ കൊവേന്തകളെ ദെലഗാത്തപ്പസ്തോലിക്കാ കാനോനാപ്രകാരം സന്ദർശിക്കയും, ആ കൊവേന്തകളിലെ ആഭ്യന്തരവും ബാഹ്യവുമായ കാര്യങ്ങളെ ചോദിച്ചറിയുകയും ചെയ്തു.

10. കൂനമ്മാവുങ്കൽ നിന്ന് നമ്മുടെ അച്ചന്മാരും സഹോദരന്മാരും പുതു സന്യാസികളും 8 ദിവസത്തിനകം പുറപ്പെടണമെന്നുള്ള തീർച്ചപ്രകാരം അവിടെ നിന്നു പുറപ്പെടുവാനുള്ള ഒരുക്കങ്ങൾ എല്ലാം ചെയ്കയും അതിനു വടക്കൻ പറവൂർ പള്ളിയുടെ വികാരി ആയിരുന്ന ഹില്ലാര്യോസച്ചൻ വളരെ സഹായങ്ങൾ ചെയ്കയും ചെയ്തു. കൂനമ്മാവിനു സമീപെയുള്ള അറയ്ക്കൽ മുതലാളി എന്ന ഒരു മാന്യ കൊങ്ങിണി ബ്രാഹ്മണനും മാനമ്പാടി പുത്തൻപള്ളിയിടവക തളിയത്തു യൗസേപ്പു എന്ന മാന്യനും ഈ സംഗതിക്കുവേണ്ട സഹായങ്ങളൊക്കെ ചെയ്തു.

മേൽ 9-ാം ലക്കത്തിൽ പറഞ്ഞിരിക്കും പോലെ കൂനമ്മാവിലെ കാര്യാദികൾ നടത്താനായി നിയമിക്കപ്പെട്ട അച്ചന്മാർ മാന്നാനത്തു നിന്നു പുറപ്പെട്ട് ദെലഗാത്തപ്പസ്തോലിക്കായുടെ തീർച്ച കൂനമ്മാവുങ്കലെ സന്യാസക്കൂട്ടത്തോടു അറിയിച്ചു. കൂനമ്മാവു നിവാസികളിൽ മൂങ്ങഞ്ചെരി തൊമ്മനും മകൻ വറിയതും, വാകയിൽ ചാക്കോ ശൗരിയും, അനുജൻ വർക്കിയും, കല്ലൂർ തൊമ്മൻ കുഞ്ഞുവർക്കിയും ഇങ്ങനെ ഏതാനും ആളുകൾ ഈ ആപത്തു

കാലത്തിൽ നമുക്കു വളരെ സഹായികളും നമ്മോടു വളരെ അനുകമ്പയുള്ളവരുമായിരുന്നു. സാമാനങ്ങൾ അമ്പഴക്കാട്ടേക്കു കൊണ്ടു പോകാനായി കൊച്ചിയിൽ നിന്നു ആറേഴു കൊല്ലവള്ളങ്ങൾ വരുത്തിയിരുന്നു. സാമാനങ്ങൾ കൊണ്ടു പോകുന്ന സംഗതിയിൽ കൂനമ്മാവു നിവാസികളിൽ നിന്നു പല വിഘ്നങ്ങൾ നേരിടാൻ ഇടയായെങ്കിലും അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. സാമാനങ്ങളിൽ മേശകൾ, ബഞ്ചുകൾ, മുതലായവ കൂനമ്മാവിലെ കന്യകാശ്രമത്തിനു സമീപെ പാർത്തിരുന്ന സമർത്ഥനായ പത്രോസ് മൂപ്പന്റെ വിടുതിയിൽ സൂക്ഷിച്ചിടുകയും, മറ്റു ചിലതു മാനമ്പാടി പുത്തൻപള്ളിയോടു ചേർന്ന മുറിയിൽ സൂക്ഷിക്കയും മറ്റുള്ളവയെല്ലാം അമ്പഴക്കാട്ടേയ്ക്ക് കൊണ്ടു പോകയും ചെയ്തു.

എട്ടു ദിവസംകൊണ്ടു കൂനമ്മാവുങ്കൽ നിന്നു പുറപ്പെടുവാൻ സാധിക്കയില്ലെന്നും കുറെകൂടെ അതിനുള്ള അവധി നീട്ടിക്കൊടുക്കണമെന്നും അപേക്ഷിക്കാനായി കൂനമ്മാവുങ്കൽ നിന്നും ഗീവറുഗ്ഗീസ് യോഹന്നാൻമാംദാന അച്ചനും ക്രിസോസ്തോമ്മാസച്ചനും ദെലഗാത്തപ്പസ്തോലിക്കാ തിരുമനസ്സിലെ പക്കലേക്കു പുറപ്പെട്ടു. ഊട്ടക്കമണ്ടിലേക്ക് പോകുന്നതിനു മുൻപു ചില സ്ഥലങ്ങളെ അവിടുന്ന് (ദെലഗാത്തപ്പസ്തോലിക്കാ) സന്ദർശിച്ചു വരികയായിരുന്നു. ആ കൂട്ടത്തിൽ കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ ലവീഞ്ഞു മെത്രാനച്ചനുമൊരുമിച്ച് അവിടുന്നു ബ്രഹ്മങ്ങലത്തായിരുന്നു. അവിടെ മേൽപ്പറഞ്ഞ രണ്ടച്ചന്മാരും ചെന്നു കാര്യങ്ങളെല്ലാം ബോധിപ്പിച്ചാറെ ഒരു ദിവസത്തെ അവധി കൂടെ നീട്ടി കൊടുക്കയും പിറ്റേദിവസം കൊച്ചിയിൽ ഉണ്ടാകുമെന്നും അവിടെ വച്ച് കൂനമ്മാവിനെ സംബന്ധിച്ചുള്ള ചില സംശയങ്ങൾ തീർക്കുന്നതിനായി മേൽ നിശ്ചയിക്കപ്പെട്ട അച്ചന്മാർ അവിടെ വന്നു ചേരണമെന്നും മർസ്സലീനോസ് മെത്രാനച്ചനും പീലിപ്പോസ് മൂപ്പൻ പാതിരി അച്ചനും കൊച്ചിയിൽ അതിനായി വരുന്നതാണെന്നു ദെലഗാത്തപ്പസ്തോലിക്കാ ആജ്ഞാപിച്ചു.

ഇത് 1889 മാർച്ച് മാസം 8-നു ആയിരുന്നു. ഉടനെ അച്ചന്മാർ കാര്യങ്ങൾ എല്ലാം കൂനമ്മാവുങ്കൽ വന്നറിയിച്ചു. അപ്പോൾ മേൽ

നിശ്ചയിക്കപ്പെട്ട മൂന്നു അച്ചന്മാരും വിശേഷാൽ ക്രിസോസ്തോമസ് അച്ചനും ഗീവർഗീസു യൗസേപ്പച്ചനും കൊച്ചിയിലേക്കു പുറപ്പെട്ടു. പിറ്റേ ദിവസം ഉച്ചയ്ക്കു മുൻപു ദെലഗാത്തപ്പസ്തോലിക്കായെ കണ്ടു കാര്യങ്ങൾ എല്ലാം തീർച്ച ആയതിനു ശേഷം ഉച്ച ഭക്ഷണത്തിന് കൊച്ചി മെത്രാനച്ചൻ നമ്മുടെ അച്ചന്മാരെ കൂടെ ക്ഷണിച്ചു. ആ മേശയ്ക്കു ദെലഗാത്തപ്പസ്തോലിക്കായും, കൊച്ചി മെത്രാനച്ചനും, മർസ്സലീനോസ് മെത്രാനച്ചനും വിശേഷാൽ നമ്മുടെ അച്ചന്മാരും ഉണ്ടായിരുന്നു. അച്ചന്മാർ മെത്രാനച്ചന്മാരോടും ദെലഗാത്തപ്പസ്തോലിക്കായോടും യാത്രപറഞ്ഞുകൊണ്ട് കൊച്ചിയിൽനിന്നു കൂനമ്മാവുങ്കൽ വന്നു ചേർന്നു. അന്നുതന്നെ കൂനമ്മാവുങ്കൽ നിന്നു സന്യാസക്കൂട്ടം പുറപ്പെടേണ്ട ദിവസമായിരുന്നു. അതുകൊണ്ടു ആ പള്ളിയിൽ അടക്കം ചെയ്യപ്പെട്ടിരുന്ന കൊവേന്തകളുടെ പൊതു പ്രിയോരായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാ അച്ചന്റെ അസ്ഥികൾ അവിടെ നിന്നെടുത്തു മാന്നാനത്തു കൊണ്ടുപോയി സ്ഥാപിക്കണമെന്നുണ്ടായിരുന്ന സഭയുടെ ആഗ്രഹം പൂർത്തിയാക്കാൻ വേണ്ടി ആ കുഴിമാടം തുറക്കാൻ ആരംഭിച്ചു.

അപ്പോൾ ഉണ്ടായ സ്വരം നിമിത്തം കൂനമ്മാവിലെ ജനങ്ങൾ പള്ളിമുറ്റത്തുവന്നു ഒരു ലഹളക്കു ആരംഭിക്കയും അവിടെ ഉണ്ടായിരുന്ന പറവൂർ വികാരി ഹില്ലാരിയ്യോസച്ചനേയും ബസ്സെലിയോസ് (തളിയത്തു) അച്ചനേയും അവർക്കു ഏൽപ്പിച്ചു കൊടുക്കണമെന്നു വിളിച്ചു പറകയും ചെയ്തു. കുഴിമാടം തുറന്നതു പള്ളിവാതിൽ അടച്ചിട്ടുകൊണ്ടായിരുന്നു. ഹില്ലാരിയ്യോസച്ചൻ ജനങ്ങളുടെ പക്കൽ ചെന്നു കാര്യം പറഞ്ഞു കേൾപ്പിച്ചപ്പോൾ ലഹള അമർന്നു. അതിനിടയ്ക്കു ചില ദുർബുദ്ധികളുടെ പ്രേരണയിന്മേൽ അയക്കപ്പെട്ട ഒരു അരയൻ വളരെ മദ്യവും സേവിച്ചുകൊണ്ടു കുസിനിയുടെ സമീപെ വന്നു ചില കാര്യങ്ങൾ വിളിച്ചുപറയാൻ തുടങ്ങി. അവനെ അയച്ചതു സന്യാസികളെ കുറ്റം പറയാനായിരുന്നു. എന്നാൽ അവൻ പറഞ്ഞതെല്ലാം സന്യാസികൾക്കനുകൂലമായിട്ടായിരുന്നു. അതായത് ഇതു ആരു ചെയ്യുന്ന പ്രവൃത്തി

യാണ്? ഇങ്ങനെ ചെയ്യാമോ? ഇരിക്കുന്ന കൊമ്പു വെട്ടുമോ? എന്നി ങ്ങനെ ഒക്കെ ആയിരുന്നു അവൻ പറഞ്ഞത്. പുറപ്പെടുന്ന ദിവസം സന്ധ്യായായപ്പോൾ വാരാപ്പുഴ നിന്നു അയക്കപ്പെട്ട പീലിപ്പോസ് മൂപ്പൻ പാതിരി അച്ചനെ കൊവേന്തയും പള്ളിയും ഏൽപ്പിച്ചു കൊടുക്കുകയും ആ ദേഹം ഏൽക്കുകയും ചെയ്തു. 1857 ആഗസ്റ്റ് മാസത്തിൽ നമ്മുടെ അച്ചന്മാർ കൂനമ്മാവുങ്കൽ ആദ്യമായി കല്പ നപ്രകാരം പാർക്കാനായി വന്നപ്പോൾ ഉണ്ടായിരുന്ന പള്ളിവക കാസാ, പ്ലമേനാപുണ്യവതിയുടെ പൊൻമുടി മുതലായ സാമാന ങ്ങളിൽ നഷ്ടപ്പെട്ടു പോയതിനൊപ്പിച്ച് വേണ്ട സാമാനങ്ങളും അദ്ദേഹത്തെ ഏൾപ്പിച്ചു കൊടുത്തു. ഇതിനുശേഷം ഒടുക്കത്തെ അത്താഴമായി കൂനമ്മാവുങ്കലെ ഊട്ടുമുറിയിൽ രാത്രിഭക്ഷണം കഴി ക്കയും ഉടനെ എല്ലാവരും അമ്പഴക്കാട്ടേക്കു പുറപ്പെടുകയും ചെയ്തു. പടിവാതിക്കൽവരെ മേല്പറഞ്ഞ വന്ദ്യപീലിപ്പോസ് മൂപ്പൻ പാതിരി അച്ചനും വന്നു എല്ലാവരോടും കടശിയാത്ര പറഞ്ഞു. അപ്പോൾ കൂടപ്പെട്ടിരുന്ന ജനങ്ങളോടു മേൽപറഞ്ഞ പറവൂർ വികാരി ഹില്ലാരിയ്യോസച്ചൻ ഹൃദ്യമായ ഒരു പ്രസംഗം പറഞ്ഞു യാത്ര ചൊല്ലി. അതിൽ ഈ സന്ന്യാസികൾ ഇവിടം വിട്ടു പോകുന്നതു തിരുസിംഹാസനത്തിന്റെ കല്പനപ്രകാരമാ ണെന്നും അവർ 30 വർഷത്തിലധികം ഇവിടെ താമസിച്ചിട്ടുള്ള തിൽ നിന്നു സിദ്ധിച്ചിട്ടുള്ള സകല അവകാശങ്ങളും അവർ വിട്ടു പേക്ഷിച്ചതിനാൽ അവർ ശേഷം പേരുടെ സ്തുതിക്കും അനുകര ണീയദൃഷ്ടാന്തത്തിനും യോഗ്യന്മാരായി തീർന്നിരിക്കുന്നു എന്നും മറ്റും വിവരിച്ചിരുന്നു. വള്ളക്കടവിൽ എത്തിയതിനുശേഷം രണ്ട ച്ചന്മാരും പ്രംസിസ്കോസ് എന്ന ഒരു സഹോദരനും കൂനമ്മാവു ങ്കലുള്ള നമ്മുടെ പത്രിമോനി പറമ്പുമുതലായ വസ്തുക്കൾ സൂക്ഷി ക്കാനായി കല്പനപ്രകാരം നിൽക്കയും ശേഷമുള്ളവർ അമ്പഴ ക്കാട്ടേക്കു പോകയും ചെയ്തു. കൂനമ്മാവുങ്കലെ കന്യകാമഠത്തിനു സമീപെ മഠംവക ഒരു ബങ്കളാവുണ്ടായിരുന്നു. അതിൽ മേൽപറഞ്ഞ രണ്ടു അച്ചന്മാർ താമസിക്കയും തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കാ ആയ മെഡലിക്കോട്ടു മെത്രാനച്ചന്റെ കല്പന പ്രകാരം അതിൽ കുർബാന ചൊല്ലുകയും ചെയ്തിരുന്നു.

## അധ്യായം 3

11. കൂനമ്മാവുങ്കലെ സ്ഥാവര വസ്തുക്കളിൽ ചിലതു ബെർണ്ണർദിനോസ് മെത്രാപ്പോലീത്തായുടെ പേരിലും മറ്റു ചിലതു കൊവേന്തകളുടെ ദെലഗാത്തായിരുന്ന ലെയോപ്പോൾദ് മൂപ്പച്ചന്റെ പേരിലും ചിലതെല്ലാം അവിടുത്തെ ആശ്രമശ്രേഷ്ഠന്റെ പേരിലും ആയിരുന്നു. മേൽ രണ്ടാം അദ്ധ്യായം 10-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം കൊച്ചിയിൽവച്ച് ദെലഗാത്തപ്പസ്തോലിക്കാ തീർച്ചയാക്കിയ കാര്യം ലയോനാർദ് മെത്രാപ്പോലീത്താച്ചൻ നമ്മുടെ സ്ഥാവര വസ്തുക്കൾക്കു ഒരു ഒഴിവുമുറി വെക്കണമെന്നായിരുന്നു. ബർണ്ണർദീനോസ് മെത്രാപ്പോലീത്താ അച്ചനും, ലെയോപ്പോൾദ് മൂപ്പൻ പാതിരി അച്ചനും സഭയുടെ ശ്രേഷ്ഠന്മാർ ആയിരുന്നതിനാൽ ആ നിലയിൽ അവരുടെ പേരിൽ കൂനമ്മാവുങ്കലുള്ള സ്ഥാവര വസ്തുക്കൾ വാങ്ങിപ്പോയിരുന്നെങ്കിലും ടി. വസ്തുക്കൾ സഭയുടേതു തന്നെ ആയിരിക്കുന്നതിനാലും വാരാപ്പുഴ മെത്രാപ്പോലീത്താച്ചന്റെ അധികാരത്തിൽ നിന്നു സഭക്കാർ വിടർത്തപ്പെട്ടതിനാലും മേൽപറഞ്ഞ ഒഴിവുമുറി ആവശ്യമായിരുന്നു. രണ്ടാം ഭാഗം 10-ാം അദ്ധ്യായം 34-ാം ലക്കത്തിൽ കൂനമ്മാവുങ്കൽ താമസിച്ചിരുന്ന മദാമ്മമുത്തി ചെയ്ത മരണശാസനത്തിൽ തന്റെ വക ചിലവു കഴിച്ചുള്ള പണം കൊണ്ട് കൂനമ്മാവു ആശ്രമദേവാലയം വിസ്തീർണ്ണമാക്കി പണികഴിപ്പിക്കണമെന്ന് നിശ്ചയം ചെയ്ത വിവരം പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആട്ടെപറമ്പു എന്നു പേരായ ഒരു പുരയിടം ആദ്യമായി വാങ്ങിയതു ഈ മുത്തിയുടെ പണംകൊണ്ടായിരുന്നു.

എന്നാൽ പിന്നീടു അവരുടെ നിശ്ചയപ്രകാരം ആ പണം ആ പുരയിടത്തേൽ നിന്നെടുത്ത് പള്ളി പണിക്കു ചിലവിടുവിക്കയും അതിനു പകരം പുരയിടത്തിന്മേൽ നമ്മുടെ അച്ചന്മാരിൽ ചിലരുടെ പത്രമോനിപണം സ്ഥാപിക്കയും ചെയ്തു. ഈ സംഭവം അറിയാമായിരുന്ന ജരാർദ് മൂപ്പൻ പാതിരിയച്ചൻ കൂനമ്മാവുങ്കൽ പാർത്തിരുന്ന കാലത്തു മഞ്ഞുമ്മേൽ ലെയോനാർദ് മെത്രാപ്പോലീത്താച്ചന്റെ പക്കൽ കൊടുത്തിരുന്ന വസ്തുക്കളുടെ പട്ടികയിൽ

ആട്ടെപറമ്പു മദാമ്മമുത്തിയുടെ പണം കൊണ്ടു വാങ്ങിയതാണെന്നു കാണിച്ചിരുന്നു. ആയതു കൊണ്ടു ആട്ടെപറമ്പു വാരാപ്പുഴെ മിസ്സംവകയാണെന്നും അതിനു ഒഴിവുമുറി വെയ്ക്കാൻ പാടില്ലെന്നും തർക്കമുണ്ടായി. ഈ സംഗതി കർമ്മീലോസ്, കാന്തിദോസ് എന്ന മൂപ്പൻ പാതിരി അച്ചന്മാർ നമ്മുടെ അച്ചന്മാരോടു കൂനമ്മാവുങ്കൽ വന്നു പറഞ്ഞറിയിച്ചു. അതിനാൽ പറവൂർ നിന്നും പടി കെട്ടിവരുത്തിയ രജിസ്ട്രാർ പുത്തൻപള്ളി സെമിനാരിയിൽ വന്നാറെ അവിടെ വച്ച് ലെയോനാർദ് മെത്രാപ്പോലീത്താച്ചൻ രജിസ്ട്രാറിന്റെ മുൻപാകെ ഒഴിവുമുറി വെയ്ക്കാതെ തന്റെ നാമത്തിൽ ഒഴിവുമുറിയിൽ ഒപ്പു വെയ്ക്കുന്നതിനു മുക്ത്യാർനാമാവു പാപ്പു എന്നൊരുത്തന്നു കൊടുക്കയാണുണ്ടായതു. പാപ്പുവിനു മുക്ത്യാർനാമാവു കൊടുക്കാനിടയായതു ഒഴിവുമുറി വെയ്ക്കുന്നതിനുണ്ടായ തർക്കങ്ങൾ അപ്പോൾ തീരാത്തതിനാലാണ്.

അതിനിടക്ക് കൂനമ്മാവുങ്കലെ ജനങ്ങൾ അവിടെ താമസിച്ചിരുന്ന നമ്മുടെ അച്ചന്മാരോടു പല ശല്യങ്ങൾ ചെയ്തിരുന്നു. ഇതൊക്കെയും നല്ലപോലെ അറിഞ്ഞിരുന്ന മാന്യനായ തളിയത്തു യൗസേപ്പു തന്നാൽ പാടുള്ള സഹായങ്ങൾ ഒക്കെയും അച്ചന്മാർക്ക് ചെയ്യാമെന്നു എഴുതി അയച്ചു. കൂനമ്മാവുങ്കൽ നമ്മുടെ അച്ചന്മാർ അനുഭവിച്ചു വന്നിരുന്ന അനർത്ഥങ്ങളും സങ്കടങ്ങളും അറിഞ്ഞ് വന്ദ്യ മർസ്ലീനോസ് മെത്രാനച്ചൻ അവർക്ക് സഹതാപം നിറഞ്ഞ ഒരെഴുത്തയച്ചു. അതിന് ഈ വന്ദ്യ പാലകന്റെ നേരെ തങ്ങൾക്കുള്ള സ്നേഹവണക്കം ഒരു മറുപടി മൂലം പ്രസ്താവിക്കയും നന്ദിയെ പ്രദർശിപ്പിക്കയും ചെയ്തു. ഒഴിവുമുറി വെക്കുന്നതിൽ നേരിട്ടിരുന്ന താമസവും ബുദ്ധിമുട്ടും കാണിച്ച് ദെലഗാത്തപ്പസ്തോലിക്കായെ അച്ചന്മാർ ബോധിപ്പിക്കയും അവിടുന്ന് ഈ കാര്യം തീർച്ചചെയ്യുന്നതിനു തന്റെ നാമത്തിൽ കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ കാർളോസ് ലവീഞ്ഞ് മെത്രാനെ നിശ്ചയിക്കുകയും ചെയ്തു. ലവീഞ്ഞ് മെത്രാനച്ചൻ ഇതിനായി മഞ്ഞുമ്മേൽ വന്ന സമയം നമ്മുടെ അച്ചന്മാർ ഈ സംഗതികൾ ഒക്കെയും വാരാപ്പുഴ ചെന്നു മർസ്ലീനോസ് മെത്രാനച്ചനേയും പീലി

പ്പോസ് മൂപ്പച്ചനേയും ബോധിപ്പിച്ചാറെ അവർ ആട്ടെപറമ്പു സഭ വക പത്രമോനി വസ്തു ആണെന്നു സമ്മതിക്കയും ലവീഞ്ഞു മെത്രാനച്ചന്റെ താല്പര്യപ്രകാരം എഴുത്താലെ ഇതിനെ സാക്ഷിക്കയും ഈ സാക്ഷികണ്ടപ്പോൾ മെത്രാപ്പോലീത്താച്ചൻ ഒഴിവുമുറി വെക്കുന്നതിന് പൂർണ്ണമായി സമ്മതിക്കയും ചെയ്തു.

എന്നാൽ മേൽ പറഞ്ഞ കാന്തിദോസ്, കമ്മീല്ലോസ്, എന്ന മൂപ്പൻപാതിരി അച്ചന്മാർ കൂനമ്മാവുകൊവേന്ത നമ്മുടെ സഭവകയായി 30 വർഷത്തിലധികം നടന്നതുകൊണ്ടു നമുക്ക് സിദ്ധിച്ചിട്ടുള്ള കാലഹരണ അവകാശത്തിന് ഒരു ഒഴിവുമുറിവച്ചു കൊടുക്കാമെന്ന് ആവശ്യപ്പെട്ടു. ലവീഞ്ഞു മെത്രാനച്ചന്റെ ആലോചന അനുസരിച്ചു അതുചെയ്യാമെന്ന് കൂനമ്മാവുങ്കലെ കാര്യസ്ഥന്മാരായി നിശ്ചയിക്കപ്പെട്ട മേൽപറഞ്ഞ അച്ചന്മാർ സമ്മതിച്ചു. എന്നാൽ അതിനുള്ള വാചകം മേൽ പറഞ്ഞ മൂപ്പൻ പാതിരി അച്ചന്മാർ ഉണ്ടാക്കികൊടുക്കണമെന്നും അതിൽ തങ്ങൾ ഒപ്പുവെയ്ക്കാമെന്നുമാണ് സമ്മതിച്ചത്. കൂനമ്മാവു കൊവേന്തയേയും പള്ളിയേയും സംബന്ധിച്ചു തങ്ങൾക്കുള്ള 10 വർഷത്തെ കാലഹരണബാദ്ധ്യത തങ്ങൾ ഉപേക്ഷിച്ചിരി ക്കുന്നു എന്നു ഒരു വെള്ളക്കടലാസിൽ എഴുതിക്കൊണ്ടുവരികയും അതിനു അച്ചന്മാർ ഒപ്പിടുകയും ചെയ്തു.

കാര്യസ്ഥന്മാരായി നിയമിക്കപ്പെട്ട മൂന്നു അച്ചന്മാരിൽ യൗസേപ്പു യോഹന്നാൻ അച്ചൻ സുഖക്കേടു നിമിത്തം കൂനമ്മാവുങ്കൽ താമസിച്ചതിനാൽ, മറ്റു രണ്ടു അച്ചന്മാർ മാത്രമെ ലവീഞ്ഞു മെത്രാനച്ചന്റെ കൂടെ മഞ്ഞുമ്മേൽ പോയൊള്ളൂ. അതുകൊണ്ടു അദ്ദേഹം മേല്പറഞ്ഞ ഒഴിവുമുറിയിൽ ഒപ്പുവെച്ചില്ല. പിന്നെ ഒരു തർക്കം തീരാനുണ്ടായിരുന്നു. അത് ഒഴിവുമുറി വെയ്ക്കാനുള്ള വസ്തുക്കൾക്ക് 5 രൂപായുടെ വിലയുള്ള ഒരു മുദ്രപ്പത്രം മതിയെന്ന് നമ്മുടെ ഭാഗത്തും വസ്തുവിന്റെ ഇന്നത്തെ വില സംഖ്യപോലെ വിലയുള്ള പത്രം വേണമെന്ന് ഏതിർഭാഗത്തും ഉണ്ടായ തർക്കമായിരുന്നു. ഈ തർക്കം തീർത്തത് കോട്ടയം പേഷ്ക്കാരായിരുന്നു. പേഷ്ക്കാരുടെ തീർച്ച 5 രൂപാ വിലയുള്ള പത്രം മതിയെന്നാ

യിരുന്നു. ഉടനെ മെത്രാപ്പോലീത്താച്ചൻ സാക്ഷിക്കാരുടെ മുമ്പാകെ ഒഴിവുമുറി പത്രത്തിനു ഒപ്പുവെയ്ക്കുകയും അതിനെ മുക്ത്യാർനാമാവു സിദ്ധിച്ചിരുന്ന പാപ്പു എന്നവൻ പറവൂർ കച്ചേരിയിൽ ചെന്നു സാക്ഷ്യപ്പെടുത്തി. രജിസ്തരാക്കി വാങ്ങിത്തരികയും ചെയ്തു. ഒഴിവുമുറിവെച്ചത് 1889 ഏപ്രിൽ മാസാവസാനത്തിലായിരുന്നു.

12. ശ്രേഷ്ഠന്മാരുടെ തെരഞ്ഞെടുപ്പിന്റെ കാലം മാർയൗസേപ്പുപുണ്യപിതാവിന്റെ മദ്ധ്യസ്ഥത്തിരുനാൾ കഴിഞ്ഞുവരുന്ന ആഴ്ചയിൽ ആണ് നിശ്ചയിക്കപ്പെട്ടിരുന്നത്. ഒഴിവുമുറി കിട്ടിയ ഉടനെ ആ തെരഞ്ഞെടുപ്പിൽ പോയി സംബന്ധിക്കാനുള്ള കല്പന ദെലഗാത്തപ്പസ്തോലിക്കാ എല്ലാ കൊവേന്തകളിലേക്കും അയച്ചു. സഭയുടെ പൊതുസംഘത്തിൽവെച്ചാണ് ആ തെരഞ്ഞെടുപ്പു നടത്തേണ്ടത്. ആ സംഘത്തിൽ തലസ്ഥാനി ആയി ഇരുന്നു തെരഞ്ഞെടുപ്പു നടത്തേണ്ട ഭാരം സഭയുടെ പൊതു ശ്രേഷ്ഠനായ ദെലഗാത്തപ്പസ്തോലിക്കയായിരുന്നതിനാൽ ആ ദേഹത്തിന്റെ പേർക്ക് ലവീഞ്ഞുമെത്രാച്ചനെ നിശ്ചയിക്കയും ലവീഞ്ഞുമെത്രാനച്ചൻ 1889 മെയ്മാസത്തിൽ യൗസേപ്പു പുണ്യപിതാവിന്റെ മദ്ധ്യസ്ഥതിരുനാളിനുശേഷം മാന്നാനത്തുവെച്ച് അതു നടത്തുകയും ചെയ്തു. എല്ലാ കൊവേന്തകളിൽ നിന്നും ശ്രേഷ്ഠന്മാരും കൂട്ടുകാരായി ഓരോ അച്ചന്മാരും സംഘത്തിനു നിശ്ചയിക്കപ്പെട്ട ദിവസത്തിൽ വന്നു ചേർന്നു. സംഘം തുടങ്ങുന്നതിനു മുൻപ് തൃശ്ശിനാപ്പള്ളിയിൽ നിന്നു വന്ന ഒരു ഈശോസഭക്കാരൻ അച്ചൻ സംഘക്കാർക്ക് ഒരു ജ്ഞാനധ്യാനം പ്രസംഗിച്ചു കഴിക്കയും, ധ്യാനാന്തരം തെരഞ്ഞെടുപ്പുണ്ടാകയും ചെയ്തു. ആണ്ടു തോറും കൊവേന്തകളിൽ കഴിച്ചുവരുന്ന 10 ദിവസത്തെ ജ്ഞാനധ്യാനം വായിച്ചു കഴിക്കുന്നതിനെക്കാൾ പ്രസംഗിച്ചു കഴിക്കുന്നതു അധികം പ്രയോജനകരമാകയാൽ അതു ക്രമേണ നടപ്പിൽ വരുത്തണമെന്നുള്ള ഉദ്ദേശ്യത്തോടെയാണ് ഇങ്ങനെ ഒരു ജ്ഞാനധ്യാനം അന്നു കഴിക്കാൻ സംഗതിയായത്. ഇതു ലവീഞ്ഞു മെത്രാനച്ചന്റെയും ദെലഗാത്തപ്പസ്തോലിക്കായുടെയും പ്രത്യേക താല്പര്യത്താൽ നടത്തിയതുമാണ്.

ഈ സംഘത്തിൽ മാന്നാനത്തു കൊവേന്തയുടെ പ്രിയോരായി (കളത്തിൽ) സ്കറിയാ അപ്രേം അച്ചനും വാഴക്കുളത്തു കൊവേന്തയുടെ പ്രയോരായി ഗീവറുഗീസു യോഹന്നാൻ ഏവൻ ഗേലീസ്താ, (തളിയത്തു വർക്കിയച്ചൻ) അച്ചനും, അരണാട്ടുകര കൊവേന്തയുടെ പ്രിയോരായി ജരാർദച്ചനും അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോരായി യൗസേപ്പു അഗുസ്തീനോസ് (ചാണ്ടപ്പിള്ളയച്ചൻ) അച്ചനും പുളിങ്കുന്നു പ്രിയോരായി പീലിപ്പോസച്ചനും, മുത്തോലി വികാരിയായി യാക്കോബു യോഹന്നാൻ (ചാക്കോച്ചൻ) അച്ചനും, ചെത്തിപ്പുഴ വികാരിയായി കുറിയാക്കോസ് ബ്രൊക്കാർദച്ചനും തെരഞ്ഞെടുക്കപ്പെട്ടു. ഈയാണ്ടിൽ അതായത് 1889 സെപ്റ്റംബർ മാസത്തിൽ ദെലഗാത്തപ്പസ്തോലീക്കാ ആയ ആയുത്തി മെത്രാപ്പോലീത്താ തന്റെ ദലഗാത്തായി കൊവേന്തകളെ ഭരിക്കാനുള്ള അധികാരങ്ങളോടുകൂടി യൌസേപ്പു യോഹന്നാനച്ചനെ നിശ്ചയിച്ചു.

13. മേൽ 1-ാം അദ്ധ്യായം 5-ാം ലക്കത്തിൽ സുറിയാനിക്കാർക്കു രണ്ടു പുതിയ വികാരി അപ്പസ്തോലിക്കാമാരെ നിശ്ചയിച്ചതും അവർ സ്വന്തം വികാരിയാത്തുകളിൽ വന്നതും പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവരിൽ തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കാ ആയ മെഡലിക്കോട്ടു മെത്രാനച്ചൻ 1887 ഡിസംബർ മാസത്തിൽ തന്റെ രൂപതയിൽ വന്നു. ഇദ്ദേഹം ആദ്യമേ വന്നത് തൃശ്ശിവപേരൂർ ആയിരുന്നു. അന്നുതന്നെ അവിടെ നിന്നു നമ്മുടെ ഏൽതുരുത്തു കൊവേന്തയിലും വന്നു. കോട്ടയം വികാരി അപ്പസ്തോലിക്ക ആയ കാർളോസ് ലവീഞ്ഞു മെത്രാനച്ചൻ 1888 മെയ് മാസം 2-നു സ്വന്തം വികാരിയാത്തിൽ വന്നു ഭരണം ഏറ്റു. ഇദ്ദേഹം ഒന്നാമതായി വന്നത് മാന്നാനത്തു കൊവേന്തയിലായിരുന്നു. പൊതുവായിട്ടുള്ള എതിരേൽപ്പും ഇവിടെയാണുണ്ടായത്. തൃശ്ശിവപേരൂരിലെയും മാന്നാനത്തേയും രണ്ടുമെത്രാന്മാരുടേയും എതിരേൽപ്പുകൾ ബഹു കേമമായും, കോലാഹലമായും നടത്തപ്പെട്ടു. 1888 ഡിസംബർ മാസത്തോടെ സെമിനാരികൾ ബന്ധിച്ച് വലുതായ ചിലമാറ്റങ്ങൾ പുതിയ മെത്രാന്മാർ ചെയ്തു. അന്നു

വരെ സെമ്മിനാരിയിൽ ശെമ്മാശന്മാരും, പൈതങ്ങളും ഒന്നായിട്ടാണ് വളർത്തപ്പെട്ടിരുന്നത്. എന്നാൽ ഇവർ പൈതങ്ങളെ ശെമ്മാശന്മാരിൽ നിന്നു വേർതിരിക്കയും പൈതങ്ങൾക്കുണ്ടായിരുന്ന നീലയങ്കി എന്ന വസ്ത്രം മാറ്റി മുണ്ടും അരച്ചട്ടയും (കോട്ടും) മാത്രം മതിയെന്നു ഏർപ്പാടു ചെയ്കകയും ചെയ്തു. ഇതിനും പുറമെ ഡിസംബർ മാസത്തിൽ എല്ലാവരേയും ആശ്വാസത്തിനായി വീടുകളിലേക്കു വിടുകയും ചെയ്തു. ഈ ഏർപ്പാടു നിമിത്തം അരണാട്ടുകര സെമിനാരി ഒരു സ്കൂൾ ആയി മാറ്റപ്പെട്ടു. ശെമ്മാശന്മാർ എല്ലാവരും തൃശ്ശിവപേരൂർ പുതുതായി ഏർപ്പെടുത്തിയിരുന്ന സെന്റ് തോമസ് ഹൈസ്കൂളിൽ ചെന്നുചേരാൻ മെഡലിക്കോട്ടു മെത്രാനച്ചൻ കല്പന കൊടുക്കയും ചെയ്തു. വീടുകളിലേക്കു സെമിനാരിക്കാരെ അയക്കുന്ന പതിവു ഇതിനു മുൻപു ഉണ്ടായിരുന്നില്ല. അന്നു മുതൽ ആണ്ടുതോറും മദ്ധ്യവേനൽക്കാലത്ത് ആശ്വാസത്തിനായി പോകുന്ന നടപ്പുണ്ടായി. മാന്നാനത്തു സെമിനാരി ഉടനെ നിർത്തലാക്കിയില്ല. ശെമ്മാശന്മാർ സെമ്മിനാരിയുടെ രണ്ടാം നിലയിലും പൈതങ്ങൾ മൂന്നാം നിലയിലും താമസിക്കാൻ ഏർപ്പാടു ചെയ്തു. മൂന്നാംനില സ്കൂളായി നിശ്ചയിച്ചു നടത്തുകയും ചെയ്തു. മാന്നാനത്തു സെമിനാരി 1894-ൽ നിറുത്തുകയും ശെമ്മാശന്മാർ എല്ലാവരും കല്പനപ്രകാരം ചങ്ങനാശേരിയിൽ ചെന്നു താമസിക്കയും ചെയ്തു.

വാഴക്കുളത്തു സെമ്മിനാരിയിൽ നിന്നു 1888-ൽ ലവീഞ്ഞു മെത്രാനച്ചൻ ഏതാനും ശെമ്മാശന്മാരെ മാന്നാനത്തേക്കു വിളിപ്പിക്കയും ശീശ്മയിൽ നിന്നു തിരിഞ്ഞുവന്ന ശെമ്മാശന്മാരെ അതിനു പകരം വാഴക്കുളത്തേക്കു അയക്കയും ചെയ്തു. ലവീഞ്ഞുമെത്രാനച്ചൻ വരുന്നതിനു മുമ്പു പ്രായംചെന്ന ശെമ്മാശന്മാർ പുത്തൻപള്ളി സെമിനാരിയിലേക്കു പോയിരുന്നു. ഇങ്ങനെ വാഴക്കുളത്തു ശെമ്മാശന്മാർ ചുരുങ്ങിവന്ന കാലത്താണ് മാന്നാനത്തേക്കു ചിലരെ ലവീഞ്ഞു മെത്രാനച്ചൻ വിളിപ്പിച്ചത്. കടശി 1890 ജനുവരി മാസത്തിൽ വാഴക്കുളത്തു സെമിനാരി നിർത്തലാക്കയും, ശെമ്മാശന്മാരെ മുത്തോലിലെ ബങ്കളാവിലേക്കു മാറ്റുകയും,

1891-ൽ മുത്തോലിൽ നിന്നു ടി. ശെമ്മാശന്മാരെ മാന്നാനത്തേക്കു വിളിപ്പിക്കയും ചെയ്തു.

14. കൂനമ്മാവുങ്കലെ സ്ഥാവര വസ്തുക്കളുടെ ഒഴിവുമുറി വരാപ്പുഴ മെത്രാപ്പോലീത്താച്ചൻ വെച്ചുതന്നതായി ഈ അദ്ധ്യായം 11-ാം ലക്കത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ഈ ഒഴിവുമുറി വെച്ചുകൊടുത്തത് അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോരച്ചന്റെ പേരിൽ ആയിരുന്നു. കൂനമ്മാവുങ്കലെ വസ്തുക്കളുടെ കാര്യാന്വേഷണം അമ്പഴക്കാട്ടു കൊവേന്തയിൽനിന്നു നടത്തണമെന്നാണ് ദെലഗാത്തപ്പസ്തോലിക്കാ നിശ്ചയിച്ചത്. അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോരായി തെരഞ്ഞെടുക്കപ്പെട്ട യൗസേപ്പ് ആഗുസ്തീനോസച്ചൻ അനേകകാലം കൂനമ്മാവുങ്കൽ താമസിച്ചു അവിടത്തെ വസ്തുക്കളുടെ കാര്യം സംബന്ധിച്ച നല്ല വിവരമുള്ള ആൾ ആയിരുന്നതിനാൽ ആ കാര്യങ്ങൾ അന്വേഷിച്ചു നടത്തുന്നതിനു അദ്ദേഹത്തിന് എളുപ്പമുണ്ടായി. എന്നാലും കൂടെക്കൂടെ അമ്പഴക്കാട്ടു നിന്ന് കൂനമ്മാവുങ്കൽ വന്ന് അവിടുത്തെ കാര്യങ്ങൾ നേരിട്ട് അന്വേഷിക്കുന്നതിനു അദ്ദേഹത്തിനു പ്രയാസമുണ്ടായി വന്നതിനാൽ അദ്ദേഹത്തെപ്പോലെ അവിടത്തെ കാര്യങ്ങളിൽ നല്ല പരിചയം ഉള്ള ആളായ യൗസേപ്പു യോഹന്നാനച്ചൻ അവിടെത്തന്നെ താമസിച്ചു വന്നു.

സഹായത്തിനായി പ്രംസീസ്കോസ്, മർക്കോസ് എന്ന രണ്ടു സഹോദരന്മാരും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു. ഇവരിൽ പ്രംസീസ്കോസ് ആ ദേശവാസി ആയിരുന്നതിനാലും അവിടത്തെ കാര്യങ്ങൾ എങ്ങനെ നടത്തണമെന്നു നല്ല വിവരം ഉണ്ടായിരുന്നതിനാലും അവിടത്തെ വസ്തുക്കൾക്കു വലിയ കെടുമതി ഒന്നും ഉണ്ടാകാതെ ഇരിക്കുന്നതിനും സംഗതിയായി. പാട്ടക്കാരായ ആളുകൾ നമുക്കു പാട്ടം തരാതെ ആ വസ്തുക്കൾ വാരാപ്പുഴെ വകയാണെന്നു തർക്കങ്ങൾ പുറപ്പെടുവിച്ചു. അതിനായി പല ബുദ്ധിമുട്ടുകൾ സഹിക്കുന്നതിനും, സിവിൾ കോടതി മുഖാന്തിരം ആ കാര്യം തീർച്ചപ്പെടുന്നതിനും ആവശ്യം നേരിട്ടു. കോർട്ടുവിധികൾ ഒക്കയും നമുക്കു ഗുണമായി പര്യവസാനിച്ചു. ഇതിൽ പറവൂർ

പള്ളിയുടെ വികാരി ഹില്ലാരിയോസച്ചൻ വളരെ സഹായങ്ങൾ ചെയ്തുതന്നു. തൽക്കാലം നമ്മുടെ അച്ചന്മാർ താമസിച്ചിരുന്നതു കന്യാസ്ത്രീമഠം വക ബങ്കളാവിൽ ആയിരുന്നു. അതുകൊണ്ടു നമുക്കു സ്ഥിരമായ ഒരു ഭവനം കൂനമ്മാവുങ്കൽ ഉണ്ടാകണമെന്ന് ആലോചിച്ച് ആട്ടെപ്പറമ്പിൽ ഒരു ബങ്കളാവു വെക്കുന്നതിനു ദെല ഗാത്തപ്പസ്തോലിക്കാ ആയ പ്രിയോർ ജനറാൾ അച്ചനോടു അനുവാദം ചോദിക്കയും അനുവാദപ്രകാരം അതു പണികഴിപ്പിക്കയും, അന്നുമുതൽ അച്ചന്മാർ അവിടെ താമസിച്ചു തുടങ്ങുകയും ചെയ്തു. ഇതു പണിയിക്കുന്ന സംഗതിയിൽ പല വിഘ്നങ്ങൾ എല്ലാസ്ഥലത്തുനിന്നും ഉണ്ടായെങ്കിലും അവസാനത്തിൽ വിഘ്നങ്ങൾ എല്ലാം തീർന്ന് അവിടെ പാർപ്പു തുടങ്ങുകയും ചെയ്തു.

15. കൂനമ്മാവുങ്കലെ കന്യാസ്ത്രീമഠത്തിലെ കുമ്പസാരം, കുർബാന, മുതലായ ജോലികൾ പണ്ടു നടന്നുവന്നതുപോലെ നമ്മുടെ അച്ചന്മാർതന്നെ നടത്തിവന്നു. പ്രസ്തുത മഠത്തിൽ വാരാപ്പുഴ തൃശ്ശിവപേരൂർ കോട്ടയം എന്ന മൂന്നധികാരത്തിൽ ചേർന്ന കന്യകകൾ ഉണ്ടായിരുന്നു. അതിനാൽ മൂന്നു മേൽപ്പട്ടക്കാർക്കും ആ മഠത്തിന്മേൽ ബാദ്ധ്യതയുണ്ടായിരുന്നു. 1887 മുതൽ ആ മഠം ആരുടെ അധികാരത്തിൽ ഇരിക്കേണ്ടതാണെന്ന് തർക്കം ഉണ്ടാകയും ഇതിന്റെ തീർച്ചക്കായി മൂന്നു മേല്പട്ടക്കാരും റോമ്മയിൽ ബോധിപ്പിക്കയും ചെയ്തിരുന്നു. അവിടെ നിന്ന് 1890 മെയ് മാസത്തിൽ (21-നു) ഒരു തീർച്ച ചെയ്കയും അതിൻപ്രകാരം ടി. മഠവും അതിനോടു ചേർന്ന സകല കെട്ടിടങ്ങളും തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കാ ആയ മെഡലിക്കോട്ടു മെത്രാനച്ചന്റെ അധികാരത്തിൽ ഇരിക്കേണ്ടതാണെന്ന് കല്പിക്കയും ചെയ്തു.

രണ്ടാം ഭാഗം 9-ാം അദ്ധ്യായം 32-ാം ലക്കത്തിൽ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ കൂനമ്മാവിലെ കന്യകാമഠം പണിവകക്ക് പിരിച്ച പണസംഖ്യയുടെ സംഗതി വിവരിച്ചിട്ടുണ്ടല്ലോ. ഈ മഠം സംബന്ധിച്ചു ഹാജരാക്കിയ തെളിവുകളിൽ ഇതു പണികഴിപ്പിച്ച ലെയോപ്പോൾദ് മൂപ്പൻ പാതിരി അച്ചൻ മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോരച്ചനു അയച്ച ഒരെ

ഴുത്തിൽ കൂനമ്മാവുങ്കലെ കന്യകാമഠം പണിതീർത്തത് സുറിയാനി പള്ളികളിൽ നിന്നും സുറിയാനിക്കാരായ ജനങ്ങളിൽ നിന്നും പിരിഞ്ഞ പണം കൊണ്ടാണെന്ന് കാണിച്ചിരുന്നു. ഇതു ബലവത്തായ ഒരു സാക്ഷ്യമായിരുന്നു. മഠം സുറിയാനിക്കാർക്കായി റോമ്മയിൽ നിന്ന് വിധിയുണ്ടായ വിവരം കൂനമ്മാവുങ്കലെ ജനങ്ങൾ അറിഞ്ഞപ്പോൾ വലുതായ ലഹളകൾ ഉണ്ടാക്കാതെ ഇരുന്നില്ല. അഞ്ചാറു ദിവസംവരെ മഠത്തിന്റെ പടിവാതുക്കലും സമീപെയും ജനങ്ങൾ കൂട്ടംകൂടിനിൽക്കയും തന്നിമിത്തം അവിടുത്തെ കപ്പേളയിൽ പോയി കുർബാന ചൊല്ലുന്നതിനും കുമ്പസാരം, മുതലായ കൂദാശ പ്രവർത്തികൾ കഴിക്കുന്നതിനും അച്ചന്മാർക്ക് സാധിച്ചില്ല. പറവൂർ നിന്നു പോലീസ് ഇൻസ്പെക്ടറും ഏതാനും കാൺസ്റ്റബിൾമാരും ലഹള അമർത്താനായി വന്നിരുന്നെങ്കിലും അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ല. ആയതുകൊണ്ട് എടപ്പള്ളി സ്റ്റേഷനിൽ നിന്നും പറവൂർ നിന്നും അധികം കോൺസ്റ്റബിൾമാരെ വരുത്തുന്നതിനു ഇൻസ്പെക്ടർ ചട്ടം കെട്ടി. ഇതിനിടക്ക് ഈ നടക്കുന്ന സംഗതികൾ ഒക്കെയും മഞ്ഞുമ്മലേക്ക് മെത്രാപ്പോലീത്താച്ചന്റെ പേർക്ക് അറിയിക്കണമെന്ന് അച്ചന്മാർ നിശ്ചയിച്ചു.

എന്നാൽ അങ്ങനെ ഒരറിവു മഞ്ഞുമ്മേൽ ചെന്നെത്താതിരിക്കാൻ വേണ്ടി എഴുത്തു സഹിതം കൂനമ്മാവങ്കൽ നിന്നു അവിടേക്കു പോകുന്ന കൂലിക്കാരെ തടയാൻതക്കവണ്ണം ചില കാവൽക്കാരെ ജനങ്ങൾ നിർത്തിയിരുന്നു. ഇങ്ങനെയിരിക്കെ വിശ്വസ്ഥനും സമർത്ഥനുമായ നൈച്ചേരിൽ ഉതുപ്പു വറിയത് (ഓളി വറീതു) എന്നൊരുത്തന്റെ പക്കൽ ഒരെഴുത്തു മെത്രാപ്പോലീത്താച്ചനായി കൊടുത്തയച്ചു. അതിൽ കൂനമ്മാവുങ്കൽ നടക്കുന്ന ലഹളയുടെ സംഭവം വിവരമായി കാണിച്ചിരുന്നു. അവന്റെ സാമർത്ഥ്യംകൊണ്ടു ആ എഴുത്തു മെത്രാപ്പോലീത്താ അച്ചന്റെ പക്കൽ കിട്ടുകയാൽ ഉടനെ തന്നെ കൂനമ്മാവുങ്കൽ പള്ളിയുടെ വികാരി പാതിരിയച്ചനു കല്പന അയക്കയും അതിൽ മേലാൽ കൂനമ്മാവു ജനങ്ങൾ ലഹള നടത്തുന്നതായാൽ അവരെ കഠിനമായി ശിക്ഷിക്കുന്നതാണെന്നു കല്പിക്കയും ചെയ്തിരുന്നു. അതോടെ ലഹള അമർന്നു.

കൂനമ്മാവുങ്കലെ മഠത്തിനു സമീപെയുള്ളതും മഠംവകയുമായ ഒരു പുരയിടത്തിൽ രണ്ടാം ഭാഗം പത്താം അദ്ധ്യായം 34-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള മദാമ്മമുത്തിയുടെ പണം കൊണ്ടു ഒരു ബങ്കളാവ് ദെലഗാത്തു ലോയോപ്പോൾദ് മൂപ്പൻ പാതിരിയച്ചൻ പണികഴിപ്പിക്കയും അതിൽ ആ മദാമ്മ മരണം വരെ താമസിക്കയും ചെയ്തിരുന്നു. അവളുടെ മരണശാസനപ്രകാരം ആ ബംഗ്ലാവ് നമുക്കു സിദ്ധിച്ചിരുന്നു. അതിൽ പത്രോസ് എന്നു പേരുള്ള ഒരുത്തൻ താമസിച്ചു പാർത്തു വന്നിരുന്നു. ഇവൻ കൊച്ചിക്കാരനും കുറയൊക്കെ സമ്പാദ്യമുള്ള ഒരു പുതു ക്രിസ്ത്യാനിയുമായിരുന്നു. ചിലരുടെ ദുരാലോചനപ്രകാരം അവൻ മഠത്തിലേക്ക് പറമ്പു പാട്ടം കൊടുത്തുവന്നിരുന്നതു നിർത്തൽ ചെയ്തു. തന്നിമിത്തം പാട്ടം കൊടുപ്പിക്കേണ്ടതിനായി കന്യകാമഠത്തിൽ നിന്നു അവന്റെ മേൽ വ്യവഹാരം നടത്തേണ്ടിവരികയും ജില്ലാകോർട്ടിലും ഹൈക്കോട്ടിലും വ്യവഹാരം മേൽപറഞ്ഞ പത്രോസിന് ദോഷമായും മഠത്തിനു ഗുണമായും പര്യവസാനിക്കയും ചെയ്തു. ഈ വ്യവഹാരം മഠത്തിന്റെ പേർക്ക് നടത്തിയതു തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കാ ആയ മെഡലിക്കോട്ടു മെത്രാനച്ചന്റെ കല്പനപ്രകാരം പറവൂർ പള്ളിയുടെ വികാരി ആയിരുന്ന തറവട്ടത്തിൽ ഹില്ലാരിയോസച്ചൻ ആയിരുന്നു. ഇദ്ദേഹം കൂനമ്മാവുങ്കൽ നിന്നു നമ്മുടെ അച്ചന്മാർ പുറപ്പെട്ട നാളുകളിൽ നമ്മെ വളരെ സഹായിച്ച ഒരാളാണ്.

## അധ്യായം 4

16. മേൽ രണ്ടാം അദ്ധ്യായം 9–ാം ലക്കത്തിൽ ആറു വർഷത്തേക്ക് റോമ്മായിൽ നിന്ന് സ്ഥിരീകരിച്ചു നമ്മുടെ സഭയുടെ ന്യായപ്രമാണങ്ങളിൽ ചേർക്കേണ്ടവയും നീക്കേണ്ടവയുമായിട്ടുള്ളവയെ എഴുതി ക്രമപ്പെടുത്താൻ അധികാരപ്പെടുത്തപ്പെട്ടിരുന്ന നാലു അച്ചന്മാർ ആ ജോലി നിറവേറ്റി. അന്നു ഊട്ടക്കമണ്ടിൽ വസിച്ചിരുന്ന ദെലഗാത്തപ്പസ്തോലിക്കാ തിരുമനസ്സിന് മുൻപാകെ സമർപ്പിച്ചു. എഴുതി ക്രമപ്പെടുത്തുന്നതിൽ മേൽപറഞ്ഞ നാലച്ചന്മാരെ ഗീവറുഗീസ് യൗസേപ്പച്ചൻ സഹായിക്കയും ചെയ്തു. എന്നാൽ അവർ എഴുതി ക്രമപ്പെടുത്തിയ ന്യായപ്രമാണത്തിലെ ഭാഗങ്ങൾ സഭയുടെ പൊതു സംഘം കൂടി അതിൽ വായിച്ചു കേൾക്കണമെന്നു സഭയിൽ പൊതുവെ അപേക്ഷ ഉണ്ടാകയും ആ അപേക്ഷ ദെലഗാത്തപ്പസ്തോലിക്കാ സ്വീകരിക്കയും ചെയ്കയാൽ കല്പനപ്രകാരം ദെലഗാത്തു യൗസേപ്പു യോഹന്നാൻ 1890 ആഗസ്റ്റ് മാസത്തിൽ അമ്പഴക്കാട്ടു കൊവേന്തയിൽ ഒരു പൊതുസംഘം വിളിച്ചുകൂട്ടി. ആ സംഘത്തിൽവച്ച് മേൽപറഞ്ഞ ന്യായപ്രമാണത്തിലെ ഭാഗങ്ങൾ അല്പം ചില ഭേദഗതികളോടു കൂടി എല്ലാവരും സ്വീകരിക്കയും വീണ്ടും ദെലഗാത്തപ്പസ്തോലിക്കായുടെ പക്കലേക്ക് അയക്കയും അവിടുന്നു റോമ്മയിൽ പ്രൊഫഗാന്തു തിരുസംഘത്തിലേക്ക് അയച്ചുകൊടുക്കയും ചെയ്തു.

1890 ഒക്ടോബർ മാസത്തിൽ ദെലഗാത്തപ്പസ്തോലിക്കാ വീണ്ടും മലയാളത്തിൽ വന്നു അരണാട്ടുകരെ, അമ്പഴക്കാട്ടു, മാന്നാനം എന്ന ഈ പ്രധാന കൊവേന്തകളിൽ ഏതാനും ദിവസങ്ങൾവരെ താമസിക്കയും, താമസിയാതെ മലയാളം വിട്ടു പോകയും ചെയ്തു. ഈ വരവിൽ അവിടന്ന് കൂനമ്മാവു കന്യാസ്ത്രീ മഠവും സന്ദർശിച്ചു. ആ സന്ദർഭത്തിൽ കൂനമ്മാവുങ്കലെ നമ്മുടെ പുതിയ ബംഗ്ലാവിൽ അച്ചന്മാർക്ക് താമസിക്കുന്നതിനും അതിൽ കുർബാന ചൊല്ലുന്നതിനും എഴുത്താലെ അനുവാദം കൊടുത്തു. മുൻപിൽ പാർത്തിരുന്ന ബംഗ്ലാവിൽ കുർബാന ചൊല്ലുന്നതിനുണ്ടായിരുന്ന അനുവാദം പുതിയ ബംഗ്ലാ

വിലേക്കും ഉപയോഗിക്കാമെന്നാണ് കൊടുത്ത അനുവാദകല്പന യിൽ കാണിച്ചത്. പിറ്റെ ആണ്ടിൽ അതായതു 1891-ൽ ഇദ്ദേഹം റോമ്മായിലേക്ക് വിളിക്കപ്പെട്ടു പോയി. റോമ്മായിൽ ചെന്നിട്ടും പ്രൊഫഗാന്തു തിരുസംഘത്തിന്റെ കിഴക്കിലെ പള്ളിക്കാര്യാദിക ളുടെ വിഭാഗസംഘത്തിന്റെ സിക്രട്ടരിയായി നിയമിക്കപ്പെട്ടതുവരെ സഭയുടെ പ്രിയോർ ജനറാൾ എന്ന സ്ഥാനം നടത്തിപ്പോന്നു. 1892 വരെ ഇന്ത്യയിലേക്ക ദെലഗാത്തപ്പസ്തോലിക്കയുടെ സ്ഥാനത്തിൽ ആരും നിയമിക്കപ്പെടാതിരുന്നതു കൊണ്ടു പ്രൊഫഗാത്തു തിരു സംഘത്തിന്റെ അദ്ധ്യക്ഷനായ സിമയോനി കർദിനാൾ തന്നെ പ്രിയോർ ജനറാളിന്റെ സ്ഥാനം നടത്തുകയും, യൗസേപ്പു യോഹ ന്നാനച്ചൻ ദെലഗാത്തായി ഇവിടെ ഇരുന്നു കാര്യങ്ങൾ നേരിട്ടു നടത്തുകയും ചെയ്തിരുന്നു. 1892-ൽ യൗസേപ്പു പുണ്യപിതാവിന്റെ മദ്ധ്യസ്ഥത്തിരുനാൾ കഴിയുന്ന ദിവസങ്ങളിൽ മൂന്നാമാണ്ടു തോറുമുള്ള സഭയുടെ ശ്രേഷ്ഠന്മാരുടെ തെരഞ്ഞെടുപ്പു നടത്തേ ണ്ടതാകയാൽ ആ സംഗതിയെപ്പറ്റി ദെലഗാത്തു യൗസേപ്പു യോഹ ന്നാൻ അച്ചൻ പ്രഫഗാന്തു തിരുസംഘത്തിലേക്ക് എഴുതി ചോദി ച്ചാറെ ന്യായപ്രമാണം താമസിയാതെ ഉറപ്പിച്ചു കൊടുത്തയക്കു മെന്നും അതുവരെ അപ്പോൾ സ്ഥാനത്തിൽ ഇരിക്കുന്ന ശ്രേഷന്മാർ തന്നെ കാര്യങ്ങൾ നടത്തി വരണമെന്നും ടി. തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ സിമയോനി കർദിനാൾ ഉത്തരിച്ചു.

17. 1892 മാർച്ച് മാസത്തിൽ ഇന്ത്യയുടെ ദെലഗാത്തപ്പസ്തോ ലിക്കയുടെ സ്ഥാനത്തിൽ അന്നു ഇന്ത്യയിൽ താമസിച്ച് കാണ്ടി യിൽ ഒരു പൊതുവായ സെമിനാരി സ്ഥാപിക്കുന്ന കാര്യത്തിൽ വേല ചെയ്തിരുന്ന മോൻസിഞ്ഞോർ സലേസ്കി എന്ന ദേഹത്തെ 13-ാം ലെയോ മാർപാപ്പ നിശ്ചയിക്കയും സ്ഥാനപ്രകാരം അദ്ദേഹം തന്നെ പ്രിയോർ ജനറാൾ ആയിത്തീരുകയും ചെയ്തു. മേൽ ഒന്നാം അദ്ധ്യായം 5-ാം ലക്കത്തിൽ നമ്മുടെ സഭയിൽ നിന്നും റോമ്മായിലെ ഉർബാൻ സെമിനാരിയിൽ പഠിക്കാൻവിടാനായി തെരഞ്ഞെടുക്കപ്പെട്ട രണ്ടു ശെമ്മാശന്മാരുടെ കാര്യം വിവരിച്ചിട്ടു ണ്ടല്ലോ. അവർ രണ്ടുപേരും പഠിത്വം പൂർത്തിയാക്കി 1893 ജൂൺ

മാസത്തിൽ മലയാളത്തിൽ വന്നു ചേർന്നു. അവരിൽ കട്ടക്കയത്തു ചാണ്ടിയച്ചൻ സഭയിൽ തന്നെ ചേരണമെന്നുള്ള തന്റെ ആഗ്രഹത്തെ മാർപ്പാപ്പയെ ബോധിപ്പിക്കയും അപേക്ഷ പോലെ സഭയിൽ ചേരുവാൻ അനുവാദം സിദ്ധിക്കയും അതിൻപ്രകാരം അദ്ദേഹം അമ്പഴക്കാട്ടു നവസന്യാസാശ്രമത്തിൽ ചെന്ന് സഭാവസ്ത്രം ധരിക്കയും ചെയ്തു.

റോമ്മയിൽ അംഗീകരണം പ്രാപിച്ച് ഉറപ്പിച്ചുകിട്ടുന്നതിനായി 1890-ൽ കൊടുത്തയച്ച ന്യായപ്രമാണം അവിടെ സ്വീകരിച്ചു 6 വർഷത്തേക്കു വീണ്ടും ഉറപ്പിച്ചു കൊടുത്തയച്ചു. 1893 ജൂൺ മാസം 1-ാം തീയതിയാണ് സ്വീകരിച്ചുറപ്പിച്ചത്. ഈ ന്യായപ്രമാണത്തിൽ സാരമേറിയ ചില ഭേദഗതികൾ വരുത്തിയാണ് റോമ്മായിൽ വിശുദ്ധ സിംഹാസനം സ്വീകരിച്ചത്. അവയിൽ പ്രധാനപ്പെട്ടതു താഴെ പറയുന്നവയാണു. സഭയെ ഭരിക്കാൻ വേണ്ടിയിരിക്കുന്ന അധികാരങ്ങളോടുകൂടിയ ഒരു പൊതു ശ്രേഷ്ഠൻ സഭയിൽ നിന്നു തന്നെ ഉണ്ടാകണമെന്നും ഇദ്ദേഹത്തെ സഭകൂടി തെരഞ്ഞെടുക്കണമെന്നും, അപ്രകാരം തന്നെ ഇദ്ദേഹത്തിന്റെ സഹായികളായി നാലു പൊതു ശ്രേഷ്ഠാലോചനക്കാർ ഉണ്ടാകണമെന്നും അവരേയും സഭകൂടി മൂന്നാം വർഷംതോറും തെരഞ്ഞെടുക്കണമെന്നും രോമത്തുണികൊണ്ടുള്ള വസ്ത്രം സഭക്കാർ എല്ലാവരും ധരിക്കണമെന്നും മറ്റുമുള്ള നിയമങ്ങളാണ് മേൽപറഞ്ഞ പ്രധാനഭേദഗതികൾ. 1891 ഡിസംബർ മാസത്തിൽ സഭയിൽനിന്നു ഒരു പൊതു അപേക്ഷ റോമ്മയിലേക്കു അയച്ചിട്ടുണ്ടായിരുന്നു. അതിലെ താല്പര്യം സഭക്കു പ്രിയോർ ജനറാൾ സഭയിൽ നിന്നുതന്നെ വേണ്ടതാണെന്നും തല്കാലത്തെ സാഹചര്യം നിമിത്തം കർമ്മലീത്താ ഒന്നാം സഭയിൽ നിന്ന് ഒരാളെ ഒരു പ്രത്യേക നിയമം മുഖാന്തിരം പൊതു ശ്രേഷ്ഠനായി നിയമിച്ചുതരണമെന്നായിരുന്നു. അതിൻപ്രകാരം ഒരു പ്രത്യേക നിയമത്താൽ അന്ന് ഒരു മിഷനറി ആയിരുന്നിട്ടും ഇപ്പോൾ വാരാപ്പുഴെ അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരിക്കുന്ന ബർണ്ണാർദ് എന്ന ദേഹത്തെ പ്രിയോർ ജനറാളായി നിയമിച്ചു. ഇതു 1893 ജൂലൈ മാസം 1-നു ഉണ്ടായ

കിഴക്കെ റീത്തുകളുടെ പ്രൊഫഗാന്ത തിരുസംഘത്തിന്റെ ഒരു ദെക്രേത്തു മൂലം ചെയ്യപ്പെട്ട നിയമമാണ്. ഈ നിയമവും ന്യായ പ്രമാണം റോമ്മയിൽ 6 വർഷത്തേക്കു വീണ്ടും സ്ഥിരീകരിച്ചു കൊടുത്തയച്ച വിവരവും, ദെലഗാത്തപ്പസ്തോലിക്കാ സലെസ്കി തിരുമനസ്സുകൊണ്ട് എല്ലാ കൊവേന്തകൾക്കും കൊടുത്തയച്ച പരസ്യ എഴുത്തുമൂലം എല്ലാവരേയും അറിയിച്ചു.

18. ഇതിനിടക്ക് 1892 ഏപ്രിൽ മാസത്തിൽ മാതൃകൊവേന്ത യായ മാന്നാനത്തെ ആശ്രമദേവാലയം അഭിഷേകം ചെയ്കയു ണ്ടായി. ഇതിനു കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ ലവീഞ്ഞു മെത്രാനച്ചനും കൊല്ലം രൂപതയുടെ ഫെർദിനാന്ത മെത്രാ നച്ചനും വന്നുചേരുകയും മഞ്ഞുമ്മേൽ നിന്ന് അപേക്ഷപോലെ ലെയോനാർദ് മെത്രാപ്പോലീത്തായിക്കു വന്നു ചേരുന്നതിനു സുഖ ക്കേടു നിമിത്തം ഇടയാകാഞ്ഞതിനാൽ മുൻപറഞ്ഞ മേൽപട്ടക്കാർ രണ്ടുപേരും അഭിഷേകകർമ്മം നടത്തുകയും ചെയ്തു. മർസ്സലീ നോസ് മെത്രാനച്ചനെ ഈ കർമ്മം നടത്താനായി ക്ഷണിച്ചും അപേ ക്ഷിച്ചും ഇരുന്നതാണ്. പക്ഷെ അവിടുന്ന് ഏതാനും മാസങ്ങൾക്കു മുൻപ് 1892 മാർച്ചു മാസത്തിൽ പരലോക പ്രാപ്തനായി പോയ തിനാൽ അപേക്ഷക്കാർക്കു സങ്കടത്തിനും ദുഃഖത്തിനും അതു കാരണമായിതീർന്നു. ഈ വന്ദ്യ പാലകൻ ഈ സഭയെ എത്രയും സ്നേഹിച്ചിരുന്ന ആളും സഭയ്ക്കുവേണ്ടിയും നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആത്മരക്ഷയ്ക്കുവേണ്ടിയും അനേകം ബുദ്ധിമുട്ടു കൾ സഹിച്ച ആളുമാണ്. അങ്ങേ സൗമ്യ ശീലവും പുണ്യസൽഗു ണങ്ങളും നിമിത്തം മലയാളത്തിൽ എല്ലാവരും ഒരു പിതാവിനെ പ്പോലെ ഇദ്ദേഹത്തെ സ്നേഹിച്ചിരുന്നു. ഇദ്ദേഹം മെത്രാൻപട്ടം ഏല്ക്കുന്നതിനു മുൻപ് ഇരുപതിൽ (20) പരം സംവത്സരക്കാല ത്തോളം പള്ളികളിൽ ചുറ്റിസഞ്ചരിച്ചു ജനങ്ങൾക്ക് ജ്ഞാനധ്യാനം കഴിച്ചുകൊടുക്കുന്നതിനും അവരുടെ നടപടികളെ നന്നാക്കുന്ന തിലും പ്രയാസപ്പെട്ടിരുന്നു. അതിനുശേഷം പുത്തൻപള്ളി സെമി നാരിയുടെ റൈത്തോരായിരുന്ന് അനേകകാലം ആ സെമിനാരിയെ ഭരിക്കയും അനേകം വൈദികരെ പഠനത്തിന്റെയും പുണ്യനടപ

ടിയുടെയും ഒരു നല്ല സ്ഥിതിയിൽകൊണ്ടു വരികയും ഇങ്ങനെ നാട്ടിൽ നല്ല പട്ടക്കാർ ഉണ്ടാകുന്നതിനു ഇദ്ദേഹം ഒരു കാരണമായിത്തീരുകയും ചെയ്തു. ഇപ്പോൾ തൃശ്ശിവപേരൂരിലും, ചങ്ങനാശ്ശേരിയിലും വികാരി അപ്പസ്തോലിക്കമാർ ആയിരിക്കുന്ന വന്ദ്യമേല്പട്ടക്കാർ ഇദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപ്പെട്ടവർ ആണ്.

## അധ്യായം 5

19. 1890 ജനുവരി മാസം 7-നു രണ്ടാം പൊതു പ്രിയോർ ആയിരുന്ന പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചനും 1891 മെയ് മാസം 6-നു കാനാട്ടു പൗലോസച്ചനും ടി. മാസം 14-ന് അരണാട്ടുകര ഏൽതുരുത്തുകൊവേന്തയുടെ പ്രിയോരായിരുന്ന ജെരാർദച്ചനും ടി. ആണ്ടു ആഗസ്റ്റ് മാസം 26-ന് (കണ്ടശ്ശാങ്കടവു കൊള്ളുആർ) അന്ത്രയോസച്ചനും 1893 ഫെബ്രുവരി മാസം 19-ന് (ചക്കരക്കടവു മൂഞ്ഞേലി) തോമ്മാച്ചനും സഭയിൽ മരിച്ചു പോയ ആളുകളുടെ ഗണത്തിൽ പേരെഴുതപ്പെട്ടു. ഇവരുടെ സംക്ഷേപ മായ ഒരു ജീവചരിത്രം ഇവിടെ എഴുതുന്നത് അനുചിതമായി വരി കയില്ലെന്നു വിശ്വസിക്കുന്നു.

സഭയുടെ രണ്ടാമത്തെ പൊതുപ്രിയോരായിരുന്ന കുരിയാ ക്കോസ് ഏലീശാ അച്ചന്റെ പുണ്യ നടപടിയും കീർത്തിയും കേട്ടി ട്ടില്ലാത്തവർ ഈ മലയാളത്തിൽ ഉണ്ടായിരിക്കുമെന്നു തോന്നു ന്നില്ല. ഇദ്ദേഹം നമ്മുടെ സ്ഥാപകന്മാരിൽ ഒരാളായ പോരൂക്കര തോമ്മാ മല്പാനച്ചന്റെ കനിഷ്ഠസഹോദരനാണ്. ഇദ്ദേഹം കല്ലൂർക്കാട്ടു പള്ളി ഇടവകയിൽപോരൂക്കര കുടുംബത്തിൽ 1814 ആഗസ്റ്റ് മാസം 18-ന് ഇട്ടിക്കുരുവിളത്തരകൻ മറിയം എന്നുപേ രുള്ള മാതാപിതാക്കന്മാരിൽ നിന്നു ജാതനായി. അപ്പൻ മഹാഭ ക്തനായിരുന്നതുകൊണ്ടു പല ജ്ഞാനപുസ്തകങ്ങൾ എഴുതി യുണ്ടാക്കി. അതുകൾ കുടുംബത്തിൽ വായിച്ചു മക്കളെ ജ്ഞാന കാര്യങ്ങളിലേക്ക് ആകർഷിച്ചിരുന്നു. അമ്മയും അതേപ്രകാരം പൂജാനമസ്ക്കാരങ്ങളും മറ്റും മന:പാഠമായി പഠിച്ചറിയുകയും ചെയ്തിരുന്നു. അക്കാലത്തു അച്ചടി യന്ത്രങ്ങളും അച്ചടി പുസ്ത കങ്ങളും ഇല്ലാതിരുന്നതിനാൽ കയ്യെഴുത്തായിട്ടുള്ള പുസ്തകങ്ങൾ മഹാജാഗ്രതയോടെ സൂക്ഷിച്ചുപയോഗിച്ചിരുന്നു.

നമ്മുടെ കഥാനായകന്റെ ജ്യേഷ്ഠസഹോദരനായ പോരൂക്കര തോമ്മാ മല്പാനച്ചൻ മാന്നാനത്തു ദർശനവീടുസ്ഥാപിച്ചു അതിൽ ജീവിക്കുന്നതിനായി പുറപ്പെട്ടപ്പോൾ അമ്മക്കുണ്ടായ ദുഃഖത്തെ

ശമിപ്പിക്കാൻവേണ്ടി അനുജൻ കൊച്ചു കുരിയാക്കോസിനെ പട്ടത്തിനായി പഠിപ്പിച്ചുകൊള്ളാമെന്ന് ഭരമേറ്റിട്ടുണ്ടായിരുന്നു. അതിൻപ്രകാരം 12 വയസ്സു പ്രായമായപ്പോൾ പൈതലിനെ തന്റെ കൂടെ താമസിപ്പിച്ചു സുറിയാനിഭാഷയുടെ ആദ്യപാഠങ്ങളും പൂജാസഹായമന്ത്രങ്ങളും മറ്റും പഠിപ്പിച്ചു. തോമ്മാമല്പാനച്ചനു മാന്നാനത്തു ദർശനവീടു പണികഴിപ്പിക്കുന്നതിലും മറ്റുമുള്ള ജോലി നിമിത്തം പൈതലിനെ നമ്മുടെ സഭാസ്ഥാപകനും പള്ളിപ്പുറത്തു സെമിനാരിയിൽ മല്പാനായി പഠിപ്പിച്ചിരുന്നയാളുമായ കീർത്തിപെട്ട പാലക്കൽ തോമ്മാച്ചന്റെ പക്കൽകൊണ്ടു ചെന്നാക്കി. പൈതൽ വേദപാരായണത്തിൽ നാൾക്കുനാൾ വളർന്നു വന്നതോടെ പുണ്യത്തിലും പ്രതിദിനം വർദ്ധിച്ചു വന്നു. 1831 നവംബർ മാസം 9-നു അറുത്തുങ്കൽ പള്ളിയിൽവച്ചു വാരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന മൗറല്യോ മെത്രാനച്ചന്റെ കയ്യിൽ നിന്ന് ആസ്തപ്പാടു പട്ടം ഏറ്റു. അക്കാലത്തെ നടപ്പുപോലെ ചെറിയപട്ടങ്ങൾ നാലും ഒന്നിച്ച് അടുത്ത ഡിസംബർ മാസത്തിലും ഏറ്റു. 1838 ജൂൺ മാസം 9-നു അഞ്ചാം പട്ടവും ടി. ആണ്ടു ഡിസംബർ 23-നു ആറാം പട്ടവും 1839 മാർച്ച് മാസം 16-നു കുർബാന പട്ടവും അന്നു വാരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന പ്രംസീസ്ക് ശവരിയാർ മെത്രാപ്പോലീത്തായിൽ നിന്നു ഏറ്റു. അതിനുശേഷം ഏപ്രിൽ മാസം 29-നു കല്ലൂർക്കാട്ടു പള്ളിയിൽവച്ചു പുത്തൻകുർബാന അർപ്പിച്ചു.

പുത്തൻ കുർബാനക്ക് അയൽപള്ളികളിൽനിന്നും അനേകം വൈദികരും ജനങ്ങളും വന്നിരുന്നതിനു പുറമെ, അനേകം സെമിനാരിക്കാരും വന്നു ചേർന്നിരുന്നു. അക്കാലങ്ങളിൽ സുറിയാനി റീത്തിൻ പ്രകാരമുള്ള പാട്ടുകുർബാന, റാസക്കുർബാനയും അതു ആഘോഷമായ ദിവസങ്ങളിൽ പാടുക പതിവും ഉണ്ടായിരുന്നതിനാൽ നമ്മുടെ കുര്യാക്കോസച്ചന്റെ പുത്തൻ കുർബാന റാസക്കുർബാനയായിട്ടാണ് അർപ്പിച്ചത്. കുർബാന കഴിഞ്ഞ ഉടനെ വീട്ടിൽ ഘോഷമായിട്ടു നവപൂജ അർപ്പിച്ച അച്ചൻ ചെല്ലുന്ന പതിവു അനുസരിച്ചു ഇദ്ദേഹം വീട്ടിലേക്ക് ഘോഷയാത്ര കഴിച്ചു.

ആ സന്ദർഭത്തിൽ അമ്മയുടെയും വീട്ടിൽ ഉള്ളവരുടെയും സന്തോഷാധിക്യവും മറ്റും കണ്ടിരുന്ന ജ്യേഷ്ഠൻ തോമ്മാച്ചൻ വീട്ടിൽ കൂടപ്പെട്ടിരുന്നവരോടു ചെയ്ത സാരഗർഭമായ പ്രസംഗം അവരെല്ലാവരുടെയും ശ്രദ്ധ ലോകമായത്തിന്മേൽ പതിക്കുന്നതിനു കാരണമാക്കിത്തീർത്തു. പ്രസംഗസാരം പുത്തൻകുർബാന അർപ്പിച്ചു വരുന്ന കൊച്ചുകത്തനാരച്ചൻ മരിച്ചു കബറിൽ കൊണ്ടുവരപ്പെടുന്നതായി അമ്മ മുതൽ പേർ ഓർത്തു ധ്യാനിക്കണമെന്നും ലോകസന്തോഷങ്ങളുടെ അവസാനം കബറും ശവക്കുഴിയും ആണെന്നും മറ്റുമായിരുന്നു. ഇതു കേട്ട എല്ലാവരും ഞടുങ്ങിവിറച്ചുപോകയും ലോകഭാഗ്യങ്ങളുടെ നിലയില്ലായ്കയിന്മേൽ നല്ലപോലെ ബുദ്ധിപതിയുകയും തന്നിമിത്തം എല്ലാവരും വിലപിച്ചു കരയുന്നതിനു സംഗതിയാകയും ചെയ്തു.

1838-ൽ ഗോവ ഒഴികെ ഇൻഡ്യയിലുള്ള പോർത്തുഗീസ് പദൃവാദ അധികാരം 16-ാം ഗ്രിയോറിയോസ് മാർപാപ്പാ നീക്കിക്കളകയാൽ മാർപാപ്പയുടെ കല്പനക്കു വിരോധിച്ചു നിന്ന പള്ളികളെ ശീശ്മയിൽ നിന്ന് വീണ്ടെടുക്കുന്നതിന് പോരൂക്കര തോമ്മാച്ചൻ കൊല്ലം മിഷ്യനിലേക്കു അയക്കപ്പെട്ടു. ഇദ്ദേഹം അക്കാലത്ത് ഒരു മിഷ്യനറി ആയിരുന്ന ബർണ്ണർദീനോസ് മൂപ്പൻ പാതിരി അച്ചന്റെ കൂടെ കൊല്ലം മുതൽ കന്യാകുമാരിവരെ ചുറ്റിസഞ്ചരിച്ച് വേല ചെയ്കയും, അനേകം പള്ളികളെ ശീസ്മയിൽ നിന്നു വീണ്ടെടുക്കയും ചെയ്തു. കടശി കായങ്കുളം, അഴീക്കൽ എന്നീ പള്ളികളെ തോമ്മാച്ചൻ ശീശ്മയിൽ നിന്നു ഒഴിച്ചെടുത്തു അവിടെ താമസിച്ചു വരികയിൽ പ്രമേഹദീനം പിടിപെടുകയാൽ സഹായത്തിനായി നമ്മുടെ കുരിയാക്കോസച്ചൻ അയക്കപ്പെട്ടു. ഇങ്ങനെ 1840 മുതൽ 1844 വരെ കൊല്ലം മിഷനിൽ വേല ചെയ്ത തന്റെ ജ്ഞാന ശുഷ്കാന്തിയാലും സദുപദേശത്താലും വെമ്പുഴ പള്ളി, കള്ളിക്കാട്ടു കപ്പേള എന്നിതുകൾ ശീശ്മയിൽ നിന്നു തിരിച്ചതിനു ശേഷം ഒടുവിൽ പാവുക്കരെ കപ്പേളയിൽ വന്നു താമസിച്ചു. ഇവിടെവച്ചു അതികഠിനമായി ഒരു മസൂരി ദീനം പിടിപെട്ടതിനാൽ കല്ലൂർക്കാട്ടുവന്നു ചികിത്സ ചെയ്കയും അഴീക്കൽ നിന്നു നല്ല

ഒരു വൈദ്യനും, ഏതാനും ആളുകളും വന്ന് ദീനക്കാരനെ രക്ഷിക്കയും ചെയ്തു. ഈ ദീനത്തിന്റെ വിമ്മിട്ടങ്ങളും വേദനകളും ദൈവതിരുമനസ്സിനുള്ള പൂർണ്ണ അനുസരണയോടെ ക്ഷമിച്ചു. ലോകകാര്യങ്ങളിൽ ഏർപ്പെടുന്നതിന് ഒട്ടും മനസ്സില്ലാതിരുന്നതിനാൽ ഇടക്കിടക്കു മാന്നാനത്തു വന്നു താമസിച്ചിരുന്നു. ഇങ്ങനെ ഇരിക്കെ കല്ലൂർക്കാട്ടുപള്ളിയിൽ ഉണ്ടായ ചില വഴക്കുകൾ നിമിത്തം 1845 ഡിസംബർ 18-നു പ്രംസീസ്ക് ശവരിയാർ മെത്രാപ്പോലീത്താ ഇദ്ദേഹത്തെ ആ പള്ളിയുടെ വികാരിയായി നിയമിച്ചു. ഇടവക ജോലികൾക്ക് ഒട്ടും മനസ്സില്ലായിരുന്നെങ്കിലും മേല്പട്ടക്കാരന്റെ കല്പനക്ക് പൂർണ്ണമായി കീഴ്വഴങ്ങിക്കൊണ്ട് വികാരിത്വജോലി നടത്തി വരികയിൽ 1846 ജനുവരി മാസം 9-നു ജ്യേഷ്ഠൻ പോരൂക്കര തോമ്മാച്ചൻ കാലം ചെയ്തു.

മാന്നാനത്തുതന്നെ ജീവിച്ചുകൊണ്ട് തന്റെ ആയുഷ്ക്കാലം ദൈവത്തിനു പ്രതിഷ്ഠിക്കണമെന്നുണ്ടായിരുന്ന നമ്മുടെ കഥാനായകന്റെ ആഗ്രഹം അന്നു മുതൽ അധികരിക്കയാൽ ഇടക്കിടക്ക് മാന്നാനത്തു വന്നു താമസിച്ചിരുന്നു. ഇദ്ദേഹം കല്ലൂർക്കാട്ടു വികാരിത്വജോലി നോക്കി വന്നിരുന്ന കാലങ്ങളിൽ മാന്നാനത്തേക്ക് ഒരു സക്രാരി (വിശുദ്ധ മന്ദിരം) യും കുർബാനക്കുപ്പായം മുതലായ പൂജാവസ്ത്രങ്ങളും മറ്റും വച്ച് സൂക്ഷിക്കാൻ വേണ്ടിയതായ കവേത്തകളോടു കൂടിയ ഒരു അലമാരിയും മറ്റു പല സാമാനങ്ങളും പണിയിപ്പിച്ച് മാന്നാനത്തേക്കു കൊടുത്തയച്ചു. ഇതു കൂടാതെ പള്ളിക്കു തെക്കോട്ടുള്ള നീട്ടിന്റെ മേൽക്കൂര മുതലായതും കല്ലൂർക്കാട്ടു പല പണികൾ നടത്തിയതിൽ അവിടുത്തെ റത്താവൽ പ്രധാനമായതാണ്. പള്ളിക്കു പലർ കൊടുക്കാനുണ്ടായിരുന്ന പാട്ടക്കുടിശികകൾ അവധിവെച്ച് ഭാരം കൂടാതെ തീർപ്പിച്ചു. ഇതിനാൽ അനേക കാലം മുതൽ  കിട്ടാനുണ്ടായിരുന്ന നെല്ലും പണവും കിട്ടിയതിനാൽ പള്ളിക്കു മുതലെടുപ്പു വർദ്ധിച്ചു. പള്ളിപ്പറമ്പിലും പാഴായി കിടന്നിരുന്ന പള്ളിവക മറ്റു പറമ്പുകളിലും പുത്തനായി തൈവെച്ചു പിടിപ്പിക്കുന്നതുനു വേല ചെയ്കയും തൻമൂലം പള്ളിവക മുതൽ പൂർവ്വാധികം വർദ്ധിക്കുന്നതിനു കാരണമായിത്തീരുകയും ചെയ്തു.

ആണ്ടുതോറും നവംബർ മാസം 21–ന് മാന്നാനത്തു ആഘോഷി ക്കുന്ന ദൈവജനനിയുടെ കാഴ്ചവെപ്പു തിരുനാൾ അവിടെ പഠിച്ചു പട്ടമേറ്റു പോകുന്ന അച്ചന്മാരാണ് കഴിച്ചിരുന്നത്. ഇദ്ദേഹം പഠിച്ചത് പള്ളിപ്പുറത്തു ആയിരുന്നെങ്കിലും ആ സെമിനാരിയും മാന്നാനത്തു സെമിനാരിയും ഒന്നായിത്തീർന്നതിനാലും രണ്ടു സ്ഥലങ്ങളിലെയും മൽപാൻ പാലക്കൽ തോമ്മാച്ചൻ തന്നെ ആയിരുന്നതിനാലും അതു കഴിക്കാനുള്ള കുറി നമ്മുടെ കുരിയാക്കോസച്ചന്റെ മേൽ വീഴു കയും അതു മഹാ ഭാരത്തോടെയെങ്കിലും ഭംഗിയായി നടത്തു കയും ചെയ്തു. ഇദ്ദേഹം ഒട്ടും സമ്പാദിക്കാതെ ഉണ്ടാകുന്നതൊക്കെ ധർമ്മകാര്യത്തിനായും, അന്നന്നുള്ള ആവശ്യങ്ങൾക്കായും ചില വഴിച്ചുവന്നതിനാൽ മേൽപറഞ്ഞ തിരുനാളടിയന്തിരം നിർവ്വഹി ക്കുന്നതിനുണ്ടായ ഭാരം വലിയ ചുമതലകൂടാതെ നിറവേറ്റിയത് ഇദ്ദേഹത്തിന്റെ സാമർത്ഥ്യവും ദൈവത്തിലുള്ള മനോവിശ്വാസവും നിമിത്തമാണ്.

അപ്പന്റെ മരണശേഷം കുടുംബകാര്യങ്ങൾ നോക്കിയിരുന്ന സഹോദരന്മാരും, ജ്യേഷ്ഠൻ തോമ്മാച്ചനും മരിച്ചുപോയിരുന്ന തിനാൽ അമ്മക്ക് ഏക സഹായം നമ്മുടെ കുരിയാക്കോസച്ചൻ ആയിരുന്നു. ഇങ്ങിനെ ഇരിക്കുമ്പോൾ 1855 ഡിസംബർ മാസ ത്തിൽ ബർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ കാനോനാപ്ര കാരമുള്ള ഒരു സഭയായി മാന്നാനത്തെ അച്ചന്മാരുടെ സമൂഹത്തെ സ്ഥാപിക്കയും അവരോടു തങ്ങളുടെ സന്യാസ വാഗ്ദത്ത നേർച്ച കൾ ചെയ്വാൻ കല്പിക്കയും ചെയ്തു. അമ്മയെ വിട്ടുപിരിയുന്ന സംഗതിയിൽ അമ്മയ്ക്കുണ്ടായ ദുഃഖത്തെ ഓർത്ത് നമ്മുടെ കഥാ നായകൻ വളരെ വ്യസനിച്ചെങ്കിലും സന്യാസിയായി ജീവിക്കണ മെന്നുള്ള തന്റെ ആഗ്രഹാധിക്യത്താൽ കാര്യസ്ഥിതി ഒക്കയും ബെർണ്ണർദിനോസ് മെത്രാപ്പോലീത്താച്ചനെ ബോധിപ്പിച്ചതിൽ മാന്നാനത്തുപോയി ശേഷം പേരുടെ കൂട്ടത്തിൽ സന്യാസവാഗ്ദ ത്തങ്ങൾ ചെയ്യുന്നതിനു കല്പിക്കയും അമ്മയുടെ മരണംവരെ മാന്നാനത്തും കല്ലൂർക്കാട്ടുമായി താമസിക്കുന്നതിന് അനുവദി ക്കയം ചെയ്തു. ഈ കല്പനപ്രകാരം സന്തോഷത്തോടെ 1855

ഡിസംബർ മാസത്തിൽ തന്റെ സന്യാസ വ്രതങ്ങൾ ദൈവത്തിനു സമർപ്പിച്ചു.

ആ കൽപനപ്രകാരം തന്നെ 1860-ൽ ഉണ്ടായ അമ്മയുടെ മരണം വരെ കല്ലൂർക്കാട്ടും മാന്നാനത്തുമായി താമസിക്കയും ചെയ്തു. നൂലുകൊണ്ടോ ചരടുകൊണ്ടോ ബന്ധിക്കപ്പെട്ട ഒരു രാജാളി പക്ഷിയടെ കെട്ടു ബന്ധനം അഴിച്ചുകൊടുത്താൽ അതു ആകാശത്തിൽ പറന്നു സന്തോഷിക്കുന്നതുപോലെയാണ് കുരിയാക്കോസച്ചന് സന്യാസഭവനത്തിൽ പ്രവേശിച്ചപ്പോൾ ഉണ്ടായ സന്തോഷം. ജപധ്യാനത്താലും എല്ലാവക പുണ്യാഭ്യാസങ്ങളാലും ദിനംതോറും നാഴികതോറും എപ്പോഴും ദൈവഐക്യതയിലേക്കു പറന്നുകൊണ്ടിരിക്കുന്നതിനു ലോകത്തിലുണ്ടായിരുന്ന വിഘ്നങ്ങൾ തീർന്നുപോയതിനാൽ സന്തോഷിച്ച് ഇദ്ദേഹം സന്യാസഭവനത്തിൽ പ്രവേശിച്ച ഉടനെ എല്ലായ്പോഴും പുണ്യപൂർണ്ണത പ്രാപിക്കുന്നതിനു വേല ചെയ്കയും അതിനുവേണ്ടി എല്ലാ പോംവഴികളേയും ഉപയോഗിക്കയും ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ വിവേകവും പുണ്യനടപടിയും നന്നായി അറിഞ്ഞിരുന്ന ബെർണ്ണർദിനോസ് മെത്രാപ്പോലീത്താ പല പള്ളികളുടെ മേൽ തന്റെ പ്രതിയാളായി (ദെപ്പുന്താദ്) കാര്യം നടത്തുന്നതിന് അധികാരം കൊടുക്കയും ആ പള്ളികളിൽ ചുറ്റിസഞ്ചരിച്ച് ജനങ്ങളുടെ നടപടികളെ നന്നാക്കുന്നതിനും വേദോപദേശ പഠനം ശരിയായി നടത്തുന്നതിനും മറ്റും കൽപിക്കയും അതുപോലെ നിറവേറ്റുകയും ചെയ്തു വന്നിരുന്നു. ഈ ജോലിക്കു പുറമെ 1862 മുതൽ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ തന്റെ വികാരി ആയി മാന്നാനം കൊവേന്തയിലെ കാര്യാദികൾ നടത്തുന്നതിനു ഇദ്ദേഹത്തെ നിശ്ചയിക്കയും ചെയ്തു.

ആ ജോലിയും സ്തുത്യർഹമാം വണ്ണം വഹിച്ചു പോരുകയും ചെയ്തു. ഇദ്ദേഹം വികാരി ആയിരുന്ന കാലത്താണ് കൊവേന്ത മതിൽകെട്ടി പൂർത്തിയാക്കിയത്. പള്ളിയുടെ വെടിപ്പിന്മേൽ ഇദ്ദേഹത്തിനുണ്ടായിരുന്ന പ്രത്യേക ദൃഷ്ടി അനുകരണീയമായ ഒന്നാണ്. പൂജാപാത്രങ്ങൾ വസ്ത്രങ്ങൾ മുതലായവ വെടിപ്പുള്ളവ ആയി

രിക്കാൻ ചട്ടംകെട്ടുകൾ ചെയ്തതിനാൽ ആ കാലത്തിലെ പള്ളി സാമാനങ്ങൾ എത്രയും വെടുപ്പുള്ളവ ആയിരുന്നു.

1867 സെമിനാരിയുടെ റൈത്തോരായി നിയമിക്കപ്പെടുകയും 1871 വരെ ആ ജോലിയിൽ ഇരിക്കയും ചെയ്തു. സെമിനാരി ചട്ട വട്ടങ്ങൾ നുണക്കമായി അനുസരിക്കുന്നതു ശെമ്മാശന്മാരുടെ ആത്മീയ നന്മക്കു വലിയ പ്രയോജനമായി തീരുമെന്നു നമ്മുടെ കഥാനായകൻ നല്ലപോലെ അറിഞ്ഞിരുന്നതിനാലും അനുഭവം പഠിപ്പിച്ചിരുന്നതിനാലും ആ കാര്യത്തിൽ ഇദ്ദേഹത്തിന്റെ നോട്ടവും ദൃഷ്ടിയും പ്രത്യേകമായി പതിച്ചു. ഓരോരുത്തൻ കുമ്പസാരിക്കുന്ന തീയതികൾ ചെയ്യുന്ന പ്രവൃത്തികൾ മുതലായവ ഒരു ചെറിയ പുസ്തകത്തിൽ എഴുതി കാണിക്കണമെന്നു നിയമം ചെയ്കയും അതു ഇടക്കിടക്കു പരിശോധിച്ചു നോക്കുകയും ചെയ്തിരുന്നു. ശെമ്മാശന്മാരുടെ ഇടയിലുണ്ടാകുന്ന വീഴ്ചകൾ എല്ലാം ശരിയായി തന്നെ അറിയിക്കുന്നതിന് യോഗ്യനായ ഒരു ശെമ്മാശനെ നിശ്ച യിക്കയും അയാൾ മൂലം അറിയുന്ന വീഴ്ചകൾക്കു തക്കതായ ശിക്ഷകൾ വീഴ്ചക്കാർക്കു കൊടുത്ത് അവരെ നന്നാക്കാൻ ശ്രമി ക്കയും ചെയ്തിരുന്നു. സെമിനാരി വക വരവു ചിലവുകളുടെ ആണ്ടുതിരട്ടും മാസത്തിരട്ടും അപ്പഴപ്പോൾ ഒട്ടും താമസിയാതെ തീർക്കുന്നതിനും തീർപ്പിക്കുന്നതിനും ഇദ്ദേഹത്തിനുണ്ടായിരുന്ന നിഷ്കർഷ അതിശയനീയമായിരുന്നു. കുർബാനക്രമം, പള്ളിക്ര മങ്ങൾ, കാനോന നമസ്കാരം മുതലായവ സെമിനാരിക്കാരെ എത്രയും സൂക്ഷ്മമായും നുണക്കമായും പഠിപ്പിക്കയും അവയിൽ ഇടക്കിടക്കു അവരെ തഴുക്കിക്കയും ചെയ്തിരുന്നു. സെമിനാരി ക്കാരൊരുമിച്ചാണ് ഇദ്ദേഹം കാനോന നമസ്കാരം എത്തിച്ചു വന്നി രുന്നതു. ആരെങ്കിലും കാനോന നമസ്കാരം ശരിയായി ചൊല്ലു ന്നില്ലെന്നു കണ്ടാൽ അങ്ങിനെയുള്ള ആൾ തന്റെ സമീപെ നിന്നു ചൊല്ലണമെന്നു ആജ്ഞാപിക്കയും ഈ വിധം ആ ആളിന്റെ വീഴ്ചകൾ തിരുത്തി നന്നാക്കുകയും ചെയ്തിരുന്നു. ഇങ്ങനെ സെമിനാരി ജോലികൾ നടത്തിവരുമ്പോൾ 1871 ജനുവരി മാസ ത്തിൽ സഭയുടെ ഒന്നാം പ്രിയോർ ചാവറ കുരിയാക്കോസ്

ഏലീയാ എന്നു ഭാഗ്യപ്പെട്ട പിതാവു മരിക്കയിൽ ആ സ്ഥാനത്തേക്ക് ഏലിയാനിവ്യായുടെ പിൻഗാമിയായി ഏലീശാ നിവ്യായെ ദൈവം തിരഞ്ഞെടുത്തതുപോലെ ഇദ്ദേഹത്തെ മേൽ ശ്രേഷ്ഠന്മാർ തിരഞ്ഞെടുക്കയും അതിനുള്ള അധികാരപത്രം കൊടുക്കയും ചെയ്തു. ഈ അധികാരപത്രത്തിന്റെ പകർപ്പ് താഴെ ചേർത്തിരിക്കുന്ന പ്രകാരമാണ്. മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കായും നിക്കോമേദിയാ എന്ന ദിക്കിന്റെ മെത്രാപ്പോലീത്തായും ആകുന്ന നാം പ്രെ ലെയോനാർദ് ദെ സൻ ളൂയിസ് എഴുത്തു.

നമ്മുടെ സ്നേഹിക്കപ്പെട്ട കർമ്മലീത്താ മൂന്നാം സഭക്കാരൊക്കയും കണ്ടെന്നാൽ വിവരിക്കപ്പെട്ട ഓർമ്മയുടെ ചാവറ കുരിയാക്കോസ് ഏലീയാ എന്ന പ്രിയോർ കാലം ചെയ്തിരിക്കയാലും ആ ദേഹത്തിന്റെ സ്ഥാനത്തിൽ മറ്റൊരുത്തനെ ആക്കുവാൻ ആവശ്യമായിരിക്കകൊണ്ടും മാന്നാനത്തു മാർ യൗസേപ്പു പുണ്യാവാളന്റെ ആശ്രമത്തിൽ പാർക്കുന്ന ബഹുമാനപ്പെട്ട പോരൂക്കര കുരിയാക്കോസ് ഏലീശാ എന്ന ദർശനപട്ടക്കാരനെ കർമ്മലീത്താ മൂന്നാം സഭക്കാരൊക്കയുടെയും പ്രിയോരായി നാം കല്പിച്ചു നിശ്ചയിച്ചിരിക്കുന്നു. എന്നാൽ റെഗുള ന്യായപ്രമാണങ്ങൾക്ക് തക്കവണ്ണം എല്ലാവരും ആ ദേഹത്തിന് കീഴ്വഴങ്ങികൊണ്ടും കീഴ്വഴക്കം, കന്യകാവ്രതം, അഗതിത്വം, എളിമ എന്ന ഈ പുണ്യങ്ങളുടെ അരൂപിയിലും റെഗുള ന്യായപ്രാണങ്ങളുടെ സൂക്ഷ്മമുള്ള കാർപ്പിലും ദിവസേന വർദ്ധിച്ചു വരുവാൻ എല്ലാവരും പ്രയാസപ്പെട്ടുകൊണ്ടും നിങ്ങളുടെ ഗുണത്തിനായി ആ ദേഹം ഏൽക്കുന്ന ചുമതലയെ എളുപ്പത്തിൽ ചുമക്കുന്നതിനു സഹായിപ്പാനും ഈ സഭയുടെ ലാക്കാകുന്ന നിങ്ങളുടെയും ശേഷം പേരുടെയും ആത്മാക്കളെ രക്ഷിപ്പാനും എല്ലാവരും ഇടവിടാതെ താല്പര്യപ്പെടുവാനും വേല ചെയ്വാനും കടമായിരിക്കുന്നു എന്ന് അറിഞ്ഞുകൊൾകയും വേണം. എന്നാൽ തമ്പുരാന്റെ മനോഗുണവും നമ്മുടെ ഇടയന്നടുത്ത വാഴുവും നിങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ.

എന്ന് വരാപ്പുഴ നമ്മുടെ അരമനയിൽനിന്നു 1871
കുംഭം 22-നു

കുരിയാക്കോസ് ഏലീശാ അച്ചൻ പ്രിയോർ സ്ഥാനത്തിലേക്കു ഉയർത്തപ്പെട്ടതിനോടുകൂടെ തെക്കൻ ദിക്കുകളിലെ പള്ളികളുടെ മേൽ വികാരി ജനറാളിനുള്ള അധികാരവും ഇദ്ദേഹത്തിനു കൊടുക്കപ്പെട്ടു. വാക്കാലും എഴുത്താലും പ്രവൃത്തിയാലും സന്യാസികൾക്കും ജനങ്ങൾക്കും ഇദ്ദേഹം എപ്പോഴും ഒരു സൽമാതൃകയായ് ജീവിച്ചു വന്നു. ഇദ്ദേഹം പ്രിയോരായി നിയമിക്കപ്പെട്ട കാലങ്ങളിൽ നമ്മുടെ മലയാളത്തിൽ സമാധാനത്തിന്റെ കാലമായിരുന്നു. എന്നാൽ കുറെ നാൾ കഴിഞ്ഞപ്പോൾ ജനങ്ങളുടെയിടയിൽ വലിയ ഭിന്നിപ്പും പള്ളികളിൽ വഴക്കും വ്യവഹാരങ്ങളും ഉണ്ടാകുവാൻ സംഗതിയായി തുടങ്ങി. ഇതിനുള്ള മുഖ്യ കാരണം 1875-ൽ ബാബേലിൽ നിന്നു വന്ന ഏലിയാ മേലൂസ് മെത്രാന്റെ വരവാണ്. ഇദ്ദേഹം റോമ്മയിലെ അനുമതികൂടാതെ വന്നതാണെങ്കിലും സുറിയാനി മെത്രാൻ ആകയാൽ ആ ദേഹത്തെ അനുസരിച്ചു നടക്കണമെന്ന് ജനങ്ങളിൽ ഒരു ഭാഗക്കാർക്കു മനസ്സും മാർപാപ്പായുടെ അനുമതി കൂടാതെ വന്ന മെത്രാനെ കൈക്കൊള്ളുവാൻ മറ്റു ഭാഗക്കാർക്കു വിരോധവും ഉണ്ടായി. തൻമൂലം പല പള്ളികളിൽ പോലീസും വഴക്കുകളും മൂത്തു. ഈ സന്ദർഭത്തിൽ ശീസ്മയ്ക്കുള്ള കാരണം തീർക്കണമെന്നും സമാധാനത്തിനു വേണ്ട വഴികൾ ഉണ്ടാകണമെന്നും ആലോചിച്ച് പല ഹർജികൾ വിശുദ്ധ സിംഹാസനത്തിലേക്കു അയക്കപ്പെട്ടു. അതിൽ സഭയിൽ പലരും ചേർന്നതിനാൽ മേൽ ശ്രേഷ്ഠന്മാർക്കു സഭയോടു രസക്ഷയം ഉണ്ടാകയും പലരെ സഭയിൽ നിന്നു തള്ളിക്കളയുകയും ചെയ്തു.

ഈ കാലത്ത് നമ്മുടെ കുരിയാക്കോസ് ഏലീശാ അച്ചൻ സഭ വീണുപോകാതെ ഇരിക്കുന്നതിനും അതിന്റെ വീഴ്ചയിൽ നിന്ന് അതിനെ രക്ഷിക്കുന്നതിനും ദൈവം തിരഞ്ഞെടുത്ത ഒരു ബലമേറിയ താങ്ങായിരുന്നു. മേൽപ്പട്ടക്കാരുടെ കൽപന പോലെയും, അവരുടെ വരുതിപോലെയും, എല്ലാ കാര്യങ്ങളിലും അവിടുന്ന് പ്രവൃത്തിച്ചിരുന്നെങ്കിലും ന്യായമുള്ള കാര്യങ്ങളിൽ തന്റെ സന്യാസ കൂട്ടത്തെ ആദരിക്കാതിരുന്നില്ല. ഒൻപതാം പീയൂസ് പാപ്പാ കാലം ചെയ്തശേഷം 13-ാം ലയോൻ പാപ്പാ സ്ഥാനാരോ

ഹണം ചെയ്ത സന്ദർഭത്തിൽ 1878 ഏപ്രിൽ 13-നു നമ്മുടെ സഭയിൽ നിന്ന് മാർപാപ്പായിക്കു ഒരു മംഗളപത്രം അയച്ചു. എല്ലാവരുടെയും പേർക്ക് അയച്ച ആ മംഗളപത്രത്തിന് നമ്മുടെ വന്ദ്യ പ്രിയോർ കുരിയാക്കോസ് ഏലീശാ അച്ചന് മാർപാപ്പാ ഒരു മറുപടി ലിഖിതം 1878 ജൂൺ മാസം 5-നു അയച്ചു കൊടുത്തു. തൃക്കൈകൊണ്ട് ഒപ്പിട്ടയച്ച ആ തിരുലിഖിതത്തിൽ സഭയുടെമേലും സുറിയാനി ജനം ഒക്കെയുടെ മേലും മാർപാപ്പയ്ക്കുള്ള വാത്സല്യ സ്നേഹം പ്രസ്താവിച്ചു കാട്ടുകയും തക്കകാലത്ത് നൂതന ചട്ടവട്ടങ്ങൾ കൊണ്ട് സഭയെ അലങ്കരിക്കുന്നതാണെന്ന് അങ്ങുന്നു കൽപിക്കുകയും ചെയ്തിരുന്നു.

റോമ്മയിലേക്കു ശീശ്മ മുഖാന്തിരം എഴുത്തുകുത്തുകൾ ചെയ്തു തുടങ്ങിയ കാലം മുതൽ സഭയിൽ പുത്തനായി ആളുകളെ ചേർക്കാതിരുന്നതിനാൽ സഭയ്ക്കുളവായ നഷ്ടം നീക്കുന്നതിനും അപേക്ഷക്കാരെ സഭയിൽ എടുക്കുന്നതിനും നമ്മുടെ പ്രിയോർ കുരിയാക്കോസ് ഏലീശാ അച്ചൻ അതിയായ ഉത്സാഹം ചെയ്കയും മേൽ ശ്രേഷ്ഠന്മാരെ അതിലേക്കു മനസ്സാക്കുകയും ചെയ്തു. ഇങ്ങനെ 1882-ൽ മാന്നാനത്തു സെമിനാരിയിൽ നിന്ന് ഏഴെട്ടുപേരെ സഭയിൽ ചേർക്കയും ഉടനെതന്നെ അരണാട്ടുകരെ ഏൽതുരുത്തു സെമിനാരിയിൽ നിന്നും പലരെ എടുക്കയും ചെയ്തു. അന്നുമുതൽ തുടരെത്തുടരെ അപേക്ഷക്കാർ സഭയിൽ പ്രവേശിക്കുന്നതിൽ സംഗതിയാകയും ചെയ്തു.

20. ഇദ്ദേഹം സഭയ്ക്കും പട്ടക്കാർക്കും ജനങ്ങൾക്കും പൊതുവെ പ്രയോജനകരങ്ങളായ അനേകം സംഗതികൾ ചെയ്തിരുന്നു. അവയിൽ പ്രാധാന്യം പ്രാപിച്ചിരിക്കുന്ന സാരമേറിയ ചില സംഗതികൾ മാത്രം താഴെ വിവരിക്കുന്നു. വേദപുസ്തകത്തെപ്പറ്റിയുള്ള അറിവു പൊതുവെ ജനങ്ങളിൽ ഉണ്ടാകുന്നത് അധികം പ്രയോജനകരമായി തീരുമെന്ന് നമ്മുടെ അച്ചൻ അറിഞ്ഞിരുന്നതിനാൽ ആ ഗുണം അവർക്കുളവാകുന്നതിനു ചരിത്രമുറക്കും സാരഭാഗങ്ങൾ വിശുദ്ധ മല്പാന്മാരുടെ ഉപദേശ തത്വങ്ങളും, വ്യാഖ്യാനങ്ങളും അനുസരിച്ച് തമിഴ് ഭാഷയിൽ ഗൗറിയേൽ

പശ്ശേക്കു എന്ന വിശ്രുത ഗ്രന്ഥകർത്താവിനാൽ എഴുതപ്പെട്ട പുസ്തകം ആ ഭാഷയിൽതന്നെ അടിപ്പിക്കുന്നതിനു നിശ്ചയിച്ചു. ഇതിന്റെ അനേകം പ്രതികൾ അടിപ്പിക്കുന്നതിൽ വലുതായ നഷ്ടം സഹിക്കേണ്ടി വരുമെന്നും പുസ്തകങ്ങൾ പിരിയുന്നതു വളരെ ചുരുക്കമായിരിക്കുമെന്നും അറിഞ്ഞിരുന്നിട്ടും ജനങ്ങൾക്കുണ്ടാകുമെന്ന ഗുണത്തേയും പ്രയോജനത്തേയും മുന്നിട്ടുവെച്ച് ആ നഷ്ടം സഹിച്ചുകൊണ്ട് മേല്പറഞ്ഞ പുസ്തകം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി. ലോക സൃഷ്ടിമുതൽ ലോകരക്ഷിതാവിന്റെ ജനനം വരേയും അതിനു പിൻപുള്ള എല്ലാ സാരമേറിയ ചരിത്ര സംഗതികൾ ഒക്കയും ഈ പുസ്തത്തിൽ അടങ്ങിയിട്ടുണ്ട്.

നിത്യാരാധന എന്ന വിശിഷ്ട പുസ്തകം നമ്മുടെ മലയാള ദേശത്തു പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപ് നമ്മുടെ ദിവ്യരക്ഷകന്റെ തിരുഹൃദയത്തിൻ നേരെയുള്ള ഭക്തി ജനങ്ങളുടെയിടയിൽ അത്ര പ്രബലപ്പെട്ടിരുന്നില്ല. നിത്യാരാധന എന്ന പുസ്തകത്തിൽ തിരുഹൃദയ ഭക്തിയുടെ ഉത്ഭവവും പ്രചാരവും ആ ഭക്തിയിൽ നിലനില്ക്കുന്നതിനും വർദ്ധിച്ചു വരുന്നതിനും എന്തെല്ലാം ചെയ്യണമെന്നും വ്യക്തമായി വിവരിക്കപ്പെട്ടിട്ടുണ്ട്. അതിനുപകരിക്കുന്ന അനേകം ജപങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. ഇപ്പോൾ ജനങ്ങളുടെയിടയിൽ ഇനിയും പ്രചാരശക്തിയുള്ള പുസ്തകം നിത്യാരാധനയേപ്പോലെ വേറൊന്ന് ഉണ്ടെന്നു തോന്നുന്നില്ല. ഈ പുസ്തകംകൊണ്ട് അതിശയനീയമായ വിധത്തിൽ തിരുഹൃദയ ഭക്തി ജനങ്ങളിൽ വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ പ്രസിദ്ധീകരണത്തിൽ നമ്മുടെ കഥാനായകൻ ചെയ്ത ബുദ്ധിമുട്ടും അദ്ധ്വാനവും ചില്ലറയൊന്നുമല്ലെന്നു കണ്ടിട്ടുള്ള എല്ലാവരും സമ്മതിക്കുന്നതാണ്. തിരുഹൃദയ ഭക്തി ശേഷം പേരിൽ ഉണ്ടാകുവാനും സ്ഥിരപ്പെടുവാനും യത്നം ചെയ്യുന്നവരുടെ പേർ നിത്യായുസ്സിന്റെ പുസ്തകത്തിൽ എഴുതപ്പെടണമെന്നുള്ള നമ്മുടെ കർത്താവിന്റെ വാഗ്ദത്തം ഇദ്ദേഹത്തിൽ തെറ്റുക്കൂടാത്ത വിധത്തിൽ നിറവേറപ്പെട്ടിട്ടുണ്ടെന്ന് നിസംശയം വിശ്വസിക്കാവുന്നതാണ്.

പീലിപ്പോസുകാർക്കുള്ള ലേഖനത്തിൽ മൂന്നാം അദ്ധ്യായ ത്തിൽ ആയുസ്സിന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരുന്നതായി തന്നെ സഹായിച്ചിട്ടുള്ള ക്ലെമ്മീസിനേയും ശേഷമുള്ളവരേയും സംബന്ധിച്ച് മാർ പൗലോസ് ശ്ലീഹാ എഴുതിയിട്ടുള്ള വാക്യം നമ്മുടെ കുറിയാക്കോസച്ചനിൽ ധാരാളമായി നിറവേറിട്ടുണ്ടെന്ന് തിരുഹൃദയത്തിന്റെ സമൃദ്ധിയായ കരുണമൂലം നമുക്കു വിശ്വസി ക്കാവുന്നതാണ്.

ശവസംസ്ക്കാര ക്രിയകളും മരിച്ചവരെപ്പറ്റിയുള്ള ജപങ്ങളും കർമ്മങ്ങളും അടങ്ങിയിരിക്കുന്ന അന്നീദാ പുസ്തകം (ഒപ്പീസ് പുസ്തം) അടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയതുമൂലം നമ്മുടെ കൽദായ സുറിയാനി ക്രമത്തിനും പട്ടക്കാർക്കും പള്ളിക്രമ ങ്ങൾക്കും ഉണ്ടായിട്ടുള്ള സഹായം എത്രയും വിലയേറിയതാണെന്ന് ആരും സമ്മതിക്കുന്നതാണ്. ഇതിനു മുൻപു അന്നീദാ പുസ്തകം കയ്യെഴുത്തായിട്ടു മാത്രം ഉണ്ടായിരുന്നതിനാൽ അതിൽ ഐകരൂ പ്യമുണ്ടായിരുന്നില്ല. എന്നാൽ അത് അച്ചടിച്ചതുകൊണ്ട് എല്ലായി ടത്തും മരിച്ചവരുടെ ശേഷക്രിയകളിൽ ഐക്യ രൂപം ഉണ്ടാകുന്ന തിനിടയായിത്തീർന്നു.

ഇദ്ദേഹം 1871 മുതൽ 1885 വരെ നമ്മുടെ സഭയുടെ പൊതു പ്രിയോരായി കാര്യങ്ങൾ നോക്കി വന്നു. എന്നാൽ 1885-ൽ എല്ലാ കൊവേന്തകൾക്കും പ്രിയോരന്മാർ ഉണ്ടാകനിമിത്തം ആ സ്ഥാന ത്തിന്റെ ചുമതലയിൽ നിന്ന് ഇദ്ദേഹം വിടർത്തപ്പെട്ടു. 1885-ൽ റോമ്മയിൽ നിന്നു ന്യായപ്രമാണം സ്ഥിരീകരിച്ച് അയക്കപ്പെട്ട പ്പോൾ പ്രിയോർ ജനറാളായ വന്ദ്യ മർസ്സലീനോസ് മെത്രാനച്ചൻ തന്റെ ഗെലഗാത്തായി ഇദ്ദേഹത്തെ നിയമിച്ചു. എന്നാൽ വാർദ്ധക്യം മൂലം ആ ജോലിയിൽ നിന്ന് ഒഴിവു അപേക്ഷിക്കയും അന്നു മുതൽ പ്രത്യേക വിധത്തിൽ മരണത്തിനു ഒരുങ്ങി ജീവിച്ചു വരി കയും ചെയ്തു.

ഇദ്ദേഹം നടത്തിയ സാരമേറിയ വേലകളിൽ ഒടുവിലത്തേത് മുത്തോലി കൊവേന്തക്കു സമീപെ ഒരു കന്യകാശ്രമം പണി കഴി

പ്പിച്ചതാണ്. ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ കന്യക കൾക്കായി കൂനമ്മാവുങ്കൽ ഒരു മഠം പണി കഴിപ്പിക്കുന്നതിന് ശ്രമിച്ചതുപോലെ അദ്ദേഹത്തിന്റെ പിൻഗാമിയായ കുരിയാക്കോസ് ഏലീശാ അച്ചനും ആ മഠത്തിന്റെ ശാഖയായി മുത്തോലി മഠവും പണിയിച്ചു. കൂനമ്മാവുങ്കലെ പോലെ വേറെ സ്ഥലങ്ങളിലും കന്യ കാശ്രമങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കണമെന്ന് ഒന്നാമത്തെ പൊതു പ്രിയോരായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ തന്റെ മക്കളായ സന്യാസ അച്ചന്മാരെ ഭരമേല്പിച്ചിട്ടുണ്ടായിരുന്നു. അദ്ദേ ഹത്തിന്റെ സ്ഥാനത്തിൽ വന്ന നമ്മുടെ പ്രിയോർ കുറിയാക്കോസ് ഏലീശാ അച്ചൻ തന്റെ മുൻഗാമിയുടെ ആഗ്രഹം പൂർത്തിയാക്കു ന്നതിനായി വിചാരിച്ചു വരികയിൽ ഒരിക്കൽ ഇദ്ദേഹം മഞ്ഞു മ്മേൽ ചെന്ന് ലെയോനാർദ് മെത്രാപ്പോലീത്താച്ചനുമായി സംഭാ ഷണം ചെയ്തിരിക്കുമ്പോൾ കന്യകകൾ പുറത്തിറങ്ങാതിരിക്കു ന്നതു സുഖക്കേടിനു കാരണമാണെന്നും അവർ ഇടയ്ക്കിടയ്ക്ക് മഠത്തിന്റെ മതില്ക്കെട്ടിനു പുറത്തിറങ്ങാൻ കൽപിക്കണമെന്നും പ്രിയോരച്ചൻ മെത്രാപ്പോലീത്താച്ചനെ ബോധിപ്പിക്കയുണ്ടായി. അപ്പോൾ അവിടുന്നു അതിനു സമ്മതിക്കയും പാലായ്ക്കു സമീപെ ഒരു മഠം ഉണ്ടാക്കിയാൽ കൊള്ളാമെന്നും പല മഠങ്ങൾ ഉണ്ടായാൽ കന്യകകൾക്ക് മാറി പാർക്കാൻ മാർഗ്ഗമുണ്ടാകുമെന്നും തന്മൂലം അവർക്കു സുഖം കിട്ടുമെന്നും അവിടുന്നു കല്പിക്കയും ചെയ്തു. അന്നു മുതല്ക്കാണ് നമ്മുടെ കന്യാസ്ത്രീകൾ പള്ളി യിൽ പോയി വിസീത്തയും മറ്റും കഴിക്കാൻ തുടങ്ങിയത്. അതിനു അതു മുത്തോലിൽ ആയാൽ കൊള്ളാമെന്നു മറുപടി പറകയും മെത്രാപ്പോലീത്താച്ചൻ അതു സന്തോഷപൂർവ്വം സമ്മതിക്കയും ചെയ്തു.

ഇങ്ങനെ ഇരിക്കെ 1880 നവംബർ മാസത്തിൽ ഘോഷിക്കുന്ന വിശുദ്ധ കുരിശിൻ യോഹന്നാന്റെ തിരുനാളിനായി ഇദ്ദേഹം മുത്തോലിൽ വന്നു. അപ്പോൾ പ്രധാന ജനങ്ങളേയും പട്ടക്കാരേയും വരുത്തി ആലോചിച്ചാറെ ആദ്യം മഠത്തിനായി മുത്തോലി കുരിശു പള്ളി കൊടുക്കാമെന്നു പറഞ്ഞെങ്കിലും പിന്നീടു അതിനു തടസ്സം

നേരിട്ടതിനാൽ കൊവേന്തക്ക് തെക്കുപടിഞ്ഞാറു മണ്ണൂർ ചെറിയ തിന്റെ തരിശായി കിടന്ന സ്ഥലം മഠത്തിനായി കൊവേന്തക്ക് ഒഴി ഞ്ഞുകൊടുക്കാമെന്നും അതിനു പ്രതിഫലമായി ആണ്ടുതോറും 12 കുർബാന അയാളുടെ കുടുംബത്തിനായി ചൊല്ലിക്കൊള്ളാമെന്നു കൊവേന്തയിൽ നിന്നു ഭരമേല്ക്കണമെന്നും പറകയും അതിനു പ്രിയോരച്ചൻ സമ്മതിക്കയും മർസ്സലീനോസ് മെത്രാനച്ചൻ ആയി ടയ്ക്കു മുത്തോലിൽ വന്നിരുന്നതിനാൽ അവിടുന്നു സ്ഥലം കണ്ടു സ്വീകരിക്കയും ചെയ്തു. അന്നു മാന്നാനത്തു കൊവേന്തയിൽ പാർത്തിരുന്ന ലെയോനാർദച്ചനെ 1880 ഡിസംബർ മാസത്തിൽ മുത്തോലി കൊവേന്തയിലേക്ക് നിശ്ചയിക്കയും 1881 ജനുവരി മാസം മുതൽ അദ്ദേഹം മഠം പണി ആരംഭിക്കയും ചെയ്തു.

മഠത്തിനായി പണി ആരംഭിക്കയിൽ ഒരു പഴയ കിണറു ഇടിഞ്ഞു നികന്നു കിടന്നതു നന്നാക്കിയാറെ നല്ല വെള്ളം കിട്ടു കയും നല്ലതായി വെട്ടി എടുക്കാൻ തക്ക കല്ലും സ്ഥലത്തു കിട്ടു കയും ചെയ്തതിനാൽ പ്രയാസമുള്ള രണ്ടു സഹായങ്ങൾ ദൈവാ നുഗ്രഹത്താൽ ലഭിച്ചു. കന്യകാശ്രമങ്ങളെക്കൊണ്ടുണ്ടാകുന്ന ഗുണങ്ങളെപ്പറ്റി ജനങ്ങൾക്കു നല്ല ജ്ഞാനമില്ലാതിരുന്നതിനാലും കൊവേന്തയും പള്ളിയും പണി തീരാതെ കിടക്കുമ്പോൾ മഠം പണിനടത്തുന്നതിൽ പലർക്കും തൃപ്തിയില്ലാതിരുന്നതിനാലും പണിനടത്തിക്കൊണ്ടു പോകുന്നതിനു നിർവ്വാഹമില്ലാതെ വന്നു. അപ്പോൾ പുഞ്ചക്കുന്നേൽ കുരുവിള തന്റെ മകൾ ത്രേസ്യായെ കന്യകാജീവിതത്തിൽ ആക്കണമെന്ന് ഉദ്ദേശിച്ചിരുന്നതിനാൽ അവ ളുടെ പത്രിമോനി വകയായി 200 രൂപാ കൊടുക്കയും അതുകൊണ്ടു മഠംപണി ആരംഭിക്കയും പിന്നീടു മാന്നാനത്തു കൊവേന്തവക അച്ചടിപ്പുരയിൽ നിന്നും പലകാലങ്ങളായി മുത്തോലിൽ വിൽക്കാനായി ഏൽപ്പിച്ചിരുന്ന പുസ്തകങ്ങളുടെ വില വക രൂപാ നമ്മുടെ കഥാനായകനായ പ്രിയോരച്ചന്റെ സമ്മതപ്രകാരം മഠം പണിക്കായി എടുത്തു ചിലവിടുകയും, ആയിടക്ക് മുത്തോലിൽ വന്നു ഭക്തി ജീവിതം കഴിച്ചുവന്ന തൊടനാട്ടുകാരത്തി ഒരു മുത്തി യുടെ സമ്പാദ്യങ്ങളും മഠം പണിക്കായി എടുക്കയും ചെയ്തു.

ഇതിനു പുറമെ ആയിടക്ക് മാർപ്പാപ്പ കൽപിച്ച ജൂബിലി വർഷം വകക്ക് പിരിഞ്ഞ പണവും മഠത്തിനായി എടുത്തു ചിലവിട്ടു.

കൊവേന്ത പണിക്കായി ശേഖരിച്ചിരുന്ന കല്ല്, മരം, കക്കാ മുതലായവയും എടുത്തു മഠം പണിക്ക് ചിലവിട്ടു. നമ്മുടെ കുരിയാക്കോസ് ഏലീശാ അച്ചനും പലരോടും ധർമ്മസഹായങ്ങൾ ചോദിച്ചു വാങ്ങി പണിനടത്താനായി കൊടുത്തു. ഈ മഠം പണി വകക്കായി അന്നു തിരുവിതാംകൂർ ദിവാനായിരുന്ന താണുപിള്ള 20 രൂപാ സംഭാവന ചെയ്തു. അന്നു ഇൻഡ്യാ മഹാരാജ്യത്തിന്റെ വൈസ്രോയി ആയിരുന്ന റിപ്പൻ പ്രഭു, പാററായി തരകന്മാർ, അരണാട്ടുകര തരകന്മാർ എന്നിവരും പ്രിയോരച്ചന്റെ അപേക്ഷപ്രകാരം ശേഷിപോലെ ധർമ്മസഹായങ്ങൾ ചെയ്തു. ലെയോനാർദച്ചൻ പുളിങ്കുന്നു മുതലായ കുട്ടനാടൻ ദിക്കിൻ പോയി നെല്ല് ധർമ്മമായി പിരിച്ചുകൊണ്ടു വന്നു. ഇതുകൊണ്ടൊക്കെ പണിക്ക് ഒരു സഹായം ഉണ്ടായെന്നതല്ലാതെ പണി മുഖിയാക്കുന്നതിനു മതിയായ പണസഹായം വേറെ അന്വേഷിക്കേണ്ടി വന്നു. ഇങ്ങനെ ഇരിക്കെ 1881 നവംബർ മാസത്തിലെ വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ തിരുനാളായി നമ്മുടെ വന്ദ്യ പ്രിയോരച്ചനും അന്നു മാന്നാനത്തു കൊവേന്തയിൽ വികാരി ആയിരുന്ന ചാണ്ടിയച്ചനും അയൽ ഇടവകകളിൽ നിന്നു പല പട്ടക്കാരും വന്നിരുന്നപ്പോൾ മഠം പണിക്ക് നിവൃത്തിമാർഗ്ഗം ആലോചിച്ചപ്പോൾ പ്രസിദ്ധനായ നിധിയിരിക്കൽ മാണിയച്ചന്റെ ആലോചനപ്രകാരം ഒരു 'ഭാഗ്യക്കുറി' നടത്താൻ തീർച്ചയാക്കുകയും അര രൂപാ വിലയുള്ള 22,000 നറുക്കുകൾ അതിന് നിശ്ചയിക്കയും പകുതിസംഖ്യ മഠത്തിനായും പകുതി നോട്ടക്കാർക്ക് ഭാഗിച്ചു കൊടുക്കാനും ഏർപ്പാടു ചെയ്കയും ഇതിനു വേണ്ടി അനുവാദം മർസ്ലീനോസ് മെത്രാനച്ചനോടു വാങ്ങിക്കയും ചെയ്തു. എന്നാൽ അക്കാലത്തു 'ഭാഗ്യക്കുറി' നടത്തുന്നതിനു സർക്കാരിന്റെ വിരോധം ഉണ്ടായിരുന്നതിനാൽ ഇതിന്റെ തലവാചകം 'ഭാഗ്യക്കുറി' എന്നതിനു പകരം ഒരു 'പുണ്യവഴി' എന്ന പേരിലാണ് കുറി അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തത്.

ലെയോനാർദച്ചൻ, ചാണ്ടിയച്ചൻ, ചാക്കോച്ചൻ മുതലായ നമ്മുടെ അച്ചന്മാർ ഇതു പിരിക്കാനായി വളരെ സ്ഥലങ്ങളിൽ ചുറ്റിയെങ്കിലും സാരമായ പിരിവുണ്ടാകാത്തതുകൊണ്ടു 1884 ഫെബ്രുവരി മാസത്തിൽ എറണാകുളത്തു സുറിയാനി പള്ളിയിൽവച്ചു കുറിയെടുത്തു. രണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റെട്ടു കുറിമാത്രമെ പിരിഞ്ഞൊള്ളൂ. ചിലവു നീക്കി 1300 രൂപാ ഉണ്ടായിരുന്നതിൽ പകുതി നോട്ടക്കാർക്ക് ഭാഗിച്ചു കൊടുത്തു. നോട്ടക്കാർ പലരും മഠം പണി വകയ്ക്കു നൽമനസ്സാലെ അതു ദാനമായി കൊടുക്കയും ചെയ്തു. കല്ല്, മരം, മുതലായ സാമാനങ്ങൾ കൊവേന്തയിൽ നിന്നെടുത്തതിനു പുറമെ പണമായി പലപ്പോഴായി 2000 രൂപാ വരെ കൊവേന്തയിൽ നിന്നെടുത്തു ചിലവിട്ടു. മഠം വേഗം തീരണമെന്നും അതിൽ കന്യകകളെ പാർപ്പിക്കണമെന്നുള്ള നമ്മുടെ വന്ദ്യ കുറിയാക്കോസ് ഏലീശാ അച്ചന്റെ അതിയായ താല്പര്യത്താലാണ് ഇത്ര വലിയ തുക കൊവേന്തയിൽ നിന്നെടുത്തു ചിലവിട്ടത്. ഇങ്ങനെ മഠം പണി മുഖിയായപ്പോൾ അതിൽ കന്യകകളെ വിട്ടു പാർപ്പിക്കുന്നതിന് ചില തടസ്സങ്ങൾ നേരിടുകയും അങ്ങനെ കാര്യനടപ്പില്ലാതെ കിടക്കയും ചെയ്കയിൽ ഈ ദിക്കിൽ നിന്നു കൂനമ്മാവു മഠത്തിൽപോയി താമസിച്ചു പഠിച്ചു വന്ന പുഞ്ചക്കുന്നേൽ ത്രേസ്യാ മുതലായി ഏതാനും പെൺപൈതങ്ങളെ മഠത്തിൽ ചേർത്ത് കല്പനപ്രകാരം പഠിത്വം നടത്തി വന്നു. ഇങ്ങനെ കാര്യങ്ങൾ നടന്നു വരുമ്പോൾ 1888 മെയ് മാസത്തിൽ കോട്ടയം വികാരിയപ്പസ്തോലിക്കാ ആയ കാർലോസ് ലവീഞ്ഞുമെത്രാനച്ചൻ മാന്നാനത്തു വരികയും അപ്പോൾ മഠത്തിൽ പഠിച്ചുവന്ന പെൺകുട്ടികൾ ഒരപേക്ഷ അദ്ദേഹത്തിന്റെ പേർക്കു കൊടുക്കുകയും അവരുടെ അപേക്ഷപ്രകാരം കൂനമ്മാവുങ്കൽ നിന്ന് ടി. ആണ്ടു ജൂലായി മാസത്തിൽ ക്ലാര, ത്രേസ്യാ, കത്രീനാ, ഈശോയുടെ അലീനേസ് എന്ന തന്റെ അധികാരത്തിൽപെട്ട മൂന്നു കന്യാസ്ത്രീകളെ വരുത്തി മഠത്തിൽ ക്രമമായ കന്യകാശ്രമ ജീവിതം ആരംഭിച്ചു നടത്തുകയും ചെയ്തു. താമസിയാതെ പല സ്ഥലങ്ങളിൽ നിന്നും അനേകം പെൺകുട്ടികൾ ഇവിടെ വന്നു പഠിക്കയും, അവരിൽ പലരും സഭാവസ്ത്രം

ധരിക്കയും ഉണ്ടായി. പിന്നീട് ഈ മഠത്തിൽ നിന്ന് വൈക്കത്തു മഠത്തിലേക്കും, ചങ്ങനാശ്ശേരി മഠത്തിലേക്കും, ആരക്കുഴ മഠത്തിലേക്കും കന്യാസ്ത്രീകൾ പോയി ആ മഠങ്ങളിൽ കന്യകാ ജീവിതക്രമം സ്ഥാപിച്ചു നടത്തുകയും ചെയ്തു.

21. നമ്മുടെ കഥാനായകന്റെ ജപധ്യാനത്തിലുള്ള തല്പരതയും ശുഷ്കാന്തിയും അതിശയനീയമാണ്. കാലത്തെ കുർബാന ചൊല്ലിക്കഴിഞ്ഞിട്ട് ഉച്ചയ്ക്കു 12 മണി നേരംവരെയും ഇദ്ദേഹം ജപധ്യാനത്തിൽ നേരം വ്യയം ചെയ്തിരുന്നു. ഇത്ര വളരെ നേരം ഇതിനായി ചിലവഴിച്ചിരുന്നെങ്കിലും അതിൽ യാതൊരു മടുപ്പും കാണിച്ചിരുന്നില്ല. നമസ്ക്കരിക്കുകയോ ധ്യാനിക്കുകയോ ചെയ്യുന്ന സമയത്തു ഇദ്ദേഹത്തെ സൂക്ഷിച്ചു നോക്കിയാൽ അവിടുത്തെ മുഖഭാവം അസാമാന്യവിധത്തിൽ പകർന്നിരുന്നതായി കാണപ്പെട്ടിരുന്നു. അപ്പോൾ ഇദ്ദേഹം ദൈവത്തെക്കണ്ടു സംസാരിക്കുന്നതായി കാണികൾക്ക് തോന്നപ്പെട്ടിരുന്നു. ഉച്ചതിരിഞ്ഞുള്ള സമയത്തിൽ വലിയഭാഗവും ജപധ്യാനത്തിന് ചിലവഴിച്ചിരുന്നു. സംസാരിക്കുമ്പോൾ ഒക്കയും ദൈവകാര്യങ്ങളേയും ജ്ഞാനകാര്യങ്ങളേയും ഇടകലർത്തി പറഞ്ഞിരുന്നു. പല്ലുകുത്ത്, തലവേദന, കാലിൽ ഉണ്ടായിരുന്നവ്രണം എന്നീ ദീനങ്ങളാൽ വളരെ നോവുപീഡകൾ അനുഭവിച്ചിരുന്നെങ്കിലും എപ്പോഴും ദൈവതിരുമനസ്സിനോടുള്ള കീഴ്വഴക്കത്തിന്റെയും ക്ഷമയുടെയും സുകൃതം നിറഞ്ഞ സല്ലാപങ്ങളല്ലാതെ മറ്റൊന്നും കേൾക്കപ്പെട്ടിരുന്നില്ല. ഈ ദീനസ്ഥിതിയിലും കാനോന നമസ്ക്കാരം, ധ്യാനം മുതലായ പൊതുജീവിതക്രമങ്ങൾക്കു എപ്പോഴും ഒന്നാമനായി കൂടിയിരുന്നു. ജപങ്ങൾ, ജ്ഞാനവായന മുതലായവ തനിയെ നടത്തുന്നതിനു ശക്തിയില്ലാതെ വന്നപ്പോൾ സഹായത്തിന് സഹോദരന്മാരിൽ ഒരാളെ നിർത്തി. അവരുടെ സഹായത്തോടെ അതുകൾ നടത്തിവന്നിരുന്നു. ഈ സ്ഥിതിയിൽ ദിവ്യപൂജ അർപ്പിക്കുന്നത് മഹാപ്രയാസമായിരുന്നെങ്കിലും അതു വക വയ്ക്കാതെ ദിനം തോറും കുർബാനയും ചൊല്ലി വന്നിരുന്നു.

1889 ഏപ്രിൽ മാസം 29-നു ഇദ്ദേഹം കുർബാന ചൊല്ലിയ അമ്പതാം വർഷമായിരുന്നതിനാൽ അത് ഒരു വിധം ഘോഷമായി നടത്തണമെന്ന് ശേഷം അച്ചന്മാർ താല്പര്യപ്പെട്ടതിനാൽ ആ സ്വർണ്ണ ജൂബിലി ഘോഷിക്കയും ടി. ഓർമ്മയെ ജ്ഞാപകപ്പെടുത്തുന്ന പടങ്ങൾ അടിപ്പിച്ചു അതിൽ സംബന്ധിച്ചവർക്കു കൊടുക്കയും ചെയ്തു. അതിനുശേഷം ചെയ്ത ചില ചികിത്സയാൽ ഇദ്ദേഹത്തിന് കാലേൽ ഉണ്ടായിരുന്ന വ്രണം മുഴുവനും സുഖമായി. എങ്കിലും മരണം സമീപിച്ചിരിക്കുന്നതായി പലരോടും പലപ്പോഴും പറഞ്ഞുവന്നിരുന്നു.

ഇങ്ങനെ ഇരിക്കെ 1889 ഡിസംബർ മാസത്തിൽ ഒരു രാത്രി ഉറക്കമില്ലാതെ വരികയും രണ്ടു പ്രാവശ്യം ഉഷ്ണവും വ്യസനവും അധികമായിട്ടു ഉണ്ടാകയും ചെയ്തു. ഇതിന്റെ കാരണം എന്തെന്നു ആലോചിച്ചിട്ടു ഇത് മരണത്തിന്റെ മുന്നറിയിപ്പല്ലാതെ മറ്റൊന്നുമല്ലെന്നും ഇങ്ങനെ ഉണ്ടാകുവാൻ വേറെ കാരണം കാണുന്നില്ലെന്നും എല്ലാവരോടും പറഞ്ഞറിയിക്കയും മരണം സമീപിച്ചിരിക്കുന്നു എന്നു താൻ വിശ്വസിച്ചിരിക്കുന്നതായി പ്രസ്താവിക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ കാരണവനായ പ്രിയോർ കുരിയാക്കോസ് ഏലിയാസ് അച്ചനും ജ്യേഷ്ഠൻ പോരൂക്കര തോമ്മാച്ചനും മരണം പ്രാപിച്ചത് ജനുവരിമാസത്തിൽ ആകയാൽ താനും അടുത്തിരിക്കുന്ന ആ മാസങ്ങളിൽ തന്നെ മരിക്കുമെന്നുറക്കയും ചെയ്തു. ജനുവരി മാസം 6-നു അത്താഴം കഴിഞ്ഞു മരണത്തെപ്പറ്റിയും ആ മാസത്തിൽ മരിച്ച തന്റെ മേൽപറഞ്ഞ കാണവന്മാരെപ്പറ്റിയും വളരെനേരം സംസാരിച്ചുകൊണ്ടിരിക്കയും അനന്തരം സുഖത്തോടെ നിദ്രചെയ്കയും ചെയ്തു. പിറ്റേദിവസം നല്ലസുഖത്തോടെ കുർബാന ചൊല്ലി. ഭക്ഷണം കഴിക്കയും പതിവുപോലെ സപ്രാ നമസ്കാരം പ്രാർത്ഥനാമുറിയിൽ ചെന്ന് തനിച്ച് കഴിക്കയും അന്നുവരെ ചൊല്ലിയ കുർബാനക്കണക്കുകൾ പ്രക്കുറൈറ്റർ അച്ചനെ ഏൽപ്പിക്കയും അപ്പോൾ ഇതു തന്റെ ഒടുക്കത്തെ കുർബാനകണക്കാണെന്നു പറഞ്ഞു കൊടുക്കയും ചെയ്തു. ആ

ദിവസം മുഖം വടിപ്പിക്കയും* കുളിക്കാൻ പതിവുള്ള ദിവസം ആയിരുന്നതിനാൽ അതിനാൽ പോകയും ചെയ്തു. കുളിച്ചു കൊണ്ടു നിൽക്കയിൽ ഒരു പരവശംപോലെ തോന്നുകയും ഇടയ്ക്ക് ശ്വാസത്തിനു തടസ്സം ഉണ്ടാകയും ചെയ്തതിനാൽ വേഗം കുളികഴിച്ചു മുറിയിൽ ചെന്നപ്പോൾ തനിക്കു ഒടുക്കത്തെ ഒപ്രൂശ്മാ മുതലായ അന്ത്യകൂദാശകൾ കൊടുക്കാൻ സ്ഥലത്തെ കൊവേന്ത പ്രിയോർ ആയിരുന്ന സ്കറിയാ അപ്രേം അച്ച (കളത്തിൽ അച്ചൻ) നോടു അപേക്ഷിക്കയും  കാണികൾക്കു ദീനം അത്ര അപകട മായി തോന്നിയിരുന്നില്ലെങ്കിലും രോഗിയുടെ സാദ്ധ്യമായ അപേക്ഷ നിമിത്തം കൊടുക്കയും ചെയ്തു. ഒപ്പറുശൂമാ കൊടുത്തു തീരുന്നതിനു മുമ്പായി ആരംഭത്തിൽ ഉണ്ടായ ശ്വാസം മുട്ടൽ പൂർവ്വാധികം വർധിച്ചതിനാൽ മരണ സമയത്തു കൊടുക്കേ ണ്ടവയായ പൂർണ്ണദണ്ഡവിമോചനങ്ങളും ആശിർവ്വാദങ്ങളും കൊടുത്തു. ഉടനെതന്നെ ആത്മാവു ദേഹത്തിൽ നിന്നു പിരിയു ന്നവിധം കാണപ്പെടുകയും താൻ ഇരുന്നിരുന്ന ചാരുകസേരയിൽ ഇരുന്നുതന്നെ സൃഷ്ടാവിന്റെ തൃക്കൈയിൽ ആത്മാവിനെ കയ്യാ ളിക്കയും ചെയ്തു.

ഉദ്ദേശം അര മണിക്കൂർ മാത്രമെ ദീനം നീളിച്ചൊള്ളൂ. 1890 ജനുവരി മാസം 7-നു ചൊവ്വാഴ്ച ഉച്ചയ്ക്ക് മുമ്പു 11 മണിക്കാണ് നമ്മുടെ വന്ദ്യ രണ്ടാം പൊതു പ്രിയോരച്ചൻ മരണം പ്രാപിച്ചത്. 8-നു റാസ കുർബാനയും ആഘോഷശേഷക്രിയകളും നടത്തി മൃതശരീരം പള്ളിയുടെ മദുബഹായുടെ വടക്കുഭാഗത്തു ഭൂമിദാനം ചെയ്യപ്പെടുകയും ചെയ്തു.** പുറമെ നിന്നു പട്ടക്കാരെയും ശെമ്മാ ശന്മാരെയും 60-ൽ പരം വൈദികന്മാർ സംസ്ക്കാരത്തിനു വന്നു കൂടി. ആ സന്ദർത്തിൽ പ്രസംഗം ചെയ്തതു അന്നു കോട്ടയം

---

*1-ാം പ്രിയോരച്ചന്റെ ശേഷിപ്പുകൾ കൂനമ്മാവുങ്കൽ നിന്നെടുത്തു മാന്നാനത്തു ആശ്രമ ദേവാലയത്തിന്റെ മദ്ബഹായുടെ തെക്കുഭാഗത്തു നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

**മുഖം വടിപ്പിടിച്ചിരിക്കുമ്പോൾ ക്ഷുരകൻ അയ്യപ്പനോടു മാമ്മോദീസാ മുങ്ങി മരി ച്ചാലുള്ള ഭാഗ്യത്തെപ്പറ്റി ഉപദേശിക്കയും കുറെക്കാലം കഴിഞ്ഞു, മരണത്തിനുമുമ്പു ആ ഉപദേശമനുസരിച്ചു അവൻ മാമ്മോദീസാ മുങ്ങി മരിക്കയും ചെയ്തു.

വികാരിയാത്തിന്റെ വികാരി ജനറാൾ ആയിരുന്ന വന്ദ്യനായ നിധിയിരിക്കൽ മാണിക്കത്തനാർ ആയിരുന്നു. റാസക്കുർബാന പാടിയതു മരിച്ചയാളിന്റെ അനന്തിരവൻ പോരൂക്കര അന്തോനി അച്ചൻ ആയിരുന്നു.

## അധ്യായം 6

22. മേൽ മൂന്നാം അദ്ധ്യായം 13-ാം ലക്കത്തിൽ വാഴക്കുളത്തു സെമിനാരി നിർത്തൽ ആക്കിയ വിവരം പറഞ്ഞിട്ടുണ്ടല്ലോ. 1891 മെയ് മാസം 6-നു ടി. സെമിനാരിയിൽ അനേകം കാലം റൈത്തോർ (Rector) ആയിരുന്ന കാനാട്ടു പൗലോസ് ശവരിയാരച്ചൻ കർത്താവിങ്കൽ നിദ്ര പ്രാപിച്ചു. ഇദ്ദേഹം 1838 സെപ്റ്റംബർ മാസം 3-നു കോന്തുരുത്തിൽ കാനാട്ടു എന്ന മാന്യ കുടുംബത്തിൽ ജാതനായി. 12 വയസ്സു പ്രായത്തിൽ അക്കാലത്തു മാന്നാനത്തു സന്യാസ ജീവിതം കഴിച്ചു പാർത്തിരുന്നവരുടെ കൂട്ടത്തിൽ ചെന്നുചേരുകയും അവിടെ നിന്നും 1857 ആഗസ്റ്റ് മാസം 27-നു കല്പനപ്രകാരം കൂനമ്മാനവു കൊവേന്തയിൽ പോയി നവസന്യാസജീവിതം അനുഷ്ഠിക്കയും അവിടെ വെച്ച് 1861 സെപ്റ്റംബർ മാസം 21-നു കുർബാനപ്പട്ടം ഏൽക്കയും ചെയ്തു.

ടി. ആണ്ടു നവംബർ മാസം 1-നു തന്റെ സന്യാസവ്രതങ്ങൾ ദൈവത്തിനു സമർപ്പിക്കയും അനന്തരം 1866 വരെ നവസന്യാസികളുടെ ഗുരുവിന്റെ സഹായിയായി ജോലിനോക്കി വരികയും ചെയ്തു. ടി. ആണ്ട് ആഗസ്റ്റ് മാസത്തിൽ പുത്തൻപള്ളി സെമിനാരിയിൽ സുറിയാനി മല്പാനായി നിയമിക്കപ്പെടുകയും രണ്ടു വർഷക്കാലംവരെ അവിടെ സുറിയാനി പഠിപ്പിക്കയും ചെയ്തു. പിന്നീടു 1868 നവംബർ മാസത്തിൽ വാഴക്കുഴത്തു സെമിനാരിയിൽ റൈത്തോറായി നിയമിക്കപ്പെടുകയും ഒരു വർഷം ആ ജോലി നോക്കിവരികയും ചെയ്തു. പിന്നീടു 1869 നവംബർ മാസത്തിൽ മാന്നാനത്തു ചെറിയ സെമിനാരിയിൽ റൈത്തോരായി നിയമിക്കപ്പെട്ടു. അവിടെനിന്നു 1870 നവംബർ മാസത്തിൽ വാഴക്കുളത്തു സെമിനാരിയിൽ വീണ്ടും റൈത്തോറായി നിയമിക്കപ്പെടുകയും 1886 വരെ ആ ഉദ്യോഗം നടത്തിവരികയും ചെയ്തു. അതിനു ശേഷം ഇദ്ദേഹത്തിനു സദാ ഉണ്ടായിരുന്ന ദീനം മുഖാന്തിരം ശ്രേഷ്ഠന്മാരെ ബോധിപ്പിച്ച് ടി. ഉദ്യോഗത്തിൽ നിന്നു ഒഴിയുകയും എപ്പോഴും മരണത്തിനു ഒരുക്കമായി ജീവിച്ചുവരികയും ചെയ്തു. ഇദ്ദേഹത്തിനുണ്ടായിരുന്ന ദീനം എങ്ങൽ ആയിരുന്നു. 29 വർഷം

വരെ ഈ ദീനത്തിന്റെ വിമ്മിട്ടങ്ങളും സങ്കടങ്ങളും അനുഭവിച്ചു വന്നു. ചില സമയം ദീനം കൂടി വരികയും മരണലക്ഷണങ്ങളൊക്കെ കാണപ്പെടുകയും, ചെയ്തിരുന്നതിനൽ മരിച്ചുപോയെന്നു എല്ലാവർക്കും തോന്നുകയും മരിച്ച ആളിനു വേണ്ടിയുള്ള ജപങ്ങൾ ചൊല്ലുകയും ചെയ്യാൻ ഇട വന്നിട്ടുണ്ട്. ദീനംവന്ന കാലത്തു തേവരെ പുതുതായി പണികഴിപ്പിച്ചിട്ടുള്ള കൊവേന്തയിൽ പാർത്തു ചികിത്സിക്കാമെന്നു കരുതി അവിടേയ്ക്ക് സ്ഥലം മാറി പാർത്തു. അവിടെ പാർത്തു വരുമ്പോഴാണ് ദീനം കൂടി മരണം പ്രാപിക്കാനിടയായത്. ആ കപ്പേളയിൽ തന്നെ ദേഹം ഭൂമിദാനം ചെയ്യപ്പെടുകയും മാന്നാനം മുതലായ പല കൊവേന്തകളിൽ നിന്നും അച്ചന്മാർ ചെന്നു സഭയുടെ ചട്ടപ്രകാരം സംസ്ക്കാര ക്രിയകൾ നടത്തുകയും ചെയ്തു. ഇദ്ദേഹത്തിൽ വിളങ്ങി പ്രകാശിച്ച സൽപുണ്യങ്ങളിൽ പ്രധാനപ്പെട്ടവ ക്ഷമ, സഹോദരസ്നേഹം എന്നിതുകളാണ്. ഉണ്ടാകുന്ന സങ്കടങ്ങൾ ഒക്കയിലും ഉത്തമസന്യാസികൾക്കടുത്ത ക്ഷമ പ്രദർശിപ്പിച്ചിരുന്നു. അപ്രകാരം തന്നെ സെമിനാരി ജോലി നടത്തിവന്ന അനേകം കാലങ്ങളിൽ കീഴുള്ളവരോടു കാണിച്ചിരുന്ന സ്നേഹവും അവരുടെ ദുഃഖങ്ങളിൽ പ്രദർശിപ്പിച്ച അനുകമ്പയും അവരുടെ ദുഃഖങ്ങൾ ശമിക്കാനായി ചെയ്തിരുന്ന ബുദ്ധിമുട്ടും വേലയും ഇദ്ദേഹത്തിന്റെ സഹോദരസ്നേഹത്തിന്റെ വിലയേറിയ സാക്ഷ്യങ്ങളാണ്. എപ്പോഴും എന്റെ ദൈവമേ എന്റെ മേൽ അനുഗ്രഹിക്കണമേ! എന്റെ എല്ലാ സങ്കടങ്ങളും നിനക്കു ഞാൻ സമർപ്പിക്കുന്നു. നിന്നെപ്രതി സകലവും ഞാൻ പ്രവർത്തിക്കുന്നു. എന്നിതു മുതലായ സുകൃതജപങ്ങളും മനോവല്ലയ ജപങ്ങളും ദിവസത്തിൽ പലപ്പോഴും ചെയ്തിരുന്നതിനാൽ എല്ലായ്പോഴും ഇദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിങ്കൽ വെച്ചിരുന്നു. അതിനാൽ ഇദ്ദേഹത്തിന്റെ ജീവിതം ഇടവിടാതുള്ള ഒരു ധ്യാനംപോലെ ആയിരുന്നു. ശേഷം സഹോദരന്മാർക്കു ദൈവ ഓർമ്മ കാക്കുന്നതിന് ഇദ്ദേഹം എപ്പോഴും നല്ല ഒരു പന്ഥാവായി ത്തീർന്നിരുന്നു.

സുഖക്കേടുനിമിത്തം 1890 ഡിസംബർ മാസത്തിൽ ചികിത്സക്കായി തേവരെ കപ്പേളയിൽപോയി താമസിച്ചിരക്കലാണ് ദീനം ശക്തിപ്പെട്ടതും മരണം പ്രാപിച്ചതും. നല്ല ഒരുക്കത്തോടുകൂടെ അന്ത്യകൂദാശകൾ ഒക്കയും കൈക്കൊൾകയും കൂടെയുണ്ടായിരുന്ന സഹോദരന്മാരായ അച്ചന്മാരുടെ മധ്യേ കർത്താവിൽ നിദ്ര പ്രാപിക്കയും ചെയ്തു.

23. മേൽ അഞ്ചാം അദ്ധ്യായം 19-ാം ലക്കത്തിൽ അരണാട്ടുകര പ്രിയോരായിരുന്ന ജരാർദച്ചൻ 1891 മെയ് മാസം 14-നു മരണം പ്രാപിച്ച വിവരം പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇദ്ദേഹം 1851 ആഗസ്റ്റ് മാസത്തിൽ പതിയാരത്തിടവക കണ്ണമ്പള്ളി എന്ന ശ്രേഷ്ഠ കുടുംബത്തിൽ ജാതനായി. പിതാവിന് ഏക കുമാരനായിരുന്നെങ്കിലും വൈദിക അന്തസ്സിലും സന്യാസജീവിതത്തിലും ആയുഷ്ക്കാലം കഴിക്കണമെന്ന് ഇദ്ദേഹത്തിനു സാമാന്യത്തിലധികം ആഗ്രഹമുണ്ടായിരുന്നതിനാലും അതിലേക്കു ദൈവകാരുണ്യം ഇദ്ദേഹത്തെ ഉത്സാഹിപ്പിച്ചതിനാലും തക്കപ്രായത്തിൽ സഭയിൽ പ്രവേശിക്കയും നവസന്യാസജീവിതം സ്തുത്യർഹമാം വണ്ണം കഴിക്കയും ചെയ്തു.

1874-ൽ കുർബാനപ്പട്ടം ഏൽക്കയും അതിനുശേഷം ഏറെ താമസിയാതെ അക്കാലത്തെ നടപ്പുപോലെ തന്റെ സന്യാസ വ്രതങ്ങൾ ദൈവത്തിനു സമർപ്പിക്കയും ചെയ്തു. ഇദ്ദേഹം കാര്യശേഷിയും ബുദ്ധി സാമർത്ഥ്യവും ഉള്ള ആൾ ആയിരുന്നതിനാൽ തനിക്കു ഏൽപ്പിക്കപ്പെട്ട ജോലികൾ പ്രശംസനീയമായ വിധത്തിൽ നിറവേറ്റിവന്നു. 1884-ൽ മാന്നാനം ആശ്രമവാസിയായി നിയമിക്കപ്പെട്ടു. ഉടനെ തന്നെ അച്ചടിപ്പുര സൂപ്രണ്ടിന്റെ ജോലികൾ നടത്തുന്നതിനു ഏർപ്പെടുത്തുകയും ചെയ്തു. അച്ചടിയെ സംബന്ധിച്ച കാര്യങ്ങളെ വളരെ ശേഷിയോടുകൂടെ നടത്തി വന്നതിനാൽ അച്ചടിക്കാര്യങ്ങൾ പൂർവ്വാധികം പരിഷ്ക്കാരമട്ടിൽ നടത്തുകയും പല പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തു.

യന്ത്രപ്രസ്സ് ആദ്യമായി വരുത്തിയതു ഇദ്ദേഹമാണ്. നസ്രാണി ദീപിക ആരംഭിച്ചത് ഇദ്ദേഹം അച്ചടിപ്പുര മേലദ്ധ്യക്ഷനായി ജോലി നോക്കിയിരുന്ന കാലത്താണ്. ഇപ്പോൾ മാന്നാനത്തു നടത്തിവരുന്ന ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചതും ഇദ്ദേഹമായിരുന്നു. 1885-ൽ കൊവേന്തവക ബംഗ്ലാവിൽ ഒരു വാദ്ധ്യാരെക്കൊണ്ട് ടി. സ്കൂൾ ആരംഭിക്കയും 1889-ൽ ആ സ്കൂൾ സെമിനാരി ചാപ്പലിന്റെ അടിയിൽ നടത്തുകയും പിന്നീട് 1890-ൽ ഇപ്പോൾ സ്കൂൾ നടത്തിവരുന്ന സെമിനാരി ശാലയിലേക്കു മാറ്റിയിടപ്പെടുകയും ചെയ്തു.

1889-ൽ ഇദ്ദേഹം അരണാട്ടുകര ഏൽതുരുത്തു കൊവേന്തയുടെ പ്രിയോരായി തിരഞ്ഞെടുക്കപ്പെടുകയും ആ സ്ഥാനത്തിൽ രണ്ടുവർഷംവരെ ഇരിക്കയും ചെയ്തു. തന്റെ അധികാരകാലത്ത് ഇപ്പോൾ ഏൽതുരുത്തു കൊവേന്തയിൽ നടത്തിവരുന്ന അച്ചടിപ്പുര സ്ഥാപിക്കുവാൻ ആരംഭിക്കുകയും, അതിനായി വേണ്ട അനുമതി വാങ്ങിക്കയും പലതരം അക്ഷരങ്ങൾ ശേഖരിച്ചുവെക്കയും ചെയ്തു. ചാവക്കാടിനു സമീപെ സഭവകയായി ഒരാശ്രമം ഉണ്ടായാൽ അതു ജനങ്ങളുടെ ആത്മരക്ഷയ്ക്കും വേദകാര്യങ്ങളിലുള്ള അവരുടെ ജ്ഞാനാഭിവൃദ്ധിക്കും ഉത്തമമായ ഒരു പന്ഥാവായി തീരുമെന്നു കരുതി. അതിനായി വേണ്ടിയിരിക്കുന്ന അനുമതികൾ എല്ലാം മേലധികാരത്തിൽ ബോധിപ്പിച്ചുവാങ്ങിക്കയും, 1890-ൽ ആ ആശ്രമത്തിന് കല്ലിടുകയും ചെയ്തു.

ഇദ്ദേഹത്തിനുണ്ടായിരുന്ന ദീനം ക്ഷയം സംബന്ധിച്ചായിരുന്നതിനാൽ അത് ഭേദപ്പെടുത്താൻ പല നാട്ടു ചികിത്സകൾ കഴിച്ചിട്ടും, ഇംഗ്ലീഷ് ഔഷധങ്ങൾ സേവിച്ചിട്ടും ഫലമൊന്നും കാണാഞ്ഞതിനാൽ 1891-ന്റെ ആരംഭത്തിൽ മദ്രാസിലെ ജനറൽ ആസ്പത്രിയിൽ ചെന്ന് അവിടുത്തെ ചികിത്സകൾ ഒന്നു ചെയ്തുനോക്കണമെന്ന് നിശ്ചയിച്ചു. എന്നാൽ അവിടെ ചെന്നിട്ടും പറയത്തക്ക ഗുണം ഒന്നും കാണാഞ്ഞതിനാൽ മൈസൂർ ആസ്പത്രിയിലും പോയിക്കൊണ്ട് സ്വന്തആശ്രമത്തിലേക്കു പിന്തിരിഞ്ഞു.

ഏറെ താമസിയാതെ ഒരു ജലദോഷത്തിന്റെ മട്ടിൽ ഒരു പനി ആരംഭിക്കയും അതു മരണകാരണമായി അവസാനിക്കയും ചെയ്തു. ഇങ്ങനെ അന്ത്യകുദാശകൾ ഒക്കയും മഹാ മനഃസ്താപത്തോടും ഒരുക്കത്തോടുംകൂടെ കൈക്കൊണ്ടുകൊണ്ട് സൃഷ്ടിതാവിങ്കൽ തന്റെ ആത്മാവിനെ 1891 മെയ് മാസം 14-നു കയ്യാളിച്ചു. പ്രസംഗിക്കുന്നതിൽ പട്ടക്കാർക്കു ഉപയോഗമായി തീരാൻ തക്കവണ്ണം അലങ്കാരശാസ്ത്രം രചിക്കയും അത് ഇദ്ദേഹത്തിന്റെ പ്രത്യേകതാല്പര്യത്തിന്മേൽ അച്ചടിക്കയും ചെയ്തു.

ഇദ്ദേഹത്തിന്റെ മരണത്തിനു മൂന്നുമാസത്തിനുശേഷം നവസന്യാസികളുടെ ഗുരുവായിരുന്ന അന്ത്രയോസച്ചൻ മരണം പ്രാപിച്ചു. 1859-ൽ കണ്ടശ്ശാങ്കടവു ഇടവക കൊള്ളന്നൂർ എന്ന മാന്യ കുടുംബത്തിൽ ജാതനാകയും ആദ്യം അരണങ്ങാട്ടുകര ഏൽത്തുരുത്തു സെമിനാരിയിൽ ചേർന്നു വൈദികപഠനങ്ങൾ പഠിക്കാനായി ഏർപ്പെടുകയും അവിടെ ഇദ്ദേഹം കഴിച്ച സുകൃത ജീവിതവും, സൽകൃത്യങ്ങളും മുഖാന്തിരം ശെമ്മാശപട്ടം ഏൽക്കയും ചെയ്തു. ഇവിടെവച്ച് ലോകത്തിൽ കഴിക്കുന്ന വൈദിക ജീവിതത്തെക്കാൾ സന്ന്യാസ ഭവനത്തിൽ നയിക്കുന്ന ജീവിതം ദൈവത്തിന് ഏറ്റവും പ്രസാദകരമായി തീരുമെന്നും, തന്റെ പുണ്യവർദ്ധനക്കും ആത്മരക്ഷക്കും ഏറ്റം നല്ലത് സന്യാസ ജീവിതം തന്നെ എന്നും നിശ്ചയിച്ച് കൂനമ്മാവുങ്കലെ നവസന്യാസ ജീവിതത്തിന്റെ അനുഷ്ഠാനങ്ങൾ എല്ലാം ബഹു താല്പര്യമായും ഉത്സാഹത്തോടെയും ചെയ്തു നിറവേറ്റുകയും ചെയ്തു.

ഇതിനുശേഷം 1883 ഡിസംബർ മാസത്തിൽ കുർബാനപ്പട്ടം ഏൽക്കയും പിറ്റേ മാസത്തിൽ നവപൂജ അർപ്പിക്കയും ചെയ്തു. 1886-ൽ സന്യാസവ്രതങ്ങൾ അനുഷ്ഠിക്കയും, 1889-ൽ നവസന്യാസികളുടെ ഗുരുവായി നിശ്ചയിക്കപ്പെടുകയും ചെയ്തു. ഈ ജോലി നടത്തി വന്നിരുന്ന കാലത്താണ് മരണം പ്രാപിക്കാനിടയായത്. 1891 ആഗസ്റ്റ് മാസം 26-നാണ് ഇദ്ദേഹത്തിന്റെ ഇഹലോകവേർപാടുണ്ടായത്. ദീനമായി കിടന്ന അനേകമാസക്കാലങ്ങളിൽ ഇദ്ദേഹം സഹിച്ച അതിവ്യസനകരമായ വേദനയും, അപ്പോൾ

പ്രദർശിപ്പിച്ച ക്ഷമയും അനുകരണീയമായതും, ആശ്ചര്യകരമായതുമായിരുന്നു. ഇദ്ദേഹം അമ്പഴക്കാട്ട് വിശുദ്ധ നാഥയായ ത്രേസ്യായുടെ ആശ്രമത്തിലായിരുന്നതിനാൽ അവിടെത്തന്നെ മൃതശരീരം സംസ്കരിക്കപ്പെട്ടു. ഈ ആശ്രമത്തിൽത്തന്നെ അനേകകാലം പ്രമേഹദീനത്തിൽ കിടന്നിരുന്ന ചക്കരക്കടവു ഇടവക മുഞ്ഞേലിൽ തോമ്മാച്ചൻ 1893 ഫെബ്രുവരി മാസം 19 നു കർത്താവിൽ നിദ്രപ്രാപിച്ചു. ഇദ്ദേഹം തന്റെ 44-ാം മത്തെ വയസ്സിലാണ് മരണം പ്രാപിച്ചത്. ചെറുപ്രായത്തിൽത്തന്നെ സുകൃതജീവിതത്തിന്മേൽ അതിതല്പരനായിരുന്നതിനാൽ നവസന്യാസാശ്രമമായിരുന്ന കൂനമ്മാവുകൊവേന്തയിൽ പ്രവേശിച്ച് ഒരു നല്ല നവസന്യാസി അനുസരിക്കേണ്ടതായ എല്ലാ പുണ്യകൃത്യങ്ങളേയും അനുസരിച്ചു നിറവേറ്റിവരികയും 1873-ൽ കുർബാനപ്പട്ടം ഏറ്റ് നവപൂജ അർപ്പിക്കയും ചെയ്തു.

ഇദ്ദേഹം പല പള്ളികളിൽ ജ്ഞാനധ്യാനം ജനങ്ങൾക്ക് കഴിച്ചിരുന്ന അച്ചന്മാരുടെ കൂട്ടത്തിൽ അയയ്ക്കപ്പെടുകയും ബഹുജ്ഞാനതീഷ്ണതയോടെ അതു നിവർത്തിച്ചുവരികയും ചെയ്തിരുന്നു. അനന്തരം അമ്പഴക്കാട്ടെ നമ്മുടെ ആശ്രമദേവാലയം പണികഴിക്കണമെന്നുള്ള ആലോചനപ്രകാരം ആ പണി ആരംഭിച്ചപ്പോൾ അതിനായി ധർമ്മം പിരിക്കുന്നതിനു പല സ്ഥലങ്ങളിൽ ചുറ്റി സഞ്ചരിക്കയും തന്നിമിത്തം ആരംഭിച്ച പണിനടത്തുന്നതിനു അതു ഒരു സഹായമായിത്തീരുകയും ചെയ്തു. ഈ കാലത്താണ് ഇദ്ദേഹത്തിന് പ്രമേഹദീനം പിടിപെട്ടത്. ഈ ദീനത്തിൽ ദീർഘകാലം കിടന്നിരുന്നെങ്കിലും ദീനത്തിന്റെ വിമ്മിട്ടത്തെക്കുറിച്ചും അതിൽ നേരിടാവുന്ന ബുദ്ധിമുട്ടുകളെപ്പറ്റിയും ഒരിക്കലും ആവലാതി പറഞ്ഞിരുന്നില്ല. പല ചികിത്സകൾ ചെയ്തിട്ടും ദീനത്തിനു കുറവൊന്നും ഉണ്ടായില്ല. ക്രമേണ ദീനം ഒന്നിനൊന്നു വർദ്ധിച്ചുവന്നതിനാൽ അന്ത്യകൂദാശകൾ ഒക്കെയും യോഗ്യതയോടുകൂടെ കൈക്കൊണ്ടു സഹോദരന്മാരുടെ മദ്ധ്യേ അവരുടെ ജ്ഞാനസന്തോഷത്തിന്നും തൃപ്തിക്കും യോഗ്യമായ വിധത്തിൽ മേൽപറഞ്ഞ തീയതി കർത്താവിൽ നിദ്രപ്രാപിച്ചു.

24. മേൽ നാലാം അദ്ധ്യായം 17-ാം ലക്കത്തിൽ ന്യായപ്രമാണം റോമ്മായിൽ സ്വീകരിച്ചു ഉറപ്പിച്ചുകൊടുത്തയച്ചവിവരം പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. പ്രിയോർ ജനറാൾ ബർണ്ണാർദുമൂപ്പൻ പാതിരി അച്ചൻതന്നെ പ്രിയോർ ജനറാളായി നിയമിച്ചിരിക്കുന്നു എന്നുള്ള പ്രൊഫഗാന്ത തിരുസംഘത്തിന്റെ കല്പന കിട്ടിയ ഉടനെ എല്ലാ കൊവേന്തകളേയും സന്ദർശിക്കയും എല്ലാവരും അദ്ദേഹത്തെ ബഹുമാനപൂർവ്വം കൈക്കൊൾകയും ചെയ്തു. കൊവേന്തകൾ ഒക്കെയും സന്ദർശിച്ചു കഴിഞ്ഞശേഷം 1894 ജനുവരി മാസം 25-നു സഭയുടെ പൊതുസംഘത്തെ അമ്പഴക്കാട്ടു കൊവേന്തയിൽ വിളിച്ചുകൂട്ടി. ഈ സംഘത്തിൽവെച്ച് പൊതുശ്രേഷ്ഠാലോചനക്കാരുടെയും കൊവേന്തകളുടെ ശ്രേഷ്ഠന്മാരുടേയും തെരഞ്ഞെടുപ്പു നടത്തി. പൊതു ശ്രേഷ്ഠാലോചനക്കാരായി ഗീവർഗ്ഗീസു യോഹന്നാൻ മാംദാന അച്ചനേയും, അലക്സാന്ത്ര യൗസേപ്പച്ചനേയും, യൗസേപ്പു യോഹന്നാൻ അച്ചനേയും, ഗീവർഗ്ഗീസു മറിയം അച്ചനേയും, പ്രിയോരായി മാന്നാനത്തേക്ക് യൗസേപ്പു ആഗുസ്തീനോസച്ചനേയും, അമ്പഴക്കാട്ടേക്കു റപ്പായേൽ അച്ചനേയും, വാഴക്കുളത്തേക്ക് ഗീവർഗീസ് യോഹന്നാൻ ഏവൻ ഗേലീസ്താ അച്ചനേയും, ഏൽതുരുത്തിലേക്ക് പീയൂസച്ചനേയും, പുളിങ്കുന്നിലേക്ക് യാക്കോബു യോഹന്നാൻ അച്ചനേയും, വികാരിമാരായി മുത്തോലിലേക്ക് ക്രിസോസ് തോമ്മാസച്ചനേയും, ചെത്തിപ്പുഴക്ക് അല്പോൻസച്ചനെയും തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പു കഴിഞ്ഞിട്ടു രണ്ടു മാസം കഴിഞ്ഞപ്പോൾ അതായതു 1894 മാർച്ച് മാസത്തിൽ മാന്നാനത്തു സെമിനാരി നിർത്തൽ ചെയ്തു.

രണ്ടാം ഭാഗം 10-ാം അദ്ധ്യായം മുപ്പത്തഞ്ചാം ലക്കത്തിൽ മാന്നാനത്തു സെമിനാരിയെപ്പറ്റിയും അതിൽ റൈത്തോരന്മാരായിരുന്ന അച്ചന്മാരെപ്പറ്റിയും പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1871-ൽ റൈത്തോരായിരുന്ന പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചൻ കൊവേന്തകളുടെ പ്രിയോരായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ സെമിനാരിയുടെ റൈത്തോരായി യൗസേപ്പു മറിയം (മണക്കുന്നേൽ)

അച്ചൻ നിയമിക്കപ്പെട്ടു. ഇദ്ദേഹം 1878 വരെ ആ ജോലി നോക്കുകയും 1878-ൽ ആ സ്ഥാനത്തിൽ സ്ക്കറിയാ അപ്രേം (കളത്തിൽ) അച്ചനേയും പിന്നീട് 1882-ൽ മത്തായി മറിയം (കാപ്പിൽ) അച്ചനേയും നിയമിച്ചാക്കി. 1885 മുതൽ 1889 വരെ പത്രോസ് തോമ്മാച്ചൻ ആ ജോലി നോക്കിവന്നു. 1889 മുതൽ 1894-ൽ സെമിനാരി നിർത്തൽ ചെയ്തതുവരെ ഗീവർഗ്ഗീസ് യോഹന്നാൻ മാംദാന അച്ചൻ റൈത്തോരിന്റെ ജോലി നോക്കി. സഹായികളായി ആദ്യം അല്പോൻസച്ചനും പിന്നീടു ബർണ്ണാർദച്ചനും നിയമിക്കപ്പെട്ടു. സെമിനാരി നിർത്തൽ ചെയ്തപ്പോൾ ലവീഞ്ഞൂ മെത്രാനച്ചൻ മാന്നാനത്തു കൊവേന്തയുടെ പ്രിയോരച്ചനു അയച്ച കല്പനയിൽ സെമിനാരിക്കാരുടെ കാര്യങ്ങൾ സംബന്ധിച്ചും അവരുടെ നല്ല വളർത്തൽ മുതലായവയെപ്പറ്റിയും നമ്മുടെ അച്ചന്മാർ ചെയ്ത വേലയെ വളരെ ശ്ലാഘിക്കയും തന്നിമിത്തം സഭയെ അഭിനന്ദിക്കയും ചെയ്തിരുന്നു.

25. മാന്നാനത്തു നമ്മുടെ സഭ ആരംഭിച്ച കാലംമുതൽ സ്വജ്ഞാന വിജ്ഞാനം ജനങ്ങളിൽ ഉണ്ടാക്കുന്നതിനു സഭയുടെ അടിസ്ഥാനക്കാരായ പിതാക്കന്മാർ ശ്രമിച്ചിട്ടുണ്ടെന്ന് ഈ ചരിത്ര സംക്ഷേപത്തിൽ പല ഘട്ടങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടല്ലോ. നല്ല വളർത്തലോടുകൂടിയ അറിവു ജനങ്ങളിൽ ഉണ്ടാകുന്നതിനുള്ള മാർഗ്ഗം ശരിയായ വിധത്തിൽ സ്കൂൾ ഇട്ടു നടത്തുന്നതു മാത്രമാണെന്നു അവർ ഗ്രഹിച്ചിരുന്നതിനാൽ സഭയുടെ ആരംഭകാലത്തു തന്നെ അതിനു ശ്രമിക്കാതിരുന്നില്ല. ആ കാലത്ത് ഇംഗ്ലീഷ് ഭാഷക്ക് അത്ര പ്രചാരമില്ലാതിരുന്നതിനാൽ സംസ്കൃതം കുട്ടികളെ പഠിപ്പിക്കണമെന്ന് നിശ്ചയിച്ചു തൃശിവപേരൂക്കാരൻ ഒരു വാര്യരെ വരുത്തി കുട്ടികളെ ആ ഭാഷ പഠിപ്പിച്ചിരുന്നു. എന്നാൽ ആ സംസ്കൃത വാദ്ധ്യാർ മഹാശാസ്ത്രി ആയിരുന്നതിനാൽ പ്രായം ചെന്നവരും ബുദ്ധിമാന്മാരുമായ കുട്ടികൾക്കുമാത്രമേ പ്രയോജനം ഉണ്ടായിരുന്നുള്ളൂ. പിന്നീടു ഇംഗ്ലീഷും, മലയാളവും അറിയാൻ വശമുള്ള ഒരു പുത്തൻകൂറ്റു ക്രിസ്ത്യാനിയെ വരുത്തി. അയാൾ മുഖാന്തിരം ആ ഭാഷകൾ പഠിപ്പിച്ചിരുന്നു. അതിനുശേഷം ഇട

ക്കാലത്തു ഇംഗ്ലീഷ് ഭാഷ ക്രമമായിട്ടല്ലെങ്കിലും പ്രത്യേകിച്ചു ചില വാദ്ധ്യാരന്മാരെ വരുത്തി പഠിപ്പിച്ചിരുന്നു.

അനന്തരം 1885-ൽ ക്രമമായ വിധത്തിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുകയും ഏതാനും സംവത്സരംവരെ കൊവേന്തവക ബംഗ്ലാവിലും പിന്നീടു സെമിനാരിവക ചാപ്പലിന്റെ താഴെയുള്ള ശാലയിലും നടത്തിവരികയും ചെയ്തു. 1890-ൽ അത് ഒരു ഇംഗ്ലീഷ് മിഡിൽസ്ക്കൂൾ ആക്കുകയും ആറു കുട്ടികളെ മിഡിൽ സ്കൂൾ പരീക്ഷക്ക് അയക്കയും എല്ലാവർക്കും പരീക്ഷാവിജയം സിദ്ധിക്കയും ചെയ്തു. അനന്തരം 1902-ൽ ഇതു ഒരു ഹൈസ്ക്കൂൾ ആയി ഉയർത്തുകയും അതു മുതൽ മട്രിക്കുലേഷൻ പരീക്ഷക്കു ആണ്ടുതോറും കുട്ടികളെ അയച്ചുവരികയും ചെയ്തുവരുന്നു. സഭയിൽ പ്രവേശിക്കാൻ മനസ്സുള്ള കുട്ടികളെ ചെറുപ്രായത്തിലെ എടുത്തു വളർത്തണമെന്നും അവരെ പ്രത്യേകവല്ല കാരണവും ഇല്ലെങ്കിൽ മട്രിക്കുലേഷൻ പരീക്ഷവരെ  പഠിപ്പിക്കണമെന്നും വിശുദ്ധ സിംഹാസനത്താൽ അംഗീകരിക്കപ്പെട്ടതായ ഒരു ചട്ടം 1893-ൽ ന്യായപ്രമാണം  റോമ്മയിൽ നിന്നു ഉറപ്പിച്ചു വന്നകൂട്ടത്തിൽ സഭയ്ക്കു വന്നിട്ടുണ്ടായിരുന്നു. അതിലെ നിയമപ്രകാരം മേൽപറഞ്ഞ യോഗാർത്ഥി കുട്ടികളെ ആദ്യം കൂനമ്മാവുങ്കൽ നടത്തിവന്നിരുന്ന ഹൈസ്ക്കൂളിലും 1897 ഡിസംബർ മാസത്തിൽ ആ സ്കൂൾ എറണ്ണാകുളത്തേയ്ക്ക് മാറ്റിയപ്പോൾ ചങ്ങനാശേരിയിലെ സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂളിലും വിട്ടുപഠിപ്പിച്ചിരുന്നു. എന്നാൽ അതു രണ്ടും സഭയ്ക്കു ഭാരമായി വന്നതിനാൽ ഇപ്പോൾ മാന്നാനത്തെ ഹൈസ്ക്കൂളിൽ തന്നെയാണ് അവരെ പഠിപ്പിച്ചുവരുന്നത്. അരണാട്ടുകര ഏൽത്തുരുത്തു കൊവേന്തയോടു ചേർന്നുണ്ടായിരുന്ന സെമിനാരി നിർത്തലായപ്പോൾ അത് ഒരു മിഡിൽ സ്കൂൾ ആക്കുകയും അവിടെയും സഭയിൽ ചേരാനുള്ള പൈതങ്ങളെ ചേർത്തു പഠിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്.

ഇതിനും പുറമെ നമ്മുടെ കൊവേന്തകൾഉള്ള മിക്ക സ്ഥലങ്ങളിലും സ്കൂൾ ഇട്ട് അച്ചന്മാരുടെ പ്രത്യേകനോട്ടത്തിൽ അവയെ നടത്തിവരുന്നുണ്ട്. ലോകപഠിത്വത്തോടുകൂടെ വേദപഠിത്വവും കുട്ടി

കൾക്കുണ്ടാകാഞ്ഞാൽ ഉളവാകുന്ന നാശം നീക്കാൻവേണ്ടി വേദോപദേശപഠിത്വങ്ങൾ ആ സ്കൂളുകളിൽ പ്രത്യേകം ഉണ്ടാകാൻ തക്ക ഏർപ്പാടുകളോടു കൂടിയാണ് മേൽ പറഞ്ഞസ്കൂളുകൾ നടത്തി വരുന്നത്. ഇങ്ങനെ പുളിങ്കുന്നു കൊവേന്തയിലും മുത്തോലി, അരണാട്ടുകര, തേവര, ചെത്തിപ്പുഴ, വാഴക്കുളം മുതലായ കൊവേന്തകളിലും സ്കൂൾ ആരംഭിച്ചു നടത്തിവരുന്നുണ്ട്. മാന്നാനത്തു കൊവേന്തയുടെ കിഴക്കുവശത്തു മുമ്പുണ്ടായിരുന്ന മലയാളംസ്കൂൾ 1890–ൽ അവിടെ നിന്നും പൊളിച്ചുമാറ്റി പടിഞ്ഞാറുവശത്തു ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തു കൊവേന്തയിൽ നിന്നുള്ള സഹായംകൊണ്ടും പല ധർമ്മിഷ്ഠന്മാരുടെ ഔദാര്യം നിമിത്തവും പണിയിക്കയും "സെന്റ് ജോസഫ് സ്കൂൾ" എന്ന നാമകരണം ചെയ്യപ്പെടുകയും ചെയ്തു.

26. 1894 ജനുവരി മാസത്തിൽ സഭയുടെ പൊതുസംഘം കൂടി ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പു നടത്തിയ വിവരം മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതിനുശേഷം 1895 ജനുവരി മാസത്തിൽ മംഗലാപുരത്തെ ഈശോ സഭക്കാരുടെ സെമിനാരിയിൽ പോയി തത്വശാസ്ത്രം, ദൈവശാസ്ത്രം മുതലായ വൈദിക പഠനം നടത്താനായി പതിനൊന്നു ശെമ്മാശന്മാരെ തെരഞ്ഞെടുത്തു വിടുകയുണ്ടായി. ഇതിനു മുമ്പു 1890 മെയ് മാസത്തിൽ ആറു ശെമ്മാശന്മാരെ അവിടെ പഠിപ്പിക്കാനായി വിട്ടിരുന്നു. മംഗലാപുരത്തു നമ്മുടെ സഭവക ഒരു പഠിത്വഭവനം ഉണ്ടാകാനുള്ള കാരണം അന്നു കോട്ടയം വികാരി അപ്പസ്തോലിക് ആയിരുന്ന കാർളോസ് ലവീഞ്ഞുമെത്രാനച്ചനാണ്. ഇദ്ദേഹം സഭയുടെ പ്രിയോർ ജനറാൾ ആയിരുന്ന ഇൻഡ്യയുടെ ദെലഗാത്തപ്പസ്തോലിക്കാ ആയുത്തി മെത്രാപ്പോലീത്തായെ ഇതിലേക്ക് ഉത്സാഹിപ്പിക്കയും അവിടുന്നു ഇതിനു വേണ്ടിയിരിക്കുന്ന അനുമതി റോമ്മായിൽ നിന്നു വാങ്ങി സഭയിൽ പുതുസന്യാസജീവിതം കഴിച്ചിട്ടുള്ള എല്ലാവരും മംഗലാപുരത്തെ ഈശോസഭക്കാരുടെ സെമിനാരിയിൽ പോയി പഠിക്കണമെന്നു കല്പിക്കയും ചെയ്തു. പഠനക്കാരായ ശെമ്മാശന്മാർ സഭയുടെ ചട്ടങ്ങൾ സൂക്ഷ്മമായി കാത്തു അനുസരിച്ചു പോകയും

അതോടുകൂടെ പഠിത്വം നടത്തിവരികയും ചെയ്യണമെങ്കിൽ സഭ വക തനതായി ഒരു ഭവനം ഇല്ലാതെ സാധിക്കയില്ലെന്നു കണ്ടതിനാൽ മേൽപ്പറഞ്ഞ ദെലഗാത്തപ്പസ്തോലിക്കാ അതിലേക്ക് തക്ക ഒരു ഭവനം നമുക്ക് മംഗലാപുരത്തെ സെമിനിരിക്ക് സമീപെ ഉണ്ടാകാൻ ചട്ടം കെട്ടുകയും അതിൻപ്രകാരം ഈശോസഭക്കാരുടെ വക ഒരു ചെറിയ ഭവനം നമുക്ക് ഒഴിഞ്ഞു തരികയും ചെയ്തു. ഈ ഭവനത്തിലേക്ക് ആദ്യമായി ആറു ശെമ്മാശന്മാരും അവരുടെ ശ്രേഷ്ഠനായി ഫെദരീക്കോസ് അച്ചനേയും സഹായി ആയി കാർലോസച്ചനേയും തിരഞ്ഞെടുക്കയും 1890 മെയ്മാസത്തിൽ അവർ എല്ലാവരും മംഗലാപുരത്തു ചെന്നുചേരുകയും ചെയ്തു.

ഇതിനുശേഷം തുടരെത്തുടരെ പഠിക്കാൻ തക്കവരെ അവിടേക്കു തിരഞ്ഞെടുത്തു വിട്ടുവരുന്നുണ്ട്. ഇവർ നമ്മുടെ സ്വന്തഭവനത്തിൽ താമസിച്ചുകൊണ്ട് സ്കൂൾ നേരത്ത് സെമിനാരിയിൽചെന്ന് പഠിച്ചുപോരുകയാണ് ചെയ്യുന്നത്. ഇങ്ങനെയാണ് മംഗലാപുരത്തു നമുക്കു ഒരു പഠിത്വവീടുണ്ടായത്. നമുക്കു പഠിത്വവീടു തന്നതിനെക്കുറിച്ചും അവരെ പഠിപ്പിച്ചുവരുന്നതിനെപ്പറ്റിയും പ്രൊഫഗാന്തു തിരുസംഘത്തിൽനിന്ന് ഈശോസഭക്കാർക്കു ചില പ്രത്യേക പണസഹായം ചെയ്തു കൊടുത്തിട്ടുണ്ട്. അവിടെ പഠിച്ചുരുന്നവരിൽ ആഹാ ഹെനറിക്കോസ് (ഓലിക്കൽ) ശെമ്മാശൻ 1897 മാർച്ച് മാസം 1-നു മരണം പ്രാപിക്കയും അവിടെത്തന്നെ അടക്കപ്പെടുകയും ചെയ്തു. ഈ ശെമ്മാശന്റെ ദൈവഭക്തിയേയും സുകൃതജീവിതത്തേയും അറിഞ്ഞിരുന്ന ഈശോസഭക്കാരായ അച്ചന്മാർ ഇയാളെപ്പറ്റി മഹാസ്തുതിയായി പ്രസ്താവിച്ചു പറഞ്ഞു. ഇതിനുശേഷം ഹെനറിക്കോസ് (ആലപ്പാട്) എന്നു പേരായ വേറൊരു ശെമ്മാശൻ 1904 ധനു 23-നു മരണം പ്രാപിച്ചു.

## അദ്ധ്യായം 7

# പാറട്ടി കൈനിമംഗലത്തുള്ള കൊവേന്തയുടെ സ്ഥാപനം

27. വടക്കെഭാഗത്തുള്ള പള്ളിക്കാരിൽ പലരും ശീശ്മയിലും വഴക്കിലും ഉൾപ്പെടാനുള്ള കാരണം ആ ഭാഗത്തു നമ്മുടെ സഭയുടെ ഒരു കൊവേന്ത ഇല്ലാത്തതാണെന്നും അതിനാൽ പാലൂർ പള്ളിക്ക് സമീപെ തക്കസ്ഥലത്തു ഒരു കൊവേന്ത സ്ഥാപിച്ചാൽ തൻമൂലം ജനങ്ങളുടെ ആത്മരക്ഷക്കും വിശ്വാസത്തിലുള്ള സ്ഥിരതക്കും അതു ഒരു പന്ഥാവായി തീരുമെന്നും ഏൽതുരുത്തു കൊവേന്തയുടെ പ്രയോർ ആയിരുന്ന ജരാർദച്ചൻ അന്നു സഭയുടെ പ്രിയോർ ജനറാളിന്റെ സ്ഥാനം വഹിച്ചിരുന്ന അന്ത്രയോസ് അയൂത്തി ദെലഗാത്തു അപ്പസ്തോലിക്കായെ ബോധിപ്പിക്കയും അദ്ദേഹം സന്തോഷപൂർവ്വം കൊവേന്ത സ്ഥാപിക്കുന്നതിനുള്ള അനുമതി കൊടുക്കയും ചെയ്തു. കൊവേന്തപണി നടത്തുന്നതിന് ഗീവർഗ്ഗീസ് മറിയം (വാറുണ്ണി) അച്ചനെ നിശ്ചയിച്ചാക്കിയതിനാൽ അദ്ദേഹം 3500 രൂപാ കൊടുത്തു പകുതി ജന്മവും പകുതി പണയവുമായി ഒരു പുരയിടം വാങ്ങി ഉടനെ 1890 ഏപ്രിൽ മാസം 6-നു പുതുഞായറാഴ്ച ദിവസത്തിൽ കൊവേന്തപ്പള്ളിക്ക് അടിസ്ഥാനക്കല്ലിടുകയും ചെയ്തു. അന്നുതന്നെ വലിയ ഒരു പന്തൽ കെട്ടി ഉണ്ടാക്കി അതിൽ നമ്മുടെ അച്ചന്മാർ ആഘോഷമായ പാട്ടുകുർബാന പാടുകയും അനന്തരം ആശ്രമ ദേവാലയത്തിനു കല്ലിടുകയുമാണുണ്ടായത്.

ഈ ആഘോഷകർമ്മത്തിനു സ്ഥലത്തെ ഇടവകക്കാരും അയൽപള്ളിക്കാരും വന്നുകൂടുകയും തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കാ ആയ മെഡലിക്കോട്ടു മെത്രാനച്ചൻ തന്റെ വികാരി ജനറാളായ മാമ്പിള്ളി ഗീവർഗ്ഗീസച്ചനെ അയക്കയും ചെയ്തു. ആ ദിവസത്തെ ചിലവു മുഴുവനും ചെയ്തതു കോടങ്കണ്ടത്തു വാറുണ്ണി എന്ന മഹാനാണ്. ഇയാൾ ഗീവർഗ്ഗീസു സഹദായുടെ ഒരു കൊത്തുരൂപം വാങ്ങി ആശ്രമദേവാലയത്തിനു ദാനമായി അർപ്പിക്കയും ചെയ്തു. താമസിയാതെ ചെറുതായ ഒരു കപ്പേള

കെട്ടിയുണ്ടാക്കുകയും അതിൽ കുർബാന എഴുന്നള്ളിച്ചു സ്ഥാപിക്കാൻ തക്കവണ്ണം വെള്ളയിട്ടു വെടിപ്പുവരുത്തുകയും ഏതാനും അച്ചന്മാർക്ക് സ്ഥിരമായി അവിടെ പാർക്കാൻ തക്കവണ്ണം ചില മുറികളും പണി കഴിപ്പിക്കയും ടി. ആണ്ടു അതായത് 1890 ജൂൺ മാസം 29-നു കപ്പേളയിൽ കുർബാന ചൊല്ലുകയും ജൂലായ് മാസം 2-നു മുതൽ അച്ചന്മാർ സ്ഥിരമായി പാർത്തു കാര്യാദികൾ അന്വേഷിച്ചു തുടങ്ങുകയും ചെയ്തു. ഇതുവരെ അച്ചന്മാർ അവിടുത്തെ കാര്യങ്ങൾ അന്വേഷിച്ചു വന്നതു ഇടവകപ്പള്ളിയിൽ പാർത്തുകൊണ്ടായിരുന്നു. അച്ചന്മാർ പാർത്തു തുടങ്ങിയ മാസത്തിൽ സഭയുടെ ദെലഗാത്തായിരുന്ന യൗസേപ്പു യോഹന്നാൻ അച്ചൻ പുതിയ ആശ്രമത്തെ സന്ദർശിക്കാനായി വരികയും സ്ഥലംകണ്ടു സന്തോഷിച്ചു പിന്തിരിയുകയും ചെയ്തു.

ടി. ആണ്ടിൽ തൃശ്ശിവപേരൂർ വികാരി അപ്പോസ്തോലിക്കാ ആയിരുന്ന മെഡലിക്കോട്ടു മെത്രാനച്ചൻ പാറട്ടി ഇടവകപ്പള്ളിയിൽ സ്ഥാനസന്ദർശനം കഴിക്കാനായി വന്നപ്പോൾ നമ്മുടെ പുതിയ ആശ്രമസ്ഥലത്തു വരികയും അവിടെ ആ ദിവസങ്ങളിൽ പാർക്കുകയും ചെയ്തു. മെത്രാനച്ചന്റെ വരവിനു മുമ്പ് നമ്മുടെ അച്ചന്മാരിൽ ചിലർ ജ്ഞാനധ്യാനം ജനങ്ങൾക്കായി കഴിച്ചുകൊടുത്തിരുന്നു. ഇതിനുശേഷം ഏതാനും മുറികളും ഒരു ചെറിയ ഊട്ടുമുറിയും കൂടി പണിയിക്കണമെന്നു നിശ്ചയിച്ചു അതിലേക്ക് ധർമ്മത്തിനായി ഗീവർഗ്ഗീസ് മറിയം (വാറുണ്ണി) അച്ചൻ ഒല്ലൂർ, അമ്പഴക്കാടു, ഞാറയ്ക്കൽ മുതലായ പല സ്ഥലങ്ങളിൽ ചുറ്റി കുറെ പണം സമ്പാദിക്കയും അതുകൊണ്ടും മറ്റും മേൽപറഞ്ഞ മുറികൾ പണികഴിപ്പിക്കയും ചെയ്തു. സഭയുടെ പ്രിയോർ ജനറാൾ ആയി പ്രൊഫഗാന്തു തിരുസംഘത്താൽ നിയമിക്കപ്പെട്ട ബർണ്ണാർദ് മൂപ്പച്ചൻ 1893 നവംബർ മാസത്തിൽ ഈ സ്ഥലം വന്നു കാണുകയും തൃപ്തിപ്പെട്ടു മടങ്ങുകയും ചെയ്തു.

1895-ൽ ഉണ്ടായ സഭയുടെ പൊതു ശ്രേഷ്ഠസംഘത്തിൽ വെച്ച് കൈനിമംഗലത്തു ആരംഭിച്ചിരുന്ന കൊവേന്തയെ ഒരു വികാരിയാത്തു ആശ്രമമായി സ്ഥാപിക്കയും വികാരിയായി ഏൽത്തു

രുത്തു കൊവേന്തയിൽ താമസിച്ചിരുന്ന ഏലിയാസച്ചനെ നിശ്ച യിക്കയും അദ്ദേഹം 1895 മെയ് മാസത്തിൽ വന്നു ജോലി ഏൽക്കു കയും അന്നു മുതൽ ഇവിടെ സഭയുടെചട്ടവട്ടങ്ങൾ പൂർണ്ണമായി അനുസരിച്ചു സന്യാസാനുഷ്ഠാനങ്ങൾ ശരിയായി നടത്തി വരി കയും ചെയ്തു. ഇതിനുശേഷം കൊവേന്തക്ക് അടിസ്ഥാനമിട്ടു പണി നടത്തണമെന്നു നിശ്ചയിച്ച് പൊതുശ്രേഷ്ഠാലോചനക്കാര നായ മേല്പറഞ്ഞ ഗീവർഗ്ഗീസ് മറിയം (വാറുണ്ണി) അച്ചൻ പൊതു ശ്രേഷ്ഠസംഘത്തിനായി മാന്നാനത്തേക്കു പോയി, മടങ്ങിവരുന്ന വഴിക്ക് പല സ്ഥലങ്ങളിൽ കയറി ധർമ്മം വാങ്ങിക്കയും അതു കൊണ്ടു 1896 മാർച്ച് മാസത്തിൽ കൊവേന്തക്ക് അടിസ്ഥാനക്ക ല്ലിട്ടു പണി ആരംഭിക്കുകയും ചെയ്തു.

തല്ക്കാലത്തേയ്ക്ക് പാർക്കുന്നതിനായി കെട്ടി ഉണ്ടാക്കിയ മുറികൾ മൺചുവരിന്മേൽ വെള്ളപൂശി ഉണ്ടാക്കിയവ ആയിരു ന്നു. ആയിടയ്ക്ക് നെയാപ്പൊളി രാജ്യത്തുള്ള പൊമ്പെ മാതാ വിന്റെ വിശ്രുത ദേവാലയം കെട്ടി ഉണ്ടാക്കി ഇതിൽ ജപമാല സഖ്യത സ്ഥാപിച്ച് നടത്തിയിരുന്ന ബർത്തോളോ ലോംഗൊ എന്ന യാൾ ഏതാനും ചെറിയ പടങ്ങൾ കൊടുത്തയക്കയും അതു കണ്ടു പാറട്ടിക്കാരായ ജനങ്ങളിൽ വളരെപ്പേർ ജപമാല സഖ്യതയിൽ ചേരാനായി തങ്ങളുടെ പേരുകൾ നമ്മുടെ അച്ചന്മാർ മുഖാന്തരം പൊമ്പയിലെ ജപമാല സഖ്യതയുടെ നടത്തുകാരനു അയച്ചു കൊടുക്കയും പിന്നീടു മേൽപട്ടക്കാരന്റെ അനുമതിയോടെ ദുമ്മ നീങ്കോസ് സഭയുടെ ജനറാൾ ശ്രേഷ്ഠനിൽ നിന്നു സിദ്ധിച്ച അധികാരം പോലെ കാനോനപ്രകാരം ജപമാലസഖ്യത നമ്മുടെ ആശ്രമദേവാലയത്തിൽ സ്ഥാപിക്കയും ചെയ്തു. ജനങ്ങൾക്കു ജപ മാല രാജ്ഞിയുടെ മേലുള്ള ഭക്തിനിമിത്തം കൂട്ടം കൂട്ടമായി വന്നു ജപമാലരാജ്ഞിയുടെ പടത്തിൻ മുമ്പാകെ നേർച്ചകാഴ്ചകൾ അർപ്പിക്കയും അവരുടെ ഭക്തികൃത്യംപോലെ വിവിധ മനോഗു ണങ്ങൾ പ്രാപിക്കയും ചെയ്തുവന്നിരുന്നു. 1897 ഫെബ്രുവരി മാസ ത്തിൽ ഉണ്ടായ സഭയുടെ പൊതു സംഘത്തിൽ പ്രിയോർ ജന റാൾ അച്ചന്റെ സെക്രത്താരി ആയിരുന്ന ആഞ്ചലുസച്ചൻ പാറട്ടി

കൊവേന്തയുടെ വികാരി ആയി തിരഞ്ഞെടുക്കപ്പെട്ടു. ടി. ആണ്ടു ഡിസംബർ മാസത്തിൽ ദെലഗാത്തു ഫെദരീക്കോസച്ചൻ കാനോനാ പ്രകാരം ഇവിടെ വന്നു വിസീത്ത കഴിക്കയും ചെയ്തു.

28. 1896 ആഗസ്റ്റ് മാസത്തിൽ നമ്മുടെ പ്രിയോർ ജനറാളായ ബർണ്ണാദ് മൂപ്പൻപാതിരിയച്ചനെ വാരാപ്പുഴ അതിരൂപതയുടെ സഹായ മെത്രാപ്പോലീത്താ ആയി നിയമിക്കുകയും അതിന്റെ പട്ടാഭിഷേകകർമ്മം മഞ്ഞുമ്മേൽ ആശ്രമ ദേവാലയത്തിൽവച്ച് നടത്തുകയും അതിൽ സഭയുടെ ശ്രേഷ്ഠന്മാർ ചെന്നു സംബന്ധിക്കുകയും തങ്ങളുടെ ശ്രേഷ്ഠന്റെ നേരെയുള്ള വണക്ക ബഹുമാനാദികളെ കാണിക്കുമാറു മംഗളപത്രം മുതലായവ അദ്ദേഹത്തിനു സമർപ്പിക്കുകയും ചെയ്തു. പുതിയ സ്ഥാനം നിമിത്തം പ്രിയോർ ജനറാളച്ചനു സഭയെ നേരിട്ടു ഭരിക്കുന്നതിനു പ്രയാസം നേരിടുകയാൽ തന്റെ ദെലഗത്തായി സഭയെ ഭരിക്കാൻ ഒന്നാം ദെഫ്നിത്തോർ (പൊതുശ്രേഷ്ഠാലോചനക്കാരൻ അച്ചൻ) ഗീവറുഗീസ് യോഹന്നാൻ മാംദാന (പാറപ്പുറത്തു വർക്കിയച്ചൻ) അച്ചനെ നിശ്ചയിക്കുകയും അദ്ദേഹം ദെലഗാത്തിന്റെ സ്ഥാനത്തിൽ സഭയെ ഭരിക്കയും ചെയ്തുപോന്നു. ഈ ആണ്ടിൽ തൃശ്ശിവപേരൂർ, കോട്ടയം എന്ന വികാരിയാത്തുകളെ മൂന്നായി വിഭജിക്കുകയും എറണാകുളം, ചങ്ങനാശ്ശേരി, തൃശ്ശിവപേരൂർ എന്ന് അതുകൾക്കു നാമകരണം ചെയ്കയും ഈ മൂന്നു ശ്ലൈഹിക വികാരിയാത്തുകളെ ഭരിക്കാനായി 13-ാം ലെയോൻ മാർപ്പാപ്പയുടെ താല്പര്യപ്രകാരം സുറിയാനിക്കാരിൽ തന്നെ മൂന്നു പട്ടക്കാർ തിരഞ്ഞെടുക്കപ്പെടുകയും അതിൻപ്രകാരം തൃശ്ശിവപേരൂർക്കു മേനാച്ചേരിൽ യോഹന്നാൻ മെത്രാനച്ചനും എറണാകുളത്തേക്കു പഴേപറമ്പിൽ ളൂയീസ് മെത്രാനച്ചനും ചങ്ങനാശ്ശേരിക്കു മാക്കിൽ മത്തായി മെത്രാനച്ചനും നിശ്ചയിക്കപ്പെടുകയും ചെയ്തു. ഇവരുടെ പട്ടാഭിഷേകകർമ്മം 1896 ഒക്ടോബർ മാസം 25-നു കാണ്ടിയിൽ വെച്ച് ദെലഗാത്തപ്പസ്തോലിക്കാ സലേസ്കി എന്ന ദേഹമാണ് നടത്തിയത്. ഇവർ മൂന്നു പേരും വാഴ്ചയേറ്റു താമസിയാതെ തങ്ങളുടെ മഹാ ഇടവകകളുടെ ഭരണം സ്വീകരിക്കയും ചെയ്തു.

ഇവർ വാഴ്ചയേൽക്കുന്നതിന്റെ തലേ ആണ്ടിൽ ലവീഞ്ഞു മെത്രാനച്ചനും മെഡലിക്കോട്ടു മെത്രാനച്ചനും യൂറോപ്പ്, അമേരിക്ക മുതലായ രാജ്യങ്ങളിലേക്കായി ഒരു യാത്ര കഴിച്ചിരുന്നു. അവർ യാത്രയിൽ ഇരുന്നപ്പോഴാണ് സുറിയാനിക്കു സുറിയാനി മെത്രാനെത്തന്നെ കൊടുക്കണമെന്ന നിത്യ ഓർമ്മയ്ക്കു യോഗ്യനായ 13-ാം ലെയോൻ മാർപ്പാപ്പ തീർച്ച ചെയ്തത്.

സുറിയാനിക്കാർക്കു സുറിയാനി മെത്രാനെതന്നെ കിട്ടണമെന്നുള്ള അപേക്ഷ ഉണ്ടായിത്തുടങ്ങിയത് 1599-ൽ ഉണ്ടായ ഉദയംപേരൂർ സൂനഹദോസിന്റെ കാലം മുതൽക്കാണ്. എന്നാൽ ആ അപേക്ഷ ഇക്കാലത്തു മാത്രമാണു സാധിച്ചത്.

ഇതിനുശേഷം 1897 ഫെബ്രുവരി മാസം 24-നു മൂന്നാമാണ്ടു തോറുമുള്ള സഭയുടെ പൊതു സംഘം മാന്നാനത്തു കൊവേന്തയിൽ കൂടി. ആ സംഘത്തിൽവച്ചു ഒന്നാം പൊതു ശ്രേഷ്ഠാലോചനക്കാരനായി മംഗലാപുരത്തു ശ്രേഷ്ഠനായിരുന്ന ഫെദരീക്കോസച്ചനും രണ്ടും മൂന്നും നാലും പൊതുശ്രേഷ്ഠാലോചനക്കാരായി അല്പോൻസ്, പിയൂസ്, ക്രിസോസ്തോമ്മാസ് എന്ന അച്ചന്മാരും തിരഞ്ഞെടുക്കപ്പെട്ടു. പ്രയോരന്മാരായി മാന്നാനത്തേക്ക് ബെസ്സെലിയോസച്ചനേയും, ഏൽതുരുത്തിലേക്കു റപ്പായേലച്ചനേയും, വാഴക്കുളത്തേക്കു ലൌറന്തിയോസച്ചനേയും, അമ്പഴക്കാട്ടേക്കു ഗീവറുഗീസ് മറിയം അച്ചനേയും, പുളിങ്കുന്നിലേക്കു വിനസന്തിയോസ് അച്ചനേയും, വികാരിമാരായി മുത്തോലിക്കു അഗുസ്തീനോസച്ചനേയും, ചെത്തിപ്പുഴക്കു പീലിപ്പോസച്ചനേയും, പാറട്ടിക്കു പ്രിയോർ ജനറാളച്ചന്റെ സെക്രത്താരി ആയിരുന്ന ആഞ്ചലൂസച്ചനേയും തിരഞ്ഞെടുത്തു.

ഒന്നാം ദെഫ്നിത്തോർ ജനറാളായ ഫെദരിക്കോസച്ചൻ സഭയെ ഭരിക്കാനായി പ്രിയോർ ജനറാളിന്റെ ദെലഗാത്തായി നിശ്ചയിക്കപ്പെടുകയും ചെയ്തു. ഈ ആണ്ടിൽ അതായത് 1897 ആഗസ്റ്റ് മാസത്തിൽ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്താ ആയ ലെയോനാർദ് എന്ന വന്ദ്യ പുരോഹിതൻ വാർദ്ധക്യം നിമിത്തം

മരണം പ്രാപിച്ചു. ഇദ്ദേഹം സുറിയാനി ജനത്തിന്റെ മേല്പട്ടക്കാരനായി അവിടെ ഭരിച്ചിരുന്നയാളും സഭയുടെ പൊതുശ്രേഷ്ഠനായയാളും ആയിരുന്നതുകൊണ്ട് നമ്മുടെ കൊവേന്തകളിൽ അദ്ദേഹത്തിന്റെ മരണവർത്തമാനം കിട്ടിയ ഉടനെ ആഘോഷമായി പാട്ടുകുർബാന, മരിച്ചവരുടെ ഒപ്പീസ്, മുതലായ ദിവ്യകർമ്മങ്ങൾ നടത്തപ്പെട്ടു.

29. പ്രിയോർ ജനറാളിന്റെ ദെലഗാത്തായ ഫെദരിക്കോസച്ചൻ മുറപ്രകാരം എല്ലാ കൊവേന്തകളേയും 1897-ൽ വിസീത്തകഴിച്ചു. 1898 ഫെബ്രുവരി മാസത്തിൽ മാന്നാനത്തു കൊവേന്തയിൽ എല്ലാ കൊവേന്തകളിൽ നിന്നും ശ്രേഷ്ഠന്മാരുടെ ഒരു അസാധാരണ സംഘം കൂടുകയുണ്ടായി. ഓരോ കൊവേന്തയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഓരോ അച്ചനും ആ സംഘത്തിൽ വന്നുകൂടി. ഇതിന്റെ ഉദ്ദേശ്യം 1893 ജൂൺ മാസത്തിൽ ആറു വർഷത്തേക്കു വിശുദ്ധ സിംഹാസനം സ്വീകരിച്ചുറപ്പിച്ചിട്ടുണ്ടായിരുന്ന സഭയുടെ ന്യായപ്രമാണങ്ങളിൽ ഭേദപ്പെടുത്താനുള്ള വല്ല ഭാഗങ്ങളുമുണ്ടെങ്കിൽ അവയെ ആലോചിച്ചു ഭേദപ്പെടുത്താൻ വേണ്ടി ആയിരുന്നു. ഈ ആലോചന ഉദ്ദേശം മൂന്നാഴ്ചവരെ നീളിച്ചു. ഇതിനുശേഷം പ്രത്യേകം ചിലരെ തിരഞ്ഞെടുത്ത് കൂട്ടേണ്ട സംഗതികളേയും കുറക്കേണ്ട സംഗതികളേയും എഴുതി ക്രമപ്പെടുത്തുന്നതിനായി വിനിയോഗിക്കയും അവർ അവയൊക്കയും ചെയ്തു നിറവേറ്റിയാറെ വീണ്ടും മേൽപറഞ്ഞ സംഘം മാന്നാനത്തു കൂടി ആലോചിച്ച് എഴുതിചേർത്ത സംഗതികൾക്ക് എല്ലാവരും ഒപ്പുവെക്കയും ചെയ്തു. അനന്തരം ആണ്ടുതോറും രണ്ടുപ്രാവശ്യം കൂടുക പതിവുള്ള പൊതുശ്രേഷ്ഠ (ദെഫനിത്തോരി സംഘം) യോഗമായി കൂടി അവയൊക്കയും റോമ്മയിലേക്ക് അയക്കാനായി പ്രിയോർ ജനറാൾ അച്ചനെ ഏൽപ്പിക്കയും അദ്ദേഹം റോമ്മയിലേക്കു അയക്കയും ചെയ്തു.

റോമ്മയിൽ ന്യായപ്രമാണം കൊടുത്തയച്ചാറെ തല്ക്കാലം കാത്തുവരുന്ന ന്യായപ്രമാണം തന്നെ എത്രയും വിശ്വസ്തതയോടെ വീണ്ടും ആറുവർഷത്തേക്കു കൂടി കാത്തുവരണമെന്ന്

1899 മെയ് മാസം 4-നു പ്രൊഫഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ ലെദെക്കൊസ്ക്കി കർദ്ദിനാൾ പ്രിയോർ ജനറാളച്ചനെ അറിയിക്കയും ആ എഴുത്ത് എല്ലാ കൊവേന്തകളിലേക്കും അയച്ചു കൊടുക്കാനായി ദെലഗാത്തു ഫെദരിക്കോസച്ചനു അയച്ചുകൊടുക്കയും ചെയ്തു.

ഇതിനിടക്കു നമ്മുടെ കൊവേന്തകളിൽ വരവു ചിലവു കണക്ക്, കുർബാനകണക്ക്, മുതലായവ പലവിധത്തിൽ എഴുതി വന്നിരുന്നതിൽ നിന്ന് അനേകം കുഴപ്പങ്ങൾ നേരിട്ടതിനാലും നെല്ല്, അരി, നാളികേരം മുതലായവകൾക്കു നിജമായ കണക്ക് എല്ലാ സ്ഥലങ്ങളിലും ഉണ്ടാക്കുന്നതിനായും പ്രധാന കൊവേന്തകളിലെ കണക്കു പരിശോധിച്ച് പൊതു ശ്രേഷ്ഠസംഘത്തിലേക്ക് എഴുതി ബോധിപ്പിക്കുന്നതിനുള്ള ചുമതലയോടു കൂടി 1894 നവംബർ മാസത്തിൽ പ്രിയോർ ജനറാളച്ചൻ പീലിപ്പോസ്, എസ്തപ്പാനോസ് എന്ന അച്ചന്മാരെ നിശ്ചയിക്കയും അവർ കല്പനപ്രകാരം മാന്നാനം, ഏൽത്തുരുത്ത്, അമ്പഴക്കാട് എന്നീ കൊവേന്തകളിൽ ചെന്ന് കണക്കുകൾ പരിശോധിക്കയും, അവയുടെ ഒരു സംക്ഷേപ വിവരണം ബോധിപ്പിക്കയും ചെയ്തു. കണക്കുകൾ, തിരട്ടു മുതലായ എല്ലാ കൊവേന്തകളിലും ഏകരീതിയിൽ എഴുതി വരേണ്ടതിനായി ഒരു മാതൃക അടിപ്പിച്ച് എല്ലാ കൊവേന്തകളിലേക്കും അയക്കുകയും ആ രീതി അനുസരിച്ച് 1895 മുതൽ എഴുതി തുടങ്ങുകയും കൂടുതൽ പരിഷ്ക്കാരങ്ങളോടു കൂടെ 1898 മുതൽ എല്ലാ കൊവേന്തകളിലും അതു നടപ്പിൽ വരുത്തുകയും ചെയ്തു.

അനന്തരം 1898 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ ശ്രേഷ്ഠസംഘത്തിൽവച്ച് കൊവേന്തകളിലുള്ള സ്ഥാവര ജംഗമ വസ്തുക്കളെ കാണിക്കുന്ന ഒരു പട്ടിക എല്ലാ കൊവേന്തകൾക്കും പ്രത്യേകം ഉണ്ടാകണമെന്നും അതിന്റെ ഒരു പ്രതി ശ്രേഷ്ഠസംഘത്തിലേക്കു അയച്ചു കൊടുക്കണമെന്നും നിശ്ചയിക്കയും ഈ ജോലി നടത്തുന്നതിനായി മേൽപറഞ്ഞ അച്ചന്മാരെ നിയോഗിക്കയും അവർ എല്ലാ കൊവേന്തകളിലും ചെന്ന് ടി. പട്ടിക എടുക്കയും 1899 ജൂലായ്

മാസത്തിൽ വിവരങ്ങൾ എല്ലാം പൊതു ശ്രേഷ്ഠ സംഘത്തിൽ ബോധിപ്പക്കയും ചെയ്തു.

1899 ഡിസംബർ മാസം 14-നു സഭയുടെ പൊതുസംഘം മാന്നാനത്തു കൊവേന്തയിൽ കൂടുകയുണ്ടായി. മൂന്നാമാണ്ടുതോറുമുള്ള ശ്രേഷ്ഠന്മാരുടെ തെരഞ്ഞെടുപ്പു നടത്തുന്നതിനായിട്ടാണ് മേല്പറഞ്ഞ സംഘം കൂടിയത്. ഈ സംഘത്തിൽ അഗ്രാസനം വഹിച്ചത് പ്രിയോർ ജനറാൾ ബെർണ്ണർദ് മെത്രാപ്പോലീത്താ അവർകളായിരുന്നു. പൊതു ശ്രേഷ്ഠാലോചനക്കാരായി ഗീവറുഗീസ് മറിയം (വാറുണ്ണി) അച്ചനും, ലൌറന്ത്യോസ് ത്രേസ്യായച്ചനും, ബെർണ്ണർദച്ചനും, ഫെദരീക്കോസച്ചനും തിരഞ്ഞെടുക്കപ്പെട്ടു. പ്രയോരന്മാരായി അല്പോൻസച്ചനെ മാന്നാനത്തേക്കും, അഗുസ്തിനോസച്ചനെ വാഴക്കുളത്തേക്കും, റപ്പായേലച്ചനെ അരണാട്ടുകര ഏൽത്തുരുത്തിലേക്കും, പീയുസച്ചനെ അമ്പഴക്കാട്ടേക്കും, ഗ്രിഗോറിയോസച്ചനെ പുളിങ്കുന്നിലേക്കും, വികാരിമാരായി, ഈറാനീമ്മോസച്ചനെ മുത്തോലിക്കും, എസ്തപ്പാനോസച്ചനെ ചെത്തിപ്പുഴക്കും, ആഞ്ചലൂസ് അച്ചനെ പാററ്റിക്കും, പീലിപ്പോസച്ചനെ പാണാപള്ളിക്കും തെരഞ്ഞെടുത്തു. നവസന്യാസികളുടെ ഗുരുവായി ഗൌറിയേൽ അച്ചനേയും തിരഞ്ഞെടുത്തു.

30. പാററ്റി കൊവേന്തയുടെ സ്ഥാപനം, കൊവേന്തക്കു അടിസ്ഥാനം ഇട്ട സംഗതി മുതലായവ മേൽ 27-ാം ലക്കത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ഇവിടെ ആശ്രമം സ്ഥാപിച്ച കാലംമുതൽ ആശ്രമ സംബന്ധമായ കാര്യങ്ങൾ വിശ്വസ്തതയോടും ജാഗ്രതയോടും അന്വേഷിച്ചു വന്ന ചിററാട്ടുകരെ ഇടവക ചിറയത്തു ഇട്ടൂപ്പിനു ദീനം പിടിപെടുകയും മഹാ ഭക്തിപുരസ്സരം അന്ത്യകുദാശകൾ കൈക്കൊണ്ടു 1899 ജനുവരി മാസം 6-നു കർത്താവിങ്കൽ മരണം പ്രാപിക്കയും ചെയ്തു. ഇയാൾ സന്യാസ ജീവിതത്തിന്മേൽ മഹാ താല്പര്യമുള്ളവനും മതിപ്പുള്ളവനും ആയിരിക്കയും സാക്ഷാൽ സന്യാസവസ്ത്രം ധരിച്ചില്ലെങ്കിലും ഒരു സന്യാസിയെപ്പോലെ ജീവിച്ചുവരികയും ചെയ്തിരുന്നു.

അനേകകാലം ഏൽത്തുരുത്തു കൊവേന്തയിൽ പാർത്തു അവിടുത്തെ കാര്യങ്ങൾ അന്വേഷിച്ചുവന്നിരുന്ന കാലത്താണ് പാറട്ടി കൊവേന്ത ആരംഭിച്ചത്. അന്നുമുതൽ മരണം വരെ ഇവിടെ താമസിച്ച് ഇവിടുത്തെ കാര്യങ്ങൾ നോക്കി വന്നിരുന്നു. കൊവേന്തക്കു അടിസ്ഥാനമിട്ടതിനുശേഷം പലയിടങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടിയ പണംകൊണ്ടു ജനലുകൾ, കട്ടിള മുതലായവവെച്ച് ചുവരുകെട്ടി പൊക്കുകയും തട്ടു, തുലാങ്ങൾ മുതലായവയ്ക്കു തടിയില്ലാത്തതിനാൽ കൊച്ചിസർക്കാർവക മലവിചാരിപ്പുകാരനിൽ നിന്നും ചെല്ലസ്തീനോസ് അച്ചന്റെ താല്പര്യത്തിൽ കുറെ തടി സഹായവിലക്കു കിട്ടിയതുകൊണ്ട് പണി മുന്നോട്ടു കൊണ്ടുപോകയും ചെയ്തു. ഇങ്ങനെ 1900-ൽ കൊവേന്തയുടെ ഒരു നിലവരെയുള്ള പണി നടത്തി.

പിന്നീടു പണത്തിനു ബുദ്ധിമുട്ടുവരികയും ജനങ്ങളിൽ നിന്നു ധർമ്മം കിട്ടുന്നതിനു മാർഗ്ഗമില്ലാതെ വരികയും ചെയ്കയാൽ കൊവേന്തയിൽ നിന്നു ചേർന്നു നടത്തിവന്ന ഒരു ചിട്ടി 305 രൂപായ്ക്കു തൽക്കാലം ലേലത്തിൽ പിടിക്കയും, വേറൊരു സഹായക്കുറി നടത്തിയവക 200 രൂപാ കിട്ടുകയും, ഈ ചിട്ടികൾ രണ്ടിന്റെയും സംഖ്യകൾകൊണ്ടും മറ്റും പണി മുന്നോട്ടു നടത്തുകയും ചെയ്തു. ഇതിനിടക്ക് കൊവേന്തയോടു തൊട്ടുകിടന്ന ഒരു പുരയിടവും അതേ മാതിരിയിലുള്ള വേറൊരു പുരയിടവും വാങ്ങി കൊവേന്തപ്പറമ്പോടു ചേർത്തു. ഇവ രണ്ടും വാങ്ങിയത് ഒരു പത്രിമോനിപണം കൊണ്ടു വറൊരു വസ്തുവിന്മേൽ ഇട്ടിരുന്ന പണം പിരിഞ്ഞു വന്നതു കൊണ്ടായിരുന്നു. ഇരുപതാം ശതവർഷ സന്ദർഭത്തിൽ 13-ാം ലെയോൻ മാർപ്പാപ്പാ കല്പിച്ച് ജൂബിലി സംബന്ധിച്ച ദണ്ഡവിമോചനം തക്കഫലത്തോടെ വിശ്വാസികൾ പ്രാപിക്കാനായി കല്പനപ്രകാരം അയൽപ്പള്ളികളിൽ നമ്മുടെ അച്ചന്മാർ പോയി വിശ്വാസികൾക്കു ജ്ഞാനധ്യാനം കഴിച്ചു കൊടുത്തു. അതിനുശേഷം പണിക്കു വാങ്ങിയിരുന്ന തടി തീർന്നുപോയതിനാൽ സമീപെ ചെങ്ങല്ലൂർ നംപൂരിയോടു സഹായവിലക്കു ഏതാനും തടികൾ വാങ്ങിക്കയും കുറെ

പണം തൽക്കാലം കൊടുക്കയും ശിഷ്ടപണം പിന്നീടു കൊടു ത്താൽ മതിയെന്നു സമ്മതം വാങ്ങുകയും ചെയ്തു. ഇങ്ങനെ പുതിയ കൊവേന്തയ്ക്കു മേൽക്കൂട്ടു കേറ്റുകയും മറ്റു പ്രത്യേക പണികളൊക്കയും അതിയായ ബുദ്ധിമുട്ടോടുകൂടെ തീർക്കയും 1892 ഒക്ടോബർ മാസം 1-നു ഞായറാഴ്ച ജപമാല മാതാവിന്റെ തിരുനാൾ ദിവസം പുതിയ കെട്ടിടത്തിന്റെ പ്രതിഷ്ഠാകർമ്മം നടത്തി അതിൽ പാർപ്പു തുടങ്ങുകയും ചെയ്തു.

1892 ഡിസംബർ മാസത്തിൽ ശ്രേഷ്ഠന്മാരുടെ തെരഞ്ഞെടുപ്പു നടന്നപ്പോൾ ഈ കൊവേന്തയുടെ വികാരിയായി നിശ്ചയിക്കപ്പെട്ട ചെല്ലസ്തീനോസച്ചൻ മേൽപറഞ്ഞതുപോലെ കൊച്ചി സർക്കാർവക മലവിചാരിപ്പുകാരനിൽ നിന്നു വീണ്ടും ഏതാനും തടികൾ സഹായവിലയ്ക്കു വാങ്ങുകയും അതു കൊണ്ടു പട്ടിക മുതലായവ ഉണ്ടാക്കി ഓടിടുവിക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ പ്രത്യേക താല്പര്യത്താലും സ്ഥലനിവാസികളിൽ മാന്യന്മാരുടെ അത്യുത്സാഹത്താലും ഇവിടെ ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂളും 1895-ൽ സ്ഥാപിച്ചു.

## അധ്യായം 8

# പാണാപള്ളി ആശ്രമത്തിന്റെ സ്ഥാപനം

31. പള്ളിപ്പുറത്തുപള്ളി ഇടവക പാണാപള്ളിയിൽ വാഴത്തറ കുഞ്ചെറിയ കത്തനാരച്ചനും തുരുത്തിപ്പള്ളി ഇടവക കിഴക്കെതയ്യിൽ എരിമച്ചാടത്തു തോമ്മാക്കത്തനാരച്ചനും, സന്യാസജീവിതം തിരഞ്ഞെടുത്ത് അതിൽ തങ്ങളുടെ ആയുഷ്ക്കാലം നയിക്കണമെന്ന് അനേകകാലം മുതൽ ആഗ്രഹിക്കയും, അന്നു വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ലെയോനാർദു മെത്രാപ്പോലീത്തായെ ഈ ആഗ്രഹം അറീക്കയും ചെയ്തു. അവരുടെ ആഗ്രഹം നമ്മുടെ സഭയിൽ ചേർന്നു ജീവിക്കണമെന്നായിരുന്നു. എന്നാൽ സുറിയാനി മെത്രാനെ കിട്ടണമെന്നാഗ്രഹിച്ച് അതിനായി റോമ്മയിലേക്ക് എഴുത്തുകുത്തുകൾ നടത്തിയിരുന്ന കാലമായിരുന്നു. അതിൽ നമ്മുടെസന്യാസികളും ചേർന്നിരുന്നതിനാൽ നമ്മുടെ സഭയിൽ അവരെ ചേർക്കുന്നതിനു മെത്രാപ്പോലീത്തായിക്കു മനസ്സുണ്ടായിരുന്നില്ല. അതിനാൽ മലയാളത്തിൽ വേറൊരു സഭ സ്ഥാപിക്കണമെന്നും അതിൽ അവരെ ചേർക്കുമെന്നും മെത്രാപ്പോലീത്താച്ചൻ അവർക്കു മറുപടി കൊടുക്കയും, തൽകാര്യത്തിനായി വിശുദ്ധ പീലിപ്പോസ്നേരി പണ്യാവാളന്റെ സഭ സ്ഥാപിക്കാൻ നിശ്ചയിക്കയും ചേയ്തു. അതിനായി പാണാപള്ളിയിൽ വാഴത്തറെ മേൽപറഞ്ഞ കുഞ്ചെറിയ കത്തനാരച്ചന്റെ വീട്ടുകാരും സംബന്ധികളുമായ ചിറയ്ക്കന്മാരുടെ വകയായിരുന്ന അറവീട്ടിൽപറമ്പ്, ശാസ്താംവെളി മുതലായ ഏതാനും പറമ്പുകളും നിലങ്ങളും ടി. അച്ചൻ അവരോടു ദാനമായി വാങ്ങിക്കയും അറവീട്ടിൽ പറമ്പിന്റെ പകുതിയിൽ തൽക്കാലത്തേയ്ക്കായി പനമ്പുകൊണ്ടും മറ്റും ചെറുതായി ഒരു കപ്പേളയും, ചിലമുറികളും കെട്ടിയുണ്ടാക്കുകയും, 1880 മാർച്ച് മാസം 7-നു വലിയ നോമ്പിന്റെ നാലാം ഞായറാഴ്ച ആദ്യമായി അവിടെ കുർബാന ചൊല്ലി, പാർപ്പു തുടങ്ങുകയും ചെയ്തു.

ടി. ആണ്ടു ആഗസ്റ്റ് മാസം 19-നു ആശ്രമത്തിനും ദേവാലയത്തിനും വിശുദ്ധ പീലിപ്പോസ്നേരി പുണ്യവാളന്റെ നാമത്തിൽ ലെയോനാർദ് മെത്രാപ്പോലീത്താവന്ന് അടിസ്ഥാനക്കല്ലിടുകയും സഭാചിഹ്നമായി മേൽപറഞ്ഞ അച്ചന്മാർ രണ്ടാളേയും നിലത്തോളം നീണ്ടു കിടക്കുന്ന വീതിയുള്ള വെള്ള ഇടക്കെട്ടും മോറീസും ധരിപ്പിക്കയും ചെയ്തു. ഈ ആഘോഷകർമ്മത്തിനായി കാന്തിദോസ് മൂപ്പൻ പാതിരി അച്ചനും, നമ്മുടെ സഭയിൽ നിന്ന് തട്ടാഞ്ചേരി സ്കറിയാ അച്ചനും, സെക്രത്താരിമാരായ ആലപ്പാട്ടു പ്രഞ്ചു കത്തനാരച്ചനും, ജൂസെ പാതിരിയും, കുറവിലങ്ങാട്ടുപള്ളിയുടെ വികാരി നിധിയിരിക്കൽ മാണിയച്ചനും അയൽ പള്ളികളിൽ നിന്ന് മറ്റുപല പട്ടക്കാരും വന്നു കൂടിയിരുന്നു.

വാരാപ്പുഴനിന്ന് ഇവരോടു പ്രദർശിപ്പിച്ചിരുന്ന പ്രത്യേക ആദരവുകൊണ്ടും അച്ചന്മാർ രണ്ടു പേരുടെയും ബുദ്ധിമുട്ടു നിമിത്തവും അവർ പലരിൽ നിന്നു പിരിച്ച ധർമ്മം മുഖാന്തിരവും, പിടിയരി, കെട്ടുതെങ്ങ് മുതലായവയുടെ വരവുകൊണ്ടും ഉദ്ദേശം 8000 രൂപാ ചിലവു ചെയ്ത് രണ്ടു നിലയിൽ എട്ടുമുറികളായി ഒരു കെട്ടിടം പണികഴിപ്പിച്ച് അതിൽ പാർത്തുവരികയും, പള്ളി തറപൊക്കംവരെ കെട്ടിപൊക്കുകയും ചെയ്തു. ഇങ്ങനെയിരിക്കെ ടി. സഭയിൽ ചേരുന്നതിനായി മാന്നാനം മുതലായ സെമിനാരികളിൽ നിന്ന് പല ശെമ്മാശന്മാർ അവിടെ ചെന്നുകൂടി. അവർ പട്ടമേറ്റു കഴിയുമ്പോൾ ഓരോന്നായി സഭവിട്ടു പോയതിനാൽ സഭയുടെ അഭിവൃദ്ധി അധോഗതിയിലായി തീർന്നു. അച്ചന്മാരിൽ ഒരാളായ വാഴത്തറ കുഞ്ചെറിയാച്ചൻ അനേകം നാളായി പീഡിതനായി കിടന്നിരുന്ന അർശസ്സുദീനംകൊണ്ട് 1887 ജൂൺ മാസം 11-നു മരണം പ്രാപിക്കയും ചെയ്തു. ആയിടയ്ക്ക് (1887-ൽ) സുറിയാനിക്കാർക്കായി തൃശ്ശിവപേരൂരും, കോട്ടയത്തും രണ്ടു വികാരിയപ്പസ്തോലിക്കാമാർ നിയമിക്കപ്പെടുകയും, അവരുടെ മേലുള്ള വരാപ്പുഴ അധികാരം എടുക്കപ്പെടുകയും ചെയ്കയാൽ പാണാപള്ളിയിൽ താമസിച്ചിരുന്ന ചുരുക്കം ചില ശെമ്മാശന്മാർ സഭവിട്ടു

പോകയും അവരെ കോട്ടയം വികാരി അപ്പസോതോലിക്കായായ ലവീഞ്ഞുമെത്രാനച്ചൻ സെമിനാരികളിൽ എടുക്കയും ചെയ്തു.

കുഞ്ചെറിയാച്ചന്റെ മരണശേഷം ശേഷിച്ച ആളായ എരിമച്ചാടത്തു തോമ്മാച്ചൻ തന്റെ സഭയ്ക്കു നേരിട്ട അധോഗതിയിന്മേൽ ചിന്തിച്ചാറെ ഇനി തന്റെ പൂർവനിയോഗം അനുസരിച്ച് മലയാളത്തിലെ ക.നി.മൂ. സഭയിൽ തന്നെ ചേർന്നു മരിക്കണമെന്നു നിശ്ചയിക്കയും, ഈ നിശ്ചയത്തെ അന്നു നമ്മുടെ സഭയുടെ പ്രിയോർ ജനറാളായിരുന്ന ഇന്ത്യയുടെ ദെലഗാത്തപ്പസ്തോലിക്കാ ആയ ആയൂത്തി മെത്രാപ്പോലീത്തായെ ബോധിപ്പിക്കയും ചെയ്തു. അവിടുന്നു അപേക്ഷക്കാരന്റെ ആഗ്രഹത്തെ സ്വീകരിച്ചു പാണാപള്ളി ആശ്രമവും പള്ളിയും അവിടെയുള്ള സ്ഥാവരജംഗമ വസ്തുക്കൾ സമസ്തവും നമ്മുടെ സഭയ്ക്കു ഏൽപ്പിച്ചുകൊടുക്കാൻ കല്പന അയച്ചു. കല്പനപ്രകാരം അദ്ദേഹം 1890-ൽ മേല്പറഞ്ഞവയെല്ലാം മാന്നാനത്തു കൊവേന്തയുടെ പ്രിയോരച്ചനു തീറായി എഴുതി കൊടുത്തു. 1890 ജൂലൈ മാസം മുതൽ ചെത്തിപ്പുഴെനിന്നു (പാലക്കൽ) കുര്യച്ചനും മാന്നാനത്തു നിന്നു (പുളിക്കിൽ) ലെയോപ്പോൾദച്ചനും പാണാപള്ളിയിൽ ചെന്നു വസിച്ചു. 1891 ജനുവരി മാസത്തിൽ തോമാച്ചൻ മരണം പ്രാപിക്കയിൽ സ്കറിയാ അപ്രേം അച്ചൻ ശ്രേഷ്ഠനായി നിശ്ചയിക്കപ്പെട്ട് വരികയും, കുര്യച്ചൻ മാറിപ്പോകയും ചെയ്തു. സ്കറിയാ അപ്രേം അച്ചന്റെ അത്യുത്സാഹത്താൽ പള്ളിപണി മുന്നോട്ടു നടത്താൻ ഏർപ്പെടുകയും അതിനായി 190 രൂപാവരെ എഴുപുന്ന പാറായിത്തരകന്മാരിൽ നിന്നു പിരിച്ച് ആവശ്യപ്പെട്ട കല്ലു, കുമ്മായം മുതലായവ ശേഖരിക്കയും ചെയ്തെങ്കിലും അതിലേക്ക് തടസ്സം നേരിട്ടതിനാൽ ജീർണ്ണം ഭവിക്കാറായിരുന്ന പനമ്പുകപ്പേള ചുവരുകെട്ടി അകം വെള്ള തേച്ച് വെടിപ്പാക്കാനായി അതുപയോഗിച്ചു. ലെയോപ്പോൾദച്ചൻ പോയപ്പോൾ അദ്ദേഹത്തിന്റെ പേർക്ക് മിഖേൽ അച്ചൻ നിയമിക്കപ്പെടുകയും കഴിയുന്ന വിധത്തിൽ സഭയുടെ ക്രമങ്ങളൊക്കെ ഉണ്ടായിരുന്ന അച്ചന്മാർ കാത്തുവരികയും ചെയ്തുപോന്നു. ഇങ്ങനെ കാര്യങ്ങൾ നടന്നുവരുമ്പോൾ 1897 നവംബർ മാസത്തിൽ ഉണ്ടായ

ശ്രേഷ്ഠ സംഘത്തിൽ പാണാപള്ളി ആശ്രമം ഒരു വികാരിയാത്തു കൊവേന്തയായി ഉയർത്തപ്പെടുകയും വികാരിയായി അന്നു ചെത്തിപ്പുഴെ വികാരി ആയിരുന്ന പീലിപ്പോസച്ചനെ നിശ്ചയിക്കയും അന്നു മുതൽ അവിടെ ക്രമമായി വികാരിമാർ തിരഞ്ഞെടുക്കപ്പെടുകയും എല്ലാ ക്രമങ്ങളും സഭയുടെ നിയമങ്ങൾക്ക് അനുസരണമായി ആചരിച്ചു വരികയും ചെയ്യുന്നു.

**തേവര എന്നു പറയുന്ന ചങ്ങനാട്ടു കൊവേന്തയുടെ സ്ഥാപനം**

32. വാഴക്കുളത്തു കൊവേന്തയുടെ വികാരി ആയിരുന്ന യാക്കോബു മറിയം അച്ചൻ തന്റെ ഇടവകയായ കോന്തുരുത്തിപള്ളിക്കു സമീപെ ഒരു പള്ളിവെക്കണമെന്നു അനേക കാലം മുതൽ ആഗ്രഹിച്ചു വന്നിരുന്നു. ചങ്ങനാട്ടുകര ചുറ്റും കായലാകയാൽ അവിടെയുള്ള സാധുക്കളായ ജനങ്ങൾക്കു പള്ളിയിൽ സൗകര്യം പോലെ പോയി ദിവ്യകൂദാശകളും മറ്റും കൊക്കൊള്ളുന്നതിനു വളരെ ബുദ്ധിമുട്ടും പ്രയാസവും ഉണ്ടായിരുന്നു. അതുകൊണ്ട് അവിടെ നമ്മുടെ കർത്താവിന്റെ തിരുഹൃദയനാമത്തിൽ ഒരു പള്ളി വെക്കണമെന്നു നിശ്ചയിക്കയും ഈ നിശ്ചയത്തെ കോന്തുരുത്തി ഇടവകക്കാരോടു അറിയിച്ചാറെ അവർ അതിനു അനുകൂലികളായി അഭിപ്രായം പറയുകയും ചെയ്തു. ഈ വർത്തമാനം ലത്തീൻ, സുറിയാനി എന്ന രണ്ടു റീത്തിൽപെട്ടവരായ ചങ്ങനാട്ടു കരക്കാർ അറിഞ്ഞാറെ വളരെ സന്തോഷിച്ചു ഈ കാര്യത്തിൽ അദ്ദേഹത്തെ അതിനായി ഉത്സാഹിപ്പിക്കയും തങ്ങളുടെ ശക്തിക്കു തക്കപോലെയുള്ള ബുദ്ധിമുട്ടുകളും സഹായങ്ങളും ചെയ്തുകൊള്ളാമെന്നു വാഗ്ദാനം ചെയ്കയും അതിനായി അവരുടെ കയ്യൊപ്പുകൾ അടങ്ങിയ ഒരപേക്ഷ കൊടുക്കയും ചെയ്തു.

ഇതിനു ശേഷം തിരുഹൃദയത്തിന്റെ ഒരു സ്വരൂപവും 200 രൂപാ കൊടുത്തുള്ള സ്വന്തപേരിൽ ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലവും വാങ്ങി. പിന്നീടു 1879 നവംബർ മാസം 18-നു വാരാപ്പുഴ വികാരി അപ്പസ്തോലിക്കയായുടെ സഹായമെത്രാനും വിശുദ്ധ സിംഹാസനത്തിന്റെ പ്രത്യേക നിയമത്താൽ സുറിയാനിക്കാരെ തനിച്ചു ഭരിച്ചുവന്നയാളുമായ മർസ്ലീനോസ് മെത്രാനച്ചനോടു പള്ളിവെ

ക്കുന്നതിനുള്ള അനുവാദം വാങ്ങിച്ചതിനു പുറമെ ഇതിലേക്ക് കൊച്ചിസർക്കാരിന്റെ അനുമതിയും വാങ്ങിച്ചു തല്ക്കാലം ഒരു നെടുമ്പുര കെട്ടി 1879 ഡിസംബർ മാസം 25-നു നമ്മുടെ കർത്താവിന്റെ പിറവിത്തിരുന്നാൾ ദിവസത്തിൽ ആദ്യമായി അതിൽ കുർബാന ചൊല്ലി. വാഴക്കുളത്തു സെമിനാരിയിൽ ആയിടക്ക് പുത്തൻകുർബാന ചൊല്ലിയ പാലാപ്പള്ളി ഇടവക ചക്കൻകുളത്തു മത്തായിക്കത്തനാരച്ചനെ തന്റെ വേലയിൽ തന്നെ സഹായിക്കാനായി നിയമിച്ചാക്കി.

അനന്തരം 1880 നവംബർ മാസത്തിൽ വാരാപ്പുഴ നിന്നു മേൽസ്തുതിക്കപ്പെട്ട മർസ്സലീനോസ് മെത്രാനച്ചൻ വന്ന് പള്ളിക്കു തിരുഹൃദയത്തിന്റെ നാമത്തിൽ അടിസ്ഥാനക്കല്ലിടുകയും, ഉടനെ പള്ളി പണി ആരംഭിക്കയും ചെയ്തു. ഈ മലയാളത്തിൽ നമ്മുടെ കർത്താവിന്റെ തിരുഹൃദയനാമത്തിൽ സ്ഥാപിതമായിട്ടുള്ള ആദ്യ പള്ളി ഇതായിരുന്നു. പള്ളിപണി നടത്തിയത് ഇവിടെയുണ്ടായ നേർച്ച കാഴ്ചകൾകൊണ്ടും ജനങ്ങളുടെ ധർമ്മസഹായവും യാക്കോവു മറിയം അച്ചന്റെ ശിഷ്യരും സ്നേഹിതരുമായ പട്ടക്കാരുടേയും മറ്റും സഹായംകൊണ്ടുമാണ്. ഇതിനിടക്ക് പള്ളിയോടു ചേർന്ന രണ്ടു നിലയുള്ള ഒരു ബംഗ്ലാവും പണികഴിപ്പിച്ചു. മേൽപറഞ്ഞ മത്തായിക്കത്തനാരച്ചൻ മാറിപ്പോയപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിൽ പള്ളി ഇടപെട്ട ജോലികൾ നോക്കുന്നതിനായി നാഗപ്പുഴ ഏഴാനിക്കാട്ടു യാക്കോക്കത്തനാരച്ചനെ നിശ്ചയിച്ചാക്കി. പള്ളി പണി ഉദ്ദേശം നാലു വർഷം കൊണ്ട് മുഖിയാക്കി.

വിശേഷ ദാനങ്ങൾ ചെയ്തവരിൽ ഒന്നാമൻ പെരുമാനൂർ പുത്തൻപള്ളി ഇടവക മനയത്തു വക്കൊ എന്നയാളാണ്. ഇയാൾ 200 രൂപാ വില പിടിക്കുന്ന ഒരു വെള്ളിക്കുരിശും, 40 രൂപാ വില പോകുന്ന കർത്താവിന്റെ ഒരു പാസ്സ് രൂപവും ദാനമായി വെച്ചതു കൂടാതെ, പള്ളി പണിക്കായി ഏതാനും തടികളും കൊടുക്കയുണ്ടായി. കോന്തുരുത്തി ഇടവക കാനാട്ടു വർക്കിയെന്നയാൾ ഒരു ഗീവറുഗീസ് സഹദായുടെ കൊത്തുരൂപവും, കാട്ടിത്തറ ലോനൻ ഒരു ഉയിർപ്പു രൂപവും, മാതാവിനായി ഒരു പൊൻമുടിയും,

കൂനൻവീട്ടിൽ ചെറിയ എന്നയാൾ വിശുദ്ധ കുർബാന സംഗ്രഹിച്ചു വെക്കുന്നതിനുള്ള ഒരു മന്ദിരവും (സക്രാരി), വലിയതറയിൽ ലോനൻ എന്നയാൾ ഉണ്ണിശോയുടെ ഒരു രൂപവും ദാനമായി പള്ളിക്കു കൊടുത്തു. മറ്റു ചിലർ വേറെ ചില ദാനങ്ങളും കൊടുത്തിട്ടുണ്ട്. മേൽപറഞ്ഞ എഴാനിക്കാട്ടു യാക്കോച്ചൻ അനേകം കാലം ഇവിടെ ഇരുന്ന് കാര്യങ്ങൾ അന്വേഷിച്ച് വന്നപ്പോൾ തന്റെ സ്വന്തപണം കൊണ്ട് പള്ളിക്കുവളരെ സഹായം ചെയ്തിട്ടുള്ള ആളാണ്.

1886-ൽ ഇൻഡ്യയിൽ മേലദ്ധ്യക്ഷ സ്ഥാനക്രമം (Hierarchy) 13-ാം ലെയോൻ മാർപാപ്പ ഏർപ്പെടുത്തിയപ്പോൾ നൂതനമായി സ്ഥാപിച്ച കൊച്ചി രൂപതയുടെയും, വാരാപ്പുഴ അതിരൂപതയുടെയും അധികാരാതിർത്തികൾ നിശ്ചയിച്ചതിൽ ചങ്ങനാട്ടുപള്ളി കൊച്ചി രൂപതയിൽ ചേർത്തിട്ടുള്ള പള്ളികളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടതിനാൽ ഇവിടെ കൊച്ചി രൂപതക്കാർ അധികാരം നടത്തുന്നതിനായി വന്നു. അപ്പോൾ കോന്തുരുത്തി ഇടവകക്കാരും വാഴക്കുളത്തു കൊവേന്തയുടെ പ്രിയോരും ചങ്ങനാട്ടു (കപ്പേള) പള്ളി സുറിയാനിക്കാരായ കർമ്മലീത്താ മൂന്നാം സഭക്കാരുടെ വകയാണെന്നു വാദിക്കയും അതിലേക്കു അനേകം തെളിവുകൾ റോമ്മായിലേക്കും ഇന്ത്യയുടെ ദെലഗാത്തപ്പസ്തോലിക്കായുടെ കച്ചേരിയിലേക്കും അയക്കുകയും ഇതിനു അനുമതി നല്കുകയും അടിസ്ഥാനക്കല്ലിടുകയും ചെയ്തു. മർസ്സലീനോസ് മെത്രാനച്ചനും ചങ്ങനാട്ടു കപ്പേള സുറിയാനിക്കാർക്കു ചെല്ലേണ്ടതാണെന്നു സാക്ഷികൊടുക്കയും ചെയ്തു.

1887 സെപ്റ്റംബർ മാസം 16-നു പ്രൊഫഗാന്ത തിരുസംഘവും പള്ളിക്കടുത്ത അസാമാന്യ കാര്യങ്ങളെ തീർച്ചചെയ്യുന്ന തിരുസംഘവും യോജിച്ചുണ്ടായ ആലോചനയിൽ ചങ്ങനാട്ടുപള്ളി സുറിയാനിക്കാരുടെ വകയാണെന്നും, കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ കാർലോസ് ലവീഞ്ഞു മെത്രാനച്ചന്റെ അധികാരത്തിൽ അതിരിക്കേണ്ടതാണെന്നു തീർച്ച ചെയ്കയും ഈ തീർച്ചയെ 13-ാം ലെയോൻ പാപ്പാ ഉറപ്പിക്കയും ചെയ്തു. ദെലഗാ

ത്തപ്പസ്തോലിക്കാ ഈ സംഗതികളൊക്കയും വാഴക്കുളത്തു പ്രിയോരച്ചനെ അറിയിക്കയും ചെയ്തു.

പിന്നീട് 1890 ഒക്ടോബർ മാസം 25-നു മേൽ പ്രസ്താവിച്ച കാർലോസ് ലെവീഞ്ഞ് മെത്രാനച്ചൻ ഇതു നമ്മുടെ സഭക്കായി ഒഴിഞ്ഞുതന്നു. ഒഴിഞ്ഞുതരുന്നതായി അദ്ദേഹം എഴുതിതന്ന കല്പന താഴെ കാണിക്കുന്നു. ‘‘നാം മിലേവിയായുടെ മെത്രാനും കോട്ടയം വികാരി അപ്പസ്തോലിക്കായും ആയ ഈശോ സഭയിലെ കാർലോസ് ലവീഞ്ഞ്, സുറിയാനിക്കാരായ കർമ്മലീത്താ മൂന്നാം സഭക്കാരുടെ ദെലഗാത്ത് പ്രിയോരാകുന്ന ബ. യോഹന്നാൻ അക്രൂസ് യൊസേപ്പച്ചനു ടി. സഭയുടെ റെഗുളക്കുതക്കവണ്ണം ദൈവശുശ്രൂഷയും ആത്മരക്ഷയും വർദ്ധിപ്പിക്കുന്നതിനായി തേവരെ എന്നു പറയപ്പെടുന്ന ദേശത്തുള്ള ചങ്ങനാട്ടു എന്നു പേരായ കപ്പേളയെ അതിനടുത്ത എല്ലാ അർഹതകളോടും കട ങ്ങളോടും കൂടെ പൂർണ്ണ സ്വാതന്ത്ര്യത്തിനടുത്ത വസ്തുവായി ദാനം ചെയ്യുന്നു.” എന്നു കോട്ടയത്തു നമ്മുടെ അരമനയിൽ നിന്നു 1890-ാം കാലം ഒക്ടോബർ മാസം 25-നു.

ഇതിനുശേഷം 1892 ജനുവരി മാസം 6-നു പ്രൊഫഗാന്ത തി രുസ്സംഘത്തിൽ നിന്നു ഇത് ഒരു കൊവേന്തയാക്കുന്നതിനു അനു മതി നൽകുകയും അതിൻപ്രകാരം വാഴക്കുളത്തു കൊവേന്തയുടെ പ്രിയോരച്ചന്റെ അധികാരത്തിൻ കീഴ് അവിടെ നിന്നു ഏതാനും അച്ചന്മാർ ഇവിടെ വന്നു കാര്യങ്ങൾ നോക്കുകയും ചെയ്തുവ ന്നു. ഇവിടുത്തെ ചിലവുകൾക്കു പണം പോരാതെ വന്നപ്പോൾ വാഴക്കുളത്തു കൊവേന്തയിൽനിന്നു അതു വഹിക്കയും എറണാ കുളത്തു സുറിയാനിപ്പള്ളി ഇടവക ചൂളക്കൽ ലോനൻ പാപ്പു ദാനം ചെയ്ത 100 രൂപാകൊണ്ടും മറ്റും പള്ളിയുടെ മുഖവാരപ്പണിയുടെ അറ്റകുറ്റം തീർക്കയും ചെയ്തു.

1900 ജൂൺ മാസത്തിൽ മാന്നാനത്തു കൊവേന്തയിൽവച്ചു ണ്ടായ ശ്രേഷ്ഠസംഘത്തിൽ ഇതു ഒരു വികാരിയാത്തു കൊവേ ന്തയായി സ്ഥാപിക്കയും വികാരിയായി ആരംഭം മുതൽ ഈ കപ്പേ

ളക്കാര്യത്തിൽ അതിതല്പരനായിരുന്ന മഞ്ചേരിയിൽ യൗസേപ്പു അന്തോനിയച്ചനെ തിരഞ്ഞെടുത്തു നിശ്ചയിക്കയും ചെയ്തു. അന്നുമുതൽ ക്രമമായി വികാരിമാർ തിരഞ്ഞെടുക്കപ്പെടുകയും കൊവേന്ത ക്രമങ്ങളൊക്കെയും ഭദ്രമായി കാത്തനുസരിച്ചുവരി കയും ചെയ്തു. വെണ്ടുരുത്തി, പെരുമാന്നൂർ എന്നീ സമീപേയുള്ള ലത്തീൻപള്ളി ഇടവകക്കാർ തങ്ങൾ ഈ കൊവേന്തപള്ളിക്കായി 2000 രൂപാവരെ കൊടുത്തിട്ടുണ്ടെന്നും അതിനു ഒന്നുകിൽ പ്രതി ഫലം കൊടുക്കയൊ അതല്ലാത്ത പക്ഷം അവരുടെ ഇടവകക്ക ടുത്ത ആത്മദിഷ്ഠതികൾ കൊവേന്തയിൽ നിന്നു നടത്തികൊടു ക്കയോ ചെയ്യണമെന്നും ദെലഗാത്തപ്പസ്തോലിക്കായുടെ പക്കലും വാരാപ്പുഴമെത്രാപ്പോലീത്തായുടെ പക്കലും ഹർജികൾ ബോധി പ്പാച്ചാറെ പ്രൊഫഗാന്ത തിരുസംഘത്തിൽ നിന്നു യാതൊരു ഫലവും കൊടുക്കേണ്ടതല്ലെന്നു തീർച്ച ചെയ്കയും ഈ വിവരം 1900 ആഗസ്റ്റ് മാസം 14-ാം തീയതി വാരാപ്പുഴ മെത്രാപ്പോലീത്താ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വിശുദ്ധ കുർബാന എഴുന്ന ള്ളിച്ചുവെക്കാനുള്ള തിരുപ്പാത്രം മുതലായവക്കു മംഗലാപുരത്തു നിന്നു മനുവേൽ ലോബോ എന്ന മാന്യൻ 120 രൂപായും ഈ കൊവേന്തയുടെ സ്ഥാപകനായ കാനാട്ടു യാക്കോബു മറിയം അച്ചന്റെ അനന്തിരവൻ കുഞ്ഞാക്കൊ കത്തനാരച്ചൻ 152 രൂപാ വിലയുള്ള ഒരു മണിയും കൊച്ചിക്കോട്ടുപള്ളി ഇടവക അറയ്ക്കൽ തൊമ്മൻ കുട്ടിമൂപ്പൻ 122 രൂപാ വിലയുള്ള ഒരു മണിയും ദാനം ചെയ്തു. കാനാട്ടു കുടുംബത്തിലെ ഒരു അംഗമായ യോഹന്നാൻ എന്ന സഹോദരൻ ക്ഷയരോഗത്താൽ മരണം പ്രാപിച്ച് ഈ പള്ളി യിൽ ഭൂദാനം ചെയ്യപ്പെട്ടു.

33. നമ്മുടെ ഓരോ കൊവേന്തയിൽ ഇതിനിടക്കു നടന്ന ചില സംഗതികളും മരിച്ച ആളുകളുടെ വിവരവും ഇവിടെ പറയു ന്നത് ചരിത്രപൂർണ്ണതക്കു ആവശ്യമായിരിക്കുകയാൽ അവയെ താഴെ എഴുതുന്നു. 1891-ൽ ഏൽത്തുരുത്തു കൊവേന്തയോടു ചേർന്ന ഒരു കരകൗശലശാല ഏർപ്പെടുത്തുകയും അതിനു കൊച്ചിസർക്കാരിൽ നിന്നു ഒരു ഗ്രാന്റു പ്രതിമാസം അനുവദിച്ചു

കിട്ടുകയും ചെയ്തു. 1894 മുതൽ ഇവിടെ അച്ചടി തുടങ്ങുകയും അച്ചുകൂടം കരകൗശല ശാലയുടെ ഒരു ഭാഗമായി ചേർക്കയും ചെയ്തു. 1897-ൽ കൂനമ്മാവുങ്കലെ ഹൈസ്ക്കൂൾ അവിടെ നിന്നും എടുത്തു എറണാകുളത്തു സ്ഥാപിച്ചു. ആ സന്ദർഭത്തിൽ അവിടെ പോയി പഠിച്ചിരുന്ന നമ്മുടെ യോഗാർത്ഥി കുട്ടികളിൽ ഏൽതുരുത്തിൽ പാർത്തു പഠിക്കാൻ സൗകര്യമുള്ളവരെ അവിടേക്കു മാറ്റുകയും അവർ ഏൽതുരുത്തിലെ സ്കൂളിൽ പോയി പഠിക്കയും ചെയ്തുപോന്നു. 1899 ജൂൺ മാസം 6-നു കൊച്ചി രാജാവു തിരുമനസ്സുകൊണ്ട് ആശ്രമം, അച്ചുകൂടം, കരകൗശലശാല മുതലായ കെട്ടിടങ്ങളെ സന്ദർശിക്കയും എത്രയും ആഘോഷപൂർവ്വം തിരുമനസ്സിലെ കൈക്കൊള്ളുകയും ചെയ്തു. തിരുമനസ്സുകൊണ്ടു ഒരു മണിക്കൂർ നേരംവരെ ഇവിടെ താമസിച്ചു. കരകൗശലശാലയെ സംബന്ധിച്ചു എത്രയും തൃപ്തികരമായ ഒരു സൂചകക്കുറിപ്പു (ഡയറി) എഴുതിയിടുകയും ചെയ്തു. ദിവാൻ രാജഗോപാലാചാരിയുടെ അത്യുത്സാഹത്താലും ദിവാനൊരുമിച്ചുമാണ് രാജാവു ആശ്രമത്തിൽ എഴുന്നള്ളിയതു. ഏൽത്തുരുത്തു കൊവേന്തക്കു സഹായം ചെയ്തിട്ടുള്ളവരിൽ പ്രധാനികൾ അരണാട്ടുകര ചിറമ്മേൽ തരകന്മാരും ഒല്ലൂർ തേറാട്ടിൽ കല്ലൂക്കാരന്മാരുമാണ്. മണലൂർ താണിക്കൽ കോടങ്കണ്ടത്തു യൗസേപ്പു എന്നയാൾ പല വർഷംവരെ കൊവേന്ത വക കാര്യങ്ങൾ വളരെ ജാഗ്രതയോടെ നോക്കിവരികയും 100 രൂപാ പാട്ടം കിട്ടാൻ തക്ക ഒരു വസ്തു കൊവേന്തക്കു ദാനമായി കൊടുക്കയും 1883 ഫെബ്രുവരി മാസത്തിൽ ഭാഗ്യപ്പെട്ട ഒരു മരണം പ്രാപിക്കയും ചെയ്തു. ഇയാൾ ഒരു വലിയ ധനവാൻ ആയിരുന്നെങ്കിലും തുണസഹോദരനായി സഭയിൽ ചേരാൻ ആഗ്രഹിച്ചു അപേക്ഷിച്ചിരുന്നു. എന്നാൽ ഇയാളുടെ പ്രായാധിക്യവും ഭാരിച്ച ശരീരപ്രകൃതിയും നിമിത്തം കൊവേന്തവക ബംങ്ക്ളാവിൽ ഒരു സന്യാസിയെപ്പോലെ ജീവിച്ചാൽ മതി എന്നു അയാളോടു അച്ചന്മാർ ഉപദേശിച്ചതിനാൽ അതനുസരിച്ചു ദാരിദ്ര്യം, കീഴ്വഴക്കം, എളിമ എന്നീ പുണ്യങ്ങളിൽ സന്യാസികൾക്കു മാതൃകയായി തീരാൻ തക്കവണ്ണം ജീവിച്ചു വന്നയാളാണ്. അരാണുട്ടുകരെ അയിനിക്കൽ പൂത്തോക്കാരൻ മാത്തു എന്നയാൾ

കുടുംബസഹിതം ഇവിടെ സമീപെ വന്നു പാർക്കയും പല സഹാ യങ്ങളും കൊവേന്തക്കു ചെയ്കയും ഏറിയ കാലം ഭക്തജീവിതം കഴിച്ചതിനുശേഷം ആദ്യം അയാളും പിന്നീടു ഭാര്യയും ഭാഗ്യമര ണത്താൽ തങ്ങളുടെ ആയുഷ്ക്കാലം ഇവിടെ അവസാനിപ്പി ക്കയും ചെയ്തു. "പ്രാചീനതാരക" എന്ന പത്രം ഇവിടുത്തെ പ്രസ്സിൽ നിന്നു പ്രസിദ്ധപ്പെടുത്തി തുടങ്ങിയത് 1904-ൽ ആണ്.

രണ്ടാം ഭാഗം 12-ാം അദ്ധ്യായം 48-ാം ലക്കത്തിൽ പുളിങ്കു ന്നുപള്ളി പണി കഴിപ്പിച്ച് അതിൽ കുർബാന മുതലായ ദിവ്യ കർമ്മങ്ങൾ നടത്തിത്തുടങ്ങിയ വിവരം പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനുശേഷം 1885-ന്റെ അവസാനത്തിൽ റോമ്മയിൽ നിന്ന് സ്വീകരണം പ്രാപിച്ച സഭയുടെ ന്യായപ്രമാണത്തിന് അനുസര ണമായി കുര്യാക്കോസ് ബൊക്കാർദച്ചനെ (പാലയ്ക്കൽ) ഈ ആശ്രമത്തിന്റെ വികാരിയായി തിരഞ്ഞെടുത്തു. അന്നുവരെ ക്രമ പ്രകാരമുള്ള വികാരിമാർ ഇവിടെ നിയമിക്കപ്പെട്ടിരുന്നില്ല. അതു കൊണ്ട് സഭയുടെ നിയമങ്ങളും ചട്ടങ്ങളും മുഴുവനായി ഇവിടെ കാത്തു അനുസരിക്കുന്നതിന് നിവൃത്തിയില്ലാതെപോയി. എന്നാൽ വികാരിയെ നിശ്ചയിച്ച കാലം മുതൽ ന്യായപ്രമാണംപോലെ എല്ലാ കാര്യങ്ങളും നടത്തിത്തുടങ്ങി. 1889-ൽ മാന്നാനത്തു കൊവേന്ത യിൽവച്ച് ഉണ്ടായ അസാധാരണ സംഘത്തിൽവച്ച് ഈ ആശ്രമം ഒരു പ്രിയോർ കൊവേന്തയായി സ്ഥാപിക്കപ്പെടുകയും അമ്പഴ ക്കാട്ടെ കൊവേന്തയുടെ പ്രിയോർ ആയിരുന്ന തളിയത്തു യോഹ ന്നാൻ ഏവൻ ഗേലിസ്താ അച്ചനെ ഇവിടത്തെ ഒന്നാമത്തെ പ്രിയോരായി നിയമിക്കയും ഉണ്ടായി. പിന്നീട് 1889 മുതൽ പീലി പ്പോസച്ചൻ പ്രിയോർ ആയിരിക്കുമ്പോൾ കൊവേന്തക്കു സമീപ മുണ്ടായിരുന്ന പുരയിടങ്ങൾ വാങ്ങി, കൊവേന്തപ്പറമ്പിനോടു ചേർക്കയും കൊവേന്തയുടെ പടിഞ്ഞാറുവശത്തുള്ള ചാർത്തു പണികഴിപ്പിക്കയും ചേയ്തു.

പള്ളിയുടെ മുഖവാരത്തിനും മറ്റും വളരെ കേടുഭവിക്കയും ചുവരിടിഞ്ഞു വീഴാൻതക്ക ഭാവത്തിൽ ആകയും ചെയ്തതിനാൽ ആ കേടുകൾ തീർക്കണമെന്ന് കല്പന ഉണ്ടാകയും അതിൻപ്ര

കാരം 1894-ൽ പള്ളിക്കുള്ള കേടുകൾ എല്ലാം തീർത്ത് പണികഴിപ്പിക്കയും ചെയ്തു. 1898-ൽ ഇവിടെ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കാൻ ഏർപ്പെടുകയും അതിൽ സെക്കണ്ട് ഫാറം വരെയുള്ള ക്ലാസ്സുകൾ ഇട്ടു നടത്തുകയും ചെയ്തു. സ്കറിയാ അപ്രേം (കൈനകരി കളിപ്പറമ്പിൽ) അച്ചൻ ആരംഭം മുതൽ ഏറിയകാലം അതിന്റെ മാനേജർ സ്ഥാനം വഹിച്ചു നടത്തി. 1900-ൽ അറപ്പുരയും അതിനോടു ചേർന്നുള്ള സാമാനമുറികളും പണിയിക്കയും 1903-ൽ മുൻപുണ്ടായിരുന്ന തേങ്ങാക്കൂടും വള്ളപ്പുരയും പൊളിച്ചു വലുതായി പണികഴിപ്പിക്കയും ചെയ്തു.

രണ്ടാം ഭാഗം 13-ാം അദ്ധ്യായം 50 ലക്കത്തിൽ അമ്പഴക്കാട്ടു കൊവേന്തപ്പള്ളിക്ക് വന്ദ്യ ഓർമ്മയ്ക്കു യോഗ്യനായ മർസ്സലീനോസ് മെത്രാനച്ചൻ അടിസ്ഥാനമിട്ടതും തിരുഹൃദയത്തിന്റെയും, അമലോത്ഭവമാതാവിന്റെയും സ്വരൂപങ്ങൾ ദാനം ചെയ്തതും പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1878-ൽ അടിസ്ഥാനമിട്ടു പണിതു വന്നിരുന്ന പള്ളി 1894-ൽ ഒക്ടോബർ മാസം 21-നു മുഖിയാക്കുകയും* പ്രതിഷ്ഠാകർമ്മം ആഘോഷമായി അന്നേദിവസം നടത്തുകയും 22-നു പിറ്റേദിവസം വിശുദ്ധ നാഥയായ ത്രേസ്യാ പുണ്യവതിയുടെ തിരുനാൾ പുത്തൻപള്ളിയിൽ ഘോഷിക്കുകയും ചെയ്തു. ഈ ആഘോഷത്തിന് പ്രിയോർ ജനറാൾ വന്ദ്യ ബർണ്ണാർദ് മൂപ്പൻ പാതിരി അച്ചനും, മാന്നാനം മുതലായ കൊവേന്തകളിൽ നിന്നും പല അച്ചന്മാരും വന്നു കൂടിയിരുന്നു.

ഈ കൊവേന്തക്കു മഹത്തായ ദാനങ്ങൾ ചെയ്ത കണിച്ചായി ഇട്ടൂപ്പിന്റെ അനുജൻ കുഞ്ഞുവറീയതും അന്ന എന്ന മകളും പള്ളി പണിക്കുവേണ്ടി 1500 രൂപാവരെ ദാനം ചെയ്തതിനു പുറമെ 15 പറക്കു നിലവും ദാനമായി വച്ചുകൊടുത്തു. പള്ളിയിൽ പ്രധാന സ്ഥലത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്ന വിശുദ്ധ ത്രേസ്യായുടെ കൊത്തുരൂപവും ഇയാളുടെ ദാനമാണ്. കൊല്ലം രൂപതയിൽചേർന്ന

*ഈ പള്ളി പണിആരംഭംമുതൽ നടത്തി മുഖിയാക്കിയത് ആ കൊവേന്ത നിവാസിയായിരുന്ന ബെർണ്ണർദീനോസച്ചൻ (കുരിശുങ്കലച്ചൻ) ആണ്. ഇദ്ദേഹം പണിവകയ്ക്കായി പലസ്ഥലങ്ങളിൽ പോയി ധർമ്മം പിരിച്ചിട്ടുണ്ട്.

അഞ്ചുതെങ്ങുപള്ളിയിൽ നിന്നും മേൽപറഞ്ഞ ഇട്ടൂപ്പിന്റെ അസ്ഥികൾ എടുത്ത് പുത്തൻപള്ളിയിൽ വളരെ ആഘോഷമായി അടക്കം ചെയ്കയും, മരണ ദിവസത്തിൽ പ്രതിവർഷം പാട്ടുപൂജയും കുഴിയോത്തും നടത്തിവരികയും ചെയ്യുന്നു. ഇട്ടൂപ്പിന്റെ അനുജനായ മേൽപറഞ്ഞ കുഞ്ഞുവറീതിന്റെയും ഭാര്യ അന്നയുടെയും മൃതശരീരങ്ങൾ ഇവിടെ തന്നെ അടക്കം ചെയ്കയും മൂന്നുപേരുടെയും പേരുകൾ കവറിടത്തിൽ ഇട്ടിരിക്കുന്ന മാർബിൾ കല്ലിന്മേൽ വിവരങ്ങളോടുകൂടെ കൊത്തിയിടുകയും ചെയ്തു.

1904-ൽ ലോകമൊട്ടുക്കു വളരെ ഘോഷമായി നടത്തപ്പെട്ട അമലോത്ഭവ പ്രസ്താവനയുടെ സ്വർണ്ണജൂബിലി അവസരത്തിൽ ആണ്ടുതോറും ഡിസംബർ മാസം 8-നു തലേദിവസം അവസാനിക്കത്തക്കവണ്ണം 40 മണി ആരാധന എന്ന വിശുദ്ധ ഭക്തകൃത്യം ഈ ആശ്രമദേവാലയത്തിൽ ആരംഭിച്ചു നടത്തിത്തുടങ്ങി. ഇതിനായി ത്രിശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കാ മേനാച്ചേരിൽ മെത്രാനച്ചൻ വരികയും വളരെ ആഘോഷമായി എതിരേറ്റു കൈക്കൊള്ളുകയും ചെയ്തു. നാല്പതുമണി ആരാധന എന്ന ഭക്തികൃത്യം ഇവിടെ നടത്തുന്നതിന് അതി താല്പര്യം ചെയ്ത സഭയുടെ പ്രിയോർ ജനറാൾ അലക്സാന്ത്ര യൗസേപ്പച്ചനും ഇതിനു വന്നുകൂടിയിരുന്നു.

34. രണ്ടാം ഭാഗം 14-ാം അദ്ധ്യായം 53-ാം ലക്കത്തിൽ മുത്തോലി കൊവേന്തക്കും പള്ളിക്കും അടിസ്ഥാനമിട്ടതും കപ്പേളപ്പണി തീർത്തതും അതിൽ ദിവ്യകർമ്മങ്ങൾ നടത്തിത്തുടങ്ങിയതും പ്രസ്താവിച്ചിട്ടുണ്ടല്ലോ. റോമ്മയിൽ നിന്നു ന്യായപ്രമാണം ആദ്യമായി അയച്ചു തന്നതായ 1885-മാണ്ടിൽ കൂനമ്മാവുകൊവേന്തയിൽവച്ച് നടത്തിയ ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പിൽ ഈ കൊവേന്തയുടെ ഒന്നാമത്തെ വികാരി ആയി മത്തായി ഗ്രിഗോരി (കൊടുപാടം) യൗസേപ്പച്ചനെ തിരഞ്ഞെടുത്തു. അടിസ്ഥാനമിട്ടിരുന്ന പുതിയ കൊവേന്ത, പണിയിക്കുന്നതിനു വികാരി അച്ചൻ ഏർപ്പെടുകയും ലെയോനാർദച്ചൻ പണി നടത്തുകയും ചെയ്തു. ഈ പണി നടത്തുന്നതിനു കാരകുഴക്കൽ വലിയച്ചൻ ദാനം ചെയ്ത

പണം വളരെ സഹായിച്ചു. ഇദ്ദേഹം ആ കൊവേന്തയ്ക്ക് ഉപകാരം ചെയ്തിട്ടുള്ളവരിൽ പ്രഥമനാണ്. ചേർപ്പുങ്കൽ പള്ളി ഇടവക കുളപ്പുരത്താഴെ യൗസേപ്പച്ചൻ വ്യാകുലമാതാവിന്റെ കൊത്തുരൂപം (ഇപ്പോൾ ഇരിക്കുന്ന) നമ്മുടെ ആശ്രമദേവാലയത്തിനു ദാനം ചെയ്തു. ഇതേമാതിരി തന്നെ കട്ടക്കയത്തു ഇട്ടിമാത്തനച്ചനും താൻ ഉപയോഗിച്ചിരുന്ന കാസായും കുർബാന തക്സായും മറ്റും ദാനം ചെയ്കയുണ്ടായി. മാധവപ്പള്ളിൽ വറുഗീസ് തിരുഹൃദയത്തിന്റെ രൂപവും തലക്കുളത്തിക്കാരുടെ വകയായി ശുദ്ധയൗസേപ്പു പിതാവിന്റെ കൊത്തുരൂപവും ദാനം ചെയ്തു. അപ്രകാരം തന്നെ മേനാമ്പറമ്പിൽ ഇട്ടിച്ചെറിയതും ദേഹംകൊണ്ടും ദ്രവ്യംകൊണ്ടും വളരെ സഹായം ചെയ്തിട്ടുള്ള ഒരാളാണ്. തെരുവിൽ മത്തായി, നെല്ലിപ്പുഴ ഇട്ടി, നാഗനോലിൽ പുതിയാത്തു തൊമ്മൻ എന്നിവരും ആരംഭകാലത്തു കൊവേന്തപണിക്ക് വളരെ സഹായം ചെയ്തിട്ടുണ്ട്.

ലെയോനാർദച്ചന്റെ അത്യുത്സാഹത്താൽ പുതിയ കൊവേന്തയുടെ ഒരു ഭാഗം തീർത്തു കഴുക്കോൽ ഇറക്കി ഓടുമേച്ചിലും തീർത്തു ഇട്ടിരുന്നു. എങ്കിലും അതിൽ പാർപ്പുതുടങ്ങുന്നതിന് പിന്നെയും ചില പണികൾ നടത്താനുണ്ടായിരുന്നു. 1889 മെയ് മാസത്തിൽ മാന്നാനത്തു കൊവേന്തയിൽ വെച്ചുണ്ടായ ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പിൽ ഇവിടുത്തെ വികാരിയായി യാക്കോബു (പാലാക്കുന്നേൽ) യോഹന്നാൻ അച്ചൻ നിയമിക്കപ്പെട്ടു. ഉടനെ തന്നെ പുതിയ കൊവേന്തയിൽ പാർപ്പുതുടങ്ങാൻ തക്കവണ്ണം തീരാനുണ്ടായിരുന്ന പണികൾ നടത്തുകയും അതിനായി അന്നു വാഴക്കുളത്തു കൊവേന്തയിൽ വസിച്ചിരുന്ന ലെയോനാർദച്ചൻ പ്രിയോർ ജനറാളായ ഇന്ത്യയുടെ ദെലഗാദ് അപ്പസ്തോലിക്കായുടെ കല്പനപ്രകാരം ഇവിടെ വന്നു പണി നടത്തുകയും ടി. ആണ്ടു നവംബർ മാസം 1-നു സകല ശുദ്ധമാക്കപ്പെട്ടവരുടെ തിരുനാൾ ദിവസത്തിൽ പുതിയ കൊവേന്തയിൽ പാർപ്പു തുടങ്ങുകയും ചെയ്തു. 1897-ൽ പുത്തൻപള്ളി പണികഴിക്കാൻ ഏർപ്പാടുകൾ ചെയ്തു. ആദ്യം പള്ളിക്കായി ഇട്ടിരുന്ന അടിസ്ഥാനം തെക്കു

വടക്കായിട്ടായിരുന്നു. അതു ഭേദപ്പെടുത്തി കുഴക്കു പടിഞ്ഞാറായി അടിസ്ഥാനമിട്ടു പണി തുടങ്ങി. പലരിൽ നിന്നും പല പ്രാവശ്യ മായും കിട്ടിയ ധർമ്മസഹായം കൊണ്ടു ഏതാനും പണികൾ നട ന്നു. കടശ്ശി പഴയകപ്പേള പൊളിച്ചു അതിന്റെ കഴുക്കോൽ ഇതിനു പകരിപ്പിക്കാമെന്നു നിശ്ചയിക്കയും മേൽക്കൂടിൽ വലിയ ഭാഗം അതുകൊണ്ടു തീരുകയും ചെയ്തു. അനന്തരം പണി മുന്നോട്ടു നടത്താൻ നിവൃത്തിമാർഗ്ഗം ഇല്ലാത്തതിനാൽ തൽക്കാലം കടം വാങ്ങിയെങ്കിലും പണി മുഖിയാക്കി പുത്തൻപള്ളിയിൽ കുർബാന മുതലായ ദിവ്യകർമ്മങ്ങൾ നടത്താൻ നിശ്ചയിക്കയും 2000-ൽ പരം രൂപാകൊണ്ടു ഒരു വിധത്തിൽ പ്രധാന പണികൾ നടത്തുകയും 1904 നവംബർ മാസം 27-നു പുത്തൻപള്ളിയുടെ ആശീർവ്വാദ കർമ്മം നടത്തുകയും ചെയ്തു. ആശീർവ്വാദകർമ്മം നടത്തിയതു ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ അവർകളായിരുന്നു. ഈ സന്ദർഭത്തിൽ ഒരു പൊലിവു നടത്തുകയും അതിൽ നിന്നു വാങ്ങിയ കടത്തിൽ ഒരു ഭാഗം വീട്ടുകയും ചെയ്തു. പള്ളിപണി യുടെ ആരംഭം മുതൽ അവസാനംവരെ പണികൾ ഒക്കയും വഹിച്ചു നടത്തിയതു മേൽപ്പറഞ്ഞ ലെയോനാർദച്ചനാണ്. ഈ വിഷയത്തിൽ ഇദ്ദേഹം ചെയ്ത പരിശ്രമം ചില്ലറയൊന്നുമല്ലായി രുന്നു.

യാക്കോബ് യോഹന്നാനച്ചന്റെ ശേഷം 1894-ൽ ഇവിടേക്കു വികാരിയായി വന്നതു ക്രിസോസ്തോമ്മാസ് അച്ചനും പിന്നീടു 1897-ൽ അഗുസ്തീനോസച്ചനും ആയിരുന്നു. ഇദ്ദേഹം വികാരി യായിരുന്ന കാലത്തു ശീസ്മയിൽ നിന്നു മനസ്സു തിരിഞ്ഞുവന്ന ശെമ്മാച്ചന്മാരെ ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കാ മാക്കിൽ മത്തായി മെത്രാനച്ചന്റെ കൽപനപ്രകാരം കൊവേന്തവക ബംഗ്ലാ വിൽ താമസിച്ചു പഠിപ്പിച്ചിരുന്നു. എന്നാൽ പിന്നീടു കൽപ്പനപ്ര കാരം ഇവിടെ നിന്നു ഇടവകകളിലേക്കു പിരിച്ചു വിട്ടുകളഞ്ഞു.

1900-ൽ ആരക്കുഴ മഠത്തിൽ നിന്നു കന്യാസ്ത്രീകൾ വന്നു മുത്തോലിമഠത്തിൽ വാസം തുടങ്ങുകയും അവരുടെ കപ്പോനായി ഫെദരീക്കോസച്ചനെ ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ

നിശ്ചയിക്കയും ചെയ്തു. 1895-ൽ ലവീഞ്ഞു മെത്രാനച്ചന്റെ കല്പനപ്രകാരം മുത്തോലിൽ ഉണ്ടായിരുന്ന കന്യാസ്ത്രീകൾ എല്ലാവരും ആരക്കുഴ മഠത്തിലേക്കു പോയതിനാൽ ഈ മഠം കുടിപാർപ്പില്ലാതെ കിടന്നിരുന്നു. കൊവേന്തയിൽ നിന്നു മഠത്തിന്റെ പണിവകയ്ക്കു ചെയ്ത ചിലവിന്റെ കാര്യം കൊണ്ട് തർക്കം ജനിച്ചതിനാൽ ചങ്ങനാശേരി വികാരി അപ്പസ്തോലിക്കായും സഭയുടെ ശ്രേഷ്ഠനും തമ്മിൽ ചില നിശ്ചയങ്ങൾ ചെയ്കയും ആ നിശ്ചയപ്രകാരം കന്യാസ്ത്രീകൾ വന്നു പാർപ്പു തുടങ്ങുകയുമാണുണ്ടായത്. 1903-ൽ ഫെദരീക്കോസച്ചൻ മാറിയപ്പോൾ ബർണ്ണാർദ് അച്ചനെ വികാരി അപ്പസ്തോലിക്കാ അവർകൾ കപ്ലോനായി നിശ്ചയിക്കയും അദ്ദേഹം വികാരി അപ്പസ്തോലിക്കായുടെ ആജ്ഞാനുസരണം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരു മീഡിയം സ്കൂൾ മഠത്തോടു ചേർന്നു സ്ഥാപിക്കയും ചെയ്തു. 1902 ജനുവരി മാസത്തിൽ മാന്നാനത്തു കൊവേന്തയിൽവച്ചുണ്ടായ പൊതു ശ്രേഷ്ഠ സംഘത്തിൽ വെച്ചു അതുവരെ വികാരി കൊവേന്തയായിരുന്ന ആ ആശ്രമം ഒരു പ്രിയോർ കൊവേന്തയായി ഉയർത്തുകയും ഇവിടെ വികാരിയായിരുന്ന ഈറാനീമ്മോസച്ചനെ പുളിംകുന്നു കൊവേന്തയുടെ പ്രിയോരായി മാറ്റുകയും പുളിംകുന്നു പ്രിയോരായിരുന്ന ഗ്രിഗോറിയോസച്ചനെ ഇവിടുത്തെ ആദ്യപ്രിയോരായി നിശ്ചയിക്കയും ചെയ്തു.

1902 ഡിസംബർ മാസത്തിൽ ഉണ്ടായ ശ്രേഷ്ഠന്മാരുടെ മാറ്റത്തിൽ ഇവിടുത്തേക്കു പ്രിയോരായി ഇസിദോരച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ സുഖക്കേടു നിമിത്തം 1903 ജൂൺ മാസത്തിൽ സ്ഥാനത്തിൽ നിന്നു ഒഴിവു അപേക്ഷിക്കയും പകരം പ്രിയോരായി ലൌറന്തിയോസച്ചനെ ശ്രേഷ്ഠസംഘം തിരഞ്ഞെടുത്തു നിശ്ചയിക്കയും ചെയ്തു. 1906 മാർച്ച് മാസത്തിൽ ചങ്ങനാശേരി വികാരിയാത്തിന്റെ വികാരി ജനറാൾ തയ്യിൽ യൗസേപ്പച്ചൻ യൂറോപ്പിൽ നിന്നു വരുത്തിയതും വിശേഷമാതിരിയിലുള്ളതുമായ മാർ യൗസേപ്പു പുണ്യപിതാവിന്റെ സ്വരൂപം ഈ കൊവേന്തപള്ളിക്കു ദാനം ചെയ്തു. ഇദ്ദേഹം ഈ കൊവേന്ത

ഇവിടെ സ്ഥാപിക്കുന്നതിനു ശ്രമം ചെയ്തവരിൽ ഒരാളാണെന്നു ഇതിന്റെ സ്ഥാപനത്തെപ്പറ്റി പറഞ്ഞിട്ടുള്ളിടത്തു വിവരിച്ചിട്ടുണ്ട്.

35. രണ്ടാം ഭാഗം 15-ാം അദ്ധ്യായം 55-ാം ലക്കത്തിൽ ചെത്തിപ്പുഴ കൊവേന്ത കപ്പേള 1884-ൽ റൂശ്മാ ചെയ്തു, കുർബാന മുതലായ ദിവ്യകർമ്മങ്ങൾ നടത്തിത്തുടങ്ങിയതും മറ്റും വിവരിച്ചിട്ടുണ്ടല്ലോ. 1885-ൽ കൂനമ്മാവുങ്കൽ വെച്ചു നടന്ന ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പു യോഗത്തിൽ ഇവിടുത്തെ ആദ്യവികാരി ആയി ഗീവർഗ്ഗീസ് യോഹന്നാൻമാംദാനാ (പാറപ്പുറത്തു) അച്ചനെ നിയമിച്ചു. എന്നാൽ അച്ചന്മാർ വേണ്ടിടത്തോളം ഇല്ലാതിരുന്നതിനാൽ 1887 നവംബർ മാസം 24-നു വിശുദ്ധ യോഹന്നാൻശ്ലീഹാ പുണ്യവാന്റെ തിരുനാൾ ദിവസംമുതലെ ക്രമമായി കൊവേന്തക്രമങ്ങൾ സ്ഥാപിച്ചു നടത്താൻ സംഗതി ആയൊള്ളൂ. 1887 ജനുവരി മാസത്തിൽ ചങ്ങനാശേരിപള്ളി അഭിഷേകം ചെയ്യാനായി വാരാപ്പുഴ നിന്നു ലെയോനാർദ് മെത്രാപ്പോലീത്തായും മർസ്സലിനോസ് മെത്രാനച്ചനും കൊല്ലത്തുനിന്നു ഫെർദിനാന്തു മെത്രാച്ചനും വന്നിരുന്നു. ഈ അവസരത്തിൽ മർസ്സലിനോസ് മെത്രാനച്ചനും കൊല്ലം മെത്രാനച്ചനും ഈ കൊവേന്തയിൽ വന്നു വളരെ ആഘോഷത്തോടെ പുത്തൻ കൊവേന്തക്ക് നിശ്ചയിക്കപ്പെട്ട സ്ഥലത്തു ചെന്നു അടിസ്ഥാനക്കല്ലു റൂശ്മാ ചെയ്കയും ഈശോമറിയത്തിന്റെ തിരുഹൃദയ നാമത്തിൽ കല്ലിടുകയും ചെയ്തു.

ആലപ്പുഴ തെങ്ങുംമൂട്ടിൽ വർഗ്ഗീസ് എന്നയാൾ നേർച്ചയായി സമർപ്പിച്ച നമ്മുടെ കർത്താവിന്റെ തിരുഹൃദയസ്വരൂപത്തിനുള്ള ആശിർവ്വാദകർമ്മം നടത്തുകയും പള്ളിയിൽ ഒരുക്കി നിർത്തിയിരുന്ന പുതു ക്രിസ്ത്യാനികൾക്ക് മുൻപിലത്തെ ഒപ്പുറൂശ്മാ എന്ന കൂദാശ കൊടുക്കയും ചെയ്തു കഴിഞ്ഞിട്ടാണ് അടിസ്ഥാനക്കല്ലിട്ടത്. 1888-ൽ ലവീഞ്ഞു മെത്രാനച്ചൻ ഇവിടെ വരികയും 123 പേർക്ക് സ്ഥൈര്യലേപനമെന്ന മേൽപറഞ്ഞ കൂദാശ കൊടുക്കുകയും പുതുക്രിസ്ത്യാനികളുടെ അപേക്ഷപ്രകാരം അവരുടെ ഉപയോഗത്തിനായി ഒരു വേദപഠിത്വവീടു (Catecumenate) ഇവിടെ സ്ഥാപിക്കാൻ നിശ്ചയിക്കയും ഈ ജോലി വഹിച്ചുനടത്തുന്നഭാരം

കൊവേന്തയിൽ ഏൽപ്പിക്കയും 2000 രൂപാ വരെ ഇതിലേക്കായി ആണ്ടിൽ കൊടുക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു.

കുന്നിൽ ഉണ്ടായിരുന്ന ബങ്കളാവു ഇതിനായി നിശ്ചയിക്കയും രണ്ടു വേദപാഠ വാദ്ധ്യാന്മാരെ നിശ്ചയിച്ച് അവർ അനുസരിച്ചുനടത്തേണ്ടും ക്രമങ്ങൾ മെത്രാനച്ചൻതന്നെ എഴുതി കൊടുക്കയും ഉണ്ടായി. 1889 മാർച്ച് മാസത്തിൽ ഇന്ത്യയുടെ ദെലഗാത്ത് അപ്പസ്തോലിക്കാ ആയ അയുത്തി മെത്രാപ്പോലീത്താ സഭയുടെ പ്രിയോർ ജനറാൾ എന്ന സ്ഥാനത്തിൽ കൊവേന്തകളെ സ്ഥാനസന്ദർശനം ചെയ്യാനായി മലയാളത്തിൽ വന്ന സമയം ഇവിടെയും വന്നു ഒരു ദിവസം താമസിച്ചു. ടി. ആണ്ടു മെയ് മാസത്തിൽ മാന്നാനത്തു കൊവേന്തയിൽ സഭയുടെ പൊതുസംഘം കൂടുകയും ഇവിടുത്തെ വികാരി ആയി കുറിയാക്കോസ് ബൊക്കാർദച്ചൻ തിരഞ്ഞെടുക്കപ്പെടുകയും ഉണ്ടായി. പാലായിൽ കണ്ണാടി ഉറുമ്പിൽ ഭക്തജീവിതം കഴിച്ച ഏതാനും സ്ത്രീകളെ 1888 ഡിസംബർ മാസത്തിൽ ക്ലാരസഭക്കാർക്കുള്ളതായ വസ്ത്രം ലവീഞ്ഞു മെത്രാനച്ചൻ ധരിപ്പിക്കയും ഇവിടെ സമീപെ ചെറുകരെ മാത്തു എന്നയാൾ ദാനം ചെയ്ത പുരയിടത്തിൽ ഉണ്ടായിരുന്ന ബംഗ്ലാവിൽ അവരെ വരുത്തി താമസിപ്പിക്കയും ചെയ്തിരുന്നു. ഇവരുടെ കപ്ലോനായി വികാരിയച്ചനെ ടി. ലവീഞ്ഞുമെത്രാനച്ചൻ നിശ്ചയിക്കയും കൊവേന്തയിൽ നിന്നു അവരുടെ കാര്യം നടത്തിവരികയും ചെയ്തു.

കൊവേന്തവക പുരയിടത്തിനു കിഴക്കു ചങ്ങനാശേരിയിൽ നിന്നു പീരുമേട്ടിലേക്ക് പോകുന്നവഴിക്ക് സമീപത്തു മുമ്പുണ്ടായിരുന്ന മരക്കുരിശിന്റെ സ്ഥാനത്തു കല്ലുകൊണ്ടു നല്ലതായി ഒരു കുരിശുപണിയിക്കയും അടിയിൽ വിശുദ്ധ ബെനദീക്കോസിന്റെ സ്വരൂപം വെക്കാൻ തക്കവണ്ണം ഒരു മുറികൂടി പണികഴിപ്പിക്കയും 1890 ജനുവരി 19-നു വിശുദ്ധ പ്രംസിസ്ക്കോസ് പുണ്യവാന്റെ തിരുനാൾ ദിവസം അതിന്റെ ആശിർവാദ കർമ്മം ആഘോഷമായി കഴിക്കയും ചെയ്തു.* വിശുദ്ധ ബെനദീക്കോസിന്റെ മാദ്ധ്യസ്ഥം

*കുരിശിരിക്കുന്ന സ്ഥലം ചങ്ങനേശേരി ഇടവക ഏഴനച്ചൻ ദാനം ചെയ്തതാണ്.

മൂലം പല അത്ഭുതസഹായങ്ങൾ ഇവിടെ നേർച്ചകാഴ്ചകൾ ചെയ്ത ജനങ്ങൾക്ക് സിദ്ധിച്ചിട്ടുണ്ട്. 1891 ജൂൺ മാസത്തിൽ വികാരി ആയിരുന്ന കുറിയാക്കോസ് ബ്രൊക്കാർദച്ചൻ പാണാപള്ളി ആശ്രമത്തിലേക്ക് മാറ്റപ്പെടുകയും പ്രൊ വികാരി ആയി വികാരിക്കടുത്ത ജോലികൾ ഒക്കെയും ലെയോനാർദച്ചൻ നോക്കിവരാൻ കല്പന ഉണ്ടാകയും ചെയ്തു. 1894-ൽ ഉണ്ടായ ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പുയോഗത്തിൽവെച്ച് ഇവിടുത്തെ വികാരി ആയി അല്പോൻസച്ചൻ നിയമിക്കപ്പെട്ടു. മേൽപറഞ്ഞ കുരിശിനു സമീപെ വഴിപോക്കരായ ബഹുജനങ്ങളുടെ ഉപയോഗാർത്ഥം ഒരു കിണറുകുഴിപ്പിക്കയും കല്ലുകൊണ്ടു അതു കെട്ടിച്ചു കൊടുക്കയും ചെയ്തു. കൊവേന്തകൾക്ക് ശ്രേഷ്ഠന്മാരെ തിരഞ്ഞെടുക്കാനായി 1897-ൽ തിരഞ്ഞെടുപ്പുകാരുടെ ഒരു യോഗം കൂടുകയും ഇവിടേക്ക് വികാരിയായി പീലിപ്പോസച്ചനെ നിശ്ചയിക്കയും ഉണ്ടായി.

1887-ൽ ചങ്ങനാശേരി പള്ളിക്കൂദാശചെയ്തു കഴിഞ്ഞപ്പോൾ ടി. ഇടവകക്കാർ മുമ്പു ചെയ്ത നിശ്ചയപ്രകാരം കൊവേന്തപണി വകക്കായി പിടിഅരി, കെട്ടുതെങ്ങു വിട്ടുകൊടുക്കണമെന്നു വന്ദ്യ ഓർമ്മക്കു യോഗ്യനായ മർസ്സലിനോസ് മെത്രാനച്ചൻ കല്പിച്ചിട്ടുണ്ടായിരുന്നു. പണി നടത്താൻ വേറെ സഹായമൊന്നും ഇല്ലാത്തതിനാൽ 1897-വരെ യാതൊരു പണിയും ഇവിടെ നടന്നില്ല. ടി. ആണ്ടു ജൂലായ്മാസത്തിൽ കൊവേന്തപണി നടത്തുന്നതിനു വികാരി പീലിപ്പോസച്ചൻ നിശ്ചയിക്കയും കിഴക്കും പടിഞ്ഞാറും 72 കോലും തെക്കുവടക്കു 33 കോലും നീളത്തിൽ ഇങ്ങനെ രണ്ടു കെട്ടിനുമേൽ സ്തുതിക്കപ്പെട്ട മർസ്സലീനോസ് മെത്രാനച്ചൻ 1887-ൽ ഇട്ടിരുന്ന അടിസ്ഥാനത്തിന്മേൽ പണിതുടങ്ങി തറനിരപ്പുവരെ കെട്ടിപ്പൊക്കുകയും ചെയ്തു. ഏറെതാമസിയാതെ 1897 നവംബർ മാസത്തിൽ മാന്നാനത്തുവച്ചു നടന്ന ശ്രേഷ്ഠസംഘത്തിൽ വച്ച് വികാരി പീലിപ്പോസച്ചനെ പാണാപള്ളി ആശ്രമത്തിന്റെ വികാരി ആയി നിയമിക്കയും ഇവിടേക്കു പകരം ഗ്രിഗോറിയോസച്ചനെ വികാരി ആയി കല്പിക്കയും ഉണ്ടായി. 1899 ജനുവരി മാസത്തിൽ മൂന്നാംഫാറം (Third form) കഴിഞ്ഞ യോഗാർത്ഥി

കുട്ടികൾ ഒക്കയും മാന്നാനത്തു നിന്നു ഇവിടെ വന്നു സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂളിൽ പോയി പഠിക്കണമെന്നു കല്പന ഉണ്ടാകയും അതനുസരിച്ച് ഏതാനും കുട്ടികൾ വരികയും 1900 ജനുവരിമാസത്തിൽ സകലയോഗാർത്ഥികുട്ടികളും ഇവിടെ വന്നു ചേരുകയും ചെയ്തു. 1902-ൽ ഉയർന്ന ക്ലാസിൽ പഠിക്കുന്നവരൊഴിച്ച് ശേഷമുള്ള യോഗാർത്ഥികുട്ടികൾ ഒക്കെയും വീണ്ടും മാന്നാനത്തേക്കു മാറ്റപ്പെട്ടു. 1903-ൽ മാന്നാനത്തു ഹൈസ്കൂൾ സ്ഥാപിച്ച സന്ദർഭത്തിൽ ഉയർന്നക്ലാസ്സിൽ പഠിച്ചിരുന്നവരും മാന്നാനത്തു തന്നെ വന്നുചേർന്നു.

1899 ഡിസംബർ മാസത്തിൽ സഭയുടെ ശ്രേഷ്ഠന്മാരെ തിരഞ്ഞെടുക്കാൻ കൂടിയ യോഗത്തിൽ ഇവിടുത്തെ വികാരി ആയി എസ്തപ്പാനോസച്ചനെ നിശ്ചയിച്ചു. 1902 ജനുവരി 1-നു പ്രേഗ് ഉണ്ണിയുടെ തിരുനാൾ ഇവിടെ ആദ്യമായി ആഘോഷിച്ചു. തിരുനാളിന് ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ അവർകൾ സന്നിഹിതനായിരുന്നു. 1899-ൽ ഗ്രിഗോറിയോസച്ചൻ ഇവിടെ വികാരി ആയിരുന്നപ്പോൾ ബെൽജിയത്തിൽ നിന്നു ആദ്യമായി മലയാളത്തിൽ വന്ന സ്വരൂപമാണിത്. ആ സന്ദർഭത്തിൽ പൈതങ്ങൾക്കായി ഉണ്ണിമിശിഹായുടെ ഒരു സഭയും വേണ്ട അനുമതിയോടെ ഇവിടെ സ്ഥാപിച്ചു. 1889-ൽ താഴത്തെ കടവോടു സമീപിച്ച പുരയിടത്തിൽ ചതുരാകൃതിയിൽ ഒരു കുളം വെട്ടാൻ ആരംഭിച്ചിരുന്നു. 1894-ൽ അല്പോൻസച്ചൻ വികാരിയായിരിക്കുമ്പോൾ അത് 19 കോൽ ചതുരത്തിൽ വെട്ടിപൂർത്തിയാക്കിയുമിട്ടിരുന്നു. 1902-ൽ എസ്തപ്പാനോസച്ചൻതന്നെ രണ്ടാമതും വികാരിയായി തിരഞ്ഞെടുക്കപ്പെടുകയാൽ അദ്ദേഹം ഇതിന്റെ കല്പണികൾ, മതിൽ, കുളപ്പുര, നടകൾ മുതലായവയെ കെട്ടിച്ചു തീർത്തു. പള്ളിയുടെ മോണ്ടളം നന്നാക്കി പണിയിച്ച് ഓടു ഇടുവിക്കയും പാട്ടുമുറി മുതലായവയും പണികഴിപ്പിക്കയും ചെയ്തു. കൊവേന്തപ്പണി മുടങ്ങിക്കിടന്നിരുന്നതിനാൽ അതിന്റെ ഒരു ഭാഗമെങ്കിലും തീർത്തുപാർക്കാൻ തക്കസ്ഥിതിയിൽ ആക്കണമെന്നു ആലോചിച്ച് 1900-ൽ ശ്രേഷ്ഠസംഘത്തിൽനിന്നു ഒരു സഹായം ചെയ്തു കൊടുക്കയും അതു

കിഴക്കുപടിഞ്ഞാറുള്ള കെട്ടിന്റെ ഒരു ഭാഗം ഏതാനും പണികഴിക്കയും ചെയ്തു. പിന്നീടു എസ്തപ്പാനോസച്ചന്റെ ഉത്സാഹം നിമിത്തം ചില ധർമ്മിഷ്ഠന്മാരിൽ നിന്നു ചില സഹായം ലഭിക്കയും അതു പണിക്കുള്ള പല സാമാനങ്ങൾ ശേഖരിച്ചിടാൻ സഹായിക്കയും ചെയ്തു.

## അധ്യായം 9

36. മേൽ ഏഴാം അദ്ധ്യായം 29-ാം ലക്കത്തിൽ 1899-ൽ ഉണ്ടായ ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പു സംഗതിയും മറ്റും വിവരിച്ചിട്ടുണ്ടല്ലോ. ടി. ആണ്ടിൽ മാന്നാനത്തു കൊവേന്തപ്പള്ളിയുടെ ഇരുവശത്തുമുള്ള കെട്ടു പൊളിച്ചുമാറ്റി കിഴക്കു മദ്ബഹായുടെ ഇരുവശത്തുമായി പണിയിക്കണമെന്നു കുറേക്കാലം മുതലുണ്ടായ ആലോചന നടത്താൻ ഏർപ്പെടുകയും അതിൻപ്രകാരം തെക്കോട്ടുള്ള കെട്ടിനു മി.അ. ചാണ്ടിയച്ചൻ അടിസ്ഥാനമിടുകയും ചെയ്തു. 1900-ാം കാലം മുതൽ ഈ പണി ഊർജ്ജിതത്തിൽ നടന്നു വന്നു. ഇതു പണിയിച്ചതു അമ്പഴക്കാട്ടു കൊവേന്തയിൽ അനേകകാലം പാർത്തു അവിടുത്തെ പള്ളിപണി നടത്തിയ ബർണ്ണർദീനോസച്ചനാണ്. ഇദ്ദേഹം ശില്പശാസ്ത്ര വിഷയത്തിൽ നല്ല ജ്ഞാനമുള്ളവനും ഭംഗിയായ രീതിയിൽ പല പണികൾ പല സ്ഥലങ്ങളിലും നടത്തിയിട്ടുള്ള ആളുമാകയാൽ പുതിയ കെട്ടിടം പഴയതിനെ അതിശയിച്ചതായി പണിയിച്ചു. 1902 സെപ്റ്റംബർ മാസത്തിൽ നമ്മുടെ പ്രിയോർ ജനറാളായ വാരാപ്പുഴ മെത്രാപ്പോലീത്താ അവർകൾ കൊല്ലത്തെ സഹായ മെത്രാനായ ബൻസിഗർ അവർകൾ ഒരുമിച്ചു റോമ്മായിലേക്കു യാത്ര കഴിച്ചു. ഇദ്ദേഹം യാത്ര പുറപ്പെടുന്നതിനു മുമ്പു എല്ലാ കൊവേന്തകളിലേക്കും വളരെ സാരസൽബുദ്ധികൾ അടങ്ങിയ ഒരു പരസ്യം അയച്ചു. അതിൽ സന്യാസ അരൂപി സഭയിൽ നിലനിൽക്കുന്നതിനു എല്ലാവരും താല്പര്യപ്പെടണമെന്നും ഇതു നിലനിൽപ്പുള്ള ജപധ്യാനങ്ങളാൽ സാധിക്കുമെന്നും മറ്റും കാണിച്ചിരുന്നതിനും പുറമെ സഭയിൽ നിന്നു തന്നെ പ്രിയോർ ജനറാൾ ഉണ്ടാകണമെന്നുള്ള നിയമപ്രകാരം അടുത്ത പൊതുസംഘത്തിൽ ആ പ്രിയോർ ജനറാളിനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം സഭക്കു റോമ്മയിൽ നിന്നു സിദ്ധിച്ചിട്ടുണ്ടെന്നും പൊതു സംഘം നടത്താനുള്ള അധികാരങ്ങൾ ഒക്കെയും മലയാളത്തിന്റെ മിഷ്യനരി അപ്പസ്തോലിക്ക ആയ അലക്ക്സാന്തർ യൗസേപ്പച്ചനു താൻ കൊടുത്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു. ഇദ്ദേഹം 1896-ൽ മെത്രാപ്പോലീത്താ ആയി തിര

ഞ്ഞെടുക്കപ്പെട്ടതുവരെ സഭയെ നേരിട്ടു ഭരിച്ചിരുന്നു. അതിനുള്ള അറിയിപ്പു കിട്ടിയനാൾ മുതൽ (1896 ജൂൺ മാസം മുതൽ) പ്രഥമ പൊതു ശ്രേഷ്ഠാലോചനക്കാരനെ തന്റെ ഡെലഗാത്തായി നിശ്ച യിക്കയും അദ്ദേഹം മുഖാന്തരം സഭയെ ഭരിക്കയും ചെയ്തുപോ ന്നു. എന്നാൽ 1899 ഡിസംബർ മാസത്തിൽ ഉണ്ടായ സഭയുടെ പൊതുസംഘത്തിൽവെച്ച് മേൽപറഞ്ഞ ഏർപ്പാടുമാറ്റി തന്റെ ഡെല ഗാത്തായി യൗസേപ്പു യോഹന്നാനച്ചനെ നിശ്ചയിക്കയും 1902 ഫെബ്രുവരി മാസത്തിൽ ഉണ്ടായ ഇദ്ദേഹത്തിന്റെ മരണംവരെ പ്രിയോർ ജനറാളിന്റെ ഡെലഗാത്തിന്റെ സ്ഥാനത്തിൽ സഭയെ ഭരി ച്ചുപോരുകയും ചെയ്തു. ഇദ്ദേഹത്തിന്റെ മരണാനന്തരം പ്രഥമ പൊതുശ്രേഷ്ഠാലോചനക്കാരനായ ഗീവർഗ്ഗീസ് മറിയം അച്ചനെ ഡെലഗാത്തായി നിശ്ചയിച്ചെങ്കിലും സ്ഥാനം ഏൽക്കുന്നതിനു മുൻപ് അദ്ദേഹം മരണംപ്രാപിക്ക നിമിത്തം വീണ്ടും തന്റെ ഡെല ഗാത്തായി ഗീവർഗ്ഗീസ് യോഹന്നാൻ മാംദാന അച്ചനെ നിശ്ചയി ച്ചു. ഇതിനുശേഷം ഏറെ താമസിയാതെ റോമ്മയിലേക്ക് യാത്ര കഴിക്കയും ചെയ്തു.

ഈ യാത്രയിൽ മദ്രാസിൽ നിന്നു ബോംബെയിലേക്കു പോകുന്ന വഴിമദ്ധ്യേ മാങ്ങാപട്ടണത്തിൽ വച്ച് അർദ്ധരാത്രി സമയം പാലത്തിൽ നിന്നു തീവണ്ടി തെറ്റി വെള്ളത്തിൽ വീഴു കയും വണ്ടിയിൽ ഉണ്ടായിരുന്ന മിക്കവരും വെള്ളത്തിൽ മുങ്ങി മരിച്ചു പോകയും ഉണ്ടായെങ്കിലും പൂജ്യവാനായ മെത്രാപ്പോലീ ത്തായും ബെൻസിഗർ മെത്രാൻ അവർകളും വിശേഷ ദൈവകൃ പയാൽ രക്ഷപെട്ടു. ഈ വിവരം അറിഞ്ഞ മാത്രയിൽ നമ്മുടെ കൊവേന്തകളിൽ ദൈവത്തിനു ഉപകാരസ്മരണസ്തോത്രങ്ങൾ കഴിച്ചു. രണ്ടു വർഷം മുമ്പു അതായത് 1900 ഡിസംബർ മാസ ത്തിൽ വിശുദ്ധ ശവരിയാർ പുണ്യപിതാവിന്റെ തിരുനാൾ പതി വിലധികം ഘോഷത്തോടെ ഗോവയിൽ കഴിക്കുന്നതിന് ഗോവ ഗവർമ്മെന്റ് നിശ്ചയിച്ച് പത്രങ്ങൾ മുഖേന പ്രസിദ്ധം ചെയ്തിരു ന്നു. മലയാളത്തിൽ നിന്നു കൊല്ലം, കൊച്ചി, വാരാപ്പുഴെ, എറണാ കുളം, ചങ്ങനാശേരി, ത്രിശ്ശിവപേരൂർ എന്ന ഈ മെത്രാസനങ്ങ

ളിലെ മേൽപട്ടക്കാരും അവരുടെ കീഴിൽനിന്നു ഒട്ടുവളരെ പട്ടക്കാരും ജനങ്ങളും തിരുയാത്രയായി ഗോവയിലേക്കു പോയി.

നമ്മുടെ സഭയിൽ നിന്നു ശെമോൻസ്തോക്കച്ചനും, എസ്തപ്പാനോസച്ചനും, ബെർണ്ണർദച്ചനും കൂടെ പോയിരുന്നു. ഡിസംബർ 3-നു തിരുനാൾ കഴിഞ്ഞ ഉടനെ അടുത്ത നാലും അഞ്ചും ആറും തീയതികളിൽ വിശുദ്ധ കുർബാനയുടെ സഖ്യതയുടെ സഭായോഗം അവിടെവെച്ചു നടത്തപ്പെട്ടു. ഇന്ത്യയിൽ നിന്നു 18 മെത്രാന്മാർ അതിൽ സംബന്ധിച്ചിരുന്നു. ഉദ്ദേശം 400 പട്ടക്കാരും ഉണ്ടായിരുന്നു. ഇതിനുശേഷം അത്ഭുതമായി കാക്കപ്പെട്ടിരുന്ന വിശുദ്ധ ശവരിയാരിന്റെ തിരുശ്ശരീരം വിശ്വാസികളുടെ വണക്കത്തിനു തുറന്നുവെക്കയും അനേകം ജനങ്ങൾ ആ തിരുശ്ശരീരം ഭക്തിപൂർവ്വം വണങ്ങുകയും ചെയ്തു.

37. 1902 ഡിസംബർ മാസം 12-നു മാന്നാനത്തുവച്ചു സഭയുടെ പൊതുസംഘം കൂടുകയും പ്രിയോർ ജനറാളിന്റെ സ്ഥാനത്തിൽ അലക്ക്സാന്തർ യൗസേപ്പച്ചൻ ഇരുന്ന് യോഗം നടത്തുകയും ചെയ്തു. ഈ യോഗത്തിൽവെച്ചു പ്രിയോർ ജനറാളായി അലക്ക്സാന്തർ യൗസേപ്പച്ചനും പൊതു ശ്രേഷ്ഠാലോചനക്കാരായി ക്രിസോസ്തമ്മാസച്ചനും ഗൌറിയേൽ അച്ചനും, ബസ്സേലിയോസ് അച്ചനും, യൗസേപ്പു ആഗുസ്തീനോസച്ചനും തെരഞ്ഞെടുക്കപ്പെട്ടു. പ്രിയോരന്മാരായി മാന്നാനത്തേക്ക് യൗസേപ്പു അലക്ക്സാന്തർ അച്ചനും, വാഴക്കുളത്തേക്ക് അഗുസ്തീനോസച്ചനും, ഏൽത്തുരുത്തിലേക്ക് ശെമോൻ സ്തോക്കച്ചനും, അമ്പഴക്കാട്ടേക്ക് മിഖേൽ അച്ചനും, പുളിങ്കുന്നിലേക്ക് യോഹന്നാൻ അച്ചനും, മുത്തോലിക്ക് ഇസിദോരച്ചനും, വികാരിമാരായി ചെത്തിപ്പുഴക്ക് എസ്തപ്പാനോസച്ചനും, പാററ്റിക്ക് ചെല്ലസ്തീനോസ് അച്ചനും, പാണാപള്ളിക്ക് അന്തോനി അച്ചനും, തേവരക്ക് യൗസേപ്പു അന്തോനി അച്ചനും തിരഞ്ഞെടുക്കപ്പെട്ടു.

തിരഞ്ഞെടുപ്പു കഴിഞ്ഞ ഉടനെ തിരഞ്ഞെടുപ്പുകാർ എല്ലാവരും യോജിച്ചു സഭയുടെ ന്യായപ്രമാണം ഉറപ്പിച്ചു തരുന്നതിന്

കിഴക്കെ റീത്തുകളുടെ കാര്യം നോക്കുന്ന പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ ഗോത്തികർദിനാളിന് ഒരെഴുത്തു അയക്കയും അതിൽ തങ്ങൾ തല്ക്കാലം കാത്തുവരുന്ന ന്യായപ്രമാണം അപേക്ഷിച്ചിട്ടുള്ള അല്പമായ ഭേദഗതികളോടുകൂടെ ഉറപ്പിച്ചു തരണമെന്നു അപേക്ഷിക്കയും ചെയ്തിരുന്നു.

നൂതനമായി സംഗതികൾ ചേർത്തു എഴുതി ഉണ്ടാക്കിയ വേറൊരു ന്യായപ്രമാണം കൂടെ റോമ്മയിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. അത് റോമ്മയിൽ സ്വീകരിക്കുമോ എന്നു സംശയം ജനിച്ചതിനാലാണ് ഇങ്ങനെ ഒരു പൊതു എഴുത്തു അപ്പോൾ അയക്കാൻ കാരണമായത്. പ്രിയോർ ജനറാളിനെ തിരഞ്ഞെടുത്ത വിവരം സംബന്ധിച്ചു വേറൊരു എഴുത്തും ആ കൂട്ടത്തിൽ അയക്കുകയുണ്ടായി. സഭയുടെ പ്രിയോർ ജനറാൾ ആയ അലക്ക്സാന്തർ യൗസേപ്പച്ചൻ (കട്ടക്കയത്തു വലിയ ചാണ്ടിയച്ചൻ) കുർബാനപ്പട്ടം ഏറ്റിട്ടു 50 വർഷം പൂർത്തിയായത് 1903 മെയ് മാസത്തിൽ ആയിരുന്നു. ഇതിന്റെ സ്വർണ്ണജൂബിലി മെയ് 2, 3 എന്നീ തീയതികളിൽ വളരെ ആഘോഷമായി മാന്നാനത്തുവെച്ചു ഘോഷിക്കപ്പെട്ടു. ടി. തീയതികളിൽ നാല്പതുമണി ആരാധനയുടെ ഒടുവിലത്തേതും വിശുദ്ധ യൗസേപ്പു പിതാവിന്റെ മദ്ധ്യസ്ഥത്തിരുനാളിന്റെയും ദിവസങ്ങൾ ആയിരുന്നു. വളരെ പട്ടക്കാരും ജനങ്ങളും എല്ലാ കൊവേന്തകളിൽ നിന്നും ശ്രേഷ്ഠന്മാരും ഇതിനായി വന്നിരുന്നു. പറായിത്തരകന്മാർ ഓരോ പൊൻകാസയും പട്ടക്കാർ എല്ലാവരും ഒരു പൊൻകാസായും പല പള്ളിക്കാർ മെഴുകുതിരിയും ദാനങ്ങളായി സമർപ്പിച്ചു. സമീപെയുള്ള കന്യകാമഠങ്ങളിൽ നിന്നും ചില സമ്മാനങ്ങളും അയച്ചുകൊടുത്തു. വേറെ പലരും സമ്മാനങ്ങൾ കൊടുക്കയുണ്ടായി. ഇതിലേക്കു ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ അവർകളും സന്നിഹിതനായിരുന്നു. ജൂബിലി മഹത്വത്തിനായി ഒരു കീർത്തി മുദ്ര (വെള്ളികൊണ്ടുള്ളത്) റോമ്മയിൽ നിന്നു പത്താംപീയൂസ് മാർപാപ്പാ അയച്ചുകൊടുത്തു. കൂടെ മാർപാപ്പായിക്കടുത്തതും പൂർണ്ണ ദണ്ഡവിമോചനമുള്ളതുമായ ആശിർവാദം നൽകുന്നതിനുള്ള അധികാരം

റോമ്മയിൽ നിന്നു കിട്ടിയിരുന്നതിനാൽ ഇതു കൂടപ്പെട്ട ജനങ്ങൾക്കു പ്രിയോർ ജനറാളച്ചൻ നൽകി.

1903 നവംബർ മാസത്തിൽ ഇന്ത്യയുടെ ദെലഗാത്തപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു തെക്കേ ഇന്ത്യയിലെ മെത്രാസനങ്ങളെ സന്ദർശിക്കുന്നതിനായി പുറപ്പെടുകയും ആ സന്ദർഭത്തിൽ അവിടുന്നു മാന്നാനത്തു കൊവേന്തയിൽ ഒരു ദിവസം താമസിക്കുകയുമുണ്ടായി. തൃശ്ശിവപേരൂർ ചെന്ന സമയം ഏൽതുരുത്തു കൊവേന്തയേയും സന്ദർശിച്ചു കൊല്ലം ചങ്ങനാശേരി, എറണാകുളം, വാരാപ്പുഴ, തൃശ്ശിവപേരൂർ, കൊച്ചി എന്നീ സ്ഥലങ്ങളിലെ മേലദ്ധ്യക്ഷന്മാരേയും ദെലഗാത്തപ്പസ്തോലിക്കാ സന്ദർശിച്ചു. നമ്മുടെ ശെമ്മാശന്മാർ തത്വശാസ്ത്രം, ദൈവശാസ്ത്രം മുതലായ വൈദീകപഠിത്വങ്ങൾ മംഗലാപുരത്തു പോയിത്തന്നെ പഠിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. സുഖക്കേടുകാർക്കും മറ്റും ഇതു വളരെ പ്രയാസമായി തീർന്നതിനാൽ അവർക്ക് ഇതിൽ നിന്നു വിടുതൽ കൊടുക്കണമെന്നു മാന്നാനത്തു കൊവേന്തയുടെ പ്രിയോർ യൗസേപ്പ് അലക്സാന്തർ അച്ചൻ സാദ്ധ്യമായി അപേക്ഷിക്കയും ദെലഗാത്ത് അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ട് അതിനു ദയവായി അനുവദിക്കയും ചെയ്തു. ഈ അനുവാദം 1903 നവംബർ മാസത്തിൽ മലയാളത്തിൽ ദെലഗാത്ത് അപ്പസ്തോലിക്കാ വിസീത്ത കഴിച്ചതിന്റെ സ്മാരകമായി ഉപയോഗിച്ച് 1904 മുതൽ മാന്നാനത്തു കൊവേന്തയിൽ തത്വശാസ്ത്രം ദൈവശാസ്ത്രം മുതലായ പഠിത്വക്ലാസ്സു സ്ഥാപിച്ചു. 1903 ജൂലായ് മാസം 20-നു നിത്യ ഓർമ്മയ്ക്കു യോഗ്യനായ 13-ാം ലെയോ മാർപ്പാപ്പ പരലോക പ്രാപ്തനായി തീരുകയും നമ്മുടെ എല്ലാ കൊവേന്തകളിലും ആഘോഷമായ ശേഷക്രിയകൾ പരിശുദ്ധ പിതാവിന്റെ ആത്മാനുകൂലാർത്ഥം നടത്തപ്പെടുകയും ഉണ്ടായി. ഈ സന്ദർഭത്തിൽ ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ അവർകൾ മാർപ്പാപ്പയുടെ മരണം മുഖാന്തിരം തനിക്കും തന്റെ അധികാരത്തിൽപ്പെട്ടവർക്കും ഉളവായ ദുഃഖത്തെ സൂചിപ്പിക്കുന്നതായ ഒരു സഹതാപ കമ്പി റോമ്മയിലേക്കു അയക്കയും അതിനു കർദിനാ

ളന്മാരുടെ ശ്രേഷ്ഠനായ കമർലെൻഗൊ (Camerlengo) കർദിനാൾ മറുപടി കമ്പി മെത്രാനച്ചനു അയച്ചു കൊടുക്കുകയും ചെയ്തു. മലയാളത്തിലുള്ള പള്ളികളിൽ എല്ലാം മേലദ്ധ്യക്ഷന്മാരുടെ ഉപദേശാനുസരണം മരിച്ച മാർപ്പാപ്പയുടെ ആത്മാനുകൂലാർത്ഥം റാസ മുതലായി ആഘോഷമായ ശേഷക്രിയകൾ നടത്തി. ആഗസ്റ്റ് മാസം 4-ാം തിയതി വെനീസിലെ കർദിനാൾ പാത്രിയാർക്കീസായ യൗസേപ്പു സാർത്തോ എന്ന ദേഹം പാപ്പാ ആയി തിരഞ്ഞെടുക്കപ്പെടുകയും പത്താം പീയൂസ് എന്ന നാമം എടുക്കയും ചെയ്തു. ഈ സന്ദർഭത്തിൽ എറണാകുളം വികാരി അപ്പസ്തോലിക്കാ അവർകൾ പുതിയ മാർപ്പാപ്പയെ അനുമോദിക്കുന്നതായ ഒരു മംഗളപത്രം സമർപ്പിക്കയും അതിനു 1903 ഡിസംബർ മാസം 28-ാംനു മാർപ്പാപ്പ തിരുമനസ്സുകൊണ്ടു സന്തോഷ സൂചകമായ മറുപടി അയച്ചു കൊടുക്കയും ചെയ്തു.

38. 1904 ജൂൺ മാസം 20-നു ഉണ്ടായ കുറവലങ്ങാട്ടുപള്ളിയുടെ വികാരി നിധിയിരിക്കൽ മാണിക്കത്തനാരുടെ മരണവർത്തമാനം അറിഞ്ഞപ്പോൾ മാന്നാനം മുതലായ പ്രധാന കൊവേന്തകളിൽ ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം പാട്ടുപൂജ മുതലായവ നടത്തി. ഇദ്ദേഹം വലിയ പരോപകാരിയും, സഭയുടെ ഒരു മിത്രവും, വളരെ ഭക്തനും, അദ്ദേഹത്തിന്റെ ശക്തിയിൽപെട്ട സഹായങ്ങൾ സഭയ്ക്കു ചെയ്തിട്ടുള്ള ആളുമാണ്. മേലൂസ് ശീശ്മയുടെ കാലത്ത് കത്തോലിക്കാ ഭാഗത്തിൽ ചേർന്നുനിന്നു ചില പള്ളികളിലെ ശീശ്മക്കാർ പിടിക്കാൻ ശ്രമിക്കയിൽ അവർക്ക് വിരോധമായി വ്യവഹാരം നടത്തുകയും സൽക്കാര്യത്തിനായി കോഴിക്കോട്, മദ്രാസ് മുതലായ സ്ഥലങ്ങളിൽപോയി തകർക്കപ്പെട്ട പള്ളികൾ കത്തോലിക്കരുടെ അധീനതയിൽ ഇരിക്കേണ്ടതാണെന്നു വിധി സമ്പാദിക്കയും ചെയ്തു.

കത്തോലിക്കാ സുറിയാനിക്കാർക്കു സ്വന്തറീത്തിൽ മെത്രാന്മാരെ കിട്ടാൻ അനേകകാലം തുടരെത്തുടരെ ബുദ്ധിമുട്ടുകൾ കഴിക്കയും അദ്ദേഹത്തിന്റെ ബുദ്ധിമുട്ടിന്റെ ഫലമായി 1896-ൽ 13-ാം ലെയോൻ മാർപ്പാപ്പാ മൂന്നു സുറിയാനി മെത്രാന്മാരെ നിയമിക്കയും

ചെയ്തു. ഈ സംഗതിയിൽ തെറ്റായ ധാരണകൊണ്ട് അധികാരികളിൽ നിന്ന് വിരോധങ്ങൾ നേരിട്ടെങ്കിലും അതൊന്നും വകവെയ്ക്കാതെ ആരംഭിച്ച വേലയെ അദ്ദേഹം തുടർന്നു നടത്തിപ്പോന്നു. പുത്തൻകൂറും പഴയകൂറും എന്നിങ്ങനെ രണ്ടു വകുപ്പിൽപെട്ട സുറിയാനിക്കാരുടെ ഗുണത്തിനായി ഒരു കോളേജ് കോട്ടയത്തു സ്ഥാപിച്ചാൽ കൊള്ളാമെന്നും ഇത് പുത്തൻകൂറുകാരെ കത്തോലിക്കഭാഗത്തേക്കു കൊണ്ടുവരാനുള്ള ഒരു പന്ഥാവായി തീരുമെന്നും നിശ്ചയിച്ച് അതിലേക്കു കീർത്തിപ്പെട്ട ഡാറാ സായിപ്പിനോട് ഇപ്പോൾ മനോരമ ഇരിക്കുന്ന സ്ഥലവും ബംഗ്ലാവും വാങ്ങുകയും അതിന്റെ വലിയഭാഗം വില പഴയ കൂറുപള്ളികളിൽനിന്ന് വരാപ്പുഴെ മർസ്സലീനോസ് മെത്രാനച്ചന്റെ കല്പനപ്രകാരം പിരിച്ചുകൊടുക്കയും ചെയ്തു. ഈ സംഗതിക്കായി പുത്തൻകൂറ്റു മെത്രാൻ മാർ ദീവന്യാസോസിനു ഇരുപതിനായിരത്തിൽപരം രൂപാ ദാനമായി ഡാറാ സായിപ്പിനെക്കൊണ്ടു കൊടുപ്പിക്കയും ചെയ്തു.

എന്നാൽ രണ്ടു കൂറുകാർക്കും അവകാശമുള്ള ഒരു കോളേജ് ഉണ്ടാകുന്നതിനു മേലധികാരികൾക്ക് തൃപ്തിയില്ലാഞ്ഞതിനാൽ മേൽപറഞ്ഞ സ്ഥലം പുത്തൻകൂറ്റുകാരുടെ കൈവശത്തിൽ ആകുന്നതിനിടയായി. ഇദ്ദേഹത്തിന്റെ സംസ്ക്കാരത്തിനു മാന്നാനത്തു കൊവേന്തയുടെ പ്രിയോർ യൗസേപ്പ് അലക്സാന്ത്ര അച്ചൻ പോകയും ഇദ്ദേഹത്തിന്റെ ഗുണഗണങ്ങളെ വിവരിച്ച് വന്നുകൂടിയ ജനങ്ങളോടും, വൈദികഗണത്തോടും പ്രസംഗിക്കയും ചെയ്തു. 1887 മുതൽ ആരംഭിച്ച് മാന്നാനത്തു നടത്തിവരുന്ന നസ്രാണിദീപികാപത്രം ഉണ്ടാകാനുള്ള ഹേതുഭൂതൻ ഇദ്ദേഹമാണ്.

1905 മാർച്ച് മാസത്തിൽ എറണാങ്കുളം വികാരിയപ്പസ്തോലിക്കാ ലൂയീസുമെത്രാനച്ചൻ പത്താം പീയൂസ് മാർപ്പാപ്പായെ ചെന്നു സന്ദർശിക്കുന്നതിനായി റോമ്മയിലേക്കു യാത്രകഴിക്കയുണ്ടായി. സെക്രത്താരിയായി കുരിയാളച്ചേരിൽ തോമ്മാച്ചനും, കൂട്ടിനായി പുത്തൻപള്ളി സെമ്മിനാരിയിൽ സുറിയാനി ഭാഷയുടെ മല്പാനായ കളപ്പുരക്കൽ അന്ത്രയോസച്ചനും അദ്ദേഹത്തിന്റെ കൂടെ പോയി. മാന്നാനത്തു കൊവേന്തയുടെ പ്രിയോർ യൗസേപ്പ്

അലക്സാന്ദ്ര അച്ചൻ ഈ സന്ദർഭത്തിൽ അവരോടൊന്നിച്ചു റോമ്മയിലേക്കു പോകയും 1898-ൽ റോമ്മയിലേക്കു അയച്ച സഭയുടെ ന്യായപ്രമാണം ശാശ്വതമായി ഉറപ്പിച്ചുതരുന്നതിന് വാക്കാലും എഴുത്താലും പത്താം പീയൂസ് മാർപ്പാപ്പയോടും പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ മേലദ്ധ്യക്ഷനായ ഗോത്തി കർദിനാളിനോടും അപേക്ഷിക്കയും ചെയ്തു. ടി. ആണ്ട് ഏപ്രിൽ മാസം 11-നു ഇവർ എല്ലാവരും മാർപ്പാപ്പയെ കണ്ട അവസരത്തിൽ അങ്ങേതൃക്കൈയാൽ എഴുതപ്പെട്ട ശ്ലീഹിക ആശിർവാദം സഭ ഒട്ടുക്കായി പ്രിയോർ യൗസേപ്പ് അലക്ക്സാന്ദ്രച്ചൻ വാങ്ങിച്ചു.

അനന്തരം ഇദ്ദേഹം ഇറ്റലി, സ്വീസ്സർലണ്ട്, ബെൽജിയം, ഇംഗ്ലണ്ട്, അയർലെഡ്, ജർമ്മനി, ഓസ്ത്രിയാ, എന്നീ രാജ്യങ്ങളിൽ ചുറ്റിസഞ്ചരിച്ച് മാന്നാനം മാർ അപ്രേം ഹൈസ്ക്കൂളിനുവേണ്ടി (4000) നാലായിരത്തോളം രൂപാ ധർമ്മം പിരിച്ചു. ഇവർ റോമ്മയിൽ താമസിച്ചിരുന്ന ദിവസങ്ങളിൽ ഏപ്രിൽ മാസം 28-നു ആയുത്തി കർദ്ദിനാൾ മരണം പ്രാപിക്കയുണ്ടായി. ഇദ്ദേഹത്തിന്റെ മരണവർത്തമാനം മലയാളത്തിൽ എത്തിയമാത്രയിൽ മാന്നാനം മുതലായ പ്രധാന കൊവേന്തകളിൽ മരിച്ച കർദിനാളിന്റെ ആത്മാനുകൂലാർത്ഥം പാട്ടുപൂജ മുതലായ ദിവ്യകർമ്മങ്ങൾ നടത്തി.

ഇദ്ദേഹം ഇന്ത്യയുടെ ദെലഗാത്ത അപ്പസ്തോലിക്കാ എന്ന ഔന്നത്യസ്ഥാനം വഹിക്കയിൽ 1887 മുതൽ 1891 വരെ നമ്മുടെ സഭയുടെ പ്രിയോർ ജനറാളിന്റെ ജോലി നടത്തുകയും രണ്ടു പ്രാവശ്യം നമ്മുടെ കൊവേന്തകളെ വന്നു സന്ദർശിക്കയും ചെയ്തു. പാണാപള്ളി, തേവര, പാററ്റി ഇവ ഒഴിച്ചുമറ്റെല്ലാ കൊവേന്തകളിലും ഇദ്ദേഹം സന്ദർശനാർത്ഥം താമസിച്ചിട്ടുണ്ട്. 1893-ൽ സഭയുടെ ന്യായപ്രമാണം ഒരു നല്ല സ്ഥിതിയിൽ ഉറപ്പിച്ചു കിട്ടിയതു ഇദ്ദേഹത്തിന്റെ പ്രത്യേക സഹായത്താലും നൽമനസ്സുകൊണ്ടുമാണ്. അന്നു ഇദ്ദേഹം കിഴക്കൻ റീത്തുകളുടെ കാര്യാദികൾക്കായുള്ള പ്രൊപ്പഗാത്ത തിരുസംഘത്തിന്റെ സെക്രത്താരി ആയിരുന്നു. യൂറോപ്പിൽ ചെന്നതിനുശേഷം സഭയിലുള്ളവർക്കു

ഇദ്ദേഹം അയച്ചിരുന്ന എഴുത്തുകളിൽ സഭയെക്കുറിച്ചും സുറിയാനി മെത്രാന്മാരെപ്പറ്റിയും സന്തോഷവാചകങ്ങൾ പ്രദർശിപ്പിച്ചിരുന്നു.

39. നമ്മുടെ സഭ സ്ഥാപിച്ചിട്ടു 50 വർഷം പൂർത്തിയായതു 1905 ഡിസംബർ 8-നു ആയിരുന്നു. നമ്മുടെ ആദ്യ പൊതുപ്രിയോർ ആയിരുന്ന ചാവറെ കുറിയാക്കോസ് ഏലിയാ മുതലായ 11 അച്ചന്മാർ 1855 ഡിസംബർ 8-നു വാഗ്ദത്തനേർച്ചകൾ ചെയ്തതും ആ സന്ദർഭത്തിൽ ബണ്ണർദീനോസ് മെത്രാപ്പോലീത്താ സഭക്കു ന്യായപ്രമാണം കല്പിച്ചു കൊടുത്തതും ഈ ചരിത്രത്തിന്റെ ഒന്നാം ഭാഗത്തു വിവരിച്ചിട്ടുണ്ടല്ലോ. അക്കാലം തുടങ്ങി അമ്പതു വർഷം പൂർത്തിയായ 1905-ലെ സഭയുടെ സ്വർണ്ണജൂബിലിക്കായി മേൽപറഞ്ഞ പ്രിയോർ യൗസേപ്പ് അലക്സാന്ത്ര അച്ചൻമൂലം റോമ്മയിൽനിന്നു ചില ദണ്ഡവിമോചനങ്ങൾ സഭക്കു സിദ്ധിച്ചു. അവയിൽ ഒന്നാമത്തേതു ടി. ആണ്ടു സെപ്റ്റംബർ മാസം 14-ാം തിയതിയിലെ വിശുദ്ധ ശ്ലീഹായുടെ തിരുനാൾദിവസം സന്യാസികൾക്കു എല്ലാവർക്കും പൂർണ്ണദണ്ഡവിമോചനം കല്പിച്ചതും രണ്ടാമത്തേതു എല്ലാ കൊവേന്തകളിലും അമലോത്ഭവ മാതാവിന്റെ തിരുനാളിനു ഒരുക്കമായി മൂന്നു ദിവസമെങ്കിലും നവനാൾ ജപത്തിൽ സംബന്ധിക്കയും തിരുനാൾ ദിവസം കുമ്പസാരിച്ചു വിശുദ്ധകുർബാന ഉൾക്കൊള്ളുകയും ചെയ്യുന്ന സമസ്ത വിശ്വാസികൾക്കും പൂർണ്ണദണ്ഡവിമോചനം നൽകിയതും മൂന്നാമത്തേതു ജൂബിലി മാന്നാനത്തു ഘോഷിക്കപ്പെട്ട ഡിസംബർ 15-നു ലാക് ആലാഹാ എന്ന സ്ത്രോത്രത്തിനു കൂടിയ സകല വിശ്വാസികൾക്കും പൂർണ്ണദണ്ഡവിമോചനത്തോടു കൂടിയ മാർപ്പാപ്പയുടെ ആശീർവ്വാദം നൾകുന്നതിനു പ്രിയോർ ജനറാൾ അച്ചനു അനുവാദം സിദ്ധിച്ചതുമാണ്.

ഈ ജൂബിലിയുടെ നിത്യ ഓർമ്മക്കായി 1831-ൽ മാന്നാനത്തു ആദ്യം സ്ഥാപിച്ച് കുർബാന ചൊല്ലിയതായ കപ്പേള ഇരുന്നസ്ഥാനത്തു വിശേഷരീതിയിൽ ഒരു പുതിയ കപ്പേള പണികഴിപ്പിക്കയും ജൂബിലി ദിവസം അതിന്റെ പ്രതിഷ്ഠാകർമ്മം നടത്തുകയും

ചെയ്തു. ഈ ആഘോഷത്തിനായി പല ഇടവകകളിൽ നിന്നും അനേകം പട്ടക്കാരും വളരെ ജനങ്ങളും വന്നുകൂടി. മേൽപട്ടക്കാരായി വരാപ്പുഴ ബെർണ്ണർദ് മെത്രാപ്പോലീത്താ അവർകളും ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ മാകീൽ മത്തായി മെത്രാനച്ചനും വന്നിരുന്നു. കൊവേന്തകളിൽ നിന്നു ദെഫിനിത്തോർ ജനറാളച്ചന്മാരും (പൊതു ശ്രേഷ്ഠാലോചനക്കാർ), പ്രിയോരച്ചന്മാരും, വികാരിമാരും കൂട്ടുകാരായി ഓരോ അച്ചന്മാരും വന്നുകൂടി, ജൂബിലി സ്മാരകമായി സഭാസ്ഥാപകന്മാരായ പാലക്കൽ തോമ്മാച്ചന്റെയും, പോരൂക്കരെ തോമ്മാച്ചന്റെയും, ചാവറ കുറിയാക്കോസ് ഏലിയാ അച്ചന്റെയും ഒരു സംക്ഷേപജീവചരിത്രം അച്ചടിച്ചത് പട്ടക്കാരാദിയായ എല്ലാവർക്കും ദാനം ചെയ്കയും ഉണ്ടായി. ജൂബിലി കഴിഞ്ഞതിന്റെ പറ്റേദിവസം മുമ്മൂന്നാമാണ്ടുതോറുമുള്ള ശ്രേഷ്ഠന്മാരുടെ തെരഞ്ഞെടുപ്പു നടത്തപ്പെട്ടു. പ്രിയോർ ജനറാളായി വീണ്ടും അലക്ക്സാന്ത്ര യൗസേപ്പച്ചൻതന്നെ തിരഞ്ഞെടുക്കപ്പെട്ടു. ദെഫിനിത്തോർ ജനറാളന്മാരായി ബസ്സൊല്യോസ് അച്ചനും, ഗ്രിഗോറിയോസ് അച്ചനും, പീയൂസ് അച്ചനും, ലൂയീസ് അച്ചനും, പ്രിയോരന്മാരായി മാന്നാനത്തേയ്ക്ക് യൗസേപ്പ് അലക്ക്സാന്ത്ര അച്ചനും, വാഴക്കുളത്തേക്ക് യസ്സീന്തച്ചനും, ഏൽത്തുരുത്തിലേക്ക് ചെല്ലസ്തീനോസ് അച്ചനും, അമ്പഴക്കാട്ടേക്ക് ഗൗറിയേൽ അച്ചനും, പുളിങ്കുന്നിലേക്ക് യാക്കോബി യോഹന്നാൻ അച്ചനും, മുത്തോലിക്കു അപ്രേം അച്ചനും, വികാരിമാരായി ചെത്തിപ്പുഴക്ക് ലൗറന്തിയോസച്ചനും, പാറട്ടിക്ക് മിഖേൽ അച്ചനും, പാണാപള്ളിക്ക് അന്തോനി അച്ചനും, തേവരക്ക് ലെയോനാർദച്ചനും, കൂനമ്മാവുങ്കലേക്ക് യൌസേപ്പു അന്തോനി അച്ചനും തിരഞ്ഞെടുക്കപ്പെട്ടു. പുതുസന്യാസികളുടെ ഗുരുവായി ക്രിസോസ്തോമ്മോസച്ചനും നിയമിക്കപ്പെട്ടു. പുത്തനായി തിരഞ്ഞെടുക്കപ്പെടുന്ന പ്രിയോർ ജനറാൾ തന്റെ അധികാരത്തിന്റെ മൂന്നാണ്ടിനകത്തു രണ്ടുപ്രാവശ്യം കാനോനാപ്രകാരം എല്ലാ കൊവേന്തകളേയും സന്ദർശിച്ചു ന്യായപ്രമാണത്തിന്റെ കാർപ്പ് സംബന്ധിച്ച് വേണ്ട അന്വേഷണം ചെയ്യണമെന്ന് നിയമമുണ്ട്. അതിൻപ്രകാരം രണ്ടു

പ്രാവശ്യം പ്രിയോർ ജനറാൾ എല്ലാ കൊവേന്തകളേയും വിസീത്ത കഴിക്കയും വേണ്ടിയിരിക്കുന്ന അന്വേഷണങ്ങൾ ചെയ്കയും ചെയ്തു.

1906 മാർച്ച് മാസം 12-നു കിഴക്കെ റീത്തുകളുടെ കാര്യവിചാരം ചെയ്യുന്ന പ്രൊഫഗാന്ത തിരുസംഘത്തിന്റെ കർദിനാളന്മാരുടെ പൊതുയോഗത്തിൽ നമ്മുടെ സഭയുടെ ന്യായപ്രമാണം ശാശ്വതമായി ഉറപ്പിക്കണമെന്നു തീർച്ചചെയ്കയും ഈ തീർച്ചയെ പത്താം പീയൂസ് മാർപ്പാപ്പാ അംഗീകരിച്ച് സ്ഥിരപ്പെടുത്തുകയും ചെയ്തു. ഈ സംഗതിക്കുള്ള ദെക്രേത്തു പ്രൊഫഗാന്തിൽ നിന്നു പ്രിയോർ ജനറാൾ അച്ചന്റെ പേർക്ക് അയച്ചുകൊടുത്തത് ടി. ആണ്ട് ജൂലായ് മാസത്തിൽ ഇവിടെ കിട്ടുകയും കർമ്മലമാതാവിന്റെ തിരുനാൾ ദിവസത്തിൽ നമ്മുടെ ആശ്രമദേവാലയങ്ങളിൽ ദൈവത്തിനു ഉപകാരസ്മരണ ചെയ്കയും ചെയ്തു. 1907-ൽ മേൽപറഞ്ഞ ന്യായപ്രമാണം ലത്തീൻഭാഷയിൽ അടിച്ചതിന്റെ അനേകം പ്രതികൾ റോമ്മയിൽ നിന്നു പ്രിയോർ ജനറാൾ അച്ചനു കൊടുത്തയയ്ക്കുകയും അദ്ദേഹം എല്ലാവർക്കും ഓരോ പ്രതി കൊടുക്കയും ചെയ്തു. 1906 നവംബർമാസത്തിൽ ഇന്ത്യയുടെ ദെലഗാത്തപ്പസ്തോലിക്കാ സലേസ്ക്കി തിരുമനസ്സുകൊണ്ടു മലയാളത്തിലെ മെത്രാസനങ്ങൾ സന്ദർശിക്കുന്നതിനായി വരികയും ആ സന്ദർഭത്തിൽ മാന്നാനത്തുകൊവേന്തയിൽ ഒരു ദിവസം പാർക്കയും ഉണ്ടായി.

40. മൂന്നാം അദ്ധ്യായം 14-ാം ലക്കത്തിൽ കൂനമ്മാവുങ്കൽ പുതുതായി പണി കഴിപ്പിച്ച ബങ്കളാവിൽ കുർബാന ചൊല്ലിയതും അവിടെ അച്ചന്മാർ പാർത്തു തുടങ്ങിയതും വിവരിച്ചിട്ടുണ്ടല്ലോ. 1901 മെയ് മാസത്തിൽ മാന്നാനത്തുകൊവേന്തയിൽവച്ചു നടത്തിയ ശ്രേഷ്ഠസംഘ ആലോചനയിൽ കൂനമ്മാവുങ്കലെ മേൽപറഞ്ഞ ഭവനം ഒരു കൊവേന്തയായി സ്ഥാപിച്ച് വികാരിയെ നിശ്ചയിക്കണമെന്നും സന്യാസികളുടെ ഉപയോഗത്തിനായി ഒരു തനി കപ്പേള പണിയിക്കണമെന്നും നിശ്ചയിക്കയും ആ നിശ്ചയപ്രകാരം 1902 ഏപ്രിൽ മാസത്തിൽ വികാരിയായി യോഹന്നാനച്ചനെ നിയമിക്കയും ഉണ്ടായി. 1889-ൽ കൂനമ്മാവു കൊവേന്ത വാരാപ്പുഴക്ക്

വിട്ടുകൊടുക്കയും അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോരിന്റെ അധീനത്തിൽ വെയ്ക്കപ്പെടുകയും വരവുകൾ ഒക്കയും ടി. പ്രിയോർ എടുത്തു ചിലവു ചെയ്കയും ചെയ്തിരുന്നു.

എന്നാൽ 1894-ൽ ശ്രേഷ്ഠാസംഘത്തിൽ നിന്നു ചെയ്ത വ്യവസ്ഥപ്രകാരം അമ്പഴക്കാട്ടെ മേൽനോട്ടത്തിൻകീഴ് വരവുകൾ ഒക്കയും കൂനമ്മാവുങ്കൽ തന്നെ എടുക്കയും കല്പന പ്രകാരം യോഗാർത്ഥികളുടെയും നവസന്യാസികളുടെയും ആവശ്യത്തിനു കൊടുക്കാൻ നിശ്ചയിക്കപ്പെട്ട സംഖ്യ ഒഴിച്ചു ശിഷ്ടമുള്ളതൊക്കെ അവിടെതന്നെ ചിലവഴിക്കയും ചെയ്തു പോന്നു. എന്നാൽ വികാരിയെ കല്പിച്ചനാൾ മുതൽ കൂനമ്മാവുങ്കലെ സ്ഥാവര ജംഗമ വസ്തുക്കൾ ഒക്കയും ആ കൊവേന്തയുടെ അധികാരത്തിലും ആക്കപ്പെട്ടു. 1894 മുതൽ വികാരിയെ കല്പിച്ച നാൾവരെ ഇവിടുത്തെ കാര്യാദികൾ അന്വേഷിച്ചു നടത്തിപ്പോന്നത് സ്ഥലത്തെ കന്യകാമഠത്തിന്റെ കപ്ലോന്മാരായിരുന്നു. ലൌറന്തിയോസച്ചൻ ഇവിടെ താമസിച്ചിരുന്ന യോഗാർത്ഥികളുടെ ഡിറെക്ടരും കപ്ലോനുമായി 1894 മുതൽ 1897 ഫെബ്രുവരി മാസം വരെ കാര്യം നോക്കി. പിന്നീടു യാക്കോബു യോഹന്നാൻ അച്ചൻ 1899 വരെയും അനന്തരം ഗീവർഗീസു യോഹന്നാൻ മാംദാന അച്ചൻ 1902 വരെയും കന്യകാമഠത്തിന്റെ കപ്ലോന്മാരായി ഇവിടെയും അവർ തന്നെ വസ്തുക്കളുടെ കാര്യങ്ങൾ നോക്കിവരികയും ചെയ്തിരുന്നു. 1894 മുതൽ1898 വരെ സഭയിൽ ചേരാനുള്ളവരായ യോഗാർത്ഥികൾ ഇവിടെ താമസിക്കയും വരാപ്പുഴ വകയായി അടുത്തുണ്ടായിരുന്ന ഹൈസ്ക്കൂളിൽ പോയി പഠിക്കയും ചെയ്തു പോന്നിരുന്നു.

എന്നാൽ 1898-ൽ ടി. ഹൈസ്ക്കൂൾ ഭാരവാഹികൾ ഇവിടെ നിന്നും എറണാകുളത്തേക്കു മാറ്റുകയാൽ നമ്മുടെ യോഗാർത്ഥികൾ സൗകര്യംപോലെ മാന്നാനത്തും ഏൽത്തുരുത്തിലുമായി ചെന്നു ചേർന്നു. 1902 ജൂൺ മാസം 24-നു ഈ ആശ്രമത്തിൽ താമസിച്ചിരുന്ന തുണസഹോദരനായ പ്രംസിസ്കോസ് മരണം പ്രാപിക്കയും, ആശ്രമത്തോടു ചേർന്നു പണിതുവന്നിരുന്ന ദേവാ

ലയത്തിൽ ഭൂദാനം ചെയ്യപ്പെടുകയും ചെയ്തു. ഈ സഹോദരൻ ഇവിടുത്തെ വസ്തുക്കളുടെ ഗുണത്തിനായും രക്ഷക്കായും ചെയ്ത ബുദ്ധിമുട്ടുകൾ അവർണ്ണനീയങ്ങളാണ്. വസ്തുക്കൾ ഒന്നും നശിക്കാതെ പോയതും അതുകൾ ഒരു നല്ല സ്ഥിതിയിൽ കൊണ്ടുവരപ്പെട്ടതും ആ സഹോദരന്റെ അദ്ധ്വാനഫലമാണ്. ദീന ത്തിൽവച്ച് പ്രകൃതി ആവശ്യങ്ങൾക്കു തടസ്സം നേരിട്ടതിനാൽ അതിയായ സങ്കടവും മരണത്തിനു തുല്യമായ വേദനയും അനു ഭവിച്ചിരുന്നെങ്കിലും അപ്പോൾ പ്രദർശിപ്പിച്ചിരുന്ന ക്ഷമയും ദൈവ ചിത്തത്തോടുള്ള കീഴ്വഴക്കവും ആശ്ചര്യകരവും അനുകരണ നീയവുമായിരുന്നു. ഈ ആണ്ട് സെപ്റ്റംബർ മാസത്തിൽ നമ്മുടെ പ്രിയോർ ജനറാൾ ആയിരുന്ന വാരാപ്പുഴ ബർണ്ണാർദ് മെത്രാപ്പോ ലീത്താ റോമ്മയിലേക്കു തിരുയാത്ര കഴിക്കാനായി പുറപ്പെട്ടപ്പോൾ കൂനമ്മാവുങ്കലെ നമ്മുടെ പുതിയ കൊവേന്തയിൽ വരികയും അപ്പോൾ അദ്ദേഹത്തിന് നമ്മുടെ സന്യാസികൾ ഒരു മംഗളപത്രം സമർപ്പിക്കയും അതിൽ അവിടുത്തെ ഭരണം മുഖാന്തിരം സഭ യ്ക്കുളവായിട്ടുള്ള ഗുണങ്ങൾ വിവരിച്ച് നന്ദി പ്രദർശിപ്പിക്കയും അതിനു തക്കതായ മറുപടി പറയുകയും ചെയ്തു.

എല്ലാവർക്കും അങ്ങെ ആശിർവ്വാദം കൊടുത്തതിനു ശേഷം സ്ഥലത്തെ കന്യകാശ്രമത്തിലും പോയി അവർക്കും ആശിർവാദം നൽകി. ഇദ്ദേഹം റോമ്മയിൽ ചെന്ന് മാർപ്പാപ്പായെ സന്ദർശി ച്ചപ്പോൾ നമ്മുടെ സഭക്കും സഭക്കാർക്കും വേണ്ടി ആശീർവ്വാദം അപേക്ഷിക്കയും പരിശുദ്ധ പിതാവു സന്തോഷപൂർവ്വം ആയതു നൽകുകയും ചെയ്തു. 1903 നവംബർ മാസത്തിൽ ഇൻഡ്യയുടെ ദെലഗാത്തപ്പസ്തോലിക്കാ മലയാളത്തു വന്ന സമയം കൂനമ്മാ വുങ്കലെ നമ്മുടെ പുതിയ കൊവേന്തയേയും കന്യകാശ്രമത്തേയും സന്ദർശിക്കയുണ്ടായി.

പ്രിയോർ ജനറാൾ അലക്സാന്ത്ര യൌസേപ്പച്ചൻ ആദ്യമായി 1903-ൽ അധികാരമുറക്ക് ആശ്രമങ്ങളെ സ്ഥാനസന്ദർശനം ചെയ്ത കൂട്ടത്തിൽ ഒക്ടോബർ മാസത്തിൽ ഈ കൊവേന്തയിലും വന്ന് വിസീത്ത കഴിക്കയുണ്ടായി. പിന്നീട് 1905-ൽ നടത്തിയ

ആശ്രമ വിസീത്തയിൽ ഇവിടെ ജൂൺ മാസത്തിൽ വന്നു സന്ദർശിച്ചു. 1902 നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ എറണാകുളം ചങ്ങനാശ്ശേരി എന്നീ വികാരിയാത്തുകളിലെ മേൽപട്ടക്കാരുടെ സമ്മതത്തോടുകൂടെ കർമ്മലീത്താ ഒന്നാം സഭയുടെ ജനറാൾ ശ്രേഷ്ഠന്റെ ഉത്തരവിൻ പ്രകാരം ടി. രണ്ടു വികാരിയാത്തുകളിലുമുള്ള നമ്മുടെ കൊവേന്തകളിൽ ഉത്തരീയ സഭയും, ലൗകീകർക്കായുള്ള കർമ്മീത്താ മൂന്നാം സഭയും കാനോനാ പ്രകാരം സ്ഥാപിക്കപ്പെട്ടു.

## അധ്യായം 10

1898 മുതൽ പല അച്ചന്മാർ സഭയിൽ മരണം പ്രാപിച്ചു. ടി. ആണ്ട് ജൂലായ് മാസം 24-നു കുറിയാക്കോസ് ബൊക്കാർദച്ചൻ പാണാ പള്ളി ആശ്രമത്തിൽ വെച്ച് കർത്താവിൽ നിദ്രപ്രാപിച്ചു. ഇദ്ദേഹം പള്ളിപ്പുറത്തു പള്ളി ഇടവക പാലക്കൽ എന്ന ശ്രേഷ്ഠകുടുംബ ത്തിൽ 1826 ജൂൺ മാസം 8-നു ജാതനായി. പള്ളിപ്പുറത്തു സെമി നാരിയിൽ പാലക്കൽ തോമ്മാ മല്പാനച്ചന്റെ കീഴ് സുറിയാനി ഭാഷയും മറ്റു വൈദിക പഠിത്വവും കഴിച്ചു. കുർബാനപ്പട്ടം ഏറ്റു കഴിഞ്ഞ ഉടനെ അക്കാലത്തു മാന്നാനത്തു സന്യാസ ജീവിതം അനുഷ്ഠിച്ചു വന്നിരുന്ന വന്ദ്യന്മാരായ ചാവറ കുറിയാക്കോസ് ഏലിയാ മുതലായ അച്ചന്മാരുടെ കൂട്ടത്തിൽ വന്നു ചേരുകയും 1855 ഡസംബർ 8-നു സഭ കാനോനപ്രകാരം സ്ഥാപിതമായ ദിവസം സന്യാസ വ്രതങ്ങൾ ദൈവത്തിനു സമർപ്പിക്കയും ചെയ്തു.

അന്നുമുതൽ 1885-ൽ പുളിങ്കുന്നു കൊവേന്തയുടെ വികാരി യായി തിരഞ്ഞെടുക്കപ്പെട്ട നാൾ വരെ മാന്നാനത്തു തന്നെ താമ സിച്ചുവന്നു. 1889-ൽ ചെത്തിപ്പുഴ കൊവേന്തയുടെ വികാരിയായി തിരഞ്ഞെടുക്കപ്പെട്ടു. 1898-ൽ ആ ജോലി ഒഴിഞ്ഞു പാണാപള്ളി ആശ്രമത്തിൽ താമസിച്ചുവന്നു. ഇവിടെവെച്ചാണ് ഇദ്ദേഹത്തിന്റെ മരണമുണ്ടായത്. നിഷ്ക്കപടത, ശുദ്ധഗതി, ദൈവഭക്തി, മുതലായ ഗുണങ്ങളിൽ ഇദ്ദേഹം പൂരിതനായിരുന്നു. മരണസമയം അടു ത്തപ്പോൾ താൻ വസിച്ചിരുന്ന ആശ്രമത്തിലെ സന്യാസികളെ അടു ക്കൽ വിളിച്ചു വരുത്തി തന്റെ നടപടി തെറ്റുകൾകൊണ്ട് അവർക്കു എന്തെങ്കിലും ഇടർച്ചക്കു കാരണം വന്നിട്ടുണ്ടെങ്കിൽ അതെല്ലാം ദൈവത്തെ ഓർത്തു ക്ഷമിച്ചുകൊള്ളണമെന്നും തനിക്കു ഒരു നല്ല മരണം ലഭിക്കുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്നും അപേക്ഷിച്ചു.

മാർ യൗസേപ്പു പുണ്യവാന്റെ ഒരു പടം കയ്യിൽ പിടിച്ചു ഇടക്കിടക്കു നോക്കി ചുംബനം ചെയ്കയും അന്ത്യനേരമായപ്പോൾ തലയിണക്കു കീഴെ വച്ചു കർത്താവിൽ നിദ്ര ചെയ്കയും ചെയ്തു.

ടി. ആണ്ടു ഒക്ടോബർ മാസം 26-നു മാന്നാനത്തു കൊവേന്തയിൽവച്ചു റോമുവാൾദച്ചൻ മരണം പ്രാപിച്ചു. ഇദ്ദേഹം 1856 ജൂലായ് മാസം 16-നു തോട്ടക്കാട്ടു ഇടവക ചോതിരക്കുന്നേൽ എന്ന ശ്രുതിപെട്ട കുടുംബത്തിൽ ജനിച്ചു. വൈദീക ഗണത്തിൽ ചേർന്നു ജീവിക്കണമെന്നുള്ള ആഗ്രഹത്താൽ മാന്നാനത്തു സെമിനാരിയിൽ വന്നു പഠിച്ചുവരികയിൽ വൈദികനായി ലോകത്തിൽ ജീവിക്കുന്നതിനെക്കാൾ സന്യാസജീവിതത്തിൽ ആയുഷ്ക്കാലം ചിലവഴിക്കുന്നതു ഉത്തമമെന്നു നിശ്ചയിച്ചു. 1869 നവംബർ മാസം 15-നു കൂനമ്മാവുങ്കലെ നവ സന്യാസാശ്രമത്തിൽ ചെന്ന് സഭയിൽ പ്രവേശിച്ചു. കുർബാനപട്ടം ഏറ്റതിനുശേഷം മാന്നാനത്തു സെമിനാരിയിൽ ലത്തീൻ പഠിപ്പിക്കാൻ നിയമിക്കപ്പെടുകയും ഏതാനും വർഷംവരെ ആ ജോലി ചെയ്തു വരികയും ചെയ്തു. അനന്തരം ചെത്തിപ്പുഴ കൊവേന്തയിൽ വളരെക്കാലം പാർത്തു. അവിടത്തെ കൊവേന്ത പണി മുതലായ വേലയിൽ വളരെ അദ്ധ്വാനം ചെയ്തു വന്നിരുന്നു. അജ്ഞാനികളെ സത്യവേദത്തിൽ ചേർക്കുന്നതിനു ഇദ്ദേഹത്തിനു അസാമാന്യമായ ശുഷ്കാന്തിയും ആഗ്രഹവും ഉണ്ടായിരുന്നതിനാൽ അതിനായി ധീരതയേറിയ യത്നങ്ങൾ ചെയ്തു വന്നു. ചങ്ങനാശ്ശേരി, തുരുത്തി മുതലായ സമീപ സ്ഥലങ്ങളിൽ പുലയർ, പറയർ മുതലായ വളരെ ആളുകളെ സത്യവേദത്തിൽ ചേർത്തു. 1893-ൽ പ്രൊഫഗാന്ത തിരുസംഘത്തിന്റെ ശ്രേഷ്ഠനായ കർദിനാളിനു ഈ സംഗതിയെ സംബന്ധിച്ച് ഇദ്ദേഹം അയച്ച എഴുത്തിന് അവിടുന്നു വളരെ തൃപ്തികരമായി ഒരു മറുപടി 1893 ഫെബ്രുവരി മാസം 14-നു അയച്ചു കൊടുക്കയും അതിൽ അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെ വളരെ ശ്ലാഘിക്കയും അതിന് വേണ്ടിയിരിക്കുന്ന പൂർണ്ണ സ്വാതന്ത്ര്യങ്ങൾ എല്ലാം കൊടുക്കയും ചെയ്തു. ഇദ്ദേഹം മരിക്കാൻ കാരണമായ ദീനം കഠിനമായ ഒരു ജ്വരപ്പനി ആയിരുന്നു. പൂഞ്ഞാറ്റിൽ വളരെ ആളുകൾ സത്യവേദത്തിൽ ചേരാനുണ്ടെന്നും ആ കാര്യത്തിൽ യത്നിക്കാൻ ആളുകൾ ഇല്ലെന്നും അറിഞ്ഞു അവിടേക്കു പോകയിൽ മേൽപറഞ്ഞ പനി പിടിപെട്ടതാണ്. പനി ഉണ്ടായേക്കുമെന്നു പലരും പറകയും പക്ഷേ അങ്ങനെ സംഭവിച്ചേക്കുമെന്നു അദ്ദേഹം

വിശ്വസിക്കയും ചെയ്തിരുന്നെങ്കിലും ആ ഭയത്തെ വക വെയ്ക്കാതെ പോകയും തന്നിമിത്തം പനി ഉണ്ടാകയും അതു മരണകരമായി തീരുകയും ചെയ്തു. ഈ വീരകൃത്യം ചെയ്തതു കൊണ്ടു സഹോദരസ്നേഹത്തിന്റെ വീരനായിമരിക്കയും ദൈവത്തെക്കുറിച്ചു ആയുസ്സിനെ പൂജിക്കുന്നവർക്കു അങ്ങുന്നു കൊടുക്കുന്ന നിത്യ സമ്മാനത്തിനു യോഗ്യനായി തീരുകയും ചെയ്തു.

1899 ആഗസ്റ്റ് മാസം 6-നു ചെത്തിപ്പുഴ കൊവേന്തയിൽ വെച്ചു യൗസേപ്പു മറിയം അച്ചൻ കർത്താവിൽ നിദ്രപ്രാപിച്ചു. ഇദ്ദേഹം 1820 മാർച്ച് മാസം 25-നു ചങ്ങനാശ്ശേരി ഇടവക മണക്കുന്നേൽ എന്ന മാന്യ കുടുംബത്തിൽ ജാതനായി. വൈദികഗണത്തിൽ ദൈവത്തിനു ശുശ്രൂഷ ചെയ്യണമെന്നുള്ള ആഗ്രഹത്താൽ അക്കാലങ്ങളിലെ നടപ്പു അനുസരിച്ചു മല്പാനച്ചന്മാരുടെ കീഴ് സുറുയാനി ഭാഷ മുതലായ വൈദികപഠിത്വങ്ങൾ അഭ്യസിച്ചു. കുർബാനപ്പട്ടമേറ്റതിനുശേഷം പല ഇടവകകളിൽ വികാരിത്വജോലി നോക്കി വന്നു. ആ നാളുകളിൽ മാന്നാനത്തു ആരംഭിച്ചു നടന്നുവന്ന നമ്മുടെ സഭയുടെ ഗുണവും അഭിവൃദ്ധിയും കണ്ട് അതിൽ ചേർന്ന ശിഷ്ടകാലം സന്യാസജീവിതത്തിൽ ചിലവഴിക്കണമെന്നു ആഗ്രഹിക്കയും അതിൻപ്രകാരം സഭയുടെ പ്രധാന ശ്രേഷ്ഠനായിരുന്ന വാരാപ്പുഴ ബെർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ അനുമതി വാങ്ങി 1860 മാർച്ച് മാസത്തിൽ സഭയിൽ ചേരുകയും ചെയ്തു. സന്യാസവ്രതങ്ങൾ അനുഷ്ഠിച്ചശേഷം അനേകം കാലം മാന്നാനത്തു അച്ചടിപ്പുരയുടെ മേലദ്ധ്യക്ഷന്റെ ജോലി നോക്കി വന്നു.

1871-ൽ മാന്നാനത്തെ പഴയ സെമിനാരിയുടെ റൈത്തോരായി നിയമിക്കപ്പെട്ടു. തൽക്കാലത്തേക്ക് കൊവേന്തയുടെ ഒരു ഭാഗത്തു സ്ഥാപിച്ചു നടത്തിവന്ന പുതിയ സെമിനാരി 1875-ൽ പുതുതായി പണി കഴിപ്പിച്ചു തീർന്നിരുന്ന വലിയ സെമിനാരിയിലോട്ടു മാറ്റിയപ്പോൾ ഏകമായി തീർന്ന രണ്ടു സെമിനാരിയുടെയും റൈത്തോരായി നിയമിക്കപ്പെട്ടു. 1878 വരെ ആ ജോലി നോക്കി വന്നു. ടി. ആണ്ടിൽ മുത്തോലി ആശ്രമത്തിലേക്കു മാറ്റപ്പെടുകയും 1889-ൽ ചെത്തിപ്പുഴ കൊവേന്തയിലേക്കു മാറ്റപ്പെട്ടതുവരെ അവിടെ താമ

സിച്ചു വരികയും ചെയ്തു. 1889-ൽ മുത്തോലിലെ കന്യകാശ്രമത്തിന്റെ കപ്ലോനായി നിയമിക്കപ്പെടുകയും 10 മാസംവരെ ആ ജോലി നോക്കി വരികയും ചെയ്തു. 1889 മുതൽ മരണം വരെ ചെത്തിപ്പുഴ തന്നെ താമസിച്ചു വന്നു. ഇദ്ദേഹം ഗണിത വിദ്യയിലും, തമിഴ്ഭാഷയിലും വളരെ നൈപുണ്യം ഉള്ള ആളായിരുന്നു. അക്കാലത്തു തമിഴ്ഭാഷയിൽ ഉണ്ടായിരുന്ന മിക്ക പുസ്തകങ്ങളും വായിച്ചറിഞ്ഞിരുന്നു. മാന്നാനത്തു താമസിച്ചിരുന്ന കാലങ്ങളിൽ അവിടത്തെ സകല കണക്കു ജോലികളും ഇദ്ദേഹമാണ് നടത്തിവന്നിരുന്നത്. ഇദ്ദേഹത്തിന്റെ ശിഷ്യന്മാരായി പല പട്ടക്കാർ ഉണ്ടായിട്ടുണ്ട്. മുമ്പുണ്ടായിരുന്ന വാതരോഗമാണ് മരണത്തിനു കാരണമായി തീർന്നത്. ദീനത്തിലുണ്ടായിരുന്ന വേദനകൾ ഒക്കയും ക്ഷമയോടെ അനുഭവിച്ചും, അന്ത്യകുദാശകൾ ഒക്കയും നല്ല ഒരുക്കത്തോടെ കൈക്കൊണ്ടും സൃഷ്ടിതാവായ ദൈവത്തിൽ ആത്മാവിനെ ഭരമേല്പിച്ചു. സംസ്ക്കാര ക്രിയക്ക് ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ അവർകൾ സന്നിഹിതനായിരുന്നു.

1899 സെപ്റ്റംബർ മാസം 12-നു കുറിയാക്കോസ് അൽവർത്തോസച്ചൻ മാന്നാനത്തു കൊവേന്തയിൽ വച്ചു മരണം പ്രാപിക്കയും അവിടെതന്നെ ഭൂദാനം ചെയ്യപ്പെടുകയും ഉണ്ടായി. ഇദ്ദേഹം അതിരമ്പുഴ ഇടവക കൊച്ചുപുര എന്ന മാന്യ കുടുംബത്തിൽ 1860 മെയ് മാസം 8-നു ജനിച്ചു. വൈദികഗണത്തിൽ ചേർന്നു ജീവിക്കണമെന്നുള്ള അപേക്ഷയാൽ അക്കാലത്തു നടന്നുവന്നതും പുളിങ്കുന്നു കൊവേന്തയോടു ചേർന്നുണ്ടായിരുന്നതുമായ സെമിനാരിയിൽ പ്രവേശിച്ച് വൈദിക പഠിത്വങ്ങൾ അഭ്യസിച്ചുവന്നു. 1878-ൽ സെമിനാരി നിർത്തലാക്കിയപ്പോൾ മാന്നാനത്തു സെമിനാരിയിൽ വന്നു ചേർന്നു. സഭയിൽ ചേരണമെന്നുണ്ടായിരുന്ന ആഗ്രഹത്താൽ 1883 ഫെബ്രുവരി മാസം 7-നു അഞ്ചുപട്ടം ഏറ്റിരുന്ന കാലത്ത് മാന്നനത്തു കൊവേന്തയിൽ വെച്ച് സഭയിൽ പ്രവേശിക്കയും ടി. ആണ്ട് ഒക്ടോബർമാസത്തിൽ കൂനമ്മാവുങ്കലെ നവസന്യാസാശ്രമത്തിൽ വന്നു ചേരുകയും ചെയ്തു.

1887 നവംബർ മാസം 27-നു വാഴക്കുളത്തു കൊവേന്ത യിൽവച്ച് തന്റെ സന്യാസ വ്രതങ്ങൾ ദൈവത്തിനു സമർപ്പിച്ചു. വാഴക്കുളം, മാന്നാനം, അമ്പഴക്കാട്, അരണാട്ടുകര, പാറട്ടി മുത ലായ കൊവേന്തകളിൽ കല്പനപ്രകാരം പോയി പാർക്കയും അവിടെ ഓരോ ജോലി നടത്തുകയും ചെയ്തു. അനന്തരം ഒരു വക ചുമ ഉണ്ടാകുകയും ക്ഷയമായി മാറിയതിനാൽ അതു മരണ ഹേതുകമായി തീരുകയും ചെയ്തു. ദീനത്തിന്റെ ആരംഭ കാരണം അരണാട്ടുകര കൊവേന്തയിൽ പാർത്ത കാലത്താണുണ്ടായത്. അവിടുത്തെ കാറ്റുകൊണ്ട് ഒരു നീർവീഴ്ച ആരംഭിച്ചു. പിന്നീടു വാഴക്കുളത്തെ സ്ഥലം മാറിയപ്പോൾ അതു പെട്ടെന്നു നിന്നു. ഇങ്ങനെ ആ നീർ ഉള്ളിലേക്കു വലിയുകയും തന്നിമിത്തം ക്ഷയം ആരംഭിക്കയും ചെയ്തു. ഉദ്ദേശം രണ്ടു വർഷത്തോളം ദീനത്തിൽ കിടന്നു. ദീനം തുടങ്ങിയതിനുശേഷം പാണാപള്ളിയിലും, മുത്തോലിയിലും, ഒടുവിൽ മാന്നാനത്തും താമസിക്കയും ഇവിടെ വച്ച് മരിക്കയും ഉണ്ടായി. ദീനം മരണകരമാണെന്ന് ഇദ്ദേഹത്തിനു നല്ല ബോധം ഉണ്ടായിരുന്നതിനാൽ മഹാഭക്തിയോടും മനഃസ്താ പത്തോടും കൂടെ അന്ത്യകൂദാശകൾ ഒക്കയും കൈക്കൊണ്ടു. മര ണസമയത്ത് ചുറ്റും നിന്നിരുന്ന സഹോദരന്മാരോടു തന്റെ ജീവി തത്തിലെ വീഴ്ചകളെപ്പറ്റി ക്ഷമായാചനം അപേക്ഷിക്കയും കാണി കൾക്കു കർത്താവിൽ വലിയ ശരണം തോന്നത്തക്കവിധത്തിൽ ആത്മാവിനെ സൃഷ്ടിതാവിങ്കൽ കയ്യേൽപ്പിക്കയും ചെയ്തു.

1900 ജനുവരി മാസം 21-ാം ഏൽതുരുത്തു കൊവേന്ത യിൽവെച്ച് ഏലിയാ അച്ചൻ കർത്താവിൽ മരണം പ്രാപിച്ചു ഇദ്ദേഹം ഞാറയ്ക്കൽ ഇടവക ശ്രുതിപ്പെട്ട ശങ്കൂരിക്കൽ (ശങ്കരപു രി) എന്ന കുടുംബത്തിൽ 1851 ഫെബ്രുവരി മാസം 19-നു ജാത നായി. 1867 ഫെബ്രുവരി മാസം 16-നു കൂനമ്മാവുങ്കലെ നമ്മുടെ നവസന്യാസാശ്രമത്തിൽ വന്നു സഭയിൽ പ്രവേശിച്ചു. ഇദ്ദേഹം ശാന്തശീലനും സ്വകൃത്യ നിർവ്വഹണത്തിൽ അതിതല്പരനും ആയിരുന്നതിനാൽ സ്തുത്യർഹമായ വിധത്തിൽ നവസന്യാസ ജീവിതം കഴിക്കയും അക്കാലത്തെ നടപ്പുപോലെ കുർബാനപട്ടം

ഏറ്റു കഴിഞ്ഞു സന്യാസ വാഗ്ദത്തങ്ങൾ ചെയ്കയും ചെയ്തു. അദ്ദേഹത്തിന്റെ സൽസ്വഭാവവും സാധുശീലവും നിമിത്തം ഒരിക്കലെങ്കിലും താൻ മുഖാന്തിരം ശേഷം സഹോദരങ്ങൾക്ക് വല്ല സങ്കടവും നേരിട്ടതായി കേട്ടിട്ടില്ല. മരിക്കുന്നതുവരെ അനേകം കാലം ഏൽതുരുത്തു കൊവേന്തയിലാണ് ഇദ്ദേഹത്തിന്റെ താമസം ഉണ്ടായിട്ടുള്ളത്. പതിവായിട്ടുണ്ടായിരുന്ന ചില സുഖക്കേടുകൾ നിമിത്തം ചുമതലയുള്ള ജോലികൾ ഒക്കെയിൽ നിന്നും ഒഴിഞ്ഞിരുന്നു. മേൽശ്രേഷ്ഠന്മാരുടെ കല്പന അനുസരിക്കാൻ വേണ്ടി ഇടക്കാലത്ത് പാറട്ടി കൊവേന്തയിൽ കുറേക്കാലം വികാരിത്വ ജോലി നോക്കി, കീഴ് വഴക്കം മുതലായ സന്യാസ വാഗ്ദത്തങ്ങൾ എപ്പോഴും നല്ല സൂക്ഷത്തോടെ മരണം വരെ നിറവേറ്റി വന്നിരുന്നു.

43. 1902 ഫെബ്രുവരി മാസം 24-നു യൗസേപ്പു യോഹന്നാനച്ചൻ മാന്നാനത്തു കൊവേന്തയിൽവച്ച് മരണം പ്രാപിച്ചു. ഇദ്ദേഹം 1826 ഫെബ്രുവരി മാസം 10-നു പുളിങ്കുന്നു ഇടവക തയ്യിൽ എന്ന മാന്യ കുടുംബത്തിൽ ജനിച്ചു. തന്റെ ഇഹലോകവാസം ദൈവശുശ്രൂഷയിൽ ചിലവഴിക്കണമെന്നുള്ള ആഗ്രഹത്താൽ അക്കാലത്തിലെ മുറപോലെ മല്പാനച്ചന്മാരുടെ കീഴായി വൈദികപഠിത്വങ്ങൾ എല്ലാം അഭ്യസിക്കയും 1850-ൽ കുർബാനപ്പട്ടം ഏൽക്കുകയും ചെയ്തു. ഇതിനുശേഷം തോട്ടക്കാടു, തുരുത്തി മുതലായ പള്ളികളിൽ വികാരിത്വജോലി സ്തുത്യർഹമായ വിധത്തിൽ നടത്തി.

1861 ജനുവരി മാസം 10-നു ലോകം ഉപേക്ഷിച്ചു നമ്മുടെ സഭയിൽ പ്രവേശിച്ചു. സഭയിൽ പ്രവേശിച്ചിട്ടു നവ സന്യാസത്തിന്റെ കുറെക്കാലം  ജോലിയില്ലാതെ ജീവിച്ചു. നല്ല സന്യാസ അരൂപിയും ഭരണശക്തിയും ഉണ്ടായിരുന്നതുകൊണ്ടു എല്ലായ്പ്പോഴും ഓരോ ജോലിയിൽ ശ്രേഷ്ഠന്മാർ ഇദ്ദേഹത്തെ നിശ്ചയിച്ചാക്കി. 1862 മുതൽ 1873 വരെ ഉദ്ദേശം 11 വർഷത്തോളം കൂനമ്മാവുകൊവേന്തയുടെ വികാരിയായി കാര്യം നോക്കിവന്നു. പിന്നീടു 1883 മുതൽ 1889 വരെ വീണ്ടും അവിടത്തെ പ്രിയോ

രായി തിരഞ്ഞെടുക്കപ്പെടുകയും എത്രയും സ്തുത്യർഹമായവിധത്തിൽ ആ ജോലി നടത്തിവരികയും ചെയ്തു. ഇതിനിടയ്ക്ക് 1873 മുതൽ 1883 വരെ നവസന്യാസികളുടെ ഗുരുവിന്റെ ജോലി നോക്കിവന്നു. 1889 മുതൽ 1893 വരെ പ്രിയോർ ജനറാൾ ആയിരുന്ന ഇന്ത്യയുടെ ദെലഗാത്ത് അപ്പസ്തോലിക്കായുടെ പേർക്ക് സഭയെ ഭരിച്ചുവന്നു. 1894 മുതൽ 1897 വരെ നവസന്യാസികളുടെ ഗുരുവും പൊതുശ്രേഷ്ഠാലോചനക്കാരനുമായി നിയമിക്കപ്പെടുകയും ആ ജോലി യോഗ്യമാംവണ്ണം നിറവേറ്റിവരികയും ചെയ്തു.

അനന്തരം 1900 മുതൽ മരണം വരെ പ്രിയോർ ജനറാൾ ആയ ബർണ്ണാദു മെത്രാപ്പോലീത്തായുടെ ദെലഗാത്തായി നിയമിക്കപ്പെടുകയും ആ സ്ഥാനത്തിൽ സഭയെ ഭരിച്ചു വരികയും ചെയ്തു. ഇദ്ദേഹത്തിന്റെ ജീവിതം എല്ലാവർക്കും ഒരു നല്ല കണ്ണാടിപോലെ ആയിരുന്നു. ദാരിദ്ര്യം, കീഴ്വഴക്കം എന്നീ സന്യാസാവാഗ്ദത്തങ്ങളെ എത്രയും കൃത്യമായി നിറവേറ്റി ജീവിച്ചുവന്നതിനാൽ ആ വാഗ്ദത്തങ്ങൾ എങ്ങനെ ശേഷം സന്യാസികൾ അനുഷ്ഠിക്കണമെന്നു ഇദ്ദേഹത്തിന്റെ ജീവിതംകൊണ്ടു അവരെ പഠിപ്പിച്ചു വന്നു. എത്രയും നിസാരമെന്നു തോന്നത്തക്ക ലഘുവായ ക്രമചട്ടങ്ങൾ കൂടെയും കൃത്യമായി നിറവേറ്റി വന്നു. പൊതുശ്രേഷ്ഠൻ എന്ന നിലയിൽ സഭയെ ഭരിച്ചുവരുമ്പോൾ വല്ല അല്പമായക്രമത്തിന് ലംഘനം വരുത്തിയിരുന്നപ്പോൾ അതിന് പരസ്യമായി ഊട്ടുമുറിയിൽ പ്രായശ്ചിത്തം ചെയ്തിരുന്നു. എല്ലാ ദിവസവും അതിരാവിലെ 3 മണിക്ക് എഴുന്നേൽക്കയും 5 മണിക്ക് ധ്യാനത്തിനു മണികൊട്ടുന്നതുവരെ മേശപ്പുറത്തു സ്ഥാപിച്ചു വെച്ചിരുന്ന തൂങ്ങപ്പെട്ട സ്വരൂപത്തിൽ മുമ്പാകെ നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിന്മേൽ ധ്യാനിക്കുക, മനഃസ്താപത്തിന്റെ മസ്സുമ്മോറാ (സംഗീർത്തനം)കൾ ജപിക്കുക മുതലായവയിൽ സമയം ചിലവഴിച്ചിരുന്നു. ദിവസവും പള്ളിയിൽ ചൊല്ലപ്പെടുന്ന എല്ലാ കുർബാനയും കണ്ടു വന്നു. ശരാശരിക്ക് ദിവസം 1-ക്ക് 4 കുർബാനവീതം കണ്ടിരുന്നു എന്നു മേൽപറഞ്ഞ പതിവിൽനിന്നു

കണക്കാക്കാവുന്നതാണ്. മറ്റു ജോലികൾ ഒന്നും ഇല്ലാത്തപ്പോൾ കുർബാനകഴിഞ്ഞു ഉച്ചവരെയുള്ള സമയത്തിൽ ഒരുഭാഗം വിശുദ്ധ കുർബാനയുടെ സന്നിധിയിൽചെന്ന് ആരാധിക്കുന്നതിലും മറ്റു സമയം സുറിയാനി ഭാഷയിൽ അച്ചടിച്ചിട്ടുള്ള രക്തസാക്ഷികളുടെയും പരിശുദ്ധന്മാരുടെയും ചരിത്രം വായിക്കുന്നതിലും ചിലവഴിച്ചുവന്നു.

ഇദ്ദേഹത്തിന്റെ ഹൃദയത്തിൽ കത്തിജ്വലിച്ചിരുന്ന ദൈവസ്നേഹത്തിന്റെ ആധിക്യത്താൽ ഇടക്കിടക്ക് ഓരോ സുകൃതസല്ലാപങ്ങൾ ചെയ്തുവന്നു. സന്യാസമുറക്കുള്ള ശാസനകളെ കീഴുള്ളവരോടു ചെയ്യുമ്പോൾ മധുരവിധം ഉപയോഗിച്ചിരുന്നെങ്കിലും ഗൗരവം വേണ്ടിടത്തു ആയതുപയോഗിക്കയും ചെയ്തിരുന്നു. ഇദ്ദേഹം സഭയിൽ പ്രവേശിക്കാനുള്ള കാരണം തന്റെ ഒരു സഖിയുടെ മരണസമയത്തുണ്ടായ ഒരു വിശേഷമാണ്. ഈ സഖി മരിക്കുന്നതിനു അല്പം മുമ്പു തന്റെ അദ്ധ്വാനഫലമായി സമ്പാദിച്ചിരുന്ന പൊന്നാഭരണങ്ങൾ കൊണ്ടുവരാൻ പറകയും അവയിന്മേൽ സൂക്ഷിച്ചുനോക്കി ചുംബനം ചെയ്കയും ഇതിനുശേഷം മരിക്കയും ഉണ്ടായി. ഈ കാഴ്ച കണ്ടപ്പോൾ ഹൃദയത്തിൽ ഉണ്ടായ പകർച്ചയും ഞടുക്കവും അവർണ്ണനീയമായ ഒന്നായിരുന്നു. ഉടനെ വീട്ടുകാരോടും സംബന്ധക്കാരോടും യാതൊരു ആലോചനയും ചെയ്യാതെ അക്കാലത്തു സഭയുടെ പ്രധാന ശ്രേഷ്ഠനായിരുന്ന ബെർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ പക്കൽച്ചെന്ന് സന്യാസ ജീവിതം കഴിക്കാനുള്ള തന്റെ ആഗ്രഹത്തെ ബോധിപ്പിക്കയും ഉടനെ അനുമതി ലഭിച്ചു സഭയിൽ പ്രവേശിക്കയും ചെയ്തു.

ഇദ്ദേഹത്തിന്റെ മരണസമയത്തുണ്ടായ ഒരു വിശേഷം അത്ഭുതകരവും ചരിത്രയോഗ്യവുമായ ഒരു സംഭവമായി ഗണിക്കപ്പെടാവുന്നതുമാണ്. മരണത്തിന് അല്പം മുൻപ് വിശുദ്ധ കുർബാന കൈക്കൊള്ളണമെന്നു ആഗ്രഹിച്ചപേക്ഷിക്കയും അതിൻപ്രകാരം വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു മുറിയിൽ കൊണ്ടുവരികയും ഉണ്ടായി. അപ്പോൾ ശക്തി ഒക്കയും പ്രയോഗിച്ചു കട്ടിലിൽനിന്നു

എഴുന്നേറ്റു. ആ സമയത്തു മുഖത്തു വലുതായ ഒരു ഭാവപകർച്ച ഉണ്ടായി. ഈ ദേഹത്തിൽ ശേഷിച്ചിരുന്ന ശക്തിക്കയും മുഖത്തു വന്നു കൂടിയതുപോലെ കാണികൾക്കു തോന്നപ്പെട്ടു. ഹൃദയത്തിൽ ഉണ്ടായിരുന്ന ദൈവ സ്നേഹമൊക്കെയോടുംകൂടെ വിശുദ്ധ കുർബാന കൈക്കാള്ളുകയും ഉടനെ ദേഹത്തിൽ നിന്നു ആത്മാവു പിരിയുകയും ചെയ്തു. മരിച്ചു കഴിഞ്ഞിട്ടു ഉദ്ദേശം കാൽ മണിക്കൂർവരെ മുഖത്തുണ്ടായ മേൽപറഞ്ഞ പകർച്ച നിലനിന്നു. ഇതിനു ഈ എഴുത്തുകാരനും മറ്റനേകരും ദൃക്സാക്ഷികളാണ്.

44. 1902 മാർച്ച് മാസം 12-നു പാററ്റി കൊവേന്തയിൽ വെച്ച് ഗീവർഗീസു മറിയം (വാറുണ്ണി) അച്ചൻ കർത്താവിൽ മരണം പ്രാപിച്ചു. ഇദ്ദേഹം ഒല്ലൂർ ഇടവക കല്ലൂക്കാരൻ എന്ന പ്രസിദ്ധ കുടുംബത്തിൽ 1845 നവംബർ മാസം 15-നു ജനിച്ചു. മരണഹേതുകമായ ദീനം പനി ആയിരുന്നു. ചെറുപ്രായത്തിൽ തന്നെ ദൈവഭക്തി അധികമായി ഇദ്ദേഹത്തിൽ വേരൂന്നി പിടിച്ചിരുന്നു. 1859 സെപ്റ്റംബർ മാസം 13-നു സഭയിൽ പ്രവേശിച്ചു. 1859-ൽ ഒല്ലൂർ പള്ളിയിൽ നമ്മുടെ അച്ചന്മാർ നടത്തിയ ജ്ഞാനധ്യാനത്തിൽ ഈ പൈതൽ വന്നുകൂടുകയും അപ്പോൾ സഭയിൽ ചേരാനുള്ള തന്റെ ആഗ്രഹം വന്ദ്യ ഓർമ്മക്കു യോഗ്യനായ ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ അറിയുകയാൽ കൂനമ്മാവുങ്കലെ നവസന്യാസാശ്രമത്തിൽ പൈതലിനെ കൊണ്ടുപോകാൻ നമ്മുടെ അച്ചന്മാരോടു കല്പിക്കയും ഉണ്ടായി. യാത്രയിൽ വെച്ചാണു വീട്ടുകാർ വിവരം അറിഞ്ഞത്. പൈതലിന്റെ മനസ്സു അറിഞ്ഞപ്പോൾ അതിന് അവർ സഹായിക്കയാണ് ഉണ്ടായത്.

സന്ന്യാസി ആകുന്നതെന്തിനാണെന്നു ഒല്ലൂർ വെച്ചു നമ്മുടെ അച്ചന്മാർ പൈതലിനോടു ചോദിച്ചപ്പോൾ ചെയ്ത ദോഷത്തിന് പ്രായശ്ചിത്തം എടുത്തു നല്ല ജീവിതം കഴിക്കുന്നതിനാണെന്നു ഉത്തരിച്ചു. നവസന്യാസ ജീവിതം മഹാശുഷ്കാന്തിയോടെ കഴിച്ചതിനാൽ സ്വന്തം പുണ്യപൂർണ്ണതയിന്മേൽ വലിയ തല്പരത ഉണ്ടാകയും അതിൽ മരണം വരെ നിലനിൽക്കയും ചെയ്തു. കുർബാനപ്പട്ടം ഏറ്റു കഴിഞ്ഞതിന്റെ ആദ്യത്തെ ആണ്ടുകളിൽ വാഴക്കുളം,

പുളിങ്കുന്നു മുതലായ ആശ്രമങ്ങളിൽ പോയി പാർക്കയും ആ നാളുകളിൽ പിടിപെട്ട ദീനം മുഖാന്തിരം അരണാട്ടുകര ഏൽത്തുരുത്ത് കൊവേന്തയിൽ കല്പനപ്രകാരം താമസിക്കയും ചെയ്തു. 1884-ൽ ഏൽത്തുരുത്തു കൊവേന്തയുടെ ശ്രേഷ്ഠനായി നിയമിക്കപ്പെടുകയും ആ ഉദ്യോഗത്തിൽ 1889 വരെ ഇരിക്കയും ചെയ്തു. പിന്നീടു 1894-ൽ പൊതു ശ്രേഷ്ഠാലോചനക്കാരനായി തിരഞ്ഞെടുക്കപ്പെട്ടു. അതിന് ശേഷം 1897-ൽ ഉണ്ടായ ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പു യോഗത്തിൽ അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോരായി നിയമിക്കപ്പെട്ടു. അനന്തരം 1899-ൽ കൂടിയ സഭയുടെ പൊതുയോഗത്തിൽ വീണ്ടും പൊതുശ്രേഷ്ഠാലോചനക്കാരനായി തിരഞ്ഞെടുക്കപ്പെട്ടു. 1902 ഫെബ്രുവരി മാസത്തിൽ യൗസേപ്പു യോഹന്നാനച്ചന്റെ മരണം മുഖാന്തിരം ഉണ്ടായ ഒഴിവിൽ ഇദ്ദേഹത്തെ ബർണ്ണാദ് മെത്രാപ്പോലീത്താ തന്റെ ദെലഗാത്തായി സഭയെ ഭരിക്കാൻ നിശ്ചയിച്ചെങ്കിലും ആ സ്ഥാനം ഏറ്റുനടത്തുന്നതിന് ഇടയാകുന്നതിനു മുമ്പു ദീനം പിടിപെടുകയും തൻമൂലം മരണം പ്രാപിക്കയും ഉണ്ടായി. ഇദ്ദേഹം വളരെ സാധുവും നല്ല എളിമ ഉള്ളവനും ശേഷം പേരുടെ ബുദ്ധിമുട്ടുകളിന്മേൽ വളരെ അലിവുള്ളവനും ആയിരുന്നു. ഒരിക്കലും വൃഥാ നേരം ചിലവഴിച്ചിരുന്നില്ല. ജോലി ഒന്നും ഇല്ലാത്തപ്പോൾ സ്വന്തമുറിയിൽ ഇരുന്ന് എന്തെങ്കിലും വല്ല ജ്ഞാന പുസ്തകം വായിക്കുക പതിവായിരുന്നു. മരണം സമീപിച്ചു എന്നു അറിഞ്ഞപ്പോൾ വിശേഷ ഒരുക്കത്തോടു കൂടെ അന്ത്യകൂദാശകൾ ഒക്കയും കൈക്കൊണ്ടു തന്റെ സഹോദരന്മാരുടെ ഇടയിൽവച്ച് ആത്മാവിനെ സൃഷ്ടിതാവിങ്കൽ ഭരമേല്പിച്ചു. മൃതശരീരം പാറട്ടി കൊവേന്തപ്പള്ളിയിൽ മറവു ചെയ്യപ്പെടുകയും ചെയ്തു.

വാഴക്കുളത്തു കൊവേന്തയുടെ പ്രിയോർ ആയിരുന്ന ആഗുസ്തീനോസച്ചൻ 1905 ജനുവരി മാസം 19-നു മരണം പ്രാപിച്ചു. ഇദ്ദേഹം 1853 മെയ് മാസം 2-നു വാഴക്കുളം ഇടവക ഏടാട്ടേൽ എന്ന നല്ല കുടുംബത്തിൽ ജനിച്ചു. വൈദിക ഗണത്തിൽ ചേർന്നു ജീവിക്കണമെന്നുള്ള ആഗ്രഹത്താൽ വാഴക്കുളത്തു സെമിനാരി

യിൽ ചെന്നു പഠിച്ചുപോന്നു. അവിടെവച്ചു സന്യാസ അന്തസ്സിൽ ജീവിക്കുന്നതിന് ദൈവം തന്നെ വിളിക്കുന്നതായും അതിനു ശക്തിയേറിയ ആഗ്രഹം തനിക്കു നൽകുന്നതായും ബോധിക്കയാൽ ആ ദൈവവിളി അനുസരിച്ചു 1872 ഏപ്രിൽ മാസം 25-നു കൂനമ്മാവുങ്കലെ നവസന്യാസാശ്രമത്തിൽ ചെന്നു സഭയിൽ പ്രവേശിച്ചു. നവസന്യാസ ജീവിതം കഴിഞ്ഞ ശേഷം 1877 ഫെബ്രുവരി മാസത്തിൽ കുർബാനപട്ടം ഏൽക്കുകയും അക്കാലത്തിലെ നടപ്പുപോലെ ഒരു വർഷം കഴിഞ്ഞിട്ടു സന്യാസ വാഗ്ദത്തങ്ങൾ ദൈവത്തിന് സമർപ്പിക്കയും ചെയ്തു.

ഇദ്ദേഹം വളരെ കൃത്യനിഷ്ഠയുള്ള ആൾ ആയിരുന്നതിനാൽ തനിക്കു ഏൽപ്പിക്കപ്പെട്ട ചുമതലകൾ ഒക്കെയും ബഹു ജാഗ്രതയോടെ നിറവേറ്റി വന്നു. അനാവശ്യ കാര്യങ്ങളിൽ ഏർപ്പെടാത്തവനും സഭയുടെ ശ്രേഷ്ഠന്മാരുടെ നേരെ വളരെ ആചാര വണക്കമുള്ളവനും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും ആചരിക്കുന്നതിൽ അതിതല്പരനും ആയിരുന്നു. പ്രക്കുദോരിന്റെ ജോലി നടത്തിവന്ന കാലങ്ങളിൽ മാസാന്ത്യ കണക്കുകൾ ഒക്കെയും കൃത്യമായും ഭദ്രമായും നിശ്ചിത ദിവസത്തിൽ ചെയ്തു നിറവേറ്റി വന്നു. 1897-ൽ മുത്തോലി കൊവേന്തയുടെ വികാരി ആയും 1899-ൽ വാഴക്കുളത്തു കൊവേന്തയുടെ പ്രിയോരായും നിയമിക്കപ്പെടുകയും 1902 ഡിസംബർ മാസത്തിൽ വീണ്ടും വാഴക്കുളത്തെ പ്രിയോരായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. മരണഹേതുകമായ ദീനം പ്രമേഹമായിരുന്നു. ദീനം കൂടി വന്നപ്പോൾ അടുത്ത ദിവസങ്ങളിൽ തന്നെ മരിക്കുമെന്ന് നല്ല ബോധം രോഗിക്കുണ്ടായതിനാൽ അനുകരണീയമായ ഒരുക്കങ്ങളോടു കൂടെ അന്ത്യകൂദാശകൾ കൈക്കൊൾകയും വലിയ ശരണത്തോടു കൂടെ ആത്മാവിനെ സൃഷ്ടിതാവിന്റെ തൃക്കൈയിൽ കയ്യേൽപ്പിക്കയും ചെയ്തു. മൃതശരീരം വാഴക്കുളത്തു കൊവേന്തപ്പള്ളിയിൽ സഭയുടെ ചട്ടപ്രകാരം മറവു ചെയ്യപ്പെട്ടു.

ടി. ആണ്ടു ആഗസ്റ്റ് മാസം 16-നു ഏൽത്തുരുത്തു കൊവേന്തയിൽ വെച്ച് ദേവസി അന്തോനി അച്ചൻ കർത്താവിൽ മരണം

പ്രാപിച്ചു. 1827-ൽ ഡിസംബർ മാസം 31-നു കണ്ടശ്ശാങ്കടവു ഇടവക ഏലവത്തുങ്കൽ എന്ന നല്ല കുടുംബത്തിൽ ഇദ്ദേഹം ജാതനായി. പൈതൽ പ്രായത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന ദൈവഭക്തി നിമിത്തം തിരുപ്പട്ട അന്തസ്സിൽ ചേരാൻ ആഗ്രഹിക്കയും അതിൻപ്രകാരം  വൈദിക പഠിത്വങ്ങൾ പഠിച്ച് കഴിഞ്ഞിട്ട് തിരുപ്പട്ടം ഏൽക്കുകയും ചെയ്തു. കുർബാന ചൊല്ലി കഴിഞ്ഞിട്ടു പല പള്ളികളിൽ വികാരിത്വജോലി സ്തുത്യർഹമായി നടത്തിവന്നു. അക്കാലത്തു മാന്നാനത്തു നടത്തിവന്ന സന്യാസ ജീവിതത്തെപ്പറ്റി അറിഞ്ഞു വളരെ സന്തോഷിക്കയും അരണാട്ടുകരെ ഒരു കൊവേന്ത പണി കഴിപ്പിക്കണമെന്ന് ആലോചന നടന്നു വന്ന കാലങ്ങളിൽ അതിനായി വളരെ ശ്രമിക്കയും  ചെയ്തിട്ടുള്ളത് ഈ ചരിത്രത്തിന്റെ രണ്ടാം ഭാഗത്ത് ഏൽതുരുത്തു കൊവേന്തയടെ സ്ഥാപനത്തെപറ്റി പറഞ്ഞിട്ടുള്ളിടത്തു വിവരിച്ചിട്ടുണ്ട്. സന്യാസ ജീവിതത്തെപ്പറ്റി ഇദ്ദേഹത്തിനുണ്ടായിരുന്ന മതിപ്പും സന്തോഷവും തന്റെ ആയുഷ്ക്കാലം അതിൽ ചിലവഴിച്ച് ദൈവത്തിന് ഊഴിയം ചെയ്യണമെന്ന്  നിശ്ചയിക്കയും ഈ നിശ്ചയം അനുസരിച്ച് 1860 ഏപ്രിൽ മാസം 8-നു വേണ്ട അനുമതിയോടെ കൂനമ്മാവു ആശ്രമത്തിൽ ചെന്ന് സഭയിൽ പ്രവേശിക്കയും ചെയ്തു.

1861-ൽ ഉണ്ടായ റോക്കോസ് ശീശ്മയുടെ കാലത്തു അതിനോടെതിർത്തു നിൽക്കയും വടക്കൻ ദിക്കിൽ അക്കാലത്തു ശീശ്മയിൽ ഉൾപ്പെടാതിരുന്നവരുടെ ആത്മദിഷ്ഠാതികൾക്കു വേണ്ടി വളരെ അദ്ധ്വാനം ചെയ്കയും ചെയ്തു. വന്ദ്യനായ നമ്മുടെ കഥാനായകൻ സന്യാസവ്രതങ്ങളെ ഉത്തമമായ വിധത്തിൽ കാത്തനുസരിക്കുന്നതിന് എപ്പോഴും താല്പര്യപ്പെട്ടിരുന്നു. സഭയിൽ പ്രവേശിച്ചിട്ട് ഏറെ താമസിയാതെ പിടിപെട്ട ദീനം മരിക്കുന്നതുവരെ ഉണ്ടായിരുന്നു. തന്നിമിത്തം വലുതായ ബുദ്ധിമുട്ടുകളും സങ്കടങ്ങളും ഇദ്ദേഹം അനുഭവിച്ചു പോന്നിരുന്നെങ്കിലും താൻ മുഖാന്തിരം സഭയിൽ ഉള്ള സഹോദരന്മാർക്ക് അല്പമായ ബുദ്ധിമുട്ടു പോലും ഉണ്ടാകാതിരിക്കുന്നതിനു എപ്പോഴും ശ്രമിച്ചു വന്നു.

സഹോദരസ്നേഹമെന്ന പുണ്യം പ്രത്യേക വിധത്തിൽ ഇദ്ദേഹത്തിൽ വിളങ്ങി പ്രകാശിച്ചിരുന്നു. ആർക്കെങ്കിലും വല്ല ദുഃഖം നേരിട്ടതായി കണ്ടാൽ തന്റെ ശക്തിയിൽ ഉള്ള സഹായങ്ങൾ ഒക്കയും ചെയ്ത് ആ സഹോദരനെ ആശ്വസിപ്പിക്കുന്നതിനു ശ്രമിച്ചു വന്നിരുന്നു.

ദൈവസ്നേഹമെന്ന പുണ്യം ഇദ്ദേഹത്തിൽ നല്ലപോലെ ശക്തിപെട്ടിരുന്നതിനാൽ തന്റെ സ്നേഹത്തിനു ഏക വിഷയമായ ദൈവത്തെ ഓർത്ത് സകല സങ്കടങ്ങളും സന്തോഷത്തോടെ അനുഭവിച്ചു വന്നിരുന്നു. ശ്രേഷ്ഠന്മാരുടെ നേരെയുള്ള വണക്കവും അവരുടെ ആജ്ഞകൾക്കുള്ള അനുസരണയും നിമിത്തം ഇദ്ദേഹം ശേഷം സന്യാസികൾക്കു ഒരു നല്ല ദൃഷ്ടാന്തമായി ജീവിച്ചുവന്നു. സുഖവും സന്തോഷവുമുള്ള സ്ഥിതിയിൽ ചെയ്യുന്ന പുണ്യപ്രവർത്തികളേക്കാൾ ഞെരുക്കസ്ഥിതിയിലും സങ്കടാവസ്ഥയിലും ചെയ്യപ്പെടുന്നവ പുണ്യം അധികം യോഗ്യതയുള്ളതാകുന്നു. സന്യാസ ജീവിതത്തിൽ ഇദ്ദേഹം ചെയ്ത പുണ്യ പ്രവൃത്തികൾ ഒക്കയും തനിക്കു പിടിപെട്ട ദീനം മുഖാന്തിരം വളരെ ബുദ്ധിമുട്ടിലും സങ്കട സ്ഥിതിയിലും ആണ് ചെയ്തു നിറവേറ്റി വന്നത്. മരണസമയം അടുത്തപ്പോൾ അനുകരണീയമായ ഒരുക്കങ്ങളോടുകൂടെ അന്ത്യകൂദാശകൾ കൊക്കൊള്ളുകയും തന്റെ വേലകൾക്കു തക്ക പ്രതിസമ്മാനം സൃഷ്ടിതാവായ ദൈവത്തിൽ നിന്ന് കൈക്കൊള്ളുവാനായി പരലോകത്തേക്കു യാത്ര പുറപ്പെടുകയും ചെയ്തു.

45. മാന്നാനത്തു ആശ്രമം സ്ഥാപിക്കാനായി ഏർപ്പെട്ടകാലം മുതൽ അവിടെ അനേകം കാലം വേല ചെയ്കയും ഒടുവിൽ 1861-ൽ കൂനമ്മാവു കൊവേന്തയിൽ ചെന്ന് സഭാവസ്ത്രം ധരിക്കയും ആ കൊവേന്തയിൽ അനേകം കാലം താമസിക്കയും അനന്തരം മാന്നാനത്തു കൊവേന്തയിൽ വന്നുപാർത്ത് അവിടെ വച്ച് മരണം പ്രാപിക്കയും ചെയ്തു. തുണ സഹോദരനായ യാക്കോബിനെപ്പറ്റി ഈ ചരിത്രത്തിന്റെ ഒന്നാം ഭാഗത്തു പല ഘട്ടങ്ങളിലും പറഞ്ഞിട്ടുണ്ടല്ലോ. ഇയാൾ 1800 ജനുവരി 6-നു ചമ്പക്കുള

ത്തിടവക കണിയാന്തറ എന്ന കുടുംബത്തിൽ ജനിച്ചു. പോരൂക്കര തോമ്മാമല്പാനച്ചന്റെ കൂടെ മാന്നാനം ആശ്രമം സ്ഥാപിക്കുന്നതിനു തിരുവനന്തപുരം മുതലായ പല സ്ഥലങ്ങളിൽ ഇദ്ദേഹം യാത്ര കഴിക്കയും അമ്പഴക്കാടു, ഏൽതുരുത്തു, വാഴക്കുളം മുതലായ ആശ്രമങ്ങളുടെ സ്ഥാപനത്തിന്റെ ആരംഭകാലങ്ങളിൽ അവിടെ പോയി ബുദ്ധിമുട്ടുകയും ചെയ്തിട്ടുണ്ട്. നല്ല വാർദ്ധക്യം വരെ ജീവിച്ചിരിക്കയും, നിത്യ ഓർമ്മക്കു യോഗ്യനായ 13-ാം ലെയോൻ മാർപ്പാപ്പയുടെ ആശീർവ്വാദം മരണസമയത്തു ലഭിക്കയും ചെയ്തു.

മരിച്ച സമയം ഈ നല്ല സഹോദരനു 98 വയസ്സു പ്രായമുണ്ടായിരുന്നു. 1898 ജൂലായ് മാസം 13-നു കർമ്മലമാതാവിന്റെ നവനാൾ ദിവസങ്ങളിൽ ഇദ്ദേഹം ആ കർമ്മലനായകിയുടെ പ്രത്യേക കൃപ ലഭിക്കത്തക്കവിധത്തിൽ മരണം പ്രാപിച്ചു. ഇയാൾക്കു മരണത്തെപ്പറ്റി ഒട്ടും ഭയമില്ലായിരുന്നു. മരിക്കുന്നതിന് എപ്പോഴും ഒരുങ്ങിയുമിരുന്നു.

1907-ൽ യോഹന്നാൻ സ്ലീബാ, കാർല്ലോസ് ഏലിയാ, വിശുദ്ധ കുർബാനയുടെ തോമ്മാ എന്നിങ്ങനെ മുന്നച്ചന്മാർ തങ്ങളുടെ ഇഹലോകജീവിതം അവസാനിപ്പിച്ചു. യോഹന്നാൻ ശ്ലീബാ അച്ചൻ 1859 ഒക്ടോബർ മാസം 27-നു അമ്പഴക്കാട്ടു ഇടവക മാളിയേക്കൽ എന്ന കുടുംബത്തിൽ ജനിക്കയും ആദ്യം അരണാട്ടുകര ഏൽത്തുരുത്തു സെമിനാരിയിൽ പ്രവേശിച്ച് ചുരുങ്ങിയകാലം സെമിനാരി ജീവിതം കഴിച്ചതിനുശേഷം 1876 മാർച്ച് മാസം 12-നു കൂനമ്മാവുങ്കലെ നവസന്യാസാശ്രമത്തിൽ വന്ന് സഭയിൽ പ്രവേശിക്കയും ഉണ്ടായി. ഇദ്ദേഹം മരണം പ്രാപിച്ചത് 1907 ജനുവരി മാസം 8-നു ഏൽത്തുരുത്തു കൊവേന്തയിൽ വെച്ചാണ്. അവിടെ തന്നെ ഭൂദാനം ചെയ്യപ്പെടുകയും ചെയ്തു. സഭയിൽ പ്രവേശിച്ചകാലം മുതൽ മരണം വരെ ഇദ്ദേഹത്തിനുണ്ടായിരുന്ന ഒരുവക ദീനം മുഖാന്തിരം വളരെ പാടുകൾ അനുഭവിച്ചു പോന്നു. ആശ്വാസ സമയങ്ങളിൽ അവസരം നോക്കി ജ്ഞാനകാര്യങ്ങളെപ്പറ്റി സംഭാഷിക്കുന്നത് ഇദ്ദേഹത്തിന് ഒരു പതിവായിരുന്നു. കൂടെക്കൂടെ ചെറുനീർ പോയിരുന്ന

തിൽ നിന്നും മറ്റും വളരെ അനർത്ഥങ്ങൾ അനുഭവിച്ചു പോന്നിരുന്നെങ്കിലും അതൊക്കെയും മുഖത്തെളിവോടും സന്തോഷത്തോടും കൂടെ സഹിച്ചു പോന്നു. മരണപ്രമാദത്തിൽ കൂദാശകൾ ഒക്കയും യോഗ്യതയോടെ കൈക്കൊണ്ടും വേണ്ടിയ നല്ല ഒരുക്കങ്ങളോടുകൂടെയും തന്റെ ആത്മാവിനെ ദൈവതൃക്കയ്യിൽ കയ്യാളിച്ചു. കാർളോസ് ഏലിയാ അച്ചൻ കൂനമ്മാവു കൊവേന്തയിൽവെച്ച് 1907 ഡിസംബർ 27-നു ആണ് മരണം പ്രാപിച്ചത്. പുത്തൻപള്ളി ഇടവക തളിയത്ത് എന്ന കുടുംബത്തിൽ 1853 ഒക്ടോബർ മാസം 4-നു ഇദ്ദേഹം ജാതനായി. കുറ്റമില്ലായ്മയുടെ കാലമായ ശൈശവ പ്രായത്തിൽ 1862 ഡിസംബർ മാസം 18-നു സഭയിൽ പ്രവേശിച്ചു. അക്കാലങ്ങളിൽ ലോകകാര്യങ്ങളെപ്പറ്റി യാതൊരു വിവരവും ഇദ്ദേഹത്തിനുണ്ടായിരുന്നില്ല.

കുർബാനപട്ടമേറ്റു കഴിഞ്ഞിട്ടു 1878 മുതൽ 1889 വരെ മാന്നാനത്തും, അതിനുശേഷം 9 വർഷത്തോളം മംഗലാപുരത്തെ നമ്മുടെ പഠിത്വഭവനത്തിലും ഇദ്ദേഹം താമസിച്ചു. മംഗലാപുരത്തെ ജ്ഞാനപിതാവിന്റെ ജോലിയാണ് ഇദ്ദേഹത്തിനുണ്ടായിരുന്നത്. ജീവിതക്രമത്തിൽ വളരെ ക്രമമുള്ള ആൾ ആയിരുന്നു. ബുദ്ധി ഭ്രമത്തോടു ചേർന്ന ഒരു ദീനം പിടിപെടുകയും അതിനാൽതന്നെ മരണം സംഭവിക്കയുമുണ്ടായെങ്കിലും അന്ത്യകൂദാശകളുടെ കൈക്കൊള്ളലോടുകൂടെ തന്റെ ആത്മാവിനെ കർത്താവിനു കയ്യാളിച്ചു. വിശുദ്ധ കുർബാനയുടെ തോമ്മാച്ചൻ തേവര കൊവേന്തയിൽവെച്ച് 1907 ഡിസംബർ മാസം 27-നു മരണം പ്രാപിച്ചു. 1872 ജൂലായ് മാസം 1-നു മൂവാറ്റുപുഴ ഇടവകയിൽ ചേർന്ന മുണ്ടക്കൽ എന്ന കുടുംബത്തിൽ ഇദ്ദേഹം ജനിക്കയും 1888 മാർച്ച് മാസം 7-നു നമ്മുടെ സഭയിൽ പ്രവേശിക്കയും ചെയ്തു. നവസന്യാസ ജീവിതം കഴിച്ചതിന് ശേഷം വൈദിക പഠിത്വങ്ങൾ കഴിക്കാനായി 1896-ൽ മംഗലാപുരത്തേക്ക് അയക്കപ്പെടുകയും 1901-ൽ അവിടെ നിന്നും മടങ്ങി വരികയും 1902-ൽ കുർബാന പട്ടം ഏറ്റു ദിവ്യപൂജ അർപ്പിക്കയും ചെയ്തു. 1905-ൽ അമ്പഴക്കാട്ടു നവസന്യാസാശ്രമത്തിൽ ലത്തീൻ ഭാഷ പഠിപ്പിക്കാനായി നിയമിക്കപ്പെട്ടു.

അതിനു മുമ്പു മൂന്നു വർഷത്തോളം ഇദ്ദേഹം മുത്തോലി കൊവേന്തയിൽ താമസിക്കയുണ്ടായി. കുമ്പസാരം, ഒടുക്കത്തെ ഒപ്രൂശ്മാ, മുതലായ ദിവ്യകർമ്മങ്ങൾ ജനങ്ങൾക്കു കഴിച്ചു കൊടുക്കുന്നതിൽ ഇദ്ദേഹം എപ്പോഴും ഒരുക്കമുള്ളവനും ഈ സംഗതിയിൽ ശേഷം സഹോദരന്മാർക്ക് ഉത്തമ ദൃഷ്ടാന്തമായി ജീവിച്ചു വന്നവനുമായിരുന്നു. ഈ വക ബുദ്ധിമുട്ടു ചെയ്യുന്നതിൽ ഒരിക്കലും മടുപ്പു കാണിച്ചിരുന്നില്ല. മരണഹേതുകമായ ദീനം ഒരു വക ക്ഷയമായിരുന്നു. അതു പിടിപെട്ടതു ഇദ്ദേഹത്തിന്റെ അതിയായ ബദ്ധിമുട്ടുകൾ മുഖാന്തിരമാണെന്ന് പിന്നീട് അറിയാൻ സംഗതി വന്നു. ദീനത്തിലുണ്ടായിരുന്ന സങ്കടങ്ങളും ബുദ്ധിമുട്ടുകളും നല്ല ക്ഷമയോടും ദൈവതിരുമനസ്സിനോടുള്ള പൂർണ്ണ കീഴ്വഴക്കത്തോടും കൂടെ സഹിക്കയും ഇങ്ങനെ അന്ത്യകുദാശകൾ യോഗ്യതയോടെ കൈക്കൊണ്ടു സൃഷ്ടിതാവിങ്കൽ തന്റെ ആത്മാവിനെ ഭരമേല്പ്പിക്കയും ചെയ്തു.

## അധ്യായം 11

## നമ്മുടെ സഭമുഖാന്തിരമുള്ള പ്രയോജനങ്ങൾ

46. സന്യാസസഭകൾ മൂലം പൊതുവെ ജനങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ അവർണ്ണനീയങ്ങളാണ്. യൂറോപ്പിൽ ക്രിസ്ത്യാനി വേദം പ്രബലപ്പെട്ടതും ക്രിസ്ത്യാനികളിൽ ശാസ്ത്രവിദ്യകളും ദൈവ ഭക്തി മുതലായ ജ്ഞാനനന്മകളും ഉണ്ടായതും പ്രധാനമായി സന്യാസ സഭകൾ മുഖാന്തിരമാണെന്നുള്ളത് ചരിത്രപ്രസിദ്ധങ്ങളായ സംഭവങ്ങളാണ്. നമ്മുടെ സഭ സ്ഥാപിതമായ കാലംമുതൽക്ക് ഈ നാട്ടിൽ ഉളവായിട്ടുള്ള ഗുണങ്ങൾപോലെ അതിനു മുമ്പ് ഉണ്ടായിട്ടുണ്ടോ എന്ന് ആലോചിക്കുന്നതായാൽ വാസ്തവം അറിയാവുന്നതാണ്. 19-ാം ശതവർഷത്തിന് മുമ്പു മലയാളത്തിൽ ശീശ്മ എന്ന ഭയങ്കര തിന്മകൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. ആ ശീശ്മയോടു എതിർത്ത് യുദ്ധം ചെയ്യുന്നതിന് മതിയായ ആളുകൾ നാട്ടിൽ ഉണ്ടായിരുന്നെങ്കിൽ അത്ര വളരെ തിന്മകൾ ഉണ്ടാകാതിരിക്കയോ ഉണ്ടായെങ്കിൽ ശക്തിപെടാതിരിക്കയോ ചെയ്യുമായിരുന്നു. നമ്മുടെ സഭ സ്ഥാപിതമായതിന് ശേഷം ഉണ്ടായ ശീസ്മകൾ റോക്കോസ് ശീശ്മയും മേലൂസ് ശീശ്മയുമാണ്. റോക്കോസ് ശീശ്മയുടെ കാലത്ത് നമ്മുടെ അച്ചന്മാർ അതിനോടെതിർത്ത് എത്ര കഠിനമായ യുദ്ധം ചെയ്തെന്നും എത്ര അവർണ്ണനീയങ്ങളായ ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ടെന്നും ഈ ചരിത്രത്തിൽ പലയിടങ്ങളിലും വിവരിച്ചിട്ടുള്ളതിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. ആ ശീശ്മ ശക്തിപെടാതിരിക്കുന്നതിനും വേഗത്തിൽ അവസാനിക്കുന്നതിനും സഭ ഒരു കാരണമായി തീർന്നു. നമ്മുടെ സഭക്കാർ ശീശ്മക്കു എതിരായി ചെയ്ത ബുദ്ധിമുട്ടുകളും കഠിനതരമായ പോരാട്ടങ്ങളും റോമ്മയിൽ അറിഞ്ഞാറെ 9-ാം പീയൂസ് മാർപാപ്പാ 1861 സെപ്റ്റംബർ മാസം 5-നു ഒരു തിരുവെഴുത്ത് മലയാളത്തിലേക്കു അയക്കുകയും തൻമൂലം സഭയെ വളരെ സ്തുതിക്കയും ഉണ്ടായി. മലയാളത്തിലെ പല പള്ളികളിൽ വഴക്കുകൾക്കും ആത്മനാശത്തിനും കാരണമായ മേലൂസ് ശീസ്മ ശക്തിപെടാതെ ഇപ്പോൾ തൃശ്ശിവപേരൂർ പള്ളിയിൽ

ഏതാനും ആളുകളുടെ സ്വത്തായി മാത്രം ശേഷിക്കുന്നതിനു കാരണം ഈ സഭ തന്നെയാണെന്ന് ഇക്കാലത്ത് ജീവിച്ചിരിക്കുന്ന എല്ലാവരും സമ്മതിക്കുന്നതാണ്. ശീശ്മയുടെ നിവാരണാർത്ഥം പ്രസംഗം മുതലായവ നടത്തുന്നതുകൊണ്ടുമാത്രം മതിയാകുന്ന തല്ലെന്ന് കണ്ടതിനാൽ അതിനായി സഭയിൽ നിന്നു യത്നങ്ങൾ ചെയ്കയും മൌറീൻ മെത്രാൻ, പെർസീക്കോ മെത്രാൻ മുതലായ പുരോഹിതന്മാർ മലയാളത്തിൽ വരികയും അവർ ശീശ്മയെ തടുക്കുന്നതിന് മതിയായ പോംവഴികൾ ഒക്കയും പ്രയോഗിക്കയും തൻമൂലം മേലൂസ് ശീശ്മ മിക്കവാറും അവസാനിക്കയും ചെയ്തു.

മലയാളത്തിൽ സുറിയാനി ജനത്തിൽ ഒരുഭാഗം പുത്തൻ കൂറായി തിരിഞ്ഞത് 1663 മുതൽക്കാണ്. ഇങ്ങനെ പുത്തൻ കൂറായി തിരിഞ്ഞുപോയവർ 1663 മുതൽ 1800 വരെ ശീശ്മക്കാരായി നിന്ന തേയുള്ളൂ. ഇടക്കാലത്ത് മലയാളത്തിൽ വന്നിറങ്ങിയ യാക്കോബായ മെത്രാന്മാർ ഇവരെ യാക്കോബായ മതതത്വങ്ങൾ പഠിപ്പിച്ചിരുന്നെങ്കിലും അവർ ആ മതതത്വങ്ങൾ മുഴുവനായി വിശ്വസിച്ചു പോന്നതായി ചരിത്രങ്ങളിൽ നിന്ന് തെളിവാകുന്നില്ല. അവർ ശീശ്മക്കാരായി നിന്നിരുന്നതേയുള്ളൂ എന്നുള്ളതിലേക്ക് 1700 മുതൽ 1800 വരെ അവർ പല പ്രാവശ്യം റോമ്മായിലേക്കു അപേക്ഷകൾ അയച്ചതും ആ അപേക്ഷകളിൽ തങ്ങളുടെ പൂർവ്വീകന്മാർ നിന്നിരുന്ന കത്തോലിക്ക വിശ്വാസത്തിൽ തങ്ങളെ കൈക്കൊള്ളണമെന്നു അപേക്ഷിച്ചിട്ടുള്ളതും തെളിവുകളാണ്. അക്കാലങ്ങളിൽ നമ്മുടെ സഭ മലയാളത്തിൽ ഉണ്ടായിരുന്നെങ്കിൽ പ്രസംഗങ്ങൾ കൊണ്ടും മറ്റു സഹായങ്ങൾകൊണ്ടും അവരെ ശീശ്മയിൽ നിന്നു തിരിക്കാൻ ഇടവരുമായിരുന്നു.

47. സഭ സ്ഥാപിച്ചു നടപ്പിൽ വന്ന കാലം മുതൽ പട്ടക്കാർക്കു ആണ്ടുതോറും, ജനങ്ങൾക്കു ആവശ്യംപോലെയും ജ്ഞാനധ്യാനങ്ങൾ കഴിച്ചുകൊടുക്കുന്ന നടപ്പുണ്ടാകയും തന്മൂലം അസംഖ്യം ജ്ഞാനനന്മകൾ ഈ നാട്ടിൽ സിദ്ധിക്കയും ചെയ്തിട്ടുണ്ട്. വേദകാര്യങ്ങളിൽ ജനങ്ങൾക്കു നല്ല ജ്ഞാനം സിദ്ധിക്കുന്നതിനും വേദോപദേശപഠിത്വം അധികമായി ജനങ്ങളിൽ ശക്തിപ്പെടുന്നതിനും

നമ്മുടെ സഭ കാരണമായി തീർന്നിട്ടുണ്ടെന്ന് ഈ ചരിത്രത്തിൽ പലയിടങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. ലൗകിക പഠിത്വങ്ങളും പരിഷ്ക്കാരങ്ങളും നാട്ടിൽ ഉണ്ടാകുന്നതിനു സഭ കാരണമായി തീർന്നിട്ടുണ്ട്. മലയാളത്തിൽ പ്രോട്ടസ്റ്റന്റുകാർ സ്ഥാപിച്ചിട്ടുള്ള അച്ചടിപ്പുര കഴിഞ്ഞാൽ പിന്നെ ഒന്നാമതായി ഉണ്ടായിട്ടുള്ള അച്ചടിയന്ത്രം നമ്മുടെ സഭവകയാണെന്നും ആയതുണ്ടാകുന്നതിന് സഭയിലെ ആദ്യ അംഗങ്ങളായ അച്ചന്മാർ എത്ര യത്നങ്ങൾ ചെയ്തിട്ടുണ്ടെന്നും ചരിത്രപ്രസിദ്ധമായ സംഗതിയാണ്. ടി. അച്ചടിയന്ത്രം ഉണ്ടാകുന്നതിനു മുമ്പു  കത്തോലിക്കർക്കു മലയാളത്തിൽ യാതൊരു പുസ്തകവും അച്ചടിച്ചതായി ഉണ്ടായിരുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിനും സാധാരണ പഠിത്വത്തിനും വേണ്ടി നമ്മുടെ മിക്ക കൊവേന്തകളിലും സ്കൂളുകൾ സ്ഥാപിക്കയും ആയതുകൾ മൂലം കുട്ടികളെ വൈദീക പഠിത്വങ്ങളിൽ പരിശീലിപ്പിക്കയും ചെയ്യുന്നുണ്ട്.

48. താണ ജാതിക്കാരായ പുലയർ, പറയർ മുതലായവരെ സത്യവേദത്തിൽ ചേർക്കയും അവരുടെ ആത്മകാര്യങ്ങൾ അന്വേഷിച്ചു നടത്തിവരികയും ചെയ്യുന്ന ഏർപ്പാടു നമ്മുടെ സഭയുടെ ഒരു പ്രധാന ജോലിയായി ഇക്കാലത്തു തീർന്നിട്ടുണ്ട്. നായന്മാർ മുതലായ ഉയർന്ന ജാതി ഹിന്ദുക്കളും സത്യവേദത്തിൽ ചേരുന്നതിനും സഭ ഒരു പന്ഥാവായി തീർന്നിട്ടുണ്ട്. സഭയുടെ ആരംഭം മുതൽ മാന്നാനത്തു അജ്ഞാനികളെ സത്യവേദത്തിൽ ചേർത്തിട്ടുണ്ടെങ്കിലും കൂട്ടമായി അവരെ മാമ്മോദീസാ മുക്കിത്തുടങ്ങിയതും അവരുടെ ആത്മപരിപാലന ഏറ്റുനടത്തിത്തുടങ്ങിയതും 1866 മുതൽക്കാണ്. അന്നു മുതൽ 1905 വരെ 2500 ജനങ്ങളോളം മാമ്മോദീസാ മുങ്ങീട്ടുണ്ട്.

ഇവർ പ്രധാനമായി പുലയർ, പറയർ മുതലായ താണജാതിക്കാരാണെങ്കിലും ബ്രാഹ്മണർ, നായന്മാർ, ഈഴവർ, ഉള്ളാടന്മാർ മുതലായ മറ്റു ജാതിക്കാരെയും ജ്ഞാനസ്നാനപ്പെടുത്തീട്ടുണ്ട്. ഇപ്പോൾ പ്രതിവർഷം 100 പേർ വരെ മാമ്മോദീസാ മുങ്ങി വരുന്നുണ്ട്. വികാരിയുടെ ചുമതലകൾ സഹിതം ഇവരുടെ ആത്മപരിപാലന മുഴുവനും നമ്മുടെ സഭയിൽ നിന്നുതന്നെയാണ്

നടത്തിവരുന്നത്. ഇവർ ഗതിയില്ലാത്തവരും, താണജാതിക്കാരുമാകയാൽ ഭക്ഷണം, വസ്ത്രം ഇത്യാദികൾക്കു വകയില്ലാത്തവരും തന്മൂലം കുമ്പസാരം മുതലായ വേദകർമ്മങ്ങൾ നടത്തുന്നതിനു നിവൃത്തിയില്ലാത്തവരുമാണ്. അന്യദേശങ്ങളിലും സ്വദേശത്തും ഉള്ള ഔദാര്യശാലികളായ ചിലർ ചിലപ്പോഴൊക്കെ ചെയ്യുന്ന ദ്രവ്യസഹായംകൊണ്ടു അപ്പോഴപ്പോൾ ഇവർക്കു ചില സഹായങ്ങൾ ലഭിക്കുന്നുണ്ടു. നമ്മുടെ നാട്ടിലുള്ള ധനവാന്മാർ അനാവശ്യമായി ചെയ്യുന്ന ദ്രവ്യവ്യയങ്ങളിൽ ഒരംശം ഈ സാധുക്കൾക്കു വേണ്ടി ചിലവഴിച്ചിരുന്നെങ്കിൽ ദാനം ചെയ്യുന്നവർക്കും കൈക്കൊള്ളുന്നവർക്കും ഗുണകരമായി അതു പരിണമിക്കുന്നതായിരുന്നു. ഇവർക്കായി 1893-ൽ ഒരു സ്കൂൾ സ്ഥാപിച്ചു നടത്തിവരുന്നുണ്ട്. മാന്യന്മാരായ ചിലരുടെ ഔദാര്യംകൊണ്ടും കൊവേന്തയിൽ നിന്നു ചെയ്ത സഹായംകൊണ്ടുമാണ് ആ സ്കൂൾ പണികഴിപ്പിച്ചത്. ഇതിനു 1000 രൂപാവരെ ചിലവു വന്നിട്ടുണ്ട്. ഇതിലേക്ക് പ്രധാനമായി ധർമ്മസഹായം ചെയ്തത് മുമ്പു കോട്ടയം വികാരി അപ്പസ്തോലിക്ക് ആയിരുന്ന കാർളോസ് ലവീഞ്ഞ് മെത്രാനവർകളാണ്. ഈ സ്കൂൾ പണികഴിപ്പിക്കുന്നതിനു മുമ്പു ഇവരുടെ പഠിത്വം നടത്താനായി ഒരു വാദ്ധ്യാരെ വെയ്ക്കണമെന്നും അയാളുടെ ശമ്പളം വകയ്ക്കു വേണ്ട തുക താൻ കൊടുക്കാമെന്നും ടി. ലവീഞ്ഞു മെത്രാനച്ചൻ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നതനുസരിച്ചു തല്ക്കാലത്തേക്കു ഒരു സ്കൂൾ ഓലകൊണ്ടു കെട്ടി ഉണ്ടാക്കുകയും അതിൽ പഠിത്വം നടത്തിക്കൊണ്ടു വരികയുമാണ് ചെയ്തിരുന്നത്.

അങ്ങിനെ ഇരിക്കെ അന്നു ബ്രിട്ടീഷ് റസിഡണ്ട് ആയിരുന്ന ഗ്രീഗ് സായ്പവർകൾ 1893-ൽ മാന്നാനത്തു വന്നു. ആ സന്ദർഭത്തിൽ ഇവർക്കായി സ്ഥിരമായ ഒരു സ്കൂൾ സ്ഥാപിക്കുന്നതിലേയ്ക്ക് ഒരു ചെറിയ തുക ദാനം ചെയ്യാമെന്ന് അദ്ദേഹം സമ്മതിക്കയും അദ്ദേഹത്തെ അനുഗമിച്ചു കൂടെ വന്നിരുന്ന കോട്ടയം ദിവാൻ പേഷ്ക്കാർ രാജരാമരായർ അവർകളും ഒരു ചെറിയ തുക കൊടുക്കയും പിന്നീട് ഡാറാ സായ്പവർകൾ മുതലായി വേറെ

ചിലരും ചില സംഖ്യകൾ ദാനം ചെയ്കയും ചെയ്തു. ഈ സ്കൂളിന് സെന്റ് തോമ്മസ് എന്ന നാമകരണം ചെയ്തിരിക്കയും, ഇപ്പോൾ സർക്കാരിൽ നിന്നു ഗ്രാന്റ് കിട്ടി വരികയും ചെയ്യുന്നു.

49. പുളിങ്കുന്നു കൊവേന്തയിലും മേൽ പറഞ്ഞതുപോലെ പുലയരാദിയായ എളിയ ജനങ്ങളെ സത്യവേദത്തിൽ ചേർത്തുവരുന്നുണ്ട്. ഇവിടെ ഈ വേല ആരംഭിച്ചത് 1862-ന്റെ ആരംഭത്തിലാണെങ്കിലും അവരുടെ സഖ്യ അധികരിച്ചു വന്നത് പിൻകാലങ്ങളിലാണ്. ഇപ്പോൾ ഉദ്ദേശം 1000 വരെ അവരുടെ സംഖ്യ വർദ്ധിച്ചിട്ടുണ്ട്. ആണ്ടുതോറും ഉദ്ദേശം 50-ൽ കുറയാതെ ആളുകളെ സത്യവേദത്തിൽ ചേർത്തു വരുന്നുണ്ട്. വികാരിക്കടുത്ത ചുമതലകൾ ഒഴികെ മറ്റുള്ള അവരുടെ ആത്മദിഷ്ടതികൾ ഒക്കയും കൊവേന്തയിൽ നിന്നു തന്നെയാണ് നടത്തി വരുന്നത്.

ചെത്തിപ്പുഴ കൊവേന്തയുടെ ആരംഭം മുതൽ പുതു ക്രിസ്ത്യാനികളുടെ ആത്മപരിപാലനക്ക് യത്നങ്ങൾ ചെയ്തു വന്നിരുന്നു. പുലയർ, പറയർ മുതലായവരെ മാനസാന്തരപ്പെടുത്തി മാമ്മോദീസാ മുക്കുന്നതിന് മറ്റുള്ള സ്ഥലങ്ങളിലേക്കാൾ വിശേഷ സൗകര്യങ്ങൾ ഇവിടെ ഉണ്ട്. കിഴക്കു പീരുമേടു മുതലുള്ള ഈ ജാതിക്കാർ മേടമാസത്തിൽ പുഞ്ചകൃഷി കൊയ്തു മെതിക്കുന്നതിനും പടിഞ്ഞാറ് ആലപ്പുഴ മുതലുള്ള ഈ കൂട്ടക്കാർ കിഴക്കൻ ദിക്കിൽ കന്നികൃഷി കൊയ്തെടുക്കുന്നതിനും പോക്കുവരുത്തു ചെയ്യുന്നത് പ്രധാനമായി കൊവേന്തക്ക് സമീപെ കൂടെയാകുന്നു. പിന്നെയും ഇവിടങ്ങളിലുള്ള ഈ ജാതിക്കാർ മറ്റു സ്ഥലങ്ങളിലുള്ളവരെക്കാൾ അധികം സ്വതന്ത്രന്മാരാണ്. ഈ വക കാരണങ്ങളാൽ മുൻപ് കോട്ടയം വികാരി അപ്പസ്തോലിക്കാ ആയിരുന്ന കാർലോസ് ലവീഞ്ഞു മെത്രാനച്ചൻ 1888-ൽ ഒരു വേദപഠിത്വഭവനം ഇവിടെ സ്ഥാപിക്കയും ഈ വകക്കുള്ള തന്റെ പ്രധാന സ്ഥാപനമായി ഇതിനെ ഏർപ്പെടുത്തുകയും, ഇതിന് വേണ്ട ദ്രവ്യസഹായം ചെയ്കയും ചെയ്തു. വളരെ ആളുകൾ ആണ്ടുതോറും മാമ്മോദീസാ മുങ്ങുകയും അവരുടെ സംഖ്യ വർദ്ധിച്ചു വരികയും ചെയ്തു വന്നതിനാൽ അവരുടെ ആത്മപരിപാലനയ്ക്ക് പ്രത്യേ

കമായി നമ്മുടെ അച്ചന്മാരിൽ ഒരാൾ നിശ്ചയിക്കപ്പെടുകയും ഇദ്ദേഹം വികാരിയ്ക്കടുത്ത ചുമതലകളോടു കൂടെ അവരുടെ ആത്മകാര്യങ്ങൾ അന്വേഷിച്ചു വരികയും ചെയ്യുന്നു. 1898-ൽ മരണം പ്രാപിച്ച റോമുവാൾദച്ചൻ ഇവരുടെ കാര്യങ്ങൾ വളരെ പ്രശംസനീയമാം വിധത്തിൽ അന്വേഷിച്ചുവന്നു. ഇദ്ദേഹം മറ്റു സ്ഥലങ്ങളിലും പോയി പ്രസംഗിക്കയും പലരേയും മാമ്മോദീസാ മുക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഗതിയിലുള്ള ഇദ്ദേഹത്തിന്റെ ജ്ഞാന ശുഷ്കാന്തി റോമ്മയിൽ അറികയും 1893 ഫെബ്രുവരി 14-നു പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാൾ ഇദ്ദേഹത്തിന്റെ നൽമനസ്സിനെ പ്രശംസിക്കയും ചെയ്തു.

ഇതിനടുത്ത കുറുമ്പനാടം എന്ന സ്ഥലത്ത് പ്രോട്ടസ്റ്റന്റു മതത്തിൽ ചേർന്നിരുന്ന പുതുക്രിസ്ത്യാനികളുടെ ഒരു കൂട്ടം കത്തോലിക്ക സഭയിലേക്ക് തിരിഞ്ഞു വന്നിട്ടുണ്ട്. ഈ കൊവേന്തയിലെ അന്വേഷണത്തിൽ അവർ ഇപ്പോൾ ഇരുന്നു വരികയും ചെയ്യുന്നു. ഇവർക്കു കുറുമ്പനാടത്തും, ചെത്തിപ്പുഴയും രണ്ടു സ്കൂൾ ഇട്ട് നടത്തിവരികയും, അതുകൾക്കു സർക്കാരിൽ നിന്ന് ഗ്രാന്റ് കിട്ടിവരികയും ചെയ്യുന്നുണ്ട്. മറ്റു കൊവേന്തകളിൽ നടത്തി വരുന്നതുപോലെ മുത്തോലി കൊവേന്തയിൽ നിന്നും താണ ജാതിക്കാരായ ആളുകളെ സത്യവേദത്തിൽ ചേർത്തു മാമ്മോദീസാ മുക്കി വരികയും അവരുടെ ആത്മപരിപാലന മുഴുവനും വികാരിത്വജോലി സഹിതം കൊവേന്തയിൽ നിന്ന് നോക്കി വരികയും ചെയ്യുന്നു.

വാഴക്കുളം, ഏൽത്തുരുത്ത്, അമ്പഴക്കാട് മുതലായ നമ്മുടെ മറ്റു കൊവേന്തകളിലും പുതുക്രിസ്ത്യാനികളെ സത്യവേദത്തിൽ ചേർക്കയും വളരെ ആളുകളെ ആണ്ടുതോറും മാമ്മോദീസാ മുക്കി വരികയും ചെയ്യുന്നു. സഭയിൽനിന്നു ചെയ്യുന്ന ഈ വക വേലകൾകൊണ്ട് പിശാചിനെ ആരാധിച്ചു നടന്നിരുന്ന അനേകം ആത്മാക്കൾ സത്യദൈവത്തെ അറിഞ്ഞു ആരാധിക്കുന്നതിനും കാരണമായി തീർന്നിട്ടുള്ളത് എത്രയും സന്തോഷകരമായിട്ടുള്ള സംഗതിയാണ്.

50. മരിച്ചുപോയ സഭയുടെ അംഗങ്ങൾക്കും അവരുടെ സംബന്ധികൾക്കും അപ്രകാരം തന്നെ സഭക്കുപകാരം ചെയ്തിട്ടുള്ളവർക്കും വേണ്ടി അനേകം ജ്ഞാനകൃത്യങ്ങൾ സഭയിൽ നടത്തിവരുന്നുണ്ട്. സഭയുടെ ഉപകാരികൾക്കായി ദിവസത്തിൽ മൂന്നു പ്രാവശ്യം പൊതുവായ പ്രാർത്ഥനകൾ കഴിച്ചു വരികയും അതുപോലെ തന്നെ പ്രതിദിനം നാലു പ്രാവശ്യം സഭയിൽ മരിച്ചവരുടെയും അവരുടെ സംബന്ധികളുടെയും സഭയ്ക്കുപകാരം ചെയ്തിട്ടുള്ളവരുടേയും ആത്മാക്കൾക്കു വെസ്പൂർക്കാനായിൽ ആശ്വാസം കൊടുക്കുന്നതിനായി പൊതുവായ പ്രാർത്ഥനകൾ ചെയ്തുവരികയും ചെയ്യുന്നുണ്ട്. ഇതിനും പുറമെ ആണ്ടിൽ വരുന്ന എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് മേൽപറഞ്ഞ കാര്യങ്ങൾക്കായി കഴിച്ചുവരുന്നുണ്ട്. നമ്മുടെ ഓരോ കൊവേന്തയിലും പ്രതിവർഷം ആഴ്ചതോറും തിങ്കളാഴ്ച ദിവസങ്ങളിൽ ഓരോ കുർബാനയും ആണ്ടിൽ മൂന്നു അവധിക്കു വിശേഷാൽ 27 കുർബാനയും സഭയിൽ മരിച്ചവർക്ക് വേണ്ടിയും അവരുടെ സംബന്ധികൾക്കായും സഭക്ക് ഏതു പ്രകാരമെങ്കിലും ഉപകാരം ചെയ്തവർക്കു വേണ്ടിയും ചൊല്ലി വരുന്നുണ്ട്. ഈ കുർബാനയുടെയും ഒപ്പീസിന്റെയും പ്രാർത്ഥനകളുടെയും ഓഹരി കൊവേന്തകൾക്കു സഹായം ചെയ്ത ആളുകൾ് അവർ ചെയ്തിട്ടുള്ള സഹായത്തിനൊത്തപോലെ കൈക്കൊള്ളുന്നതിനായിട്ടാണ് ദൈവ തിരുമുൻപാകെ സമർപ്പിക്കപ്പെടുന്നത്. ഓരോ കൊവേന്തയിലും 70–ൽ പരം കുർബാന വീതം മേൽ പറഞ്ഞ നിയോഗങ്ങൾക്കായി അർപ്പിക്കപ്പെടുന്നതും 11 കൊവേന്തകൾ നമ്മുടെ വകയായി മലയാളത്തിൽ ഉള്ളതിനാൽ ഇങ്ങനെ എല്ലാ ആശ്രമങ്ങളിലും കൂടി ഉദ്ദേശം 800 കുർബാന ആണ്ടുതോറും ചൊല്ലപ്പെട്ടുവരികയും ചെയ്യുന്നുണ്ട്. ഈ വിലതീരാത്ത ജ്ഞാനനന്മകൾക്കു ഏതു പ്രകാരമെങ്കിലും സഭക്ക് സഹായം ചെയ്യുന്ന എല്ലാവരും ഓഹരിക്കാരനാകുന്നു.

## സംഗതി വിവരം


| | | | |
|---|---|---|---|
| അച്ചടിയുടെ തുടക്കം (മാന്നാനം നോക്കുക) | | ... | പക്ഷം |
| അമ്പഴക്കാട് | കൊവേന്തയുടെ സ്ഥാപനം | ... | 212 |
| | പള്ളിപ്രതിഷ്ഠ | ... | 329 |
| | കെട്ടിടം പണി | ... | 161 |
| അലിയാർദിയുടെ വരവ് | | ... | 244 |
| അരനാട്ടുകര (ഏൽതുരുത്തു നോക്കുക) | | ... | |
| അന്ത്രയോസിന്റെ മരണം (തുണ സഹോ) | | ... | 219 |
| അന്ത്രയോസച്ചൻ കൊള്ളന്നൂർ | | ... | 301 |
| അഗുസ്തീനോസച്ചൻ എടാട്ടേൽ | | ... | 362 |
| ഈനാസി ശെമ്മാച്ചൻ | | ... | 184 |
| ഈത്തമ്മ | | ... | 79 |
| ഈനാസി യോസ പേർസിക്കോ മെത്രാൻ | | ... | 186 |
| ഉള്ളാട്ടുതറ ശെമ്മാച്ചൻ | | ... | 26 |
| എരിഞ്ഞേരി പ്രംസീസ്കോസച്ചൻ | | ... | |
| എടാട്ടേൽ ആഗുസ്തീനോസച്ചൻ | | ... | |
| എലവത്തുങ്കൽ ദേവസ്സി | | ... | 278 |
| ഏൽതുരുത്ത് | കൊവേന്തയുടെ ഉത്ഭവം | ... | 99 |
| | കൊവേന്ത പണി | ... | 148 |
| | ചില സംഭവങ്ങൾ | ... | 189 |
| | കരകൗശല സ്ഥാപനം | ... | 326 |
| ഒരു നേരത്തിന്റെ കട്ട ഒഴിവു | | ... | 73 |
| ഓലൻ കണ്ണാല | | ... | 21 |
| കണ്ണമ്പള്ളി ജരാർദച്ചൻ | | ... | 300 |
| കർമ്മല | കൊവേന്തയുടെ സ്ഥാപനം | ... | 122 |
| | തീഭയം | ... | 124 |
| | സെമ്മിനാരി | ... | 153 |

| | | | |
|---|---|---|---|
| കയിനിമംഗലം | കൊവേന്തയുടെ സ്ഥാപനം | ... | 309 |
| | ചില സംഭവങ്ങൾ | ... | 316 |
| കളപ്പുരക്കൽ മത്തായി അച്ചൻ | | ... | 121 |
| കണക്കുപരിശോധന | | ... | 314 |
| കാണിച്ചായി ഇട്ടൂപ്പ് | | ... | 217 |
| കണിയാന്ത്ര ചാക്കോ | | ... | 18 |
| കർമ്മലീത്താസഭയുടെ തുടക്കം | | ... | 58 |
| കന്യകാമഠങ്ങളുടെ തുടക്കം | | ... | 157 |
| കനോനാ നമസ്കാരം | | ... | 30, 183 |
| കാനാട്ടു ചാക്കോച്ചൻ | | ... | 199 |
| കാനാട്ടു പൗലോസച്ചൻ | | ... | 298 |
| കാപ്പിൽ മത്തായിച്ചൻ | | ... | 246 |
| കാർളോസച്ചൻ | | ... | 304 |
| കുടക്കച്ചിറ അന്തോനിക്കത്തനാർ | | ... | 30, 32, 112 |
| കുറിയാക്കോസച്ചൻ പാലയ്ക്കൽ | | ... | 353 |
| കുറിയാക്കോസച്ചൻ തൈക്കളത്തിൽ | | ... | 251 |
| കുറിയാക്കോസ് ഏലിയായച്ചൻ | | ... | 179 |
| കുറിയാക്കോസ് ഏലീശാ അച്ചൻ | | ... | 182,193 |
| കൂനമ്മാവ് | കൊവേന്ത കിട്ടിയ വിവരം | ... | 76 |
| | കൊവേന്ത ഒഴിഞ്ഞു കൊടുത്ത വിവരം | ... | 255,261 |
| | ഒന്നാമതു വികാരിയെ നിശ്ചയിച്ചതു | ... | 85 |
| | പുതിയ ബങ്കളാവ് | ... | 349 |
| | കന്യാസ്ത്രീമഠം | ... | 22 |
| കൂറില്ലോസച്ചൻ കൊടുപാടം | | ... | 252 |
| കെട്ടുതെങ്ങ് | | ... | 199 |
| കൊടുപാടം മാത്തച്ചൻ, കൂറില്ലോസച്ചൻ | | ... | 251, 252 |

കൊംക്രദാത്തു ഉടമ്പടി ... 248
കൊള്ളന്നൂർ അന്ത്രയോസച്ചൻ ... 261
കൊച്ചുപുരയ്ക്കൽ കുര്യച്ചൻ ... 356
കൊച്ചു ചാണ്ടിയച്ചന്റെ യാത്ര ... 346
ഗീവറുഗീസച്ചൻ തോപ്പിൽ ... 206
ഗൊങ്ങിണി പെൺകുട്ടിയുടെ മനസ്സുതിരിവ് ... 215
ചാക്കോ വല്യാറ ... 64
ചാവറ കുരിയാക്കോസച്ചൻ ... 23
ചിറ്റേഴത്തു ഈശ്വരൻ ... 24
ചെത്തിപ്പുഴ
- കൊവേന്തയുടെ ഉത്ഭവം ... 232
- കൊവേന്ത പണി ... 333

ചൊതിരക്കുന്നേൽ റൊമുവാൾദച്ചൻ ... 354
ജൂബിലി ... 343, 347
ജെറാർദച്ചൻ കണ്ണമ്പള്ളിൽ ... 300
തയ്യിൽ യൗസേപ്പച്ചൻ ... 358
തേവര
- കൊവേന്ത ഉത്ഭവം ... 198
- സ്ഥാപനം ... 322

തൈക്കളത്തിൽ കുറിയാക്കോസച്ചൻ ... 251
തോപ്പിൽ കുര്യൻ കുരുവിള ... 41
തോപ്പിൽ ഗീവറുഗീസച്ചൻ ... 200
തോമ്മാച്ചൻ മുണ്ടയ്ക്കൽ ... 367
തോമ്മാച്ചൻ പോരൂക്കര ... 48, 49
തോമ്മാ മല്പാനച്ചൻ ... 38
തോമ്മാച്ചൻ മുഞ്ഞേലിൽ ... 302
ദിനചര്യ ... 57
നവസന്യാസത്തിന്റെ തുടക്കം ... 91
നൂറ്റുക്കഞ്ഞ് ... 152

| | | | |
|---|---|---|---|
| നെല്ലിശേരിൽ തോമ്മാച്ചൻ | | ... | 75, 170 |
| നെല്ലിപ്പുഴ ഇട്ടി | | ... | 43 |
| ന്യായപ്രമാണത്തിൽ ചില ഭേദഗതികൾ | | ... | 242,275 |
| ന്യായപ്രമാണം ഉറപ്പിച്ചത് | | ... | 348 |
| പഠനഗൃഹം മംഗലാപുരം | | ... | 307 |
| പദ്യവാദ | | ... | 85, 140 |
| പണിക്കു തടി മുറിപ്പിച്ചത് | | ... | 35 |
| പറമ്പിൽ പൗലോസച്ചൻ | | ... | 41 |
| പറഞ്ഞൊപ്പു (ഒന്നാമത്തേതു) | | ... | 60 |
| പാണാപള്ളി കൊവേന്ത സ്ഥാപനം | | ... | 319 |
| പാലയ്ക്കൽ കുറിയാക്കോസച്ചൻ | | ... | 353 |
| പാസ്ക്കൽ പാദ്രി | | ... | 17 |
| പിടിയരി | | ... | 160 |
| പുളിങ്കുന്നു | കൊവേന്ത സ്ഥാപനം | ... | 125 |
| | ഒന്നാമതു വികാരിയെ നിശ്ചയിച്ചതു | ... | 328 |
| | കൊവേന്തയുടെ ദാനക്കാർ | ... | 155 |
| | സെമ്മിനാരി | ... | 156 |
| പോരൂക്കര തോമ്മാച്ചൻ | | ... | 48, 50 |
| പ്രംസീസ്കോസചച്ചൻ എരിഞ്ഞേരി | | ... | 198 |
| പ്രംസിസ്കോസ് (തുണ സഹോ) | | ... | 352 |
| പ്രംസീസ്കോസ് ശവരിയാരുമെത്രാൻ | | .... | 43 |
| പ്രൊപ്പഗാന്തയിൽ ആദ്യമായി പഠനക്കാരെ വിട്ടത് | | ... | 120 |
| പ്ലാശനാൽ | കൊവേന്ത സ്ഥാപനം | ... | 112 |
| | കൊവേന്ത നമുക്കു കിട്ടിയതു ഉപേക്ഷി | ... | 119 |
| ബർണ്ണർദീനോസ് മെത്രാൻ | | ... | 36 |
| ബർണ്ണർദീനോസച്ചൻ മാതേക്കൽ | | ... | 155 |

| | | | |
|---|---|---|---|
| ബേസ് റൌമ്മാ | | ... | 22 |
| മണിവെഞ്ചരിപ്പു | | ... | 72 |
| മണക്കുന്നേൽ അച്ചൻ | | ... | 350 |
| മലയാളത്തിലെ വികാരിയാത്തുകൾ | | ... | 312 |
| മർസ്ലീനോസ് മെത്രാൻ | | ... | 59, 276 |
| മഞ്ഞുമ്മേൽ ആശ്രമം | | ... | 162 |
| മത്തായി അച്ചൻ കളപ്പുര | | ... | 121 |
| മങ്ങലത്തച്ചൻ | | ... | 207 |
| മാണിയച്ചൻ | | ... | 345 |
| മാന്നാനം | ശിലാസ്ഥാപനം | ... | 58 |
| | മണിമാളികയ്ക്കു തെക്കു വശത്തുള്ള കെട്ടിടം | ... | 339 |
| | അച്ചടിയുടെ തുടക്കം | ... | 40 |
| | മണിവെഞ്ചരിപ്പു | ... | 72 |
| | നാല്പതുമണി ആരാധന | ... | 130,149 |
| | എട്ടുപട്ടത്തിന്റെ നടുവിലുള്ള വിളക്ക് | ... | 172 |
| | ഉല്ലാസമുറിയിൽ പടിഞ്ഞാറെ അറ്റത്തു നടുവിലിരിക്കുന്ന പടം | ... | 173 |
| | പള്ളിക്കൂദാശ | ... | 277 |
| | റത്താവൽ | ... | 179 |
| | സ്കൂളിന്റെ ആരംഭം | ... | 300, 308 |
| | സെമിനാരി | ... | 305 |
| | മുഖവാരത്തു കാണുന്ന കതിരു | ... | 48 |
| മാതെക്കൽ ബെർണ്ണർദീനോസച്ചൻ | | ... | 155 |
| മാത്തച്ചൻ കൊടുപാടം | | ... | 254 |

| | | |
|---|---|---|
| മാളിയേക്കൽ ക്രൂസച്ചൻ | ... | 364 |
| മുത്തോലി — കൊവേന്ത സ്ഥാപനം | ... | 225 |
| പണി നടത്തൽ | ... | 331 |
| കന്യാസ്ത്രീമഠം | ... | 289 |
| മെവുറീൻ മെത്രാൻ | ... | 189 |
| മേലൂസ് മെത്രാൻ | ... | 174 |
| മൊറെല്യോ സ്തബീലിനി മെത്രാൻ | ... | 17 |
| മംഗലാപുരം പഠനഗൃഹം | ... | 309 |
| യാക്കോബ് മെത്രാൻ | ... | 184 |
| യാക്കോബ് തുണസഹോദരൻ | ... | 363 |
| യോഹന്നാൻ തുണസഹോദരൻ | ... | 154 |
| രണ്ടു പുതിയ വികാരി അപ്പസ്തോലിക്കമാർ | ... | 260 |
| ലെയോനാർദ് മിസ്യോനരി | ... | 164 |
| ലെയാൻ മാർപാപ്പാ | ... | 344 |
| ലെയോപ്പോൾദ് മിസ്യോനാരി | ... | 125 |
| വല്യാറ ചാക്കോച്ചൻ | ... | 65 |
| വലിയ ചാണ്ടിയച്ചൻ | ... | 137 |
| വാറുണ്ണിയച്ചൻ | ... | 361 |
| വാഴക്കുളം | ... | 153 |
| വികാരി ജനറാൾ | ... | 137 |
| വിസീത്ത | ... | 97 |
| വൈദികമേലധികാരം | ... | 249 |
| ശിവരാമൻ | ... | 41, 181 |
| ശീശ്മ | ... | 140 |
| ശീശ്മയിൽ കൂടാത്ത പള്ളികൾ | ... | 140 |
| ശംകൂരിക്കലച്ചൻ | ... | 358 |
| സഭയിൽ നിന്നും തള്ളപ്പെട്ടവർ | ... | 184 |
| സഭമൂലം ഉളവായ ഗുണം | ... | 368 |

| | | |
|---|---|---|
| സന്യാസജീവിത തുടക്കം | ... | 33 |
| സ്കപ്ലാരധാരണം | ... | 93 |
| സെമ്മിനാരിയുടെ ഉത്ഭവം | ... | 25 |
| സെമ്മിനാരി പരിഷ്ക്കാരം | ... | 268 |
| റെസിഡണ്ടും ദിവാനും | ... | 150 |
| റൊമുവാൾദച്ചൻ | ... | 354 |
| റോക്കോസ് മെത്രാൻ | ... | 130, 137 |

കൂടുതൽ വിവരങ്ങൾ അറിയാൻ:

**ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ്**
ചാവറ ഹിൽസ്, കാക്കനാട്
കൊച്ചി 682 030 കേരള, ഇൻഡ്യ
www.chavaralibrary.in